മുക്തി

അന്തർ ഭാരതീയ പുസ്തകമാല

മുക്തി

ശാന്തിനാഥ് ദേശായി

വിവർത്തനം

എം. ആർ. വിജയനാഥൻ

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

ISBN 81-237-0710-X

1993 (ശക 1915)
© ശാന്തിനാഥ് ദേശായി, 1966
മലയാള വിവർത്തനം
© നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ 1976
രൂ. 55.00

Original Title: MUKTI (Kannada)

Malayalam Title: MUKTI

പ്രസാധനം: ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
എ—5 ഗ്രീൻ പാർക്ക്, ന്യൂഡൽഹി 110 016

അവതാരിക

ഭാരതത്തിലെ മറ്റു ഭാഷകളിലെന്നപോലെ കന്നഡയിലും നോവൽ എന്ന സാഹിത്യരൂപത്തിൻെറ ആവിർഭാവം അത്ര പഴക്കമുള്ളതല്ല. എങ്കിലും ഇന്ന് കന്നഡ നോവൽ തഴച്ചു വളർന്നിരിക്കുന്നു. കന്നഡയിലെ ആദ്യകാല നോവലിസ്റ്റുകളായ ബി.വെങ്കടാചാര്യ, വെ. തി. കുലകർണി (ഗളഗനാഥൻ) എന്നിവരെ സ്വാധീനിച്ചത് ബങ്കിംചന്ദ്രൻെറയും ഹരിനാരായണ ആപ്തെയുടെയും രചനകളായിരുന്നു. അതുകൊണ്ടുതന്നെ അവരുടെ സൃഷ്ടികൾ ഐതിഹാസിക നോവലിനോട് അടുത്തുനിന്നു. ഗളഗനാഥൻെറ ആദ്യ നോവലായ 'മാധവ കരുണാവിലാസ' ഐതിഹാസിക നോവലാണ്. വിദേശീയ ഭരണകാലത്ത്, ഭാരതത്തിൻെറ പ്രാചീന മഹിമകളെ അനുസ്മരിച്ചു കൊണ്ടുള്ള കൃതികൾ രചിക്കുന്നതിൽ ഇക്കാലത്തെ എഴുത്തുകാർ പ്രത്യേക താൽപര്യം കാണിച്ചിരുന്നു. ഈ ഇനത്തിൽ പെട്ടവയാണ് മാസ്തി വെങ്കടേശ അയ്യങ്കാർ, ബടഗേരി കൃഷ്ണശർമ്മ, ത.രാ.സു., കെ. വി. അയ്യർ മുതലായവരുടെ നോവലുകൾ. എന്നാൽ, സാമൂഹ്യ പരിവർത്തനത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ആദ്യകാല രചനകൾ കണ്ടെത്താവുന്നത് വാസുദേവാചാര്യരുടെ 'ഇന്ദിരെ', എം. എസ്. പുട്ടണ്ണയുടെ 'മാഡിദ്ദുണ്ണോമാരായാ' മുതലായ നോവലുകളിലാണ്. കന്നഡയിലെ പ്രമുഖ നോവലിസ്റ്റുകളായ ശിവരാമകാരന്ത്, കെ.വി.പുട്ടപ്പ, വി.കൃ. ഗോകാക്, അ.ന. കൃഷ്ണരായ, റാവു ബഹാദൂർ, യു.ആർ. അനന്തമൂർത്തി എന്നിവർ ഈ പരമ്പരയിൽപെട്ടവരാണ്. വ്യക്തിത്വവാദം മുതൽ അസ്തിത്വവാദം വരെയുള്ള വിഷയങ്ങളും, പാശ്ചാത്യ സമ്പർക്കത്താൽ പ്രഭാവിതമായ ഭാരതീയ സമുദായവും, സ്വാതന്ത്ര്യാനന്തരഭാരതത്തിലുണ്ടായ പരിവർത്തനങ്ങളുമെല്ലാം ഇവരുടെ നോവലുകളിൽ പരാമൃഷ്ടങ്ങളായിരിക്കുന്നു. ഈ എഴുത്തുകാർക്കെല്ലാം പ്രചോദനകേന്ദ്രമായിരുന്നിട്ടുള്ളത് വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച ആശയങ്ങളാണ്. അങ്ങനെ, സമുദായത്തിൻെറ കെട്ടുറപ്പ് ശിഥിലമാകുന്ന

തോടെ നിരാശ്രയനായിത്തീരുന്ന വ്യക്തിയെപ്പറ്റിയുള്ള രചനകൾക്ക് സന്ദർഭമുണ്ടായി. അ.ന.കൃ. മുതലായവരുടെ രചനകളിൽ, അസാധാരണവും നൂതനവുമായ ഈ ടൈപ്പുകൾ ആവിഷ്കൃതങ്ങളായി. ഒരു തരത്തിൽ വിപ്ലവകാരിയെന്നുപറയാവുന്ന ഒരുവനെ നായകനാക്കി ഇദ്ദേഹം രചിച്ച 'സന്ധ്യാരാഗ' എന്നകൃതി, വൈയക്തിക മൂല്യങ്ങളെ എടുത്തുകാട്ടുന്നതോടൊപ്പം, പുതിയൊരു പാരമ്പര്യത്തിന് കാരണമാവുകകൂടി ചെയ്തു. അ.നാ.കൃ. തികഞ്ഞൊരു കലാ പ്രവീണനനല്ലായിരുന്നതുകൊണ്ട്, അദ്ദേഹം മികച്ചൊരു നോവലിസ്റ്റായി ഗണിക്കപ്പെടുന്നില്ല. അ.നാ.കൃ. കാണിച്ച മാതൃക, കേവലമൊരു ശിൽപരൂപമായിമാത്രം നിലകൊണ്ടു. അദ്ദേഹം നേടിയ ജനപ്രീതിതന്നെ അദ്ദേഹത്തിന് പ്രതിബന്ധമായിഭവിച്ചു. ഈ മാതൃകയിൽ നിന്നു വിഭിന്നമായുള്ള പുതിയൊരു പ്രതിപാദന ശൈലിയെ അവലം ബിച്ച എഴുത്തുകാരുടെ രചനകളിൽ അത്യധികം, മഹനീ യമായത് ശ്രീരംഗയുടെ 'വിശ്വാമിത്ര സൃഷ്ടി'യാണ്. സ്വന്തം സമുദായത്തിലെ മൂല്യങ്ങളെ സ്വീകരിക്കാതിരിക്കുകയും, സ്വയം കണ്ടെത്തുന്ന മൂല്യങ്ങളെ അവിശ്വസിക്കുകയും ചെയ്യുന്ന ഒരു നായകൻെറ വിവശതയാണ് ഇതിലെ പ്രമേയം. ഇങ്ങനെ, തികച്ചും നൂതനമായ ഒരു പ്രമേയമാണ് അവതരിപ്പിക്കുന്നതെങ്കിലും, ശ്രീരംഗ ഇതിൽ തികഞ്ഞ വിജയം കൈവരിച്ചിരിക്കുന്നു. എങ്കിലും, മറ്റു പല കാരണങ്ങളാൽ, 'വിശ്വാമിത്ര സൃഷ്ടി' പുതിയൊരു രചനാസരണിക്ക് മാതൃകയായില്ല. അമ്മാതിരി ഒരു വഴിത്തിരിവിനുള്ള സമയമല്ലാതിരുന്നതുകൊണ്ട്, ഇത് ഒരു വിശിഷ്ട നോവലായി ഗണിക്കപ്പെടുക മാത്രമാണുണ്ടായത്. എന്നാൽ 1961—ൽ ശാന്തിനാഥ് ദേശായിയുടെ 'മുക്തി' പുറത്തിറങ്ങിയപ്പോഴേക്ക്, ഗോപാലകൃഷ്ണ അഡിഗ മുതലായവരുടെ കവിതകൾ വഴിയായി അമ്മാതിരി ഒരു ആസ്വാദന ശീലം ഉറച്ചുകഴിഞ്ഞിരുന്നു. ആശങ്കകളോടെയാണ് 'മുക്തി' ആദ്യമായി പ്രസിദ്ധപ്പെടുത്തിയതെങ്കിലും, പ്രതീക്ഷിച്ചതിലേറെ വിജയം വരിക്കാൻ അതിനുകഴിഞ്ഞു. ഇങ്ങനെ നോക്കുമ്പോൾ, 'മുക്തി'യെ കന്നഡയിലെ ആദ്യത്തെ നവീനനോവലായി ഗണിക്കപ്പെടുന്നതിൽ ഔചിത്യക്കുറവില്ല. ലങ്കേശ്, അനന്തമൂർത്തി, ഗിരി മുതലായവരിലൂടെ, പല പ്രകാരത്തിൽ നവീന നോവൽ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെ ങ്കിലും, ഈ പുതിയ പാതയിൽ ആദ്യമായി പദമൂന്നിയ നോവലിസ്റ്റിനുള്ള ബഹുമതി ശാന്തിനാഥ് ദേശായിക്കു തന്നെയാണ്.

ശാന്തിനാഥ്ദേശായി, ചെറുകഥകളാണ് എഴുതിത്തുടങ്ങിയത്. 1958 ൽ പ്രസിദ്ധപ്പെടുത്തിയ 'മഞ്ജുഗഡ്ഡെ' യാണ് അദ്ദേഹത്തിൻെറ ആദ്യത്തെ ചെറുകഥാസമാ ഹാരം. ഈ സമാഹാരത്തിൽ പെട്ട 'ചന്തു', 'ഹൊസതില ദാചെഗെ' ഇവ ശ്രേഷ്ഠകഥകളാണ്. ഇവയിൽ സാമാന്യ മായി കാണപ്പെടുന്ന ലൈംഗികത, നവീനതയുടെ പ്രതീ തി ഉണർത്തുമെങ്കിലും, ഇവയിലെ ശരിയായ ആധുനികത, പുതിയൊരു സംവേദന ശൈലിയുടെ ആവിഷ്കാരമത്രെ. ശാന്തിനാഥ് ദേശായിയുടെ സവിശേഷ പ്രതിഭ ഈ കഥകളിൽ കാണാം. അദ്ദേഹത്തിൻെറ പ്രസിദ്ധകഥകളെ വിലയിരുത്തുമ്പോൾ, വർണ്ണനയിലും ശൈലിയിലും ശൈഥില്യമുണ്ടെന്നിരിക്കിലും, 'ചന്തു' ഒരു നല്ല കഥയായി ഗണിക്കപ്പെടുന്നു. ചന്തു എന്ന കുട്ടിയുടെ മാനസികവും നൈതികവുമായ ദൈന്യതകളുടെ യഥാതഥവും സൂക്ഷ്മവുമായ ചിത്രീകരണം നമുക്കതിൽ കാണാം. ചന്തുവിൻെറ ബാല്യത്തെയും സുശീലച്ചേച്ചി, ആനന്ദൻ എന്നിവരെയുംപറ്റിയുള്ള വിവരണങ്ങൾ വായനക്കാരുടെ ഹൃദയത്തിൽ തട്ടും. 'ഹൊസ തിലദാചെഗെ' യിലെ ചന്തു സങ്കീർണ സ്വഭാവിയല്ല. കൗമാരം വിട്ടുയരുന്ന പ്രായത്തിൽ അവനുണ്ടാകുന്ന മാനസിക വികാസത്തിന്, അനുഭൂതികളുടെ കൈമുതൽ കൊണ്ട് മൂർത്തരൂപം നൽകുന്നതിൽ ഈ കഥ തികച്ചും വിജയിച്ചിരിക്കുന്നു. കലയുടെ ദൃഷ്ടികോണിലൂടെ നോക്കുമ്പോൾ പ്രായോഗികമെന്നു പറയാവുന്ന 'മഞ്ജുഗഡ് ഡെ', നവീന സംവേദനത്തിൻെറ ആവിഷ്കാരം കൊണ്ട് മഹത്തരമായിരിക്കുന്നു. 'മഞ്ജുഗഡ്ഡെ' പ്രസിദ്ധീകൃത മായശേഷം അധികം വൈകാതെ, 1961—ൽ പ്രസിദ്ധപ്പെടുത്തിയ 'മുക്തി'യും സംവേദനീയത കണക്കിലെടുക്കുമ്പോൾ 'മഞ്ജുഗഡ്ഡെ'യ്ക്കു കിടനിൽക്കുന്നുണ്ട്. ഇവിടെയും ഒരു വ്യക്തി സ്വന്തം ആന്തരിക വികാസത്തെ കണ്ടറിയുന്നതിനുള്ള ശ്രമമാണുള്ളത്. വിലക്ഷണമായ ശിൽപം, നവീനമായ സംവേദനീയത, അവതരിപ്പിക്കപ്പെ ടുന്ന പുതിയ മൂല്യങ്ങൾ, എന്നിവ കണക്കിലെടുക്കു മ്പോൾ 'മുക്തി' പുതിയൊരു ചുവടുവയ്പാണെന്നു പറയാം. 1966—ൽ ശാന്തിനാഥ്ദേശായിയുടെ രണ്ടാമത്തെ കഥാസമാഹാരമായ 'ക്ഷിതിജ' പ്രകാശിതമായപ്പോൾ, അദ്ദേഹത്തിൻെറ പ്രതിഭയുടെ സവിശേഷതകൾ കൂടുതൽ സ്പഷ്ടമായി. ശാന്തിനാഥ് ദേശായിയുടെ കഥകളുടെ ശക്തി സ്രോതസ്സ്, അദ്ദേഹത്തിൻെറ സൃഷ്ടിപരമായ ചിന്തയും, അനുഭൂതികൾക്ക് മൂർത്തരൂപം നൽകുന്നതിൽ അദ്ദേഹത്തിനുള്ള കുശലതയുമാണ്. ഇതു തന്നെയാണ്

'ക്ഷിതിജ'യിലെ കഥകളിലും കാണുന്നത്. ഈ സമാഹാരത്തിൽപെട്ട 'ക്ഷിതിജ' എന്ന കഥയൊഴികെ ബാക്കിയെല്ലാം ദാമ്പത്യ ജീവിതവുമായി ബന്ധപ്പെട്ട കഥകളാണ്. അദ്ദേഹത്തിന്റെ മികച്ച കഥകളിൽ ഒന്നായ 'ദിഗ്ഭ്രമെ' 'മഞ്ജുഗഡ്ഡെ', 'ചന്തു' ഇവയുടെ ഓർമ്മ ഉണർത്തുമെങ്കിലും മറ്റൊരു തലത്തിൽനിലകൊള്ളുന്നു. ഒരിടത്ത് ചന്തുവിന്റെ ആന്തരിക സംഘർഷങ്ങളാണ് പ്രതിപാദ്യവസ്തുവെങ്കിൽ, ഇവിടെ ചന്നുവിന്റെ മുഗ്ധദൃഷ്ടി, യുവലോകത്തിലെ രഹസ്യാത്മകതകൾ പരിശോധിക്കുന്നു. ഈ രഹസ്യങ്ങളുടെ ആഴം അളക്കുന്നതിനുള്ള ശ്രമത്തിൽ കഥാകൃത്തിന്റെ ശ്രദ്ധാകേന്ദ്രമായിത്തീരുന്നത്, ചന്നുവിന്റെ അച്ഛനമ്മമാരുടെയും കുന്ദാമായുടെയും ബന്ധങ്ങളാണ്. 'ഭിഗ്ഭ്രമെ' പോലെ മനോഹരമായ 'ബസര', മാനസികവ്യാപാരങ്ങളുടെ ചിത്രണം, വിവരണങ്ങളുടെ ഔചിത്യം, മൂല്യങ്ങളുടെ സൂക്ഷ്മശോധനം എന്നിവകളെക്കൊണ്ട് കിടയറ്റതായി നിലകൊള്ളുന്നു. പ്രമേയം, ശിൽപം എന്നിവയിൽ, ഈ സമാഹാരത്തിലെ ഇതര കഥകളിൽ നിന്നു വേറിട്ടുനിൽക്കുന്ന 'ക്ഷിതിജ', ശാന്തിനാഥ് ദേശായിയുടെ ഉത്തമ രചനകളിൽ ഒന്നാണ്. ഈ കഥയിലെ മന്ദാകിനിയുടെ പാത്രസൃഷ്ടി, അത്യുൽകൃഷ്ടമാണ്. സങ്കേതം, പ്രതിഭ, ഘടന, വർണ്ണന എന്നിവയിൽ കഥാകൃത്തിനുള്ള വൈദഗ്ധ്യം ഈ കഥയിൽ പ്രകടമാണ്.

ശാന്തിനാഥ് ദേശായിയുടെ മൂന്നാമത്തെ സമാഹാരമായ 'ദണ്ഡെ'യുടെ സ്ഥാനം മുക്തിക്കും ക്ഷിതിജക്കും ഇടയ്ക്കാണ്. 'ദണ്ഡെ'യിൽ പെട്ട 'തൃപ്ത' 'ചപലന്റെ ചിരി' ഇവ ദാമ്പത്യബന്ധങ്ങളുടെ പശ്ചാത്തലത്തിൽ ഉള്ള കഥകളാണ്. മുക്തിയിൽ അവതരിപ്പിക്കുന്ന ആസക്തി, അപരിചിതത്വം, നിർവികാരത മുതലായ നവീന മൂല്യങ്ങൾ ഈ സമാഹാരത്തിലെ പ്രധാനകഥകളുടെ വൈചാരിക കേന്ദ്രങ്ങളാണ്. 'ക്ഷിതിജ'യിലെ കഥകളിൽ കാണപ്പെടുന്ന സാന്മാർഗിക പ്രശ്നങ്ങളെ ഏതെങ്കിലും പ്രകാരത്തിൽ മറികടന്നശേഷം സ്വാതന്ത്ര്യം നേടിയ, അഥവാ സ്വാതന്ത്ര്യം നേടാൻ ശ്രമിക്കുന്ന വ്യക്തികളാണ് ഈ കഥകളിൽ അവതരിപ്പിക്കപ്പെടുന്നത്. ഇതിലെ ആദ്യകഥയായ 'ദണ്ഡെ'യിലെ നായകന്റെ മുന്നിൽ പ്രശ്നങ്ങളൊന്നുമില്ല. ജീവിതവും മരണവുമെല്ലാം അയാൾക്ക് ഒരു നിമിഷനേരത്തെ കാര്യമേ ഉള്ളൂ. മുക്തിയും നിർവാണവും അയാളുടെ മുഷ്ടിയിലാണ് —തീരത്തുനിന്നുകൊണ്ട് സമുദ്രത്തിലേക്കു കാലെടുത്തുവയ്ക്കുന്നത്ര അനായാസം! അനിയന്ത്രിതമായ ശാരീരിക പ്രക്രി

യകൾ അയാളെ പിന്നോട്ടു പിടിച്ചു വലിക്കുന്നു; പക്ഷേ അവൻെറ ചിത്തദാർഢ്യവും വിശ്വാസവും അചഞ്ചലം തന്നെ. ഇയാൾക്ക്, മുക്തിക്കുവേണ്ടിയുള്ള ആധ്യാത്മികാകാംക്ഷയ്ക്കും നൈസർഗി കമായ ശാരീരി കാവശ്യങ്ങൾക്കും ഇടയ്ക്കുള്ള സന്ദിഗ്ധതകൾ ഇല്ല തന്നെ. ഇമ്മാതിരി അസാമാന്യമായ ഒരു മനോഭാവമാണ് ഈ സമാഹാരത്തിലെ ഓരോ കഥയും അഭിവ്യഞ്ജിപ്പിക്കുന്നത്. ധ്വനി യുടെ നിർലിപ്തത ഓരോ കഥയുടെയും മുഖ്യസവിശേഷതയാണ്.

'ദണ്ഡെ'യ്ക്കുശേഷം, 'രാക്ഷസ', 'ബിഡുഗഡെ' എന്നിവ പോലു ള്ള പുതിയ കഥകൾ എഴുതിയിട്ടുണ്ട് അദ്ദേഹം. അവ പുസ്തക രൂപത്തിൽ ഇറങ്ങിയിട്ടില്ല. അദ്ദേ ഹത്തിൻെറ പുതിയ നോവലാണ് 'വിക്ഷേപ' (1971). പ്രമേയത്തിൻെറയും ശൈലിയുടെയും കാര്യ ത്തിൽ 'വിക്ഷേപ' മുക്തിയെക്കാൾ മികവുറ്റതാണ്. മുക്തിയിലെ നായകനായ ഗിരീശ്, സ്വതേ ദുർബലനും മറ്റൊരുവൻെറ സ്വാധീ നത്തിൽ നിന്ന് സ്വന്തം അസ്തിത്വത്തെ മോചിപ്പിക്കാൻ പാടുപെടുന്ന വനുമാണ്. 'വിക്ഷേപ'യിലെ നായകൻ കേവലം അസ്തിത്വവാദി യാകയാൽ, അയാൾക്ക് യാതനകളില്ല, മുക്തിയുമില്ല. അയാളുടെ അവസ്ഥ നോവലിസ്റ്റുതന്നെ ഇങ്ങനെ വിവരിക്കുന്നു — ആലംബം തേടി അലയുന്നതിനിടയ്ക്ക് വേഷം മാറുകയും ഒരു സാഹചര്യ ത്തിൽ നിന്ന് മറ്റൊരു സാഹചര്യത്തിലേക്കു മാറുകയും ചെയ്യുന്നതി നുള്ള പ്രയാസത്തിലാണ് ഇമ്മാതിരി അവസ്ഥ സംജാതമാകുന്നത്. നോവലിലെ മുഖ്യ കഥാപാത്രങ്ങളായ മാധവി, വൈദേഹി, കുന്ദാ എന്നിവരുമായി ബന്ധം സ്ഥാപിക്കുകയും പിന്നീടവ ഛേദിക്കുകയും ചെയ്യുന്നത്, അയാളുടെ ജീവിതോത്സാഹത്തിൻെറ ചിഹ്നമെന്ന തോടൊപ്പം, അവരുടെ പ്രഭാവത്തിൽ നിന്ന് രക്ഷനേടുന്നതിനുള്ള മാർഗവുമാണ്. മുക്തിയുടെ കഥയ്ക്ക് ഒരു സമാപ്തിയുണ്ട്. എന്നാൽ 'വിക്ഷേപ'യിലെ കഥയ്ക്ക് അതില്ല. അതായത് മുക്തി യിൽ ഭൂതവർത്തമാന കാലങ്ങളുടെ ഇടയ്ക്കുള്ള ക്രിയാത്മക ബന്ധങ്ങൾ മുന്നോട്ടു കൊണ്ടുപോകാനുള്ള ശ്രമ മാണുള്ളതെങ്കിൽ 'വിക്ഷേപ'യിൽ, കാലവിശേഷങ്ങളെ എടുത്തു കാട്ടാതെ, ഗുണാത്മ കമായ മാനവീയ ബന്ധങ്ങളിലും സംഭവങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട് നായകൻെറ മാനസിക സ്ഥിതി വിവരിക്കുകയാണ് ചെയ്തി രിക്കുന്നത്.

'മുക്തി' ഗൗരീശിൻെറ ആത്മകഥയാണ്. ഇത് ആത്മ കഥാരൂപ ത്തിൽ എഴുതിയിരിക്കുന്നതിൻെറ ഉദ്ദേശ്യം, നാടും വീടും ബന്ധങ്ങളും

ഉപേക്ഷിച്ച് നെയ്റോബിയിലേക്കു പോകാൻതുനിയുന്ന നായ കൻെറ ഇതഃപര്യന്തമുള്ള ജീവിതത്തിന് ഒരു രൂപം നൽകാൻ ശ്രമിക്കുന്നു എന്നതാണ്. എന്നാൽ, ഗൗരീശിൻെറ കഥ അവൻെറ പൂർവകാലത്തിൻെറ മാത്രം കഥയല്ല. ജീവിതോത്സാഹിയായ അയാൾക്ക് മാനുഷികബന്ധങ്ങളിൽ നിന്നു വേറിട്ടുള്ള നിലനിൽപ്പില്ല. അങ്ങനെ, അവൻെറ ദിനചര്യകളുടെ അധികഭാഗവും അനുദിന ജീവിതവുമായി ബന്ധപ്പെട്ടു തന്നെ നിലനിന്നു. നവീന മൂല്യങ്ങളുടെ വെളിച്ചത്തിൽ ജീവിതത്തെ മനോഹരമാക്കാൻ ആഗ്രഹിക്കുന്ന അയാൾക്ക്, മഹനീയമായ ജീവിതത്തിൻെറ അർഥം സ്വയം ബോധ്യപ്പെടേണ്ടതുണ്ട്. അതിനുവേണ്ടി ഡോളിയുമാ യുള്ള ബന്ധത്തിൻെറ യാഥാർഥ്യം അറിഞ്ഞിരിക്കേണ്ടതുണ്ട്. നോവലിൽ ഈ സംഗതി, വർത്തമാനകാലത്തിൻെറ തലത്തിൽ വിവരിച്ചിരിക്കുന്നു. എന്നാൽ ഈ ബന്ധത്തിൻെറ യാഥാർഥ്യം ഗൗരീശിനു വ്യക്തമാകുന്നത് സ്വന്തം കത്തുകളിലൂടെത്തന്നെയാണ്. ഈ സംഗതിയൊഴികെ ബാക്കിയെല്ലാം ആത്മകഥ തന്നെ, താൻ എങ്ങനെയുള്ള വ്യക്തിയാണ് എന്നു കണ്ടറിയുന്നതിനുള്ള ശ്രമം. ഈ ത്രിമുഖമായ വ്യാപാരങ്ങളുടെ അർഥം കണ്ടെത്തുന്നതിൽ തന്നെയാണ് അവൻെറ 'മുക്തി'.

'മുക്തി'യിൽ അനേക വ്യക്തികൾക്ക് മഹത്തരമായ സ്ഥാനങ്ങൾ നൽകിയിരിക്കുന്നു. എങ്കിലും ഗൗരീശിൻെറ വ്യക്തിത്വത്തിൽ ഏറ്റവും കൂടുതൽ സ്വാധീനത ചെലു ത്തുന്നത് രണ്ടു വ്യക്തികളാണ്. ഗൗരീശിൻെറ ആത്മീയ സുഹൃത്തായ ശ്രീകാന്തും അയാളുടെ അനുജത്തി കാമിനിയും. യൗവനാരംഭത്തിൽ ശ്രീകാന്തിൻെറയും കാമിനിയുടെയും വ്യക്തി പ്രഭാവങ്ങളിൽ മുഴുകിയ ഗൗരീശിൻെറ വൈചാരികവും ലൈംഗികവുമായ വികാസത്തിന് ഈ ബന്ധം ഒരു തരത്തിൽ ഉപകരിച്ചു. മറ്റൊരുതരത്തിൽ, ഈ ബന്ധം അവൻെറ അസ്തിത്വത്തിനു തന്നെ മാരകമായി ഭവിച്ചു. ഇവരുടെ സ്വാധീനത്തിൽ നിന്നു മോചനം നേടുന്നതിനുവേണ്ടി ആവതെല്ലാം ചെയ്താൽ പോലും അതു സാധ്യമല്ലെന്ന ചിന്ത അവനെ അലട്ടിക്കൊണ്ടിരുന്നു.

ഗൗരീശും ശ്രീകാന്തും തമ്മിലുള്ള ബന്ധം ഈ നോവലിൽ ഗഹനമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. സ്വന്തം ജന്മസ്ഥലമായ സിർസിയിൽ നിന്ന് കലാലയ വിദ്യാഭ്യാസത്തിനായി ധാർവാറിലെത്തിയ ഗൗരീശിനെ ശ്രീകാന്തു മായി പരിചയപ്പെടുത്തുന്നത് സ്വന്തം

ഗ്രാമത്തിൽ നിന്നുള്ളൊരു സുഹൃത്താണ്. ശ്രീകാന്തിൻെറ മോഹകമായ വ്യക്തിത്വം ആദ്യ സന്ദർശനവേളയിൽത്തന്നെ ഗൗരീശിനെ സ്വാധീനിക്കാൻ തുടങ്ങി. ഗൗരീശിൻെറ ഭാഷയിൽ "ആദ്യ ദർശനത്തിൽ തന്നെ എനിക്കു സന്തോഷമായി ചൂടുള്ള അവൻെറ കൈത്തലത്തിൽ നിഗൂഢമായ ഏതോ ശക്തി നിറഞ്ഞിരുന്നു." ഇവരുടെ ബന്ധത്തിൽ ഒരു ശൃംഗാരഭാവം സ്വാഭാവികമാണ്. അവരുടെ മൈത്രി, ഗൗരീശിൻെറ ഭാഷയിൽ 'ഒരിക്കലും വിച്ഛേദിക്കാനാവാത്ത ആത്മബന്ധ'ത്തിൽ നിന്ന് ഒരു പടികൂടി കടന്ന് അഗാധമായ സ്നേഹമായി മാറിയിരുന്നു. ഗൗരീശ് സ്വയമേവ ചെയ്ത ആത്മസമർപ്പണം ശ്രീകാന്തിന് ശക്തി പ്രദാനം ചെയ്യുന്നു.

"ഗൗരീ, നീ എന്നും എൻെറ കൂടെ ഉണ്ടായിരിക്കണം."

"ഉം."

"എന്നും?"

"തീർച്ച."

"എനിക്കുതെറ്റു പറ്റിയെന്നിരിക്കാം. എങ്കിലും നിൻെറ സ്നേഹം . . . . ."

"അചലമായിരിക്കും."

"നീ എത്ര നല്ലവനാണ്! ഗൗരീ നിന്നിൽ എന്ത് എളിമ! നീ ആ ചന്ദ്രനെപ്പോലെയാണ്."

"ആ ചന്ദ്രന് സൂര്യനിൽ നിന്നാണ് പ്രകാശം ലഭിക്കു ന്നത്" ഇത്രയും പറഞ്ഞിട്ട് ഞാൻ അവൻെറ നേരേ നോക്കി.

"ശ്രീകാന്ത് എൻെറ മുഖത്ത് സ്നേഹപൂർവം ഉമ്മ വച്ചു."

ശ്രീകാന്തിൻെറ മഹനീയമായ വ്യക്തിത്വം, അവൻെറ വൈകാരികഭാവം, ആദർശധീരത, ഔന്നത്യം — എല്ലാം ഗൗരീശിനെ അത്യധികം സ്വാധീനിച്ചു. ശ്രീകാന്തിനുള്ള സ്ഥിരോത്സാഹം ഗൗരീശിൻെറ സ്വഭാവത്തിൽ ഇല്ലാത്തതാണ്. അതുകൊണ്ട് ഈ പുതിയ സാഹചര്യത്തിൽ, തൻെറ അസ്തിത്വത്തെ തന്നെ കൈവെടിഞ്ഞ്, ഗൗരീശ് ഉദാസീനനായിത്തീരുകയാണ്. ഇതേ സമയം അയാൾ ശ്രീകാന്തിൻെറ അനുജത്തിയായ കാമിനിയിൽ ആകൃഷ്ടനാവുന്നു. എന്നാൽ ആ ബന്ധം, സ്വതന്ത്രമായി വളർത്തിയെടുക്കാനുള്ള കഴിവ് അയാൾക്കില്ല. ഇതിനുപുറമെ, കാമിനിയുടെ സ്വഭാവമാകട്ടെ, അവളുടെ ചേട്ടൻേറതിനുനേരെ വിപരീതവും. ജീവിതത്തിൽ ഒരിക്കലും പരിഹരിക്കാനാവാത്ത ഒരു പ്രശ്നം ഉരുത്തിരിയുന്നു. ഈ പ്രശ്നത്തിൽ പെട്ട് അവൻ നട്ടം തിരിയുമ്പോഴാണ് ശ്രീകാന്ത് ക്ഷയരോഗബാധിത

നായി, ഗൗരീശിൽ നിന്നും മാനസികമായി അകലുന്നത്. മൃത്യുവിനെ വരിക്കുക എന്ന പ്രശ്നത്തിന്റെ മുന്നിൽ ശ്രീകാന്തന് മറ്റെല്ലാം നിസ്സാരങ്ങളായി ഭവിക്കുന്നു. ഗൗരീശിന്റെ ധൈര്യമെ ല്ലാം ചോർന്നു പോകുന്നു. എന്നാൽ, എങ്ങനെയോ, ഈ അവസ്ഥ അവന്റെ മുക്തിക്കുള്ള ആരംഭവും കുറിക്കുന്നു. ഗൗരീശ് ബോംബെയിൽ വരുന്നു. ബോംബെ പോലുള്ള മഹാനഗരത്തിന് പകരാനാവുന്ന വിശാലത, അവന്റെ അൽപത്വബോധത്തിന് അൽപമൊരു ശാന്തി നൽകുന്നുണ്ടെങ്കിലും, ശ്രീകാന്തിന്റെ പ്രഭാവം ഗൗരീശിന്റെ മേൽ അതിനുള്ള സ്വാധീനം കുറയ്ക്കുന്നില്ല. തന്റെ ഓരോ ചിന്തയിലും അനുഭവത്തിലും ശ്രീകാന്തിന്റെ സ്വാധീനം കണ്ട് ഗൗരീശ് അമ്പരക്കുന്നു. ശ്രീകാന്ത് ആത്മഹത്യ ചെയ്തതായി അറിയുമ്പോൾ, താൻ തന്നെ ആത്മഹത്യ ചെയ്തെന്ന തോന്നലാണ് ഗൗരീശിനുണ്ടാകുന്നത് — "ഹായ്, ശ്രീകാന്ത്, ഞാനും ചത്തുപോയി." എന്നാൽ ഗൗരീശിന്റെ ഈ 'മരണം' അവന്റെ മുക്തിയുടെ മാർഗത്തിൽ സുപ്രധാനമായൊരു അവസ്ഥ സംജാതമാക്കുന്നു.

ഗൗരീശിനെ ഭൂതകാലത്തിലേക്കു പിടിച്ചുവലിച്ചിടുന്ന മറ്റൊരു വ്യക്തിയാണ് കാമിനി. ശ്രീകാന്തിനെ തന്റെ ഹൃദയത്തിൽ അമരനാക്കിവച്ചുകൊണ്ട് ഗൗരീശ് അയാളിൽ നിന്നു മോചനം നേടി. എന്നാൽ കാമിനിയെ വെറുത്തുകൊണ്ട്, ഡോളിയോടൊപ്പം ആഫ്രിക്കയിലേക്കു പോകാൻ അയാൾ തയ്യാറാകുമ്പോഴും കാമിനിയോടുള്ള അഭിനിവേശം അയാളുടെ മനസ്സിൽ ഉണർന്നിരിക്കുന്നു "നിന്നെ എനിക്കുവേണം." ഒരു പൗർണമിരാവിൽ സംഗീതത്തിന്റെ അകമ്പടിയോടെ ഗൗരീശിന്റെ മനോമണ്ഡലത്തിൽ കടന്നുവരുന്ന കാമിനി, പൂർണരൂപത്തിൽ തന്നെ അവനിൽ ആമഗ്നയാണ്. എന്നാൽ 'പിഴച്ചവളായ' കാമിനിക്ക് ഗൗരീശിന്റെ ഭാവനയിലുള്ള ദിവ്യ പ്രേമത്തിലെ നായികയാവാൻ അർഹതയില്ലെന്നിരിക്കെ, അവന്റെ പ്രേമവും ദ്വേഷവും ഏറെക്കുറെ അർഥശൂന്യമെന്നു വരുന്നു. തന്റെ സ്വതന്ത്രരീതികളെ നിയന്ത്രിക്കുകയും തന്നെ ഭരിക്കുകയും ചെയ്യുന്ന, ശരിയായൊരു ഭർത്താവിനെയാണ് കാമിനിക്കു വേണ്ടത് മറ്റൊരുവന്റെ നിഴലിൽ കഴിയുന്ന, വ്യക്തിത്വമില്ലാത്ത ഒരു വനെ അല്ല. ഗൗരീശിനും ഏറെക്കുറെ അവ്യക്തമായി ഇതറിയാം. എങ്കിലും അയാൾ നിസ്സഹായനാണ്. കോമ റേഡ് ആചാര്യനായ ഗാഗലുമായി അവൾ പുലർത്തിയ അവിഹിത ബന്ധത്തെക്കുറിച്ചു കേട്ടപ്പോൾ അവന്റെ 'വിശുദ്ധ പ്രേമം' തീരുകയും ആ സ്ഥാനത്ത് അവളോ

ടുള്ള വെറുപ്പും പ്രതികാരബുദ്ധിയും കത്തിജ്വലിക്കുകയും ചെയ്യുന്നു. കാമിനി അയാളെ അന്വേഷിച്ചുചെന്ന് വിവാഹാഭ്യർഥന നടത്തുമ്പോൾ അയാളത് തിരസ്കരിക്കുന്നു. ശ്രീകാന്തിന്റെ മരണത്തിനുശേഷം, കാമിനി സമ്പൂർണമായി അധഃപതിക്കുന്നതോടെ, ഗൗരീശിന്റെ ജീവിതത്തിൽ അവൾക്കുള്ള സ്ഥാനം നഷ്ടപ്പെടുന്നു ഇത് അയാൾ അംഗീകരിക്കുന്നില്ലെങ്കിലും ദുർബലനായ അയാൾക്ക് കാമിനിയെ രക്ഷിക്കാനുള്ള ശക്തി ഇല്ല. കാമിനിയുടെ പ്രശ്നം വരുമ്പോൾ അയാൾ വസ്തുനിഷ്ഠത കൈവെടിഞ്ഞ് സ്വന്തം ദൗർബല്യത്തിൽ അഭയം തേടുകയാണ്. ഡോളി, സത്യേന്ദ്രൻ മുതലായവരുടെ മാതൃക അയാൾക്ക് സ്വീകാര്യമാവുന്നില്ല.

ശ്രീകാന്ത്, കാമിനി എന്നിവരിൽനിന്ന് മുക്തനാവുന്നതിനു വേണ്ടിയാണ് ഗൗരീശ് ബോംബെയിൽ വന്നെത്തുന്ന ത്. അവിടെ 'മഹേന്ദ്ര ആൻഡ് കമ്പനി'യിൽ ജോലി ചെയ്തു ജീവിക്കുമ്പോൾ ഡോളിയുമായി പരിചയപ്പെടുന്നു. ആ പരിചയം ശാരീരിക ബന്ധത്തിലേക്കുവരെ വളരുന്നു. ഡോളിയുടെ വാത്സല്യമയമായ സ്നേഹം, മനുഷ്യത്വം, ഉദ്വേഗം, നിസ്സംഗത മുതലായ ഗുണങ്ങൾ ഗൗരീശിനെ തൃപ്തിപ്പെടുത്തുന്നു. എന്നാൽ, ഇടയ്ക്കിടെ, ഡോളി തനിക്കു വിധേയ എന്ന അവസ്ഥ മാറി, അവൾ തനിക്കുമേൽ ആധിപത്യം ചെലുത്താനിട വരുമോ എന്ന ഭയം അയാളെ അലട്ടുന്നുണ്ട്. എങ്കിലും അവളുടെ നിസ്വാർഥ പ്രേമവും സാന്മാർഗിക വിശ്വാസവും കണ്ട്, അയാളുടെ ഈ ഭയം അകലുന്നു. ഡോളിക്ക് അയാളെ ഈ വിധം മാത്രമേ പ്രീണിപ്പിക്കാനാവൂ. ഈ അറിവാകട്ടെ, അയാളുടെ മനഃശാന്തിക്ക് കോട്ടം വരാതിരിക്കുന്നതിന് ഉപകരിക്കയും ചെയ്തു.

നോവലിലെ സംശയ സ്വരം ഇടയ്ക്ക് ധ്വനിതമാകാറുണ്ട്. ഗൗരീശ് നേടിയ മുക്തി, യഥാർഥത്തിലുള്ള മുക്തിയാണോ? അയാൾ മുക്തി നേടുകയായിരുന്നോ അതോ പലായനം ചെയ്കയോ? ഇക്കാര്യം ഗൗരീശിന് സ്വയം നിർണയിക്കാനാവില്ല. എന്നാൽ, യാതനകളിലൂടെയും പീഡകളിലൂടെയും അയാൾക്കു കൈവന്ന തന്റേടം ഗൗരീശിന്റെ നേട്ടമായി പറയുന്നതിൽ സന്ദേഹിക്കേണ്ടതില്ല. തന്റെ ജീവിതത്തെ ശരിയായ ദൃഷ്ടി കോണിലൂടെ നോക്കിക്കാണാൻ ഗൗരീശ് പഠിച്ചതിനുശേഷമാണ്, താൻ എത്ര ദുർബലനാണെന്ന് അയാൾ അറിയുന്നത്. അങ്ങനെ, മറ്റുള്ളവരുടെ മാർഗം പിൻതുടർന്ന്, അവസാനം സ്വന്തം മാർഗം കണ്ടെത്തുന്നതിനുള്ള ത്രാണി ഉണ്ടായിവന്നു. ഇങ്ങനെയാണ് അയാൾ തനിക്കുതാൻ പോന്നവ

നായത്.

"ജീവിത പ്രവാഹത്തോടൊപ്പം ഒഴുകാനേ എനിക്കറിയൂ. പ്രകൃത്യാ ഞാൻ കർമ്മോന്മുഖതയുള്ളവനല്ല. കൊടുങ്കാറ്റുവന്ന് തിരികെപ്പോരേണ്ടിവരുന്നതിനു മുമ്പ് കാര്യങ്ങൾ എങ്ങനെ ചെയ്തു തീർക്കണമെന്ന് എനിക്കറിയില്ല. അറിഞ്ഞാൽ തന്നെ അതുചെയ്തു തീർക്കാനുള്ള മനോധൈര്യമില്ല. കൊടുങ്കാറ്റ് എന്നെക്കൊണ്ടു പോകുന്നിടത്തേക്കു പോകും എന്റെ ജീവന്റെ നിലനിൽപ്പ് സൂക്ഷിക്കുകയാണ് എന്റെ ധർമ്മം. ഇതിനുള്ളശക്തി മിക്കവാറും എനിക്കുണ്ട്. ഒരു പക്ഷേ പുറത്തുകാണുന്ന ദൗർബല്യത്തിൽ തന്നെ ഈ ശക്തി ഒളിഞ്ഞിരിപ്പുണ്ടാകാം."

ഈ അറിവാണ് ഗൗരീശിനെ ശോക പരിസമാപ്തിയിൽ നിന്നു രക്ഷിക്കുന്നത്. ശ്രീകാന്ത് അന്വേഷിച്ചുകൊണ്ടിരുന്ന അറിവും ഇമ്മട്ടിലുള്ളതു തന്നെ.

'മുക്തി' ഗൗരീശിന്റെ ആത്മകഥയാണ്. എന്നിരിക്കിലും ജീവിതത്തിന്റെ ബഹുമുഖതയും സങ്കീർണതയും ഇതിൽ ഉൾക്കൊള്ളിക്കുന്നതിൽ നോവലിസ്റ്റ് വിജയിച്ചിരിക്കുന്നു. ഇതിലെ തത്വശാസ്ത്രം അരോചകമാക്കാതിരിക്കുന്നതിലാണ് എഴുത്തുകാരന്റെ പാടവം തെളി ഞ്ഞു കാണുന്നത്. 'മുക്തി'യുടെ രൂപകൽപനയിൽ പ്രകടമാകുന്നത് ഇതാണ്. ജീവിതോത്സാഹിയായ ഗൗരീശിന് വേണ്ടത് പൂർവബന്ധങ്ങളിൽ നിന്നു മോചനമാണ്. രക്തത്തിന്റെ യാഥാർഥ്യം പോലും അംഗീകരിക്കാത്ത ആധ്യാത്മിക വാദിയായ ശ്രീകാന്തിന് മുക്തി ലഭിക്കുന്നത് മൃത്യു വഴിയാണ്. സത്യേന്ദ്രനും സുശീലയും ജീവിതത്തിന് സരളമായൊരു രൂപം നൽകി, പ്രശ്നം പരിഹരി ക്കാൻ ശ്രമിക്കുമ്പോൾ, പ്രജ്ഞാപ്രഭാവമേശാത്ത സരളാബായി, തന്റെ സ്വഭാവത്തിന്റെ ഭാഗമായ സഹന ശക്തിയിലൂടെ പ്രശ്നങ്ങളിൽ നിന്നു മോചനം നേടുന്നു. ക്രിസ്തീയ വിശ്വാസത്തിൽ വളർന്ന ഡോളിക്ക് സ്നേഹം, ദയ, ക്ഷമ എന്നിവയിൽ മുക്തി ദൃശ്യമാവുമ്പോൾ, സ്വയം ബലി അർപ്പിക്കപ്പെട്ട കാമിനിയുടെ മുക്തിക്ക് ഒരു മാർഗവും ഇല്ലാതാവുന്നു. ജീവിതത്തെ വിവിധ വീക്ഷണകോണുകളിലൂടെ നോക്കിക്കാണുന്നതിന്റെ സൂചനയാണ് 'മുക്തി' യിലെ മുഖ്യകഥാപാത്രങ്ങളിലൂടെ അവതരിപ്പിക്കുന്നത്. തന്മൂലം ഈ നോവൽ യഥാതഥമായ ഒരു ജീവിതദർശനം പ്രദാനം ചെയ്തിരിക്കുന്നു.

ശിൽപചാതുര്യം പരിഗണിക്കുമ്പോൾ 'മുക്തി' അതി സുന്ദര

മാണെന്നു കാണാം. ഭൂതകാലത്തിന്റെ അർത്ഥം കണ്ടെത്തിയ ശേഷം വർത്തമാനകാലത്തെ വർണ ശബളമാക്കുന്നതിനുവേണ്ടി ഗൗരീശ് നടത്തുന്ന അന്വേഷണങ്ങൾ അതിസമർത്ഥമായി കൈകാര്യം ചെയ്യപ്പെടുന്ന ഈ നോവലിലൂടെ കന്നഡഭാഷയ്ക്ക് വിശിഷ്ട മായൊരു നോവൽ ശിൽപം കൈവന്നിരിക്കുന്നു. ഗൗരീശിന്റെ വാക്കുകളിൽ പറഞ്ഞാൽ, "എന്റെ ഈ ചരിത്രത്തിൽ, സമുദ്രത്തിലെ തിരമാലകളെന്നപോലെ, ഭൂതകാലത്തിലെയും വർത്തമാനകാലത്തിലെയും സംഭവങ്ങൾ ഓരോന്നും പരസ്പരം മറികടന്നു നിൽക്കുന്നു . . . ."

"കാലമാകുന്ന നദി ഒരിക്കൽ ഒഴുകിയിരുന്നു; ഇപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്നു. എന്നാൽ എവിടന്ന് ഒരു കുടന്ന വെള്ളമെടുത്തു കുടിയ്ക്കണമെന്നത് മനസ്സിന്റെ ഇഷ്ടമനുസരിച്ചാണ്."

ഈ ശിൽപസംവിധാനത്തിനുള്ള പ്രചോദനം ശാന്തിനാഥ് ദേശായിക്കു ലഭിച്ചത് ലോറൻസ് ഡ്യൂറെയ്ലിന്റെ 'ജസ്റ്റിസ്' എന്ന കൃതിയിൽ നിന്നാണ്. ഇക്കാര്യം ശാന്തി നാഥ് ദേശായി തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഈ നോവലിനു പശ്ചാത്തലമായി, ഒരു മഹാനഗരം സ്വീകരിക്കുന്നതിനുള്ള പ്രേരണയും 'ജസ്റ്റിസി'ൽ നിന്നായിരിക്കണം ഉണ്ടായത്. എന്നാൽ 'മുക്തി'യുടെ മൊത്തത്തിലുള്ള ചുറ്റുപാട് അതിന്റെ കഥാവസ്തുവിനോട് ഇണങ്ങി നിൽക്കുന്നുണ്ട്.

'മുക്തി'യിലെ ഭാഷാശൈലിയുടെ മുഖ്യ സവിശേഷത, അതിന്റെ ഉത്കടതയത്രെ. ഗൗരീശിന്റെ പ്രജ്ഞ ജ്വലിക്കുന്ന നിമിഷത്തിൽ കണ്ടെത്തുന്ന ഓരോ വ്യക്തിയും സംഭവവും വിചാരങ്ങളും മികവുറ്റ ചിത്രങ്ങളായാണ് വിവരിക്കപ്പെടുന്നത്. ഗൗരീശിന്റെ സത്യാന്വേഷണത്തിലുള്ള വ്യഗ്രത, അത്യധികമായ ആത്മ നിഷ്ഠതയോടെ ആവിഷ്കരിക്കുമ്പോഴും, ദേശായിയുടെ ഭാഷ തനതായ വസ്തുനിഷ്ഠത പാലിക്കുന്നുണ്ട്. തികഞ്ഞ പ്രാവീണ്യത്തോടെ ധ്വനിയുടെ നിയന്ത്രണം സാധിച്ചിട്ടുള്ള ഇമ്മാതിരി നോവലുകൾ കന്നഡയിൽ വിരളമാണ്.

'മഞ്ജുഗഡ്ഡെ' മുതൽ 'വിക്ഷേപ' വരെയുള്ള കഥകളും നോവലുകളും കൊണ്ട് ശാന്തിനാഥ് ദേശായി കന്നഡ സാഹിത്യത്തിൽ മഹനീയസ്ഥാനം ആർജിച്ചിരിക്കുന്നു. ആംഗലഭാഷാധ്യാപകനായ ശാന്തിനാഥ് ദേശായിയുടെ രചനയിൽ ആംഗലസാഹിത്യത്തിന്റെ സ്വാധീനം കാണുക സ്വാഭാവികമാണ്. ആധുനികതയുടെ

വക്താവായാണ് അദ്ദേഹം സാഹിത്യരംഗത്തു പ്രവേശിച്ചത്. ഫ്രോയ്ഡ് മുതലായ മനഃശാസ്ത്രജ്ഞന്മാരുടെ വീക്ഷണങ്ങളാണ് ദേശായിയുടെ ആദ്യകാല രചകനൾക്ക് അടിസ്ഥാനമായിരുന്നതെങ്കിൽ, പിൽക്കാലത്ത് സാർത്ര്, കാമു മുതലായവരുടെ ആശയങ്ങൾ ദേശായിയുടെ രചനകളെ സ്വാധീനിച്ചു. കന്നഡ സാഹിത്യത്തിൽ, റൊ മാൻറിക് ശൈലിയിൽ നിന്ന് പൊട്ടിവിടർന്ന നോവലിസ്റ്റുകളിൽ ഒന്നാമൻ ശാന്തിനാഥ് ദേശായിയാണ്; ഈ ദിശയിലുണ്ടായ അദ്ദേഹത്തിൻെറ ആദ്യത്തെ കാൽവയ് പാണ് 'മുക്തി'.

ജി.എസ്. ആമുർ

ബാംദ്രാ,
ബോംബെ,
ഏപ്രിൽ 1, 1953.

ഒടുവിൽ ! ഒടുവിലൊരിക്കൽ —

എന്റെ ഭൂതകാലത്തിന്റെ ഭൂതത്തിൽ നിന്ന് ഒരിക്കൽ മുക്തനാകും !

എന്റെ പാസ്പോർട്ട് ശരിയായി. എസ്. എസ്. ഒളിംബിയായിൽ ഒരു ബർത്തും റിസർവ് ചെയ്തിട്ടുണ്ട്.

നൈറോബി — ഏതുതരം സ്ഥലമാണോ എന്തോ !

'നല്ല' ജോലി . . . . നല്ലതോ ചീത്തയോ . . . . ?

ആർക്കറിയാം ?

ഞാൻ പോകുന്നത് നല്ലതിനാണോ ?

ഇതു നല്ലത്, ഇതു തെറ്റ്, ഇതു ശരി എന്ന് ആർക്കാണു ശാശ്വതമായി പറയാൻ കഴിയുക ?

ഇരുപത്തിരണ്ട് ദിവസം കഴിഞ്ഞാൽ ഹിന്ദുസ്ഥാനത്തെ — എല്ലാവരും പുകഴ്ത്തുന്ന ഭാരതമാതാവിനെ, മാതൃഭൂമിയെ — വിട്ടു പോകുന്നു. പുരാതനമായ ആഫ്രിക്കയിലേക്ക് — ഇരുട്ടിന്റെ ഭൂഖണ്ഡത്തിലേക്ക് !

'ജനനീ ജന്മഭൂമിശ്ച സ്വർഗാദപി ഗരീയസി'. ശരിയായിരിക്കാം, ഭാഗ്യവാന്മാർക്ക് — എനിക്കല്ല !

ചിലർക്ക് അസൂയയാണ് — ഞാൻ വിദേശത്തു പോകുന്നതു കൊണ്ട്, എന്റെ അവിടത്തെ ശമ്പളത്തെക്കുറിച്ചോർത്ത്. ഹൈസ്കൂൾ അധ്യാപകന് മാസത്തിൽ എഴുനൂറു രൂപാ ശമ്പളം! ഞാൻ പ്രധാനമായും പണം സമ്പാദിക്കാൻ പുറപ്പെട്ടുപോകുന്നു എന്നാണ് ചിലരുടെ വിശ്വാസം. മിനിഞ്ഞാന്ന് സത്യേന്ദ്രന്റെ വീട്ടിൽ വച്ച് ആരോ — മിക്കവാറും ലക്ഷാധിപതിയാകാൻ മോഹമുള്ള രാമദാസ പൈ എം. കോം. ആണെന്നു തോന്നുന്നു — പറഞ്ഞില്ലേ പത്തു വർഷം അവിടെ കഴിച്ചു കൂട്ടി ഒരു ലക്ഷം രൂപാ വിഷമമില്ലാതെ സമ്പാദിച്ചു തിരിച്ചു വരാം . . . . . പിന്നീട് നിന്റേതായി എന്തെങ്കി

ലും ബിസിനസോ ഹൈസ്കൂളോ തുടങ്ങാം . . . . പിന്നീട് . . . .

പിന്നീട് . . . . ?

മറ്റുള്ളവരെക്കുറിച്ചും ആളുകൾ സ്വപ്നം കാണണോ? പണത്തിൻെറ ബൃഹദ്സംഖ്യയുടെ ശൂന്യതയ്ക്കുള്ളിൽ നിന്നുതന്നെ ഭാവിയുടെ 'സുന്ദര' സ്വപ്നങ്ങൾ ജനിക്കണോ ? കഷ്ടം ! അവർ മറ്റെന്തുചെയ്യും ?

അവർക്കെന്തറിയാം ?

* * *

സത്യത്തിൽ ഒരു വീക്ഷണകോണിലൂടെ നോക്കിയാൽ ഞാൻ ഓടിപ്പോവുകയാണ്. ഇതെത്ര പേർക്കറിയാം ? സത്യേന്ദ്രന് ചില ഊഹം കാണണം — അതും അവ്യക്തമായി . . . . ഹും, ആരറിഞ്ഞാലും എന്തു സംഭവിക്കാനാണ് ?

എനിക്ക് ദൂരെ, വളരെ ദൂരെ പോകണം. എൻെറ ഗതകാല ജീവിത സമ്പർക്കമില്ലാത്തിടത്തേക്കു പോകണം. എവിടെ ജീവിതത്തിൽ നിന്നകന്നു നിന്ന് അനാസക്തിയോടുകൂടി കഴിയുവാനാകുമോ അത്തരം സ്ഥലത്തേക്കുപോകണം. ദൂരെ പരദേശത്ത് ആരുടെയും ബന്ധനത്തിൽ പെടാതെ തീർത്തും അപരിചിതനെപ്പോലെ നിർവികാരമായി ജീവിക്കുവാൻ പോകണം.

ഞാൻ സത്യേന്ദ്രൻെറ സമ്മതത്തോടെയല്ല, ഇവിടെ നിന്നു പോകുന്നത്. 'ജീവിത'ത്തെയും 'ആത്മാ'വിനെയും ഇവിടെത്തന്നെ ജീവിച്ചുകൊണ്ടു നേരിടണമെന്നാണ് അവൻെറ അഭിപ്രായം. എവിടെ പോയാലെന്താ, നിൻെറ ആത്മാവിൽനിന്ന് നിനക്ക് അകന്നു നിൽക്കാനാവില്ല . . . . ഓർമ്മയുള്ളിടത്തോളം കാലം കഴിഞ്ഞതൊന്നും മറക്കുവാനാവില്ല . . . . യാതൊന്നും മറക്കാതെ ഭൂതകാലത്തെ ജീർണിപ്പിച്ച് അതിന്മേൽ വിജയം നേടുന്നതിൽ തന്നെയാണ് ജീവിതത്തിൻെറ അർഥം. ജീവിതമെന്നു പറഞ്ഞാൽ എല്ലാ വിധത്തിലുമുള്ള അനുഭവമുണ്ടാകാം. വന്നതൊക്കെ സധൈര്യം അംഗീകരിച്ച് ചിരിച്ചു കൊണ്ടു മുന്നേറുന്നതിലാണു ബുദ്ധി . . . .

മുത്തുപോലുള്ള വാക്കുകൾ, തീർച്ച !

അവൻെറ ഇത്തരം പ്രേരണകൊണ്ടു തന്നെയാണ് ഞാനിതെഴുതുന്നത്. ഗൗരീശാ, നിൻെറ തലയ്ക്കുള്ളിൽ എപ്പോഴും വളരെയേറെ സംഭ്രമമാണ്. മനുഷ്യനായാൽ വ്യക്തമായി ആലോചിക്കാൻ പഠിക്കണം. ശ്രീകാന്തൻ ഡയറിക്കുറിപ്പുകളെഴുതിയ മാതിരി നീയും നിന്നെക്കുറിച്ച് വ്യക്ത വ്യക്തമായി, വിശകലനാത്മകമായി എന്തെങ്കിലും എഴുതാൻ ശ്രമിക്കൂ. എങ്കിൽ അൽപം ബുദ്ധി വല്ലതുമുണ്ടായേക്കും. സത്യേന്ദ്രൻെറ ഈ വാക്കുകളിൽ കഴമ്പുണ്ടെന്നെനിക്കു തോന്നി. അതുപോലെതന്നെ ഇന്നലെ എൻെറ ജോലി രാജിവയ്ക്കുകയും ചെയ്തു. ഇനി കപ്പലേറുന്നതിനുമുമ്പ് ഈ ജോലിയെങ്കിലും

ചെയ്യണം . . . എന്റെ കഴിഞ്ഞകാലത്തെ ആധാരമാക്കി , എന്നിൽ നിന്നകന്നുനിന്നുകൊണ്ട്, അതിനൊരു രൂപംകൊടുത്ത് (അത് എങ്ങനെയുള്ളതായിരുന്നാലുമാകട്ടെ) പെട്ടിയുടെ ഒരു മൂലയിൽ സ്ഥാപിക്കണം.

വാസ്തവം! പക്ഷേ ഇവിടെത്തന്നെ ജീവിച്ച്, നേരിട്ട്, ജീർണിപ്പിച്ച്, ജയിച്ച് ജീവിക്കുവാൻ എന്നെക്കൊണ്ടാവില്ല . . . . ഇത്തരം കാര്യങ്ങൾ ഉറച്ച, നിശ്ചിതമായ മനസ്സിനു മാത്രമാണു സാധിക്കുന്നത്. എന്റേത് ഊഞ്ഞാലാടുന്ന ചഞ്ചലമനസ്സാണ് !

എന്റെ കാര്യത്തിൽ ഞാൻ ജീവിക്കുന്ന സ്ഥലം വളരെ പ്രധാനമാണ് ! ഞാൻ ജീവിച്ച നാടുകളിൽ ഞാൻ ജീവിക്കാതെ പോയിരുന്നെങ്കിൽ ഞാൻ 'ഞാനാ'കുമായിരുന്നോ, ഞാനനുഭവിച്ച കാര്യങ്ങൾ എനിക്ക് അനുഭവിക്കാൻ കഴിയുമായിരുന്നോ ? ഞാൻ സിർസിയിൽ നിന്ന് ധാറവാഡയിലേക്കല്ലാതെ മറ്റ് എവിടേക്കെങ്കിലും പോയിരുന്നെങ്കിൽ ശ്രീകാന്ത—കാമിനിമാർ എന്റെ ജീവിതത്തിലേക്കു കടന്നുവരുമായിരുന്നോ ? അവർ എന്റെ ജീവിതത്തിലേക്കു കടന്നുവരാതിരുന്നെങ്കിൽ — ഞാൻ . . . . ? ഈ 'എങ്കിൽ' എന്താണെന്നൂഹിക്കാൻ കഴിയുമോ . . . . ? അവർ എന്റെ ജീവിതത്തിലേക്കു കടന്നുവരാതിരുന്നെങ്കിൽ ഞാൻ 'ഞാനാ'യി ശേഷിക്കുമായിരുന്നില്ല. അവർ എന്റെ ഹൃദയത്തിന്റെയും ആത്മാവിന്റെയും മുഖ്യഭാഗമായി തീർന്നിരിക്കുന്നു . . . അതിനുശേഷം ഞാൻ ബോംബെയിലേക്കു വരാതിരുന്നെങ്കിൽ ശശികലയെ കാണാൻ കഴിയുമായിരുന്നോ ? കൂടാതെ ബോംബെയിലല്ലാതെ മറ്റെവിടെയായിരുന്നെങ്കിലും ഡോളിയെ കണ്ടുമുട്ടുമായിരുന്നോ ?

* * *

ഇന്നുച്ചയ്ക്ക് (ഞായറാഴ്ച) ഡോളി എന്റെ മുറിയിൽ വന്നു. അവളോടൊത്ത് 'മാഡം ബൊവെറി' എന്ന സിനിമ കാണാൻ പോകേണ്ടിവന്നു. (നവതാരുണ്യത്തിന്റെ കിനാക്കൾ യാഥാർത്ഥ്യമാകാൻ ശ്രമിക്കുമ്പോൾ നാശം തീർച്ചയാണെന്ന് മാഡം എമാ ബൊവെറി എന്റെ ചെവിയിൽ രഹസ്യം പറഞ്ഞു . . . . അവളുടെ ആ മരണം — അയ്യോ ശ്രീകാന്താ എന്റെ മനസ്സു തകർത്തു . . .) സിനിമ തീർന്നതിനുശേഷം 'പുരോഹിത'നിൽ ഭക്ഷണം. അതിനുശേഷം മറൈൻ ഡ്രൈവിൽ കടൽത്തീരത്തിലൂടെ അവളുമായി കറക്കം . . . കുരുവികൾ ചിലയ്ക്കുംപോലെയുള്ള ഞങ്ങളുടെ വർത്തമാനങ്ങൾ ! അതെ, കുരുവികളെപ്പോലെ ! കുരുവികൾക്ക് ഭൂതകാലത്തിന്റെ ഭാരമില്ല, ഭാവിയെക്കുറിച്ചുള്ള ചിന്തയില്ല, വർത്തമാനത്തിന്റെ സ്വാതന്ത്ര്യസ്വച്ഛന്ദ വിഹാരം മാത്രം. ഞങ്ങൾ രണ്ടുപേരുടേയും ബന്ധത്തിൽ ഏതെങ്കിലും തരത്തിലുള്ള ഉദ്ദേശ്യമില്ല — ഉദ്വേഗമില്ല — ബന്ധനമില്ല — തടസ്സമില്ല. ഈ വർത്തമാനകാല

സഹവാസത്തിനുപുറമെ യാതൊരാഗ്രഹവും ഇല്ല. ഞങ്ങൾ രണ്ടു പേരും സ്വതന്ത്രർ. ജീവിതസമുദ്രത്തിൽ ഏതാനും നിമിഷങ്ങളൊത്തുകൂടിച്ചേർന്നുനീങ്ങുന്ന മരക്കഷണങ്ങളാണു ഞങ്ങൾ . . . ഇരുപത്തിരണ്ടു ദിവസം കഴിഞ്ഞാൽ ഞങ്ങൾ വേർപിരിഞ്ഞ് അകന്നുപോകും . . . . മിക്കവാറും അന്ത്യംവരെ. എന്നാൽ ഞങ്ങളുടെ വേർപാടിൽ യാതൊരുവിധത്തിലമുള്ള ദുഃഖമില്ല; ഹൃദയവേദനയില്ല.

"ഞാനും നിന്റെ കൂടെ വരട്ടോ?" അവൾ ചിരിച്ചുകൊണ്ട് കൊഞ്ചിക്കുഴഞ്ഞു ചോദിച്ചു.

"എന്തുകൊണ്ടു വന്നുകൂടാ ?" എന്റേതും അതേ രീതിയിലുള്ള ചോദ്യമായിരുന്നു.

"ഞാൻ വന്നാൽ അമ്മയുടെ ഗതിയെന്താകും? എന്റെ മറ്റു കൂട്ടുകാരുടെ ഗതിയെന്താകും?" അവളുടെ ചിരിയിൽ ഹാസ്യമുണ്ടായിരുന്നു.

"കഷ്ടം! . . . ഓ, ആ കൂട്ടുകാരെ പായ്ക്കുചെയ്തു ചുമന്നു കൊണ്ടുവരാമല്ലോ നിന്റെകൂടെ . . . "

"അതിനുശേഷം നിന്റെ ഗതിയെന്താകും ?"

"നമ്മളെല്ലാവരുംകൂടി ആഫ്രിക്കയിൽ മരണംവരെ പിക്നിക് നടത്താം."

"അതിനുശേഷം എന്നെ കല്യാണം കഴിക്കുമോ ?" ഡോളി പെട്ടെന്ന് ഗംഭീരവതിയെപ്പോലെ നടിച്ചു.

"ഓ യെസ് ! പക്ഷേ ഒരു കരാർ; നീ ഒരിക്കലും എന്നെ പ്രേമിക്കാൻ പാടില്ല."

"സമ്മതം. എനിക്കുമുണ്ടൊരു കരാർ. എന്നിൽ നിനക്കൊരിക്കലും കുട്ടികളുണ്ടാകാൻ പാടില്ല."

"സമ്മതം . . . ."

"പക്ഷേ വിവാഹത്തിനുശേഷം നമ്മൾ എന്തുചെയ്യണം ?"

"പ്രത്യേകിച്ചൊന്നുമില്ല ! ജീവിക്കാം — അത്രമാത്രം . . . . തിന്നാം, കുടിക്കാം, വാചകമടിക്കാം — അത്രമാത്രം . . . . "

ഞങ്ങളുടെ കുട്ടിക്കളിയെപ്പറ്റിയോർത്ത് ഞങ്ങൾ തന്നെ ചിരിച്ചു. ഞങ്ങൾ പരസ്പരം നോക്കി. പിന്നീട് കടലിലെ ഇളംതിരകളിലേക്കു ദൃഷ്ടിപായിച്ചു. സായംസന്ധ്യയിലെ മന്ദപ്രകാശം സാവധാനം പരക്കാൻ തുടങ്ങി. സൂര്യൻ അസ്തമിച്ചു. എവിടെ നിന്നോ ഇരുൾ പരക്കാൻ തുടങ്ങി. ആളുകൾ തങ്ങളുടേതായ സ്വതന്ത്ര ലോകങ്ങളിൽ മുഴുകി.

— എല്ലാത്തരത്തിലുമുള്ള ആളുകൾ. കടൽത്തിരകൾ !

ഈ മഹാനഗരത്തെ ഇപ്പോൾ വസ്തുനിഷ്ഠമായി നോക്കാൻ

കഴിഞ്ഞു . . . . .

*   *   *

ഈ മഹാനഗരത്തിലേയ്ക്ക് ആദ്യമായി വന്നപ്പോൾ എന്നിലുണ്ടായ സങ്കൽപങ്ങളും വിചാരങ്ങളും എനിക്കിപ്പോഴും ഓർമ്മയുണ്ട്.

അപ്പോൾ പ്രേമനൈരാശ്യത്തിന്റെ ദുഃഖവും പേറി ഓടി വന്നതായിരുന്നു. പ്രേമനൈരാശ്യമല്ലത്! പ്രേമത്തിന്റെ അസാഫല്യം മാത്രം — അഥവാ അതിനെന്തു പറയണമെന്നെനിക്കറിഞ്ഞുകൂടാ. ദുഃഖാന്തനാടകത്തിലെ നായകനെപ്പോലെ പെരുമാറിയിരുന്ന കാലമായിരുന്നു അത്. എന്റെ ദുഃഖം അഗാധവും അദ്വിതീയവുമാണെന്ന വിചാരമായിരുന്നു, അന്ന് !

ജനത്തിരക്കേറിയ ബോംബെയിൽ ഞാൻ കൽപിച്ചിരുന്ന എന്റെ കേമത്തത്തിന് ആദ്യത്തെ പ്രഹരമേറ്റു. വ്യക്തിക്ക് വിലയില്ല, അവന്റെ ഭാവനയ്ക്കും വിചാരങ്ങൾക്കും മഹത്വമില്ല , ഈ ജനസമുദ്രത്തിൽ ബിന്ദു മാത്രമായ ഒരു സാധാരണ വ്യക്തിയുടെ വരും വരാഴികകൾക്ക് എള്ളോളം വിലയില്ല എന്ന പാഠം പഠിച്ചു.

അന്ന് ദാദറിലിറങ്ങി, സത്യേന്ദ്രന്റെ കൂടെ ലോക്കൽ വണ്ടിയിൽ ചർനീ റോഡിലേക്കു പോയി. താൻ വിവാഹം കഴിക്കാൻ പോകുന്ന പെൺകുട്ടിയെക്കുറിച്ച് സത്യേന്ദ്രൻ എന്തൊക്കെയോ പറഞ്ഞിരുന്നു. ശ്രീകാന്ത — കാമിനിമാരുടെ ക്ഷേമവാർത്തകൾ ഒന്നുരണ്ടു വാക്കുകളിലവസാനിച്ചു . . . . അവൻ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുവാൻ ഞാൻ ശ്രമിച്ചിരുന്നു. എന്നാൽ ബോംബെയിലെ ജനസമുദ്രം എന്റെ തലയിൽ കൊടുങ്കാറ്റഴിച്ചുവിട്ടു.

എന്റെ സാധാരണത്വത്തെപ്പറ്റിയും അൽപത്തത്തെക്കുറിച്ചും അന്നാണ് ഞാൻ മനസ്സിലാക്കിയത് !

ശ്രീകാന്തൻ എന്നെ സോഷ്യലിസ്റ്റാക്കിത്തീർത്തു. ജനതാ — ജനാർദന സേവ ! അവശജനങ്ങളുടെ ഉദ്ധാരണം ! സ്വാതന്ത്ര്യം, സമത്വം, ഭ്രാതൃത്വം!! ഇത്തരം ആദർശങ്ങളുടെ ബീജം ഈ ജനസമുദ്രത്തിൽ എങ്ങനെ വിതയ്ക്കാനാണ് ? ആദർശ സമൂഹം സ്വപ്നരാജ്യത്തെ കാര്യമാണ് . . . . ജനങ്ങൾ — ജനങ്ങൾ — എവിടെയും ജനങ്ങൾ — തങ്ങളുടെ കൊച്ചുകൊച്ചു ജീവിതത്തിൽ ആസക്തരായി ഓടിനടക്കുന്ന ജനങ്ങൾ ! നിമിഷങ്ങൾക്കുള്ളിൽ പുതിയ മുഖങ്ങൾ — എല്ലാത്തരം മുഖങ്ങളും — ഇന്നു കണ്ട, ഭാവിയിലൊരിക്കലും കാണാനിടയില്ലാത്ത ആയിരക്കണക്കിനു മുഖങ്ങൾ . . . . . തങ്ങളുടെ ജീവിതഭാരം പേറി നിർവികാരമായിപ്പോയ നാടകീയ മുഖംമൂടികൾ !!

എന്റെ തല തരിക്കുന്നതായി തോന്നി. ഈ ഭയങ്കര സ്വപ്നനഗരത്തിലെ അവിരാമമായ ശബ്ദത്തിൽ ഒന്നിനും അർത്ഥമില്ല, മൂല്യമില്ല ! ഐശ്വര്യം — ദാരിദ്ര്യം; പാപം — പുണ്യം; മഹത്വം —

അൽപത്തം — ഒന്നിനും നിശ്ചിതമായ അർഥമില്ല !

ജീവിതത്തിനും മരണത്തിനും അർഥമില്ല.

ആരു മരിച്ചാലെന്ത്, ആരു ജീവിച്ചാലെന്ത് , ജീവിതം അവിരാമമായി ഒഴുകും — ചിന്താരഹിതമായി (ടെനിസൻെറ നദിയെപ്പോലെ).

ഞാൻ ഒരു സാധാരണ വ്യക്തി, അൽപൻ, ചെറിയവൻ — ഞാനില്ലാതിരുന്നാലും ലോകം നടക്കും . . . . ഞാനെന്തിന് അസ്വസ്ഥനാകണം. ചിന്തിക്കണം ? ഈ ജനങ്ങളെല്ലാം അൽപർ, ചെറിയവർ, സാധാരണക്കാർ. ബസ്സിലിരുന്ന് യാത്രചെയ്യുന്നവർ, കാറുകളിൽ പോകുന്നവർ, ട്രാമിലും ട്രെയിനിലും യാത്ര ചെയ്യുന്നവർ — എല്ലാവരും . . . . . അവർ സമുദ്രത്തിലെ തിരകളാണ്. കടലിലെ തിരകളെ നിർവികാരമായി നോക്കുന്നതുപോലെ ഈ ജനങ്ങളെയും നിർവികാരമായും നിർലിപ്തതയോടും നോക്കാം.

ജനങ്ങൾ എല്ലാത്തരം ജനങ്ങളും കടലിലെ തിരകൾ . . . .

*　　　*　　　*

അന്നു സത്യേന്ദ്രൻ എന്നെ ബോംബെയിലേക്കു സ്വാഗതം ചെയ്തു. 'ഗൗരീശാ, നീ ബോംബെയ്ക്കു വന്നതു നന്നായി — ധാറവാഡയിൽ വെറുതെ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നല്ലോ. എന്തിനാണു കാമിനിയോടു ഭ്രമം തുടങ്ങിയത് ? അതൊക്കെ പൂർണമായി അവസാനിച്ചോ ?'

*　　　*　　　*

സത്യേന്ദ്രൻെറ ദൃഷ്ടിയിൽ ഞാനും കാമിനിയും തമ്മിലുള്ള ബന്ധം വെറും 'ഭ്രമം' മാത്രമായിരുന്നു !

സത്യേന്ദ്രൻെറ മനസ്സ് എനിക്കു കുട്ടിക്കാലം മുതൽക്കേ അറിയാം. എപ്പോഴും അവനൊരു സരളജീവിയാണ്. താനായി, തൻെറ പാടായി. വേറെ 'അനാവശ്യ' കാര്യങ്ങളിലൊന്നും ശ്രദ്ധ കൊടുത്തവനല്ല. ധാറവാഡയിൽ പോലും ശ്രീകാന്തനും ഞാനും രാഷ്ട്രീയം രാഷ്ട്രീയം എന്നു പറഞ്ഞ് എല്ലാം മറന്നാലും അയാൾ മാത്രം രാഷ്ട്രീയത്തിൽ പ്രത്യേകം താൽപര്യം ഒരിക്കലും കാണിച്ചിരുന്നില്ല. മാത്രമല്ല — കോളേജിലെ നല്ല കളിക്കാരനാണെന്ന പ്രസിദ്ധിയുണ്ടായിരുന്നപ്പോൾ ആ ദേശപാണ്ഡേയുടെ മകൾ അവനെ വലവീശിയിരുന്നു. മറ്റാരെങ്കിലുമായിരുന്നെങ്കിൽ സസന്തോഷം ആ വലയിൽ വീഴുമായിരുന്നു. എന്നാൽ സത്യേന്ദ്രൻ ഈ അരനിമിഷത്തെ ശുഷ്കമോഹത്തിനു ബലിയായില്ല. നേരെ തൻെറ 'കരിയർ' പൂർത്തിയാക്കി എൻജിനീയറായിത്തീർന്നു. നല്ല ചിരിക്കുന്ന മുഖമുള്ള ഒരു പെണ്ണിനെ വിവാഹം കഴിച്ച് പ്രതാപത്തോടുകൂടി ജീവിക്കുവാൻ തുടങ്ങി.

ഇങ്ങനെയുള്ളവർ സമൂഹത്തിൻെറ നെടുംതൂണുകളാണ്. സമൂഹത്തിനാവശ്യമായ ശക്തിയും സ്ഥിരതയും കൊടുക്കുന്നവരാണ്. ശ്രീകാന്തൻ ഇടയ്ക്കിടെ പറയുമായിരുന്നു "ഇത്തരക്കാർ നല്ല പിതാ

ക്കന്മാരാകുന്നു. ഇങ്ങനെയുള്ളവരാണ് മക്കളെ നന്നായി വളർത്തി ജീവിതത്തിൻെറ പുരോഗതിക്കു കാരണക്കാരാകുന്നത്."

ഞാൻ ബോംബെയിലേക്കു പോന്നപ്പോൾ എന്നെ യാത്രയയയ്ക്കാൻ വന്ന ശ്രീകാന്തൻ പറഞ്ഞു "സത്യേന്ദ്രൻെറ സാന്നിധ്യം നിൻെറ വളർച്ചയ്ക്കു കാരണമാകുമെന്നതിൽ സംശയമില്ല . . . . "

സത്യേന്ദ്രൻെറ വീട്ടിൽ കുറെമാസം താമസിക്കുവാൻ പോകുകയാണെന്ന് അച്ഛനോടും അമ്മയോടും പറഞ്ഞപ്പോൾ അവർക്കു സമാധാനമായി. സത്യേന്ദ്രൻ നല്ല പയ്യനാണ്. അവൻ മൂലം തങ്ങളുടെ മകന് സ്വൽപം ബുദ്ധിയുണ്ടായാൽ നന്നായിരുന്നു എന്നു കരുതി.

ഞാനും കാമിനിയും തമ്മിലുള്ള 'അടുപ്പ'ത്തിൻെറ കാര്യം സത്യേന്ദ്രനോട് അപ്പപ്പോൾ പറഞ്ഞിരുന്നു. അവൻെറ സഹാനുഭൂതി പരമായ വ്യക്തിത്വത്തിൻെറ മുന്നിൽ എൻെറ വിചാരങ്ങൾ സ്വയം ശബ്ദരൂപത്തിൽ പുറത്തു വന്നിരുന്നു . . . .

* * *

ശ്രീകാന്ത — കാമിനിമാർ എൻെറ ഗതജീവിതത്തിൻെറ മധ്യവർത്തി ബിന്ദുക്കളാണ്.

— എൻെറ കഴിഞ്ഞകാല ജീവിതത്തിൻെറ, മുഖ്യഭാഗത്തിനു രൂപംകൊടുത്ത ശിൽപികളാണ് . . . .

— എൻെറ ഭാവികാലവും ഇവരുടെ പ്രഭാവത്തിൽ നിന്നു സ്വതന്ത്രമാവുകയില്ല — മിക്കവാറും !

ഈ ഹൃദയബന്ധനം മരണം വരെയുള്ളതാണ് . . . .

ശ്രീകാന്തൻ ഇപ്പോഴില്ല !

അയ്യോ ദൈവമേ . . . .!

എങ്കിലും, അവൻ ശൂന്യതയിലലിഞ്ഞുപോയാലും എൻെറ ജീവിതത്തിൻെറ ഭാഗമായിത്തീർന്നിരിക്കുന്നു, എൻെറ ആത്മാവിൻെറ അംശമായിരിക്കുന്നു . . . . . അവൻെറ ആ ദീപ്തിമത്തായ മിന്നൽ പോലെയുള്ള ആത്മാവിനെ എന്നിൽ പിടിച്ചൊതുക്കിനിർത്താൻ കഴിയുമോ? എന്നിൽ ഒതുക്കി നിർത്തിയത് — വെറും ഓർമ്മകൾ മാത്രം . . . . എൻെറ ശ്രീകാന്തനെ വിഴുങ്ങിയ ആ അവസാനത്തെ അഗ്നിയുടെ ജ്വലന്തസ്മൃതി — ആ ഓർമ്മ — പുസ്തകത്തിൻെറ അവസാനത്തെ പേജ് !

ഏഴുമാസം കഴിഞ്ഞിരിക്കുന്നു — ശ്രീകാന്തൻ മരിച്ചു. ഭയങ്കരമായ മരണമായിരുന്നു അത്. അവൻ മരിക്കുമെന്ന് മിക്കവാറും എല്ലാവർക്കും അറിയാമായിരുന്നു. . . . . പക്ഷേ ആ മരണം വന്ന രീതിമാത്രം ഒരുത്തരുടെയും സ്വപ്നത്തിൽപോലും ഉണ്ടായിരുന്നില്ല. അതിഭയങ്കരമായ മരണം ! ഒരു വെള്ളിടി !!

* * *

ശ്രീകാന്തൻ മരിക്കുമെന്ന് എല്ലാവർക്കും അറിയാമായിരുന്നു. അവന് ടി. ബി. ആയിരുന്നു. രോഗത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ ഡോക്ടർ ആ വിവരം കണ്ടുപിടിച്ച് ചികിൽസ നടത്തി. ഒടുവിൽ വലത്തെ ശ്വാസകോശത്തിന്റെ ഓപ്പറേഷനുശേഷം അയാൾ അസുഖത്തിൽ നിന്ന് രക്ഷപ്പെടുമെന്ന് ഞങ്ങൾക്കു തോന്നി. എന്നാൽ മരണത്തിന്റെ കരിനിഴൽ ശ്രീകാന്തനെ വിട്ടിരുന്നില്ല. അവന്റെ പ്രതീക്ഷ എന്നേ അസ്തമിച്ചിരുന്നു — എന്നാൽ പുറമേ എപ്പോഴും ശുഭവിശ്വാസിയായിരുന്നു, അയാൾ. എനിക്ക് ആദ്യം മുതൽതന്നെ ഭയമായിരുന്നു — എന്നാൽ ശ്രീകാന്തന് 'സുഖപ്പെടും സുഖപ്പെടുക തന്നെ വേണം'എന്ന വിശ്വാസം അവസാനം വരെയുമുണ്ടായിരുന്നു.

* * *

ശ്രീകാന്തന്റെ മരണത്തെക്കുറിച്ചോർക്കുമ്പോൾ എന്റെ എല്ലാ ശക്തിയും ചോർന്നുപോകുന്നു . . . . ഹൃദയത്തിൽ വിചിത്രമായ ഒരുതരം വേദന നിറയുന്നു, ഓരോ തുള്ളി രക്തത്തിലും ഭയം നിറയുന്നു, കണ്ണിൽ അഗ്നിയും — അന്തമില്ലാത്ത കൂപത്തിൽ വീഴുന്ന മാതിരി . . . . . ബുദ്ധി മന്ദിച്ച് ബധിരമായിത്തീരുന്നു. ഹൃദയം കല്ലായി അന്ധമാകുന്നു. ജീവിതത്തിന്റെ അന്തിമശൂന്യതയെന്ന സത്യം വിശന്ന രാക്ഷസന്റെ തുറന്ന വായയായിത്തീരുന്നു, ശ്മശാനത്തിലെ ആ നഗ്നജ്വാലകളുടെ അഖണ്ഡമായ താണ്ഡവനൃത്തമായിത്തീരുന്നു. അയ്യോ, എനിക്കോടിപ്പോകണം. എന്നെ രക്ഷിക്കുവാൻ ഞാൻ ദൂരെ എവിടേയ്ക്കെങ്കിലും ഓടിപ്പോകണം, സദാ ഓടിക്കൊണ്ടേയിരിക്കണം . . . . അതുകൊണ്ട് ആഫ്രിക്കയിലേക്കു ഞാൻ 'ഓടിപ്പോകുന്നു' എന്നാണ് എന്റെ വിചാരം. അവിടെ, ആ അജ്ഞാതമായ ആഫ്രിക്കയിൽ എന്റെ മുക്തി എന്നെ കാത്തിരിക്കുന്നു എന്ന മറ്റൊരു വിചാരവും എന്നിൽ ബലമായുണ്ട്. സത്യേന്ദ്രൻ പറയുന്നതുപോലെ അതെന്റെ തോന്നൽ മാത്രമാണെന്നും വരാം.

* * *

ലക്ഷ്യമില്ലാതെ പ്രവഹിക്കുന്ന ഈ മനപ്രവാഹത്തിന് വസ്തുസ്ഥിതിബന്ധം കൽപിക്കണം . . . . ഞാൻ ഭ്രാന്തനായിത്തീരേണ്ടെങ്കിൽ എന്റെ മനസ്സിനെ വസ്തുസ്ഥിതിയുമായി ബന്ധിക്കണം . . . . . വസ്തുസ്ഥിതി, വസ്തുസ്ഥിതി, വസ്തുസ്ഥിതി — facts, facts, facts — ഇതുതന്നെയാണു മുക്തിപഥം നേടുവാൻ വേണ്ട അസംസ്കൃത പദാർഥങ്ങൾ.

ശ്രീകാന്തൻ ഇംഗ്ലീഷ് ഭാഷയിൽ എം. ഏ. ബിരുദം സമ്പാദിച്ചു. ഇനിയുമെവിടെയെങ്കിലും അധ്യാപകനാകണം എന്നു വിചാരിച്ചിരിക്കുമ്പോഴാണ് ആകസ്മികമായി, അവനു ടി. ബി. യാണെന്ന

വിവരം മനസ്സിലായത്. (അവൻെറ അച്ഛനും അതേ രോഗം കൊണ്ടുതന്നെയാണു മരിച്ചത്).

ഞാൻ ബി. എസ്സി. പാസ്സായി. സത്യേന്ദ്രൻ ബി. ഈ. പൂർത്തിയാക്കി ബോംബെയിൽ ഉദ്യോഗസ്ഥനായി.

ഞാൻ ബോംബെയിൽ പോയി എം. എസ്സിക്കു ചേരണമെന്നാണ് എൻെറ എല്ലാ അഭ്യുദയകാംക്ഷികളുടെയും ആഗ്രഹവും ഉപദേശവും. എന്നാൽ ശ്രീകാന്തനെ വിട്ടുപോകുവാൻ മനസ്സു വന്നില്ല. ശ്രീകാന്തനും എന്നെക്കൊണ്ട് വളരെയേറെ ആവശ്യമുണ്ടായിരുന്നു. മാത്രമല്ല . . . .

അപ്പോൾ ഞങ്ങൾ രണ്ടുപേരുടേയും സൗഹൃദത്തിനു നാലു വയസ്സ് പ്രായമുണ്ടായിരുന്നു.

സത്യേന്ദ്രൻ ശ്രീകാന്തനെ പരിചയപ്പെടുത്തി തന്നപ്പോൾ ഞാൻ ഫസ്റ്റ് ഈയർ വിദ്യാർത്ഥിയായിരുന്നു. ശ്രീകാന്തൻ ബി. ഏ. യ്ക്ക് പഠിക്കുകയായിരുന്നു. സത്യേന്ദ്രൻ അതിനുമുമ്പുതന്നെ അവധിക്കു നാട്ടിൽ വന്നപ്പോൾ ശ്രീകാന്തനെക്കുറിച്ച് അപ്പപ്പോൾ പറഞ്ഞിട്ടുണ്ടായിരുന്നു. അന്നുമുതൽ തന്നെ ശ്രീകാന്തനെപ്പറ്റി ആദരവും താൽപര്യവും എൻെറ മനസ്സിലുദിച്ചിരുന്നു.

ശ്രീകാന്തനെ പരിചയപ്പെട്ട ദിവസം എൻെറ മനസ്സിൻെറ ഭിത്തിയിൽ തെളിഞ്ഞു നിന്നിരുന്നു.

കോളേജ് തുറന്ന് മൂന്നുനാലു ദിവസം കഴിഞ്ഞു. പരദേശത്തകപ്പെട്ട അപരിചിതനെപ്പോലെ ഞാൻ പുതിയൊരു ലോകത്തിൽ വിഹരിച്ചിരുന്നു. ഭാഗ്യത്തിനു സത്യേന്ദ്രനുണ്ടായിരുന്നതു നന്നായി. അതിങ്ങനെയാണ്, ഇതങ്ങനെയാണ്, അവൻ അങ്ങനെയാണ്, അവൾ അങ്ങനെയാണ് എന്നൊക്കെ സത്യേന്ദ്രൻ എനിക്കു മാർഗദർശനം നൽകിയിരുന്നു. എൻെറ തല നിറയെ അസ്പഷ്ടമായ കിനാവുകൾ നൃത്തംചെയ്തിരുന്നു. അതാ, ആ പോകുന്ന സുന്ദരിയായ പെൺകുട്ടി എൻെറ കൂട്ടുകാരിയായി വരരുതോ? ആ ക്രിസ്ത്യാനിപ്പെണ്ണിനെ ഞാൻ ഒരിക്കലെങ്കിലും ഉമ്മ വയ്ക്കരുതോ? ഞാൻ പ്രേമിച്ചു വിവാഹം കഴിയ്ക്കാൻ പോകുന്ന പെൺകുട്ടി ഈ കോളേജിൽ തന്നെ വരരുതോ ? – തുടങ്ങിയ പകൽകിനാക്കളുടെ മുകിലുകൾ ആകാശം നിറയെ വിഹരിച്ചിരുന്നു.

അന്ന് സത്യേന്ദ്രനും ഞാനും കൂടി കോളേജുവളപ്പിൽ നടക്കുകയായിരുന്നു. "ജീവിതം ഒരു കലയാണ്; ആ കലയുടെ ആദ്യപാഠം കോളേജിൽ വച്ചു പഠിക്കണം . . . . ഈയിടെയായി പാഠം പഠിക്കുന്നത് ചുരുങ്ങിയിരിക്കുന്നു. നേരെ പ്രയോഗത്തിലേക്കു കടക്കുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടെ എണ്ണം കൂടിക്കൂടിവരുന്നു . . . . " എന്തോ മറ്റോ സത്യേന്ദ്രൻ പറഞ്ഞിരുന്നു.

"പക്ഷേ, പ്രയോഗത്തിലൂടെയും മനുഷ്യൻ പഠിക്കുന്നില്ലേ?"

എന്നായിരുന്നു എൻെറ വാദം.

അപ്പോഴേയ്ക്കും സത്യേന്ദ്രൻ പെട്ടെന്ന് എൻെറ കൈയിൽ പിടിച്ചു വലിച്ചുകൊണ്ട് പറഞ്ഞു: "ഗൗരീ, അങ്ങോട്ടു നോക്കൂ — അവനാണു ശ്രീകാന്തൻ. പരിചയപ്പെടണോ?"

"ആര്? ഓ — അവനോ?" എൻെറ ശബ്ദം എനിക്കുപോലും മനസ്സിലാകാത്തവിധം വിറപൂണ്ടിരുന്നു.

"ഉം — അവൻെറ കൂടെ ആ പെൺകുട്ടികളുണ്ടല്ലോ. അവർ അവനെ വിട്ടുപോകുന്നതുവരെ നമുക്കിവിടെ നിൽക്കാം . . . . അല്ലെങ്കിൽ ആ പെൺകുട്ടികളേയും പരിചയപ്പെടുത്തിത്തരട്ടേ?"

"വേണ്ട." സങ്കോചത്തോടെ ഞാൻ പറഞ്ഞു.

ഞങ്ങൾ രണ്ടുപേരും കൽക്കെട്ടിൽ ചാരിനിന്നു. എൻെറ ലക്ഷ്യം മുഴുവൻ ശ്രീകാന്തനായിരുന്നു. ശ്രീകാന്തൻ സത്യേന്ദ്രനെ കണ്ടു എന്നു തോന്നുന്നു. ഉടൻതന്നെ ആ പെൺകുട്ടികളെ ചിരിപ്പിച്ച് ചിരിയുടെ നാദത്തോടെ തന്നെ അവരിൽ നിന്നകന്ന് മന്ദഹാസത്തോടെ ഞങ്ങളുടെ സമീപത്തേക്കു വന്നു — കൗതുകംകൊണ്ടും ആദരവുകൊണ്ടും ഭാരമേറിയ മനസ്സ്, സങ്കോചംകൊണ്ടു വീണ്ടും നമിച്ചു, വിനീതമായി !

ശ്രീകാന്തൻ അംഗസൗഷ്ഠവമുള്ളവനാണ്. അത്ര പൊക്കമില്ലെങ്കിലും വണ്ണക്കുറവുള്ളതുകൊണ്ട് പൊക്കം തോന്നിച്ചിരുന്നു. അവൻെറ ആകർഷകമായ കൊച്ചുമുഖത്ത് എടുത്തുകാണിക്കുന്നത് അൽപം പുറത്തേയ്ക്കു തള്ളി നിൽക്കുന്ന വലിയ കണ്ണുകളായിരുന്നു. കണ്ണുകളുടെ മോഹക തേജസ്സിനാൽ നിർലിപ്തരാകുവാൻ കൊതിക്കുമ്പോൾ അവൻെറ മനോവേധകമന്ദഹാസം ഞങ്ങളുടെ മേൽ പ്രഭാവം ചൊരിഞ്ഞിരുന്നു . . . .

അപ്പോഴത്തെ എൻെറ വിചാരങ്ങൾ മുഴുവൻ ഓർക്കുവാൻ വിഷമമാണ്. ഒരു കാര്യം സത്യമാണ് — പ്രഥമ വീക്ഷണത്തിൽ തന്നെ ഞാൻ മയങ്ങിപ്പോയി.

ശ്രീകാന്തൻെറ മുമ്പിൽ സത്യേന്ദ്രൻെറ വ്യക്തിത്വം മങ്ങി വിവർണമായി . . . .

"ഹലോ — അസത്യാ! നീ എന്നു വന്നു?"

"നാലഞ്ചു ദിവസമായി."

"നാലഞ്ച് . . . ? ഇതുവരെ ഞങ്ങളുടെ വീട്ടിൻെറ ഭാഗത്തേയ്ക്കു തിരിയാൻ നമ്മുടെ സ്കോളറിന് സമയം കിട്ടിയില്ലെന്നു തോന്നുന്നല്ലോ! ഇൻറർ സയൻസ് എന്നു പറഞ്ഞാൽ നല്ല ആളുകൾപോലും സ്വാർഥികളായിത്തീരുന്നു. താനായി, തൻെറ പഠിത്തമായി, തൻെറ കരിയറായി — ഇതാരാണ് ? കോളേജിൽ പുതുതായി വന്നതാണെന്നു തോന്നുന്നല്ലോ . . . . "

"ഗൗരീശ ഉപാസനി — എൻെറ നാട്ടുകാരനാണ്. എഫ്. വൈക്കു

വന്നു."

"താങ്കളെ പരിചയപ്പെടുവാൻ സന്തോഷമുണ്ട്?" എന്നുപറഞ്ഞ് ശ്രീകാന്തൻ കൈ നീട്ടി. സങ്കോചത്തോടെ മടിച്ചുകൊണ്ട് ഞാൻ അവൻെറ കൈ പിടിച്ചു. അവൻെറ ചൂടുള്ള കൈയിൽ ഗാഢമായ ശക്തിയുണ്ടായിരുന്നു — വിദ്യുച്ഛക്തി !

"ഗൗരീ, ഇദ്ദേഹമാണ് ശ്രീകാന്തറാവു ! ഇദ്ദേഹത്തെപ്പറ്റി ഇതിനകം ഞാൻ എല്ലാം പറഞ്ഞിട്ടുണ്ടല്ലോ?"

"എന്തപ്പാ പറഞ്ഞത് ?" എന്ന് ചിരിച്ചുകൊണ്ടു ശ്രീകാന്തൻ ചോദിച്ചു. "എൻെറ അച്ഛനപ്പൂപ്പൻ മുതൽ എൻെറ മക്കളും മരുമക്കളും വരെയുള്ള എല്ലാ പുരാണവും ഇതിനകം പറഞ്ഞു കഴിഞ്ഞോ? . . . . ഛെ, ഛെ, ഛെ — അല്ലെങ്കിൽ തന്നെ അഭാവത്തിൽ കുറ്റം പറയാൻ എളുപ്പമല്ലേ ? ഈ അസത്യൻ നിന്നോട് എന്തൊക്കെ പറഞ്ഞു ഗൗരീശാ ?"

'നിന്നോട്' — ശ്രീകാന്തൻെറ ഏകവചനപ്രയോഗം എനിയ്ക്കിഷ്ടമായി. ആഹ ! എൻെറ ഭാഗ്യം, ഇത്ര വേഗം, ഇത്ര അടുപ്പം . . . .! ശ്രീകാന്തൻെറ ചോദ്യത്തിന് ഉത്തരം കൊടുക്കേണ്ട ഭാരം എൻെറ മേലായപ്പോൾ എന്തെങ്കിലും പറയണമല്ലോ എന്നു കരുതി ഞാൻ പറഞ്ഞു. "അവൻ പറഞ്ഞതു പറയുകയാണെങ്കിൽ മുഖസ്തുതി പറഞ്ഞതുപോലെയാകും. അതുകൊണ്ട് . . . . . "

ശ്രീകാന്തൻ മനസ്സുതുറന്നു ചിരിച്ചു.

"സത്യേൻ, നീ ഗൗരീശനെ ഞങ്ങളുടെ വീട്ടിൽ വിളിച്ചുകൊണ്ടു വരണം. അയാൾ വളരെ പ്രോമിസിങ് ആണെന്നു തോന്നുന്നു. (he looks promising)" എന്നു പറഞ്ഞ് കൗതുകത്തോടെ എന്നെ നോക്കി. എൻെറ ശരീരം കോൾമയിർക്കൊണ്ടു.

"എന്തിന് — അവനെയും സോഷ്യലിസ്റ്റ് ആക്കുവാനുദ്ദേശ്യമുണ്ടോ?" — സത്യേന്ദ്രൻ ചോദിച്ചു.

"അല്ല — സോഷ്യലിസ്റ്റാക്കുന്ന പ്രശ്നം എവിടെനിന്നു വന്നു? ഓരോ നല്ല യുവാവും ജന്മനാ സോഷ്യലിസ്റ്റാണ്. സൂക്ഷ്മ മനസ്സുള്ള യുവാക്കൾക്ക് സോഷ്യലിസ്റ്റ് ആദർശം സ്വാഭാവികമായി വന്നുചേരുന്നു."

"എങ്കിൽ ഞാനെവിടെ സോഷ്യലിസ്റ്റായി?" സത്യേന്ദ്രൻ തിരിച്ചടിച്ചു.

"നീയൊരു പ്രത്യേക തരത്തിലുള്ള മനുഷ്യൻ! കരിങ്കല്ലുപോലുള്ളവൻ. നമ്മുടെ പുതിയ സമൂഹത്തിൻെറ അടിത്തറക്കല്ലാണു നീ. ഞങ്ങൾ ശിൽപികൾ, പണിയാളുകൾ ! ഗൗരീശാ, നീ എന്താകണമെന്നു വിചാരിക്കുന്നു ? അടിത്തറക്കല്ലോ, ശിൽപിയോ?"

ഇത്തരം സംഭാഷണത്തിൻെറ ലഹരി അപ്പോഴെനിക്കു തീർത്തും പുതുതായിരുന്നു. ഇത്തരം പ്രശ്നങ്ങളാകട്ടെ, യാതൊരു പരീക്ഷയി

ലുമുണ്ടായിരുന്നില്ല.

"എനിക്കു മനസ്സിലായില്ല." വളരെ വിഷമിച്ചു ഞാൻ മറുപടി പറഞ്ഞു.

"അതിരിക്കട്ടെ. നീ എന്താണെടുത്തിരിക്കുന്നത്? ആർട്സോ അതോ സയൻസോ?"

"സയൻസ് !"

"സയൻസ്! ഉം മാർക്കറ്റിൽ അതിന് വില കൂടുതലാണ്. അല്ലേ? സയൻസെടുക്കാൻ ആരാണുപദേശിച്ചത് ? സത്യേന്ദ്രനായിരിക്കണം . . . . അവൻ എൻജിനീയറാകാനിരിക്കുകയാണ്. നീ എന്താണാകുന്നത്? എൻജിനീയറോ ഡോക്ടറോ ?"

"എനിക്കറിയില്ല."

"പാവം കുട്ടി!" ശ്രീകാന്തൻ ചിരിച്ചു.

അതിന്റെ അർത്ഥം മനസ്സിലാക്കാതെ ഞാനും ലജ്ജയോടെ — ലജ്ജ മറയ്ക്കുവാനായി — ചിരിച്ചു.

"സത്യേന്ദ്രാ, ഗൗരീശനെ ഞായറാഴ്ച വിളിച്ചുകൊണ്ടു വാ. ഉം, ഊണിനു തന്നെ വരൂ. കാര്യമായി സംസാരിക്കാം, വരിക. എന്തു പറയുന്നു ഗൗരീശൻ?" എന്ന് എന്റെ ചുമലിൽ കൈവച്ചുകൊണ്ട് ശ്രീകാന്തൻ ചോദിച്ചു.

* * *

എന്റെ ഈ കഴിഞ്ഞകാലാനുഭവങ്ങളുടെ ഓർമ്മകളിൽ ഒരുതരം വേദന എന്റെ ഞരമ്പുകൾക്കും എല്ലുകൾക്കുമുള്ളിൽ പ്രവഹിക്കുന്നുണ്ടെന്നതു സത്യമാണ്. എന്നാൽ വാസ്തവത്തിൽ, വെറും വേദന മാത്രമായി എന്നിലില്ല . . . . ഈ ഗതകാല സ്മരണയിൽ അവ്യക്തമായ ഒരാനന്ദവും ഉണ്ട്. മാത്രമല്ല, ഈ സ്മൃതികൾക്ക് വാക്കുകളിലൂടെ, വീണ്ടും രൂപം കൊടുക്കുമ്പോൾ കലാത്മകമായ ഒരു ആനന്ദവും ഉണ്ടാകുന്നു.

എഴുതുന്നത് വെറും കഥയാണ്, വാക്കുകളുടെ കൂട്ടമാണ് എന്ന വിചാരം ആദ്യമുണ്ടായിരുന്നു. എന്നാലിപ്പോൾ അത് ഒരു പ്രത്യേകമായ പ്രത്യക്ഷാനുഭവമാണ്, എന്ന് വ്യക്തമായി തോന്നുന്നു.

"കല ജീവിതത്തെ ആസ്വദിക്കുന്ന ഒരു രീതിയാണ് . . . . വാസ്തവികതയെ ജയിക്കുന്ന ഒരു മാർഗമാണ്" എന്നു ശ്രീകാന്തനൊരിക്കൽ പറഞ്ഞിട്ടുണ്ട്. അത് ഞാനിപ്പോൾ ഓർക്കുന്നു. ഈ 'സ്മൃതികൾ' കുറിക്കുമ്പോൾ വസ്തുനിഷ്ഠത സ്വയം കൈവരുന്നു.

ഈ വസ്തുനിഷ്ഠതയാണ് എന്റെ മുക്തിപഥത്തിലെ ആദ്യത്തെ പടവ്.

അതെ, എന്റെ മുക്തിക്കുവേണ്ടിത്തന്നെ ഞാനെഴുതുന്നു. എന്റെ മുക്തിക്കുവേണ്ടിത്തന്നെ ആഫ്രിക്കയ്ക്കു പോകുന്നു . . .

എന്നാൽ എഴുത്തുമാത്രം എന്റെ ജീവിതസർവസ്വമാവുകയില്ല.

ചില മഹാലേഖകന്മാർക്ക് — ഉദാഹരണമായി ജെയിംസ് ജോയ്സ്, പ്രൂസ്റ്റ് — സാഹിത്യ രചന ജീവിതസർവസ്വമായിരുന്നു. ആ കല തന്നെയായിരുന്നു അവരുടെ ഏക മുക്തിമാർഗം. അതുകൊണ്ട് പ്രൂസ്റ്റ് തന്റെ ജീവിതാന്ത്യം വരെ എഴുതിക്കൊണ്ടുതന്നെ ഇരുന്നു, തന്റെ ജീവിതാനുഭവങ്ങളെല്ലാം കലയാക്കി മാറ്റുവാൻ ശ്രമിച്ചു ...... ഇങ്ങനെ എഴുതിക്കൊണ്ടേ ഇരിക്കാൻ എനിക്കു സമയമില്ല, ശക്തിയില്ല. എനിക്കു ജീവിക്കണം, ജീവൻ നിലനിൽക്കണം. കലയിൽ എന്നെ മുക്കുകയില്ല. കല ഒരു അനുഭവം തന്നെയാണ്, സത്യം — ജീവിതത്തിന്റെ യഥാർഥാനുഭവങ്ങൾ ആവിഷ്കരിക്കുന്ന അനുഭവം . . . . എന്നാൽ കലയ്ക്കുവേണ്ടി എനിയ്ക്ക് അനുഭവം വേണ്ട. . . . എന്റെ അനുഭവങ്ങളിൽ കലയും ഒരനുഭവം മാത്രം ! ഇതു മുഴുവൻ എന്റെ സ്വന്തം വിചാരങ്ങളല്ല. ശ്രീകാന്തന്റെ വിചാരങ്ങളാണിവ. എന്നാൽ അവന്റെ വിചാരങ്ങൾ വീണ്ടും വീണ്ടും കേട്ട്, അവന്റെ ഡയറിക്കുറിപ്പുകൾ അപ്പപ്പോൾ വായിച്ച്, അവന്റെ വിചാരങ്ങൾ എന്റെ വിചാരങ്ങളായിത്തീർന്നിരിക്കുന്നു.

— ഇതുതന്നെ ശ്രീകാന്തന്റെ അമരത്വമായിരിക്കരുതോ?

* * *

ഇന്നു വൈകിട്ട് ഞാൻ സത്യേന്ദ്രന്റെ വീട്ടിൽ പോയി — എന്നിൽ തന്നെ ഒതുങ്ങിയിരിക്കുന്നത് നന്നല്ലെന്നു കരുതി, സത്യേന്ദ്രന്റെയും സുശീലയുടെയും അവിരാമമായ സുഖജീവിതത്തിന്റെ സൗരഭ്യം ആസ്വദിക്കുവാനായി . . . .

മുമ്പ് സത്യേന്ദ്രന്റെ സുഖജീവിതത്തെക്കുറിച്ചോർത്ത് അസൂയപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ആ അസൂയ ഇല്ല . . . . . ഒരു മനുഷ്യന് മറ്റൊരുവനാകാൻ കഴിയുകയില്ല, ഈ ജീവിതത്തിൽ ഓരോ മനുഷ്യന്റെയും ജീവിതതത്വം അവനവനിൽത്തന്നെ അടങ്ങിയിരിക്കുന്നു. അതിനെ ആ വ്യക്തിക്ക് എളുപ്പത്തിൽ ജയിക്കുവാൻ കഴിയുകയില്ല. നാം നമ്മുടേതായ ഭ്രമണ പഥങ്ങളിൽ തന്നെ കറങ്ങുന്ന ഗ്രഹങ്ങളാണ് !

ഈ വാക്കുകളും ശ്രീകാന്തനിൽ നിന്നു പഠിച്ചതാണ്. ഇവിടെ അവന്റെ ദിവസക്കുറിപ്പുകളിൽ നിന്ന് ഒരു ഭാഗം നൽകേണ്ടിയിരിക്കുന്നു. (ശ്രീകാന്തൻ ടി. ബി. പിടിപെട്ടു വിഷമിച്ചിരുന്നപ്പോൾ കൂടെക്കൂടെ ഡയറി എഴുതുമായിരുന്നു.) ഒരിക്കൽ ഈ 'അസൂയ'യെക്കുറിച്ച് അയാൾ ഇങ്ങനെ എഴുതി.

"എന്റെ ജീവിതം (മിക്കവാറും) അതിന്റെ അവസാനത്തോടടുത്തുകൊണ്ടിരിക്കുന്നു — ഇരുവശത്തൂടെയും എരിയുന്ന മെഴുകുതിരി പോലെ ! 'എന്റെ' ജീവിതം! 'ഞാൻ', 'എന്റേത്', 'എനിക്ക്' — ഈ വാക്കുകൾ എത്രമാത്രം അർഥപൂർണമായിരിക്കുന്നു, എനിക്ക്. വജ്രത്തിന്റെ പ്രകാശംപോലെ ഈ അർഥം തീക്ഷ്ണമായി തോന്നുന്നു. എന്റെ അസ്തിത്വത്തെക്കുറിച്ചും വ്യക്തിത്വത്തെക്കുറിച്ചും

ഇത്ര വ്യക്തവും തീക്ഷ്ണവുമായ അറിവ് ഞാൻ മുമ്പൊരിക്കലും അനുഭവിച്ചിട്ടില്ല . . . . എൻെറ ഡയറിയെഴുത്ത് ഒരു മുഖ്യസംഗതിയാക്കിത്തീർത്തിരിക്കുന്നു — ഈ തീക്ഷ്ണപ്രജ്ഞ !

ഇന്നു വൈകിട്ട് Z (ഈ ഡയറിയിൽ കാമിനിയുടെ പ്രതീകമാണ് Z) മനോഹരമായി അണിഞ്ഞൊരുങ്ങി. അവളെവിടെയാണു പോകുന്നതെന്നെനിക്കു മനസ്സിലായി. 'ക്ഷ'യോടൊത്ത് പിക്ചറിനോ സവാരിയ്ക്കോ ആയിരിക്കും!

— ഞാനറിയാതെ അസൂയയുടെ സൂചിമുനകൾ എൻെറ ഹൃദയത്തിൽ തറഞ്ഞുകയറി. ജഗത്ത് ആനന്ദിക്കുന്നു; ഞാൻ മാത്രം ഏകാന്തതയുടെ അന്ധകാരത്തിലുഴലുന്നു എന്ന വിചാരം ചിലപ്പോഴൊക്കെ പുകപോലെ പരന്നു.

പക്ഷേ — ഇത് അജ്ഞാനമാണ് !

ജീവിതം കെട്ടിപ്പടുക്കുവാനാവശ്യമായ സങ്കൽപങ്ങളിൽ അസൂയയ്ക്ക് പ്രമുഖമായ സ്ഥാനമുണ്ടെന്നാണു ചിലരുടെ അഭിപ്രായം. അവരുടെ കെയിലുള്ള സാധനം 'എനിക്കും' വേണം, എനിക്കും അവരെപ്പോലെയാകണം എന്ന വിചാരമാണ് അസൂയക്ക് ആസ്പദം. പക്ഷേ ഇത് എന്നെങ്കിലും സാധിക്കുന്നതാണോ ?

ഓരോ വ്യക്തിക്കും ഓരോ ആത്മാവിനും അവരുടേതായ പരിമിതികളുണ്ട്. ഈ പരിമിതികൾ ജീവിതത്തിലെ ശക്തി നിർണയിക്കുന്നു. തന്മൂലം 'ഞാൻ' 'നീ' കളുടെ നടുവെ വ്യക്തമായ ഭിന്നതയുണ്ട്. 'ഞാൻ' 'നീ' ആകണമെന്ന ആഗ്രഹത്തിൻെറ മൂലം, തൻെറ വ്യക്തിത്വത്തെക്കുറിച്ചുള്ള അജ്ഞാനത്തിൽ സ്ഥിതി ചെയ്യുന്നു. 'ഞാൻ' ആരെന്ന അറിവു പൂർണമായുണ്ടെങ്കിൽ 'ഞാൻ' 'നീ' ആകാൻ എന്തിനഭിലഷിക്കണം ?

അവരെക്കുറിച്ച് ഞാനെന്തിന് അസൂയപ്പെടണം? അവർക്ക് എന്തുകൊണ്ട് എന്നെപ്പറ്റി അസൂയപ്പെട്ടുകൂടാ ? ഈ പ്രശ്നം വിചിത്രമായി തോന്നിയേക്കാം! പക്ഷേ ഇതു സത്യം. എൻെറ സുഖം മൂലം എന്തുകൊണ്ടായിക്കൂടാ ? എന്നിലിപ്പോഴുള്ള ജ്വാലാസമമായ തീക്ഷ്ണജീവിതപ്രജ്ഞ എൻേറതുതന്നെയാണോ— ഇത്തരം പ്രജ്ഞ അവരുടെ ഭാവനയിലുമൊതുങ്ങാത്ത വിഷയമാണ്. ആത്മാവിൻെറ അതിവിരളമായ കോഹിനൂർ — ഈ പ്രജ്ഞ — എൻേറതാണ്! . . . . ഇതിൽ തന്നെയാണ് എൻെറ സമാധാനം !

ഓരോ ആത്മാവിൻെറയും ജീവിതതത്വം അതിൽ തന്നെ അടങ്ങിയിരിക്കുന്നു. അതിനെ ജയിക്കുവാൻ ആ ആത്മാവിനു കഴിയുകയില്ല. ഓരോ ആത്മാവിനും പ്രത്യേകം പ്രത്യേകം ഭ്രമണ പഥമുണ്ട് ; ആ ഭ്രമണ പഥത്തിൽ തന്നെ ചലിക്കണം, തിരിയണം, ക്ഷയിക്കണം, നശിക്കണം.

ശ്രീകാന്തൻെറ ഇത്തരം താത്വിക വിചാരങ്ങൾ അവൻെറ ഡയറി

യിൽ അവിടവിടെ കാണാം.

മുമ്പ് — രണ്ടുമൂന്നു വർഷങ്ങൾക്കുമുമ്പ് — എന്നെ എപ്പോഴും മറ്റുള്ളവരോടു താരതമ്യപ്പെടുത്തുന്ന സ്വഭാവം എനിക്കുണ്ടായിരുന്നു. അവൻെറ കണ്ണുകൾ എത്ര സുന്ദരമാണ്, എൻെറ കണ്ണുകളും അവൻേറതുപോലെ ആയിരുന്നെങ്കിൽ — അവൻ എത്ര നന്നായി സംസാരിക്കുന്നു — ആ കഴിവ് എനിക്കു വേണമായിരുന്നു. അവൻെറ പ്രേമബന്ധം എത്ര സരളമായി, സുഗമമായി മുന്നോട്ടു പോയി — എൻേറതു മാത്രമെല്ലാം കുഴപ്പം പിടിച്ചതാണ് . . . . എന്നിങ്ങനെ . . . .! ഞാൻ ഹൈസ്കൂൾ വിദ്യാർഥി ആയിരുന്ന കാലത്ത് സത്യേന്ദ്രനായിരുന്നു എൻെറ ആദർശ പുരുഷൻ. പിന്നീടു ശ്രീകാന്തൻ ! അതിനുശേഷം അനേകം വ്യക്തികൾ ! ഇപ്പോൾ എൻെറ നിഷ്കർഷ: 'നിൻെറ ഭ്രമണപഥം കണ്ടുപിടിക്കൂ. നീ നീയാകൂ!'

* * *

ഇന്നു വൈകിട്ട് സത്യേന്ദ്രനും സുശീലയും സന്തോഷത്തോടെ എന്നെ സ്വാഗതം ചെയ്തു.

ഞാൻ അവർക്കു രണ്ടുപേർക്കും നല്ലൊരു സംസാര വിഷയമാണ്. ഈയിടെയായി ഞാൻ അവരുടെയടുത്തു പോകുമ്പോൾ, ഞങ്ങളുടെ പ്രധാനപ്പെട്ട സംസാരവിഷയം — ഗൗരീശൻ തന്നെ !

"നോക്കൂ ഗൗരീശാ, നീയും കാമിനിയും വിവാഹം കഴിച്ച് ഒന്നിച്ചു താമസിച്ചിരുന്നെങ്കിൽ വളരെ നന്നായിരുന്നു. അല്ലേ ?"എന്നു പറഞ്ഞ് സുശീല ഭർത്താവിനെ നോക്കി.

"അതൊക്കെ ശരി . . . . ഇങ്ങനൊന്നുണ്ടല്ലോ. മനുഷ്യൻ ഇച്ഛിക്കുന്നതൊന്ന്. ദൈവം കൽപിക്കുന്നത് വേറൊന്ന്."

"ഗൗരീശാ, ഇദ്ദേഹം പറഞ്ഞതനുസരിച്ച്, കാമിനി ഒരിക്കൽ നിന്നെ പ്രേമിച്ചിരുന്നു . . . . വാസ്തവത്തിൽ നിന്നെ വിവാഹം കഴിക്കേണ്ടെന്നുവെയ്ക്കാൻ ഏതു നല്ല പെണ്ണിനു കഴിയും ?"

"നിങ്ങളുടെ സ്തുതിക്കു നന്ദി. ദിവസവും സത്യേന്ദ്രനെ നിങ്ങൾ ഈ സ്തുതി തീറ്റുമെന്നു തോന്നുന്നു — അതുകൊണ്ടുതന്നെ അവൻ നശിച്ചുപോയി" ഞാൻ കളിയാക്കി.

"ഗൗരീശാ, അവളിപ്പോഴെവിടെയാണ് ? ധാറവാഡയിൽത്തന്നെയല്ലേ ? അവളെ ഇങ്ങോട്ടു വിളിച്ചുകൊണ്ടുവരാൻ കഴിയുമോ ?"

സുശീലയുടെ സരളമായ ചോദ്യം കേട്ട് എനിക്കു ചിരിവന്നു.

"നിങ്ങളുടെ പദ്ധതി ലഘുവാണു സുശീലച്ചേച്ചീ . . . . പക്ഷേ . . . ."

"ഒരു തരത്തിൽ, നീ സമ്മതിച്ച് ശശികലയെ വിവാഹം കഴിച്ചിരുന്നെങ്കിൽ നന്നായിരുന്നു അല്ലേ ?"

"സുശീലമ്മേ, എന്നെ അല്ലെങ്കിൽ ഏതെങ്കിലും പുരുഷനെ നാൽ

ക്കാലിയാക്കാതെ നിങ്ങൾക്കു സമാധാനം കിട്ടില്ലേ ?"

സത്യേന്ദ്രൻ, വായിച്ചുകൊണ്ടിരുന്ന ദിനപ്പത്രത്തിൽ നിന്നു മുഖം അൽപമുയർത്തി പറഞ്ഞു: "നാൽക്കാലിയായാലും തല രണ്ടാകുമല്ലോ . . . . നിൻെറ തലയിലില്ലാത്ത ബുദ്ധി അവളുടെ തലയിൽ കണ്ടേക്കാം."

"അവളുടെ തലയിലും വെറും പഞ്ഞിയാണെങ്കിലോ ?" ഞാൻ തമാശു പറഞ്ഞു.

"ജോഡിയൊത്തെന്നു വിചാരിക്കണം!" സുശീല ചിരിച്ചു.

* * *

ഈ പ്രപഞ്ചത്തിലെ കാര്യങ്ങളെല്ലാം ലഘുവായി കാണുന്നവരാണധികവും ! മിക്കവാറും അതുതന്നെയായിരിക്കണം സുഖത്തിൻെറ രാജവീഥി . . . . പക്ഷേ സുഖമാണോ ജീവിതത്തിൻെറ പരമലക്ഷ്യം ? . . . .

'ലഘുവായി കാണുക' — സാധാരണ വ്യക്തികളുടെ മുഖ്യതത്വമാണിത് !

എന്നാൽ ജീവിതം മാത്രം ലഘുവായ ബീജഗണിതവുമല്ല, രേഖാഗണിതവുമല്ല. ജീവിതമെന്നു പറഞ്ഞാൽ കൂട്ടംകൂട്ടമായ ഭയങ്കര കുഴപ്പമാണ്. അതിൻെറ വരുംവരാഴികകൾ മുഴുവൻ പ്രത്യേകമായെടുത്ത് ഒരു ഓപ്പറേഷൻ മേശപ്പുറത്തു വച്ചു പരീക്ഷിക്കുവാനാവില്ല. മനുഷ്യശരീരം കഷണം കഷണമായി മുറിച്ചു നോക്കാം. പക്ഷേ മനുഷ്യമനസ്സോ? ജീവിതം എത്രയോ ദേഹങ്ങളുടെയും മനസ്സിൻെറയും ക്രിയപ്രതിക്രിയകളുൾക്കൊണ്ട അവിരത പ്രവാഹമാണ്! . . . . .

സത്യേന്ദ്രൻെറ വീട്ടിൽ നിന്നു തിരിച്ചു വരുമ്പോൾ മറ്റൊരു ചിന്ത എൻെറ മനസ്സിൽ കടന്നുവന്നു. സരളമായ സുഖജീവിതം മനസ്സിനെ അൽപം മുരടിപ്പിക്കുന്നു. സത്യേന്ദ്രൻെറയും സുശീലയുടെയും സഹാനുഭൂതി എത്രമാത്രം ശ്രേഷ്ഠമായിരുന്നാലും അവർക്ക് എന്നെ മനസ്സിലാക്കാനാവുകയില്ല — പൂർണമായി, ആഴത്തിൽ.

ശ്രീകാന്തൻ തികഞ്ഞ ഏകാകി ആയിരുന്നതുപോലെ ഞാനും ഏകാകിയാണ് !

അതുകൊണ്ടാണ് ഈ കുറിപ്പ് — ആത്മനിവേദനം!

* * *

'ലഘുവായെടുക്കുക!'

ജീവിതത്തെ ലഘുവായെടുക്കുന്നതിൽ തെറ്റൊന്നുമില്ല. എന്നാൽ ജീവിതം വിഷമം പിടിച്ചതാണെന്ന കാര്യം അംഗീകരിച്ചുകൊണ്ട് ലഘുവായെടുക്കുന്നതിൽ അപാകതയൊന്നുമില്ല.

എൻെറയും ശ്രീകാന്തൻെറയും ധാറവാഡയിലെ അഞ്ചു വർഷത്തെ സഹവാസം ആദ്യം ലഘുവായെടുത്തു പരിശോധിച്ചാലെങ്ങ

നെയാണ് ?

സത്യേന്ദ്രന്റെ കൂടെ ശ്രീകാന്തന്റെ വീട്ടിൽ ഭക്ഷണത്തിനു പോയ നാൾ മുതൽ ഞാനും ശ്രീകാന്തനുമായുള്ള സൗഹൃദം തഴച്ചു വളരാൻ തുടങ്ങി.

ശ്രീകാന്തന്റെ അനുജത്തി കാമിനി അപ്പോൾ ഹൈസ്കൂളിൽ പഠിക്കുന്ന പെൺകുട്ടി ആയിരുന്നു. എങ്കിലും ഒരുതരം മോഹകമായ ആകർഷകത അവൾക്കുണ്ടായിരുന്നു. കാമിനി ഇനിയും ഒരു പ്രത്യേക വ്യക്തിയായി പരിണമിച്ചിരുന്നില്ല; അവൾ ശ്രീകാന്തന്റെ അനുജത്തി മാത്രമായിരുന്നു; എനിക്കും അനുജത്തിയെപ്പോലെ തന്നെയായിരുന്നു !

ഒരു മാസത്തിനുള്ളിൽ ശ്രീകാന്തൻ എന്നെയും സോഷ്യലിസ്റ്റാക്കിത്തീർത്തു. 'പ്രഗതി' പത്രത്തിൽ ശ്രീകാന്തൻ ജോലിചെയ്തിരുന്നു — സഹപത്രാധിപരായി. അയാൾ എന്നെക്കൊണ്ടു ലേഖനങ്ങളെഴുതിക്കുകയും വിവർത്തനം ചെയ്യിക്കുകയും ചെയ്തിരുന്നു. എത്രയോ പ്രാവശ്യം പത്രം വിൽക്കാൻ കൂടി എന്നെ വിളിച്ചു കൊണ്ടുപോയിരിക്കുന്നു. സ്വാതന്ത്ര്യത്തിനു ശേഷമുള്ള ആദ്യത്തെ തിരഞ്ഞെടുപ്പു സമീപിച്ചിരുന്നതിനാൽ, പാർട്ടി പ്രവർത്തനങ്ങൾ വളരെ ചൂടായി നടന്നു.

വീട്ടിൽ നിന്ന് അച്ഛന്റെ രൂക്ഷമായ കത്തുകൾ വരാൻ തുടങ്ങി. 'നിന്റെ കോളേജു പഠിത്തം അവസാനിപ്പിക്കും' എന്ന ഭീഷണിയുമുണ്ടായി. ശ്രീകാന്തന്റെ പ്രോത്സാഹനത്തിന്റെ ആധാരമുണ്ടായിരുന്നതുകൊണ്ട് അച്ഛന്റെ ഭീഷണി ഞാനത്ര കാര്യമായെടുത്തില്ല. എഫ്. വൈ. സയൻസ് പരീക്ഷയിൽ ഫസ്റ്റ്ക്ലാസ് കിട്ടിയതുകൊണ്ട് അച്ഛന്റെ കോപവും ശാന്തമായി. സത്യേന്ദ്രൻ മാത്രം 'ഈ രാഷ്ട്രീയ ഭ്രാന്തിൽ വീഴേണ്ട ഗൗരീ' — എന്ന് കൂടെക്കൂടെ മുന്നറിയിപ്പു തന്നിരുന്നു. അവന്റെ സഹായം കൊണ്ടാണ് എനിക്കു ഫസ്റ്റ്ക്ലാസ് കിട്ടിയത് . . . . .

അടുത്ത വർഷം സത്യേന്ദ്രൻ പൂനയിലേക്കു പോയി, എൻജിനീയറിങ് കോളേജിൽ ചേരാൻ. എന്റെ ഇൻറർ സയൻസ് പഠിത്തം മുടന്തി മുടന്തി മുന്നോട്ടു നീങ്ങി. ശ്രീകാന്തൻ അപ്പോൾ സീനിയർ ബി. ഏ. യ്ക്കായിരുന്നു. അതേ വർഷം — തിരഞ്ഞെടുപ്പിൽ പാർട്ടിക്ക് അപമാനമുണ്ടായതിനുശേഷം — ശ്രീകാന്തന്റെ വിചാരങ്ങൾക്കു മാറ്റമുണ്ടാകാൻ തുടങ്ങി. പാർട്ടി നേതാവുമായി അഭിപ്രായ വ്യത്യാസമുണ്ടായി. പാർട്ടി വിടുകയും ചെയ്തു. അവന്റെകൂടെ അവന്റെ ആജ്ഞാനുവർത്തിയായ ശിഷ്യനായ ഞാനും പാർട്ടി വിട്ടു. ബി. ഏ. പരീക്ഷ ആയപ്പോൾ ശ്രീകാന്തൻ തന്റേതായ സ്വതന്ത്ര തത്വജ്ഞാനത്തിനു രൂപം കൊടുക്കുന്ന, തന്റേതായ രാഷ്ട്രീയാദർശങ്ങൾ കൽപിക്കുന്ന, തന്റേതായ വൈയക്തിക—സാമൂഹിക മൂല്യങ്ങള

ന്വേഷിക്കുന്ന ഘട്ടത്തിലെത്തിച്ചേർന്നു. എൻെറ ഇൻറർ സയൻസ് പഠിത്തം അത്ര നന്നായില്ല. എനിയ്ക്ക് സെക്കൻഡ് ക്ലാസ്സു മാത്രമാണു കിട്ടിയത്. എൻജിനീയറിങ്ങിന് അഡ്മിഷൻ കിട്ടിയില്ല . . . . . എനിക്ക് അത്രയേറെ നിരാശയുണ്ടായില്ല. എൻജിനീയറിങ് ഇല്ലെങ്കിലില്ല, അവിടെത്തന്നെ ശ്രീകാന്തൻെറ സഹവാസത്തിൽ ബി. എസ്സിക്കു ചേരാം എന്നു സമാധാനിച്ചു.

ഞാൻ ജൂനിയർ ബി. എസ്സിക്കു പഠിച്ചുകൊണ്ടിരുന്നപ്പോൾ കാമിനി എൻെറ ചക്രവാളത്തിൽ വ്യക്തമായി പ്രത്യക്ഷപ്പെടാൻ തുടങ്ങി. എസ്. എസ്. എൽ. സി. പഠിത്തത്തിൽ ഞാൻ അവളെ വളരെയേറെ സഹായിച്ചു. . . . . ശ്രീകാന്തൻെറ വിചാരലഹരി എൻെറ കഴിവും അതിക്രമിച്ചുപോയി. അവൻെറ തത്വജ്ഞാനത്തിൻെറയും സാഹിത്യത്തിൻെറയും പഠനവും ചിന്തയും അഭംഗുരമായി മുന്നോട്ടു നീങ്ങി . . . .

അടുത്ത വർഷം എൻെറ ജീവിതത്തിലെ മന്വന്തരമായിരുന്നു. കാമിനി കോളേജിലെത്തി. പിന്നെ . . . . പിന്നത്തേത് സരളഗദ്യത്തിലൊതുങ്ങാത്ത കാര്യമാണ്. ശ്രീകാന്തൻെറ ആത്മ—തല്ലീനത അത്യുച്ചാവസ്ഥയിലെത്തിയ കാലമായിരുന്നു അത്.

പിന്നീട് ഞാൻ ബി. എസ്സി. പാസ്സായി. ശ്രീകാന്തൻ എം. ഏ. പാസ്സായി. കാമിനി ഇൻററിലേക്കു കടന്നു. അതിനുശേഷം ശ്രീകാന്തനു ടി. ബി . . . . എൻെറ എം. എസ്സി പഠിത്തം മുടന്തി മുടന്തി നീങ്ങി. കാമിനി ഇൻറർ തോറ്റു. പിന്നീട് എല്ലാവരുടെയും ആഗ്രഹപ്രകാരം ഞാൻ ബോംബെയിലേക്കു വന്നു —

ഥൂ — ഈ സരള രൂപത്തിനു തീ കൊളുത്തുക ! ചരിത്രം വെറും വർഷങ്ങളുടെ പട്ടികയാണോ?

* * *

ശ്രീകാന്തൻ ഒരിക്കൽ ഇങ്ങനെയെഴുതി:

"ജീവിതത്തിൻെറ സരളതയും ആഴവുമെല്ലാം നമ്മുടെ വീക്ഷണത്തിലുണ്ട് . . . . നമ്മുടെ പ്രജ്ഞ ജാഗരൂകമാക്കിനിർത്തിയാൽ ജീവിതത്തിലെ ചെറിയ ചെറിയ കാര്യങ്ങളിൽപ്പോലും അനന്തസൗന്ദര്യവും അനന്തവൈചിത്ര്യവും അനന്തരഹസ്യങ്ങളും നമുക്കു കാണാൻ കഴിയും. ബ്ലേക്ക് പറയുന്നു :

> "To see a world in a Grain of Sand
> And a Heaven in a Wild Flower,
> Hold Infinity in the palm of your hand
> And Eternity in an hour."

(ഒരു മണൽത്തരിയിൽ ഒരു വിശ്വം മുഴുവൻ കാണാം. ഒരു കാട്ടുപൂവിൽ ഒരു സ്വർഗം തന്നെ കണ്ടേക്കാം. നിങ്ങളുടെ ഉള്ളം കൈയിൽ അപാരത തന്നെയൊതുക്കാം. ഒരൊറ്റ മണിക്കൂറിൽ അനന്തത

യൊതുക്കാം.)

പക്ഷേ നാം അജ്ഞാനത്തിൻെറ വഞ്ചിയിലേറി മന്ദം മന്ദം തെന്നി നീങ്ങുന്നു!

ഉദാഹരണത്തിനു നമ്മുടെ ശരീരത്തിൻെറ പ്രവർത്തനങ്ങൾ തന്നെയെടുക്കുക. ഈ ശരീരത്തിൽ എത്രയോ വർഷം വസിച്ചും, ഈ ദേഹത്തിൽ നിന്നു സുഖദുഃഖങ്ങളനുഭവിച്ചും, ഈ ശരീരത്തിൻെറ ഇന്ദ്രിയങ്ങളിൽനിന്ന് പ്രപഞ്ചത്തിലെ അസംഖ്യം വരും വരാഴികകളനുഭവിച്ചും, ഈ ശരീരത്തെക്കുറിച്ചുള്ള അജ്ഞതയോടെ തന്നെ നാം ശരീരമുപേക്ഷിക്കുന്നു — അങ്ങനെ നോക്കിയാൽ ശരീരത്തിലെ ഓരോ അവയവവും ഓരോ പ്രവർത്തനവും എത്ര അഗാധമാണ് ! ആശ്ചര്യകരമാണ് ! കൈ—കാൽ, വിരലുകൾ, പചനക്രിയ, രക്തചംക്രമണം, തലച്ചോറ്, തലച്ചോറിലെ വിചാര ശക്തി, ഓർമ്മശക്തി . . . . തുടങ്ങിയവയെല്ലാം അഗമ്യമായിരിക്കുന്നു, അഗാധമായിരിക്കുന്നു. . . . കണ്ണുകൾ! ഹായ്! കണ്ണുകളെപ്പോലെ സുന്ദരമായി ഈ ഗൂഢപ്രപഞ്ചത്തിൽ മറ്റൊരു വസ്തുവില്ല.

മറ്റേതിനെയുംകാൾ കുഴപ്പത്തിനു കാരണം മനുഷ്യൻെറ മനസ്സാണ്. മാക്ഡ്യൂഗൽ പറയുന്നതുപോലെ — തലച്ചോറിനെ വലുതാക്കി, തലച്ചോറിൻെറ ഓരോ ഭാഗത്തും ആയിരമായിരം ശാസ്ത്രജ്ഞരെ അത്യന്താധുനിക യന്ത്രങ്ങളുമായിരുത്തി, ആയിരമായിരം വർഷം പഠനം നടത്തിയാലും മനസ്സെന്നാലെന്ത് എന്ന പ്രശ്നത്തിന് ശരിയായ ഉത്തരം ലഭിക്കുകയില്ല . . . . . മനശ്ശാസ്ത്രജ്ഞന്മാർപോലും മനുഷ്യമനസ്സിൻെറ മൂന്നിൽ നാലു ഭാഗത്തെയും ഉപബോധ മനസ്സെന്നു (unconscious mind) വിളിച്ച് മനസ്സിൻെറ ആഴത്തെ സൂചിപ്പിക്കുന്നു . . . . .”

* * *

അന്നു വെളുത്തവാവു ദിവസമായിരുന്നു. എൻെറ ഹൃദയത്തിൽ തൂക്കിയിട്ട അതി പ്രകാശമാനമായ ഒരു രത്നം! ഒക്ടോബർ. ടേമിനൽ പരീക്ഷ കഴിഞ്ഞു. ശ്രീകാന്തനും ഞാനും തമ്മിൽ ആദ്യമായി വേർപിരിയുന്നു. മൂന്നുമാസംകൊണ്ട് ഞങ്ങളുടെ സൗഹൃദവും സ്നേഹവും ഗാഢമായി വളർന്നിരുന്നു . . . . .

അത് എഫ്. വൈ.യുടെ വർഷമായിരുന്നതുകൊണ്ട് ‘പരീക്ഷ കഴിഞ്ഞാലുടൻ വരണം’ എന്ന് അച്ഛൻ അറിയിച്ചിരുന്നു. . . . . മനസ്സില്ലാമനസ്സോടെ ഞാൻ നാട്ടിലേക്കു പോയി . . . . .

അന്നു വൈകിട്ട് ശ്രീകാന്തൻെറ വീട്ടിൽ ഊണിനു പോയി. ഞാൻ ചെന്നപ്പോൾ ശ്രീകാന്തൻ, ഗുരുനാഥും ഗോപാലുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഏതോ പാർട്ടിയെക്കുറിച്ച് എന്നത്തെയും പോലെ വ്യാഖ്യാനം നടത്തിക്കൊണ്ടിരുന്നു. “ഈ തിരഞ്ഞെടുപ്പിൽ നമ്മുടെ പരാജയം തീർച്ചയാണ്. പക്ഷേ ഈ

പരാജയം കാണുന്ന നിങ്ങളുടെ ദൃഷ്ടി സങ്കുചിതമായിപ്പോയെന്നെനിക്കു തോന്നുന്നു . . . . തോറ്റാലെന്താ ? നാം ചെറിയ തോതിലെങ്കിലും ജനങ്ങളെ ജാഗരൂകരാക്കാതിരിക്കാൻ പാടില്ല. ലോകരാഷ്ട്രങ്ങളിൽ ജനത എല്ലാ തത്വങ്ങളും ചിന്തകളും പരീക്ഷിച്ചു നോക്കണം.... നാം ഈ തിരഞ്ഞെടുപ്പ് നമ്മുടെ തത്വങ്ങൾ ജനങ്ങളെ മനസ്സിലാക്കുവാനുള്ള നല്ലൊരു സുവർണസന്ധിയാണെന്നു കരുതണം. സ്വാതന്ത്ര്യസമരകാലത്ത് ഭാവനകൾക്കു സ്ഥാനമുണ്ടായിരുന്നു. സ്വാതന്ത്ര്യമിപ്പോൾ സ്വയം വാതിൽക്കലെത്തിയിരിക്കുന്നു. ഈ സമയത്ത് ബുദ്ധിക്കും നിർമ്മാണശീലകർതൃത്വശക്തിക്കും പ്രാധാന്യം കൊടുത്ത്, പുതിയൊരു സമൂഹം പടുത്തുയർത്താൻ സമരം ചെയ്യണം . . . . " ശ്രീകാന്തന്റെ വാക്കുകൾ എനിക്കെന്നും ഉജ്വലമായി തോന്നിയിരുന്നു. ഞാൻ അവന്റെ വാക്കുകളുടെ ശക്തിക്കടിപ്പെട്ട് പുളകിതനായിത്തീർന്നു. പതിനേഴുവർഷം പ്രായമുള്ള ഭാവനാ പ്രധാനമായ മനസ്സിന് സ്വാതന്ത്ര്യം, ആദർശം, പുതിയ സമൂഹം തുടങ്ങിയ വാക്കുകളിൽ ഒരു തരം മാന്ത്രികശക്തി അനുഭവപ്പെട്ടു.

അപ്പോഴേക്കും കാമിനി പുറത്തുവന്നു. "അണ്ണാ അമ്മ വിളിക്കുന്നു" എന്ന് ശ്രീകാന്തനോടു പറഞ്ഞു. ശ്രീകാന്തൻ കാമിനിയൊന്നിച്ച് അകത്തേക്ക് പോയി.

"കാമിനി വളർന്നു പോയല്ലോ ഹായ്!" ഗുരുനാഥ് സൂക്ഷിച്ചു നോക്കി പറഞ്ഞു.

"വളർന്നു നിന്നിതാ പെണ്ണ്. കണ്ടകണ്ടവരുടെ മനസ്സു കവർന്നു നിന്നിതാ പെണ്ണ്. കോളേജിൽ വന്നാൽ പിന്നെ ആൺകുട്ടികളുടെ തല തരിപ്പിക്കാതെ വിടില്ലിവൾ" ഗോപാലൻ പറഞ്ഞു.

"ഞാൻ രണ്ടു വർഷം ചെറുപ്പമായിരിക്കേണ്ടിയിരുന്നു . . . . എങ്കിൽ . . . ." ഗുരുനാഥ് പറഞ്ഞു.

"നീ രണ്ടുവർഷം ചെറുപ്പമായിരുന്നാലെന്താ, രണ്ടു വർഷം മൂത്തവനായിരുന്നാലെന്താ ? നീ എന്തു ചെയ്യാനാ?"

ഇവരുടെ സംഭാഷണം കേട്ട് എനിക്കു കോപം വന്നെങ്കിലും ഞാൻ വെറുതെയിരുന്നു. എന്തെങ്കിലും കഠിനമായി അവരോടു സംസാരിച്ച് അവരുടെ വാ മൂടണമെന്നെനിക്കു തോന്നി. പക്ഷേ ഒന്നും പറയാൻ ഞാൻ സമർഥനായിട്ടില്ല. അവരുടെ സംഭാഷണത്തിന്റെ പ്രഭാവം ഞാനറിയാതെതന്നെ എന്നെ സ്വാധീനിച്ചിരിക്കണം. എന്തെന്നാൽ —

ആദ്യമായി കാമിനിയെ ഞാൻ പുതിയ വെളിച്ചത്തിൽ കണ്ടു. കാമിനി ! വളർന്നുകൊണ്ടിരിക്കുന്ന കാമനീയയായ പെൺകിടാവ്! പതിനഞ്ചിന്റെ പുതുമയിൽ വിടരുന്ന പൂവ് — കാമപുഷ്പം !

ഗുരുനാഥും ഗോപാലും പോയശേഷം ശ്രീകാന്തനും ഞാനും

ഉണ്ണാനിരുന്നു. കാമിനിയും ഞങ്ങളോടൊപ്പമിരുന്നു. അണ്ണന്റെയും അനുജത്തിയുടെയും ജോഡി അതിസുന്ദരമായി തോന്നിച്ചിരുന്നു. എനിക്കും ഇത്തരമൊരനുജത്തി ഉണ്ടായിരുന്നെങ്കിൽ എന്ന വിചാരം മനസ്സു വേദനിപ്പിച്ചു.

ഊണിനുശേഷം ശ്രീകാന്തൻ 'ഹസീചാംന്ദരേ ആജ് സരാലീ . . .' എന്ന റിക്കാർഡ് വച്ചു. അതിനുശേഷം ഞങ്ങളുടെ ആഗ്രഹപ്രകാരം കാമിനി ഒരു ഹിന്ദിപാട്ടും ഒരു മറാഠിപാട്ടും പാടി. കാമിനിയുടെ സഹജത്വം, ധൈര്യം, അവളുടെ കണ്ണുകളിൽ കൂടെക്കൂടെ പ്രകാശിക്കുന്ന മാദകത്വം ഇവ എന്നെ അത്ഭുതപ്പെടുത്തി.

"ഞാൻ കൂടി വരട്ടേ അണ്ണാ നടക്കാൻ?" കാമിനിയുടെ കൊങ്കണി ഭാഷയെപ്പോലെ മൃദുവായ ഭാഷ ഞാൻ മറ്റെങ്ങും കേട്ടിട്ടുണ്ടായിരുന്നില്ല.

"വേണ്ട ഞങ്ങൾ നടക്കാൻ വളരെ ദൂരെ പോകുന്നു . . . . " ശ്രീകാന്തൻ പറഞ്ഞു.

കാമിനിയുടെ മുഖത്ത് അസ്വസ്ഥതയുടെ ഛായ പരന്നു. നാസിക ത്രസിച്ചു.

ശ്രീകാന്തനും ഞാനും വീടിനു പുറത്തുവന്ന് ഒന്നുരണ്ടു ചുവടു വച്ചപ്പോൾ കാമിനി വാതിൽക്കൽ വന്നുനിന്നു പറഞ്ഞു:

"അണ്ണാ വേഗം വരണമെന്ന് അമ്മ പറഞ്ഞു." ഞാൻ തിരിഞ്ഞു നോക്കി. മനോഹരമായ സ്കർട്ടണിഞ്ഞുനിന്നിരുന്ന ആ ശരീരം ചന്ദ്രപ്രകാശം ഘനീഭവിച്ചെടുത്ത ഒരു പ്രതിമപോലെ തോന്നി. വാസ്തവത്തിൽ അപ്പോൾതന്നെ എന്റെ മനസ്സിൽ പ്രേമത്തിന്റെ വിത്തു വിതയ്ക്കപ്പെട്ടിരിക്കണം. എന്നാൽ ശ്രീകാന്തന്റെ പ്രഭാവത്തിന്റെ ഫലമായി ആ ബീജം ഉപബോധമനസ്സിൽ കിടന്ന്, രണ്ടു വർഷങ്ങൾക്കുശേഷം അതിവേഗം പുറത്തുവന്നു വളർന്നതായിരിക്കണം — അതിഭയങ്കരമായി, ഉറയിൽ നിന്നൂരിയ വാളിനെപ്പോലെ!

ഞങ്ങൾ രണ്ടുപേരും ആദ്യം രണ്ടു ഫർലോങ് അകലെയുള്ള സ്റ്റേഷൻ വരെ പോയി. അപ്പോൾ പത്തടിച്ചതുകൊണ്ട് വഴിയിൽ പ്രത്യേകിച്ച് ആളുകൾ ഉണ്ടായിരുന്നില്ല. ഇടതൂർന്നു വളർന്ന ചെടികൾക്കിടയിലൂടെ അരിച്ചരിച്ചെത്തുന്ന ചാന്ദ്രപ്രകാശം, ഡാംബർ റോഡിൽ വീണ ഇലകളുടെ നിഴലാട്ടം. അന്തരീക്ഷവും ഒരു കൃത്രിമ സ്വപ്നംപോലെ. അതെ, ഹുബ്ബള്ളിയിൽ നിന്നു വന്ന ട്രെയിൻ പോലും സ്വപ്നത്തിൽ കണ്ടതുപോലെ തോന്നി. ഞങ്ങൾ വലത്തോട്ടു തിരിഞ്ഞ് കർണാടക കോളേജിന്റെ സമീപത്തേക്കു നീങ്ങി. അതിനുശേഷം ഇടതുവശത്തെ വലിയ വയൽ കടന്ന് പ്രധാന വഴിയിൽ നിന്നകന്ന് അൽപമുയർന്ന ഒരു സ്ഥലത്തിരുന്നു. സംഭാഷണത്തെക്കാൾ മൗനമായിരുന്നു കൂടുതൽ! തലച്ചോറിന്റേതിനെക്കാൾ ഹൃദയത്തിന്റെ വേഗമായിരുന്നു കൂടുതൽ ! പൂർണ ചന്ദ്രൻ

ഞങ്ങളുടെ ഹൃദയം നിറച്ചു. ഞങ്ങളുടെ സ്നേഹം ചന്ദ്രികയിൽ പരിമളം പോലെ പരന്നു. അകലെ കർണാടക കോളേജിൻെറ അവ്യക്തമായ രൂപം, മനസ്സിലെ ഏതോ അവ്യക്ത ചിത്രത്തിൻെറ പ്രതീകംപോലെ തോന്നി. അകലെക്കണ്ട ഭവനങ്ങൾ ചെടികളുടെയും മരങ്ങളുടെയുമിടയിൽ പതുങ്ങിയ ചാരന്മാരെപ്പോലെ തോന്നിച്ചു . . . .

ചിന്താഭാരം നിറഞ്ഞ അന്തരീക്ഷത്തിൽ സംഭാഷണത്തേക്കാൾ മൗനമാണ് സാധാരണം ! എങ്കിലും അൽപസമയത്തിനു ശേഷം ഞങ്ങൾ സംഭാഷണമാരംഭിക്കുകതന്നെ ചെയ്തു. സാധാരണയായി ശ്രീകാന്തനാണു വിശേഷിച്ചു സംസാരിക്കാറുള്ളത്. ദേശോന്നതി, ജനസേവനം, ലോകോദ്ധാരണം, ആത്മോന്നതി, ആത്മാഹൂതി, നവസമൂഹം തുടങ്ങിയ മന്ത്രവാക്കുകളാൽ ഞാൻ മുഗ്ധനായി.

"ഗൗരീ നീ എപ്പോഴും എൻെറകൂടെ ഉണ്ടാവണം."

"ഉം."

"എന്നും."

"തീർച്ച."

"എനിക്കു തെറ്റുപറ്റിയെന്നിരിക്കാം. എങ്കിലും നിൻെറ സ്നേഹം . . . . ."

"അചലമായിരിക്കും . . . ."

"നീ എത്ര നല്ലവനാണ് ; നിന്നിൽ എത്ര നയവും വിനയവുമുണ്ട്! . . . . ഗൗരീ, നീ ആ . . . . ആ . . . . ചന്ദ്രനെപ്പോലെയാണ്!"

"ആ ചന്ദ്രനു സൂര്യനിൽനിന്നാണു പ്രകാശംകിട്ടുന്നത്!" എന്നു പറഞ്ഞു മന്ദഹാസത്തോടെ ഞാൻ അവനെ നോക്കി.

എൻെറ മുഖം സാവധാനം സമീപത്തേയ്ക്കടുപ്പിച്ച് ശ്രീകാന്തൻ എൻെറ കവിളിൽ ഉമ്മവച്ചു.

"ഗൗരീ, ഇതു നമ്മുടെ നിശ്ചയമാണ്. നമ്മുടെ ഈ സ്നേഹം പവിത്രമായി, ഉദാത്തമായി, ഉജ്വലമായി — ദേവൻെറ മുന്നിലെ കെടാവിളക്കു പോലെ — വിളങ്ങത്തക്കവണ്ണം കാത്തുസൂക്ഷിക്കണമെന്ന വ്രതമെടുക്കണം. എന്തു സംഭവിച്ചാലും, എന്തൊക്കെ തടസ്സം വന്നാലും ഈ നന്മ — ഈ ബന്ധനം അനന്തമായിരിക്കട്ടെ . . . ."

"അതെ . . . . തീർച്ചയായും ഉണ്ടാകും . . . . "

ആനന്ദത്തിൻെറ അത്യുച്ചാവസ്ഥ, സഹിക്കാനാവാത്ത സന്തോഷം! രണ്ട് ആത്മാക്കളുടെ സംയോഗത്തിൻെറ പ്രതീകമെന്നോണം ഞങ്ങൾ ചുണ്ടുകൾ കൂട്ടിമുട്ടിച്ചു.

വീട്ടിലേക്കു തിരിച്ചപ്പോൾ ഒരു മണി ആയിരുന്നു.

ആ രാത്രി ഞങ്ങൾ രണ്ടുപേരും ഹർഷപാരമ്യത്തിലെത്തി.

* * *

കുറെ നാൾ മുമ്പുവരെ ശ്രീകാന്തനെക്കുറിച്ച് സത്യേന്ദ്രന് ഒരാരോപണമുണ്ടായിരുന്നു. ശ്രീകാന്തന് പ്രകൃതിവിരുദ്ധമായ സ്വവർഗ ലൈംഗികാസക്തി ഉണ്ടെന്ന് —എത്രയോ വലിയ വലിയ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും ഉള്ളതുപോലെ . . . .

"ഗൗരീ, അതു നിന്നിലില്ല — ആ പ്രകൃതി വിരുദ്ധവൃത്തി. നിന്നിലതില്ലെന്നുള്ളതിന് നീ വേണ്ടത്ര തെളിവും നൽകിയിട്ടുണ്ട് — കാമിനി, ... ഡോളി . . . . . വേറെ പിന്നാരാ . . . . ? പക്ഷേ ശ്രീകാന്തനിൽ മാത്രം . . . . " സത്യേന്ദ്രൻ പറഞ്ഞിരുന്നു.

"ശ്രീകാന്തനു 'തെളിവു' തരാൻ അവസരം കിട്ടുന്നതിനു മുമ്പ് തന്നെ അവന് ടി. ബി. പിടിപെട്ടില്ലേ ?" ഞാൻ ചോദിച്ചു.

"എന്നാലും എനിക്കു സംശയമാണ് . . . . . "

അവനങ്ങനെ പറഞ്ഞപ്പോൾ ഞാൻ കോപംകൊണ്ട് തിളയ്ക്കുകയായിരുന്നു. "നിനക്കെന്തറിയാം ? നീയൊരിക്കലും അവന്റെ കൂടെ കിടന്നിട്ടില്ല. ഞാനാണു കിടന്നിട്ടുള്ളത്. . . . എനിക്കറിയാം . . . മിണ്ടാതിരി . . . . "

ശ്രീകാന്തന്റെ മരണത്തിനു ശേഷമാണ് സത്യേന്ദ്രന്റെ സംശയം നിരസിക്കപ്പെട്ടത് . . . . .

ഞാൻ ബോംബെയിൽ വന്നതിനുശേഷം എനിക്ക് ശ്രീകാന്തനയച്ച ആദ്യത്തെ എഴുത്തിൽ ഞങ്ങളുടെ സൗഹൃദത്തെ ഇങ്ങനെ വിശകലനം ചെയ്തിരിക്കുന്നു.

"ഗൗരീ, നാം തമ്മിലുള്ള ബന്ധത്തിന്റെ തുടക്കം എങ്ങനെയായിരുന്നു ? (അവസാനം ആർക്കറിയാം ? — എനിക്കറിയാം —) നിന്റെ മുഗ്ധത, നിന്റെ നയവിനയങ്ങൾ, കുട്ടികളെപ്പോലെയുള്ള നിന്റെ സ്വഭാവം തുടങ്ങിയ ഗുണങ്ങൾ ആദ്യം എന്നെ ആകർഷിച്ചിരിക്കണം . . . . നിന്റെ സഹവാസത്തിൽ എപ്പോഴും മൃദുഭാവനകൾക്കാണു സ്ഥാനം . . . . അങ്ങനെ നോക്കിയാൽ നിന്നിൽ (ക്ഷമിക്കണം) ചില സ്ത്രീഗുണങ്ങളുണ്ട് . . . . എന്നെ പൂർണമായി മനസ്സിലാക്കിയിട്ടുള്ളവരിൽ ഒന്നാമൻ നീ തന്നെയാണ്. നിന്റെ മുമ്പിൽ ഞാൻ എന്റെ മനസ്സുതന്നെ തുറന്നു കാണിക്കാം. നിന്റെ മനസ്സിൽ പാരദർശകമീനിനെപ്പോലെ വിഷമമില്ലാതെ മന്ദം മന്ദം നീങ്ങാം. അതുകൊണ്ടുതന്നെയാണ് ബൊട്ടിസെലിയിലെ വീനസിനെപ്പോലെ നമ്മു ടെ സ്നേഹം പെട്ടെന്ന് കൈകാലുകൾ വച്ച് വളർന്നു നിന്നത് . . . . .

. . . . . നമ്മുടെ സാരസ്വതരിൽ കൂട്ടുകാരികൾക്കെവിടെയാണു കുറവ് ? എനിക്ക് എത്രയോ സ്നേഹിതകളുണ്ടായിരുന്നു. എന്നാൽ പുരുഷസഹജമായ ലൈംഗിക വിചാരങ്ങൾക്കുപരിയായ 'ആത്മീയ' വിചാരങ്ങൾ എന്നിലുണ്ടായിരുന്നില്ല. ബുദ്ധിയുടെ പടവുകളേറുന്നവരല്ലേ അവർ ? അവരുടേതു വെറും കപോത ജീവിതം . . . . !

കപോത ജീവിതാഭിലാഷം സഫലമാകാതിരുന്നാൽ ചിത്ര ശലഭത്തിന്റെ ജീവിതം . . . . ! നിന്നിൽ എന്റെ മാനസികാഭിവാഞ്ഛകൾക്ക് സുന്ദരമായ ഒരു കേന്ദ്രം ലഭിച്ചു. ചിലർക്ക് നാം തമ്മിലുള്ള ബന്ധം പ്രകൃതിവിരുദ്ധമായി തോന്നിയേക്കാം. പക്ഷേ അവരുടെ സംശയത്തിൽ എള്ളോളം വാസ്തവമില്ലെന്നുള്ളത് എനിക്കും നിനക്കുമറിയാം.

നിന്റെ മുഗ്ധതയും സലീലമായ ആത്മദാനവും എന്നെ ആദ്യം ആകർഷിച്ചുവെങ്കിലും ആ ആകർഷണം സ്നേഹമായി രൂപാന്തരപ്പെട്ടത് നിന്റെ തീക്ഷ്ണബുദ്ധികൊണ്ടും, നിന്റെ അഗാധമായ അറിവുകൊണ്ടും, നിന്റെ മനസ്സിന്റെ സംസ്കാരം കൊണ്ടുമാണ് . . . . . ”

ശ്രീകാന്തന്റെ കത്തുകളുടെ കെട്ടും അവന്റെ ഡയറിയും ഇവിടെ എന്റെ മേശപ്പുറത്തു കിടക്കുന്നു.

രാത്രി സർപ്പത്തെപ്പോലെ ഇഴയുന്നു.

ശ്രീകാന്തന്റെ സ്പർശത്തിൽ നിന്നുണ്ടായ ഈ വസ്തുക്കളുടെ മേൽ ഞാൻ കൈയോടിക്കും . . . . .

ശ്രീകാന്തന്റെ വാസ്തവ സ്പർശനത്തിനായി ഞാൻ കാതരപ്പെടും . . . .

— മഴക്കാലത്തെ മുകിലുകൾപോലെ ഹൃദയത്തിനു കനം വയ്ക്കുന്നു . . . .

‘ശ്രീകാന്തൻ !’

എനിക്കിനി എഴുതാൻ കഴിയില്ല . . . .

* * *

മിനിഞ്ഞാന്നു രാത്രിമുതൽ ഇന്നുവരെ ഞാനൊന്നും എഴുതിയില്ല. മിനിഞ്ഞാന്നു രാത്രി കണ്ണീരോടെ തല മേശപ്പുറത്ത് ചായ്ച്ച് എത്രയോ നേരം ഞാനിരുന്നു. എന്റെ ലാൻഡ് ലേഡി കതകിൽ തട്ടി ‘ലൈറ്റുമിട്ടോണ്ട് ഉറങ്ങണ്ടാ’ എന്നു ജാഗ്രതപ്പെടുത്തിയപ്പോഴാണ് ഉണർന്നത് . . . . . അതിനുശേഷം ഇരുളിന്റെ മടിത്തട്ടിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു . . . .

ഇന്നലെ വേണമെന്നുതന്നെ കരുതി ഫോർട്ടിൽ അലഞ്ഞു നടന്നു . . . . . ജനപ്രവാഹം . . . . അസംഖ്യം മുഖങ്ങൾ . . . . അസംഖ്യം ജീവിതകേന്ദ്രങ്ങൾ. ഈ കോലാഹലം. അവിരാമമായ കോലാഹലം. ഇത്തരം കൂട്ടത്തിൽ ജീവിതത്തിന്റെ അർഥം വെൺമേഘത്തെപ്പോലെയാണ്. ചിന്നിച്ചിതറി ഇല്ലാതാകുന്നു ! അഥവാ ആർക്കറിയാം? ജിവിതത്തിന്റെ യഥാർഥ അർഥം, ഈ കോലാഹലത്തിന്റെ മഥനത്തിൽ നിന്നുതന്നെ — കാളകൂടത്തെപ്പോലെ പുറത്തുവരാം. ജീവിതമെന്നാൽ അവിരാമമായ ഓട്ടമാണ് — ചെറിയ ചെറിയ ഉദ്ദേശ്യങ്ങൾ കൽപിച്ച് അവ സാധിച്ചുകൊണ്ടുള്ള അവിരാമമായ ഓട്ടം.

ഞാനും ഒരുദ്ദേശ്യം കൽപിക്കുവാൻ തുടങ്ങിയിരിക്കുന്നു . . . .

ഡോളിയെ കാണുവാൻ മഹേന്ദ്ര ആൻഡ് കമ്പനിയുടെ ആഫീസിൽ പോകണമെന്നു തോന്നി . . . . . വെറുതെ അവളുടെ ടൈപ്പിങ് ജോലിയിൽ എന്തിനു തടസ്സമുണ്ടാക്കണം, അതുപോലെ തന്നെ എന്റെ ഈ ശുഷ്കമനസ്ഥിതി അവളെ മനസ്സിലാക്കി മുഖം വീർപ്പിച്ച് എന്തിനു നിൽക്കണം എന്നാലോചിച്ച് പിന്നെയും എന്റെ മനസ്സു ചഞ്ചലമായി. . . . .അപ്പോഴേക്കും എന്റെ പാർസി സുഹൃത്ത് നായഗാമവാലായെ കണ്ടുമുട്ടി. അയാളുടെ സഹജമായ പ്രസരിപ്പും കളികളിലുള്ള അമിതഭ്രാന്തും ചായയുടെയും സിഗററ്റിന്റെയും ഉപയോഗവും എല്ലാം ഒന്നുരണ്ടു നിമിഷം എന്നെ രസിപ്പിച്ചു. പിന്നീട് ചായകുടിക്കുകയും സിഗററ്റ് വലിക്കുകയും ചെയ്തപ്പോൾ, സിനിമ കാണണമെന്ന ആഗ്രഹം ഉടലെടുത്തു.

"On an island with you— വണ്ടർഫുൾ സിനിമ ! എസ്തർ വില്യംസ് ഉണ്ട്. അവളുള്ള രംഗങ്ങളുടെ മനോഹാരിതയെക്കുറിച്ചെന്തു പറയാനാണ്. ഹായ് . . . . അവളുടെ ഫോം . . . . . ഈ സിനിമ കാണാതിരുന്നാൽ ശുദ്ധവട്ടു തന്നെ. എനിക്കാണെങ്കിൽ കമ്പനി വേണം. ഞാൻ ടിക്കറ്റ് എടുക്കാം. നടക്ക് . . . . "

"ഇപ്പോൾ സിനിമ കാണുവാനുള്ള ഒരു മനസ്ഥിതിയിലല്ല ഞാൻ. എനിക്കു പെട്ടെന്നു വീട്ടിലെത്തണം" ഞാൻ പറഞ്ഞു.

"വീട്ടിൽ ചെന്നിട്ട് എന്തുചെയ്യാനാ ?"

"ഞാൻ കന്നഡത്തിൽ ചിലതെഴുതിക്കൊണ്ടിരിക്കുകയാണ്."

"എന്ത് ? ചെറുകഥവല്ലതുമാണെങ്കിൽ ഇംഗ്ലീഷിലെഴുത്. കാരവന് അയയ്ക്ക്. എന്റെ പരിചയക്കാർ ഒന്നുരണ്ടുപേരുണ്ട് ആ സ്റ്റാഫിൽ."

"നന്ദി . . . ."

ഈ സുഹൃത്തുക്കളുണ്ട് — ശരി ! പക്ഷേ . . . . പേരിനു മാത്രം! സൗഹൃദത്തിന്റെ ഔന്നത്യമനുഭവിച്ചതിനുശേഷം, മറ്റുള്ളവർക്ക് 'സുഹൃത്ത്' എന്ന വിശേഷണം കൊടുക്കുവാൻപോലും മനസ്സു മടിക്കുന്നു, ഭയപ്പെടുന്നു. എല്ലാ വിചാരത്തിന്റെയും സ്വഭാവമങ്ങനെയാണ് ! ഒരിക്കൽ ഒരു വിചാരത്തിന്റെ ശിഖരത്തിലേറിയതിനുശേഷം, ആ വിചാരത്തോടു ബന്ധപ്പെട്ട മറ്റനുഭവങ്ങൾ അർത്ഥഹീനമായി തോന്നും . . . . . യോഗിയ്ക്ക് ഒരിയ്ക്കൽ സച്ചിദാനന്ദന്റെ അനുഭവമുണ്ടായെങ്കിൽ, പ്രപഞ്ചത്തിലെ മറ്റ് എല്ലാ ആനന്ദവും നിർജീവമായി തോന്നും. അതുകൊണ്ടുതന്നെ യോഗിക്കു സന്തോഷത്തോടെ പ്രപഞ്ചത്തെ നിരാകരിക്കാൻ കഴിയും അല്ലേ ?

നായഗാമവാലായെ യാത്രയയച്ച് എന്റെ മുറിയിലേക്കു വരുമ്പോൾ ബാംദ്രാ സ്റ്റേഷനു മുമ്പിൽവച്ച് ഡോളിയെ കണ്ടു.

"ഹലോ ഗോരീ ! നിന്നെ കണ്ടിട്ട് ഒത്തിരി കാലമായല്ലോ. നിന്റെ

ആഫ്രിക്കൻ യാത്രയുടെ ബഹളത്തിൽ എല്ലാവരെയും മറന്നെന്നു തോന്നുന്നല്ലോ. രണ്ടുമൂന്നു ദിവസമായി നിൻെറ വിവരമേ ഇല്ല . . . . . വന്നുവന്നു നീ വളരെ ചീത്തക്കുട്ടിയാവുകയാണ്. ഇന്നു നിന്നെ വിടുകയേ ഇല്ല. എനിക്കു ക്ഷീണം തോന്നുന്നുണ്ട്. ചായ കുടിച്ചതിനുശേഷം കടൽക്കരയിൽ നടക്കാൻ പോകാം . . . . .''

അവളുടെ 'ശിശു — അധികം — സ്ത്രീ' ആഗ്രഹത്തിൻെറ പുറത്ത് അപ്പീലേ ഇല്ല ! മുകളിൽ—ഓരോ കാറ്റിലും പറന്നുകളിക്കുന്ന തൂവലാണു ഞാൻ ! ഞങ്ങൾ രണ്ടുപേരും 'സീ' ബസ്സിൽ കയറി പാലീ ഹിൽസിലേക്കു പോയി. വെറുതേ ഓരോന്നു സംസാരിച്ചുകൊണ്ടും കൈകോർത്തു പിടിച്ചും കടൽക്കരയിൽ ഞങ്ങളലഞ്ഞു നടന്നു.

"ആഫ്രിക്കയിൽ പോയതിനുശേഷം ഒരു നീഗ്രോ പെണ്ണിനെ വിവാഹം കഴിക്ക് — !'' അവളുടെ തമാശ.

"എന്തിന് ?'' എൻെറ ചോദ്യം.

"അന്താരാഷ്ട്രീയ ബന്ധം വളരണം — നെഹ്റു പറയാറില്ലേ ?''

"അതെ. അങ്ങനെതന്നെ ചെയ്യാം . . . . ഡോ. കോടനീസ് ചൈനീസ് പെണ്ണിനെ കല്യാണം കഴിച്ച് അമരനായി, ഞാൻ നീഗ്രോ പെണ്ണിനെ കല്യാണം കഴിച്ച് അമരനാകും . . . . ''

"പക്ഷേ അമരനാകാൻ ആദ്യം മരിക്കേണ്ടിവരും.''

"(നീഗ്രോ പെണ്ണിനെ) കല്യാണം കഴിക്കുക എന്നു പറഞ്ഞാൽ തന്നെ മരണമല്ലേ ?''

രണ്ടുപേരും ചിരിച്ചു. ഇതേ രീതിയിലുള്ള വർത്തമാനത്തിനിടയിൽ രണ്ടു മണിക്കൂറുകടന്നു പോയി.

"ഇന്നു നീ ശാപ്പാടിന് എൻെറ മുറിയിൽ വരണം'' ഞാൻ ആഗ്രഹം പ്രകടിപ്പിച്ചു.

"എന്ത് — ഡബ്ബിയിലെ സസ്യാഹാരം കഴിക്കാനോ ?''

"നിനക്കു മാംസാഹാരം കഴിക്കണമെങ്കിൽ ഞാനില്ലേ, എൻെറ മാംസമില്ലേ ?''

ഡോളിയുടെ ചിരിയുടെ തിരമാലകൾ എൻെറ ചുണ്ടിനു ചുറ്റും നുരയുണ്ടാക്കി.

ഞങ്ങൾ എൻെറ മുറിയിലെത്തിയപ്പോൾ രാത്രി 9 മണിയായി. വാതിൽക്കൽ ഊൺ ഡബ്ബി കാത്തിരിപ്പുണ്ടായിരുന്നു.

ഡോളി ബഹുരുചിയോടെ ഊണു കഴിച്ചു. അവളുടെ ഉത്സാഹവും തമാശയും കണ്ട് ഉത്തേജിതനായ ഞാൻ എന്നത്തേക്കാളും കൂടുതൽ ഉണ്ടു . . . .

"എന്നെ 12—1 മണിയാകുമ്പോഴേക്ക് വീട്ടിൽ കൊണ്ടുവിടണം ഗോരീ.''

"ഇന്ന് ഏതു സിനിമയ്ക്കാണു പോകാനിരിക്കുന്നത് ?''

"On an island with you" — എന്നു പറഞ്ഞു ചിരിച്ചുകൊണ്ട് അവൾ എന്റെ കിടക്കയിൽ കിടന്നുരുളാൻ തുടങ്ങി. "എന്നെ വീട്ടിൽ കൊണ്ടാക്കുമ്പോൾ ഒരിക്കൽ കൂടി ആ സിനിമയുടെ പേരോർക്കണം — അമ്മയുടെ സമാധാനത്തിനുവേണ്ടി സിനിമയുടെ കാരണം പറയേണ്ടതായി വരും — ഹാ ഹാ ഹാ ! —എത്ര നല്ല പേര് — On an island with you — നമുക്കേതു ദ്വീപിലേക്കാണു പോകേണ്ടത് ?"

"ദീപമില്ലാത്ത ദ്വീപിലേക്ക്" എന്നുപറഞ്ഞ് ചിരിച്ച് ഞാൻ ലൈറ്റു കെടുത്തി.

കുറെ നിമിഷങ്ങൾക്കുശേഷം ജനലിനുപുറത്തുള്ള ബോംബെയുടെ ഒരിക്കലും മങ്ങാത്ത പ്രകാശത്തിന്റെ മനോഹരമായ പ്രതിഫലനം മുറിയിൽ രഹസ്യം പറയാൻ തുടങ്ങി.

ഞങ്ങളുടെ ലൈംഗികബന്ധത്തിൽ കാമോൽക്കടത ഇല്ല, ഭാവോദ്വേഗമില്ല — ഞങ്ങളുടെ സഹവാസത്തിന്റെ വികാസ—വ്യാപനം മാത്രം !

അവൾ തരുന്ന ആനന്ദത്തിൽ ശാന്തനിശ്ചലത ഉണ്ട്; ശക്തമായ മാതൃത്വഭാവമുണ്ട്!

ഈ മാതൃത്വഗുണം തന്നെയല്ലേ എന്നെ അവളുടെ സമീപത്തേക്കാകർഷിച്ചത് ?

* * *

എന്റെ ഈ ചരിത്രത്തിൽ ഭൂത—വർത്തമാനകാലങ്ങൾ കടലിലെ തിരകൾപോലെ, ഒന്നിനുള്ളിലൊന്നായി ചേർന്നു മുന്നോട്ടു പോകുന്നു . . . .

കാല പ്രവാഹം ഒരിക്കൽ ഒഴുകി; ഇപ്പോഴും ഒഴുകുന്നു. എന്നാൽ എപ്പോൾ വേണമോ അപ്പോൾ കൈക്കുടന്ന നിറയെ ജലം കുടിക്കുവാനുള്ള സ്വാതന്ത്ര്യം മനസ്സിനുണ്ട്. അത്രമാത്രം !

* * *

പെട്ടെന്ന് ഡോളിയെപ്പറ്റിയുള്ള വിചാരം എന്റെ തലയിൽ (ഓരോ അംഗങ്ങളിലും) നിറഞ്ഞു. ഇത്തരം വ്യക്തിയെ ബോംബെയിലല്ലാതെ മറ്റെവിടെയാണു കാണാൻ കഴിയുക ? ഇത്തരം ബന്ധം ബോംബെയിലല്ലാതെ മറ്റെവിടെയെങ്കിലും ഇത്ര, അഭംഗുരമായും സുഗമമായും സരളമായും നടക്കുമോ ? നാട്ടിൻപുറങ്ങളിലാണെങ്കിൽ ഞങ്ങളുടെ ബന്ധത്തിന്റെ വർത്തമാനം ആളുകളുടെ നശിച്ച നാക്കാൽ നാശമാകുമായിരുന്നു . . . . .

ഡോളിയെ പരിചയപ്പെട്ടത് 'മഹേന്ദ്ര ആൻഡ് കമ്പനി'യുടെ ഓഫീസിൽ വച്ചാണ്. എന്റെ കണക്കുകൂട്ടലുകൾപോലെ തന്നെ എനിക്ക് എം. എസ്‌സി പരീക്ഷയ്ക്ക് മൂന്നാം ക്ലാസ്സ് കിട്ടിയതിനു ശേഷം, എവിടെയെങ്കിലും ഒരു ക്ലാർക്കു പണിയെങ്കിലും സമ്പാദി

ക്കേണ്ടത് ആവശ്യമായി വന്നു. എന്നോടുള്ള അച്ഛൻെറ കോപം ദ്വിഗുണിതമായിരുന്നതിനാൽ, അദ്ദേഹത്തിൻെറ സഹായത്തിൽ നിന്ന് പൂർണ്ണമായി മുക്തനാകേണ്ടിയിരുന്നു. സത്യേന്ദ്രൻെറ സഹായംകൊണ്ട് 'മഹേന്ദ്രാ ആൻഡ് കമ്പനി' യിൽ സെയിൽസ് ഓർഗനൈസർ എന്ന ജോലി കിട്ടി . . . . .

സഹാനുഭൂതിയുടെ അക്ഷയപാത്രമായ ഡോളിയുടെ കണ്ണുകൾ എൻെറ ജീവിതത്തിൽ പ്രത്യക്ഷപ്പെട്ടത് അവിടെവച്ചാണ് ! ആ ആഫീസിലെ ടൈപ്പിസ്റ്റും റിസപ്ഷനിസ്റ്റും അവൾ തന്നെയായിരുന്നതിനാൽ അവളുടെ സഹവാസം അനായാസമായി ലഭിച്ചു. സഹവാസത്തിൽ നിന്നു ബന്ധവും !

മനുഷ്യബന്ധങ്ങളുടെ വളർച്ച, ഗർഭസ്ഥിതമായ ശിശുവിൻെറ വളർച്ചപോലെ അജ്ഞാതമാണ് !

എന്നിൽ അവൾക്കിഷ്ടപ്പെടുവാൻ എന്തുണ്ടായിരുന്നു എന്ന് അവൾക്കു മാത്രമേ അറിയാവൂ ! എൻെറ (ശ്രീകാന്തൻ പറഞ്ഞ) നയവിനയങ്ങളാണോ ? ലജ്ജാശീലമാണോ ? പേഴ്സനാലിറ്റിയാണോ ? ഒരിക്കൽ അവൾ പറഞ്ഞിരുന്നതുപോലെ, എന്നിലെ വിശിഷ്ട ഭിന്നതകളാണോ ? ('നീ മറ്റുള്ളവരിൽ നിന്നു തികച്ചും ഭിന്നനാണ്. മനസ്സിലായോ ഗോരീ ?')

എപ്പോഴും ചിരിക്കുന്ന മുഖമാണ് അവളുടെ പ്രത്യേകത. വാസ്തവത്തിൽ അവളിൽ സൗന്ദര്യം കുറവാണെന്നുതന്നെ പറയണം. സാധാരണ കറുപ്പുനിറത്തോടുകൂടിയ അവളുടെ കൃശഗാത്രത്തിൽ യുവാക്കളുടെ തല തരിപ്പിക്കുന്ന മാദകത്വം ഇല്ല. അവൾ ഏതാണ്ട് ജൂൻ ആലീസിനെപ്പോലെയാണെന്നതിൽ സംശയമില്ല. അടങ്ങാത്ത ഉത്സാഹവും തമാശയും കാരണം അവൾക്കു ധാരാളം സ്നേഹിതന്മാരും സ്നേഹിതകളുമുണ്ടായിരുന്നു. അവരിൽ അവളുടെ മതക്കാർ — അതായത് ക്രിസ്ത്യാനികൾ — ആയിരുന്നു അധികവും.

കുട്ടിക്കാലത്തു തന്നെ അവളുടെ അച്ഛൻ മരിച്ചുപോയി. അതുകൊണ്ട് മെട്രിക്പാസ്സായപ്പോൾതന്നെ അവൾക്ക് കുടുംബഭാരം ചുമലിലേറ്റേണ്ടിവന്നു. അതിനാൽ ടൈപ്പിങ് — സ്റ്റെനോഗ്രാഫി കോഴ്സുകൾ പൂർത്തിയാക്കി 'മഹേന്ദ്രാ ആൻഡ് കമ്പനി'യിൽ ജോലി നോക്കുവാൻ തുടങ്ങി. അവളുടെ വീട്ടിൽ അമ്മയും സ്കൂൾ വിദ്യാർത്ഥിയായ അനുജനും മാത്രമേ ഉണ്ടായിരുന്നുള്ളൂ . . . . വിവാഹക്കാര്യമൊക്കെ തൻെറ ജീവിതത്തിൽ നിന്ന് അവൾ ദൂരെയെറിഞ്ഞിരുന്നു. ഒന്നാമത്തെ കാരണം കുടുംബഭാരം തന്നെ. രണ്ടാമത്തെ കാരണം അവളുടെ വാക്കുകളിൽ തന്നെ പറഞ്ഞാൽ "എനിക്കു വേണ്ടത്ര സുഹൃത്തുക്കളുണ്ട്. എന്നാൽ അവരിൽ ഒരുത്തരും എന്നെ പ്രേമിച്ചില്ല. എൻെറ കൈയിൽ ഉന്മാദമുണർത്തുന്ന ശരീരസൗന്ദര്യമില്ല. വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് ഒക്കെ കുറവാണ് !

. . . . ഈ കൂട്ടുകാർക്ക് നാലു പൊള്ളവാക്കുകൾ പറഞ്ഞാൽ തീർന്നു. ഒന്നുരണ്ടു പ്രാവശ്യം ഒന്നുരണ്ടു പേർക്ക് 'വിശപ്പ്' അടക്കുവാനായി എന്നെ വേണമായിരുന്നു . . . . ഒരിക്കൽ ഒരു കൂട്ടുകാരനോട് എനിക്കൽപം മോഹം തോന്നി . . . . ആ മോഹത്തിൻെറ ചൂടിൽ ഞാൻ അവൻെറ എല്ലാ ആഗ്രഹങ്ങളെയും തൃപ്തിപ്പെടുത്തിയിരുന്നു. എന്നാൽ എന്നെ വിവാഹം കഴിക്കുമോ ? എന്ന ചോദ്യം അവൻെറ വായിൽനിന്ന് ഒരിക്കലും പുറത്തുവന്നില്ല . . . . . അന്നുമുതൽ ഞാൻ ആജന്മകുമാരിയായിരിക്കുവാനുള്ള വ്രതമെടുത്തിരിക്കുകയാണ് . . . . . ''

അവളുടെ വീടും ബാംദ്രായിൽ തന്നെയാണ്. സെൻറ് പീറ്റേഴ്സ് ചർച്ചിനു സമീപം. അവിടെനിന്ന് ഒരു മൈൽ അകലെയാണ് എൻെറ മുറി — വാറ റോഡിനു സമീപം . . . . അതുകൊണ്ട് എത്രയോ പ്രാവശ്യം ഓഫീസിലേക്ക് ഒന്നിച്ചു പോകുവാനും ഓഫീസിൽ നിന്ന് ഒന്നിച്ചു വരാനും തുടങ്ങി . . . . . പിന്നീട് ക്രമേണ സന്ധ്യയിൽ നടക്കാൻ പോകാനും . . . . തുടർന്ന് . . . .

ഇതെല്ലാം എട്ടൊമ്പതു മാസം മുമ്പുള്ള കാര്യങ്ങളാണ്. അന്ന് എൻെറ മനസ്സ് അതിവിചിത്രമായ അവസ്ഥയിലായിരുന്നു. എന്നെ തോന്നിയമട്ടിൽ കുറ്റപ്പെടുത്തുക പതിവായിരുന്നു. ഞാൻ തീർച്ചയായും നിരുപയോഗിയാണ്, ഭയമുള്ളവനാണ്, വകയ്ക്കു കൊള്ളാത്തവനാണ്, സ്വന്തമായ വിചാരങ്ങളില്ലാത്തവൻ, എൻെറ ശക്തിയിൽ കാലുറച്ചു നിൽക്കുവാൻ ശക്തിയില്ലാത്തവൻ — ഈ വിചാരം എൻെറ തലച്ചോറിൽ നിരന്തരമായി നിറഞ്ഞു നിന്നിരുന്നു. എല്ലാ മണ്ഡലങ്ങളിലും പരാജയം തന്നെയാണ് എൻെറ വഴിയ്ക്കു വന്നത്. . . . ഭാവമണ്ഡലത്തിലും പരാജയത്തോടൊപ്പം ഹൃദയത്തിൻെറ സത്യവും നശിച്ചിരുന്നു— വ്യക്തിപരമായ കാര്യങ്ങളിലും (പരീക്ഷയിൽ മൂന്നാം ക്ലാസ്സു വാങ്ങി. അവിടെയും വിധിയുടെ പ്രഹരമേറ്റു). ആ മൂന്നാം ക്ലാസ്സ് എൻെറ മനോശക്തിയുടെ അവനതിയുടെ പ്രതീകം തന്നെയായി. ശ്രീകാന്തൻെറ ആശ്രയവും കൈവിട്ടു പോയി. അവൻ തൻേറതു മാത്രമായ അതിപ്രജ്ഞയുടെ ജഗത്തിൽ, മരണത്തിൻെറ കറുത്ത, നീളമേറിയ നിഴലിൽ ജീവിതാനുഭവത്തെക്കുറിച്ചുള്ള അതിർ വിട്ട ഭ്രാന്തിൻെറചൂടിൽ മഗ്നനായി ഏകാകിയായി നടന്നുപോയി; ജീവിതത്തിൻെറ നൈസർഗിക മാർഗത്തിലേക്ക് . . . . ആർത്തട്ടഹസിച്ചു വരുന്ന നദിയിൽ കടപുഴകി വീണ മരത്തെപ്പോലെ ഞാൻ എവിടേയ്ക്കോ ഒഴുകിപ്പോകുന്നു. എത്രയോ പ്രാവശ്യം ആത്മഹത്യയെക്കുറിച്ചുള്ള ചിന്ത കിണറ്റിലെ പാതാളക്കരണ്ടിയെപ്പോലെ, അസ്പഷ്ടമായി എൻെറ തലയിൽ കടന്നു വന്നിരുന്നു! ഇത്തരം ഭ്രാന്തുപിടിച്ച, അസ്വസ്ഥമായ മനസ്സിൽ രണ്ടു വിരുദ്ധ ചിന്തകളുടെ തീക്ഷ്ണ സമരം ആരംഭിച്ചു. ഒന്ന് — ഞാൻ

എന്റെ വിരുദ്ധമായ, എന്റെ പഴയ മനോവൃത്തികൾക്കെതിരായി പ്രവർത്തിക്കണം, അതായത് അനപേക്ഷിതവും അസാധാരണവുമായ, എന്തെങ്കിലും കാര്യം ഞാൻ ചെയ്യണം എന്ന 'വാശി' ! പിന്നൊന്ന് – എല്ലാം മറക്കുവാൻ അമ്മയുടെ സ്നേഹം വേണം, സ്ത്രീയുടെ സഹാനുഭൂതി വേണം എന്ന ആഗ്രഹം, ദാഹം. ഈ രണ്ടു വിചാരങ്ങൾക്കും ഉത്തരരൂപിയായി വന്നവളാണു ഡോളി ! അവളുടെ സാമീപ്യത്തിൽ അസാധാരണമായ ഒരുതരം അനുഭവം എനിക്കുണ്ടായി. അതോടൊപ്പം എന്റെ തപ്ത ഹൃദയത്തിനാവശ്യമായ ശുശ്രൂഷയും അവളിൽ നിന്നു ലഭിച്ചു . . . .

എന്റെ അന്നത്തെ വിക്ഷുബ്ധതയിൽ, ഡോളിയുടെ സഹാനുഭൂതി നിറഞ്ഞ കണ്ണുകളിൽ നോക്കി ഞാനെടുത്തുചാടി – ഹൃദയത്തിന്റെ ചൂടു സഹിക്കാനാവാതെ !

മർത്ത്യലോകത്തിന്റെ അമൃതാണു സ്ത്രീയുടെ സഹാനുഭൂതി! അന്ന്, ഞങ്ങൾ പരിചയപ്പെട്ട് ഒരുമാസം കഴിഞ്ഞതിനുശേഷം ഞാൻ, സ്വാഭാവികമായി ഡോളിയെ സിനിമയ്ക്കു ക്ഷണിച്ചു. അവൾ കണ്ണുതുറന്ന് 'ഉം' എന്നു പറഞ്ഞു. സിനിമയ്ക്കു ശേഷം 'ഏഷ്യാറ്റിക്കിൽ' കയറി ഊണു കഴിച്ചു. അതിനുശേഷം ലോക്കൽ വണ്ടിയിൽ ബാംദ്രായിൽ വന്നിറങ്ങിയപ്പോൾ രാത്രി പതിനൊന്നായി. ചുറ്റുപാടിന്റെ നീരവത ഞങ്ങൾ രണ്ടുപേരെയും അടുപ്പിച്ചു. വഴിയിലൂടെ നടന്നപ്പോൾ സംസാരത്തിനിടയിൽ എന്റെ കൈ അവളുടെ കയ്യുമായിച്ചേർന്നു. ബാംദ്രാകുളത്തിന്റെ കരയിലൂടെ പോയപ്പോൾ എന്നിൽ കുരുത്തം കെട്ടതും പ്രബലവുമായ ഒരു ശക്തി സഞ്ചരിയ്ക്കുവാൻ തുടങ്ങി. ഞാൻ അവളുടെ രണ്ടു കൈകളും ബലമായി പിടിച്ചു കൊണ്ടു ചോദിച്ചു.

"ഡോലീ, നിന്നെ ഞാൻ ഈ കുളത്തിലെടുത്തെറിയട്ടെ ?"

"ഓഹോ – അതിനെന്താ – എറിഞ്ഞോളൂ. അവസാനിക്കട്ടെ. ഭൂമിയ്ക്ക് അത്രയും ശല്യം കുറഞ്ഞു !. . . . നാളെ പേപ്പറിൽ വലിയ അക്ഷരത്തിൽ വാർത്ത വരും. ഡോളി ഡിസൂസയുടെ ആത്മഹത്യ ! കാരണം പ്രേമനൈരാശ്യം . . . . ഹായ് . . . . റൊമാൻറിക് വിഷയം" ഡോലി ജോറായി ചിരിച്ചു.

"വണ്ടർഫുൾ – അങ്ങനെയാണെങ്കിൽ – ഇതാ എറിയുന്നു . . . ." എന്നു പറഞ്ഞ് ഞാൻ അവളെ എടുത്തു . . . . "നിൽക്ക്, ഡെസ്ഡിമോണയെ വധിക്കുന്നതിനുമുമ്പ് ഒഥല്ലോ അവളെ ചുംബിച്ചതുപോലെ, ഞാൻ നിന്നെ ഉമ്മവയ്ക്കും, ആദ്യം–" എന്നു പറഞ്ഞ് ഞാൻ അവളെ ഗാഢമായി പിടിച്ചു ചുംബിച്ചു. (കാമിനിയുടെ ചുണ്ടുകൾ എന്റെ സ്മൃതിമണ്ഡലത്തിൽ പ്രത്യക്ഷപ്പെട്ട്, ഇളിച്ചു കാട്ടി, ചിരിച്ചു മറഞ്ഞു !)

ഡോളി അൽപവും അനങ്ങാതെ എന്റെ ആശ്ലേഷത്തി

ലൊതുങ്ങി വെറുതെ നിന്നു, മന്ദഹസിച്ചുകൊണ്ട് . . . . . .

"ഡോളീ . . . . "

"ഉം ?"

"ആദ്യം എൻെറ മുറിയിൽപോയി കാപ്പി ഉണ്ടാക്കി കഴിക്കാം. എന്തു പറയുന്നു ഈ ആലോചനയെക്കുറിച്ച് ?"

"ഗുഡ് — വിരോധമില്ല."

എൻെറ മുറിയിൽ പോയി കാപ്പി ഉണ്ടാക്കി ഞങ്ങൾ കുടിച്ചു. ഡോളി പുറപ്പെടാൻ തുടങ്ങി. "റൈറ്റ്, ഉപാസനി — താങ്ക്സ് ! ഇന്നത്തെ സന്ധ്യ ഉത്കൃഷ്ടമായി ചെലവഴിച്ചു — എന്നെ യാത്രയാക്കാൻ ആ ക്രോസ്റോഡ് വരെ വരാമല്ലോ !" എന്നു പറഞ്ഞ് നടക്കാൻ തുടങ്ങി.

എൻെറ തലയിൽ എന്തോ മിന്നിയതുപോലെ തോന്നി. ഞാൻ സഹജമായി കളിമട്ടിൽ പറഞ്ഞു.

"ഡോളീ ഇന്നെന്തുകൊണ്ട് ഇവിടെ കിടന്നുകൂടാ ?"

അവൾ എൻെറ നേർക്കെറിഞ്ഞ കണ്ണുകളിൽ ഒരു ചോദ്യം നിറഞ്ഞു നിന്നിരുന്നു. ആ ചോദ്യം എന്നെ പെട്ടെന്ന് ഉത്തേജിപ്പിച്ചോ എന്തോ — എൻെറ രക്തം അതിവേഗം പ്രവഹിക്കുവാൻ തുടങ്ങി. പുതിയ ധൈര്യം — പുതിയ ഭീതി ! അവൾ ഉത്തരം പറയുവാൻ വാ തുറക്കുന്നതിനു മുമ്പ് ഞാൻ അവളെ വലിച്ചടുപ്പിച്ച് ചുംബിച്ചു. പിന്നീട് എൻെറ രണ്ടു കൈകൊണ്ടും അവളുടെ മുഖം ഉയർത്തി എന്നിൽ നിന്ന് അൽപം അകലെ പിടിച്ചു. "ഡോളീ ! ഡോളീ !' എന്നു വിളിച്ചു. എൻെറ ശബ്ദം വികാരതരളിതമായിരുന്നു.

ഡോളിയുടെ കണ്ണുകളിൽ സഹാനുഭൂതിയും ദയയും തെളിഞ്ഞിരുന്നു. "ഉപാസനീ, സത്യത്തിൽ നിനക്കങ്ങനെ തോന്നുന്നുണ്ടോ ?"

എൻെറ മറുപടി എൻെറ കണ്ണുകളിലുണ്ടായിരുന്നു.

"ഇത്തരം അനുഭവം നിനക്കു വളരെ പഴയതാണോ ?"

"ഉം, ഉം . . . . " ഞാൻ മുഖം കുനിച്ചു.

"ഇതിനു മുമ്പു നിനക്കിത്തരം അനുഭവത്തെക്കുറിച്ചറിയില്ലായിരുന്നോ ?"

"ഇല്ല."

"എടാ കുഞ്ഞേ ! ഇത്ര വളർന്നിട്ടും നീ ഇപ്പോഴും ശുദ്ധവെർജിൻ ആയിട്ടിരിക്കുന്നോ ?"

"അതെ !"

"പൊടിക്കുഞ്ഞ് ! —കല്യാണം കഴിക്കില്ലേ ?"

"ഞാനൊരിക്കലും കല്യാണം കഴിക്കില്ല."

"എന്തുകൊണ്ട് ? പ്രേമനൈരാശ്യത്തിൻെറ ഛായയുണ്ടല്ലോ നിൻെറ ശബ്ദത്തിൽ !"

"അതെയോ ?"

"സത്യം പറയൂ. പ്രേമനൈരാശ്യമുണ്ടായിട്ടുണ്ടോ ?"

"ഉം . . . "

"ആ കുട്ടി ഇവിടെ ബോംബെയിൽ തന്നെയുണ്ടോ ?"

"ഇല്ല . . . . "

"അവളെ നീ മറക്കാൻ ശ്രമിക്കുകയാണോ ?"

"ഉം . . . . " പറയാതെ ഗത്യന്തരമില്ലായിരുന്നു.

"നിനക്ക് എന്നെ ഇഷ്ടമാണോ ?"

"ഉം . . . " അവളുടെ കൃശമായ കൈയെടുത്ത് മൃദുവായി അമർത്തി, എന്റെ ചുണ്ടുവരെ ഉയർത്തി മുത്തമിട്ടു.

"നീയിപ്പോഴും കുഞ്ഞാണു ഗോരീ " എന്നു പറഞ്ഞ് അവൾ അവളുടെ ചുണ്ടുകൾ എന്റെ ചുണ്ടിലമർത്തി.

ഞാൻ കൃതജ്ഞതയോടെ അവളുടെ നേർക്കു നോക്കി . . . . . അപ്പോൾ എന്റെ ഹൃദയത്തിൽനിന്ന് എന്തോ ഉയർന്നുവരുന്നതായി തോന്നി. കണ്ണുകളിൽ നിന്നു ധാരധാരയായി നീർ പ്രവഹിക്കാൻ തുടങ്ങി. ഞാനുടൻ നിലത്തിരുന്ന് അവളുടെ തുടയിൽ എന്റെ മുഖമമർത്തി. എന്റെ കൈകൾ അവളുടെ അരക്കെട്ടിനെ വലയം ചെയ്തു. . . . അവളുടെ വിരലുകൾ എന്റെ തലമുടിയിൽ പരതി നടക്കുവാൻ തുടങ്ങി. . . . ആ കാരുണ്യവും സഹാനുഭൂതിയും സ്വർഗീയമാണെന്നു തോന്നി. ആ പെൺകുട്ടിയിൽ ദേവതാ സാക്ഷാത്കാരമുള്ളതുപോലെ തോന്നി. അവൾ എന്നെ സാവധാനം എഴുന്നേൽപിച്ച് എന്റെ തല അവളുടെ നെഞ്ചിൽ ചേർത്ത് ആശ്രയം നൽകി . . . . എന്റെ കണ്ണുനീർ കൈകൊണ്ടുതുടച്ചുകൊണ്ട് –

"നിന്റെ ഹൃദയത്തിൽ ഇത്ര ഭയങ്കര ദുഃഖം ഒളിച്ചുവച്ചിരിക്കുകയാണെന്നു ഞാൻ അറിഞ്ഞിരുന്നില്ല. മനുഷ്യൻ ചിരിക്കുന്നു. പക്ഷേ ആ ചിരിയുടെ പിന്നിൽ വേദനയുടെ ഹിമാലയം തന്നെ അടങ്ങിയിരിക്കുന്നു. അല്ലേ ?" അവൾ പറഞ്ഞു.

ഡോളിയുടെ ദയകൊണ്ട് ആ രാത്രി ജീവിതത്തിലെ അഗാധമായ ഒരു രഹസ്യത്തിന്റെ മേൽ മധുരമായ പ്രകാശം വീണു !

അവളുടെ ശരീരം എന്റെ ശരീരത്തെ താരാട്ടുപാടി താളംപിടിച്ച്, ഊഞ്ഞാലാട്ടി കിടത്തി.

ആ ആദ്യാനുഭവത്തിന്റെ ഭയങ്കര പ്രവാഹത്തിൽ ഒഴുകിയ എനിക്ക് ദിഗ്ഭ്രമമായി, ദിക്ശൂന്യമായി . . . . .

എന്റെ ആത്മാവിൽ അനന്തകാലമായി അടച്ചിട്ടിരുന്ന ഏതോ വാതിൽ പെട്ടെന്ന് തുറന്ന്, പുറത്തെ വൈചിത്ര്യ സുന്ദരമായ (ഇത്രയും കാലം വെറും വ്യക്തമായ കിനാവുമാത്രം കണ്ടിരുന്ന) ഉദ്യാനത്തിന്റെ സമ്യഗ്ദർശനമുണ്ടായി . . . .

എന്റെ പഴയ ചർമ്മത്തിൽ നിന്നു പെട്ടെന്നു പുറത്തുവന്ന് ഞാൻ പെട്ടെന്ന് വാമനനെപ്പോലെ വളർന്ന് പ്രൗഢനായതുപോലെ

തോന്നി . . . . .

"ഡോളീ, ഡോളീ, ഡാർലിങ്, നീ എനിക്കു ചെയ്തുതന്ന ഈ ഉപകാരത്തിന്റെ മഹത്വം നിനക്കറിയില്ല — നിനക്കറിയില്ല . . . . " കൃതജ്ഞതകൊണ്ട് എന്റെ കണ്ണുകൾ വീണ്ടും നിറഞ്ഞുതുളുമ്പി.

"കരയണ്ടാ ഗോരീ" എന്നു പറഞ്ഞ് എന്റെ ഈറനണിഞ്ഞ കണ്ണുകളിൽ അവൾ മൃദുവായി ചുംബിച്ചു.

പിന്നീട് ഞങ്ങളുടെ കളിവാക്കുകളും തമാശും തുടങ്ങി.

"നിന്റെയും നിന്റെ ആ ഭ്രാന്തിപ്പെണ്ണിന്റെയും കഥ പറയാമോ — പ്രേമഭംഗത്തിന്റെ കഥ കേൾക്കാൻ രസമുണ്ട് !"

ഞാൻ എന്റെ പ്രേമകഥ അതിമനോഹരമായ വർണ്ണങ്ങളിൽ ചിത്രീകരിച്ചു. "കാമിനി ആദ്യം എന്നെ വളരെയേറെ സ്നേഹിച്ചിരുന്നു. അവൾ എത്രയോ പ്രാവശ്യം എന്നെ കെട്ടിപ്പിടിച്ച് ഉമ്മ വച്ചിട്ടുകൂടിയുണ്ട്. പക്ഷേ ഞാൻ ബോംബെയ്ക്കു പോന്നതിനു ശേഷം വേറൊരുത്തൻ അവളുടെ പുറകേ കൂടി. ഒരിക്കൽ അവൻ അവളെ ബലാൽക്കാരം ചെയ്യുകയും ചെയ്തു. ആ ആഘാതം കൊണ്ട് അവൾ എന്നെയും എന്റെ പ്രേമത്തെയും നിരാകരിച്ചു . . . . അൽപം ഹാർഡിയുടെ 'ടെസ്സി'നെ പോലല്ലേ എന്റെ കഥ . . . .?"

"പഴയതൊക്കെ വലിച്ച് പറമ്പിൽ കുഴിച്ചിടണം" എന്നുപറഞ്ഞു ചിരിച്ചുകൊണ്ട് ഞാൻ എന്റെ തല ഡോളിയുടെ വക്ഷസ്ഥലത്ത് അമർത്തി !

* * *

ഞാൻ ഡോളിയോടു പറഞ്ഞ എന്റെ 'റൊമാൻറിക്' പ്രേമകഥ കള്ളമായിരുന്നു. ആ സന്ദർഭത്തിൽ എന്റെ യഥാർഥ പ്രേമകഥ പറയുവാൻ കഴിയുമായിരുന്നില്ല . . . .

തോഡിരാഗം പുലർച്ചയിൽ പാടണം . . . . മാലകംസം രാത്രിയിൽ പാടണം . . . . അന്തരീക്ഷത്തിനനുസരണമായി പാടുവാനുള്ള രാഗം വേണം . . . . .

"കാമിനി ആദ്യം എന്നെ വളരെയേറെ സ്നേഹിച്ചിരുന്നു. അവൾ എത്രയോ പ്രാവശ്യം എന്നെ കെട്ടിപ്പിടിച്ച് ഉമ്മ വച്ചിട്ടുകൂടിയുണ്ട്.. . . . "

ഇതിൽ എത്ര സത്യമുണ്ട്, എത്ര അസത്യമുണ്ട്? — ഇത്തരം ഒന്നുരണ്ടു വാക്യങ്ങളിൽ ഒതുക്കി നിർത്താവുന്ന വിഷയമാണോ അത്?

സത്യത്തിന്റെയും അസത്യത്തിന്റെയും കാര്യം വളരെ കുഴപ്പം പിടിച്ചതാണ്, ഗഹനമാണ്.

ഈ വിഷയത്തെപ്പറ്റി ശ്രീകാന്തനൊരു കുറിപ്പെഴുതിയിട്ടുണ്ട്.

"ഈ കസേരയുടെ അസ്തിത്വം സത്യമാണ് — തീർച്ച ! ഈ സത്യത്തെക്കുറിച്ചു വർണിക്കാനാവുമോ ? ഇതു കസേരയാണ് എന്നു പറഞ്ഞാൽ 'ഈ' കസേരയുടെ എല്ലാ ഗുണധർമ്മങ്ങളും

വൈശിഷ്ട്യങ്ങളും വ്യക്തമാകുമോ ? ഇല്ല. ഇതിൻെറ ചിത്രമെടുത്ത്, ഇതു പ്രത്യക്ഷത്തിൽ പ്രദർശിപ്പിച്ചാൽ കൂടിയും എൻെറ മനസ്സിലുള്ള ഈ കസേരയെക്കുറിച്ചുള്ള അനുഭവം വ്യക്തമാക്കുവാൻ വിഷമ മാണ്. ഈ കസേരയെപ്പററി എൻെറ മനസ്സിൽ അസംഖ്യം സഹവാസ ജന്യവിചാരങ്ങൾ (associations) ഉണ്ടായിരിക്കാം. അവയൊക്കെ സൂചിപ്പിക്കുവാൻ വിഷമമാണ്.... അതുപോലെ തന്നെ ഈ കസേ ര നേരിൽ കണ്ടാലും, രണ്ടു പേരുടെ അനുഭവങ്ങൾ അവരവരുടെ ഇന്ദ്രിയങ്ങളെയും അനുഭവം, ബുദ്ധി, മനസ്ഥിതി തുടങ്ങിയവ യെയും അവലംബിച്ചിരിക്കുന്നു .... അതുകൊണ്ട് നാം സത്യദർ ശനമെന്ന് എന്തിനെ വിളിക്കുന്നുവോ അത് ഒരു വിശിഷ്ടഅനുഭവ പദ്ധതിയിൽ നിന്ന് ഉത്ഭവിച്ച പ്രതിഭാസമാണെന്നതാണു ശരി !''

അന്നത്തെ അനുഭവം ഇന്നു പരിവർത്തനപ്പെട്ടിരിക്കുന്നു .... എത്രയോ കാര്യങ്ങൾ മറന്നുപോയിരിക്കുന്നു ..... അതുപോലെ തന്നെ ആ അനുഭവങ്ങളുടെ ഓർമ്മകൾ, അവിരതമായൊഴുകിയ മനോജീവിതത്തിൻെറ ലഹരിയിൽ പെട്ട്, ഭാവനകളുടെ വിവിധ വർണം ധരിച്ച്, ഇന്ന് ഈ മുതിർന്ന മനസ്സിൽ പുനർജനിക്കുമ്പോൾ ആ അനുഭവങ്ങളുടെ സ്വരൂപം തന്നെ മാറിപ്പോകുന്നു ...

ആ നവയൗവനത്തിലെ പ്രക്ഷുബ്ധമനസ്സിൻെറ അനുഭവം ഒന്ന്; പിന്നീട് ഭാവനകളുടെ മനോഹര വർണ വസ്ത്രങ്ങൾ ധരിച്ച് എൻെറ സ്മൃതിയിലുണ്ടായിരുന്ന അനുഭവം വേറൊന്ന്. ഇന്ന് ഈ മുതിർന്ന മനസ്സിൻെറ വിവേകബുദ്ധിയുടെ തീക്ഷ്ണപ്രകാശത്തിൽ കാണുന്ന ആ അനുഭവങ്ങളുടെ സ്വരൂപം മറ്റൊന്നാണ്. മാത്രമല്ല, ആ അനുഭവങ്ങൾ വാക്കുകളായി രൂപം കൊള്ളുമ്പോഴുണ്ടാകുന്ന സ്വരൂപം മറ്റൊന്ന് ....

ഇവയിൽ ഏതാണു സത്യം, ഏത് അസത്യം. ഇത്രമാത്രം തീർച്ച. ഞാൻ ഡോളിയോടു പറഞ്ഞ കഥ അസത്യമാണ് .....

* * *

കാമിനി അപ്പോൾ 16 വയസ്സുള്ള നവോന്മീലിത തരുണിയായി രുന്നു.

എനിക്ക് 19 വയസ്സ് .....

എൻെറ ഇൻറർസയൻസ് പരീക്ഷ കഴിഞ്ഞു. ശ്രീകാന്തൻെറ ബി. എ. പരീക്ഷ കഴിയുന്നതുവരെ ഞാൻ ധാറവാഡയിൽ തന്നെ കഴി ഞ്ഞു. അവൻ സീനിയർ ബി. എ. ശരിയായി പഠിച്ചിരുന്നില്ല .... രാഷ്ട്രീയം അവൻെറ തലയിൽ ഭൂതത്തെപ്പോലെ കടന്ന് ആ വർ ഷം ഉന്മാദനൃത്തം നടത്തിയിരുന്നു ..... കണക്കുകൂട്ടലുകൾ പോലെതന്നെ തിരഞ്ഞെടുപ്പിൽ പാർട്ടി പരാജയപ്പെട്ടു .... “ഇനി കുറച്ച് ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. ഈ പാർട്ടിയുടെ വീക്ഷണഗതിയിൽ, അതിൻെറ കാരണഭൂതമായ വിചാരങ്ങളിൽ

എന്തോ തകരാറുണ്ട് . . . . അതു കണ്ടുപിടിച്ച് വേരറുക്കണം. തിരഞ്ഞെടുപ്പിൽ വെറുതെ മത്സരിക്കുന്നതുകൊണ്ടുമാത്രം ജനങ്ങളുടെ ഉദ്ധാരണമാവുകില്ല. യഥാർഥ ലോകരാജ്യം ഓരോ വ്യക്തിയുടെയും യോഗ്യതയെ അവലംബിച്ചിരിക്കുന്നു . . . . നമ്മുടെ തത്വങ്ങൾ തന്നെ സമൂലം മാറ്റണം . . . . ." എന്ന വിചാരം ശ്രീകാന്തനുണ്ടായി. പിന്നീട് പാർട്ടി നേതാക്കളുമായി അഭിപ്രായ വ്യത്യാസമുണ്ടായി പാർട്ടിയിൽ നിന്നു പിരിഞ്ഞു.

"ഞാനിനി കുറെ വർഷം വെറും വായന മാത്രമായിക്കഴിയും . . . . അറിവു നേടും . . . . പുതിയ ജീവിത കേന്ദ്രമന്വേഷിക്കാതെ എന്റെ മനസ്സിനു ശാന്തി ലഭിക്കുകയില്ല . . . . . എല്ലാം മനസ്സിലാക്കണം.. ജീവിതത്തിന്റെ അട്ടികൾ ചികഞ്ഞു നോക്കണം . . . . മനസ്സിന്റെയും ഹൃദയത്തിന്റെയും എല്ലാ വാതിലും ജനലും തുറന്നിട്ട് ഭൂമിയിലെ എല്ലാ കാറ്റിനും കടന്നുവരാനവസരം കൊടുക്കണം . . . . അനുഭവം, അഭ്യാസം, ചിന്ത, മനനം — ഇവയാണ് എന്റെ ഭാവിപഥം. . . . ഗൗരീശാ, നീ എന്നെ എന്റെ ഈ മാർഗത്തിൽ സഹായിക്കണം. നീ നിന്റെ ജ്ഞാനദൃഷ്ടിയിലൂടെ സത്യാന്വേഷണം നടത്തി, എന്നെ പഠിപ്പിച്ച്, എന്റെ ചക്രവാളം വിപുലപ്പെടുത്തണം. ഗൗരീ, നിന്റെ സഹായം കുറച്ചൊന്നുമായിരിക്കയില്ല . . . . നിന്റെ സ്നേഹത്തിലും നിന്റെ ബുദ്ധിയിലുമാണ്എന്റെ പകുതി ജീവിതം അവലംബിച്ചിരിക്കുന്നത്. . . . . ഗൗരീശാ, നീ എന്റെ . . . . ('ലക്ഷ്മണൻ' എന്നു ഞാൻ മനസ്സിൽ അവന്റെ വാക്യം പൂരിപ്പിച്ചു.)"

ശ്രീകാന്തനെക്കൊണ്ട് അവന്റെ ബി. എ. പഠിത്തം പൂർത്തിയാക്കിക്കേണ്ട ചുമതല എനിക്കായി . . . . എല്ലാ ദിവസവും രാത്രി ഞാൻ അവന്റെ വീട്ടിൽ പോകാൻ തുടങ്ങി. രാത്രി 12—1 മണിവരെ ശ്രീകാന്തന് ഉറക്കം വരാതെ നോക്കി. അവൻ മുഷിഞ്ഞാൽ, അവനുമായി ഞാൻ വാചകമടിച്ചിരുന്നു. പുലർച്ചയിൽ നേരത്തെ എഴുന്നേൽപിക്കുന്നതും അവനോടൊത്ത് എഴുന്നേറ്റിരിക്കുന്നതും എന്റെ ദിനചര്യയുടെ ഭാഗമായി . . . . ഈ സുഹൃത്ത്സഹായത്തിൽ നിന്ന് ഉത്ഭവിച്ച വിശാലമായ ആനന്ദത്തിന്റെ സൗഭാഗ്യം എന്റെ കഴിഞ്ഞുപോയകാല സംഗതിയാണ് !

ശ്രീകാന്തന്റെ പരീക്ഷ കഴിഞ്ഞതിനുശേഷം ജോഗവെള്ളച്ചാട്ടം കാണാൻ നാലഞ്ചുദിവസത്തെ പരിപാടിയുമായി പോകണമെന്നു തീരുമാനിച്ചു. സത്യേന്ദ്രൻ പൂനയിൽ നിന്നു ബി. ഇ. യുടെ ആദ്യ പരീക്ഷയ്ക്കു ശേഷം ധാറവാഡയിൽ വന്നപ്പോൾ, ഈ പരിപാടിയ്ക്ക് അവന്റെ പിന്തുണയും ലഭിച്ചു. താനും വരുന്നെന്നു കാമിനി വാശി പിടിച്ചപ്പോൾ എന്റെ മനസ്സിൽ അസ്പഷ്ടമായ അഭിലാഷം മഞ്ഞുപോലെ പരക്കാൻ തുടങ്ങി. അവൾകൂടി വരുവാൻ ശ്രീകാന്തൻ സമ്മതിച്ചപ്പോൾ ഞാൻ അസ്പഷ്ടമായ ഭീതിയാൽ നടുങ്ങി

. . . . കാമിനിയോടൊപ്പം അവളുടെ കൂട്ടുകാരിയും ശ്രീകാന്തൻെറ പുറകിൽ കൂടിയിരിക്കുന്നവളുമായ രോഹിണിയേയും ക്ഷണിച്ചു. ശ്രീകാന്തൻെറ അമ്മയുടെ നിർബന്ധത്താൽ രോഹിണിയെ കാമിനിയോടൊപ്പം കൊണ്ടുപോകുവാൻ തീരുമാനിച്ചു.

ഞങ്ങൾ അഞ്ചുപേരും പ്രഭാതത്തിനു മുമ്പുതന്നെ ബസ്സിൽ ധാറവാഡയിൽ നിന്ന് ഹുബ്ബള്ളിയിലേയ്ക്കു പുറപ്പെട്ടു. ഹുബ്ബള്ളിയിൽ നിന്ന് എട്ടുമണിയുടെ വണ്ടിയിൽ സിർസിയിലേക്കു യാത്രയായി.

* * *

യുവാവിൻെറ മനസ്സ് വിചിത്രവും അനൈസർഗികവുമായ വിചാരങ്ങളുടെയും ഭാവനകളുടെയും സ്റ്റുഡിയോ ആണ് ! ആ സ്റ്റുഡിയോയിലെ ക്യാമറയ്ക്ക് സൂക്ഷ്മവും വിചിത്രവുമായ ലെൻസ് ഉണ്ട്. ജീവിതമൂല്യങ്ങളെക്കുറിച്ചുള്ള വ്യക്തമായ സങ്കൽപം അവൻെറ മനസ്സിലുണ്ടായിരിക്കുകയില്ല. അതിനാൽ ചെറിയ ചെറിയ കാര്യങ്ങൾ പോലും അവൻെറ ഭൂതക്കണ്ണാടിയായ കണ്ണിന് അർഥയുക്തമായി കാണും. 'അർഥം' എന്നതിനേക്കാൾ 'അനർഥം' — അപാർഥം —വികൃതാർഥം എന്നു പറയുന്നതാണു നന്ന്. ഭാവനകളുടെ ബഹളം തന്നെ തുടരുന്നു. ഈ ഉത്സവത്തിൽ അവന് തൻെറ യഥാർഥ വ്യക്തിത്വം മനസ്സിലാകുന്നില്ല. അസ്പഷ്ടമായ അഭിലാഷങ്ങളും കിനാവുകളും അവിരതമായി (അവൻ ഉറങ്ങുമ്പോൾ പോലും) അവൻെറ മനസ്സിൽ വന്നു പൊയ്ക്കൊണ്ടിരിക്കും. ഇത്തരം മനസ്സിൻെറ അനുഭവങ്ങൾ യഥാവിധി നിരൂപിക്കുക വളരെയേറെ വിഷമം പിടിച്ച പണിയാണ്.

* * *

ബസ്സിൽ ഇരുന്നപ്പോൾ എൻെറ അവ്യക്തമായ അഭിലാഷം, ആ അഭിലാഷം പൂർത്തീകരിച്ചപ്പോൾ ഉണ്ടായ തീക്ഷ്ണ രോമാഞ്ചം, തല നിറയെ എലികളെപ്പോലെ ഓടിനടക്കുന്ന കള്ള സങ്കൽപങ്ങൾ — ഓർക്കുമ്പോൾ ഇന്നെനിക്കു ചിരിവരുന്നു !

ഹുബ്ബള്ളിയിൽ നിന്നു സിർസിയിലേക്കുള്ള വണ്ടിയുടെ റിസർവ് ബഞ്ചിന്മേലിരുന്നപ്പോഴെനിക്കുണ്ടായിരുന്ന മാനസിക നില ഇപ്പോഴും ഓർമ്മയുണ്ട്. എല്ലാരെയുംകാൾ മുമ്പെ രോഹിണി വണ്ടിയിൽ ചാടിക്കയറി ജനലിനു സമീപം ഇരുന്നു. അതിനുശേഷം സാമാനങ്ങൾ അടുക്കിവയ്ക്കാൻ ശ്രീകാന്തൻ കയറി. രോഹിണിയുടെ നിർത്തില്ലാത്ത വർത്തമാനം കേട്ടുകൊണ്ട് അയാൾ സാധാരണമട്ടിൽ അവളുടെ അടുത്തിരുന്നു.

"ഗൗരീശാ, നിങ്ങളുടെ പ്രിയപ്പെട്ട സുഹൃത്തിൻെറ സമീപസ്ഥാനം നിങ്ങൾക്ക് അവകാശപ്പെട്ടതാണ് — " എന്നു പറഞ്ഞ് കാമിനി ചിരിച്ചു.

"അതെ !" സത്യേന്ദ്രൻെറ ശബ്ദത്തിലും അൽപം വ്യംഗ്യമുണ്ടാ

യിരുന്നു — "നിന്റെ ജന്മസിദ്ധമായ അവകാശമാണത് !"

"പക്ഷേ അവന്റെ കൂടപ്പിറപ്പായ അനുജത്തിയാണു നീ. അവന്റെ പിറകിൽ നിന്നു നീ മാറണം, ആദ്യം !" ഞാൻ എന്റെ തമാശ ഇഷ്ടപ്പെട്ടു ചിരിച്ചു.

അപ്പോഴേക്കും ശ്രീകാന്തൻ ഞങ്ങളെ അകത്തേക്കു വിളിച്ചു, സീറ്റിൽ ഇരിക്കുവാനായി. അവന്റെ സമീപം ഇരിക്കുവാനുള്ള അവസരം എനിക്കു തന്നെ വന്നു. കാമിനി എന്റെ ഇടതു വശത്തിരുന്നപ്പോൾ എന്റെ അസ്പഷ്ടമായ അഭിലാഷം സഫലമായി. പക്ഷേ സത്യേന്ദ്രൻ കാമിനിയുടെ ഇടതു വശത്തിരുന്നത്, അനിവാര്യമായിരുന്നെങ്കിലും , എന്റെ മനസ്സിനെ അൽപം അസ്വസ്ഥമാക്കി.

നവയൗവനത്തിൽ സ്ത്രീസമ്പർക്കം വളരെയേറെ രോമാഞ്ചകാരിയായ സംഗതിയാണ്. ബസ്സിന്റെ ഓട്ടത്തിനിടയിൽ കാമിനിയുടെ ഭുജത്തിന്റെ സ്പർശം, ബസ്സു വളവു തിരിയുമ്പോൾ ആകസ്മികമായി എന്റെ തുടയിൽ വീഴുന്ന അവളുടെ കൈയുടെ സ്പർശം, എന്റെ ഇടതു കൈ സീറ്റിന്റെ മുകൾഭാഗത്തു നീട്ടിവെയ്ക്കുമ്പോൾ അനുഭവപ്പെടുന്ന അവളുടെ മുടിയുടെ സ്പർശം ഇവ എന്റെ ശരീരത്തെയും മനസ്സിനെയും പുളകിതമാക്കി. പ്രേമത്തിനും സ്പർശേന്ദ്രിയത്തിനും തമ്മിൽ എത്ര നികട ബന്ധമുണ്ട് ! . . . . ശ്രീകാന്തൻ പറയുന്ന താത്വിക വിചാരങ്ങളുടെയും ഇംഗ്ലീഷ് കവികളുടെ ചരിത്രത്തിന്റെയും നേർക്ക് എന്റെ ചെവി ലക്ഷ്യമിട്ടിരുന്നെങ്കിലും എന്റെ ശരീരം മാത്രം കാമിനിയുടെ സമ്പർക്കത്തിനുവേണ്ടി ദാഹിച്ചിരുന്നു. . . . .

സത്യേന്ദ്രൻ പൂനയിൽ വെച്ച് പഠിച്ചുകൊണ്ടു വന്ന ചില വിനോദങ്ങൾ പറഞ്ഞിരുന്നു. വിനോദകഥകൾ പറയുവാൻ സത്യേന്ദ്രൻ അതിസമർഥനാണ്. കാമിനിക്ക് ഈ വിനോദമെന്നാൽ തീർന്നു — അവളുടെ ഹാസ്യത്തിന് അതിരേ ഉണ്ടായിരുന്നില്ല. . . . അപ്പോൾ സത്യേന്ദ്രനെക്കുറിച്ച് എനിക്ക് അസൂയ ഉണ്ടാകാതിരുന്നില്ല. എനിക്കും ഇത്തരം അസംഖ്യം വിനോദങ്ങൾ പഠിച്ച് , ആളുകളെ (മുഖ്യമായി കാമിനിയെ) ചിരിപ്പിക്കുന്ന വിദ്യ പഠിക്കണം എന്ന് ദൃഢനിശ്ചയം ചെയ്തു . . . . .

കാമിനിയുടെ ചിരിയുടെ മോഹകത്വം വിശേഷപ്പെട്ടതായിരുന്നു. അവളുടെ വെൺചിരിയിൽ മയങ്ങിപ്പോകാത്തവർ കുറവാണ്. ചിരിയിൽ അനേകം ഭാവങ്ങൾ വ്യക്തമാക്കുന്ന സ്ത്രീസഹജമായ കലയും ശക്തിയും അവൾക്കു കൈവരാൻ ഇനിയും രണ്ടുമൂന്നു വർഷം വേണ്ടിയിരിക്കുന്നു . . . . അവൾ വെറുതെ വഴക്കടിക്കുന്ന രീതിയും അത്യന്തം മോഹകമായിരുന്നു . . . . .

ബസ്സിൽ സമയം കളയുവാൻ കൈനോക്കി ഫലം പറയുന്ന പരിപാടി ഞങ്ങൾ തുടങ്ങി.

"ഇതെല്ലാം വെറും അന്ധവിശ്വാസമാണ്." ശ്രീകാന്തൻ പറഞ്ഞു.

"അതെങ്ങനെ അന്ധവിശ്വാസമാകും ? കൈരേഖകളെ അടിസ്ഥാനമാക്കി പറഞ്ഞ ഭാവിഫലങ്ങൾ എത്രയോ പ്രാവശ്യം സത്യമായിരിക്കുന്നു." കാമിനി വാദിച്ചു.

"ഉം — എത്രയോ പ്രാവശ്യം — എല്ലാ പ്രാവശ്യവുമില്ല. അവിടെയാണ് മുഖ്യസംഗതി . . . . കൈരേഖയിൽ ഭാവിഫലത്തിന്റെ സൂചനയുണ്ടെന്ന വിചാരം ഭ്രാന്തൻ സങ്കൽപമാണ് . . . " ശ്രീകാന്തൻ കൈരേഖകളിലെ ആസ്ഥയുടെ മൂലം എന്ന വിഷയത്തെപ്പറ്റി വ്യാഖ്യാനിക്കുവാൻ തുടങ്ങി.

"നിങ്ങൾ എന്തുവേണമെങ്കിലും പറയൂ അണ്ണാ, എനിക്ക് ഹസ്തരേഖയിൽ വിശ്വാസമുണ്ട്. നമ്മുടെ മാംശിയുടെ ഉദാഹരണം അറിയില്ലേ. അവൾ വിധവയാകുമെന്ന് ആദ്യം തന്നെ ഏതോ ജ്യോതിഷി പറഞ്ഞിരുന്നത്രേ . . . ." കാമിനിയുടെ വാശി മനോവേധകം ആയിരുന്നു.

"എന്തായാലും സമയം കളയാൻ മാത്രം വളരെയേറെ ഉപകരിക്കുന്ന ഏർപ്പാട്" എന്നു പറഞ്ഞ് ശ്രീകാന്തൻ ചിരിച്ചു.

സത്യേന്ദ്രൻ കാമിനിയുടെ കൈപിടിച്ച് ഫലം പറയുവാൻ തുടങ്ങി . . . . .

"ഇത് ഹൃദയരേഖ— line of heart" എന്ന് ഉള്ളം കൈയിൽ മുകളിലത്തെ രേഖ കാണിച്ചുകൊണ്ട് സത്യേന്ദ്രൻ പറഞ്ഞു.

"ഛേ — അത് ആയുർരേഖയാണ്" എന്ന് ഖണ്ഡിത സ്വരത്തിൽ കാമിനി അഭിപ്രായപ്പെട്ടു.

"അത് നിങ്ങളുടെ ഭാരതീയ ഹസ്തരേഖാശാസ്ത്രം — എന്റേത് കെയ്റോൺ പാമിസ്റ്ററി."

"പാമിസ്റ്ററി ആരംഭിച്ചതു തന്നെ ഭാരതത്തിലാണ്. കെയ്റോണൊക്കെ കള്ളം" ഉച്ചത്തിൽ കാമിനി പറഞ്ഞു.

"പക്ഷേ കെയ്റോൺ ഫലവും സത്യമാകും" സത്യേന്ദ്രൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

"ഇങ്ങനെ രണ്ടു തരത്തിലുള്ള ഹസ്തരേഖാശാസ്ത്രമുണ്ടെങ്കിൽ രണ്ടും കള്ളമായിരിക്കണം . . . . കാരണം " ശ്രീകാന്തൻ വീണ്ടും വാദിച്ചു.

"അതെങ്ങനെ ? ഒന്നു സത്യവും , മറ്റൊന്നു കള്ളവുമായിരിക്കും. പ്രാചീനമായ നമ്മുടെ രീതി സത്യം. അതുപോലെ കെയ്റോൺ കള്ളം — ഫാൾസ് !" കാമിനിയുടെ വാക്കുകളിൽ ഒരു തരം ലോജിക്ക് ഉണ്ടായിരുന്നു ! . . . . അവൾ 'ഫാൾസ്' എന്നു പറഞ്ഞ രീതി (കവിൾ മുകളിലേക്കുയർത്തി, കണ്ണുചെറുതാക്കി, പുരികം ചുളിച്ച്—) കണ്ട് എനിക്ക് വാദവിവാദം ഈ ലക്ഷ്മണരേഖ കടന്നു പോകുവാൻ കഴിയുമോ എന്നു സംശയമുണ്ടായി. അവളുടെ ആ ശബ്ദ

ത്തിൽ അത്ര ശക്തിയുണ്ടായിരുന്നു . . . .

"നിങ്ങളുടെ അഭിപ്രായമെന്താണു ഗൗരീശാ ?" കാമിനി ചോദിച്ചു.

"എനിയ്ക്കൊരഭിപ്രായവുമില്ല. നിനക്കു ഭാരതീയ രീതിയാണു വേണ്ടതെങ്കിൽ അതെനിക്കറിയാം." എന്റെ വാക്കുകളിൽ ഒരുദ്ദേശ്യമുണ്ടായിരുന്നു എന്ന് അപ്പോൾ എനിക്കുപോലും തോന്നിയിരുന്നില്ല. അത്ര സഹജമായി എന്റെ വായിൽ നിന്ന് വാക്കുകൾ പുറത്തു വന്നു.

"അങ്ങനെയാണെങ്കിൽ എന്റെ ഫലം പറയൂ." കാമിനി തന്റെ മൃദുവായ, ആകർഷകമായ, പ്രേമംപോലെ ചുവന്ന ഉള്ളംകൈ എന്റെ മുന്നിൽ നീട്ടി.

എന്റെ ശരീരം മുഴുവൻ മല്ലികപ്പൂക്കൾ വിടർന്നു. ശ്രീകാന്തന്റെ നേർക്ക് ലജ്ജയോടെ കള്ളനോട്ടമൊന്നു തൊടുത്തുവിട്ട് തികച്ചും സഹജമായ രീതിയിൽ (ശ്രീകാന്തന്റെ സ്ത്രീകളുമായുള്ള പെരുമാറ്റത്തിൽ ഇത്തരം സരളതയും സഹജതയുമുണ്ട് !) കാമിനിയുടെ കരം എന്റെ ഉള്ളം കൈയിൽ പിടിച്ച് (മനസ്സിൽ 'സുമുഹൂർത്തേ സാവധാനം' എന്നു പറഞ്ഞു !) :

"നിനക്ക് ദീർഘായുസ്സുണ്ട്" ഞാൻ പറഞ്ഞു.

"മുതുമുതുക്കിയാകുന്നതുവരെ ഇരിക്കുമെന്നോ. അശുഭ സംഗതി !"

"നിന്റെ സമ്പദ്‌രേഖ നടുവെ പോയിരിക്കുന്നു. ഇതിന്റെ അർഥം — "

"ഇവളുടെ ഭർത്താവ് ഇവളെ ഉപേക്ഷിച്ചു പോകും" ശ്രീകാന്തൻ തമാശു പറഞ്ഞു.

"ഞാൻ കല്യാണം തന്നെ കഴിക്കാതിരുന്നാൽ എവിടത്തെ ഭർത്താവാണ് ഓടിപ്പോകുന്നത്."

"പക്ഷേ നിന്റെ കൈയിൽ നാലഞ്ചുമക്കളുണ്ടാകുമെന്നു കാണുന്നു . . . " ഞാൻ പറഞ്ഞു.

ചിരിയുടെ തിര വൻതിരയായി മാറി. രോഹിണിയും വീണ്ടു വീണ്ടു ചിരിച്ചു.

"കല്യാണം കഴിക്കാതെ മക്കളെവിടുന്നാ?" എന്നു രോഹിണി ചോദിക്കുകതന്നെ ചെയ്തു.

കാമിനി ലജ്ജകൊണ്ടോ കോപംകൊണ്ടോ ചുവപ്പുനിറമായി. പെട്ടെന്നു കൈ പിൻവലിച്ചു.

"ഇനിയും ഇൻററസ്റ്റിങ് വിഷയങ്ങളുണ്ടല്ലോ ; പ്രേമം, വിവാഹം, ഭർത്താവ്, വിദ്യ, സുഖം, സാഫല്യം . . . ." ശ്രീകാന്തൻ കാമിനിയെ ഉദ്ദേശിച്ചു പറഞ്ഞു.

"അതൊന്നും വേണ്ട. നാലഞ്ചുമക്കളെന്നു കേട്ടപ്പോൾത്തന്നെ ഭാവി അറിഞ്ഞപോലായി" കാമിനി ഉത്സാഹമില്ലാതെ പറഞ്ഞു.

എല്ലാവരും പൊട്ടിച്ചിരിച്ചു.

* * *

സിർസിയിലെത്തിയപ്പോൾ 12—1 മണിയായി. എൻെറ മനസ്സ് അസ്വസ്ഥമായി. കാരണം ഈ സംഘത്തിനുവേണ്ട ഏർപ്പാടുകൾ ഞങ്ങളുടെ വീട്ടിൽ ചെയ്യേണ്ടിയിരിക്കുന്നു. ഞങ്ങളുടെ വീടിനെക്കുറിച്ച്, ഞങ്ങളുടെ വീട്ടിലെ അവ്യവസ്ഥയെക്കുറിച്ച്, വൈഷ്ണവ ബ്രാഹ്മണരുടെ കർമ്മസംസ്കാരത്തെക്കുറിച്ച്, സ്ത്രീകളുടെ സങ്കുചിത മനസ്ഥിതിയെക്കുറിച്ച്, അവരുടെ വസ്ത്രധാരണത്തെയും പെരുമാറ്റത്തെയും കുറിച്ച് എനിക്ക് ആദ്യം മുതൽ തന്നെ ഒരുതരം വെറുപ്പുണ്ടായിരുന്നു. ആ വെറുപ്പ് ഇപ്പോൾ ദശഗുണീഭവിച്ചു. കാരണം ശ്രീകാന്തൻ ഞങ്ങളുടെ വീട്ടിൽ ആദ്യമായി വരുന്നുവെന്നതല്ല, ശ്രീകാന്തനോട് ഞങ്ങളുടെ വീട്ടിലെ പരിതസ്ഥിതികൾ എത്രയോ മുമ്പുതന്നെ വിവരിച്ചു പറഞ്ഞിട്ടുണ്ട് . . . . പക്ഷേ കാമിനി ഞങ്ങളുടെ വീട്ടിലേക്കു വരുന്നു !'കാമിനി വന്നാലെന്താ ? അവളെ കല്യാണം കഴിക്കുന്നതും അത്രയ്ക്കൊക്കെത്തന്നെ' എന്ന് ഞാൻ സ്വയം സന്തോഷിച്ചുവെങ്കിലും അസ്വസ്ഥത പോയില്ല — ശതഗുണമായി. അതുകൊണ്ട് ഞങ്ങൾ വീട്ടിലേക്കു പൊയ്ക്കൊണ്ടിരുന്നപ്പോൾ എൻെറ വായിൽ നിന്ന് ഒരൊറ്റവാക്കുപോലും പുറപ്പെട്ടിരുന്നില്ല. ശ്രീകാന്തൻ തന്നെ സംസാരിച്ചുകൊണ്ടിരുന്നതു നന്നായി. സിർസിയുടെ ചരിത്രവും ഭൂമിശാസ്ത്രവും അയാൾ രോഹിണിക്കു വിവരിച്ചുകൊടുക്കുകയായിരുന്നു. ഞാൻ എൻെറ തലയിലെ കോലാഹലത്തിനിടയിൽ കാമിനിയുടെ സുന്ദരരൂപത്തിൻെറ നേർക്കും അൽപം ചിതറിയ മുടിയാൽ വളരെയേറെ ആകർഷകമായി തോന്നിയിരുന്ന മുഖത്തിൻെറ നേർക്കും കൂടെക്കൂടെ അസ്പഷ്ടമായ നിരാശകലർന്ന കള്ളനോട്ടമെറിഞ്ഞിരുന്നു . . . . സത്യേന്ദ്രൻ അവൻെറ വീട്ടിൽ പോയി വരാമെന്നു പറഞ്ഞ് മാർക്കറ്റിൻെറ വലതുവശത്തുള്ള വഴിയിലൂടെ അവൻെറ വീട്ടിലേക്കു പോയി —

ഞാൻ കത്തെഴുതി അച്ഛനെ വിവരം മുൻകൂട്ടി അറിയിച്ചിരുന്നതുകൊണ്ട് വീട്ടിലെ മുകൾ മുറി ഞങ്ങൾക്കുവേണ്ടി സജ്ജമാക്കി വച്ചിരുന്നു. മുകൾനിലയിൽ ഒരു പ്രത്യേകമുറിയിൽ കാമിനിക്കും രോഹിണിക്കും വേണ്ട സൗകര്യങ്ങൾ ചെയ്തിരുന്നു. ആ മുറിയോടുചേർന്ന ഹാളിൽ ആണ് ഞങ്ങളുടെ മുഖ്യ മുറി.

"നല്ല വീട് ! വളരെ വലുതാണല്ലോ !" എന്നു കാമിനി പറഞ്ഞതിനുശേഷമാണ് എനിക്കു സമാധാനമായത്!

വീട്ടിലേക്ക് സ്നേഹിതന്മാരെയും സ്നേഹിതകളെയും വിളിച്ചുകൊണ്ടുവരുന്ന സാഹസം കാണിച്ചതിനാൽ എനിക്ക് ഒരു ഹീറോയുടെ ഉത്സാഹമുണ്ടായി. ഞങ്ങളുടെ വീട്ടിൽ ആദ്യമായാണ് ഇത്തരമൊരു സംഭവമുണ്ടാകുന്നത് — എൻെറ ജീവിതത്തിൽ (പണ്ട് ഞങ്ങ

ളുടെ മുത്തച്ഛൻ മാത്രം തൻെറ കാലത്ത് ഒരു പ്രാവശ്യം ഒരു സ്ത്രീയെ വിളിച്ചുകൊണ്ടുവന്ന് ഇതേ മുകൾമുറിയിൽ ഇരുത്തിയിരുന്നു പോലും !) വീട്ടിൽ അമ്മയും അത്തയുമെല്ലാം എന്നെ സംശയത്തോടെ നോക്കുവാൻ തുടങ്ങി . . . .

ശ്രീകാന്തൻ അച്ഛൻെറ മുമ്പിൽ, അമ്മയുടെ മുമ്പിൽകൂടിയും, പ്രഥമ സന്ദർശനത്തിൽ തന്നെ നല്ല പ്രഭാവം കാണിച്ചു. ശ്രീകാന്തൻെറ തുറന്ന മനസ്സോടെയുള്ള പെരുമാറ്റം, അവൻെറ വാഗ് വൈഭവം, അവൻെറ സഹാനുഭൂതി നിറഞ്ഞ ചോദ്യങ്ങൾ — ഇവ അവരുടെ മനസ്സിനെ സന്തോഷിപ്പിച്ചു.

കാമിനിക്കും രോഹിണിക്കും മാത്രം വീട്ടിലെ പ്രായമായവരുമൊത്ത് ഔപചാരികമായ നാലു വാക്കു സംസാരിക്കാൻപോലും കഴിഞ്ഞില്ല. അമ്മയുടെയും അത്തയുടെയും സംശയാത്മകമായ, സങ്കോചമാർന്ന, അനിഷ്ടകരമായ പെരുമാറ്റം കാമിനിയെയും രോഹിണിയെയും ഭയചകിതരാക്കിയിട്ടുണ്ടാവണം . . . .

ഊണിനുശേഷം സത്യേന്ദ്രൻ വന്നു. അവൻെറ വരവോടുകൂടി മുകളിൽ ചിരിയുടെ അന്തരീക്ഷമായി. ഞാൻ ചായയ്ക്കു പറയുവാൻ താഴെ ചെന്നപ്പോൾ അത്ത "എന്തൊരു നാണമില്ലാത്ത പെണ്ണുങ്ങളാണപ്പാ ! ആൺകുട്ടികളുമായി സരസസല്ലാപമോ ? കീ . . . . കീന്ന് എന്താ ചിരിക്കുന്നത് ? കോളേജു മുഴുവൻ ഇത്തരം പെൺകുട്ടികളാണോ ? ഇതെന്തൊരു കാലം ദൈവമേ !" എന്നു പറഞ്ഞു. ഞാൻചിരിച്ചു ഗംഭീരമായി പറഞ്ഞു "അത്തേ . . . . സ്വാതന്ത്ര്യയുഗം ! . . . . പിന്നെ ആ പെൺകുട്ടികൾ എൻെറ അനിയത്തിയെപ്പോലാണ് . . . . മനസ്സിലായോ ?"

വൈകിട്ട് ഞങ്ങളൊക്കെക്കൂടി ചുറ്റുപാടും നടക്കാൻ പോയപ്പോൾ, ഒരു ദ്വീപുതന്നെ ജയിക്കാൻ പുറപ്പെട്ടെന്ന മാതിരിയുള്ള വീര്യശൗര്യങ്ങളാൽ ഹൃദയം ഇളകിമറിഞ്ഞു. വഴിയിൽ എൻെറ ഏതെങ്കിലും പഴയ സ്നേഹിതനെ കണ്ടാൽ ആന — അമ്പാരിയുടെ മുകളിലിരുന്നു സംസാരിക്കുന്നതുപോലെ വർത്തമാനം പറഞ്ഞിരുന്നു (ഈ 'നിർവികാര' ബോംബെയിൽ ഏതെങ്കിലും പെണ്ണിൻെറ കൈയോടു കൈ ചേർത്തു പിടിച്ചുകൊണ്ട്, അവളുടെ തോളിൽ കൈയിട്ടു ചിരിച്ചുകൊണ്ട് നടന്നാലും ഇത്തരം സാഹസികഭാവം നമ്മുടെ മനസ്സിൽ വരികയില്ല . . . .)

* * *

അടുത്ത ദിവസം വൈകിട്ട് നാലു മണിക്ക് ഞങ്ങൾ ജോഗയിലെത്തി.

ശ്രീകാന്തൻെറ ഉത്സാഹവും ആനന്ദവും അതിർകടന്നു. "പ്രകൃതിയുടെ ഹൃദയത്തിൽ എത്ര അഗാധമായ സൗന്ദര്യമൊതുങ്ങുന്നു !" എന്നു പറഞ്ഞു അയാൾ . . . .

"വേണമെങ്കിൽ ഒരു കവിതയെഴുതിക്കോ . . . . വിരോധ മില്ല . . . . " ഞാൻ സൂചിപ്പിച്ചു.

"ആദ്യം അനുഭവം. പിന്നീടു കവിത. അനുഭവത്തിന്റെ ചെടി യിലുണ്ടാകുന്ന പൂവാണ് കവിത !" ശ്രീകാന്തൻ പറഞ്ഞു.

"Poetry is emotion recollected in tranquility"— രോഹിണി തന്റെ എഫ്. വൈ. ആർട്സിന്റെ പാണ്ഡിത്യം പ്രദർശിപ്പിച്ചു.

"വേർഡ്സ്വർത്തിന്റെ കവിതയുടെ കാര്യത്തിൽ അതു ശരി യാണ്. പക്ഷേ കൂടെക്കൂടെ അനുഭവം നേടുമ്പോൾ തന്നെ കവിത പുറപ്പെടാം. മല്ലികയുടെ വള്ളി വളർന്നു കൊണ്ടുതന്നെയിരിക്കും. പുഷ്പിക്കുകയും ചെയ്യും . . . ഇപ്പോൾ തത്വമൊന്നും വേണ്ട — വേർഡ്സ്വർത്തിന്റെ 'the cataract haunted me like a passion" എന്നതിന്റെ അർത്ഥം ഇപ്പോഴെനിക്ക് മനസ്സിലാകുന്നു."

* * *

"ഞാൻ വിചാരിച്ചത്ര വലുതല്ല വെള്ളച്ചാട്ടം" കാമിനി പറഞ്ഞു.

"അതിന്റെ ഗാംഭീര്യം ഇവിടെ നിന്നു കാണാൻ പറ്റില്ല. താഴെ വെള്ളച്ചാട്ടത്തിന്റെ അടിയിൽ പോയി നോക്കണം" ഞാൻ പറഞ്ഞു.

"അവിടെ പോകാൻ വരുന്നോ ?" കാമിനിയുടെ കണ്ണുകളിൽ കുതൂഹലവും സാഹസികതയും നൃത്തംവച്ചു.

"ആകാം. നാളെ വെളുപ്പിനു പോകാം . . . . "

സത്യേന്ദ്രൻ രോഹിണിയെയും വിളിച്ചുകൊണ്ട്, മറ്റൊരു കോ ണിൽ നിന്നു വെള്ളച്ചാട്ടം കാണിക്കുവാൻ മൈസൂർ ബംഗലെയുടെ ഇടതു വശത്തേക്കുപോയി.

ശ്രീകാന്തൻ വസ്ത്രം മാറുവാൻ ബംഗലെയിൽ ചെന്നു. ഞാനും കാമിനിയും — ജോഗയിലെ വെള്ളച്ചാട്ടവും !

ജോഗയുടെ ഭയങ്കര ശക്തി എന്റെ മനസ്സിൽ അനുഭവപ്പെട്ടു !

"ഇടതുവശത്തു രാജാ. അതിന്റെ വലതുവശത്തു റോറർ — അമ്പര വെള്ളച്ചാട്ടം — അതിന്റെ വലതുവശത്ത് റോക്കറ്റ് വെള്ള ച്ചാട്ടം; അവസാനമായി ലേഡി — റാണി വെള്ളച്ചാട്ടം. നിനക്കേതാ ണിഷ്ടം കാമിനീ ?" ഞാൻ ചോദിച്ചു.

"എനിക്കെല്ലാം ഇഷ്ടമാണ് ! ഓരോന്നിലും ഓരോ രീതിയിലുള്ള സൗന്ദര്യമുണ്ടെന്നു മാത്രം ! നിങ്ങൾക്കോ ?"

"ഞാൻ ചെറുതായിരുന്നപ്പോൾ റോക്കറ്റ് വെള്ളച്ചാട്ടം വളരെ ഇഷ്ടമായിരുന്നു. ഇപ്പോൾ റാണീ വെള്ളച്ചാട്ടത്തിന്റെ സ്ത്രീ സൗന്ദര്യത്തിനു മുമ്പിൽ മയങ്ങിപ്പോകുന്നു" എന്നു പറഞ്ഞ് കാമിനി യെ സൂക്ഷിച്ചുനോക്കി.

ആ നോട്ടത്തിനു മറുപടിയായി കാമിനി മന്ദഹസിച്ചു. മോണോ ലിസയുടെ ചിരി !

"കുറച്ചു വർഷങ്ങൾക്കുമുമ്പ് പ്രേമനൈരാശ്യം ബാധിച്ച ഒരു

യുവാവ് ആ രാജാ വെള്ളച്ചാട്ടത്തിൽ ചാടിയിട്ടുണ്ട് . . . .” ഞാൻ പറയാൻ തുടങ്ങി.

“വാഹ്! എത്ര സുന്ദരമായ മരണം — അല്ലേ ? പ്രേമഭംഗമുണ്ടായാൽ നിങ്ങളും അവിടെത്തന്നെ ചാടുമോ ?” കാമിനിയുടെ ചോദ്യം — ചോദ്യത്തോടൊപ്പം ചിരിയുടെ ഗൂഢത വേറെ !

ഞാൻ ഭ്രാന്തൻ ചിരിചിരിച്ചു. “നിനക്ക് ആ മരണം സുന്ദരമായി തോന്നി — എനിക്കില്ല !” ഞാൻപറഞ്ഞു. “എന്നെങ്കിലും നിനക്കു പ്രേമഭംഗമുണ്ടായാൽ ?” എന്റെ ഭ്രാന്തൻ ചോദ്യം.

“ഞാനെന്റെ കാമുകനെത്തന്നെ അവിടെ ഒഴുക്കിവിടും” എന്നു ക്രൂരമായ തമാശ പറഞ്ഞ് അവൾ ചിരിച്ചു.

ഞാനും ചിരിച്ചു . . . പക്ഷേ ആ പെൺകുട്ടിയുടെ ക്രൂരസങ്കൽപമോർത്തു ഭയപ്പെട്ടു !

അവളുടെ ഇത്തരം സങ്കൽപം അവളിലെ ഗൂഢശക്തിയുടെ, സ്വത്വത്തിന്റെ ലക്ഷണമായിരിക്കരുതോ !

* * *

അന്നു വൈകിട്ട് ഞങ്ങളെല്ലാം ചിരിച്ചു സംസാരിച്ചുകൊണ്ട് അവിടെത്തന്നെ ചുറ്റുപാടും കറങ്ങി നടന്നു. കഴിയുന്നത്ര ശ്രമിച്ച്, യാദൃച്ഛികമാണെന്ന മട്ടിൽ, ഞാൻ കാമിനിയോടൊപ്പം തന്നെ നിന്ന് അവളുമായി സംസാരിച്ചിരുന്നു. അന്നു സംസാരിച്ച കാര്യങ്ങളെല്ലാം ഇപ്പോൾ ഓർമ്മയില്ലെങ്കിലും , സംസാരിക്കുമ്പോൾ ഹൃദയം വിജൃംഭിതമാകുന്ന ആ അനുഭവം മാത്രം ഇപ്പോഴും സ്മരണയിൽ തങ്ങി നിൽക്കുന്നു ! അവളുടെ ഓരോ ഭാവഹാവങ്ങളിലും ഏതോ അഗാധ സൗന്ദര്യം കുടികൊണ്ടിരുന്നു. (‘നിന്ന നിൽപൊക്കെയും ത്രിഭംഗിതാൻ !’). അവളുടെ സംസാരത്തേക്കാളേറെ അവളുടെ ചുണ്ടുകളുടെ ചലനവലനങ്ങളും കൈകളുടെ സ്വൈരഭാവഹാവവും നിറഞ്ഞുതുളുമ്പി നിന്ന മാറിലെ സാരിയോടൊപ്പം കാറ്റും അവളുടെ കൈയും നടത്തിയ കളിയുമായിരുന്നു ഞാൻ കൂടുതൽ ശ്രദ്ധിച്ചിരുന്നത്. ക്രമേണ തീർത്തും സഹജമെന്ന മട്ടിൽ അവളുടെ ഭുജത്തിൽ എന്റെ ഭുജം മുട്ടിച്ച് അവളുടെ മൃദുത്വം അനുഭവിക്കുകയായി എന്റെ ലക്ഷ്യം . . . . ഒന്നു രണ്ടു പ്രാവശ്യം, അങ്ങനെ ചെയ്തപ്പോൾ എന്റെ കൈമുട്ടുകൾക്ക് അവളുടെ സ്തനങ്ങളുടെ കഠിനമൃദുത്വം പരിചയമായി — ശരീരം രോമാഞ്ചംകൊണ്ടു . . . . എന്റെ മനസ്സ് അപ്പോൾ സന്ധ്യാവേളയിലെ ചെടികളുടെ ഇലകളെപ്പോലെ, അദൃഷ്ടമായ കാറ്റിൽപ്പെട്ട് വിറകൊണ്ടു . . . . പുറമെ മാത്രം ഞാൻ മാന്യൻ ! —ശ്രീകാന്തന്റെ മനോഹര കൽപനകളും ഉയർന്ന വിചാരങ്ങളും, സത്യേന്ദ്രന്റെ വിനോദങ്ങളും കേട്ട് ആനന്ദിക്കുന്ന, ചിരിക്കുന്ന മാന്യൻ !

രോഹിണിക്കു മാത്രം തന്റെ ‘ലക്ഷ്യം’ സാധിക്കുന്നതിൽ ഒളിച്ചു

കളിയൊന്നുമില്ല ! അവളുടേത് നേരായ വഴി, സരളമായ സാധന! തന്റെ ഹൃദയം ഉള്ളം കയ്യിലെടുത്തു കാണിക്കുന്ന അനുചിതമായ ധൃതിയാണവൾക്ക് . . . . . അവളുടെ പെരുമാറ്റം എനിക്ക് അൽപവും ഇഷ്ടപ്പെട്ടില്ല. ഒന്നിനു പുറകെ ഒന്നായി ചോദ്യം ചോദിക്കുന്ന ഒരു ഹൈസ്കൂൾ വിദ്യർഥിനിയുടെ രീതിയായിരുന്നു അവളുടേത്; അതുകണ്ടോ, എത്ര സുന്ദരമായിരിക്കുന്നു, ഇതു നോക്ക് എത്ര അഗാധമായിരിക്കുന്നു എന്ന് ശ്രീകാന്തന്റെ ശരീരത്തിൽ മുട്ടിക്കൊണ്ടു പറയുന്ന അവളുടെ പ്രേമപ്രകടനം എന്നെ വളരെ അസ്വസ്ഥനാക്കി. കാണാൻ രോഹിണി അതിസുന്ദരിയായിരുന്നില്ലെങ്കിലും, മോശമല്ലായിരുന്നു. വണ്ണം കുറഞ്ഞ് പൊക്കം കൂടിയ വെളുത്ത ശരീരമാണ് അവളുടേത്. (കാമിനി നേരെമറിച്ച് അൽപം പൊക്കം കുറഞ്ഞ്, ഇളം കറുപ്പോടുകൂടിയവളായിരുന്നു.) രോഹിണിയിൽ ഒരുതരം ആകർഷകത്വമുണ്ടായിരുന്നെങ്കിലും, അവളുടെ തുറന്ന പെരുമാറ്റം കാരണം, ആ ആകർഷകത്വത്തിൽ കുറവു വന്നിരുന്നു. ശ്രീകാന്തന്റെ പുറകെ നടക്കുന്ന പെണ്ണാണവൾ എന്ന് അവളുടെ സംസാരത്തിൽ നിന്നും പെരുമാറ്റത്തിൽ നിന്നും ഏതു കുഞ്ഞിനും മനസ്സിലാകുമായിരുന്നു . . . . പക്ഷേ ശ്രീകാന്തൻ അവളോട് 'ഭ്രാതൃ'ഭാവത്തോടെ പെരുമാറിയിരുന്നു. പിന്നീടൊരിക്കൽ ശ്രീകാന്തനോട് (അവനു ടി. ബി. വന്നപ്പോൾ) രോഹിണിയെക്കുറിച്ച് ചോദിച്ചപ്പോൾ, അയാൾ ഇങ്ങനെ പറഞ്ഞു.

"എന്തോ എങ്ങനെയോ അവളെ എനിക്കിഷ്ടമാണ്. പക്ഷേ ആ 'ഇഷ്ട'ത്തെ അതിക്രമിച്ച് എന്റെ വിചാരം ഒരിക്കലും വളർത്തിയിരുന്നില്ല — വളരാൻ പാടില്ല . . . . രോഹിണിയുടെ ഗുണങ്ങൾ കാമിനിക്കുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു . . . .! രോഹിണി സ്വതവേ നിഷ്കളങ്കമായ മനസ്സുള്ളവളാണ്. സ്ത്രീസഹജമായ അഭിലാഷങ്ങളുള്ളവളാണ്. അതുകൊണ്ട് അവളിൽ ഒരു തരത്തിലുമുള്ള യുക്തി—കുയുക്തി (tactics) കളില്ല. അതുകൊണ്ട് നിങ്ങൾക്കൊക്കെ അവളൊരു മൂഢപ്പെൺകുട്ടിയാണെന്നു തോന്നിയേക്കാം! അവളിൽ പ്രത്യക്ഷത്തിൽ വളരെ ജീവിതോത്സാഹമുണ്ട്. പക്ഷേ അത് മരത്തിന്റെ ആശ്രയം കൊതിക്കുന്ന വള്ളിയുടെ ജീവിതോത്സാഹമാണ് ! ഇപ്പോഴും അവളെന്നെ കാണാൻ കൂടെക്കൂടെ വരാറുണ്ട്. നീ വിവാഹം കഴിക്കുന്നത് നന്ന് എന്ന് ഞാനവളെ വളരെയേറെ ഉപദേശിച്ചിട്ടുണ്ട് . . . . "

* * *

എനിക്കുമാത്രം ആദ്യം മുതൽ തന്നെ അവളെക്കുറിച്ച് വെറുപ്പും അസൂയയുമായിരുന്നു. ശ്രീകാന്തനെ അവൾ എന്നിൽ നിന്ന് അകറ്റിയിരുന്നു, അകറ്റുവാൻ പരിശ്രമിച്ചിരുന്നു എന്ന വിചാരമായിരുന്നു എനിക്ക് !

അയ്യോ— എന്നെ ഈ വിധത്തിലാരെങ്കിലും സ്നേഹിച്ചിരുന്നെങ്കിൽ — കൈകൾ നീട്ടി 'ഇതാ എന്നെ സ്വീകരിക്കൂ' എന്നു പറഞ്ഞിരുന്നെങ്കിൽ ആരെങ്കിലും അല്ല — കാമിനി തന്നെ തുറന്ന ഹൃദയവുമായി, ശുദ്ധമനസ്സുമായി 'സ്വീകരിക്കൂ' എന്നു പറഞ്ഞിരുന്നെങ്കിൽ! — ശശികലാനായകിൽ ഇത്തരം ഭാവമുണ്ടായിരുന്നു പക്ഷേ . . .

* * *

അടുത്ത ദിവസം പ്രഭാതം. ശ്രേഷ്ഠമായ പ്രഭാതം ! മഹാ പ്രാതഃകാലം ! രാത്രി മുഴുവൻ സുപ്തകർണങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്ന ജോഗയുടെ ശബ്ദം, ഞങ്ങളെഴുന്നേറ്റപ്പോൾ, പുറത്തേക്കു ചാടി — ജലപാതത്തെപ്പോലെ.

സൂര്യനുദിച്ചു, ദൈവം കണ്ണുതുറന്നതുപോലെ, പ്രകൃതിയുടെ നഗ്നസൗന്ദര്യം മത്തനായി ആസ്വദിക്കുവാൻ. പ്രകൃതി പുളകിതയായി, ചൈതന്യം ചൊരിഞ്ഞ് ജീവിതത്തെ ഉണർത്തി.

ശ്രീകാന്തനെഴുന്നേറ്റപ്പോൾ ഞങ്ങളോടു രഹസ്യം പറഞ്ഞു. "ഇന്നലെ രാത്രി വെള്ളച്ചാട്ടം കാണുവാൻ രണ്ടു പ്രാവശ്യം എഴുന്നേറ്റു. അപ്പോൾ ഞാൻ കണ്ടതെന്തെന്നോ ? പ്രകൃതിയുമായി, ദേവൻ സുരതമാടുന്നു . . . !" ഞങ്ങൾ ചിരിച്ചില്ല. കാരണം അവന്റെ ഗംഭീരമായ വാക്കുകളിൽ അശ്ലീലത്തിന്റെ ഛായ ഉണ്ടായിരുന്നില്ല.

ചായ കുടിച്ചതിനുശേഷം ഞങ്ങൾ അന്നത്തെ പരിപാടിക്കു തുടക്കം കുറിച്ചു. ജോഗയുടെ അടിവാരത്തിലേക്കു പോകാൻ ഒരുങ്ങി.

പാമ്പിനെപ്പോലെയുള്ള ആ നടപ്പാതയിലൂടെ താഴേക്കിറങ്ങിയപ്പോൾ നടത്തത്തെക്കാൾ ഓട്ടമായിരുന്നു കൂടുതൽ. ശ്രീകാന്തൻ അത്യുൽസാഹത്തോടെ ഞങ്ങളെക്കാൾ മുമ്പേ ഓടി. എല്ലാരെക്കാളും പുറകിലായ രോഹിണിയെ സാവധാനം വിളിച്ചുകൊണ്ടു വരാൻ സത്യേന്ദ്രൻ പുറകിൽ തങ്ങി. നടുവിൽ ഞാനും എന്നെക്കാൾ ഉത്സാഹത്തോടെ ഓടിയിരുന്ന കാമിനിയും.

"കാമിനീ, എവിടെയെങ്കിലും വീണു മുറിവുപറ്റും" എന്നു ഞാൻ മുന്നറിയിപ്പു നൽകി.

"വീണാൽ പുറകെ നിങ്ങളുണ്ടല്ലോ എടുത്തുകൊണ്ടു പോകാൻ" എന്നു പറഞ്ഞു കാമിനി ചിരിച്ചു.

ഈ വാക്കുകളിൽ എന്തെങ്കിലും ഗൂഢാർത്ഥമുണ്ടോ എന്നു ഞാനാലോചിച്ചു.

ജോഗയുടെ പ്രചണ്ഡത്വവും ഭീകരതയും നിമിഷംതോറും ഞങ്ങളുടെ കൺമുമ്പിൽ തെളിഞ്ഞുവന്നു. വെള്ളച്ചാട്ടത്തിന്റെ അവിരതവും അനന്തവുമായ 'ഘോ ഘോ ഘോ' ശബ്ദം പ്രപഞ്ചം മുഴുവൻ നിറഞ്ഞു. ഞങ്ങളുടെ ശരീരവും മനസ്സും ആത്മാവും നിറയെ ഘോം

കാരത്തിൻെറ ശംഖനാദം മുഴങ്ങാൻ തുടങ്ങി.

"കാമിനീ, പതുക്കെ ആ കല്ലിൽ തെന്നൽ കൂടുതലാണ് . . . സൂക്ഷിച്ചുപോകണം" ഞാൻ വിളിച്ചു പറഞ്ഞു.

"തെന്നുന്ന ഈ കല്ലുകളിൽക്കൂടി വേഗത്തിൽ പോകുന്നതിലല്ലേ രസം !" കാമിനിയുടെ മറുപടിയോടൊപ്പം തീക്ഷ്ണമായ ചിരി — "നോക്ക് ശ്രീകാന്തണ്ണൻ എത്രദൂരം പോയി !"

ശ്രീകാന്തൻ വീണും എഴുന്നേറ്റും ഒന്നിലും ശ്രദ്ധയില്ലാത്തവനെപ്പോലെ വെള്ളച്ചാട്ടത്തിൻെറ തുഷാരമഴയിൽ സമ്പൂർണമായി നനഞ്ഞുകൊണ്ട് മുന്നോട്ടു പോയി — ഏകനായി !

സത്യേന്ദ്രനും രോഹിണിയും അപ്പോഴും വളരെ പുറകിലായിരുന്നു— വളരെയേറെ പുറകിൽ . . . .

ഞാനും കാമിനിയും നടുവിൽ !

കാമിനിയുടെ ഭ്രാന്തുപിടിച്ച ഉത്സാഹം വളരെയേറെയായിരുന്നു. എൻെറ ഹൃദയം ശക്തിയായി മിടിച്ചിരുന്നു.

ശ്രീകാന്തൻ ദൂരെ വലിയൊരു കല്ലിൻെറ അടിയിലുള്ള ചെറിയ കല്ലിന്മേൽ നിന്ന്, തല്ലീനനായി — തുടർച്ചയായി മുഖത്തു വീഴുന്ന മഴ തുടച്ചുമാറ്റിക്കൊണ്ട് ജോഗയുടെ സൗന്ദര്യത്തിലൊരു ഭാഗമായിത്തീർന്നു.

തുഷാര മഴ കണ്ണു മങ്ങിച്ചു. തല പെരുപ്പിച്ചു. കാമിനി തെന്നി വെള്ളത്തിൽവീണു. പത്ത് അടി പുറകിലായിരുന്ന ഞാൻ പെട്ടെന്നു പോയി അവളെ കടന്നുപിടിച്ചു. പൂർണമായും നനഞ്ഞ വസ്ത്രങ്ങൾ അവളുടെ ശരീരത്തോട് ഒട്ടിച്ചേർന്നു—എൻെറ ഹൃദയത്തെപ്പോലെ! അപ്പോഴത്തെ എൻെറ മനസ്സിലെ ജലപാതം ജോഗയെയും കടത്തിവെട്ടി ! അവളുടെ മുഖത്ത് ഉലഞ്ഞുവീണിരുന്ന ഈറനായ മുടി പിന്നിലേക്കൊതുക്കുവാനുള്ള ധൈര്യം ഞാൻ കാണിച്ചു. കാമിനി ലജ്ജകൊണ്ടും സങ്കോചംകൊണ്ടും ചിരിച്ചു.

"പക്ഷേ എനിക്കെങ്ങും വേദനിച്ചില്ല."

"സത്യം ?" എൻെറ ശബ്ദം വിറപൂണ്ടിരുന്നു.

"ഉം. . . ."

"കാമിനീ — "

"ഉം ?"

"എന്നോടു ക്ഷമിക്കൂ" എന്നു പറഞ്ഞ്, എൻെറ കൈകളിലൊതുങ്ങിയിരുന്ന കാമിനിയുടെ ശരീരം ശക്തിയായി പിടിച്ച്, ആശ്ലേഷിച്ച്, അവളുടെ വിറപൂണ്ട ചുണ്ടുകളിൽ ചുംബിച്ചു.

ഉടൻ — അവൾ ചിരിച്ചുകൊണ്ട് എന്നെ തള്ളിമാറ്റി കാമദേവൻെറ അമ്പുപോലെ മുന്നോട്ടുപാഞ്ഞപ്പോൾ എനിക്ക് ഉണർവുണ്ടായി . . . . മുന്നോട്ടു പോകുവാൻ വേണ്ട ശക്തി എൻെറ പാദങ്ങൾക്കുണ്ടായിരുന്നില്ല. കാമിനിയുടെ തീക്ഷ്ണമായ ചിരി ജോഗയുടെ

ഘോംകാരത്തിൽ മുങ്ങിപ്പോയി.

ഞാൻ പിന്തിരിഞ്ഞുനോക്കിയപ്പോൾ , ദൃഷ്ടിപഥത്തിൽ അപ്പോൾ പ്രത്യക്ഷപ്പെട്ട സത്യേന്ദ്രനും രോഹിണിയും അവിടെത്തന്നെ നോക്കിക്കൊണ്ടുനിന്നിരുന്നു – ഞങ്ങളുടെ നേർക്ക്, ജലപാതത്തിൻെറ നേർക്ക്.

മുമ്പിൽ ദൂരെ ശ്രീകാന്തൻ നിൽപുണ്ടായിരുന്നു – കല്ലിൻെറ ആശ്രയത്തിൽ ഏകാകിയായി !

അവൻെറ പുറകിൽ ജലപാതം സാക്ഷിയായി – മഹാവിപ്ലവം നടന്നു.

ഞങ്ങളുടെ പിന്നിൽ, ഞങ്ങളുടെ സദ്വിവേകത്തിൻെറ കണ്ണുകളെപ്പോലെ സത്യേന്ദ്രനും രോഹിണിയും !

ആ നിമിഷം – എൻെറ പ്രാണൻ പെട്ടെന്നു കൂടുവിട്ടു പോയിരുന്നെങ്കിൽ നന്നായിരുന്നു എന്ന വിചാരം, ജോഗയിൽ കണ്ടിരുന്ന മാരിവില്ലുപോലെ, പ്രത്യക്ഷപ്പെട്ടു . . . . ഒരു നിമിഷം മാത്രം !

മനസ്സിൽ അഗാധഭീതി ! ! ! ഞാൻ ദിങ്മൂഢനായി അവിടെ, ആ കല്ലിൽ (കാമിനി തെന്നിയ കല്ലിൽ) പിടിച്ചുകൊണ്ടിരുന്നു.

വെള്ളത്തിൻെറ പ്രചണ്ഡപർവതം എൻെറ കൺമുമ്പിൽ ഉരുണ്ടു വീണുകൊണ്ടിരുന്നു ; അതേ വെള്ളത്തിൻെറ തുള്ളിമഴ ശരീരത്തിൽ; അതേ വെള്ളത്തിൻെറ പ്രവാഹം കാലടിയിൽ –

ശ്രീകാന്തൻ തിരിച്ചുവരുന്നു – കാമിനിയുമായി സംസാരിച്ചുകൊണ്ട്, അവളുടെ കൈപിടിച്ച്, വിളിച്ചുകൊണ്ടുവരുന്നു .

എൻെറ ഭയത്തിന് വ്യക്തമായ ഒരു രൂപം കൈവന്നു. കാമിനി ശ്രീകാന്തനോടു പറഞ്ഞാൽ ? . . . . എൻെറ മൂഢത്തം സത്യേന്ദ്രനും രോഹിണിയും കണ്ടിട്ടുണ്ടെങ്കിൽ . . . . ?

ശ്രീകാന്തൻ എന്നോടു വിളിച്ചു പറഞ്ഞു "it is tremendous ! ജോഗയുടെ അടിയിലിരുന്നു തപസ്സു ചെയ്താൽ ദിവ്യദർശനമുണ്ടാകാൻ എന്താണു തടസ്സം ? ദിവസം മുഴുവൻ ഇവിടെത്തന്നെ കഴിച്ചു കൂട്ടണമെന്നെനിക്കു തോന്നിത്തുടങ്ങിയിരിക്കുന്നു."

മനസ്സിലെ ഭയം കുറഞ്ഞു. കാമിനിയുടെ ഈറനണിഞ്ഞ മനോഹരമുഖത്ത് ഒരു മൃദുഹാസം തെളിഞ്ഞിരുന്നു. അതിൽ അസ്പഷ്ടമായ ഒരു ആശ്വാസം ഞാൻ കണ്ടു. എൻെറ ആ ഭ്രാന്തവും അന്തർപ്രചോദിതവുമായ ചുംബനം അവളുടെ ഹൃദയത്തിലെത്തിയിട്ടുണ്ടെങ്കിൽ മതി ! ആ അസ്പഷ്ടമായ ആശ്വാസത്തോടൊപ്പം സ്പഷ്ടമായ ശങ്കകളുമുണർന്നു. തീർച്ചയായും അവളുടെ ഹൃദയത്തിൽ എത്തിയിട്ടുണ്ടാവില്ലേ ആ മുത്തം ? അതോ ജോഗയുടെ തുഷാരമഴയാൽ മായ്ക്കപ്പെട്ട് താഴെ ഒഴുകുന്ന വെള്ളത്തിൽ വീണുപോയോ ?

*   *   *

എന്റെ ജീവിതത്തിൽ ആദ്യമായി ഞാൻ സ്വയം, സ്വന്തം ശക്തിയാൽ ഒരു 'കാര്യം' ചെയ്തു.

അതിനുമുമ്പ് — അതിനുശേഷവും ! — ജീവിത പ്രവാഹത്തോടൊപ്പം ഒഴുകുന്നുവെന്ന് എനിക്കു മനസ്സിലായി ! സ്വഭാവത്തിൽ ഞാൻ കർമ്മശീലനായ മനുഷ്യനല്ല. കൊടുങ്കാറ്റടിച്ചു കഴിയുന്നതു വരെ, ഏതു കാര്യം എങ്ങനെ ചെയ്യണമെന്നു വിചാരമില്ലാത്തവൻ. ഉണ്ടെങ്കിൽത്തന്നെ ആ കാര്യം ചെയ്യുവാൻ വേണ്ട മനോധൈര്യമില്ലാത്തവൻ . . . . കൊടുങ്കാറ്റ് എന്നെ എവിടേക്കോ പറത്തിക്കൊണ്ടുപോകുന്നു. പോകട്ടെ — എന്റെ അസ്തിത്വം കാത്തു സൂക്ഷിക്കുന്നതാണ് എന്റെ ധർമ്മം. മിക്കവാറും ഇതിലായിരിക്കും എന്റെ ശക്തി കുടികൊള്ളുന്നത്. പുറമെ കാണുന്ന ബലഹീനതയിൽത്തന്നെയായിരിക്കണം എന്റെ ആന്തരിക ശക്തി സ്ഥിതി ചെയ്യുന്നത്.

എന്റെ ജീവിതത്തിൽ ആദ്യമായി ഞാൻ സ്വന്തം ശക്തിയാൽ ഒരു 'കാര്യം' ചെയ്തു എന്ന് എഴുതിയല്ലോ. ഇത് സത്യമാണോ? അതോ തെറ്റിദ്ധാരണയോ ? ആ 'കാര്യം' ഞാൻ തന്നെയാണോ ചെയ്തത്? അതോ ജോഗയുടെ പ്രചണ്ഡശക്തിയും മനുഷ്യനിലെ പുരാതനമായ അഭിലാഷത്തിന്റെ ശക്തിയും ചേർന്ന് എന്നെക്കൊണ്ട് ആ കാര്യം ചെയ്യിച്ചതാണോ ?

പിന്നീട് എത്രയോ ദിവസം, ഞാൻ തെറ്റു ചെയ്തു എന്ന വിചാരം എന്റെ മനസ്സ് കാർന്നു തിന്നിരുന്നു. എങ്കിലും ഇത്തരം 'തെറ്റ്' ചെയ്യുവാനുള്ള ശക്തി എന്നിലുണ്ടല്ലോ എന്ന അഭിമാനവും ആനന്ദവും എനിക്കുണ്ടായിരുന്നു. എന്റെ 'ശക്തി'യുടെ മുന്നിൽ ഞാൻ തന്നെ ആശ്ചര്യചകിതനായിത്തീർന്നു !

ഞാൻ ആഫ്രിക്കയ്ക്ക് പോകാനൊരുങ്ങിയത് എന്റെ ജീവിതത്തിലെ രണ്ടാമത്തെ കാര്യമാണ്.

എല്ലാവരും വേണ്ടെന്നു പറഞ്ഞാലും, വീട്ടുകാർ തന്നെ 'നീ ഞങ്ങൾക്കു മരിച്ചപോലായി' എന്നു പറഞ്ഞാലും എന്റെ ഈ നിശ്ചയത്തിനിളക്കമില്ല.

ഇത്തരം ശക്തിയുടെ മൂലസ്ഥാനം എവിടെയാണ് ? ശരാവതി നദിക്കറിയാമോ — പല കൈവഴികൾ ഒഴുകിച്ചേർന്നതിനുശേഷം തന്നിൽ പ്രചണ്ഡശക്തിയുണ്ടാകുന്നുവെന്ന്.

പക്ഷേ എന്നിൽ ആ ശക്തിയുണരുവാൻ ഞാൻ വീണ ഒഴുക്ക് ഏതാണ് ?

ജോഗയുടെ ആ ഒഴുക്കിൽ തന്നെയാണോ എന്റെ ആത്മാവിന്റെ പ്രവാഹം രൂപം കൊണ്ടത് !

* * * *

അപ്പോൾ ഞാനൊരു യഥാർത്ഥ തെറ്റു ചെയ്തു. ഒരുതരം മിത്ര

ദ്രോഹം., സ്നേഹിതൻെറ അനുജത്തിയെ മോഹിച്ചത് മിത്ര ദ്രോഹമല്ല . . . . പക്ഷേ ഇക്കാര്യം അവനിൽ നിന്നൊളിച്ചു വച്ചത് മിത്ര ദ്രോഹമാണ്. 'എൻെറ ഹൃദയവും മനസ്സും നിൻെറ സ്വത്താണ്, നിൻെറ ഹൃദയവും മനസ്സും എൻെറ സ്വത്തും' എന്നു ഞങ്ങൾ സത്യം ചെയ്തു . . . . ഈ നിശ്ചയം ആദ്യമായി ഞാൻ തെറ്റിച്ചു ! ഇങ്ങനെ വ്രതഭംഗം ചെയ്യണമെന്ന വിചാരം രഹസ്യമായി എൻെറ മനസ്സിലുണ്ടായിരുന്നതു കൊണ്ടാണോ ശ്രീകാന്തൻ ജോഗയുടെ ഒഴുക്കിൽ ഏകാകിയാണെന്നെനിക്കു തോന്നിയത് !

ശ്രീകാന്തൻ കാമിനിയെയും രോഹിണിയെയും കൊണ്ട് ധാറവാഡയ്ക്കു പോയതിനുശേഷം, എഴുത്തിലൂടെ എൻെറ ഹൃദയം അവൻെറ മുമ്പിൽ തുറന്നു കാണിക്കണമെന്ന് ആദ്യം കരുതിയെങ്കിലും, അതു നടന്നില്ല. നിശ്ചയങ്ങൾ വിചാരങ്ങൾക്കടിപ്പെട്ട് ബലഹീനമാകുമെന്ന് ഹാംലെറ്റ് തൻെറ പ്രസിദ്ധമായ ഒരു സ്വഗതത്തിൽ പറഞ്ഞിട്ടുണ്ട് !

ഓ, അക്കാലത്തെ എൻെറ വിചാരങ്ങൾ സ്വഗതരൂപത്തിൽ അവതരിപ്പിച്ചാൽ എങ്ങനെയിരിക്കും ?

ശ്രീകാന്തനോടു പറയണമോ ? വേണ്ടയോ ? ശ്രീകാന്തൻ എൻെറ ആത്മസുഹൃത്താണ് — അതിനാൽ എൻെറ മനസ്സ് അവൻെറ മുമ്പിൽ തുറന്നു കാണിക്കുന്നതാണ് എൻെറ കർത്തവ്യം, പക്ഷേ ശ്രീകാന്തന് ഇക്കാര്യം ഇഷ്ടപ്പെടുകയില്ല. എൻെറ മനസ്സിന്മേൽ പൂർണമായ അധികാരം അവനുണ്ട്. അയാൾ എൻെറ ഹൃദയത്തിൻെറ ഡിക്റ്റേറ്ററാണ്. ഇങ്ങനെയിരിക്കെ, എൻെറ മനസ്സിൻെറ സ്വച്ഛന്ദവിഹാരം കണ്ട് അവൻ മുഷിയാതിരിക്കില്ല. അവൻ മുഷിഞ്ഞാൽ ഞങ്ങളുടെ ആദർശമോഹം തന്നെ തകർന്നുപോകാം. ഞങ്ങളുടെ സൗഹൃദം തകർന്നാൽ പിന്നെ എല്ലാം അവസാനിച്ചു — കാമിനിയും പോകും, ഞങ്ങളുടെ പ്രേമത്തിൻെറ കലിക കൊഴിഞ്ഞു വീഴും — ഒരുവേള അൽപം ഉദാരമതിയായി ശ്രീകാന്തൻ സമ്മതിച്ചാലും കുഴപ്പം ! ഓരോ പ്രാവശ്യം ഞാൻ അവൻെറ വീട്ടിൽ പോകുമ്പോഴും അവൻെറ മനസ്സിൽ സംശയമുണ്ടാകാതിരിക്കില്ല. 'ഗൗരീശൻ എന്നെ കാണാനല്ല ഇപ്പോൾ വരുന്നത് — കാമിനിയെ കാണാനാണ്' എന്ന്. അങ്ങനെ എന്നോടുള്ള സ്നേഹം സാവധാനം തിരിച്ചെടുത്തെന്നുവരാം ! . . . അവൻെറ സ്നേഹമില്ലെങ്കിൽ പിന്നെ എൻെറ ജീവിതം നശിച്ചതുതന്നെ. കാമിനിയെ കിട്ടിയാൽ തന്നെ, നഗരം ചുട്ടു ഭസ്മമാക്കി, നഗരത്തെ ജയിച്ചപോലെയാണ് !

ശ്രീകാന്തനോട് ഇപ്പോൾ തന്നെ പറയാനാവില്ല !

എന്നാൽ ഇനിയത്തെ വഴിയെന്താണ് ? ഞാനും കാമിനിയും തമ്മിൽ വിവാഹം കഴിച്ചാലുള്ള ബന്ധത്തെപ്പറ്റിയും ലാഭത്തെപ്പറ്റി

യുമുള്ള വിചാരങ്ങൾ ശ്രീകാന്തനുണ്ടാകത്തക്ക മട്ടിൽ പെരുമാറണം. കാമിനിയുമായി എനിക്കുള്ള അടുപ്പത്തിലെ 'ഭ്രാതൃ'സ്നേഹം കൊണ്ട് അവൻ തന്നെ വിചാരിക്കണം: 'ഗൗരീശനും കാമിനിയും തമ്മിൽ വിവാഹം കഴിച്ചാൽ എത്ര നന്നായിരുന്നു' എന്ന്. അങ്ങനെ ചിന്തിച്ച് അവൻ തന്നെ എന്നോടു സൂചിപ്പിച്ച്, താൽപര്യമെടുത്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു !

പക്ഷേ ഇത് 'കുടിലനീതി'യാവുകയില്ലേ ? യുദ്ധത്തിലും പ്രേമത്തിലും ഒരു നീതിക്കും പ്രതിഫലമില്ല ! — ഇതു കുടിലനീതിയല്ല ! — ഇനിമേൽ കാമിനിയോട് അധികം സ്നേഹവും അടുപ്പവും കാണിക്കുന്നത് കുടിലനീതിയല്ല ! ഇനിമേൽ — ഞാനൊരിക്കൽ അവളെ ചുംബിച്ചതിനു ശേഷം — അങ്ങനെ ചെയ്യാതെ ഗത്യന്തരമില്ല ! — മാത്രമല്ല, ഞങ്ങളുടെ ഇടയിൽ, എന്നു വച്ചാൽ എന്റെയും കാമിനിയുടെയും മധ്യേ — പരിചയം വളരേണ്ടിയിരിക്കുന്നു; സഹാനുഭൂതി ഉണ്ടാകേണ്ടിയിരിക്കുന്നു. വെറും മോഹത്തിനു ബലിയാകുന്നതിൽ അർഥമില്ല. പരസ്പരം മനസ്സിലാക്കണമെങ്കിൽ, ഭ്രാതൃസ്നേഹത്തെപ്പോലെയുള്ള സ്നേഹം അവശ്യമാണ് — സ്നേഹത്തോടെയുള്ള സഹവാസം അവശ്യമാണ് . . . കാമിനി ഇന്നും കൊച്ചുകുട്ടിയാണ് . . . ശാരീരികമായി വളർന്നിട്ടുണ്ടെങ്കിലും മനസ്സുകൊണ്ടും ബുദ്ധി കൊണ്ടും ഇന്നും കൊച്ചുകുട്ടിതന്നെയാണ് ! അവൾ എന്റെ ഭാര്യയാകണമെങ്കിൽ ഞങ്ങൾക്ക് വിചാരസാംഗത്യവും ഹൃദയത്തിന്റെ അടുപ്പവും ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനുവേണ്ടി ആ വഴിക്ക് അവൾക്കു മാർഗദർശനം നൽകണം. അവളുടെ വൈചാരിക വളർച്ചയുടെ ഭാരം ഏറ്റെടുക്കണം . . . . മാത്രമല്ല, കാമിനിയുടെ നിലപാട് ഇപ്പോഴും മനസ്സിലായിട്ടില്ല. എന്റെ ചുംബനം അവൾ ഇഷ്ടത്തോടെ സ്വീകരിച്ചോ ? അഥവാ — 'അഥവാ'യുടെ ചിന്ത പോലും എനിക്കു സഹിക്കാനാവുന്നില്ല—

എന്തായാലും ഈ മധ്യമാർഗമാണ് ഉചിതം. ഉചിതമോ അനുചിതമോ — ഈ വഴിയാണ് 'എന്റെ' വഴി !

ഈ രീതിയിലുള്ള സ്വഗതം ആ സന്ദർഭത്തിൽ എന്റെ മനോവേദിയിലുയർന്നിരുന്നു.

ഒടുവിൽ എന്റെ സ്വഗതത്തിന് ഒരു പ്രേക്ഷകനെ കണ്ടുപിടിക്കേണ്ടതായി വന്നു. സത്യേന്ദ്രൻ സന്തോഷത്തോടെ സമ്മതിച്ചു ! സത്യേന്ദ്രന്റെ മുന്നിൽ എന്റെ ഹൃദയഭാരം അനാവരണം ചെയ്യുവാൻ തുടങ്ങി . . . . പക്ഷേ അതിനുശേഷം സത്യേന്ദ്രന്റെ ഉപദേശത്തിന്റെ ഭാരം ഞാൻ സഹിക്കേണ്ടിവന്നു.

"നിങ്ങൾ രണ്ടുപേരും ഇപ്പോഴും കൊച്ചുകുട്ടികളാണ്. രണ്ടുമൂന്നു വർഷം ക്ഷമിക്ക്. അതിനുശേഷം നിങ്ങൾ രണ്ടുപേരും നിങ്ങളുടെ മനസ്സൊന്നു പരീക്ഷിച്ചു നോക്ക്. അവയിൽ എന്നിട്ടും പ്രേമം അവ

ശേഷിക്കുന്നുണ്ടെങ്കിൽ — well, go ahead . . . . അതുവരെ വായും പൂട്ടി മിണ്ടാതിരിക്ക് . . . . നീ ഭ്രാന്തുപിടിച്ച മോഹത്തിൻെറ ലഹരിയിൽ അവളെ ചുംബിച്ചു എന്നതു സത്യം. അതിൻെറ അർത്ഥം അവളോടു നിനക്കു പൂർണമായ പ്രേമമുണ്ടെന്നാകണമെന്നില്ല. ക്ഷണിക മോഹവും പ്രേമവും — ഇവ രണ്ടും പ്രത്യേകം പ്രത്യേകം കാര്യങ്ങളാണ് . . . . അവളുടേത് മുറ്റി വളരുന്ന യൗവനമാണ് . . . എന്തോ ഒരു ചൊല്ലുണ്ടല്ലോ — വളരുന്ന പെണ്ണിനു നിലം കാണുകയില്ല എന്ന് ! അവളുടെ മനസ്സ് അവൾക്കു തന്നെ മനസ്സിലാക്കുവാൻ രണ്ടു മൂന്നു വർഷങ്ങളെങ്കിലും വേണം . . . . അതുവരെ നിങ്ങളുടെ രണ്ടു പേരുടേയും പഠിത്തം നന്നായി നടക്കട്ടെ. ക്ലാസ്സു വാങ്ങി ജയിച്ച് നല്ല ജോലി സമ്പാദിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി നന്നായി പഠിക്ക്. എപ്പോഴെങ്കിലും കർമ്മ—ധർമ്മ—യോഗങ്ങൾ കൊണ്ട് നിങ്ങളുടെ രണ്ടുപേരുടെയും വിവാഹം നടന്നാൽ, നീ വീട്ടിൽ നിന്നു പുറത്താകേണ്ടിവരും, നിൻെറ സ്വന്തം കാലിൽ നിനക്കു നിൽക്കേണ്ടിവരും — അതിന് ഭേദപ്പെട്ട ശമ്പളമുള്ള നല്ലൊരു ജോലി ആവശ്യമാണ് . . . . ഇത്ര പെട്ടെന്ന് ഈ ഭ്രാന്ത്, ഈ പിശാച് തലയിലേറ്റേണ്ടാ . . . നീ ഇനിയും വളരേണ്ടിയിരിക്കുന്നു . . .”

സത്യേന്ദ്രൻെറ ഉപദേശത്തിൽ തീർച്ചയായും സാമാന്യ ബുദ്ധിയുണ്ടായിരുന്നു. കുൽക്കർണി ഹെഡ്മാസ്റ്ററുടെ മകനല്ലേ അവൻ !

ധാറവാഡയിൽ നിന്ന് എട്ടു ദിവസത്തിലൊരെണ്ണമെന്ന മട്ടിൽ ശ്രീകാന്തൻെറ കത്തു വന്നുകൊണ്ടിരുന്നു. ശ്രീകാന്തൻെറ പഠനവും മനനവും ചിന്തകളും അഭംഗുരം നടന്നിരുന്നതിനാൽ അവൻെറ കത്തുകളിൽ താത്വികവ്യാഖ്യാനങ്ങൾ വളരെയുണ്ടായിരുന്നു. കത്തു വന്നാലുടൻ ഞാൻ ആദ്യമായി ധൃതികാണിക്കുന്നത് ‘കാമിനി’ എന്ന വാക്കുണ്ടോ എന്നു നോക്കുവാനാണ്. അതിനുശേഷം കാമിനിയെപ്പറ്റിയുള്ള എല്ലാ വാചകങ്ങളും വായിക്കും. അതിനു ശേഷം, ഹൃദയമിടിപ്പ് കുറഞ്ഞതിനുശേഷം, കത്തു മുഴുവൻ വായിക്കുമായിരുന്നു. ഓരോ പ്രാവശ്യവും ഒരു തരം ഭയത്തോടുകൂടിത്തന്നെ കത്തു വായിച്ചിരുന്നു. കാമിനി ശ്രീകാന്തനോടു പറഞ്ഞിരിക്കുമോ?

‘കാമിനിയും രോഹിണിയും ഞാനും സസുഖം വന്നു ചേർന്നു.’ ‘കാമിനിക്ക് ട്രിപ്പ് വളരെ ഇഷ്ടപ്പെട്ടു. ഇപ്പോൾ എട്ടു ദിവസമായി — ജോഗയെക്കുറിച്ചുമാത്രമാണ് അവളുടെ വർത്തമാനം’. ‘കാമിനിയുടെ സ്വപ്നം മുഴുവൻ ഇപ്പോഴും ജോഗവെള്ളച്ചാട്ടത്തിൽ തന്നെയാണ്.’ ‘കാമിനി അവളുടെ സ്നേഹനമസ്കാരങ്ങൾ അറിയിക്കുന്നു.’

ഇത്തരം വാചകങ്ങൾ വായിക്കുമ്പോഴുള്ള എൻെറ മാനസികാവസ്ഥ വർണിക്കുവാൻ പ്രയാസമാണ്. കാണുമ്പോൾ വെറും

'സാധാരണ' വാക്യങ്ങളാണ്. പക്ഷേ ഞാൻ അവയ്ക്കു നൽകിയ അർഥം എൻെറ ഹൃദയപ്രേരിത കൽപനകളുമായി ബന്ധപ്പെട്ട താണ്! ശ്രീകാന്തൻെറ താത്വിക വ്യാഖ്യാനങ്ങൾ വായിക്കുമ്പോഴും, ഞാനും കാമിനിയും തമ്മിലുള്ള ബന്ധത്തിൻെറ അടിസ്ഥാനത്തിൽ വായിക്കുവാൻ തുടങ്ങി.

ശ്രീകാന്തൻ ഒരു കത്തിൽ എഴുതിയിരുന്നു.

"ജോഗയിൽ നിന്നു വന്നതിനു ശേഷം ജിജ്ഞാസ നൂറിരട്ടിയായി. ജീവിതത്തിൻെറ അർഥമെന്താണ്, ഉദ്ദേശ്യമെന്താണ് ? എന്ന ചോദ്യത്തിന് പ്രസക്തി വന്നിരിക്കുന്നു. ജീവിത മൂല്യങ്ങളെക്കുറിച്ചും ഞാൻ പരിശോധിച്ചു നോക്കി. ജോഗയിൽ നിന്നു വന്നതിനുശേഷം എൻെറ പ്രഥമ ചോദ്യം : സൗന്ദര്യമെന്നാൽ എന്താണ് ? ജോഗയുടെ 'സൗന്ദര്യം' എവിടെയാണു സ്ഥിതിചെയ്യുന്നത് ? — വൈജ്ഞാനിക ദൃഷ്ടിയോടെ വസ്തുനിഷ്ഠമായി നോക്കിയാൽ ജോഗജലപാതം വെറും വെള്ളമാണ് — H_2O! വാസ്തവം. പക്ഷേ ആ വെള്ളത്തി ൻെറ വീഴ്ച നമ്മുടെ മനസ്സിൽ 'പരിവർത്തനം' വരുത്തുന്നു. ആശ്ചര്യം, ആനന്ദം, അഗാധത, ഗൂഢത ! അപ്പോൾ നാം പറയും 'ആഹ ! എത്ര സുന്ദരം ആണ് വെള്ളച്ചാട്ടം !' എന്ന്. 'സൗന്ദര്യം എന്നാൽ എന്താണ് ?' അതു വെള്ളച്ചാട്ടത്തിലുണ്ടോ, നമ്മുടെ ഹൃദ യത്തിലുണ്ടോ, അതോ രണ്ടിലുമുണ്ടോ ?

(1) ജോഗവെള്ളച്ചാട്ടത്തിൽ 'എന്തോ' ഉണ്ട്. അതുകൊണ്ടു തന്നെ അതു നമ്മുടെ മനസ്സിൽ 'പരിവർത്തനം' സൃഷ്ടിക്കുന്നു.

(2) അതോടൊപ്പം നമ്മിലും 'എന്തോ' ഉണ്ട്. കാരണം ജന്തുക്കളിൽ ഈ പരിവർത്തനമുണ്ടാകുന്നില്ല, മനുഷ്യമനസ്സിൽ മാത്രമാണു ണ്ടാകുന്നത്.

ഇതിൽ നിന്നു മൂന്നു കാര്യങ്ങൾ വ്യക്തമാകുന്നു :

(i) ഭൂമിയിലെ വസ്തുക്കളും നമ്മുടെ മനസ്സും — ഇവ തമ്മിൽ ഒരുതരം ബന്ധമുണ്ട്.

(ii) ജീവിതമൂല്യങ്ങൾ നമ്മുടെ മനസ്സുമായി ബന്ധപ്പെട്ടിരിക്കു ന്നു. അതിനാൽ അവ ആത്മനിഷ്ഠമാണ്.

(iii) എന്നാൽ നാമും നമ്മുടെ ആത്മാവും ഈ ജഗത്തിൻെറ, പ്രപഞ്ചത്തിൻെറ ഭാഗമാണെന്നു കരുതിയാൽ മാത്രമേ ജീവിതമൂല്യങ്ങൾ വസ്തുനിഷ്ഠ വിഷയങ്ങളാണെന്നു പറ യാൻ കഴിയൂ . . . ."

ശ്രീകാന്തൻെറ ഇത്തരം വ്യാഖ്യാനങ്ങളുടെ അർഥം പൂർണമായും അന്നെനിക്കു മനസ്സിലായിരുന്നില്ല. ഞാൻ എൻെറ നിലവാരത്തിൽ ആലോചിച്ചിരുന്നു: 'കാമിനി സുന്ദരിയാണോ? കാമിനിയുടെ സൗ ന്ദര്യം എൻെറ മനസ്സിൻെറ തോന്നലാണോ? കാമിനിയുടെ സൗന്ദര്യം എന്നിൽ വരുത്തിയ 'പരിവർത്തനം' എന്താണ്? അവൾ എൻേറ

താകണമെന്ന സ്വാർഥ മോഹം ഉദയം ചെയ്തോ? സൗന്ദര്യത്തിനും ഇത്തരം മോഹത്തിനും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ ? സൗന്ദര്യത്തിനും പ്രേമത്തിനും തമ്മിലുള്ള ബന്ധമെന്താണ് ? . . . .'

എൻെറ പ്രശ്നങ്ങൾക്കു കഴിയുന്നത്ര വസ്തുനിഷ്ഠമായി രൂപം കൊടുത്ത് ഞാൻ കടലാസിലെഴുതിയിരുന്നു ! ശ്രീകാന്തൻ എൻെറ പ്രശ്നങ്ങൾ വായിച്ചു സന്തോഷിച്ചു. ആ പ്രശ്നങ്ങൾക്ക് ഉത്തരം നൽകുവാൻ അവൻ ശ്രമിച്ചിരുന്നു :

" . . . . നിൻെറ പ്രശ്നങ്ങളിൽ കാര്യമുണ്ട് . . . ." സൗന്ദര്യത്തിനും മനസ്സിലുണ്ടാകുന്ന 'ആനന്ദം' തുടങ്ങിയ ഭാവങ്ങൾക്കും അടുത്ത ബന്ധമുണ്ട് . . . . ഇത്തരം 'ആനന്ദ'ത്തിൻെറ അനുഭവം തനിക്കു നിരന്തരമായനുഭവപ്പെടട്ടെ എന്ന ആഗ്രഹം മനുഷ്യരിൽ ഉണ്ടാകുന്നതു സ്വാഭാവികം മാത്രമാണ് ! അതിൻെറ അർഥം ജോഗ ജലപാതത്തെ കീശയിലൊതുക്കിക്കൊണ്ട് അലഞ്ഞു നടക്കണമെന്നല്ല ! — സുന്ദരിയായ സ്ത്രീയെ വിവാഹം കഴിക്കുന്ന പുരുഷൻെറ ആനന്ദം 'ഈ സൗന്ദര്യത്തിൻെറ മേൽ എൻെറ ഉടമസ്ഥതയുണ്ട്' എന്ന സ്വാർഥബുദ്ധിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഗാൾഡ് വർത്തിൻെറ 'The man of property' എന്ന നോവലിൽ ഇതേ പ്രശ്നം ഉണ്ട് — സൗന്ദര്യവും ഉടമസ്ഥതയും. ഈ സംഘർഷത്തിൽ നിന്ന് ഉത്ഭൂതമാകുന്ന ദുഃഖം . . . .

സൗന്ദര്യവും പ്രേമവും ! സൗന്ദര്യത്തെ ഇഷ്ടപ്പെടുന്നത് സ്വാഭാവികമാണ് (എളുപ്പവും!) മാത്രമല്ല നാം ഇഷ്ടപ്പെടുന്ന വസ്തുക്കളിൽ നാം എപ്പോഴും സൗന്ദര്യം കാണുന്നു ! തന്മൂലം സൗന്ദര്യം — പ്രേമം ഇവ തമ്മിൽ നികട ബന്ധമുണ്ടെന്നു പറയുന്നതു തെറ്റാണ്......... ജനം ഈ തെറ്റ് എങ്ങനെ ചെയ്യുന്നുവെന്നറിയാമോ ? — ഗണിത രൂപത്തിൽ നമുക്കിങ്ങനെ പറയാം.

സൗന്ദര്യം = ആനന്ദം (വാസ്തവത്തിൽ ആനന്ദം 1)

പ്രേമം = ആനന്ദം (വാസ്തവത്തിൽ ആനന്ദം 2)

ഈ രണ്ട് ആനന്ദങ്ങളിലുമുള്ള വ്യത്യാസം, സാധാരണ മനുഷ്യർക്ക് മനസ്സിലാവുകയില്ല; അതുകൊണ്ട് സൗന്ദര്യത്തിനും പ്രേമത്തിനും നികടബന്ധം ആരോപിക്കുന്നു. മനസ്സിലായോ ?

ആനന്ദം 1 ആനന്ദം 2 ഇവയുടെ യഥാർഥ രൂപത്തെക്കുറിച്ച് ഞാനിനിയും സൂക്ഷ്മമായി പഠിച്ചിട്ടില്ല . . . ."

ശ്രീകാന്തൻെറ ഉത്തരം വായിച്ചപ്പോൾ എനിക്കുണ്ടായ വിചാരം വേറെയാണ്.

സൗന്ദര്യം = ആനന്ദം 1, പ്രേമം = ആനന്ദം 2, അതുകൊണ്ട് സൗന്ദര്യം + പ്രേമം = ആനന്ദം 1 + ആനന്ദം 2 . . . . അതുകൊണ്ട് എല്ലാം സൂത്ര രൂപത്തിൽ ചേർന്നാൽ, എൻെറ സ്വപ്നമെല്ലാം യാഥാർഥ്യമായാൽ കാമിനിയും ശ്രീകാന്തനും എന്നോടൊപ്പമുണ്ടായാൽ

കാമിനി + ശ്രീകാന്തൻ = (സൗന്ദര്യം + പ്രേമം) + സ്നേഹം = ആനന്ദം1 + ആനന്ദം2 + ആനന്ദം3 = സച്ചിദാനന്ദം = സ്വർലോകം !

ഈ ഭ്രാന്തൻ വിചാരങ്ങൾ ഞാൻ ഒരു കടലാസിൽ കുറിച്ചുവച്ചു. ആ കടലാസ്സ്, ഇപ്പോഴും എന്റെ കൈവശമുണ്ട്.

"നീ എഴുതിക്കൊണ്ടിരിക്കുന്നത് എനിക്കു വായിക്കാമോ?" ഇന്നു സത്യേന്ദ്രൻ ചോദിച്ചു. നാലഞ്ചു ദിവസങ്ങളായി ഞാൻ അവന്റെ വീട്ടിൽ പോകാതിരുന്നതുകൊണ്ട് എന്റെ ക്ഷേമമന്വേഷിക്കാൻ വന്നതായിരുന്നു അവൻ.

"ദയവുചെയ്ത് ഇപ്പോൾ വേണ്ട."

"എന്തുകൊണ്ട് ?"

"ഇപ്പോൾ വേണ്ട . . . . ഇപ്പോൾ വായിച്ചാൽ നിന്റെ അഭിപ്രായങ്ങളുടെയും ഉപമേയങ്ങളുടെയും വലയിൽ ഞാൻ വീഴേണ്ടി വരും . . . . നീ വെറുതെ വായിച്ച് , ഒന്നും മിണ്ടാതെ പോയാലും, അതു നിന്നിലുണ്ടാക്കിയ അഭിപ്രായത്തെക്കുറിച്ച് എന്റെ മനസ്സിൽ വിചാരങ്ങളുണ്ടാകാതിരിക്കുകയില്ല . . . എനിക്കിപ്പോൾ . . . . (ക്ഷമിക്കണം) . . . . എല്ലാ പ്രഭാവങ്ങളിൽ നിന്നും മുക്തനാകണം. . . . വേണമെങ്കിൽ, ഞാനിതു പൂർത്തിയാക്കിയതിനു ശേഷം, ആഫ്രിക്കയിലേക്കു പോകുന്നതിനു മുമ്പ് നിനക്കു തന്നിട്ടു പോകാം."

"നിന്റിഷ്ടം പോലെയാകട്ടെ." സത്യേന്ദ്രൻ നിരാശയിൽ പൊതിഞ്ഞ ഒരു ചിരി ചിരിച്ചു . . . .

"അതിരിക്കട്ടെ. നിന്റെ അച്ഛന്റെ ഒരെഴുത്ത് എനിക്കു വന്നിട്ടുണ്ട്."

"എന്റെ അച്ഛന്റെ എഴുത്തോ?" ആശ്ചര്യത്തോടെ ഞാൻ ചോദിച്ചു.

"അതെ. ആഫ്രിക്കയിലേക്കു പോകുന്നതിനുമുമ്പ് നീ ഒരു പ്രാവശ്യം സിർസിയിലേക്കു ചെല്ലണമെന്നാണ് അവരുടെ ആഗ്രഹം . . . . നിന്റെ അമ്മ വളരെ നിർബന്ധിക്കുന്നത്രേ . . . . അവർ പറഞ്ഞ വാക്കുകളും, എഴുതിയ കത്തുകളും നീ മറക്കണമെന്നാണ് നിന്റെ അച്ഛന്റെ അപേക്ഷ."

ഞാൻ മറുപടി പറഞ്ഞില്ല. കുറച്ചു സമയത്തിനുശേഷം സത്യേന്ദ്രൻ ചോദിച്ചു, "എന്ത് ? പോകുന്നോ ഇല്ലയോ ?"

"ആലോചിക്കണം."

"ആലോചിക്കണം ! ഹും — ഇതിൽ തന്നെ പോയി നിന്റെ ജീവിതം മുഴുവൻ — ആലോചന, ആലോചന, ആലോചന — എല്ലാറ്റിനും ആലോചന ! ഉറങ്ങിപ്പോയാൽ ഉണർന്നെഴുന്നേൽക്കാൻ ആലോചന, എഴുന്നേറ്റാൽ കിടക്കാൻ ആലോചന . . . . നീ ഒരിക്കലെങ്കിലും ജീവിതത്തിൽ പെട്ടെന്നൊരു തീരുമാനമെടുത്തിട്ടുണ്ടോ ?"

"എന്തുകൊണ്ട് — ആഫ്രിക്കയ്ക്കു പോകാനുള്ള തീരുമാനം ഞാൻ ആണ് എടുത്തിരിക്കുന്നത് — നീയല്ല."

"നീയെടുത്തിട്ടില്ല ഗൗരീശാ, നിന്റെ വിധി എടുത്തു ! നൈറോബി സ്കൂളുമായി ബന്ധപ്പെട്ട ഒരു സേട്ടിന്റെ മകനെ പരിചയപ്പെട്ടു — കർമ്മസംയോഗം ! അവിടെ നല്ല — വ്യാവഹാരിക ദൃഷ്ടിയിൽ നല്ല — ജോലി കിട്ടി. ആ സേട്ടിന്റെ മകൻ — അവന്റെ പേരെന്താ, ങാ ഥഡാനി — നിന്നിൽ ശക്തിയായ സ്വാധീനം ചെലുത്തിയില്ലെന്നു നിനക്കു ഖണ്ഡിതമായി പറയാമോ ?"

"ഒരു കണക്കിനു നീ പറയുന്നതു ശരിയാണ്. പക്ഷേ ഥഡാനി വെറും catalytic agent മാത്രമാണ് — മധ്യസ്ഥൻ. അല്ലേ ?"

"അതെന്തെങ്കിലുമാകട്ടെ. നിന്റെ കാര്യം നോക്കി നടക്കണം. വീട്ടിൽ പോയി എല്ലാരുടെയും അനുഗ്രഹം വാങ്ങി വന്നതിനുശേഷം നിനക്കിഷ്ടമുള്ളിടത്തു പോകാമല്ലോ."

"അനുഗ്രഹം ! എല്ലാം അവസാനിച്ചതിനു ശേഷം എന്തനുഗ്രഹം ?"

"നിന്റെ ഇത്തരം നിരാശാജൽപനങ്ങൾ മതിയാക്ക്."

"നിരാശ ? അല്ല. എനിക്ക് ആശയുമില്ല, നിരാശയുമില്ല . . . . വരുന്നതുവരട്ടെ എന്ന സ്ഥിതപ്രജ്ഞമാത്രം !"

"ഹായ് സ്ഥിതപ്രജ്ഞ ! Buck up ! . . . . . ങാ അതേ സ്ഥിതപ്രജ്ഞയോടുകൂടി ഒരു പ്രാവശ്യം സിർസിയിൽ പോയി വരൂ; നോക്കട്ടെ."

"ആലോചിക്കാം . . . ."

"ധാറവാഡയ്ക്കും പോയി കാമിനിക്കും ഗുഡ്ബൈ പറഞ്ഞു വാ — വേണമെങ്കിൽ ! നീ സ്ഥിതപ്രജ്ഞനല്ലേ ? നിനക്ക് അതുകൊണ്ട് ലാഭമില്ല, നഷ്ടമില്ല — സുഖമില്ല ദുഃഖമില്ല !"

ഞാൻ വെറുതെ ജനലിനു പുറത്ത് ആകാശത്തേക്കു ദൃഷ്ടി പായിച്ചു.

* * * *

"ലാഭമില്ല, നഷ്ടമില്ല — സുഖമില്ല, ദുഃഖമില്ല !" അപ്പോൾ എത്ര മാത്രം സുഖമുണ്ടായിരുന്നു !

എത്രമാത്രം ദുഃഖമുണ്ടായിരുന്നു ! പക്ഷേ ആ ദുഃഖത്തിൽ ഒരുതരം മധുരമുണ്ടായിരുന്നു — അർത്ഥമുണ്ടായിരുന്നു . . . .

എനിക്ക് ഇൻറർ സയൻസിന് സെക്കൻഡ് ക്ലാസ്സ് കിട്ടി. വെറും 50 ശതമാനം ഗുണം. എൻജിനീയറിങ്ങിനു പ്രവേശനം കിട്ടിയില്ല. പുറത്തെവിടെയെങ്കിലും ശ്രമിച്ചിരുന്നെങ്കിൽ പ്രവേശനം ലഭിക്കാമായിരുന്നു. പക്ഷേ ആ വഴിക്ക് ശ്രദ്ധിച്ചില്ല. മാത്രമല്ല എന്നെ ധാറവാഡയിൽ തന്നെ നിറുത്തുവാൻ ദൈവത്തിന് എന്തോ ഉദ്ദേശ്യമുണ്ടെന്നു ഞാൻ കരുതി. ബി.എസ്സി കഴിഞ്ഞാൻ ബി. ടെക്കിനു

പോകാമല്ലോ എന്ന് എൻെറ വിവേക ബുദ്ധിയെ തൃപ്തിപ്പെടുത്തി ജൂണിയർ ബി.എസ്സിക്കു ചേർന്നു. പുറത്ത് ആളുകളെ കാണിക്കുവാൻ മാത്രം നിരാശ . . . . എൻജിനീയറിങ്ങിനു പ്രവേശനം ലഭിച്ചില്ലെന്ന്. മനസ്സിൽ ഒരു തരം സമാധാനം ! — ശ്രീകാന്തനെ വിട്ട് — അല്ല ശ്രീകാന്തനെയും കാമിനിയെയും വിട്ട് — പോവുക എന്നു പറഞ്ഞാൽ ജീവിതത്തെ സംബന്ധിച്ച കാര്യമാണ്. ഇപ്പോൾ ധാറവാഡയിൽത്തന്നെ ഞാൻ നിൽക്കുന്നതു കൊണ്ട്, സഹവാസബന്ധങ്ങളുടെ വളർച്ചയ്ക്ക് നല്ല സാഹചര്യമാണ് . . . യോഗായോഗങ്ങൾ !

ശ്രീകാന്തന് ബി .ഏ പരീക്ഷയിൽ ഫസ്റ്റ്ക്ളാസ്സ് കിട്ടി. യൂണിവേഴ്സിറ്റിയുടെ ഒന്നുരണ്ടു ബഹുമതിയും കിട്ടി.

"ഇതിൻെറ ക്രെഡിറ്റ് നിനക്കാണ് തരേണ്ടത്, ഗൗരീശാ" എന്ന് ശ്രീകാന്തൻ കവിളത്തു തട്ടിക്കൊണ്ടു പറഞ്ഞു. "നിൻെറ സഹായവും പ്രോത്സാഹനവും ഇല്ലായിരുന്നെങ്കിൽ എന്നെക്കൊണ്ട് പഠിക്കുവാനേ കഴിയുമായിരുന്നില്ല."

ശ്രീകാന്തൻെറ ചിറ്റപ്പൻ അവനെ ഇംഗ്ലണ്ടിലേക്കയയ്ക്കുവാൻ (പണം കടം കൊടുത്ത്) തയ്യാറായി . 'എം.ഏ കഴിഞ്ഞിട്ട് ആലോചിക്കാം' എന്നു പറഞ്ഞ് സ്വാഭിമാനിയായ ശ്രീകാന്തൻ അവരുടെ ഉദാരതയ്ക്ക് അവസരം കൊടുത്തില്ല.

"എല്ലാറ്റിനെയുംകാളാദ്യം ജിവിതത്തിന് അടിത്തറ പണിയണം . . . ." ഇതാണ് ശ്രീകാന്തൻെറ ഉദ്ദേശ്യം.

ജീവിതത്തിൻെറ അടിത്തറ എന്നാൽ പ്രേമം ആണ് എന്ന് ഉത്തരം നാവിൻതുമ്പത്തു വന്നു.

"നിൻെറ സ്വന്തം തത്വജ്ഞാനത്തിനു രൂപം കൊടുക്കുവാൻ വളരെ വർഷം പിടിച്ചാൽ —" ഞാൻ പറഞ്ഞു.

"വേണ്ടത്ര വർഷം എടുക്കട്ടെ ! പക്ഷേ എൻെറ തത്വജ്ഞാനത്തിൻെറ രൂപരേഖ മനസ്സിലാക്കുവാൻ അധികം കാലം വേണ്ടിവരില്ല. ഒന്നു രണ്ടു വർഷങ്ങൾക്കുള്ളിൽ അതു സ്വയം വ്യക്തമാകാതിരിക്കില്ല."

കാമിനിയുടെ മെട്രിക് പഠിത്തം നന്നായി നടന്നു. സ്വയംകേന്ദ്രിതനായ ശ്രീകാന്തൻ അവളുടെ പഠിത്തത്തിൽ ശ്രദ്ധിച്ചില്ല.

"ഗൗരീശാ, നീയെങ്കിലും നമ്മുടെ കാമിനിയെ അൽപം സഹായിക്ക്" എന്ന് അവരുടെ അമ്മ സരളാമാംശി പറഞ്ഞപ്പോൾ ആനന്ദം കൊണ്ടെൻെറ ഹൃദയം പടഹമടിച്ചു.

ശ്രീകാന്തൻെറ വീട്ടിൽ ഞാൻ ദിവസവും പോകാൻ തുടങ്ങി. അപ്പോൾ തല നിറയെ എപ്പോഴും നീളാംജന നൃത്തം ! അസംഖ്യം കിനാവുകൾ, അഭിലാഷങ്ങൾ, ആഗ്രഹങ്ങൾ, സംശയങ്ങൾ ഇവ കൺനിറയെ നിൽക്കുന്ന കാലം . . . ഇന്നു കാമിനിയെ ജ്യോമെട്രി പഠിപ്പിക്കുമ്പോൾ അവളുടെ കൈയിൽ എൻെറ കൈ വയ്ക്ക

ണം . . . . 'നിങ്ങൾ പഠിപ്പിച്ചത് എനിക്ക് ഒന്നും മനസ്സിലായില്ല. ഒരിക്കൽ കൂടി പഠിപ്പിക്കൂ — എൻെറ തല നിറയെ ചേറായിരിക്കണം . . . .'എന്ന് മുഖം ചുളുക്കി പറഞ്ഞപ്പോൾ ഉണ്ടായ കള്ളദൈന്യം ഇന്ന് എത്ര നാടകീയമായിരുന്നു. 'അത് എനിക്ക് വളരെ ഇഷ്ടമാണ്' എന്ന് ഞാൻ പറഞ്ഞപ്പോൾ അവൾ ചിരിച്ച രീതി, ചിരിക്കുശേഷം എൻെറ നേർക്ക് സൂക്ഷിച്ചു നോക്കിയ രീതി ഇവയൊക്കെ എത്ര മനോവേധകമായിരുന്നു, അർഥസൂചകമായിരുന്നു . . . . അവളുടെ സൂക്ഷ്മദൃഷ്ടിയിൽ വാസ്തവത്തിൽ എന്തെങ്കിലും ഉണ്ടായിരുന്നോ ? . . . . അവളുടെ ചുണ്ടുകൾ ലാനാ ടെർണറിൻേറതു പോലെയല്ലേ ! അവൾക്ക് സാരിയാണോ സ്ക്കർട്ടാണോ അധികം ഇണങ്ങുന്നത് ? . . . . ഇന്ന് ഗുരുനാഥ് വന്നപ്പോൾ കാമിനി മുടി എന്തുകൊണ്ടാണ് വക്ഷസ്ഥലത്തിട്ടത് ? ഇന്ന് ഗോപാലൻ വന്നപ്പോൾ അവളുടെ വാക്കുകളിൽ ഉത്സാഹം എന്തു കൊണ്ടുവന്നു ? ഗോപാലൻ എത്ര അനായാസമായി അവളുടെ മുഖസ്തുതി പറയുന്നു ! 'കാമിനീ, നീ എന്തുകൊണ്ടു ഡാൻസു പഠിക്കുന്നില്ല ?' എന്ന് എത്ര സ്വാഭാവികമായി അയാൾ ചോദിച്ചു ! 'നിന്നിൽ ആ കലയുണ്ടെന്നു ഞാൻ നെഞ്ചിൽ കൈവച്ചു പറയാം . . . .' ഗോപാലനെപ്പോലെ വ്യക്തമായി സ്തുതി പറയാൻ എനിക്കെന്തു കൊണ്ടു കഴിയുന്നില്ല ? ഗോപാലൻ അവളെ ആകർഷിച്ചിട്ടുണ്ടോ ? ശ്രീകാന്തൻ അവളുടെ കാര്യത്തിൽ അത്ര താൽപര്യം എന്തുകൊണ്ടു കാണിക്കുന്നില്ല ? കാമിനിയെ ഒരിക്കൽ കൂടി ചുംബിക്കണം— അതെ, പക്ഷേ എങ്ങനെ ? ആ ധൈര്യം ഇനിയൊരിക്കൽ കിട്ടുന്ന ദിവസം . . . ശ്രീകാന്തൻ കോളേജിൽ നിന്നു വരുന്നതിനു മുമ്പു തന്നെ അവരുടെ വീട്ടിൽ പോയി കാമിനിയോടു സംസാരിക്കണം . . . . പക്ഷേ . . . .

തലയിലുദിച്ച വിചാരങ്ങൾ മുഴുവൻ ഒരേ കേന്ദ്രത്തിൽ തന്നെ എത്തിച്ചേർന്നിരുന്നു. അപ്പോൾ !

ശ്രീകാന്തകേന്ദ്രത്തോടൊപ്പം മഹത്വമുള്ളതായിത്തീർന്നു കാമിനീകേന്ദ്രവും !

ഒരു ദിവസം വൈകിട്ട് ഞാൻ ശ്രീകാന്തൻെറ വീട്ടിൽ ചെന്നപ്പോൾ അയാൾ വീട്ടിലുണ്ടായിരുന്നില്ല. ഒരു നേതാവിൻെറ കൂടെ എവിടെയോ പോയിരിക്കുകയായിരുന്നു, ചർച്ചയ്ക്ക്. ഈയിടെയായി അയാൾക്ക് എം.എൻ. റോയിയുടെ തത്വജ്ഞാനം അൽപം ഇഷ്ടപ്പെടാൻ തുടങ്ങിയിരുന്നു . . . .

"കാമിനീ, എന്തെങ്കിലും ഡിഫിക്കൽടീസ് ഉണ്ടോ?" ഞാൻ ചോദിച്ചു.

"വിശേഷിച്ചൊന്നുമില്ല . . . . അണ്ണൻ ഇവിടെ ഇല്ല. എങ്കിലും ഇവിടെ ഇരിക്കുന്നതു കൊണ്ട് വിരോധമൊന്നുമില്ല."

"താങ്ക്സ്" . . . . എന്റെ മനസ്സിൽ സന്തോഷം തോന്നി.

കാമിനി വർത്തമാനം പറയാൻ തുടങ്ങി. അവളുടെ വിദ്യാലയവും, അവിടത്തെ അദ്ധ്യാപകരും കൂട്ടുകാരികളുമായിരുന്നു സംഭാഷണ വിഷയം.

"കാമിനീ, ഇന്നലെ നിങ്ങളുടെ സ്കൂളിലെ ഡ്രായിങ് മാസ്റ്റർ നിന്നോടു സംസാരിച്ചുകൊണ്ടു നിൽക്കുന്നതു കണ്ടു . . . ."

"എവിടെ വച്ച് ?"

"സിൽവർ ജൂബിലി ക്രോസിനടുത്തു വച്ച് . . . ."

"പിന്നെ?"

"അല്ല. അങ്ങനെ പറയുകയായിരുന്നു . . . . അയാൾ എന്താണു പറഞ്ഞത് ?"

"എന്താ ഇത്ര താൽപര്യം ?"

"അല്ല — ആളുകൾക്ക് അവനെപ്പറ്റി അത്ര നല്ല അഭിപ്രായമില്ല."

"ആളുകൾ വേണ്ടതെന്താ പറയുന്നത് ?"

"എന്നാലും വെറും വെറുതെ ആളുകൾ ഒന്നും പറയാൻ പോവുകയില്ല — കാരണമില്ലാതെ . . . . എന്നാലും നിന്നോടയാൾ പറഞ്ഞതെന്താണ് ? . . . . പറയില്ലേ ?"

അവൾ എന്നെ സൂക്ഷിച്ചുനോക്കി ചിരിച്ചു. ആ ചിരിയിൽ എന്റെ താൽപര്യത്തെക്കുറിച്ച് ജുഗുപ്സയുണ്ടായിരുന്നോ, അതോ എന്റെ കുതൂഹലത്തെക്കുറിച്ചു കുതൂഹലം തന്നെയുണ്ടായിരുന്നോ ?

"എന്റെ പഠിത്തം എങ്ങനെയുണ്ടെന്നു ചോദിച്ചു."

"നീ എന്തു പറഞ്ഞു ?"

"നല്ല ക്രോസ് എക്സാമിനേഷനാണല്ലോ നിങ്ങളുടേത് . . . ." കാമിനി വീണ്ടും ചിരിച്ചു.

"അതിലെന്താണു തെറ്റ് ?"

അങ്ങനെയല്ല — ഞാനദ്ദേഹത്തോടു പറഞ്ഞു, എന്റെ പഠിത്തം സാധാരണ മട്ടിൽ നടക്കുന്നു. എന്റെ അണ്ണന്റെ പരമഭക്തൻ — അല്ല, സ്നേഹിതൻ —ശ്രീമാൻ ഗൗരീശറാവു ഉപാസനിയദ്ദേഹം എനിക്ക് അപ്പപ്പോൾ തന്റെ അമൂല്യമായ സഹായം നൽകുന്നു. . . ." കാമിനിയുടെ നാടകീയത എന്തു കൊണ്ടോ എന്നിൽ സങ്കോചമുണ്ടാക്കി.

"പിന്നീട് ?"

"ഇനിയും തൃപ്തിയായില്ലേ ? . . . . അതിനുശേഷം അദ്ദേഹം പറഞ്ഞു. 'ഞാൻ കുന്ദാകുമരേകയ്ക്ക് ട്യൂഷൻ കൊടുക്കുന്നുണ്ട് — നിങ്ങളുടെ കോളനിയിൽ തന്നെ. വേണമെങ്കിൽ നിനക്കും വന്നു പഠിക്കാം. ഞാൻ നിന്നോടു ഫീസൊന്നും വാങ്ങിക്കുകയില്ല' എന്ന്."

"ഫീസ് വാങ്ങാതെ അവൻ പിന്നെ എന്തു വാങ്ങാമെന്നു പറഞ്ഞു ?"

ഞാനറിയാതെ തന്നെ എൻെറ വാക്കിൽ വ്യംഗ്യാർത്ഥം വന്നു.

കാമിനിക്ക് കോപം വന്നു. അവൾ മറുപടിയൊന്നും പറയാതെ അടുത്തുണ്ടായിരുന്ന ഒരു പുസ്തകം എടുത്ത് വായിക്കുന്നതായി നടിച്ചു.

"എനിക്ക് തെറ്റു പറ്റി . . . . എന്തെങ്കിലും ഡിഫിക്കൽറ്റീസ് ഉണ്ടെങ്കിൽ പറയൂ".

"ഒന്നുമില്ല." കാമിനി കണ്ണുയർത്താതെ പറഞ്ഞു. അവളുടെ തണുത്ത ശബ്ദം എൻെറ മനസ്സു നോവിച്ചു . . . .

"എങ്കിൽ ഞാൻ പെയ്ക്കോട്ടെ ?"

"പൊയ്ക്കോളൂ."

എൻെറ തല തരിച്ചു. പെൺകുട്ടികളുമായി സല്ലപിക്കുന്ന കലയും, അവരുടെ കോപവും പിണക്കവും ഇല്ലാതാക്കുന്ന വിദ്യയും എനിക്കിനിയും അറിയില്ല. ഞാൻ എൻെറ മനസ്സിനെ പഴിച്ചുകൊണ്ട്, ജഡമായിത്തീർന്ന കാലുകൾ വലിച്ചിഴച്ചുകൊണ്ട് അവരുടെ വീട്ടിൽ നിന്നു പുറപ്പെട്ടു. വാതിലിനു പുറത്തു കാൽകുത്തിയപ്പോൾ 'കാമിനീ, ക്ഷമിക്കൂ, തെറ്റിദ്ധരിക്കരുത് ' എന്ന വാക്കുകൾ വായിൽ തന്നെ വന്ന് അടങ്ങിപ്പോയി.

അന്നത്തെ എൻെറ ഏകാന്ത സവാരിയും, രാത്രിയിൽ എനിക്കനുഭവപ്പെട്ട അസ്വസ്ഥതയും പശ്ചാത്താപവും കുറച്ചൊന്നുമായിരുന്നില്ല. ഏതോ അസ്പഷ്ടമായ ഭയവും സംശയവും എൻെറ മുറിയിൽ ഭൂതത്തെപ്പോലെ ചലിച്ചു കൊണ്ടിരുന്നു . . . .

പക്ഷേ എൻെറ ദുഃഖത്തിൽ ഒരുതരം പരിമളവുമുണ്ടായിരുന്നു, പ്രേമത്തിൻെറ ചന്ദനത്തിരി എരിഞ്ഞുകൊണ്ടിരുന്നു !

* * *

ദീപാവലി അവധിക്ക് ഞാൻ സിർസിയിലേക്കു പോയപ്പോൾ കാമിനി കുംദാ കുമഠേകയുടെ വീട്ടിൽ പഠിക്കുവാനായി പോകുവാൻ തുടങ്ങി. ഞാൻ ധാറവാഡയിൽ തിരിച്ചെത്തിയതിനു ശേഷം ഇക്കാര്യം എനിക്ക് മനസ്സിലായി.

അപ്പോൾ എനിക്കനുഭവപ്പെട്ട വേദന കുറച്ചൊന്നുമല്ല !

പ്രേമം, റോമിയോ—ജൂലിയറ്റുമാരുടെ പ്രേമത്തെപ്പോലെ സരളവും ശുദ്ധവുമായ മാർഗത്തിലൂടെ മുന്നേറണമെന്നായിരുന്നു എൻെറ ഇപ്പോഴത്തെ വിചാരം. പ്രേമം ദിവ്യമായ ഒരു വിചാരമാണ്; അത് മനോഹരമായിരിക്കണം, സുഗമമായിരിക്കണം, ആദർശാത്മകമായിരിക്കണം. പ്രേമത്തിൻെറ വഴി വെളുത്തവാവിൻ നാളിലെ മല്ലികയുടെ വഴിയാണ്. ആ വഴി നിറയെ നക്ഷത്രദീപങ്ങൾ . . . . ആ മാർഗത്തിൽ അസ്വസ്ഥതയ്ക്കും ദുഃഖത്തിനും വേദനയ്ക്കും നിരാശയ്ക്കും സ്ഥാനമുണ്ടാകാൻ പാടില്ല . . . . മരണം സംഭവിച്ചാൽ പോലും വിരോധമില്ല ; ആ മാർഗത്തിലെ മരണമെന്നു പറഞ്ഞാൽ അന

ന്തതയാണ് ! . . . .

കാമിനിയുടെ പെരുമാറ്റം എന്നെ വേദനിപ്പിച്ചു. ഇത്തരം വേദന എനിക്കപ്പോൾ പുതിയതായിരുന്നു ! ആ വേദനയുടെ പ്രഹരമേറ്റ് എന്റെ മനസ്സിൽ അസ്വാസ്ഥ്യതയുണ്ടായി, ദിക്ക് തിരിച്ചറിയാൻ വയ്യാതായി. എന്റെ ദുഃഖം തുറന്നു കാണിച്ചാൽ തന്നെ ആരുടെ മുന്നിൽ ? ശ്രീകാന്തനാണെങ്കിൽ എന്റെ മനസ്സിലെ നാടകത്തെ ക്കുറിച്ചുള്ള അറിവു പോലുമില്ല . . . . അപ്പോൾ ഞാൻ ഒരു പഴയ നോട്ടുബുക്കിന്റെ അവസാനത്തെ പേജിൽ ഇങ്ങനെ കുറിച്ചിട്ടി രുന്നു.

"കാ . . . . കാ . . . . കാ . . . . നീയെന്താണിങ്ങനെ ചെയ്തത് ? നീ എന്തിന് ആ മാസ്റ്ററുടെ, അല്ല സർപ്പത്തിന്റെ സമീപം പോ യി ? . . . . ഞാനിത്രയൊക്കെ പറഞ്ഞിട്ടും നീ പോയത് . . . . എന്നെ അപമാനിക്കലല്ലേ ?.........

"കാ — നിന്റെ സ്നേഹത്തിന്റെ പേരിൽ, അല്ല നിന്റെ സ്നേ ഹത്തോടെയുള്ള ഒരു വാക്കിന്റെ, ഒരു നോക്കിന്റെ പേരിൽ എന്റെ ജീവിതം തന്നെ വലിച്ചെറിയാൻ ഞാൻ തയാറായിരുന്ന പ്പോൾ — നിന്നെ പൂവിനെപ്പോലെ എന്റെ ഹൃദയത്തിന്റെ ഉള്ളം കൈയിൽ വച്ചു രക്ഷിക്കുവാൻ ഞാൻ ഒരുങ്ങിയപ്പോൾ — നീ ഇങ്ങ നെ, എന്റെ വാക്കിനു വില കൽപിക്കാതെ, ഒരു ഭയങ്കര സിംഹ ഗുഹയ്ക്കു സമീപം, വേണമെന്നു തന്നെ കരുതി പോകാമോ?. . . അയ്യോ, ഏതോ പേരില്ലാത്ത ഒരുഭൂതം എന്റെ ഹൃദയത്തെ കശ ക്കുന്നല്ലോ ! . . . ."

ഇപ്പോൾ എന്റെ ഈ വാക്കുകളും ഈ ഭാവലഹരികളും ഹാസ്യാ സ്പദമായി തോന്നുന്നു !

എന്തു കൊണ്ട് ?

മനസ്സു വളർന്നതാണോ ? അനുഭവം കൂടുതലായതാണോ ? നാം അധികമധികം വളർന്നാൽ നമ്മുടെ ഗതകാലം ഇതുപോലെ ഹാസ്യാസ്പദമായി തോന്നുമോ ? ഇതേ വാദപ്രകാരം ഒരു ദേ വന്റെ ദൃഷ്ടിയിൽ, ഒരു അതിമാനവന്റെ ദൃഷ്ടിയിൽ മനുഷ്യരുടെ എല്ലാ പ്രവൃത്തികളും നിസ്സാരവും ഹാസ്യാസ്പദവും അജ്ഞത യുമായി തോന്നുകയില്ലേ ?

മനുഷ്യന്റെ വളർച്ച = ഹാസ്യാസ്പദ വസ്തുക്കളുടെ മണ്ഡല ത്തിന്റെ വളർച്ച !

ഈ സമീകരണം ശരിയാണോ ?

* * *

കാമിനി മെട്രിക് ജയിച്ചു. മുഖ്യമായും എന്റെ സഹായം കൊണ്ട്.

കാമിനിയുടെ മേൽ എനിക്ക് വളരെയേറെ അധികാരം ലഭിച്ചിരി

ക്കുന്നു എന്നെനിക്കു തോന്നാൻ തുടങ്ങി.

എങ്കിലും, ഞാൻ ജോഗസംഭവത്തിനുശേഷം കാമിനിയെ ഒരു പ്രാവശ്യം പോലും ആലിംഗനം ചെയ്തിട്ടില്ല, ചുംബിച്ചിട്ടില്ല . . . .

എന്റെ പ്രേമത്തെ ശുദ്ധീകരിക്കുകയായിരുന്നു എന്റെ ലക്ഷ്യം; ആലിംഗന —ചുംബനങ്ങളിൽ ശാരീരിക മോഹമാണു മുഖ്യം. ഈ ശാരീരിക മോഹത്തിൽ നിന്ന് എന്റെ 'ആദർശ' പ്രേമത്തെ സ്വതന്ത്രമാക്കി നിർത്തണം. മനസ്സുകളുടെ ഐക്യമുണ്ടാകുന്നതുവരെ ഞങ്ങളുടെ ശരീരങ്ങളെ നിയന്ത്രിച്ച് അവയെ അകറ്റി നിർത്തണം . . . .

— കാമിനിയുടെ ബുദ്ധിനിലവാരം വർധിപ്പിക്കണം. തത്വജ്ഞാനം, കാവ്യം, വിജ്ഞാനം, സാമൂഹ്യസേവനം, സാമൂഹ്യവിപ്ലവം തുടങ്ങിയ വിഷയങ്ങളിൽ അവളിൽ താൽപര്യമുണ്ടാക്കണം, വളർത്തണം . . . .

— ഞങ്ങളുടെ പ്രേമത്തെ പ്ലേറ്റോണിക് പ്രേമത്തിന്റെ ഉയർന്ന നിലവാരത്തിലേക്കുയർത്തണം. അപ്പോൾ ഞങ്ങളുടെ പ്രേമം കൽപവൃക്ഷമായേക്കും .... ഞങ്ങളുടെ ജീവിതം നിറയെ പുഷ്പവൃഷ്ടിയുണ്ടായേക്കും . . . .

എന്റെ പ്രഥമ ചുംബനത്തിന്റെ പാപാംശം തുടച്ചു മാറ്റി അതിനെ ആദർശവൽക്കരിക്കുവാൻ ഞാൻ ശ്രമിച്ചു . . . .

"കാമിനീ, ജോഗയിൽ വച്ചു ഞാനന്നു കാണിച്ച മൂഢത്വം നീ ക്ഷമിച്ചോ ? സത്യത്തിൽ ?" ഞാനൊരിക്കൽ ധൈര്യമവലംബിച്ചു ചോദിച്ചു.

"നിങ്ങൾക്കതു മൂഢത്വമായി തോന്നിയോ ?" കാമിനിയുടെ ചോദ്യം എന്നെ ചകിതനാക്കി.

"അതെ. അങ്ങനെ, പെട്ടെന്ന് തോന്നിയതു പോലെ പ്രവർത്തിക്കുന്നതു മൂഢത്വമല്ലേ ? അതു പോലെ തന്നെ അങ്ങനെ പെരുമാറാൻ എന്തധികാരമാണുണ്ടായിരുന്നത് ?" ഞാൻ മാന്യമായ ചോദ്യം ചോദിച്ചു.

"അപ്പോൾ നിങ്ങളിലേതോ വിചാരം ഉത്ക്കടമായിരിക്കണം."

"കാമിനീ, നിനക്കെത്രമാത്രമറിവുണ്ട് !"

കാമിനി ചിരിച്ചു . . . . ഗൂഢമായ ചിരി.

"അതെ — ആ വിചാരം പവിത്രമായിരുന്നു." ഞാൻ പറഞ്ഞു.

"അല്ലെന്നാരു പറഞ്ഞു ? .... അങ്ങനാണെങ്കിൽ പവിത്രതയ്ക്കും മൂഢവിചാരത്തിനും തമ്മിൽ എന്തു ബന്ധമാണുള്ളത് ?"

"ഹൃദയത്തിന്റെ വിചാരം പവിത്രം; ശാരീരികാഭിലാഷങ്ങൾ മൂഢത്വം . . . ."

"പക്ഷേ . . . . " കാമിനി അർധോക്തിയിൽ നിർത്തി.

"പക്ഷേ . . . . എന്ത് ?"

"എന്തോ എനിക്കു പറയാനാവുന്നില്ല. ഇത്രമാത്രം പറയാം.

നിങ്ങളുടെ അഭിപ്രായം സമാധാനകരമാകയില്ല . . . .”

“കാമിനീ !”

“ഉം ?”

“നിനക്കും അത്തരം പവിത്രവിചാരം ഉണ്ടായിരുന്നോ ?”

എന്റെ പ്രാണൻ അവളുടെ ഉത്തരത്തിനായി പിടഞ്ഞുകൊണ്ടിരുന്നു.

“ഇല്ല . . . .”

“ങേ ? എന്താണു പറഞ്ഞത് ?”

“എനിക്കൊന്നുമറിയില്ല — ഞാനിപ്പോഴും കൊച്ചുകുട്ടിയാണ്. ദയവു ചെയ്ത് ഇത്തരം ചോദ്യങ്ങളൊന്നും ചോദിക്കരുത് ഗൗരീശാ.”

എന്റെ മുഖം ചുളിഞ്ഞു. ശരീരത്തിന്റെ ശക്തി വാർന്നുപോയ പോലെ തോന്നി.

മനസ്സിൽ അസ്വാസ്ഥ്യത പരന്നു. കാമിനിയുടെ നേർക്ക് ഒരു പ്രാവശ്യം സൂക്ഷിച്ചു നോക്കി. പിന്നീട് സമീപത്ത് മേശപ്പുറത്ത് കിടന്നിരുന്ന ടൈംസ് മാസികയിൽ എന്റെ ദൃഷ്ടി തങ്ങി !

* * *

“എനിക്കൊന്നുമറിയില്ല” — കാമിനിയുടെ വാക്കുകൾ !

എനിക്കാണെങ്കിൽ തന്നെ അപ്പോൾ എന്തറിയാമായിരുന്നു? പ്രേമത്തിന്റെ —പ്രേമോദ്രേകത്തിന്റെ — കാമത്തിന്റെ യഥാർഥ രൂപം അറിയാമായിരുന്നോ ? ഇല്ല ! സാങ്കൽപികാദർശങ്ങളുടെ മായാമന്ദിരമായിരുന്നു അപ്പോൾ എന്റെ മനസ്സ്. ആദർശപ്രേമം, മനസ്സുകളുടെ ഐക്യം, പ്ലേറ്റോണിക് സഹവാസം തുടങ്ങിയ ‘ഉദാത്ത’ വിചാരങ്ങളുടെ ബഹളത്തിനിടയിൽ യാഥാർഥ്യത്തെക്കുറിച്ചുള്ള അജ്ഞാനം വളർന്നു വന്നു. എന്റെ സങ്കൽപങ്ങളുടെ നാലുകെട്ടിനുള്ളിൽ കൂടിയ യാഥാർഥ്യത്തിൽ ഞാൻ ദിങ്മൂഢനായിരുന്നു, ദുഃഖിതനായിരുന്നു . . . .

ശ്രീകാന്തൻ മറ്റൊരു സന്ദർഭത്തിൽ എഴുതിയിട്ട വാക്കുകൾ എത്ര സത്യമായിരിക്കുന്നു !

“. . . . കഥയും കവിതയും നോവലുകളും വായിച്ച്, വലിയ വലിയ മഹാന്മാരുടെ മഹത്തായ വാക്കുകൾ കേട്ട്, വലിയ ഗുരുക്കന്മാരുടെയും പ്രായമുള്ളവരുടെയും ഉപദേശങ്ങൾ കേട്ട് നാം നമ്മുടെ മനസ്സിൽ ആദർശങ്ങൾക്ക് രൂപം കൊടുക്കുന്നു . . . . ജീവിതത്തിൽ പ്രത്യക്ഷാനുഭവങ്ങളുടെ മുന്നിൽ ആ ആദർശങ്ങൾ നമ്മുടെ കൺമുമ്പിൽ തന്നെ തകർന്നു വീഴുന്നതു കാണുമ്പോൾ നാം വിഷാദിക്കുന്നു . . . . ഇതു തെറ്റായ വഴിയാണ്, ദുഃഖത്തിന്റെ വഴിയാണ് . . . . നമ്മുടെ വഴി 'inductive logic' വൈജ്ഞാനിക വിചാരസരണിയെപ്പോലെ പോകണം, 'deductive' മാതിരിയല്ല. നമ്മുടെ

യഥാർത്ഥ അനുഭവങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ അനുഭവങ്ങൾ പരിശോധിച്ചു നോക്കണം. ഓരോ വ്യക്തിയും സ്വാനുഭവങ്ങളിൽ നിന്ന് (ബുദ്ധി, കൽപനാശക്തി, ജീവിതപ്രജ്ഞ, അറിവ് മുതലായ വയെ ആശ്രയിച്ചിരിക്കുന്നു അവൻെറ അനുഭവം) തൻെറ ശക്തി കൾക്ക് അനുഗതമായ ആദർശങ്ങളും മൂല്യങ്ങളും കൽപിച്ച്, തൻെറ ജീവിതത്തിൻെറ പരിമിതിയും പഥവും കണ്ടുകൊണ്ട്, തൻെറ ആത്മോന്നതി സാധിക്കണം, അഥവാ ആത്മ സ്പന്ദനം നൽകണം."

ശ്രീകാന്തൻെറ അവസാനദിവസങ്ങളിൽ, സ്വാനുഭവങ്ങൾക്കും സ്വാനുഭൂതികൾക്കും മഹത്സ്ഥാനം ലഭിച്ചു . . . .

അവൻെറ അനുജത്തി കാമിനി അവൻെറ ഈ തത്വത്തേക്കാൾ, എത്രയോ വർഷം മുമ്പേ ഈ 'inductive' വഴിയിലൂടെ പോകാൻ തുടങ്ങിയിരുന്നു. 'എനിക്കൊന്നുമറിയില്ല', 'എനിക്ക് പറയാനാവുന്നില്ല' — ഇവ ആ 'inductive' ദൃഷ്ടിയുടെ ലക്ഷണങ്ങളല്ലേ ?

* * *

കാമിനിക്ക് അവളുടെ 'inductive' പദ്ധതിയുടെ പ്രയോഗശാലയാണ് കോളേജ് !

പതിനെട്ടു വയസ്സു പ്രായമുള്ള അവളുടെ ശരീരം, അവളുടെ അംഗാംഗങ്ങളിൽ നിന്നു പുറപ്പെടുന്ന ഗുരുത്വാകർഷണ പ്രവാഹം, യുവാക്കളുടെ ചഞ്ചല മനസ്സുകളും തിളയ്ക്കുന്ന രക്തവും, ഇവ അവളുടെ സാമഗ്രികളായിരുന്നു !

കാമിനിക്കു വേണ്ടിടത്തോളം സ്നേഹിതന്മാരും സ്നേഹിതകളും ഉണ്ട് ! അവരിൽ സ്നേഹിതന്മാരാണധികവും. മനോവിജ്ഞാനികളുടെ 'എലികൾ' ! അവളുടെ പ്രയോഗശാലയുടെ ഡിപ്പാർട്ടുമെൻറുകൾ — പിക്നിക്കുകളും ട്രിപ്പുകളും, നാടക — ഗ്യാതറിംഗുകളും, റസ്റ്റോറൻറുകളും, സിനിമകളും, കോളേജ് കോറിഡോറുകളും മറ്റുമാണ് . . . . !

* * *

അപ്പോൾ — ഞാനും ഒരു 'എലി' തന്നെയായിരുന്നു ! . . . . എലിയെപ്പോലെ കാമിനിയുടെ പുറകെ നടക്കുന്ന ഗുപ്തചാരൻ !

അന്നത്തെ എൻെറ പെരുമാറ്റം വിചിത്രമായിരുന്നു, ഹാസ്യാസ്പദമായിരുന്നു. തലയിൽ അസൂയയുടെയും സംശയത്തിൻെറയും ഭൂതങ്ങൾ ഒരേസമയം നൃത്തം ചെയ്യാൻ തുടങ്ങിയിരുന്നു . . . . എൻെറ ആത്മാവ് തപിച്ചു തപിച്ച് ക്ഷീണിക്കുവാൻ തുടങ്ങിയിരുന്നു . . . .

എങ്കിലും ജീവിതത്തിനൊരു തീക്ഷ്ണത വന്നിരുന്നു. ജ്വാലാചക്രത്തിൻെറ മേൽ ഹൃദയം 'ഗരഗര' കറങ്ങിയിരുന്നു !

കാമിനി എന്തു ചെയ്യുന്നു, ആരോടു സംസാരിക്കുന്നു എന്നറിയാൻ ക്ലാസ്സ് 'കട്ടു ചെയ്ത്' ഞാൻ പോകുമായിരുന്നു. എന്തെങ്കിലും

നിസ്സാര കാരണം പറഞ്ഞ് അവളെ കണ്ടു സംസാരിച്ചു തിരിച്ചു വരുമായിരുന്നു. അവൾ കോളേജിൽ നിന്നു വീട്ടിലേക്കു പോകുമ്പോൾ, ശ്രീകാന്തൻെറ അടുത്തേക്കു പോകുകയാണെന്ന പേരിൽ, ഞാൻ അവളെ കണ്ട്, അവളോടു സംസാരിച്ചുകൊണ്ടു പോയിരുന്നു . . . . വഴിയിൽ അവളുടെ സ്നേഹിതന്മാരെയാരെയെങ്കിലും കണ്ട് അവർ അവളോടു സംസാരിക്കുകയാണെങ്കിൽ, എൻെറ ഉരുകുന്ന ഹൃദയവും ചുമന്നുകൊണ്ട് ഞാൻ കുറച്ചു ദൂരം പോയി നിൽക്കുമായിരുന്നു . . . .

"കാമിനീ, നിൻെറ ജനപ്രിയത്വം വർധിക്കുന്നല്ലോ !"

"അതിൽ എൻെറ കുറ്റമെന്താണ് ?" കാമിനിയുടെ വാക്കുകളിൽ അഭിമാനമുണ്ടായിരുന്നു.

"പക്ഷേ എല്ലാ ആളുകളും നല്ലവരായിരിക്കുകയില്ല."

"ആളുകളുടെ നന്മയും തിന്മയും നോക്കി നമ്മളെന്തു ചെയ്യാനാ?"

"അല്ല — ഞാൻ പറയുകയായിരുന്നു — നിന്നെപ്പോലുള്ള പെൺകുട്ടികൾ സൂക്ഷിച്ചിരിക്കണം."

"എന്നെപ്പോലെ — എന്നു പറഞ്ഞാൽ ?" കാമിനിയുടെ താൽപര്യം ശബ്ദരൂപത്തിൽ പുറത്തുവന്നു.

"നിന്നെപ്പോലെ . . . . സുന്ദരി . . . . "

"ഹായ്, സ്തുതി പറയാൻ നിങ്ങളും പഠിച്ചിരിക്കുന്നല്ലോ !"

"അതുപോലെ തന്നെ, നിൻെറ തുറന്ന പെരുമാറ്റവും വർത്തമാനവും ആളുകളിൽ തെറ്റിദ്ധാരണയുണ്ടാക്കിയേക്കാം — "കുറെ നാളായി ഒരുക്കി വച്ചിരുന്ന വാക്കുകൾ പെട്ടെന്നു പുറത്തു വന്നു !

"അതിൽ എൻെറ കുറ്റമെന്താണ് ? ആളുകളുടെ 'ധാരണ' ഞങ്ങടച്ഛൻെറ തറവാട്ടു സ്വത്താണോ ?" കാമിനിയുടെ ഭാഷ അൽപം കഠോരമായി.

"അങ്ങനെയല്ല . . . . നീ എൻെറ . . . . " വാക്കുകൾ വായിൽ തന്നെ അടങ്ങി.

"ഞാൻ നിങ്ങളുടെ കൂട്ടുകാരൻെറ അനുജത്തി ! . . . . അല്ലാതെ ?"

"അത്രേ ഉള്ളോ ?"

"നിങ്ങളൊരിക്കൽ ഭ്രാന്തനെപ്പോലെ ചുംബിച്ച പെൺകുട്ടി !"

"അതു ഭ്രാന്തല്ലെന്നു നീ തന്നെ പറഞ്ഞു."

"അതു ഭ്രാന്തു തന്നെയാണെന്ന് ഇപ്പോളെനിക്ക് മനസ്സിലായി."

"അതെങ്ങനെ ?"

"എല്ലാ ചെറുപ്പക്കാരിലും ഓരോ തരത്തിലുള്ള ഭ്രാന്തുണ്ടായിരിക്കും."

"എട്ടു മാസത്തിനുള്ളിൽ തന്നെ ഇത്ര അനുഭവമുണ്ടായോ ?"

"ഉം . . . . "എന്നു പറഞ്ഞ് എതിർദിശയിലേക്കു മുഖം തിരിച്ച് അവൾ ചിരിച്ചു. കാമിനിയുടെ ചിരിയിൽ സന്ദർഭമനുസരിച്ചുള്ള ഭാവങ്ങൾ വ്യക്തമാക്കുന്ന ശക്തി രണ്ടു വർഷങ്ങൾക്കുള്ളിൽ വളരെയധികം വളർന്നിരുന്നു ! — "ഉം — എന്തു തരം അനുഭവം, എവിടെ, എപ്പോൾ, ആർ, എന്തിന്, എങ്ങനെ എന്നൊക്കെ ചോദിക്കുവാനുള്ള താൽപര്യമില്ലേ ?" കാമിനി ചിരിച്ചു കൊണ്ടു വ്യംഗ്യമായി ചോദിച്ചു.

"അത്തരം താൽപര്യം ഉചിതമല്ലേ ? അതുപോലെ തന്നെ 'curiosity killed the cat' എന്ന ചൊല്ലും എനിക്കറിയാം !" എന്റെ ഹൃദയവേദന മറച്ചുവച്ചുകൊണ്ട് ഞാൻ ചിരിക്കാൻ ശ്രമിച്ചു . . . . എന്നിൽ താൽപര്യം ഉണർത്തുന്ന അവളുടെ സ്ത്രീസഹജമായ കല ഞാൻ മനസ്സാ ഇഷ്ടപ്പെട്ടു !

എനിക്ക് കാമിനിയുടെ വായിൽ നിന്നുതന്നെ അവളുടെ 'അനുഭവങ്ങൾ' കേൾക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. എന്റെ ഗുപ്തചാരദൃഷ്ടിയും സംശയയുക്ത കൽപനാദൃഷ്ടിയും — ഈ രണ്ടു കണ്ണുകൾ കൊണ്ടു 'കണ്ട' അവളുടെ 'അനുഭവങ്ങൾ' എന്റെ മനസ്സിൽ വേണ്ടത്രയുണ്ടായിരുന്നു.

നല്ലൊരു കളിക്കാരനായ ശിവരാമകുൽകർണി (വെറും കളികളിൽ അയാൾ നല്ലവനാണ് !) എത്രയോ പ്രാവശ്യം കാമിനിയുടെ കൂടെ കോളേജിൽ നിന്നു സ്റ്റേഷനിലേക്കുള്ള വഴിയിലൂടെ പോകുന്നത് ഞാൻ കണ്ണു കൊണ്ട് കണ്ടിരിക്കുന്നു. ശിവരാമൻ കാമിനിയുടെ കയ്യിൽ പിടിക്കുന്നത് എന്റെ ഒരു സഹപാഠി ഒരിക്കൽ കണ്ടിട്ടുണ്ടത്രേ . . . . കംബാരഗണിവെ പിക്നിക്കിൽ, ഡ്രാമാ സെക്രട്ടറിയായ മദാരനുമായി 'flirt' ചെയ്ത, സല്ലപിച്ച രീതി സംശയാസ്പദമാണെന്ന് ചില കുട്ടികൾ പറഞ്ഞതു ഞാൻ കേട്ടിട്ടുണ്ട് . . . . സാരസ്വതപ്പയ്യന്മാരായ നാഡകർണി, ലവംഡെ തുടങ്ങിയവരോടൊത്ത് റസ്റ്റോറണ്ടുകളിൽ വച്ച് ഗുളഗുളു കൊങ്കണി പറഞ്ഞുകൊണ്ട് ചിരിക്കുന്നതും സന്തോഷിച്ച് ശബ്ദമുണ്ടാക്കുന്നതും ഞാൻ കണ്ടിട്ടുണ്ട് . . . . കൊങ്കണി നാടകം നടന്നപ്പോൾ ഗ്രീൻ റൂമിൽ വച്ച് ഹീറോ — നാഡകർണി — ഉപനായികയായ കാമിനിയുടെ വസ്ത്രാഞ്ചലം അവളുടെ മാറിൽ ശരിയായിടുന്ന നാടകം ഞാൻ രഹസ്യമായി നോക്കിയിട്ടുണ്ട് . . . .

കോളേജിലെ ഇത്തരം കാര്യങ്ങൾക്ക് വലിയ പ്രാധാന്യമൊന്നും കൊടുക്കാൻ പാടില്ല; കോളേജിലെ സ്വതന്ത്രാന്തരീക്ഷം വ്യക്തിയുടെ സർവാംഗ വളർച്ചയ്ക്കനുകൂലമായതുകൊണ്ട് വല്ലപ്പോഴുമൊരിക്കൽ സംഭവിക്കുന്ന അതിരുവിട്ട പ്രവൃത്തികൾ ക്ഷമിക്കത്തക്കതാണ് എന്ന് എന്റെ മനസ്സിനെ ഞാൻ ആശ്വസിപ്പിച്ചാൽ പോലും,

എന്റെ അസ്വാസ്ഥ്യം അതിർ കടന്നിരുന്നു.

ശ്രീകാന്തനാണെങ്കിൽ സ്വാതന്ത്ര്യഭക്തൻ ! ഓരോ വ്യക്തിയും തെറ്റു ചെയ്യാൻ പോലും സ്വതന്ത്രനായിരിക്കണം എന്നാണ് അവന്റെ അഭിപ്രായം. വ്യക്തിയുടെ വളർച്ചയ്ക്കു തടസ്സം നിൽക്കുന്ന എല്ലാ നിയന്ത്രണങ്ങളും എടുത്തു മാറ്റുന്നതാണു സ്വാതന്ത്ര്യം! . . . ഒരിക്കൽ ഞാൻ പരോക്ഷമായി സ്വൈരവിഹാരം നടത്തുന്ന പെണ്ണുങ്ങളെപ്പറ്റി ചർച്ച തുടങ്ങി . . . . .

"പെൺകുട്ടികൾ സ്വതന്ത്രരായി പെരുമാറുന്നതിൽ എന്താണു തെറ്റ് ?" എന്നായിരുന്നു ശ്രീകാന്തന്റെ ചോദ്യം.

"അവരുടെ നൈതികാധഃപതനമാവുകയില്ലേ ?"

"അവരുടെ നൈതികാധഃപതനത്തിന് അവരുടെ സ്വതന്ത്രമായ പെരുമാറ്റം കാരണമല്ല; നമ്മൾ . . . . . സമൂഹം . . . . ആണു കാരണം."

"അതെങ്ങനെ ?"

"അവരുടെ സ്വതന്ത്രമായ പെരുമാറ്റം, അവരിലെ 'life force' — ജീവിതശക്തി, ജീവിത ചൈതന്യത്തിൽ നിന്നു ജനിച്ചതാണ് . . . . നമ്മുടെ കലുഷിതദൃഷ്ടിമൂലം, അവരുടെ തലയിൽ കലുഷിത വിചാരങ്ങൾ നാം ജനിപ്പിക്കുന്നു . . . . പിന്നീട് തങ്ങൾ ദുർനടത്തക്കാരാണെന്ന വിചാരം അവരിൽ ദൃഢമാകുന്നു. പിന്നീട് കാമുകന്മാർ അങ്ങനെയുള്ളവരുടെ പുറകിൽ നിന്നു മാറുന്നില്ല. കുതൂഹലം കൊണ്ടോ സാഹസം കൊണ്ടോ തങ്ങൾ ചീത്തയാണെന്ന വിചാരം കൊണ്ടോ ദുർനടത്തക്കാരായ പുരുഷന്മാരുടെ അഭിലാഷങ്ങൾക്കു ബലിയായാൽ സമൂഹം എവിടെയാണ് അവരെ ഉദ്ധരിക്കുവാനുള്ള സമയം കൊടുക്കുന്നത് ? . . . . യൂറോപ്പിലെപ്പോലെയും അമേരിക്കയിലെപ്പോലെയും "virginity" യെയും കൗമാര്യത്തെയും കുറിച്ച് നമ്മിൽ ഉണ്ടായിരിക്കുന്ന അനൈസർഗിക മഹത്വം കുറയുന്നതുവരെ, വ്യക്തിവികാസത്തിനാവശ്യമായ അനിർബന്ധ സ്വാതന്ത്ര്യത്തിന്റെ അന്തരീക്ഷം സങ്കൽപിക്കുവാനാകില്ല . . . ."

നീ സൂചിപ്പിക്കുന്നത് 'anarchism' — അനിർബന്ധ അരാജകത്വം അല്ലേ !"

'anarchism' അല്ല ! കല്യാണവും കില്യാണവും നിർത്തലാക്കി എല്ലാ സ്ത്രീപുരുഷന്മാർക്കും സ്വൈര ലൈംഗികസ്വാതന്ത്ര്യം കൊടുക്കണമെന്ന് ഞാൻ പറയുകയില്ല. പ്രേമവും വിവാഹവും കുടുംബവും നൈസർഗികങ്ങളാണ് . . . . . എന്നാൽ യുവത്വത്തിന്റെ അത്തരം ആവേശത്തിൽ 'life force' (ജീവശക്തി) അധികമായ ആൺകുട്ടികളും പെൺകുട്ടികളും 'തെറ്റു' ചെയ്താൽ സമൂഹം അവർക്ക് ശാപം കൊടുക്കരുത്; അനുഭവത്തിൽ നിന്നു പഠിച്ച് വിവേകമുള്ളവരാകാൻ അവസരം കൊടുക്കണം . . . . "

"നീ പറയുന്നത് ഉട്ടോപ്യൻ കാര്യങ്ങളാണ്. ആദർശയുഗത്തിലെ കാര്യം . . . . "

"ആദർശയുഗത്തെ നമ്മുടെ കൺമുമ്പിൽ നിർത്തിക്കൊണ്ടുതന്നെ നമ്മുടെ ജീവിതവീക്ഷണം മാറ്റണം, ശുദ്ധീകരിക്കണം. പക്ഷേ ഞാൻ പറയുന്നത് ആദർശയുഗത്തിലെ കാര്യമല്ല. നീ ഇംഗ്ലീഷ് നോവലുകൾ വായിക്കണം. അപ്പോൾ ലൈംഗിക ശുദ്ധിയുടെ അനാവശ്യം ബോധ്യമാകും. പ്രേമസഹാനുഭൂതികൾക്ക് ലൈംഗിക ശുദ്ധിയുടെ ബന്ധനം നൽകാൻ പാടില്ല . . . . അപ്പോൾ വിധവാ വിവാഹവും സാധ്യമാകും . . . . എല്ലാ മൂല്യങ്ങളും ആത്മനിഷ്ഠങ്ങളാണ്. അതുകൊണ്ട് സ്വാതന്ത്ര്യത്തെ വികസ്വരമാക്കുന്ന മൂല്യങ്ങളെത്തന്നെ നാം ആരാധിക്കണം . . . . "

ശ്രീകാന്തന്റെ താത്വിക നിലവാരത്തിലുള്ള വിചാരങ്ങൾക്കും അവന്റെ സ്വന്തമായ വ്യക്തിത്വത്തിന്റെ ആന്തരികമൂല്യങ്ങൾക്കും തമ്മിൽ എത്രയോ അന്തരമുണ്ടായിരുന്നു എന്ന് എനിക്ക് എത്രയോ മുമ്പേ അറിയാമായിരുന്നു !

* * *

ശ്രീകാന്തൻ ആ വർഷം സീനിയർ എം.എ. പഠിത്തത്തിൽ മുഴുകിയിരുന്നു. ആഴ്ചയിൽ അവൻ രണ്ടോ മൂന്നോ ദിവസം എന്നോടൊത്ത് നടക്കാൻ വരുമായിരുന്നു. അവൻ പഠിച്ചിരുന്ന സാഹിത്യ വിഷയങ്ങളായിരുന്നു അവന്റെ സംസാരത്തിൽ അധികവും. ബർണാഡ്ഷാ, എച്ച്.ജി.വെൽസ്, സി.എച്ച്. എലിയട്ട്, ഹാപ്കിൻസ്, കീറ്റ്സ്, ഷേക്സ്പിയർ — അവരുടെ സാഹിത്യവും തത്വജ്ഞാനവും ജീവിത വീക്ഷണവും !

"ഈ ഓരോ സാഹിത്യകാരനും, അവനവന്റേതായ ഒരു തത്വസംഹിതയുണ്ട്; അവനവന്റേതായ ജീവിതാദർശവും ഉണ്ട് . . . . ഷായുടെ ഫിലോസഫി. വേറെ, വെൽസിന്റേതു വേറെ, എലിയട്ടിന്റേതും വേറെ . . . . ഇവരുടെ ഫിലോസഫി സ്വന്തം ശക്തി, ജ്ഞാനം, അനുഭവം ഇവയിൽ നിന്ന് പ്രേരിതമായ വൈയ ക്തിക തത്വസംഹിതയാണ്, വൈയക്തിക ജീവിതമാർഗമാണ് ! . . . . ഉത്കടമായ ജീവിത പ്രജ്ഞയാണ് മുഖ്യം ! ഉദാഹരണത്തിന് ഷേക്സ്പിയറിന് 'തത്വജ്ഞാനമില്ല' — അതായത് വ്യക്തമായ വിശിഷ്ട തത്വസംഹിതയില്ല ! അദ്ദേഹത്തിന്റെ നാടകങ്ങൾ വ്യക്തവും വിശാലവുമായ ജീവിതദർശനമാണ് ! ഈ ജീവിത ദർശനത്തിന്റെ മൂല്യം; ഉത്കടമായ ജീവിത പ്രജ്ഞ, കീറ്റ്സ് പറയുന്ന negative capability അഥവാ വാൾട്ടർ പീറ്റർ പറയുന്ന ധ്യാനനിഷ്ഠ വിചാരാത്മക പ്രജ്ഞ . . . . ആണ്."

ശ്രീകാന്തന് മിക്കവാറും അന്നു തന്നെ ടി.ബി. തുടങ്ങിയിരിക്കണം. കാരണം അധികം സംസാരിക്കുകയാണെങ്കിലും, അധികം നടക്കുക

യാണെങ്കിലും, അധികം നേരം പഠിക്കുകയാണെങ്കിലും അവന് വളരെ ക്ഷീണം തോന്നിയിരുന്നു.

"ശ്രീകാന്താ, നിന്റെ ആരോഗ്യം മോശമാകുന്നല്ലോ" എന്ന് ഞാൻ ഒന്നുരണ്ടു പ്രാവശ്യം പറഞ്ഞിരുന്നു.

"പഠിത്തത്തിന്റെ ഭാരം വളരെയുണ്ട് — പരീക്ഷ കഴിഞ്ഞാലുടൻ എല്ലാം ശരിയാകും."

"പഠിത്തം അൽപം കുറയ്ക്കാമല്ലോ . . . . "

"ഛെ. ബി.എ യ്ക്കു കിട്ടിയ ഫസ്റ്റ് ക്ലാസ്സ് എം.എയ്ക്കും നിലനിർത്തേണ്ടേ ? എം.എ യ്ക്കു ഫസ്റ്റ് ക്ലാസ്സ് എന്നു പറഞ്ഞാൽ ചില്ലറ കാര്യമൊന്നുമല്ല — 66% !"

"അത്യാഗ്രഹം നന്നല്ല എന്നു നീ തന്നെ പറഞ്ഞിട്ടുണ്ടല്ലോ . . . " എന്നു ഞാൻ പറഞ്ഞു.

"എനിക്ക് അത്യാഗ്രഹം — ഫസ്റ്റ് ക്ലാസ്സു തന്നെ കിട്ടണമെന്ന അദമ്യമായ അഭിലാഷം — സത്യത്തിലില്ല ! ലക്ഷ്യം നേടുന്നത് എനിക്കു പ്രധാനമല്ല. പക്ഷേ ആ ലക്ഷ്യം സാധിക്കുവാൻ ചെയ്യേണ്ട തീക്ഷ്ണവും ഉത്ക്കടവും അവിരതവുമായ പ്രയത്നമാണു മുഖ്യം. റേസിൽ എനിക്കു ജയം ലഭിക്കണം, അതിനുശേഷം അഭിമാനത്തോടെ മുഖമുയർത്തി, നെഞ്ചു വിരിച്ച് നടക്കണം എന്ന ആഗ്രഹമെനിക്കില്ല. എന്നാൽ ഓട്ടത്തിന്റെ വേഗം, സ്പന്ദിക്കുന്ന ഹൃദയം, ഉത്ക്കടമായ തല്ലീനത — ഇവയിൽ നിന്നു ലഭിക്കുന്ന ആനന്ദം വളരെ രോമാഞ്ചകാരിയാണ് ! കൺമറ കെട്ടിയ കുതിരയാകുന്നത് (അത്യാഗ്രഹം) എനിക്കു ചേർന്നതല്ല. പക്ഷേ ആ കുതിരയുടെ ഭയങ്കരവും ഉന്മത്തവുമായ ഓട്ടം മാത്രം വേണമെന്നു തോന്നും."

* * *

ഒരിക്കൽ ശ്രീകാന്തനെ നടക്കാൻ വിളിച്ചുകൊണ്ടു വരാൻ ഞാൻ അവന്റെ വീട്ടിൽ പോയി (കാമിനി കൂട്ടുകാരികളുടെ കൂടെ നടക്കാൻ മാർക്കറ്റിലേക്കു പോയിരുന്നു) — ഡ്രായിങ് റൂം കടന്ന് ഇടതു വശത്തുള്ള ശ്രീകാന്തന്റെ മുറിയിൽ കാൽകുത്തി. പെട്ടെന്ന് ഹൃദയം "ധസ്സ്" എന്നായി.

ശ്രീകാന്തൻ കട്ടിലിൽ കിടക്കുകയായിരുന്നു. രോഹിണി അവന്റെ സമീപത്ത് ഇരിക്കുകയായിരുന്നു. ശ്രീകാന്തന്റെ കൈ രോഹിണിയുടെ കയ്യിലായിരുന്നു.

എന്റെ കാൽപെരുമാറ്റം അവരെ ചലിപ്പിച്ചില്ല.

(രോഹിണി, ശ്രീകാന്തന്റെ വീട്ടിൽ കൂടെക്കൂടെ വരുമായിരുന്നു. ശ്രീകാന്തനുമായുള്ള അടുപ്പത്തിന്റെ പേരിൽ അവൾ ബി.എ.യ്ക്ക് ഇംഗ്ലീഷ് തന്നെ എടുത്തിരുന്നു. ശ്രീകാന്തന്റെ സഹായത്തിന്റെ പേരു പറഞ്ഞും കാമിനിയുമായുള്ള കൂട്ടുകെട്ടിന്റെ കാരണം പറഞ്ഞും, രോഹിണി ശ്രീകാന്തന്റെ സാന്നിധ്യം സാധിച്ചിരുന്നു . . . .)

"വാ ഗൗരീ, നിന്നെത്തന്നെ കാത്തിരിക്കുകയായിരുന്നു." ശ്രീകാന്തൻ പറഞ്ഞു. ശബ്ദത്തിൽ ഒരു തരത്തിലുമുള്ള വിറയലോ സങ്കോചമോ ഉണ്ടായിരുന്നില്ല.

എന്റെ കണ്ണുകളിൽ അപ്പോഴും ചോദ്യമുണ്ടായിരുന്നു.

"ശ്രീകാന്തന് ഇന്നു പനി വന്നു – പനിയുണ്ടായിട്ടും ഭ്രാന്തൻ, ലൈബ്രറിയിൽ തന്നെയിരുന്നു. ഞാൻ ബലാൽക്കാരമായി അദ്ദേഹത്തെ വിളിച്ചു വീട്ടിൽ കൊണ്ടുവരേണ്ടിവന്നു." രോഹിണി മറുപടി പറഞ്ഞു.

"എത്ര പനിയുണ്ട്" ഞാൻ സമീപത്തുപോയി അവന്റെ നെറ്റിയിൽ കൈവച്ചു കൊണ്ടു ചോദിച്ചു.

"നൂറിൽ കൂടുതൽ – ഏതാണ്ട് ഒരു ഡിഗ്രി!" രോഹിണിയുടെ മറുപടി ഗൗരവം നിറഞ്ഞതായിരുന്നു

"വെറും നൂറു ഡിഗ്രി" ശ്രീകാന്തൻ തിരുത്തി "പെൺകുട്ടികളിൽ മാതൃത്വത്തിന്റെ അംശം വളരെ കൂടുതലാണ്. അതുകൊണ്ടു തന്നെ അവർക്കു നല്ല നഴ്സാകാൻ കഴിയും......."

"ഡോക്ടറുടെ അടുത്തു പോയി മരുന്നുവാങ്ങിക്കൊണ്ടു വരട്ടോ?" ഞാൻ സംഭ്രമത്തോടെ ചോദിച്ചു.

"ഡോക്ടറെത്തന്നെ ഇങ്ങോട്ടു വിളിച്ചു കൊണ്ടുവന്നാലെന്താ?" രോഹിണിയുടെ ചോദ്യം.

"ഛെ, നിന്റെ ഭ്രാന്ത് അതിരുവിടുന്നു. എനിക്കൽപവും അസുഖമില്ല. ഇന്നലെ രാത്രി ഉറക്കമൊഴിഞ്ഞതുകൊണ്ട് ശരീരം അൽപം ചൂടായി. അത്രമാത്രം. ഗൗരീ, വരൂ വെറുതെ അൽപം കറങ്ങാൻ പോകാം. രോഹിണീ, നിനക്കു വീട്ടിൽ പോകാൻ സമയമായില്ലേ?" ശ്രീകാന്തൻ ചിരിച്ചുകൊണ്ട് എഴുന്നേറ്റിരുന്നു.

"ഇവിടെത്തന്നെയിരുന്ന് വേണമെങ്കിൽ സംസാരിക്കാം." ഞാൻ സൂചിപ്പിച്ചു. രോഹിണിയെ ഒറ്റയ്ക്ക് അവിടെ വിട്ട് മരുന്നു വാങ്ങാൻ ഡോക്ടറുടെ സമീപത്തേക്ക് ഉടൻ പോകുവാൻ മനസ്സു വന്നില്ല.

"എനിക്കെന്തു സമയമാണ്? ആരെങ്കിലും ചോദിക്കാനുണ്ടായിരുന്നെങ്കിൽ സമയമായി! അച്ഛൻ ബാങ്കിൽ നിന്നും വന്നാലുടൻ ചായകുടിച്ച് ഓഫീസേഴ്സ് ക്ലബിലേക്കുപോകുന്നു. അവിടെ അദ്ദേഹമായി, അദ്ദേഹത്തിന്റെ റമ്മികളിയായി......... അമ്മ ദുർഗാ ക്ഷേത്രത്തിലേക്കോ ചന്തയിലേക്കോ മറ്റെവിടേക്കോ പോയിരിക്കുന്നു........ സത്യത്തിൽ എനിക്കുള്ളത്ര സ്വാതന്ത്ര്യം മറ്റാർക്കുമില്ല" എന്ന് അഭിമാനത്തോടെ രോഹിണി പറഞ്ഞു.

ഞാൻ ദൃഢ ചിത്തനായി "പെട്ടെന്നു ഞാൻ പോയി പ്രഭു ഡോക്ടറുടെയടുത്തു നിന്ന് മരുന്നു വാങ്ങിക്കൊണ്ടു വരാം" എന്നു പറഞ്ഞു പുറപ്പെട്ടു . . . . "അതിനുശേഷം നന്നായി വാചകമടിക്കാം . . . . . "

രോഹിണി അപ്പോഴും കട്ടിലിൽ തന്നെ ഇരുന്നിരുന്നതും എനിക്ക് എളുപ്പം പിടിച്ചില്ല.

* * *

ശ്രീകാന്തന് കൂടെക്കൂടെ ചെറിയ പനി വരുമായിരുന്നെങ്കിലും അവൻ അതു പൂർണമായും അവഗണിച്ചു . . . . താനായി, തൻെറ പഠിത്തമായി, തൻെറ വിചാരങ്ങളായി . . . . അങ്ങനെ ഒടുവിൽ അവൻെറ എം.എ. പരീക്ഷയും അടുത്തു.

എൻെറ ബി.എസ്സി പരീക്ഷയും അടുത്തിരുന്നതുകൊണ്ട് ശ്രീകാന്തൻെറ സമീപത്തു മുഴുവൻ സമയവും കഴിയാൻ എനിക്കു കഴിഞ്ഞില്ല.

ജൂനിയർ പരീക്ഷ കഴിഞ്ഞ രോഹിണി ശ്രീകാന്തൻെറ വീട്ടിൽ പോകാനും ശ്രീകാന്തനുമായും കാമിനിയുമായും വാചകമടിക്കുവാനും (കാമിനി എഫ്.വൈ പരീക്ഷയെഴുതി തോറ്റുപോയിരുന്നു) ശ്രീകാന്തന് ഉത്തേജനവും ഉത്സാഹവും കൊടുക്കുവാനും ക്രമേണ തുടങ്ങി.

ഞാൻ ആഴ്ചയിൽ രണ്ടു മൂന്നു പ്രവശ്യം ശ്രീകാന്തൻെറ വീട്ടിൽ പോയി അവൻെറ സുഖവിവരങ്ങളന്വേഷിച്ചു. കാമിനിയുടെ വർത്തമാനത്തിൽ നിന്നും അവളുടെ ചിരിയിൽ നിന്നും നോട്ടത്തിൽ നിന്നും ഉത്തേജിതനായി തിരിച്ചു വന്ന് പഠിത്തം നടത്തിയിരുന്നു . . . .

ശ്രീകാന്തൻെറ എം.എ. പരീക്ഷ കഴിഞ്ഞു. എൻെറ ബി.എസ്സി. പരീക്ഷയും കഴിഞ്ഞു . . . .

ശ്രീകാന്തൻെറ ആരോഗ്യം മോശമായിരുന്നതിനാൽ ഞങ്ങളെല്ലാരും കൂടി ആലോചിച്ച ഡെല്ലി — ആഗ്രാ ട്രിപ്പു റദ്ദുചെയ്തു!

കോളേജിലെ ചില ആൺകുട്ടികളും പെൺകുട്ടികളും കൂടി ചേർന്നു സംഘടിപ്പിച്ച മൈസൂർ — ബംഗളൂർ ട്രിപ്പിന് കാമിനി പോയി . . . .

എൻെറ മനസ്സ് അസ്വസ്ഥമായി.

ഞാൻ അസ്വസ്ഥനായി.

സിർസിയിലേക്കു പോയപ്പോൾ സത്യേന്ദ്രൻെറ മുന്നിൽ എൻെറ എല്ലാ ദു:ഖവും തുറന്നു കാണിച്ചു. സത്യേന്ദ്രൻെറ ഉപദേശം — അളവുകാർഡു തുപ്പുന്ന യന്ത്രത്തെപ്പോലെ — ലഭ്യമായി.

"കാമിനിയുടെ വിഷയം നിൻെറ തലയിൽ നിന്ന് സമ്പൂർണമായി തുടച്ചുമാറ്റ് . . . . അവളെ മറക്കാൻ ശ്രമിക്കൂ . . . . അവൾ നിനക്കു വേണ്ടിയുള്ളവളല്ലെന്നു തീർച്ചയാണ് . . . . നീ ധാറവാഡ വിടുന്നതാണു നല്ലത് . . . . നീ പൂനയ്ക്കു വാ, എൻെറ കൂടെ . . . .. അല്ലെങ്കിൽ ബോംബെയ്ക്ക് പോയി എം.എസ്സിക്കോ ബി. ടെക്കിനോ ചേർ . . . . നീ വെറുതെ വിഷമിച്ച് അസ്വാസ്ഥ്യപ്പെടുന്നത് എനിക്ക് കാണാൻ വയ്യ!"

സത്യേന്ദ്രൻെറ ഉപദേശം എന്നെ വെളിച്ചം കാട്ടിയില്ല !

സത്യേന്ദ്രൻ എൻെറ അച്ഛനോടും അമ്മയോടും എന്നെപ്പറ്റി എന്തൊക്കെപ്പറഞ്ഞോ എന്തോ !

ഒരു ദിവസം അമ്മയുടെ ഉപദേശം തുടങ്ങി

"ഗൗരീശാ, രണ്ടുമൂന്നു പെൺകുട്ടികൾ വന്നിട്ടുണ്ട്! എന്താ പോയി കാണരുതോ? .... വിവാഹത്തിനു ശേഷം പഠിത്തം നടക്കില്ലേ? ഞങ്ങൾക്കും നിൻെറ ഇഷ്ടമാണു പ്രധാനം. നിൻെറ സുഖമാണു ഞങ്ങളും ചിന്തിക്കുന്നത്. നിനക്ക് ജോലീം കീലീം വേണമെന്നൊന്നുമില്ല. ദൈവകൃപകൊണ്ട് വീട്ടിൽ വേണ്ടത്രയുണ്ട് .... ജോശിയവരുടെ മകളെ കണ്ടിട്ടുണ്ടോ? ലക്ഷണവതിയാണ് .... വളരെ നല്ല സ്വഭാവമാണ്. എന്താ? പ്രേമം? പ്രേമം കീമം എന്നു വച്ചാലെന്താ? വിവാഹത്തിനു ശേഷം എല്ലാം ശരിയാകും. പ്രേമം — കീമമെല്ലാം ഉണ്ടാകും .... ആദ്യം പെണ്ണിനെകാണ്. നീ പാസ്സായതിനുശേഷം, നീ സമ്മതിച്ചതിനു ശേഷം, വിവാഹം ചെയ്യാം .... ഇപ്പോൾ സിനിമയും നാടകവും കണ്ടും കഥയും നോവലും വായിച്ചും ചെറുപ്പക്കാരുടെ തലതിരിഞ്ഞു. ജാതി, ധർമം, തറവാട്ടു മഹത്വം — ഇവയോടുള്ള ആദരവും അഭിമാനവുമെല്ലാം ഇപ്പോൾ പൊയ് പോയിരിക്കുന്നു. ഏതെങ്കിലും പെണ്ണിൻെറ സൗന്ദര്യം കണ്ടു പ്രേമിച്ച് എവിടുത്തെയെങ്കിലും കുലം കെട്ട പെണ്ണിനെ വിളിച്ചുകൊണ്ടു വന്ന് അവളുടെ കഴുത്തിൽ താലി കെട്ടുന്നത് — ഇതിനെന്തു നീതിയാണ്, രീതിയാണ് പറയുവാനുള്ളത്? .... ഞങ്ങൾക്കുമറിയാം നിൻെറ സുഖവും ഇഷ്ടവും! നീയിന്നും കുഞ്ഞാണ് — ലോകാനുഭവം ഇല്ലാത്തവൻ! 'ഇതു നിൻെറ അച്ഛനറിയില്ല — അറിഞ്ഞതിനു ശേഷം ബുദ്ധിവന്നേക്കാം .... "

അച്ഛൻേറതു തുറന്ന പ്രകൃതമാണ്.

"ഞങ്ങൾ പറയുന്നതുപോലെ നീ കേൾക്കുന്നത് അല്ലേ നല്ലത്? .... അല്ലെങ്കിൽ നിനക്കു തക്ക ശിക്ഷ നൽകാതെ ഞങ്ങൾ വിടില്ല .... നിൻെറ കളിവിനോദങ്ങളുടെ വാർത്ത എൻെറ ചെവിയിലുമെത്തിയിരിക്കുന്നു. പൂച്ച കണ്ണുമടച്ചു പാലു കുടിക്കുന്നെന്നു കരുതി, ബാക്കിയുള്ളവരും കണ്ണുമടച്ചു വെറുതെയിരിക്കുമോ? നീ രണ്ടു വർഷം മുമ്പ് നിൻെറ കൂട്ടുകാരെയും കൂട്ടുകാരികളെയും വിളിച്ചു കൊണ്ടു വന്നപ്പോൾ തന്നെ ഞാൻ വിചാരിച്ചതാണ്. ഇത്ര നന്നായിരിക്കുകയില്ലെന്ന്. നീ വഴിതെറ്റിപ്പോകുമെന്ന് അന്നേ ഞാൻ ഊഹിച്ചിരുന്നു. നിൻെറ ധാറവാഡയിലെ ജീവിതം മതി. വേണമെങ്കിൽ മറ്റെവിടെയെങ്കിലും പൊയ്ക്കൊള്ളൂ .... പൂനയ്ക്കു പോകൂ .... ബോംബെയ്ക്കു പോകൂ .... അല്ലെങ്കിൽ നിൻെറ അമ്മ പറയുന്നതുപോലെ വിവാഹം കഴിച്ചുകൊള്ളൂ .... പെൺകുട്ടിയുണ്ട്. വീട്ടിൽ വന്ന് പെണ്ണിനെ തന്നിട്ടു പോകുന്നവരുണ്ട്. കഴുത്തിൽ താലികെട്ടിയതിനുശേഷം എല്ലാ ഭ്രാന്തും പോകും,

ബുദ്ധിയുണ്ടാകും . . . . സത്യേന്ദ്രൻ നിന്നെപ്പോലെയാണോ പ്രവർത്തിക്കുന്നത്? വേറെ നല്ല പയ്യന്മാരെ നോക്കിയാലും മനസ്സിലാക്കാം. ഞങ്ങളുടെ ഗൗരി അന്തസ്സുള്ളവനാണെന്നു ഞാൻ കരുതി — ഇപ്പോൾ ഈ നല്ലവൻ പോയി കൊരങ്ങത്തം കാണിക്കുന്നു . . . . ഉം . . . . അത്തരം കളിയൊന്നും എന്റെ മുന്നിൽ നടക്കില്ല . . . . മനസ്സിലായോ?"

അപ്പോൾ എന്റെ സ്വഗതം.

"അജ്ഞാനം! ഇവർക്ക് എന്നെക്കുറിച്ച് പൂർണമായ അജ്ഞാനമാണ്! ഇവരുടെ മകനായാലെന്ത്, ഇവരുടെ രക്തമാംസങ്ങളിൽ നിന്നുണ്ടായതായാലെന്ത്? ഇവരുടെ കാലം വേറെ, എന്റെ കാലം വേറെ. അച്ഛൻ പറയുന്നതുപോലെ മകൻ പ്രവർത്തിക്കുകയാണെങ്കിൽ പുരോഗതി എവിടെ നിന്നുണ്ടാകും?"

എന്റെ ജീവിതം പടുത്തുയർത്തുവാൻ എനിക്കു സമ്പൂർണ അധികാരമുണ്ട്. സാതന്ത്ര്യം ഉപേക്ഷിച്ചാൽ ജീവിതം എവിടെ നിന്നു ലഭിക്കും? എന്റെ ഹൃദയാഭിലാഷങ്ങളും മനോവിചാരങ്ങളും എന്റെ ആത്മാവിന്റെ ആദർശങ്ങളും എന്റേതാണ്! ഇവയുടെ പ്രേരണയാൽ മുന്നോട്ടു നീങ്ങുന്നതാണ് എന്റെ മാർഗം.

എന്റെ മാർഗം വിട്ട് ഇവരു പറയുന്ന അജ്ഞാന 'വ്യവഹാര' പ്രേരിതമായ പഴയവഴി സ്വീകരിക്കുകയെന്നാൽ മൂഢത്വമാണ്, പേടിത്തമാണ്.

എന്റെ 'ഹിതം' ഇവർക്കെന്തറിയാം?

എന്റെ 'സുഖം' ഇവർക്കെന്തറിയാം?

എന്റെ 'ദുഃഖം' ആർക്കെന്തറിയാം?

എന്റെ മനസ്സുപോലെ ഞാൻ പ്രവർത്തിക്കണം . . . . പക്ഷേ എന്റെ മനസ്സുപോലെ ഞാൻ പ്രവർത്തിച്ചാൽ വീട്ടിൽ വീണ്ടും പ്രവേശനം ലഭിക്കുകയില്ല . . . . .ഇല്ലെങ്കിൽ ഇല്ല!

എന്റെ കാലിൽ നിൽക്കാൻ വേണ്ട ശക്തി എന്നിലില്ലേ?

എങ്കിലും പ്രകടമായി ഞാൻ പറഞ്ഞത് :

"ഇത്ര വേഗം കല്യാണമൊന്നും വേണ്ടാ . . . . എനിക്കിനിയും പഠിക്കണം. ധാറവാഡ വിട്ട് ബോംബെയ്ക്കു പോകാൻ ഞാൻ തയാറായിരിക്കുകയാണ് . . . . "

അതെ. ബോംബെയ്ക്കു പോകാൻ ഞാൻ തയാറായി. ശ്രീകാന്തനും എവിടെയെങ്കിലും ജോലിക്കു വേണ്ടി ധാറവാഡ വിട്ടുപോകും. അവൻ അവിടെ നിൽക്കുകയില്ലെങ്കിൽ ധാറവാഡയിൽ കഴിഞ്ഞിട്ട് എന്താണു പ്രയോജനം? അതുപോലെ തന്നെ എന്റെ സ്വതന്ത്ര വ്യക്തിത്വവും വളർത്തിയെടുക്കേണ്ടതില്ലേ? . . . . കാമിനിയും ശ്രീകാന്തന്റെ കൂടെ പോയേക്കാം. അഥവാ അവൾ ധാറവാഡയിൽ ത്തന്നെ നിന്നാലും എനിക്കെന്താണു പ്രയോജനം? എന്നെപ്പറ്റി

അവൾക്ക് അഭിമാനവും ആദരവും ജനിക്കണമെങ്കിൽ ഞാൻ അവളിൽ നിന്ന് അകന്നു നിൽക്കണം. സത്യേന്ദ്രൻ പറയുന്നതു പോലെ ഞാൻ ജീവിതസ്ഥിരത നേടണം . . . . അതിന് കാമിനിയെപ്പറ്റിയുള്ള ചിന്ത ഉപേക്ഷിച്ച് ഏകാഗ്രതയോടുകൂടി പഠിച്ച് എം.എസ്സിയോ, ബി.എസ്സി(ടെക്)യോ പൂർത്തിയാക്കണം. കാമിനിയെപ്പറ്റിയുള്ള ചിന്ത ഉപേക്ഷിക്കണം? അതു സാധ്യമാണോ? . . . . പക്ഷേ അവളെക്കുറിച്ചുള്ള ചിന്തകൊണ്ട് ഇപ്പോൾ സുഖമോ സമാധാനമോ ഇല്ല . . . . അവളുടെ പെരുമാറ്റവും മനോഭാവവും മാറുന്നതുവരെ എനിക്ക് അവസരമില്ല. അവൾക്കു ബുദ്ധിയുണ്ടാകുന്നതു വരെ ഞാൻ കാത്തിരിക്കണം . . . .

* * *

ജൂൺ ഏഴാം തീയതി! . . . . ഉച്ചയ്ക്കെ കൊടുംവെയിൽ. . . . ഭൂമി മഴയ്ക്കുവേണ്ടി കാതരയായി കാത്തിരുന്നു . . . . ഞാൻ ശ്രീകാന്തന്റെ എഴുത്തിനു വേണ്ടി! പുറത്ത് വരാന്തയിൽ ദിനപ്പത്രം വായിക്കുന്ന നാട്യത്തിൽ പോസ്റ്റ്മാനെയും കാത്ത് ഞാനിരുന്നു. ഒടുവിൽ അയാൾ വന്നു; 'ഗൗരീശ ഉപാസനി' എന്നു വിളിച്ചു കൊണ്ട് നിർവികാരതയോടെ ഒരു കത്ത് അകത്തേക്കെറിഞ്ഞു. ധൃതിയിൽ ഞാനതെടുത്ത് മുകളിൽ പോയി കട്ടിലിലിരുന്ന് വായിക്കുവാൻ തുടങ്ങി.

"എന്റെ ഗൗരീ,

നിന്നെ അഭിനന്ദിച്ച് — ബി.എസ്സിക്കു സെക്കൻഡ് ക്ലാസ്സ് കിട്ടിയതിന് — ഞാൻ നാലു ദിവസം മുമ്പു തന്നെ കത്ത് എഴുതേണ്ടതായിരുന്നു. പക്ഷേ . . . .

ഗൗരീ, നിനക്ക് ബുദ്ധിയും സാമർഥ്യവുമുണ്ടെങ്കിലും അവയ്ക്കനുസരണമായ ഫലം നിനക്ക് ഇനിയും കിട്ടിയിട്ടില്ല. നിനക്ക് ഫസ്റ്റ് ക്ലാസ് കിട്ടേണ്ടതായിരുന്നു . . . . പക്ഷേ . . . .

ഇന്നലെ എന്റെ റിസൽട്ടും വന്നു . . . . എനിക്കും ഇപ്രാവശ്യം സെക്കൻഡ് ക്ലാസാണ് കിട്ടിയത് . . . . ഇപ്പോൾ എന്തു ക്ലാസ്സു കിട്ടിയാലെന്താണ്? ഗൗരീ, എങ്ങനെയാണു ഞാൻ പറയേണ്ടത്? എനിക്കു ടി.ബി. യാണത്രെ!

അയ്യോ, ഞാൻ മരിച്ചു . . . . ഗൗരീ, ഗൗരീ, വേഗം വാ. നിന്റെ സാന്നിധ്യം എനിക്ക് അമൃതാണ്.

ധൈര്യം വിടേണ്ട കാരണമില്ല, ഡോക്ടർ പറഞ്ഞിട്ടുണ്ട് . . . . ഗൗരീ, ഞാൻ ധൈര്യം വിടില്ല . . . . ജീവിതത്തിന്റെ അവസാന ശ്വാസം വരെയും ഞാൻ സമരം ചെയ്യും . . . . !

.ഗൗരീ, എനിക്കു നിന്റെ സ്നേഹത്തിന്റെ തണൽ വേണം, പ്രചോദനം വേണം.

ഗൗരീ, എന്റെ തല വിങ്ങുന്നു!

വേഗം വാ . . . .
പക്ഷേ ഭയപ്പെടേണ്ട, വിചാരപ്പെടേണ്ട . . . .
ജീവിതത്തെ ധൈര്യത്തോടെ നേരിടണം,സ്ഥൈര്യത്തോടെ. . .,
—നിന്റെ ശ്രീകാന്തൻ".

ജഗത്ത് പെട്ടെന്ന് ശൂന്യമായി!

ഭിത്തിയിൽ പതിച്ചിട്ടുള്ള ശ്രീകാന്തന്റെ ഫോട്ടോയുടെ നേർക്കു കണ്ണു ചെന്നപ്പോഴാണ് ജഗത്ത് വീണ്ടും പ്രത്യക്ഷപ്പെട്ടത്. ആ ജഗത്തു മുഴുവൻ ശ്രീകാന്തൻ നിറഞ്ഞു നിന്നിരുന്നു . . . . പെട്ടെന്ന് ആ ജഗത്ത് നടുവെ തകർന്നെന്നപോലെ, ശ്രീകാന്തനെ വിഴുങ്ങിയപോലെ തോന്നി . . . . വീണ്ടും പ്രപഞ്ചം ശൂന്യമായി. എന്റെ കണ്ണീർമഴയിൽ ആ ശൂന്യത നിറഞ്ഞില്ല . . . .

അന്നത്തെ മനസ്ഥിതി വർണിക്കാൻ എനിക്കു കഴിയില്ല . . . .

അന്നത്തെ വേദന—നിരന്തരമായ മുള്ള് !

അന്ന് എന്റെ ആത്മാവിൽ ഭയങ്കരമായ ഒരു ഭീതി നിറഞ്ഞു.

* * *

ഇന്നലെത്തന്നെ — ദൈവം അയച്ചപോലെ ഡോലി എന്റെ മുറിയിലേക്കു വരണമായിരുന്നോ !

വന്ന ഉടൻ അവൾ എന്റെ കൈയിലിരുന്ന നോട്ടുബുക്ക് വലിച്ചെടുത്ത് മേശപ്പുറത്തിട്ടു.

"ആഫ്രിക്കയ്ക്കു പോയ ശേഷം എഴുത്! . . . . ഇന്നു ഞായറാഴ്ചയാണ് . . . . എവിടെയെങ്കിലും ദൂരെ നടക്കാൻ പോകാം . . . ."

"ഡോലീ, ക്ഷമിക്കണം . . . . നടക്കാനുള്ള ഒരു 'മൂഡി'ലല്ല ഞാനിപ്പോൾ . . . . ഇവിടെത്തന്നെയിരിക്കാം വേണമെങ്കിൽ . . . ."

"എന്താ, എന്തുപറ്റി എന്റെ കൊച്ചു ഗോരിക്ക്? നീ എഴുതിക്കൊണ്ടിരിക്കുന്നതെന്താണ്?"

"എന്റെ ആത്മകഥ — ചരിത്രം . . . . !"

"ഹായ്! ഇതിനകം നീ മഹാനായിത്തീർന്നോ? അങ്ങനാണെങ്കിൽ ഞാൻ സൂക്ഷിക്കണമല്ലോ! അതുപോലെ തന്നെ ആത്മകഥ എഴുതാൻ നീയെന്താ റിട്ടയർ ചെയ്തോ, ഇതിനകം? നിന്റെ ആയുസ്സ് തീർന്നോ?"

"അതെ—ഒരു ജീവിതം കഴിഞ്ഞപോലെ തന്നെയാണ്! കഴിഞ്ഞ ജീവിതം കെട്ടുകെട്ടിയിടുന്ന ജോലി തുടങ്ങിയിരിക്കുന്നു . . . . അതെ, മഹാന്മാർ ആത്മകഥയെഴുതുന്നു —എന്തിന്? എന്തിനെന്നാൽ, തങ്ങളുടെ മഹത്വത്തെക്കുറിച്ചുള്ള അറിവും തങ്ങളുടെ അനുപമേയ ജീവിതത്തെക്കുറിച്ചുള്ള സ്വാഭിമാനവും അവരിൽ വളരെയുണ്ട്. അതുപോലെതന്നെ ലോകത്തിന്റെ മുന്നിൽ തങ്ങളുടെ വൈശിഷ്ട്യ പൂർണജീവിതം പ്രദർശിപ്പിക്കുവാനുള്ള ആഗ്രഹവും അവരിൽ തീവ്രതരമായുണ്ട് . . . . നമ്മെപ്പോലുള്ള അൽപന്മാർ

ഹൃദയാസ്വാസ്ഥ്യത്തിൻെറ ചൂടാറ്റാൻ എഴുതുന്നു. അല്ലെങ്കിൽ മനസ്സിൽ നിറഞ്ഞ പ്രശ്നങ്ങളിൽ നിന്നു മോചനം നേടുവാൻ എഴുതുന്നു . . . . ഈ രണ്ടുദ്ദേശ്യങ്ങൾ കൊണ്ടാണ് ഞാനെഴുതുന്നത്. അല്ലാതെ . . . ." കൗതുകത്തോടെ ചിരിച്ചിരുന്ന ഡോലിയുടെ കണ്ണുകൾ എൻെറ സംസാരത്തിന് അർധവിരാമമിട്ടു!

"ഹായ്, ഗോരീ! എത്ര നന്നായി നീ സംസാരിക്കുന്നു. . . . അതിൻെറ പേരിൽ ഇതാ ഒരുമ്മ. . . ." എന്നു പറഞ്ഞ് ഡോലി — അമ്മ കുഞ്ഞിനെ ഉമ്മ വയ്ക്കുന്ന മാതിരി — എൻെറ നെറ്റിയിൽ ഉമ്മ വച്ചു.

"നിൻെറ കഥ എന്നെ വായിച്ചുകേൾപ്പിക്കണം. നിൻെറ ഹൃദയാസ്വാസ്ഥ്യം, നിറഞ്ഞ പ്രശ്നങ്ങൾ ഇതൊക്കെ വാസ്തവത്തിൽ എന്നിൽ താൽപര്യമുണ്ടാക്കിയിരിക്കുന്നു . . . . ഗോരീ, ഇത്രയും നാൾ നീ എന്നോടതു പറഞ്ഞില്ലല്ലോ!"

"അച്ഛാ! വായിച്ചു കേൾപ്പക്കാം, ... ഒരിക്കൽ. ഞാൻ ആഫ്രിക്കയ്ക്കു പോകുന്നതിനു മുമ്പ്. ഐ പ്രോമിസ്സ്."

"ഗോരീ, ഞാൻ നിൻെറ കഥയിൽ വരുമോ?"

"കുറച്ച് . . . . കുറച്ച്."

"ഊം . . . . ! എന്നെപ്പറ്റി ഒന്നും എഴുതേണ്ട, പ്ലീസ്."

"എന്തുകൊണ്ട്? ഒന്നും മറച്ചു വയ്ക്കരുതെന്നാണ് ഞാൻ തീരുമാനിച്ചിട്ടുള്ളത്."

"നീ എന്നെ നിൻെറ കഥയിലാക്കിയാൽ ഞാനൊരു ചീത്തപ്പെണ്ണാണെന്നു തോന്നുമെന്നതിൽ സംശയമില്ല . . . ."

"ഛെ . . . . നിന്നോടെനിക്കുള്ള വീക്ഷണകോണം ഏതാണ്ടൊരു കാമുകൻേറതാണെന്നു നിനക്കറിയില്ല? ഡോലി, ഡോലി, ... ഞാൻ മറ്റൊരു വീക്ഷണകോണിലൂടെയാണ് നീ എന്ന കഥാപാത്രത്തെ ചിത്രീകരിച്ചത് . . . . അതിരിക്കട്ടെ. നിന്നെ സ്തുതിച്ചു കൊണ്ടു ഞാനീയിടെ ഇരിക്കാറില്ല. എൻെറ ആത്മകഥ പ്രസിദ്ധീകരിക്കുന്നത് അത്രയ്ക്കൊക്കെത്തന്നെയാണ്. ഞാൻ തീർത്തും എനിക്കു വേണ്ടിത്തന്നെയാണ് എഴുതുന്നത് . . . . എൻെറ തലച്ചോറിലെ അഴുക്കുതുടച്ച് സ്വച്ഛമാക്കുകയാണ് എൻെറ പ്രധാന ഉദ്ദേശ്യം . . . ."

"അങ്ങനെയാണെങ്കിൽ നിൻെറ കഥയ്ക്ക് താളാത്മകതയൊന്നും കാണില്ലല്ലോ . . . ."

"അങ്ങനൊന്നുമില്ല. എനിക്കും സ്വൽപം കലാ ദൃഷ്ടിയുണ്ടെന്ന് ഈയിടെയായി തോന്നിത്തുടങ്ങിയിരിക്കുന്നു. എൻെറ അനുഭവങ്ങൾ കലാത്മകമായി എഴുതുമ്പോൾ തന്നെ ആ അനുഭവങ്ങൾക്ക് അർഥമുണ്ടാകുന്നു. അതുപോലെ തന്നെ ആ അനുഭവങ്ങൾ ഭാവോജ്ജ്വലമാകുന്നു . . . ."

"ഗോരീ, യു.സീ, നീ ഈയിടെയായി മറ്റൊരു മനുഷ്യനായി ക്കൊണ്ടിരിക്കുകയാണെന്നെനിക്കു തോന്നുന്നു . . . . ഇക്കഴിഞ്ഞ പതിനഞ്ചു ദിവസങ്ങൾക്കുള്ളിൽ മൂന്നു നാലു പ്രാവശ്യം നാം കണ്ടു മുട്ടി, അല്ലേ? എനിക്കു ക്രമേണ തോന്നുന്നത് നീ സാവധാനം പരിവർത്തനപ്പെടുന്നു, വളരുന്നു, വലിയവനായിത്തീരുന്നു എന്നാണ്. അതെങ്ങനെ? നീ എഴുതിക്കൊണ്ടിരിക്കുന്നതിനും വളർന്നു കൊണ്ടിരിക്കുന്നതിനും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?"

"ഉണ്ടാകണം . . . . പക്ഷേ നീ സത്യമാണോ പറയുന്നത്?"

"ഉം . . . . ഇങ്ങോട്ടു നോക്ക്, ഇന്നുമുതൽ ഞാനും എഴുതും, എന്റെ കഥ "ഡോലി ചിരിച്ചു. "എന്റെ കഥ നിന്റെ കഥയെക്കാൾ വളരെയേറെ ഇൻററസ്റ്റിങ്ങ് ആകാതിരിക്കില്ല!"

"ഉപ്പു കൂടുതൽ ചേർത്താൽ എല്ലാ കഥയും ഇൻററസ്റ്റിങ്ങ് ആകും"

"നിന്റെ കഥയിൽ ഉപ്പ് അധികമില്ലേ?"

"ഉണ്ടാകാം; പക്ഷേ ഞാൻ മനപ്പൂർവം ഒന്നും ചേർത്തിട്ടില്ല . . . ."

"ഗോരീ, ഞാൻ വളരെ ഇൻററസ്റ്റിങ്ങായ ഒരു കാര്യം ഇന്നു നിന്നോടു പറയണമെന്നു കരുതിയാണ് വന്നത്" ഡോലി കണ്ണു വിടർത്തി എന്റെ നേർക്കു സൂക്ഷിച്ചു നോക്കി.

"അതെന്താണ്?" ഞാൻ സാധാരണ ശബ്ദത്തിൽ ചോദിച്ചു.

"ഇപ്പോൾ പറയില്ല . . . . നിനക്ക് അത്ര താൽപര്യമേ ഇല്ല . . . ."

"ഇല്ല. പറയൂ, ഡോലീ, സത്യത്തിൽ എനിക്കു താൽപര്യമു ണ്ട് . . . ."

"ഉം ഉം . . . . ആദ്യം ലമൻ ജ്യൂസ് തയാറാക്കാം. അതിനു ശേ ഷം—"

അൽപനേരം ലമൻ ജ്യൂസ് തയ്യാറാക്കുന്നുതിൽ ഡോലി മുഴുകി. എന്റെ സമീപത്ത് പുറം തിരിഞ്ഞു നിന്നിരുന്ന അവളുടെ ശരീര ത്തിൽ ക്ഷണമില്ലായിരുന്നെങ്കിലും ഒരുതരം ചുറുചുറുക്കുണ്ടാ യിരുന്നു. അവളുടെ കൃശമായ ശരീരത്തിൽ സ്കർട്ടിനെക്കാൾ സാരി അധികം ശോഭിച്ചേക്കുമെന്ന് എനിക്കു തോന്നി. ഇക്കാര്യം അവളോടു പറയണമെന്നു വിചാരിക്കുമ്പോഴേക്ക്, അവൾ എന്റെ നേർക്കു തിരിഞ്ഞ്, കൈയിൽ രണ്ടു ഗ്ലാസ്സുകളുമായി മന്ദഹസിച്ചു കൊണ്ടു മുന്നോട്ടു വന്നു . . . . ഒരു ഗ്ലാസ്സ് എന്റെ കൈയിൽ തന്നു കൊണ്ട് "എന്റെ ലെമൻജ്യൂസ് നിനക്ക് ഇഷ്ടപ്പെടുമോ ഇല്ലയോ, ആർക്കറിയാം?" എന്നു പറഞ്ഞു.

"ഇഷ്ടപ്പെടാതെന്ത്? ഏപ്രിലിലെ ചൂടിൽ ഇത് അമൃതാണ്, നിന്റെ ചുണ്ടുകളെപ്പോലെ" എന്ന് കുസൃതി നിറഞ്ഞ മറുപടി ഞാൻ പറഞ്ഞു.

'ഗോരീ, കളി ഇപ്പോൾ വേണ്ട . . . . ഇതു നോക്ക്, ഗോരീ, എനി

ക്കൊരു വിചാരമുണ്ടായി . . . .”

“ഉം . . . . ? എന്താത്?”

“ഒരാഗ്രഹമുണ്ടായി, എനിക്ക് അമ്മയാകണമെന്ന്!”

“ഏ?” ഞാൻ ആശ്ചര്യചകിതനായി, ഭയപ്പെട്ടു.

“അതിലെന്താണിത്ര ആശ്ചര്യം?”

“അല്ല — അങ്ങനെയാണെങ്കിൽ വിവാഹം കഴിക്കണമെന്ന വിചാരം നിന്റെ തലയിലുദിച്ചോ?”

“വിവാഹം? ഛെ, ആ വിചാരമൊക്കെ എന്നേ ദൂരെക്കളഞ്ഞു . . . . ”

“വിവാഹം വേണ്ട, മക്കളുവേണം. ഇതു നല്ല ന്യായം!”

“അതേ, എന്തോ എങ്ങനെയോ, ഈയിടെയായി എനിക്കു ശക്തിയായി തോന്നാൻ തുടങ്ങിയിരിക്കുന്നു. എന്റേതായ ഒരു കൊച്ചു കുഞ്ഞു വേണം, അതിനെ കളിപ്പിക്കണം, വളർത്തണം, നെഞ്ചോടു ചേർത്തു പിടിക്കണം, ആ കുഞ്ഞിനു വേണ്ടി ജീവിക്കണം, ജീവിതം ചെലവഴിക്കണം . . . . എന്റേതായ ഒരു കുഞ്ഞുണ്ടെങ്കിൽ എനിക്കു ജീവനുള്ളിടത്തോളം കാലം ജീവിതത്തിനൊരർഥമുണ്ടായേക്കും. പ്രായം ചെന്ന അമ്മയുടെ കാലം അവസാനിക്കാറായി. ഒന്നു രണ്ടു വർഷത്തിനുള്ളിൽ എന്റെ അനുജനും സ്വതന്ത്രനാകും. ഹൈസ്ക്കൂൾ പഠിത്തം കഴിഞ്ഞാലുടൻ മോട്ടോർ റിപ്പയറിങ് ഫാമിൽ ജോലിക്കു ചേരാനിരിക്കുകയാണ്. ഗോരീ, നാളെ എന്റെ ജീവിതത്തിനൊരു കേന്ദ്രം വേണ്ടേ?”

ഡോലിയുടെ സാരള്യവും ഗാംഭീര്യവും എന്റെ മനസ്സുലച്ചു.

“ഡോലീ, നിയൊരുതരത്തിൽ സ്വയംപൂർണയായ ഒരു പെൺകുട്ടിയാണ്. എനിക്കും സ്വയംപൂർണനായ ഒരു സുഹൃത്തുണ്ടായിരുന്നു.”

“ഇപ്പോഴയാളെവിടെയാണ്?”

“മോളിൽ — ” ഞാൻ മുകളിൽ, കാണാത്ത ആകാശത്തേക്ക് വിരൽ ചൂണ്ടി.

“കഷ്ടം! . . . . എന്തു പറ്റി?”

“ടി.ബി . . . . പക്ഷേ പിന്നീട് അവൻ . . . .” എങ്ങനെ പറയണമെന്നു ഞാൻ ആലോചിച്ചു.

“അയാം വെരി സോറി . . . .”

അൽപനേരത്തെ മൗനത്തിനു ശേഷം അവൾ തുടർന്നു.

‘ഗോരീ, മരണമുണ്ടാവുക തന്നെ ചെയ്യും. അതുകൊണ്ടാണ് എന്റെ ഒരംശം ഈ ഭൂമിയിൽ ഉണ്ടായിരിക്കണമെന്ന ആഗ്രഹം . . . .” എന്നു പറഞ്ഞ് ഡോലി എന്നെ സൂക്ഷിച്ചു നോക്കി.

“പക്ഷേ Illegitimate child ഒരു പ്രശ്നമാകും . . . .”

“അതിന് എനിക്കൊരുപായമുണ്ട്.”

"എന്ത്?"

"രഹസ്യമായി പ്രസവിച്ച് — അതിനുശേഷം ദത്തെടുക്കുന്നത് — ആളുകളുടെ കണ്ണിൽ മണ്ണിടാൻ . . . ."

ഡോലിയുടെ ചിരി എന്നെയും ചിരിപ്പിച്ചു. ഞാൻ പറഞ്ഞു :

"അഞ്ചാറു വർഷം കൂടി കഴിയട്ടെ. അതിനു ശേഷം നിൻെറ വിചാരം കാര്യരൂപത്തിൽ കൊണ്ടുവരാം . . . ."

ഡോലിയുടെ വിചാരങ്ങൾ എന്നിൽ സംശയവും ഭീതിയുമുണർത്തി . . . .

അന്നു രാത്രി അവളോടൊത്തു കിടന്നപ്പോൾ, പെട്ടെന്ന് എൻെറ തലയിൽ മിന്നൽ പോലെ കടന്നു വന്നു — ഒരു ഭീതി.

ഇവൾ എന്നെ തൻെറ ഉപകരണമായി ഉപയോഗിക്കുകയാണോ? അഥവാ എൻെറ നന്മ ചൂഷണം ചെയ്തുകൊണ്ട് എന്നെ വഞ്ചിച്ചു വലയിൽ വീഴ്ത്തുകയാണോ?

എനിക്ക് പെട്ടെന്ന് ആഫ്രിക്കയിലേക്ക് ഓടിപ്പോകണമെന്ന വിചാരം ബലവത്തായി!

ഞാൻ ഗതജീവിതത്തിൽ നിന്ന് ഓടിപ്പൊയ്ക്കൊണ്ടിരിക്കുമ്പോൾ, 'ജീവിതം' വീണ്ടും എന്നെ കാലിൽ പിടിച്ച് തൻെറ അനന്തമായ വലയിൽ പിടിച്ചിടുകയാണോ?

ജീവൻ ഉത്ഭവിക്കുന്നതിൽ തടസ്സമില്ല. സാധാരണയായി — ചെടികൾക്ക് ഇല വരുന്നതുപോലെ — നിങ്ങളറിയാതെ മനുഷ്യ ജീവിതം രൂപം കൊള്ളാം. ആർക്കറിയാം, ഇന്നലെ രാത്രിയിൽത്തന്നെ സൃജനകർമം പ്രാരംഭമായിരിക്കാം . . . . ? സമുദ്രത്തിൽ രണ്ടു തടിക്കഷണങ്ങൾ ആകസ്മികമായി, സ്വാഭാവികമായി കൂടിച്ചേരുന്നതുപോലെ, നാം കൂടിച്ചേർന്നു. വാസ്തവം! പക്ഷേ ചിലപ്പോൾ രണ്ടു തടിക്കഷണങ്ങളുടെ ഘർഷണത്തിൽ നിന്ന് അഗ്നി ഉണ്ടാകാം. നമ്മുടെ മനസ്സും ഹൃദയവും ആത്മാവും എത്ര നിർലിപ്തമാക്കിയാലും നമ്മുടെ ശരീരം മാത്രം ജീവശ്ശക്തിയുടെ സേവകനാണ്. അയ്യോ . . . . ഞാനും അന്ധനാണോ? ഇല്ല . . . . ഞാനൊരിക്കലും . . . . ഒരിക്കലും മനുഷ്യജീവിതത്തിനു രൂപം കൊടുക്കുവാൻ കാരണമാവുകയില്ല . . . .

ഒരു ജീവൻെറ സുഖ—ദുഃഖം, ആശ—നിരാശ, കിനാവ്, സ്നേഹം —ദ്വേഷം, ജയം—പരാജയം, അവസാനം മരണം. ഇവയ്ക്കു ഞാൻ കാരണമാവുകയില്ല . . . . മരണം ! അതെ ഒരു ജീവൻെറ മരണത്തിനു ഞാൻ കാരണമാവുകയില്ല . . . . ഒരു ജീവനു ജന്മം കൊടുക്കുകയെന്നു പറഞ്ഞാൽ ആ ജന്മത്തിൻെറ കൂടെ ആ ജീവൻെറ മരണത്തിനും ജന്മം കൊടുക്കുകയെന്നാണ് . . . . മരണം എന്നാൽ എന്താണ് എന്നതിനെപ്പറ്റിയുള്ള വ്യക്തമായ സങ്കൽപം എനിക്കുള്ളപ്പോൾ; മരണത്തിൻെറ സത്യാവസ്ഥ, നിശ്ചിതത്വം, അനിവാര്യത,

ഭീകരത ഇവയുടെ അഖണ്ഡ പ്രജ്ഞ—ജ്ഞാനങ്ങളുള്ളപ്പോൾ ഞാൻ കണ്ണില്ലാതെ മൂഢത്തം പ്രവർത്തിക്കാമോ? മരണം—ശ്രീ കാന്തന്റെ മരണം—മനസ്സിൽ ജ്വലന്തജ്വാലയായി നിരന്തരം എരിഞ്ഞുകൊണ്ടിരിക്കുമ്പോൾ ഞാൻ അന്ധനാകാമോ ?

ശ്രീകാന്തന്റെ മരണം. അതിന്റെ ബീജം എവിടെയായിരുന്നു ? ഒന്നാമതായി, അവന്റെ ജനനത്തിൽ — ഇതു സാർവത്രികമായ സത്യമാണ്. രണ്ടാമതായി, അവന്റെ അകാലമൃത്യുവിന്റെ ബീജം അവന്റെ ടി. ബി. യിലാണ് കുടികൊണ്ടിരുന്നത് (പക്ഷേ ഇതു സമ്പൂർണ സത്യമാണോ?). മൂന്നാമതായി അവന്റെ മനസ്സിൽ തന്നെയുണ്ടായിരുന്നു മരണത്തിന്റെ കാരണം ! . . . .

പക്ഷേ ജനങ്ങൾക്കുമാത്രം ഭാഗ്യദോഷമായ ടി. ബി. തന്നെയായിരുന്നു എല്ലാറ്റിനും കാരണം.

ശ്രീകാന്തന്റെ കത്തു വന്നതിന്റെ അടുത്ത ദിവസം ഞാൻ ധൃതി പിടിച്ച് ധാറവാഡയിലേക്ക് ഓടി . . . . ടി. ബി. ഭൂതത്തിന്റെ നിഴലിൽ പരാജയപ്പെട്ട ശ്രീകാന്തൻ കൈകുത്തി വീണിരിക്കാമെന്ന് ഞാൻ കരുതി.

ഞാൻ അവരുടെ വീട്ടിലെത്തി കതകിൽ തട്ടുന്നതുവരെ ഒരുതരം ദിഗ്ഭ്രമവും ശൂന്യതയും എന്റെ മനസ്സ് മൂടിയിരുന്നു. കാമിനിയായിരുന്നു കതകുതുറന്നത് . . . . കാമിനി എന്തുകൊണ്ടോ പെട്ടെന്നു വളരെ അടുത്തവളെപ്പോലെ തോന്നിച്ചു.

"കാമിനീ, ശ്രീകാന്തനെങ്ങനെയിരിക്കുന്നു?" എന്റെ ബാഗ് വാതിലിനടുത്ത് ഭിത്തിക്കു സമീപം വച്ചുകൊണ്ടു ഞാൻ ചോദിച്ചു.

"സുഖമായിരിക്കുന്നു. മുറിയിൽ വായിച്ചു കൊണ്ടിരിക്കുകയാണ്."

കാമിനിയുടെ ശബ്ദത്തിലും മുഖത്തും വിഷാദത്തിന്റെ ചിഹ്നമില്ലായിരുന്നു. ആശ്വാസമായി. അപ്പോൾ തന്നെ, കാമിനിക്കു സമർപ്പിക്കപ്പെട്ട എന്റെ മനസ്സിന്റെ ഭാഗം ഉത്തേജിതമാകുവാൻ ഞാനൽപം വിശദമായി അവളുടെ നേർക്കു നോക്കി!

"നിനക്കു സുഖമാണോ?"

"എനിക്കെന്താണ് അസുഖം?"

അവളുടെ 'അസുഖ' ശബ്ദം എന്റെ മനസ്സിൽ തറച്ചു. കസേരയിലിരുന്ന് ഞാൻ ബൂട്ടഴിക്കുവാൻ തുടങ്ങി.

"നിന്റെ അവധി നന്നായിരുന്നോ? നിങ്ങളുടെ മൈസൂർ ട്രിപ്പ്, എങ്ങനെയുണ്ടായിരുന്നു?"

"ങേ? ട്രിപ്പോ? . . . ." അവളുടെ ദൃഷ്ടി ജനലിനു പുറത്തു തറച്ചു നിന്നു.

അവളുടെ മൗനം എന്റെ മനസ്സിൽ അസ്വസ്ഥതയുണ്ടാക്കി. അസ്പഷ്ടസംശയങ്ങളുടെ തിരമാലകൾ മനസ്സിലുയർന്നു; ഒരു നിമിഷം മാത്രം. അവൾ മറ്റെന്തെങ്കിലും പറയുമോ അഥവാ അവളുടെ

കണ്ണുകൾ എന്തെങ്കിലും സൂചിപ്പിക്കുമോ എന്നറിയാൻ അവളുടെ നേർക്ക് നോക്കി. ബൂട്ട് സമീപത്തഴിച്ചുവച്ച് എഴുന്നേറ്റുനിന്നു. അവളുടെ വിചാര മഗ്നത, അവളുടെ മുഖസൗന്ദര്യത്തിനു പ്രബലമായ കാന്തശക്തി നൽകിയതുപോലെ തോന്നി. അപ്പോൾ മുതൽ തപ്തമായ എന്റെ മനസ്സിൽ ഒരു തരം അനുകമ്പ ഊറിവന്നു. ഞാൻ പെട്ടെന്ന് അവളുടെ സമീപം പോയി, അവളുടെ താടിക്കു പിടിച്ച് എന്റെ നേർക്കു തിരിച്ച് ശ്രമപൂർവം ചിരിവരുത്തി.

"കാമിനീ . . . . നിന്റെ ട്രിപ്പിനെപ്പറ്റി പിന്നീടു പറയുമോ? ഏ?" എന്നു ചോദിച്ചു. അവളുടെ ദൃഷ്ടിയിൽ 'ദൂരത്വം' അപ്പോഴുമുണ്ടായിരുന്നതു കണ്ട് അസ്വസ്ഥനായി. "നടക്ക്, ശ്രീകാന്തനെ കാണാം" എന്നു പറഞ്ഞ് ധൃതിയിൽ ശ്രീകാന്തന്റെ മുറിയുടെ വാതിൽ കടന്ന് അകത്തു പ്രവേശിച്ചു.

"ശ്രീകാന്താ!" എന്റെ ശബ്ദം വിറപൂണ്ടിരുന്നു. ആ വിറയലിന്റെ ഉറവിടം കാമിനിയുടെ സമ്പർക്കത്തിലായിരുന്നോ അഥവാ ശ്രീകാന്തനെ കണ്ടപ്പോൾ പെട്ടെന്നുണ്ടായ ദുഃഖ—സഹാനുഭൂതികളിലായിരുന്നോ അഥവാ ഈ രണ്ടിലുമായിരുന്നോ?

"ഹലോ, ഗോരീ!" എന്നു പറഞ്ഞു ശ്രീകാന്തൻ പെട്ടെന്ന് കട്ടിലിൽ നിന്നു താഴെയിറങ്ങി "വന്നോ, ഗുഡ്" എന്നു പറഞ്ഞു ചിരിച്ചുകൊണ്ടു കൈ നീട്ടി—

നിരാശ കൊണ്ടു ചുളിഞ്ഞ മുഖം പ്രതീക്ഷിച്ചിരുന്ന എന്നെ അവന്റെ ഉത്സാഹപൂർണമായ ചിരി അത്ഭുതപ്പെടുത്തി. എന്തു പറയണം, എന്തു ചോദിക്കണം എന്നെനിക്കറിയാൻ കഴിഞ്ഞില്ല. ദിങ്മൂഢനായി, ഒരു പ്രാവശ്യം അവനെ സൂക്ഷിച്ചു നോക്കി, നിർജീവമായ കൈകൊണ്ട് അവന്റെ ചൂടായ കൈ പിടിച്ചു, മുഖം കുനിച്ചു.

"ഗൗരീ, ഭ്രാന്താ — എന്തിനിങ്ങനെ മുഖം കുനിച്ചു? ഞാനിതുവരെ ചത്തില്ല . . . . അതുപോലെ തന്നെ ചാകാൻ തുടങ്ങിയിട്ടുമില്ല . . . ."

മരണത്തെക്കുറിച്ചു പറഞ്ഞപ്പോൾ എന്നെ സ്വയം സമാധാനിപ്പിച്ചു.

"മരണത്തെക്കുറിച്ചെന്തിനു പറയുന്നു?" എന്നു പ്രയാസത്തോടെ ഞാൻ ചോദിച്ചു.

"അല്ല, മരണത്തെക്കുറിച്ചു സംസാരിക്കാൻ എന്താണു ഭയം? മനുഷ്യർക്കു മരണം തീർച്ചയാണ്. മൃത്യു എന്ന സത്യത്തെ എല്ലാ മനുഷ്യരും അഭിമുഖീകരിച്ചേ തീരൂ."

"അതൊക്കെ ശരി. പക്ഷേ നിന്റെ മരണത്തെക്കുറിച്ചെന്തിനു പറയുന്നു?"

"എന്തുകൊണ്ട്? ഒരു ദിവസം ഞാൻ തീർച്ചയായും മരിക്കും. പക്ഷേ ഞാനിപ്പോൾ — ഈ ടി.ബി. മൂലം മരിക്കാനൊരുങ്ങിയിട്ടില്ല."

"അതാണെനിക്കു വേണ്ടത്. ഞാനെത്ര മാത്രം ഭയപ്പെട്ടെന്നറിയാമോ?"

നെഞ്ചിലേറ്റിയിരുന്ന കല്ല് ഉരുണ്ടുമാറി. ആശ്വാസമായി. അപ്പോൾ ശ്രീകാന്തൻ കട്ടിലിലിരിക്കുകയായിരുന്നതുകൊണ്ട് ഞാനും അവന്റെ സമീപത്തിരുന്നു.

"പക്ഷേ ഒരു കാര്യം. ഞാൻ നിഷ്ഠയോടെ ഡോക്ടറുടെ നിർദേശ പ്രകാരം മരുന്നു കഴിക്കണം."

"പിന്നെ . . . . ?"

"ഡോക്ടർ പറഞ്ഞതനുസരിച്ച് ഞാൻ മിർജിക്കടുത്ത് വാനലെസ്‌വാഡിയിൽ പോയി താമസിക്കണമത്രെ."

* * *

ശ്രീകാന്തൻ പുറമെ ആശയും ഉത്സാഹവുമൊക്കെ കാണിച്ചിരുന്നെങ്കിലും അവന്റെ മനസ്സ് മരണത്തിൽ തന്നെ കേന്ദ്രീകരിച്ചിരുന്നുവെന്ന് പിന്നീടെനിക്കു മനസ്സിലായി. അക്കാലത്ത് ശ്രീകാന്തന്റെ ഡയറിക്കുറിപ്പിൽ പ്ലേറ്റോയുടെ 'സോക്രട്ടീസിന്റെ അവസാന ദിവസങ്ങൾ' എന്ന പുസ്തകത്തിന്റെ അവതരണക്കുറിപ്പ് എഴുതി വച്ചിരുന്നു.

"മരണം രണ്ടു സംഗതികളിലൊന്നാണ്. മരണം സമ്പൂർണ നാശമാണ്, ശൂന്യതയാണ്. അതുപോലെ മരിച്ച വ്യക്തിക്ക് ഒരു തരത്തിലുമുള്ള പ്രജ്ഞ ഇല്ല. അഥവാ മരണം, ചിലർ പറയുന്നതു പോലെ, വാസ്തവത്തിൽ ഒരു തരം പരിവർത്തനമാണ് — സ്ഥിത്യന്തരം, ആത്മാവിന്റെ സ്ഥലം മാറ്റം, ഈ ജഗത്തിൽ നിന്നു മറ്റൊരു ജഗത്തിലേക്ക്. മരണം പ്രജ്ഞാനാശമാണെങ്കിൽ അതു സ്വപ്നരഹിത നിദ്രയല്ലേ? അങ്ങനെയാണെങ്കിൽ മരണം അത്ഭുതകരമായ ലാഭമല്ലേ? അഥവാ മറ്റൊരു തരത്തിൽ മരണം ആത്മാവിന്റെ സ്ഥലം മാറ്റമാണെങ്കിൽ, അതുപോലെ തന്നെ ചിലർ പറയുന്നതുപോലെ ആ മറ്റൊരു സ്ഥലത്ത് മരിച്ചവരെല്ലാമുണ്ടെങ്കിൽ ആ സ്ഥലത്തു കഴിച്ചു കൂട്ടുന്നതിനെക്കാൾ അനുഗ്രഹം എന്താണ്? . . . . അതെ, ഇപ്പോൾ നാം പുറപ്പെട്ടിരിക്കുന്നു. ഞാൻ മരിക്കുവാനും നീ ജീവിക്കുവാനും. എന്നാൽ ആരുടെ ഭാവി സുഖദമാകുമെന്ന് ആർക്കും അറിയില്ല. അറിയാമെങ്കിൽ ദൈവമൊരുത്തനുമാത്രം."

പിന്നീട് ശ്രീകാന്തൻ മരണത്തെത്തന്നെ കേന്ദ്രമാക്കി തന്റേതായ ഒരു തത്വജ്ഞാനം രൂപീകരിക്കുവാൻ ശ്രമിച്ചിരുന്നു.

* * *

എന്റെ ജീവിതത്തിൽ മിക്കവാറും അത് ആദ്യത്തെ സന്ധികാലമായിരിക്കണം. അച്ഛനും അമ്മയും സത്യേന്ദ്രനും പറഞ്ഞതുപോലെ ബോംബെയിലേക്കു പോകണോ അതോ ശ്രീകാന്തനെ ശുശ്രൂഷിച്ചുകൊണ്ട് ധാറവാഡയിൽ അഥവാ ശ്രീകാന്തനുള്ളിടത്ത്

കഴിയണോ? ഞാനെന്താണു ചെയ്യേണ്ടത്? ഇതോ — അതോ? ഞാനിതു തീരുമാനിക്കേണ്ടിയിരിക്കുന്നു. ശ്രീകാന്തനോട് ഈ പ്രശ്നത്തെക്കുറിച്ചു ചോദിക്കുവാനാവില്ല. ചോദിച്ചാൽ അവൻ ഇങ്ങനെ പറഞ്ഞേക്കാം (പിന്നീട് എത്രയോ പ്രാവശ്യം സ്വയം ഇങ്ങനെ പറഞ്ഞിരിക്കുന്നു.) "നീ ബോംബെയ്ക്കു പോയി ബി.എസ്സി. ടെക് അല്ലെങ്കിൽ നല്ലൊരു കോളേജിൽ ചേർന്ന് എം.എസ്സി. എടുക്കുകയാണ് നല്ലത്." ഇങ്ങനെ അവൻ തൻെറ ഉദാര ബുദ്ധി വ്യക്തമാക്കിയേക്കാം.... ശ്രീകാന്തൻെറ ഈ അവസ്ഥയിൽ ബോംബെയിലേക്കു പോകുന്ന വിചാരം തന്നെ അസഹ്യമായിരിക്കുന്നു. "ഇല്ല, അതാവില്ല. ഞാനിവിടെത്തന്നെ കഴിയും . . . . അങ്ങനെ നോക്കിയാൽ ഇവിടെയും എം.എസ്സിക്കു ചേരാൻ കഴിയും. ബി.എസ്സി. ടെക്. പോയി തുലയട്ടെ. ശ്രീകാന്തന് ഇപ്പോൾ ആരെങ്കിലും വേണം— ഞാൻ വേണം. അല്ല, എനിക്ക് അവൻ വേണം. ഇപ്പോൾ അവനോടൊപ്പം കഴിയുന്നതാണ് എൻെറ കർത്തവ്യം, അല്ല എൻെറ ആവശ്യം." ഇങ്ങനെ എന്തൊക്കെയോ ഞാൻ സ്വയം ചർച്ച ചെയ്തു. എന്നാൽ എൻെറ അന്തർമനം ഞാൻ ധാറവാഡയിൽ തന്നെ കഴിഞ്ഞു കൂടുവാൻ മറ്റൊരു കാരണം പറഞ്ഞു: "അതെ എനിക്കറിയാം — മറ്റൊരു കാരണമുണ്ടെന്ന്. പറയട്ടേ? കാമിനി. അവളോടുള്ള പ്രീതിയിൽ നിന്നു മുക്തനാകാതെ അവളിൽ നിന്നു നിനക്കു മോചനമില്ല. അതിനു വേണ്ടി അവളുള്ളിടത്തു നീയുമുണ്ടാകണം."

ഈ അന്തർമനത്തിൻെറ അഭിപ്രായം സത്യേന്ദ്രൻെറ കത്തിലൂടെ എനിക്കു സ്പഷ്ടമായി കേൾക്കാൻ കഴിഞ്ഞു. ഞാൻ ധാറവാഡയിൽ തന്നെ കഴിഞ്ഞുകൂടാനുള്ള തീരുമാനത്തിലെത്തിച്ചേർന്നിരുന്നിട്ടു കൂടി ഇതേപ്പറ്റി സത്യേന്ദ്രൻെറ ഉപദേശം പുറത്തു വന്നു. അവൻെറ മറുപടി കിട്ടി.

"നീ ധാറവാഡയിൽ തന്നെ കഴിഞ്ഞു കൂടുന്നത്, നീയും ശ്രീകാന്തനും തമ്മിലുള്ള സ്നേഹത്തിൻെറ ലക്ഷണമാണെന്നതു തീർച്ചയാണ് .... ശ്രീകാന്തൻെറ രോഗത്തെക്കുറിച്ച് നിന്നെപ്പോലെ തന്നെ എനിക്കും സഹാനുഭൂതിയുണ്ട് .... പക്ഷേ നീ അവിടെ താമസിച്ചിട്ട് എന്തു ചെയ്യാനാണ്? ശ്രീകാന്തന് ഇപ്പോൾ ഡോക്ടറുടെ ആവശ്യമുണ്ട്. അവൻ വാനലെസ്വാഡിയിൽ പോയി താമസിക്കേണ്ടിവരുമെന്ന് നീ എഴുതിയിരിക്കുന്നു. ഇപ്പോൾ അവനെ ശ്രദ്ധിക്കുവാൻ ഡോക്ടറില്ലേ, അവൻെറ അമ്മയില്ലേ, അവൻെറ അനുജത്തിയില്ലേ? നീ വേണമെന്നില്ലെന്നല്ല. നിൻെറ ഇത്തരം ത്യാഗത്തിൻെറ ആവശ്യം എനിക്കു മനസ്സിലാകുന്നില്ല .... ഉം, നീ പറയാതിരുന്നാലും എനിക്കറിയാം, മറ്റൊരു കാരണമുണ്ടെന്ന്. കാമിനി . . . . ഉം, കള്ളാ, സത്യമാണോ അല്ലയോ? ഗൗരീശാ, നീ വെറുതെ തീയിൽ കൈ കാണിച്ചു പൊള്ളലേൽപിക്കുകയാണ്. സൂക്ഷിച്ചോ!"

ഈ കത്തു വായിച്ച് ഒരു തരം ശക്തിയായ കോപത്തിൻെറ പുക എൻെറ മനസ്സിൽ പരന്നു. ഇവൻെറ സഹാനുഭൂതി അർത്ഥമില്ലാത്ത സഹാനുഭൂതിയാണ്. ഇവൻെറ ജാഗ്രതപ്പെടുത്തൽ ജീവിതത്തിൻെറ ഉത്ക്കടതയെ നശിപ്പിക്കുന്ന ജാഗ്രതപ്പെടുത്തലാണ്. . . . ഇവന് ഞാനും ശ്രീകാന്തനും തമ്മിലുള്ള സ്നേഹത്തെക്കുറിച്ചോർത്തു കണ്ണുകടിയാണോ? ഞാനും കാമിനിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് — അവൻെറ ഉപബോധ മനസ്സിൽ അസൂയയാണോ?. . . .

* * *

മിനിഞ്ഞാന്നു വായിച്ച ഒരമേരിക്കൻ കഥയിൽ ഇത്തരം അസൂയയെക്കുറിച്ചു വർണിച്ചിട്ടുണ്ട്. ഒരു ഭാര്യയും ഭർത്താവും. ഭർത്താവിന് കലാകാരനായ ഒരു സുഹൃത്തുണ്ടായിരുന്നു. കുടിക്കുന്നതും വ്യഭിചരിക്കുന്നതും അൽപസ്വൽപം എഴുതുന്നതും ആ സുഹൃത്തിൻെറ 'ദുർ' ജീവിതമായിരുന്നു. ഇത്തരം സുഹൃത്തുള്ളത് അപമാനമാണ്, അസഹ്യമായ അപമാനമാണ്—ആ സുഹൃത്തിനെ ഉപേക്ഷിക്കണമെന്ന് ഭാര്യ ഭർത്താവിനെ നിർബന്ധിക്കുന്നു . . . . പ ക്ഷേ ആ ഭർത്താവിന് വാസ്തവത്തിൽ തൻെറ സുഹൃത്തിൻെറ നിറപ്പകിട്ടാർന്ന ജീവിതത്തെക്കുറിച്ച് ഉപബോധമനസ്സിൽ അസൂയയാണ്. ഭാര്യയുടെ നിർബന്ധം മൂലം, ഭർത്താവ് കോപിക്കുന്നു. ആ ഭർത്താവിൻെറ ഉപബോധ — അസൂയ പുറത്തു വരുന്നു. അപ്പോൾ താൻ ഭാര്യയ്ക്കുവേണ്ടി കൊണ്ടു വന്ന ഹസ്താഭരണങ്ങൾ വാസ്തവത്തിൽ ഒരു ടൈപ്പിസ്റ്റ് പെൺകുട്ടിക്കു വേണ്ടി വാങ്ങിയതാണെന്നു മനസ്സിലാകുന്നു . . . . പെൺകുട്ടിയെക്കുറിച്ച് അവൻെറ സുപ്തമനസ്സിൽ കുടികൊണ്ട പ്രേമത്തിൻെറയും മോഹത്തിൻെറയും ബഹിരംഗ കൽപന അയാൾക്കുണ്ടാകുന്നു! . . . .

* * *

ഞാൻ ബോംബെയിലേക്കു പോകണമെന്നു തീരുമാനിച്ച വിവരം ശ്രീകാന്തനറിയാമായിരുന്നില്ല. അതേപ്പറ്റി സിർസിയിൽ വച്ച് ഞാനവനു കത്തെഴുതണമെന്നു കരുതിയിരുന്നപ്പോഴാണ് ഇടി മാതിരിയുള്ള അവൻെറ കത്തു വന്നത്. തന്മൂലം എൻെറ 'ഇതോ — അതോ' പ്രശ്ന രൂപത്തെപ്പറ്റി അവന് ഒന്നും അറിയാമായിരുന്നില്ല. ഞാൻ ധാറവാഡയിലെ കോളേജിൽ എം.എസ്സി. പ്രവേശനത്തിന് അപേക്ഷ അയച്ചപ്പോൾ, അത് സ്വാഭാവികമായി അവനു തോന്നിയതിൽ ആശ്ചര്യത്തിനവകാശമില്ല. അച്ഛനുമാത്രം കള്ളക്കാരണം പറഞ്ഞു കത്തെഴുതി "ബോംബെയിലെ ഒരു നല്ല പ്രൊഫസർ സ്ഥലം മാറി ഇവിടെ വന്നിട്ടുണ്ട്. അതുകൊണ്ട് ഞാൻ ഇവിടെത്തന്നെ എം.എസ്സിക്കു ചേരണമെന്നു വിചാരിക്കുന്നു . . . . ഇവിടത്തെ ലബോറട്ടറി ഈ വർഷം വളരെയേറെ വികസിപ്പിച്ചിട്ടുണ്ട് . . . . ചെലവു ചുരുക്കലിൻെറ ദൃഷ്ടിയിൽ ഇവിടെ കഴിയുന്നതാണു നന്ന്.

കോളേജ് നാലഞ്ചു ദിവസങ്ങൾക്കുള്ളിൽ തുറക്കും. ഉടൻ തന്നെ ദയവായി 300 രൂപ അയയ്ക്കണം". 'ചെലവു ചുരുക്ക'ലിൻെറ കാര്യം അദ്ദേഹത്തിൻെറ ഉള്ളിൽ തട്ടിയിരിക്കണം. ഉടൻ തന്നെ അദ്ദേഹത്തിൽ നിന്ന് 'വിരോധമില്ല . . . . ഇപ്പോൾ 150 രൂപാ അയയ്ക്കുന്നു" എന്ന മറുപടി വന്നു.

* * *

ശ്രീകാന്തനും അവൻെറ അമ്മയും ഞാനും ഉടൻ തന്നെ വാനെലസ്വാഡിയിലേക്കു പോകുവാൻ തീരുമാനിച്ചു. അവരുടെ വീട്ടിൽ കാമിനിയോടൊപ്പമിരിക്കാൻ ഹുബ്ബള്ളിയിൽ നിന്ന് അവരുടെ വിദൂര ബന്ധത്തിൽപെട്ട 40—45 വയസ്സുള്ള ഒരു വിധവ വന്നു.

ശ്രീകാന്തൻെറ അമ്മ "ഗൗരീശാ, ദൈവം അയച്ചതു പോലെ നീ ഞങ്ങളുടെ അടുത്തുവന്നു . . . . ശ്രീകാന്തനും ഞങ്ങൾക്കും അതു മാത്രമാണാശ്രയം. വാനലസ്വാഡിക്കുപോകാൻ അവൻെറ ചിറ്റപ്പന് എഴുതണോ എന്നാലോചിച്ചു . . . . വെറുതെ അവനെ വിഷമിപ്പിക്കുകയായിരിക്കും . . . . നിൻെറ ഉപകാരം — " എന്നോ മറ്റോ പറഞ്ഞു,ുന്നു. അപ്പോഴേയ്ക്കും ഞാൻ ഇടയ്ക്കുകയറി പറഞ്ഞു.

"മാംശീ, അതിൽ ഉപകാരം എന്താണുള്ളത്? ഒരു തരത്തിൽ ഞാനെൻെറ കർത്തവ്യം നിർവഹിക്കുന്നു. അതിൽ ഞാൻ ആനന്ദമനുഭവിക്കുന്നു."

ശ്രീകാന്തൻെറ അമ്മ സരളാഭായിയെക്കുറിച്ച് ഇതുവരെ ഞാനൊന്നും പറഞ്ഞില്ലല്ലോ . . . . അവരുടെ മക്കളിലുണ്ടായിരുന്ന ഒരു തരം തീവ്രമായ അസ്വസ്ഥത (അസ്തിത്വ വാദികൾ പറയുന്ന ജീവിതാസ്വാസ്ഥ്യം, അവരിൽ അൽപവും ഉണ്ടായിരുന്നില്ല. ശാന്തസ്വഭാവമായിരുന്നു അവരുടേത്. ഭർത്താവിൻെറ മരണശേഷം അവരുടെ ജീവിതാസക്തി മിക്കവാറും കുറഞ്ഞു പോയിരിക്കണം. അവരുടെ ഭർത്താവിനെ കൊണ്ടുപോയ ടി.ബി. തന്നെ മകൻ ശ്രീകാന്തനെയും പിടികൂടിയല്ലോ എന്ന ആഘാതം അവരുടെ ഹൃദയത്തിനേറ്റിരിക്കണം. പക്ഷേ പുറമെ മാത്രം മൗനം, ശാന്തം. വരുന്നതു വരുന്നു, വന്നത് നേരിടുക തന്നെ വേണം എന്ന ഒരു തരം വിധിലിഖിത വാദമായിരുന്നു അവരിലുണ്ടായിരുന്നത്. അവരുടെ ക്ഷമയും സഹനശക്തിയും അദ്ഭുതകരമായിരുന്നു.

. . . . (മിക്കവാറും ഇത്തരം മനോവൃത്തിയിൽ തന്നെ മുക്തിയുടെ അടിസ്ഥാനമുണ്ട്. പക്ഷേ താരുണ്യത്തിലെ തിളയ്ക്കുന്ന രക്തത്തിൽ ഇത്തരം മനോഭാവം എന്തെങ്കിലും വേരൂന്നുമോ? ഇന്ദ്രിയങ്ങളുടെയും ജീവിത വൃത്തികളുടെയും സംതൃപ്തി ലഭിച്ച ശേഷം, രക്തത്തിൻെറ തിളപ്പ് ഇറങ്ങിയതിനു ശേഷം ഇത്തരം മനോഭാവത്തിന് അൽപം അവസരം ലഭിച്ചേക്കും! . . . .)

. . . . സരളാ മാംശിയുടെ ശാന്ത മൗന വൃത്തിയിൽ കണ്ടുവരുന്ന

മരണത്തിന്റെ നിഴൽ കണ്ട് എന്റെ മനസ്സിൽ അവ്യക്തമായ അസ്വാസ്ഥതയുണ്ടായി. ചിലപ്പോൾ ഈ സ്ത്രീ വെറുതെ നോക്കുന്നു — കല്ലിന്റെ കണ്ണുകൊണ്ട് ! അവരുടെ കല്ലുകണ്ണിൽ ഒരു പ്രശ്നം — ഒരു ഭാവം എപ്പോഴും തെളിഞ്ഞു നിന്നിരുന്നു. "എന്തിനാണീ ജീവിതം? അതിലെന്താണുള്ളത്? മനുഷ്യൻ എന്തിന് വിഷമിക്കണം, അസ്വാസ്ഥ്യപ്പെടണം? മരണം വരെ കഴിഞ്ഞു കൂടണം! അതു വേണം ഇതുവേണം എന്നു ആശിക്കുന്നതുകൊണ്ട് പ്രയോജനമില്ല, വിഷമിച്ചിട്ടു പ്രയോജനമില്ല. സംഭവിക്കുന്നതു സംഭവിക്കുന്നു, വരുന്നതു വരുന്നു. വിധി!

* * *

"വിധി! വിധി ലിഖിത വാദം —

ഭാരതീയരുടെ തലച്ചോറിൽ പടിച്ച ഗ്രഹണമാണത് . . . . നിസർഗ ശക്തി — പ്രവൃത്തികളുടെ അജ്ഞാനം. അതുപോലെ മനുഷ്യനിൽ തന്റെ സുഖദുഃഖങ്ങളെക്കുറിച്ചുള്ള അമിതാസക്തി— ഇവ തന്നെയല്ലേ ഈ വിധിയുടെ ജനയിതാക്കൾ. ഓരോ സംഭവങ്ങൾക്കും അതിന്റേതായ കാരണങ്ങളുണ്ടായിരിക്കും. വൈജ്ഞാനികവും ബുദ്ധിവാദപരവുമായ ദൃഷ്ടിയിലൂടെ നോക്കിയാൽ ചെറിയൊരു സംഭവത്തിന് അസംഖ്യം കാരണങ്ങളുണ്ടായിരിക്കും. പക്ഷേ സാധാരണ മനുഷ്യർക്ക് അവയെല്ലാം സൂക്ഷ്മമായി അപഗ്രഥിച്ചു നോക്കുവാനുള്ള കഴിവും ക്ഷമയുമുണ്ടായിരിക്കുകയില്ല. അതിനാൽ കണ്ണുകൊണ്ടു കാണാനാവാത്ത കാരണങ്ങൾക്ക് വിധി എന്നു പറയുന്നു . . . ." എന്നു ശ്രീകാന്തൻ പറഞ്ഞിരുന്നത് വിധിയെക്കുറിച്ച് ഒരിക്കൽ സംസാരിച്ചപ്പോഴാണ്.

"വിധിലിഖിത വാദത്താൽ സാധാരണ മനുഷ്യന് ഒരു രീതിയിലുമുള്ള സമാധാനം കിട്ടുകയില്ലേ?" ഞാൻ ചോദിച്ചു.

"അതെ. പക്ഷേ ഇത്തരം അന്ധമായ സമാധാനം മനുഷ്യർക്ക് നന്നല്ല . . . . ഉദാഹരണത്തിന് ഒരു മനുഷ്യൻ മോട്ടോറിന്റെ അടിയിൽ പെട്ട് മരിച്ചു എന്നിരിക്കട്ടെ, അത് അവന്റെ വിധിയാണെന്നു പറഞ്ഞാൽ എന്താണു പ്രയോജനം? ആ മനുഷ്യന്റെ മരണം എന്ന സത്യാവസ്ഥ ഇല്ലാതാകുമോ? എല്ലാറ്റിനും വിധി എന്നു പറഞ്ഞ് ആളുകൾ സത്യത്തിന്റെയും യഥാർഥ ജീവിതത്തിന്റെയും നേരെ ഒരു തരം ഉദാസീനത, അല്ല ഉപേക്ഷ കാണിക്കുന്നു എന്നാണ് എന്റെ വിശ്വാസം."

"അല്ല നമ്മുടെ ഭാരതീയ തത്ത്വജ്ഞാനത്തിൽത്തന്നെ കർമം, വിധി എന്നീ വിചാരങ്ങൾക്ക് മഹത്തായ സ്ഥാനമില്ലേ? ആ തത്വജ്ഞാനികളെല്ലാം മൂഢന്മാരാണോ?" ഞാൻ ധൈര്യത്തോടെ ചോദിച്ചു.

"അതെ, ഒരു വീക്ഷണ കോണിലൂടെ നോക്കിയാൽ മൂഢന്മാർ തന്നെയാണ് എന്നു പറയേണ്ടിയിരിക്കുന്നു" ശ്രീകാന്തൻ അൽപ്പം

ച്ചൂടോടെ പറഞ്ഞു. "ആത്മാവിനു മരണമില്ല; പുനർജന്മം ഉണ്ടാക തന്നെ വേണം—എന്നതാണ് അവരുടെ വിചാരം . . . . ഈ വിചാരം എങ്ങനെ ഉണ്ടായി എന്നറിയാമോ? മരണത്തിനുശേഷം ശൂന്യത യുണ്ട് എന്ന കടുസത്യം ജീവിതാസക്തനായ മനുഷ്യൻെറ കഴുത്തി ലിറക്കിവയ്ക്കുന്നതു കഠിനമാണ് ! ഒരിക്കൽ പുനർജന്മ സങ്കൽപം അംഗീകരിച്ചു കഴിഞ്ഞാൽ—അടുത്ത പ്രശ്നം പുനർ ജന്മത്തിനും ഈ ജന്മത്തിനും തമ്മിൽ എന്തെങ്കിലും ബന്ധം വേണ്ടേ? അവിടെ കർമ്മത്തെപ്പറ്റിയുള്ള വിചാരം വന്നു, പാപ—പുണ്യങ്ങളെപ്പറ്റിയുള്ള വിചാരം വന്നു! ഈ ജീവിതത്തിൽ നീ ചെയ്ത കർമ്മങ്ങൾക്കനുസ രിച്ച് നിനക്ക് പുനർജന്മം ലഭിക്കും! കർമ്മത്തിൻെറ കാര്യം വേറെ, വിധിയുടെ കാര്യം വേറെ . . . . കർമ്മ തത്വത്തിൽ മനുഷ്യന് തൻെറ കാര്യങ്ങളിൽ സ്വൽപമെങ്കിലും സ്വാതന്ത്ര്യമുണ്ട്. പക്ഷേ വിധി — തത്വത്തിൽ എല്ലാം ഉണ്ടെങ്കിൽ ഭൂത—വർത്തമാന— ഭാവികൾ വിധി ലിഖിതങ്ങളാണ്. ഞാൻ നിന്നോടിപ്പോൾ സംസാരിക്കുന്നതും, നീ കേൾക്കുന്നതും വിധി ലിഖിതമാണ്. ഞാൻ സംസാരിക്കുമ്പോൾ ചുമയ്ക്കുന്നതും വിധി ലിഖിതം, നീ കേൾക്കുമ്പോൾ കൂടെക്കൂടെ വാതിൽക്കലേക്കു നോക്കുന്നതും വിധിലിഖിതം . . . . ഈ വിധി കൽപന മൂലമല്ലേ ഹിന്ദുസ്ഥാനത്തിൽ ജ്യോതിഷം, കൈരേഖ തുട ങ്ങിയ കള്ളസൂഡോ സയൻസുകളുടെ അധിക പ്രാബല്യം വന്ന ത്? . . . . എല്ലാം വിധിലിഖിതമായതിനാൽ ഭാവി മനസ്സിലാക്കുവാ നുള്ള മാർഗമുണ്ടാവുക തന്നെ വേണം. ദാ : ആകാശത്തിൽ നിയമ വിധേയമായി നിലനിൽക്കുന്ന നക്ഷത്രങ്ങളുണ്ട്. ആ നക്ഷത്രങ്ങൾ ക്കും നമ്മുടെ ജീവിതത്തിനും തമ്മിൽ എന്തെങ്കിലും ബന്ധമാരോപി ച്ചാൽ ഭാവി വ്യക്തമായി മനസ്സിലാക്കുവാനുള്ള മാർഗം ലഭിക്കാ തിരിക്കുകയില്ല. ഇങ്ങനെയാണ് അവരുടെ 'തത്വജ്ഞാനം' — മന സ്സിലായോ? ഇങ്ങോട്ടു നോക്ക്, ഇപ്പോൾ ഞാൻ മരിച്ചാലും എൻെറ മരണത്തെക്കുറിച്ച് എൻെറ വിധിയെ പഴിക്കില്ല. ഭൂമിയിൽ എല്ലാത്തരം രോഗങ്ങളുടെ അണുക്കളുമുണ്ട്—ടീ.ബി രോഗത്തിൻെറ അണുക്കളു മുണ്ട് — എൻെറ രക്തത്തിൽ എങ്ങനെയോ (പൂർണമായി റിസർച്ച് ചെയ്താൽ അതു മനസ്സിലാക്കുവാൻ വിഷമമില്ല) ചേർന്നിട്ടുണ്ട്. ഇപ്പോൾ അവയ്ക്കെതിരായി യുദ്ധം ചെയ്യണം. യുദ്ധമെന്നു പറ ഞ്ഞാൽ ഒരു വിഭാഗത്തിൻെറ ജയവും മറ്റൊരു വിഭാഗത്തിൻെറ പരാജയവുമാണ് . . . . ജയാപജയങ്ങൾ നമുക്ക് അപഗ്രഥിച്ചു കാണിക്കാനാവില്ലെങ്കിലും അത് സത്യമായ അസംഖ്യം ശക്തി — പ്രവൃത്തികളുടെ ഊഞ്ഞാലാട്ടത്തിൽ നിന്ന് ഉത്ഭൂതമാകുന്ന പരി ണാമമാണ് — ഫലമാണ്! . . . ."

* * *

ബുദ്ധിയുടെ നിലവാരത്തിൽ മരണം അംഗീകരിക്കപ്പെട്ടേ

ക്കാം . . . . പക്ഷേ മരണമെന്ന സത്യം — കണ്ണുകൊണ്ടു നേരിട്ടു കാണുമ്പോൾ മനസ്സിലുണ്ടാകുന്ന പ്രചണ്ഡമായ ആഘാതത്തെക്കുറിച്ചെന്തു പറയാനാണ്? ആ ആഘാതത്താൽ ജീവിതത്തിൻെറ നിരർഥകതയും അസംബദ്ധതയും ആകാശം മുഴുവൻ വ്യാപിച്ച് ജീവിതത്തിൻെറ സൂര്യനെത്തന്നെ വിഴുങ്ങിക്കളഞ്ഞാൽ പിന്നെ എന്താണു ഗതി?

. . . . ആൽബർട്ട് കാമുവിൻെറ 'The outsider' എന്ന പുസ്തകത്തിലെ നായകനെപ്പോലെ ജീവിതത്തിന്, പരകീയനായി ഒഴുക്കിനനുസരിച്ചു പോകേണ്ടിവന്നേക്കാം . . . . വെറും ബുദ്ധികൊണ്ടു മാത്രം ജീവിതത്തിന് അർഥമുണ്ടാകുമോ? അതോ ജീവിതത്തിന് അർഥം നൽകുന്ന ആത്മാവിൻെറ മൂലശക്തി വേറെ തന്നെ ആയിരിക്കുമോ? അതുപോലെ തന്നെ ഈ ആത്മശക്തിയുടെ പേർ മറ്റെങ്ങും അല്ലാതെ പ്രാണി സഹജമായ ജീവിതാസക്തിയിൽ തന്നെ ആണോ?

* * *

എവിടെയോ നിന്ന് എവിടേക്കോ ഞാൻ പോകുന്നു. തത്വജ്ഞാനത്തിൻെറ വാലു പിടിക്കുകയാണെങ്കിൽപ്രപഞ്ചം മുഴുവൻ പാറി നടത്താതെ വിടുകയില്ല ! . . . . ശ്രീകാന്തൻ താത്വിക വിവേചനത്തിൻെറ ബൂട്ടുകൊണ്ട് ഭൂമിയെത്തന്നെ ഒരു പന്താക്കിക്കളിച്ചിരുന്നു. അവൻെറ രീതി എനിക്കും അൽപം ഉണ്ടായെങ്കിൽ അതിലെന്താണത്ഭുതം?

. . . . എങ്കിലും, ഇത് എൻെറ മൂലഭൂതപ്രശ്നമാണ്. മരണവും മരണശേഷമുള്ള ശൂന്യതയും സത്യമാണ് . . . . ഇങ്ങനെയാണെങ്കിലും ജീവിതാസക്തിയുടെ കാരണമെന്താണ് ജീവിതത്തിൻെറ അർഥമെന്താണ്?

ഇരിക്കട്ടെ . . . .

അതെ, ഞാൻ പ്രധാനമായും പറഞ്ഞു കൊണ്ടിരുന്നത് സരളാഭായിയുടെ കാര്യമാണ്. അവരുടെ മൗനവൃത്തിക്കും കാമിനിയുടെ പെരുമാറ്റത്തിനും തികച്ചും നികടമായ സംബന്ധമുണ്ടെന്നത് സ്പഷ്ടമാണ്. വിചാരങ്ങളുടെ ത്രിശങ്കുലോകത്തു വിഹരിക്കുന്ന അണ്ണൻ, ശിലാനയനയായ അമ്മ— ഇങ്ങനെയുള്ളപ്പോൾ കാമിനിയുടെ സ്വാതന്ത്ര്യത്തിനും സ്വൈരതക്കും സീമ എവിടെയാണ്? അവളുടെ കുരങ്ങ് തോന്നിയിടത്തേക്കു ചാടുന്നു . . . . വേറെങ്ങോട്ടോ ആയിരിക്കുമോ? അതുപോലെ തന്നെ ഈ ആത്മശക്തിയുടെ പേർ മറ്റെങ്ങും അല്ലാതെ പ്രാണിസഹജമായ ജീവിതാസക്തിയിൽ തന്നെ ആണോ?

. . . . എന്തെങ്കിലും ചെയ്ത് കാമിനിയെ, എൻെറ കാമിനിയെ ജീവിപ്പിക്കണം, രക്ഷിക്കണം എന്ന് അപ്പോൾ തീവ്രമായി തോന്നാൻ

തുടങ്ങി . . . . അവളുടെ ജീവിതം ഏതോ അജ്ഞാതമായ കല്ലിൽ തട്ടി തകരാനിരിക്കുകയാണ് . . . . അതിനെ രക്ഷിക്കണം, നിലനിർത്തണം! എന്നെ കുറച്ചെങ്കിലും അവൾ സ്നേഹിച്ച പക്ഷം — അതെ, എൻെറ പ്രേമത്തിൽ എൻെറ ആത്മാവു മുഴുവൻ ചൊരിയും, എൻെറ ശക്തി മുഴുവൻ ഉപയോഗിക്കും എന്നു പ്രതിജ്ഞ ചെയ്തു . . . . .

അപ്പോഴത്തെ ഇത്ര ഉദാത്തമായ പ്രതിജ്ഞയ്ക്കു കാരണമെന്തായിരുന്നു? കാരണം ഇത്രമാത്രം.

ധാറവാഡയ്ക്കു പോയി ഏഴെട്ടു ദിവസങ്ങൾക്കുശേഷം ഒരു ദിവസം വൈകിട്ട് ശ്രീകാന്തനു മരുന്നു വാങ്ങിക്കൊണ്ടു വരാൻ ചന്തയിലേക്കുപോയി. ഗോപാലനെയും ഗുരുനാഥനെയും ഒന്നിച്ചു വഴിയിൽ വച്ചു കണ്ടു. അവരെന്നോടൊരു വാർത്ത പറഞ്ഞു. മൈസൂർ ട്രിപ്പിലെ ഒരത്ഭുത സംഭവം. ശിവരാമ കുൽകർണിയും കാമിനിയും മൈസൂറിൽ വെളുപ്പാൻ കാലം മുതൽ രാത്രിവരെ കൂട്ടത്തിലില്ലായിരുന്നത്രെ, ചോദിക്കാതെയും പറയാതെയും കടന്നു കളഞ്ഞത്രെ!

"നിങ്ങളോടാരു പറഞ്ഞു?"

"കോളേജുമുഴുവൻ ഇതേക്കുറിച്ചു സംസാരിക്കുന്നു. . . . . അതിരിക്കട്ടെ, ശ്രീകാന്തൻ എങ്ങനിരിക്കുന്നു?" ഗുരുനാഥ് ചോദിച്ചു.

"ഇപ്പോൾ സുഖമായിരിക്കുന്നു . . . . രണ്ടു മൂന്നു ദിവസത്തിനകം ഞങ്ങൾ വാനലെസ്വാഡിക്കു പോകാനിരിക്കുകയാണ്. . . . ശിവരാമ കുൽകർണി പാസായോ?"

"അവൻ ജയിക്കാൻ കോളേജിലുണ്ടായിരുന്നോ?. He is having the time of his life, that's all . . . . ജീവിതത്തിൻെറ പൂവും മണപ്പിച്ച് അലഞ്ഞു നടക്കുന്നതാണ് അവൻെറ ഇപ്പോഴത്തെ പഠിത്തം. I envy him . . . . അവനെക്കുറിച്ച് വാസ്തവത്തിൽ എനിക്ക് അസൂയയാണ് . . . . അതെന്തോ പറയുമല്ലോ . . . . ങാ . . . . അവൻെറ ധളധള ബൂട്ടിൽ എൻെറ കാലുകളായിരുന്നെങ്കിൽ . . . . എന്നു തോന്നുന്നു" ഗോപാലൻ ചിരിച്ചു.

"നിനക്കെന്തു കിട്ടും? കാമിനിയുടെ ബൂട്ടോ!" എന്നു പറഞ്ഞ് ഗുരുനാഥ് തൻെറ കൈകൊണ്ട് ഗോപാലൻെറ കവിളത്ത് അടിക്കുന്ന നാട്യം കാണിച്ചു. രണ്ടു പേരും ഉത്സാഹത്തോടെ ചിരിച്ചു . . . .

അവരുടെ ചിരികളികൾ കണ്ട് എനിക്കു കോപം വന്നില്ല . . . . കാരണം അപ്പോൾ തന്നെ ശിവരാമനും കാമിനിയും മൈസൂറിൽ പകൽ മുഴുവൻ — പുലർച്ചമുതൽ സന്ധ്യവരെ — എന്നു വച്ചാൽ ഏഴെട്ടു മണിക്കൂർ — ഏതു പാർക്കിൽ, ഏതു ഹോട്ടൽ മുറിയിൽ എങ്ങനെ സമയം കളഞ്ഞിരിക്കണം എന്നാലോചിക്കുന്നതിൽ ഞാൻ മുഴികിയിരുന്നു. എൻെറ സങ്കൽപം എൻെറ തല തപിപ്പിക്കുവാൻ

തുടങ്ങി.

"മരുന്നു കടയിൽ പോകണം. പിന്നെ കാണാം" എന്ന് എങ്ങനെയോ പറഞ്ഞ് ഞാൻ അവരിൽ നിന്ന് ഓടിപ്പോയി.

അയ്യോ . . . . ഇവൾക്കു വേണ്ടിയിരുന്നതെന്താണ് എന്ന് ഞാൻ എന്നോടു തന്നെ ചോദിച്ചു.

ഡോക്ടറുടെ കുറിപ്പു വായിച്ച്, കടക്കാരൻ മരുന്നുകുപ്പി എന്റെ കൈയിൽ തന്നു. കുപ്പിയുടെ പുറത്തുള്ള കുറിപ്പു വായിച്ചപ്പോൾ ചുവന്ന പുറംവരയോടു കൂടിയ poison (വിഷം) എന്ന വാക്ക് എന്റെ കണ്ണിൽ പെട്ടു . . . . 'വിഷം '— അന്നു വായിച്ച ആ വാക്ക് എന്തു കൊണ്ടോ ഇന്നും എന്റെ മനസ്സിൽ തറഞ്ഞു നിൽക്കുന്നു.

* * *

ഞാനപ്പോൾ ശ്രീകാന്തന്റെ വീട്ടിൽ തന്നെയായിരുന്നു. കോളേജു തുറന്നിട്ടില്ലായിരുന്നതിനാൽ ഹോസ്റ്റലിൽ അപ്പോഴെങ്ങും മുറി കിട്ടുമായിരുന്നില്ല. അതുപോലെ അവിടെവിടെയെങ്കിലും മുറിയെടുക്കുന്നത്, ശ്രീകാന്തന് അസുഖമായതിനാൽ അസംബന്ധവുമാണ്. അതിനാൽ ശ്രീകാന്തന്റെ ആഗ്രഹപ്രകാരം അവന്റെ വീട്ടിൽ തന്നെ അപ്പോൾ ഞാൻ താമസമാക്കിയിരുന്നു . . . . പക്ഷേ ഞാൻ അവന്റെ മുറിയിൽ തന്നെ കിടക്കാൻ അവൻ സമ്മതിച്ചിരുന്നില്ല. "ഗൗരീ, ഇത് അന്യായമാണ്, തീർച്ച. പക്ഷേ . . . . പുറത്തെ ഹാളിലെ കട്ടിലിൽ നിനക്കു വേണ്ട ഏർപ്പാടൊക്കെ ചെയ്തിട്ടുണ്ട്" എന്ന് ഞാൻ ധാറവാഡയിൽ വന്ന ആദ്യദിവസം തന്നെ ശ്രീകാന്തൻ എന്നോടു പറഞ്ഞിരുന്നു. "ഞാൻ പൂർണസുഖം പ്രാപിക്കുന്നതുവരെ നീ എന്റെ മുറിയിൽ പോലും അധികം നേരം ഇരിക്കണ്ട. നീ ജീവിക്കണം, ഗൗരി . . . . ഈ ടി.ബി യുടെ ബാസിലസ്സുകൾ മഹാദ്രോഹികളാണ് . . . . ആദ്യം മുതൽ തന്നെ നാം സൂക്ഷിക്കുന്നതല്ലേ നല്ലത് . . . ." എന്നു പറഞ്ഞ് അന്നു രാത്രി തന്റെ മുറിയിൽ നിന്ന് എന്നെ പുറ ത്തയച്ചു . . . . അന്നുമുതൽ പുറത്തെ കട്ടിലും എന്റെ കുഴപ്പം പിടിച്ച തലയും ശരീരവും തമ്മിൽ ഒരുതരം ബന്ധം തുടങ്ങി . . . .

* * *

അന്നത്തെ ഭാവോത്ക്കടതയുടെ രീതിതന്നെ വേറെയായിരുന്നു. അതിനു കണ്ണേ ഉണ്ടായിരുന്നില്ല. എവിടെയെങ്കിലും തടസ്സം വന്നാൽ തീർന്നു, അതിനു വഴിയേ അറിയാമായിരുന്നില്ല. വെള്ളത്തെപ്പോലെ ഒഴുകുന്നിടത്തേക്കു പൊയ്ക്കൊണ്ടിരുന്നു. മുമ്പിൽ കുഴിയുണ്ടെങ്കിൽ മറിഞ്ഞു വീണെന്നു മനസ്സിലാക്കണം, വെള്ളച്ചാട്ടത്തെപ്പോലെ ! . . . . മറ്റൊരു കാര്യം. ഭാവനോത്കടതയെ പ്രത്യക്ഷത്തിൽ നേരിടേണ്ട ശക്തിയും ധൈര്യവും അപ്പോൾ ഉണ്ടായിരുന്നില്ലെന്നു തന്നെ പറയണം . . . .

. . . . അതിനാൽ അന്നു രാത്രിയിലിരുന്ന് കാമിനിക്കു കത്തെഴുതി.

രാത്രിയുടെ ഏകാന്തതയിൽ പുറത്തുവന്ന തിളയ്ക്കുന്ന ആ ഭാവനകളുടെ ഓർമ പൂർണമായി ഇപ്പോൾ എനിക്കില്ല . . . . കത്തെഴുതുന്നതിൻെറ പ്രധാന ഉദ്ദേശ്യം. മതി . . . . ഇങ്ങനെ ഉള്ളാലെ നീറുന്നതു മതി . . . . എൻെറ സഹനശക്തി തീർന്നിരിക്കുന്നു . . . . ഞാനും കാമിനിയും തമ്മിലുള്ള ബന്ധം ഒരു വഴിയിലെത്തേണ്ടിയിരിക്കുന്നു . . . . അത് അവസാനിച്ചാലും വിരോധമില്ല. നിശ്ചിതമായ മൂർത്ത ദുഃഖം എനിക്കു സഹിക്കാൻ കഴിഞ്ഞേക്കാം, പക്ഷേ ഇത്തരം അനിശ്ചിതമായ വേദന സഹിക്കുവാനാവില്ല . . . . കാമിനിയോട് അവസാന ചോദ്യം ചോദിക്കണം . . . . അവളുടെ അവസാനത്തെ . . . . അവസാനത്തെ മറുപടിക്കുവേണ്ടി യാചിക്കണം. അതെ അല്ലെങ്കിൽ ഇല്ല . . . .

കത്തിൽ, എൻെറ പ്രേമത്തിൻെറ ഉദയം, അതിൻെറ വളർച്ച, സ്വരൂപം, എൻെറ അപ്പോഴത്തെ വിചിത്ര അസ്വാസ്ഥ്യം, ഭാവിയെക്കുറിച്ചുള്ള എൻെറ ആശകളും സ്വപ്നങ്ങളും — തുടങ്ങിയവയെപ്പറ്റി വിശദമായി എഴുതിയിരുന്നു. ഒടുവിൽ "കാമിനീ, നിനക്കു വേണ്ടി എൻെറ സർവസ്വവും വലിച്ചെറിയുവാൻ ഞാൻ തയാറാണ് . . . . എൻെറ ഹൃദയാധിദേവതയാണ് നീ . . . . എൻെറ ഹൃദയം തന്നെ അർപ്പിച്ച് നിൻെറ അനുഗ്രഹത്തിനുവേണ്ടി കാത്തു കഴിയുന്നു. പറയൂ കാമിനീ . . . . എന്നെപ്പറ്റി നിനക്ക് തോന്നുന്നത് വ്യക്തമായിപ്പറയൂ . . . . ഈ അനിശ്ചിതത്വത്തിൻെറ ചിത്രഹിംസ അസഹ്യമായിരിക്കുന്നു . . . . ഒരിക്കൽ നിശ്ചിതമായ മറുപടി തരൂ: അതെ — അല്ലെങ്കിൽ ഇല്ല.. (ഇല്ല.... അയ്യോ!) എനിക്കു നിരാശയുണ്ടാകുമെന്ന് ഭയപ്പെടേണ്ട, മടിക്കേണ്ട . . . . ഒരിക്കൽ ഈ അനിശ്ചിതത്വം അവസാനിക്കട്ടെ. . . .പിന്നെയുള്ള കാര്യം പിന്നെ. . . ."

*　*　*

അടുത്ത ദിവസം വൈകിട്ട് കാമിനി മനോഹരമായി ഒരുങ്ങി എവിടേക്കോ പുറപ്പെട്ടു. ഇതു തന്നെ സമയമെന്നു കരുതി ഞാൻ പോസ്റ്റിനു പോയിവരുന്ന നാട്യത്തിൽ, അവളുടെ പുറകിൽ കൂടി.

"കാമിനീ, എങ്ങോട്ടാണു പുറപ്പാട്?"

"പുറത്തേക്കു പോകുമ്പോൾ 'എങ്ങോട്ട്' എന്നു ചോദിക്കാൻ പാടില്ല. ഒരുങ്ങി പുറപ്പെട്ട കാര്യം ഐശ്വര്യമായി നടക്കുകയില്ലത്രെ!". കാമിനി ചിരിച്ചു. അവളുടെ ഉത്സാഹപൂർണമായ ചിരി എന്തു കൊണ്ടോ എനിക്കിഷ്ടപ്പെട്ടില്ല. ഒരു തരം അസൂയ എൻെറ അന്തഃകരണത്തെ മഥിച്ചിരിക്കണം.

"സോറി . . . . അങ്ങനെയാണെങ്കിൽ ഇങ്ങനെ ചെയ്യാം. ഞാൻ ഊഹിച്ചു പറയാം. നീ ചുമ്മാ 'അതെ' അല്ലെങ്കിൽ 'അല്ല' എന്നു പറയണം — ങേ?"

"നിങ്ങളുടെ താൽപര്യവും അൽപം കൂടുതലാണ് . . . . നിങ്ങളുടെ

ഈ കളിയെക്കാൾ ഞാൻ തന്നെ വ്യക്തമായി എല്ലാം പറയുന്നതാണു നല്ലത് . . . . ഞാൻ സിനിമയ്ക്കു പോവുകയാണ് . . . . ഏതു സിനിമ? 'മഹൽ'. ആരുടെ കൂടെ? അതും പറയണോ? എന്റെ പുതിയ കൂട്ടുകാരി ലീലാ ശിരോഡകരയുടെ കൂടെ. . . ." എന്തോ, എനിക്കു തടയാൻ കഴിഞ്ഞില്ല. "എന്നെ ഫൂൾ ആക്കണ്ടാ കാമിനി. . . ഒരു ചൊല്ലുണ്ടല്ലോ പൂച്ച കണ്ണടച്ചു കൊണ്ട് . . . . "

എന്റെ മുഖഭാവം അവൾക്കു വിചിത്രമായി തോന്നിയിരിക്കണം. എങ്കിലും ഞാൻ പറഞ്ഞത് തനിക്ക് മനസ്സിലായിട്ടേ ഇല്ലെന്ന മട്ടിൽ "എന്താണസത്യം . . . . വേണമെങ്കിൽ എന്റെ കൂടെ നടക്ക് . . . . ഞാ ലീലയെ പരിചയപ്പെടുത്തിത്തരാം നടക്ക്. നിങ്ങളെക്കുറിച്ച് മിനിഞ്ഞാന്ന് അവൾ പറഞ്ഞിരുന്നു."

ലീലാ ശിരോഡകര — അവളൊരു കുപ്രസിദ്ധയാണ്, കോളേജിലെ ക്ലിയോപാട്ര!

എന്റെ കോപത്തെക്കുറിച്ചോർത്ത് ഞാൻ സ്വയം ലജ്ജിച്ചു തല താഴ്ത്തി. "ഇല്ല കാമിനീ, നിന്നെ എനിക്കു പൂർണ വിശ്വാസമാണ്" എന്നു പറഞ്ഞു.

അതിനുശേഷം അവൾ താൻ കാണാൻ പോകുന്ന 'മഹൽ' ചിത്രത്തെക്കുറിച്ച് ചില കാര്യങ്ങൾ സംസാരിക്കുവാൻ തുടങ്ങി — ഡയറക്ടർ, നടൻ, നടി, പാട്ട് തുടങ്ങിയവയെക്കുറിച്ച് . . . .

ഞാൻ പറയണമെന്നു വിചാരിച്ച കാര്യങ്ങൾ നാക്കിൻതുമ്പോളമെത്തിയപ്പോൾ ഞരമ്പുകൾ കംപിതമായി. എങ്കിലും ധൈര്യത്തോടെ തുടങ്ങി.

"കാമിനീ, നിനക്കറിയാമോ നിന്നെക്കുറിച്ച് — " (ആളുകൾ എന്തു പറയുന്നു എന്നു പറയാൻ തുടങ്ങി.)

"എന്നെക്കുറിച്ച് — എന്ത്?" കാമിനി എന്റെ കണ്ണിലേക്കു നോക്കിക്കൊണ്ട് ചിരിക്കുന്ന മുഖത്തോടെ ലഘുവായി എന്നോടു ചോദിച്ചു. അവളുടെ ആ സാത്വിക ഭാവത്തിനു മുന്നിൽ ഞാൻ മുഗ്ധനായിത്തീർന്നു. ഞാൻ ശക്തി സംഭരിച്ചുകൊണ്ട് കലാകാരന്റെ പ്രചോദനത്തോടെ — ഒരു സന്ദർഭത്തിൽ നാടകീയ പരിവർത്തനം വരുത്തുന്ന മട്ടിൽ — ചോദിച്ചു.

"നിനക്കറിയാമോ നിന്നെക്കുറിച്ച് എന്റെ സങ്കൽപ്പങ്ങളെന്തൊക്കെയാണെന്ന്?"

"അനുജത്തിയെക്കുറിച്ച് ജ്യേഷ്ഠനുള്ള സങ്കൽപങ്ങൾ!" എന്നു പറഞ്ഞ് കാമിനി ചിരിച്ചു.

"അത്തരം സങ്കൽപങ്ങൾ ആദ്യം മുതലുണ്ടായിരുന്നു. ഇപ്പോൾ ആ സാമാന്യ ഭാവനകളെ അതിക്രമിച്ച ഒരു ഭാവന . . . ."

"ഉം, ഗൗരീശാ, അണ്ണനോടു പറയുന്നുണ്ട്, നോക്കിക്കോ . . . ." കാമിനി സൂചകമായ ചിരി ചിരിച്ചു.

"നിന്നെക്കാൾ മുമ്പെ ഞാൻ പറയാനിരിക്കുകയാണ് . . . ."

"അങ്ങേരോടു പറഞ്ഞാൽ നിങ്ങൾക്കെന്തു കിട്ടും?"

"എന്താ — പറയേണ്ടേ?"

"പറഞ്ഞാലും അത്ര തന്നെ . . . . പറഞ്ഞില്ലെങ്കിലും അത്ര തന്നെ . . . . "

അവളുടെ വാക്കിന്റെ അർത്ഥം എനിക്കു മനസ്സിലായില്ല. ഉടൻ തന്നെ അറിയാനുള്ള ധൈര്യവും എനിക്കില്ലായിരുന്നു. ആ വിഷയം അവിടെ വച്ചു നിർത്തി

"കാമിനീ, ഇതു വാങ്ങിക്ക്, നിനക്കു സമയം കിട്ടുമ്പോൾ ഇതൊന്നു വായിക്ക് . . . . enjoy yourself at the picture . . . . അച്ഛാ! ഞാൻ തിരിച്ചു പോവുകയാണ്" എന്നു പറഞ്ഞ് അവളുടെ കൈയിൽ കത്തു തിരുകി അവളുടെ മുഖത്തേക്കു പോലും നോക്കാതെ ധൃതിയിൽ പിന്തിരിഞ്ഞു നടന്നു . . . .

കത്ത് അവളുടെ കൈയിൽ കൊടുത്തപ്പോൾ — എന്തു കൊണ്ടോ — എന്റെ ശക്തിയും ധൈര്യവും പെട്ടെന്നു ചോർന്നുപോയി. ഞാൻ, എന്തോ അപരാധം ചെയ്തവനെപ്പോലെ അവിടെ നിന്നു നടന്നു! . . . . അൽപദൂരം പോയതിനു ശേഷം എന്റെ ദൗർബല്യത്തെ ഞാൻ തന്നെ ശപിച്ചു. . . . അതിനുശേഷം വിചാരാകുലനായി. 'ഇപ്പോൾ അവൾ അതു തുറന്നു നോക്കിയിരിക്കണം, തുടക്കം മുതൽ ഒടുക്കം വരെ ധൃതിയിൽ കണ്ണോടിച്ചിരിക്കണം, അവളുടെ തലയിൽ വിചാരങ്ങളുടെ ഊഞ്ഞാലാട്ടം തുടങ്ങിയിരിക്കണം. . . . ആഹാ! ഗൗരീശൻ ഇങ്ങനെയായിരുന്നെന്നു ഞാൻ വിചാരിച്ചിരുന്നില്ല എന്നു സ്വയം പറഞ്ഞ് കത്ത് വിശദമായി സാവകാശം വായിക്കാമെന്നു കരുതി പേഴ്സിൽ സൂക്ഷിച്ചു വച്ചു കാണുമോ?' എന്നൊക്കെ ഭാവനയിൽ കണ്ടുകൊണ്ട് ഞാൻ ശ്രീകാന്തന്റെ വീട്ടിലെത്തി.

* * *

കാമിനി സിനിമാ കണ്ടു തിരിച്ചു വീട്ടിൽ വന്നപ്പോൾ ഞാൻ ഊണു കഴിച്ച് ശ്രീകാന്തനുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. കാമിനി ഊണിനുശേഷം എന്നത്തെയും പോലെ ശ്രീകാന്തന്റെ മുറിയിലേക്കു വരുമെന്നു ഞാൻ കരുതി. കത്തിന്റെ പരിണാമം അവളുടെ മുഖത്തു നിന്നു മനസ്സിലാക്കണമെന്ന അഭിലാഷം എന്നിൽ ഉണ്ടായിരുന്നു . . . . പക്ഷേ അവൾ ഊണിനു ശേഷം അവളുടെ മുറിയിൽ (അത് അവളുടെ അമ്മയുടെ മുറിയും കൂടിയാണ്) പോയി കിടന്നു . . . .

ശ്രീകാന്തൻ യേറ്റ്സിന്റെ കവിതകൾ വായിച്ച് കേൾപ്പിക്കുകയായിരുന്നു. ആ കവിതകളെക്കാൾ അവയുടെ പശ്ചാത്തലമായ യേറ്റ്സിന്റെ അസഫല പ്രേമത്തിന്റെ കഥ എന്റെ മനസ്സിനെ ആകർഷിച്ചു, നിറച്ചു. യേറ്റ്സ് എന്ന കവി മൊഡ്ഗാനയെ തീവ്രമായി

പ്രേമിച്ചിരുന്നു. പക്ഷേ അവൾ അദ്ദേഹത്തെ പ്രേമിച്ചിരുന്നില്ല. ആ പ്രേമഭംഗത്തിൻെറ നിരാശയിൽ നിന്നും ദുഃഖത്തിൽ നിന്നുമാണ് യേറ്റ്സിൻെറ ഉത്തമ കവിതകൾ രൂപം കൊണ്ടിട്ടുള്ളത്. യേറ്റ്സിൻെറ 'No Second Troy' എന്ന കവിത ശ്രീകാന്തൻ വായിച്ച്, ആ കവിതയിൽ യേറ്റ്സ് കാണിക്കുന്ന യഥാർത്ഥമായ പ്രേമത്തിൻെറ ഔന്നത്യം, ഔദാര്യം, ആ കവിതയുടെ ആശയസൗന്ദര്യങ്ങൾ — ഇവയെപ്പറ്റി ലക്ചർ ചെയ്തപ്പോൾ എൻെറ മനസ്സ് കാമിനിയെ മൊഡഗാനയായും എന്നെ യേറ്റ്സ് ആയും താരതമ്യപ്പെടുത്തുന്നതിൽ മുഴുകി . . . .

അപ്പോൾ ഞാൻ സാഹിത്യം ആസ്വദിക്കുന്ന രീതിയായിരുന്നു അത്! കഥകളിലും കവിതകളിലും ചിത്രീകരിച്ചിരിക്കുന്ന ഭാവനകൾക്കും എൻെറ ഭാവനകൾക്കും തമ്മിലുള്ള അന്തരം എന്താണെന്നും ഞാൻ പരിശോധിക്കുമായിരുന്നു. . . . സാഹിത്യം വായിക്കുമ്പോൾ എന്നെ ഞാൻ പരിശോധിച്ചു നോക്കിയിരുന്നതല്ലാതെ സാഹിത്യം വസ്തുനിഷ്ഠമായി ഞാൻ വായിച്ചു നോക്കിയിട്ടുണ്ടോ എന്നറിയില്ല.

ഞാൻ ഉറങ്ങാൻ പോയപ്പോൾ യേറ്റ്സിൻെറ കവിതയിലെ മൂന്നു വരികൾ എന്തുകൊണ്ടോ എൻെറ മനസ്സിൽ നിറഞ്ഞു നിന്നിരുന്നു!

"But I, beeing poor, have only my dreams;
I have spread my dreams under your feet;
Tread softly because you tread on my dreams."

("ഞാൻ പാവപ്പെട്ടവനാണ്. എൻെറ കിനാവുകളല്ലാതെ എൻെറ കയ്യിൽ മറ്റൊന്നുമില്ല. നിൻെറ ചരണങ്ങൾക്കടിയിൽ ഞാൻ എൻെറ കിനാവുകൾ ചൊരിയുന്നു. പതുക്കെ നടക്കു — പതുക്കെ, എന്തെന്നാൽ എൻെറ കിനാവുകളെ ചുവുട്ടിക്കൊണ്ടാണ് നീ നടക്കുന്നത്")

* * *

ഞാൻ കിടക്കുവാനായി പുറത്തെ കട്ടിലിൽ പോയിരുന്നപ്പോൾ തലയിണയുടെ ഒരു വശത്തുവച്ചിരുന്ന കത്ത് എൻെറ കണ്ണിൽപെട്ടു. ആ കത്തു കയ്യിലെടുത്ത് അതിൻെറ മടക്കു നിവർത്തിയപ്പോൾ എൻെറ ഹൃദയം തുടിച്ചു. എൻെറ ഭാവിയുടെ താക്കോൽ ആ കത്തിലുണ്ടെന്ന ഭീതി ഇലക്ട്രിക് ഷോക്കെന്നമാതിരി എൻെറ ഞരമ്പുകളെ ത്രസിപ്പിച്ചു. പക്ഷേ അതിലെന്തായിരുന്നു ഉണ്ടായിരുന്നത്.

"ഗൗരീശാ, നാളെ ഉച്ചയ്ക്കു രണ്ടുമണിയോടു കൂടി സ്റ്റേഷനടുത്തു വച്ചു കാണണം — കാമിനി" — ഇത്ര മാത്രം! . . . . പക്ഷേ എൻെറ രക്തത്തിൽ മിന്നൽപിണരുകളുണ്ടായി . . . . കാമിനിയോടൊത്ത് ആദ്യത്തെ പ്രേമസഞ്ചാരം! . . . . എന്താകുമോ എന്തോ? അവൾ എന്തായിരിക്കും പറയുന്നത്? ഞാൻ എത്ര ദുഃഖിക്കേണ്ടി വരുമോ? എന്തൊക്കെയാണു ഞങ്ങൾ ചെയ്യാൻ പോകുന്നത്? . . . ഇതെന്തൊരു രഹസ്യ സംഗമമാണ്, ചാരുദത്തയുടെയും വസന്തസേനൻെറയും സമാഗമത്തെപ്പോലെയോ?—'ഉച്ച' ശ്രീകാന്തൻ വിശ്ര

മിക്കുന്ന സമയമാണ്, അവരുടെ അമ്മ ഉറങ്ങുന്ന സമയം. 'സ്റ്റേഷ നടുത്ത്' .... സ്റ്റേഷൻ കടന്ന് ആ വശത്തേക്കു പോയാൽ അവിടെ വേണ്ടത്ര ഏകാന്ത താവളങ്ങളുണ്ട് .... കുറച്ചു സമയം ആലോചി ച്ചപ്പോൾ അവളുടെ രഹസ്യ സമാഗമ പദ്ധതി മനസ്സിനു പിടിച്ചി ല്ല .... എനിക്കു വേണ്ടാ, ഇത്തരം രഹസ്യം, ഇത്തരം ഉപാ യം.... സംഭവിക്കുന്നതൊക്കെ സരളമായി സ്വാഭാവികമായി നട ക്കട്ടെ .... ഉം, ശ്രീകാന്തനോട് ഇപ്പോൾ തന്നെ പറയണം. അവ നിൽ നിന്ന് ഒളിച്ചു വച്ചിട്ട് പ്രയോജനമില്ല. അവനെന്താ പഴയ രീതി യിലുള്ള മുതുക്കനാണോ ഞങ്ങളുടെ പ്രേമത്തിനു തടസ്സം നിൽ ക്കാൻ?.... വാസ്തവത്തിൽ അവന്റെ അറിവും സഹാനുഭൂതിയും ഉത്തേജനവും കൊണ്ട് ഞങ്ങളുടെ പ്രേമം പ്രോത്സാഹിക്കപ്പെട്ടേ ക്കാം .... ഇങ്ങനെയൊക്കെ വിചാരിച്ചുകൊണ്ട് ഞാൻ കട്ടിലിൽ, ഏതോ പുസ്തകത്തിന്റെ കാണാത്ത താളിൽ കണ്ണോടിച്ചു കൊണ്ടി രുന്നു ....

അന്നുരാത്രി ഉറക്കം നിറയെ അവ്യക്ത സ്വപ്നങ്ങളായിരുന്നു. സ്വപ്നങ്ങൾ.... അർധരാത്രിയിൽ പെട്ടെന്ന് ഓർമ്മവന്നു. കതകു തുറക്കുന്ന ശബ്ദം കേട്ടപോലെ തോന്നി. അവ്യക്തമായ താൽപര്യ ത്തോടെ ഞാൻ കണ്ണുതുറന്നു നോക്കി. ഇരുട്ടിൽ ആരോ എന്റെ സമീപത്തേക്കു വരുന്നതായി തോന്നി. എന്റെ ഹൃദയസ്പന്ദനം ഒരു നിമിഷം നിന്നുപോയിരിക്കണം .... കണ്ണു തിരുമ്മി ഞാൻ നോക്കി. അപ്പോഴേക്ക് കേസര നീങ്ങിയ ശബ്ദമുണ്ടായി. വരണ്ട നാക്കു കൊണ്ട് എങ്ങനെയോ ഞാൻ ചോദിച്ചു.

"ആരാണ്? .... ശ്രീകാന്തനാണോ?"

"ശ് ശ് .... "

ശ്രീകാന്തനായിരുന്നെങ്കിൽ വിളക്കു തെളിക്കുമായിരുന്നു.... ആ രാണ്, കാമിനിയോ? ജനലിലൂടെ അരിച്ചരിച്ചെത്തുന്ന അതിലോലമായ രാത്രി വെളിച്ചത്തിൽ കണ്ടരൂപം സ്ത്രീ രൂപമായിരുന്നു .... ഇതെന്താ സ്വപ്നമാണോ? കാമിനി തന്നെയാണോ? ....

"ആര്? .... കാമിനി?"

"ശ് ശ് ശ് ശ് "

ആ വ്യക്തി എന്റെ കട്ടിലിന്റെ നേർക്കു തിരിഞ്ഞു. ഞാൻ പെട്ടെന്ന് എഴുന്നേറ്റിരുന്നു .... അതെ. ഇവൾ കാമിനി തന്നെ യാണെന്നു വ്യക്തമായി .... മേനി നിറയെ ജ്വാലാസർപ്പങ്ങൾ ഇഴ ഞ്ഞാടാൻ തുടങ്ങി.

"കാമിനീ, നീ?" എന്റെ ചെറിയ ശബ്ദം പോലും ക്ഷീണിച്ച തായിരുന്നു.

"ഉം."

"എന്ത്" എന്റെ വായിൽ നിന്നു ശബ്ദങ്ങളല്ല, ശബ്ദത്തിന്റെ

പ്രേതം പോലും പുറത്തുവന്നില്ല . . . .

എന്റെ കത്തിന്റെ മറുപടി — 'അതെ', 'ഉം' എന്ന മറുപടി — ആകാരം കൊണ്ടു വന്നതാണെന്നു തോന്നി! അങ്ങനെ ചിന്തിച്ച ഉടൻ ഞാനും അവളും തമ്മിലുള്ള അന്തരം അസഹ്യമായി. ജഗത്തു ചുട്ടു ചാമ്പലായാലും വിരോധമില്ല, ഈ അന്തരം ഉടൻ തന്നെ തകർക്കണം, നാമാവശേഷമാക്കണം എന്ന പ്രബലമായ അഭിലാഷ മുണ്ടായി . . . . ഞാൻ പെട്ടെന്ന് മാന്ത്രിക ധൈര്യത്തോടെ–അതു ധൈര്യമല്ല, ഒരു തരം തീക്ഷ്ണവും പ്രബലവുമായ ഭീതിയാണ് — അന്ധമായ ഭ്രാന്തു ബാധിച്ചവനെപ്പോലെ അവളുടെ കൈപിടിച്ച്, അവളെയും എന്നെയും ആലിംഗനത്താൽ ബന്ധിച്ചു . . . . ശരീരം തപ്തമായി. ഇങ്ങനെ തന്നെ ഇവിടെ വച്ചു ഞാൻ ചുട്ടു ചാമ്പലാക ണമെന്നു തോന്നി!

"ഗൗരീശാ . . . ."

അവളുടെ ശാന്തസ്വരത്തിലുണ്ടായിരുന്ന ഒരു തരം തീക്ഷ്ണമായ ശൈത്യം എന്റെ മനസ്സിന്, ഞാനറിയാതെ തന്നെ മാന്ദ്യമുണ്ടാക്കി.

"ഉം . . . ."

അവളപ്പോഴും എന്റെ ബാഹുപാശങ്ങളിൽ തന്നെ ആയിരുന്നതു കൊണ്ട് എനിക്ക് ഒരുതരം ശക്തിയായ ധൈര്യവും ആവേശവും ഭ്രാന്തുമായിരുന്നു അപ്പോൾ! അവളുടെ വക്ഷസ്ഥലത്തിൽ എന്റെ വിറയ്ക്കുന്ന കൈവച്ച്, അതേ കൈകൊണ്ടു തന്നെ പെട്ടെന്ന് അവളുടെ കവിളത്തു പിടിച്ച് അവളുടെ ചുണ്ടിൽ എന്റെ ചുണ്ട മർത്തി . . . .

. . . . അതെന്ത് ആനന്ദമോ നിർവാണമോ അതോ വേദനയോ? — എന്തോ!

അതൊരു വിശിഷ്ട 'ന ഭൂതോ ന ഭവിഷ്യതി' എന്ന മട്ടിലുള്ള അനുഭവമാണെന്നുമാത്രം എനിക്കു പറയാനാവും . . . .

കാമിനി സ്വയം ശക്തി വീണ്ടെടുത്ത് എന്നെ, എന്റെ ശരീരത്തെ പതുക്കെ തള്ളിമാറ്റി . . . .

"ഗൗരീശാ, ഇതെന്താണു പെട്ടെന്നിങ്ങനെ! ഇങ്ങോട്ടുനോക്ക്, ഞാൻ വന്നതെന്തിനാണെന്നറിയാമോ? എന്റെ കുറിപ്പു കിട്ടിയോ?"

അവളുടെ ആ മന്ദസ്വരത്തിലെ ശാന്തതയും ശൈത്യവും ശൂല ത്തെപ്പോലെ എന്റെ മനസ്സിൽ തറച്ചു.

"ഉം."

"അത് ഞാൻ നിങ്ങളുടെ തലയിണയിൽ ഇട്ടിരുന്നു. മിക്കവാറും അതു നിങ്ങൾ കണ്ടിരിക്കില്ല, അതുപോലെ തന്നെ നാളെപ്പോലും നിങ്ങളുടെ ശ്രദ്ധ അവിടെ പോവുകയില്ല എന്നു തോന്നിയതു കൊ ണ്ട് ഞാൻ നിങ്ങളോടു പറയാൻ വന്നതാണ് . . . ."

"ഇത്ര രാത്രി . . . . ?"

“ഉം. എനിക്കു പെട്ടെന്നു ഓർമ്മ വന്നു. അതുപോലെതന്നെ ഇതുവരെയും എനിക്ക് ഉറക്കം വന്നിരുന്നില്ല. പോയി പറഞ്ഞിട്ടു വരാമെന്നു കരുതി വന്നു . . . . നല്ലത്, ശാന്തമായി ഉറങ്ങിക്കോ — ഞാൻ പോകുന്നു.”

“കാമിനീ . . . . !” എന്റെ ജീവിതത്തിന്റെ രഹസ്യമോഹങ്ങളൊക്കെ ആ ശബ്ദത്തിൽ അടങ്ങിയിരുന്നു.

"No" എന്ന് അവൾ കഠിനമായി പറഞ്ഞു (ആ ഇംഗ്ലീഷ് വാക്കിൽ ഇത്ര മൂർച്ചയേറിയ കത്തിമുനയുണ്ടെന്ന വസ്തുത മനസ്സിലാക്കുന്നത് ജീവിതത്തിൽ ആദ്യമായി അപ്പോഴാണ്!)

അവളുടെ ആ കഠോരമായ ‘നോ’ എന്റെ ആഗ്രഹത്തിന്റെ അർത്ഥത്തെ സങ്കുചിതമാക്കി . . . . എന്റെ ജീവിതാഭിലാഷം വെറും കാമേച്ഛയുടെ രൂപം കൈക്കൊണ്ടു എന്ന് ഞാൻ ലജ്ജിച്ച്, അസ്വസ്ഥനായി . . . .

അതിനുശേഷം മൗനം!

രാത്രിയുടെ നീരവതയിൽ ഞങ്ങളുടെ മൗനം അലിഞ്ഞ് നാമാവശേഷമായി, അർത്ഥഹീനമായി . . . .

കാമിനി സാവധാനം അവളുടെ മുറിയിലേക്കുപോയി . . . .

ഞാൻ എത്രയോ സമയം അങ്ങനെതന്നെയിരുന്നു — ദിങ്മൂഢനായി, വിഷണ്ണനായി . . . .

ആ ദിവസം മുതൽ എന്റെ ഉറക്കം, തകർന്ന കണ്ണാടിയായിത്തീർന്നു . . . . രാത്രി മുഴുവൻ എന്റെ വികൃതമായ മുഖങ്ങൾ തന്നെ എന്റെ കണ്ണു നിറയെ വികടനൃത്തം തുടങ്ങി . . . .

ആ നൃത്തം ഇതുവരെയും പൂർണമായി അവസാനിച്ചിട്ടില്ല!. . . .

* * *

അപ്പോൾ കാമേച്ഛ എന്നു കേട്ടാൽ ലജ്ജിച്ച് ചെറുതാകുമായിരുന്നു. കാമം വില കുറഞ്ഞ കാര്യമാണ്— രഹസ്യങ്ങളുടെ ഭിത്തികൾക്കുള്ളിൽ രൂപം കൊള്ളുന്ന കാര്യമാണ് — എന്ന വിചാരമായിരുന്നു അപ്പോൾ. . . .

എന്റെ നോട്ടം മുഴുവൻ താമരയുടെ നേർക്കായിരുന്നു, താമരയുടെ ചുവട്ടിലെ ചെളിയുടെ നേർക്കായിരുന്നില്ല! . . . .

സുന്ദരമായ അനന്തമായ ദിവ്യപ്രേമത്തിന്റെ ആദർശം നക്ഷത്രത്തെപ്പോലെ എപ്പോഴും എന്റെ ഹൃദയത്തിൽ പ്രകാശിച്ചുകൊണ്ടിരുന്നു. കാമിനിയെ ആ നക്ഷത്രത്തിന്റെ പ്രകാശത്തിൽ തന്നെ കാണാൻ ഞാൻ ശക്തിയായി അഭിലഷിച്ചിരുന്നു. . . . പകലിന്റെ പഴയ പ്രകാശം എനിക്കു സഹിക്കാനാവില്ല — കാമിനിയുടെ യഥാർത്ഥ രൂപം എന്നെ വേദനിപ്പിച്ചിരുന്നു . . . . എങ്കിലും . . . .

* * *

ഇന്നലെ വൈകിട്ടു ഡോലി വന്നു.

അവളുടെ മേക്കപ്പും, പുതിയ സ്ക്കർട്ടും ബ്ലൗസും മനോഹര മായിരുന്നു. അവളുടെ കൃശഗാത്രം പെട്ടെന്നു നിറഞ്ഞതുപോലെ എനിക്കു തോന്നി. അവളുടെ ജൂൻ—ആലീസ് ചിരി എന്റെ മനസ്സി നെയും ശരീരത്തെയും പെട്ടെന്നു പ്രചോദിപ്പിച്ചു. അവൾ മുറിയിൽ കാലുകുത്തിയ ഉടൻ വിശന്ന പുലിയെപ്പോലെ ഞാൻ അവളുടെ മേൽ ചാടി വീണു. അഞ്ചുമിനിട്ടിന്റെ സുദീർഘ ചുംബനത്തോടെ തൃപ്തനായി, മത്തനായി. അതേ ഭ്രാന്തിൽ, കൊച്ചു കുട്ടികളെപ്പോലെ കൊച്ചു കൊച്ചു വർത്തമാനങ്ങൾ പറഞ്ഞുകൊണ്ട് കട്ടിലിൽ പര സ്പരം കെട്ടിപ്പിടിച്ചുകൊണ്ട് ഞങ്ങളിരുന്നു, കിടന്നു . . . .

"ഗൗരീ, എനിക്കു നിന്നെ വേണം!" അവളുടെ സ്വരത്തിൽ മാർ ദവമുണ്ടായിരുന്നു, ഒരിക്കലുമില്ലാത്ത ഗാംഭീര്യമുണ്ടായിരുന്നു.

"അതെയോ — എന്തുകൊണ്ട്?" എന്റെ മുഖം അവളുടെ കഴു ത്തിനു താഴെയെത്തി.

എനിക്കറിയില്ല . . . . നീ ആഫ്രിക്കയ്ക്കു പോകണ്ട."

"ഡോലീ!"

"ഉം?"

"കള്ളി, നീ എന്നെ പ്രേമിക്കാൻ തുടങ്ങിയിരിക്കയാണോ?"

"അതും എനിക്കറിയില്ല . . . .!" പെട്ടെന്ന് തലയാട്ടി അവൾ ശക്തി യായി പറഞ്ഞു.

"ഡോലീ, വാസ്തവത്തിൽ നീ വണ്ടർഫുൾ!"

"എന്തു കൊണ്ട്?"

"എനിക്കറിയില്ല!"

ഞങ്ങൾ രണ്ടു പേരും ചിരിച്ചു.

ചിരിയുടെ തിരയുടെ കൂടെ കാമവും ഏറിവന്നു.

രണ്ടു പേരിലും നിയന്ത്രണ ശക്തി ശേഷിച്ചിരുന്നില്ല — നിയന്ത്രി ക്കുവാനുള്ള ആഗ്രഹവും ഉണ്ടായിരുന്നില്ല . . . .

കുറച്ചു നിമിഷത്തിനുശേഷം എഴുന്നേറ്റിരുന്നപ്പോൾ എനിക്ക് എങ്ങുമില്ലാത്തെ ചിരി പൊട്ടി വന്നു — ഒരു തരം അസഹ്യമായ കരുത്തക്കേടിനാൽ പ്രേരിതനായി . . . .

"ഡോലി, Come on — നടക്ക് നമുക്കു കല്യാണം കഴിക്കാം. . . . "

"ഉം?"

"ഉം — കല്യാണം! കല്യാണം! കല്യാണം! " എന്നു പറഞ്ഞ് ഉത്സാ ഹത്തോടെ ചിരിച്ചു.

"ശാരീരിക സംതൃപ്തിയിൽ എത്രമാത്രം ഇന്ദ്രജാലം നിറഞ്ഞിരി ക്കുന്നെന്നു നോക്ക്! . . . . എങ്ങുമില്ലാത്ത ഔദാര്യവും സഹാനു ഭൂതിയും വരുന്നു . . . . വേണ്ടപ്പാ, നീയുമായി കല്യാണം . . . . "

"എന്തുകൊണ്ട്?"

"കാരണം, വിവാഹം കഴിഞ്ഞാൽ എല്ലാ ഇന്ദ്രജാലവും പോകും!

വെറും റൊട്ടീൻ . . . . ദൈനംദിന ചക്രം . . . . അസ്വസ്ഥത, പശ്ചാത്താപം . . . . വേണ്ട . . . . നീ ആഫ്രിക്കയ്ക്കു പോകൂ . . . . ഓർമയിരിക്കട്ടെ, ലക്ഷ്യമിരിക്കട്ടെ " ഒരു തരം ശക്തിമത്തായ ഉദാസീനത അവളുടെ ശബ്ദത്തിൽ അവ്യക്തമായി കണ്ടിരുന്നു.

ഞാൻ എന്തോ പറയണമെന്നു വിചാരിച്ചപ്പോഴേക്കും അവൾ എഴുന്നേറ്റ് "ഗൗരീ, Come on, വരൂ, നമുക്കു രണ്ടു പേർക്കും ചായ ഉണ്ടാക്കാം" എന്നു പറഞ്ഞു. ഞങ്ങൾ രണ്ടുപേരും ചിരിച്ചു. അതിനു ശേഷം അവൾ "ഉം ഞാൻ ചായ ഉണ്ടാക്കാം . . . . ചായയുടെ കൂടെ എന്തെങ്കിലും ഉണ്ടോ അതോ നമ്മുടെ ചുംബനത്തിന്റെ കേക്കു മാത്രമേയുള്ളോ?" എന്നു ചിരിച്ചുകൊണ്ട് ചോദിച്ചു.

"ഒന്നു രണ്ടു ദിവസത്തേക്ക് ധാറവാഡയ്ക്കും സിർസിക്കും പോയി വരണമെന്നു വിചാരിച്ചിരിക്കുകയാണ് ഞാൻ. എന്റെ കൂടെ വരുന്നോ?"

"എന്നെ ജോഗ 'ഫാൾസ്' കാണിക്കാമോ?"

ഒരു നിമിഷം മനസ്സ് അസ്വസ്ഥമായി. ജോഗയ്ക്കുള്ളിലെ കാമിനിയുടെ ഓർമ്മയോടെ "ഓഹോ, അതെന്താ മഹാ — " എന്നു പറഞ്ഞു.

"നോക്ക്, സത്യമായിട്ടും ഞാൻ വരട്ടെ?"

"വരാമല്ലോ. വരുമോ എന്നു പറയൂ. എനിക്കൊരു പേടിയുമില്ല . . . . ആളുകൾ തോന്നുന്നതു പറയട്ടെ. ഞാനവിടെ കുറച്ചു സമയമേ കാണൂ . . . . ഹിന്ദുസ്ഥാനം തന്നെ വിട്ടുപോകാനിരിക്കുകയാണ്. ഞാനെന്തിനാണ് ഭയപ്പെടുന്നത്? . . . . പറയൂ, വരുന്നെങ്കിൽ ഇന്ന് എന്താഴ്ചയാണ് ? ങാ, ചൊവ്വാഴ്ച . . . . പറയൂ ഞായറാഴ്ച പോകരുതോ?"

"എത്ര സീരിയസായിട്ടെടുത്തു നീ! നീ സത്യത്തിൽ നൈസ് ആണ്! നിന്റെ നന്മയുടെ പേരിൽ ഇതാ ഒരുമ്മ . . . . പക്ഷേ വേണ്ട, ഞാൻ വരുന്നില്ല. വെറുതെ തമാശ പറഞ്ഞതാണ് . . . . നീ ആഫ്രിക്കയ്ക്കു പോകാനിരിക്കുകയാണ് . . . . നിങ്ങളുടെ അച്ഛനെയും അമ്മയെയും ബന്ധുക്കളെയും കാണാനിരിക്കുകയാണ് — ഞാനെന്തിനാണിടയിൽ ശല്യമുണ്ടാക്കുന്നത് . . . . അതിനുശേഷം ധാറവാഡയിൽ നിന്റെ പ്രേയസിയെ ചുംബിച്ച്, ഗുഡ്ബൈ പറഞ്ഞ് വരാനിരിക്കുകയല്ലേ?"

ഡോലിയുടെ ആ അസൂയയില്ലാത്ത, വിനോദ പ്രിയമായ, തുറന്ന മനസ്സിന്റെ ചോദ്യം കേട്ട് എനിക്കു ചിരിവന്നു.

"അതെ...... വെറുതെ ചുംബിച്ചു വരട്ടോ, അഥവാ Parting gift ആയി അവളുടെ കൂടെ . . . . ഹ . . . . ഹ . . . . ഹാ."

"വൃത്തികെട്ടവൻ! . . . . നീചൻ! എല്ലാരും എന്നെപ്പോലെ പെട്ടെന്നു സമ്മതം മൂളുമോ? . . . . ഭ്രാന്തൻ!"

* * *

ഡോലിയാൽ എന്റെ വ്യക്തിത്വത്തിന്റെ ഏതോ ഒരംശം പൂർണ്ണമായി തൃപ്തമാകുന്നു. എങ്കിലും എന്റെ മൂലഭൂതകേന്ദ്രത്തിൽ അവൾക്കെത്താനാവില്ലെന്നു തോന്നുന്നു. നീ തന്നെ വേണം—നീ തന്നെ വേണം— എന്ന് അവളോട് എന്റെ ആത്മാവു പറയുകയില്ല, എന്തുകൊണ്ട്?

. . . . കാമിനി എന്നോടെങ്ങനെ മോശമായി പെരുമാറിയാലും, ഇന്നും എനിക്കവളോടു പറയാൻ കഴിയും "നീ വേണം, നീ തന്നെ വേണം" . . . . എന്തു കൊണ്ട്?

വേണ്ട! ഒന്നും വേണ്ട! എനിക്കൊന്നും വേണ്ട! . . . .

ഒന്നും വേണ്ടെന്നു വച്ചു തന്നെയല്ലേ ആഫ്രിക്കയ്ക്കു പോകാനിരിക്കുന്നത്?

* * *

അന്ന് എല്ലാം ലഭിക്കുമെന്ന ആഗ്രഹത്തോടെ കാമിനിയുടെ കൂടെ പോകാനിരുന്നു!

അന്നു ഭക്ഷണം കഴിഞ്ഞപ്പോൾ കാമിനിയും ശ്രീകാന്തനും ഞാനും ചേർന്ന് കുറെ സമയം വെറുതെ സംസാരിച്ചിരുന്നു. ഞങ്ങളുടെ സംസാരം എന്നു പറഞ്ഞാൽ ശ്രീകാന്തന്റെ വാക്കുകൾ മൂളി കേൾക്കുന്നതാണ്. അന്ന് അയാൾ അന്നു വായിച്ചു തീർന്ന ഹെമിങ്‌വേയുടെ ഏതോ നോവലിനെക്കുറിച്ചു സംസാരിച്ചിരുന്നു. ഹെമിങ്‌വേയുടെ നായകന്മാർ മരണത്തിന്റെയും വിഷാദത്തിന്റെയും ഭ്രമണപഥത്തിൽ ജീവിക്കുന്നവരാണ്, ജീവിതത്തിന്റെ ഉത്ക്കടതയിൽ തങ്ങളുടെ അസ്തിത്വത്തിന്റെ അർത്ഥം കണ്ടെത്തുന്നു എന്നു വിശദമായി അവൻ പറഞ്ഞിരുന്നു . . . .

. . . . അവന്റെ സംസാരം നല്ല രീതിയിൽ വന്നപ്പോൾ കാമിനി എന്റെ നേർക്കു നോക്കി കണ്ണുകൊണ്ട് അർത്ഥപൂർണ്ണമായ സൂചന നൽകി (എനിക്ക് അങ്ങനെ തോന്നി). ഏതാനും നിമിഷങ്ങൾക്കു ശേഷം അവൾ "രോഹിണി അവധി കഴിഞ്ഞു തിരിച്ചു വന്നോ എന്നു നോക്കി വരാം" എന്നു പറഞ്ഞ് പുറത്തേക്കു പോയി. അവൾ പോയതിനുശേഷം എന്റെ അസ്വസ്ഥത വർധിച്ചു. എന്റെ അസ്വസ്ഥത, എന്റെ (അപരാധിയുടെ) മുഖത്തു വ്യക്തമായിരിക്കണം . . . .

ശ്രീകാന്തൻ പെട്ടെന്ന് "ഗൗരീ, പ്രൊഫ. ജോഷിയുടെയടുത്തു പോയി അദ്ദേഹം തരാമെന്നു പറഞ്ഞ പുസ്തകം വാങ്ങിക്കൊണ്ടു വരാമോ? അതുപോലെ തന്നെ, അദ്ദേഹത്തോട് യൂറോപ്യൻ സാഹിത്യത്തിലെ നല്ല, അല്ല ഉത്കൃഷ്ട ഗ്രന്ഥങ്ങളുടെ ലിസ്റ്റു തയ്യാറാക്കി തരാൻ പറയൂ . . . . ഞാൻ കുറച്ചു വിശ്രമിക്കട്ടെ . . . . എനിക്കു വെറുതെ . . . . ആലോചിച്ചു വിഷമിക്കാൻ അവസരം ഉണ്ടാക്കണ്ടാ" എന്നു പറഞ്ഞ് എന്നെ സൂക്ഷിച്ചു നോക്കി ചിരിച്ചു.

“നല്ലത്, ഞാൻ പോയി വരാം” വേഗം വസ്ത്രം മാറി ഞാൻ പുറപ്പെട്ടു.

. . . . സ്റ്റേഷൻ റോഡിലൂടെ നടന്നു. തലയിലെ അസ്വസ്ഥത കൊണ്ടോ, കാമിനിയെ കാണുവാനുള്ള ആതുരതയാലോ എൻെറ കാലുകൾക്ക് എങ്ങുമില്ലാത്ത വേഗത വന്നു. ശ്രീകാന്തന് എന്തോ സംശയമുണ്ടായിരിക്കണം, അതുകൊണ്ട് എന്നെ പറഞ്ഞയച്ചതാവണം, ‘വെറുതെ ആലോചിച്ചു വിഷമിക്കാൻ സന്ദർഭമുണ്ടാക്കണ്ടാ’ എന്നു കരുതിയിരിക്കണം എന്ന് വഴിമധ്യേ പെട്ടെന്ന് എനിക്കു തോന്നി. അവൻെറ ആ വാക്കിന് ഞാൻ, മൂഢൻ, ഒരു തരത്തിലുള്ള മറുപടിയും കൊടുത്തില്ലല്ലോ എന്ന കാര്യം ശക്തിയായി മനസ്സിലുദിച്ചു. എന്നെ ഞാൻ സ്വയം പഴിച്ചു . . . .

ഭ്രാന്തൻ, മൂഢൻ! ഇനിയും എന്നെ, എൻെറ വിചാരങ്ങളെ നിയന്ത്രിക്കുവാനുള്ള ശക്തി എന്നു വരും? . . . . ശ്രീകാന്തനോട് ഇതിനകം തന്നെ എല്ലാം പറയണമായിരുന്നു. എൻെറ പ്രേമകാര്യം— അവനിൽ നിന്ന് അക്കാര്യമൊളിക്കുന്നതു മൂഢത്വമാണ്, ദ്രോഹമാണ് . . . . ഇന്നു രാത്രി തന്നെ പറയണം, പറഞ്ഞ് എൻെറ മനസ്സിനെ തണുപ്പിക്കണം. അവനെ അറിയിക്കാതെ എൻെറ മനസ്സ് കള്ളനെപ്പോലെ കാമിനിയുടെ സമീപത്തേക്കു പോയി . . . . ശ്രീകാന്തൻെറ അറിവും സഹാനുഭൂതിയും ഔദാര്യവും തീർച്ചയായും അഗാധമാണ്. വാസ്തവത്തിൽ ആദ്യം തന്നെ അവനോടു പറഞ്ഞിരുന്നെങ്കിൽ ഇതിനകം കാമിനി പൂർണമായും എൻേറതാകുമായിരുന്നു. അവൻെറ സഹായത്തോടെ . . . . ആർക്കറിയാം?

വാസ്തവത്തിൽ ഞാൻ ശ്രീകാന്തനെ ഭയന്നിരുന്നു. അവന് എൻെറ ഇത്തരം വിചാരങ്ങൾ ഇഷ്ടപ്പെടാതെ വന്നാൽ, അനുജത്തിയെക്കുറിച്ച് അവനു മറ്റെന്തെങ്കിലും പ്രതീക്ഷകളുണ്ടെങ്കിൽ, അല്ലെങ്കിൽ അവന് അസൂയ ജനിച്ചെങ്കിൽ — തുടങ്ങിയ ഭയം എന്നിലുണ്ടായിരുന്നുവെന്നു തോന്നുന്നു . . . . അന്നുച്ചയ്ക്ക് സ്റ്റേഷനിലേക്കു പൊയ്ക്കൊണ്ടിരുന്നപ്പോൾ ഞാൻ ദൃഢനിശ്ചയം ചെയ്തു. “ശ്രീകാന്തനോട് എല്ലാം പറയണം. അവൻ ‘ഛീ, ഥൂ’ എന്നു പറഞ്ഞാലും വേണ്ടില്ല, മിത്രദ്രോഹിയെന്നു പറഞ്ഞു വീടിനു പുറത്താക്കിയാലും സാരമില്ല . . . . എൻെറ കടമ ഞാൻ ചെയ്യണം . . . . എൻെറ ഹൃദയം അവൻെറ മുമ്പിൽ തുറന്നു വയ്ക്കണം . . . .”

* * *

സ്റ്റേഷൻെറ സമീപത്തെല്ലായിടത്തും നോക്കിവന്നു. കാമിനിയില്ല! മനസ്സ് അസ്വസ്ഥമായി, കോപം വന്നു, സംശയമുണ്ടായി, വിസ്മയമായി,ഭയന്നു. പതിനഞ്ചുമിനിട്ടു ഭ്രാന്തനെപ്പോലെ ഒരു ചെടിയുടെ ചുവട്ടിൽ നിന്നു; വേരു കിളിക്കാത്ത ഒരു ചെടിപോലെ, എല്ലാ എല്ലാ ആശയുമുപേക്ഷിച്ചു നിന്നു. അകലെ ഏതെങ്കിലും സാരി

കണ്ടാൽ, കണ്ടെന്നു തോന്നിയാൽ കാമിനി വന്നെത്തി എന്നു കരുതി മനസ്സ് ഉണരും. എന്നേക്കാൾ മുമ്പേ വരേണ്ടവൾ ഇതുവരെ എന്തു കൊ ണ്ടു വന്നില്ല, അതോ വന്നിട്ടു തിരിച്ചു പോയോ, അതോ എന്റെ ക്ഷമ പരീക്ഷിക്കുകയാണോ . . . . അതോ . . . . ഒന്നോ രണ്ടോ വിചാരങ്ങൾ? നിരങ്ങി നീങ്ങിയ ഘടികാരത്തിന്റെ സൂചിക്ക് ഈ വിചാരഭാരം വേറെ! പതിനഞ്ചു മിനിട്ടുകൾ അനേകം മണിക്കുറു കളോളം നീണ്ടതായിരുന്നു, മന്ദമായിരുന്നു . . . .

ഒടുവിൽ . . . . അതാ ദൂരെ . . . . അവൾ വന്നു, വഴിയിൽ അവളെ വിടെ നിന്നോ, കിടന്നോ . . . ., മഹാറാണി!

അവളുടെ നടത്തയിൽ ഒരു തരത്തിലുമുള്ള ധൃതി ഉണ്ടായിരുന്നില്ല. താമസിച്ചു വരുന്നതും ഗൗരീശനെ വഴികാത്തു നിർത്തുന്നതും തന്റെ ജന്മസിദ്ധ അവകാശം ആണെന്ന മട്ടിൽ സാവകാശമായി, ശാന്തയായി, ആത്മവിശ്വാസത്തോടെ അവൾ വന്നു . . . .! അവളുടെ സുന്ദരമായ ശരീരം, മുമ്പിൽ വക്ഷസ്ഥലത്തിൽ ആടിക്കളിക്കുന്ന തലമുടി, തലമുടിയിലണിഞ്ഞ പൂവ് ,വട്ടമുഖത്തെ ചഞ്ചലമായ കണ്ണുകൾ, കൂടെക്കൂടെ ഇളകുന്ന പുരികക്കൊടികൾ . . . . ഇന്നും ആ രൂപം എന്റെ ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്നുണ്ട്. അവളെ കണ്ടപ്പോൾ തന്നെ മനസ്സിലെ എല്ലാ അസംബന്ധ വിചാരങ്ങളും എങ്ങോ ഓടിപ്പോയി; വന്നും പോയുമിരിക്കുന്ന ആളുകളും, ടോംഗാകളും ചുറ്റുപാടുമുള്ള മരങ്ങളും എല്ലാം ദൃഷ്ടിമണ്ഡലത്തിൽ നിന്ന് അപ്രത്യക്ഷമായി . . . . എന്റെ കാമിനി — ജന്മം മുഴുവൻ അവൾ ഇങ്ങനെ വഴിയിലൂടെ എന്റെ സമീപത്തേക്കു വന്നു കൊണ്ടു തന്നെ ഇരുന്നിരുന്നെങ്കിൽ ഞാൻ എന്റെ ജീവിതാവസാനം വരെ അവളെയും കാത്തു വഴിയിൽ നിൽക്കുമായിരുന്നു എന്ന വിചാരം എന്റെ ഹൃദയം നിറച്ചു. ഒരു ദീർഘശ്വാസം ഞാൻ അറിയാതെ തന്നെ പുറത്തു വന്ന് കാറ്റിൽ ലയിച്ചു . . . . ഞാൻ മുഖത്തൊരു മന്ദഹാസം വരുത്തി, അവളെ സ്വാഗതം ചെയ്യാൻ,

അവൾ അടുത്തേക്കു വന്നപ്പോൾ ഒരു കുസൃതിച്ചിരി ചിരിച്ചു.

“എന്നേക്കാൾ മുമ്പേ എത്തിയോ?” എന്നു ചോദിച്ചു.

“എന്നേക്കാൾ മുമ്പേ നീയാണു തിരിച്ചത്.”

“അണ്ണൻ നിങ്ങളെ ഇത്ര വേഗം വിടുമെന്നു കരുതിയില്ല” എന്നു പറഞ്ഞ് വീണ്ടും ചുണ്ടിന്റെ ഇടതുഭാഗം കൊണ്ടു മാത്രം അവൾ ചിരിച്ചു.

“എന്നു വച്ചാൽ—?”

“എന്നു വച്ചാൽ ഒന്നുമില്ല — എങ്ങോട്ടു പോകണം?”

“നീ പറയുന്നിടത്തേക്ക്—”

“ഹായ്, എല്ലാം ഞാൻ തന്നെ പറയണോ?”

“അതെ. ഇവിടെ വരാൻ നീയാണു പറഞ്ഞത്. ഇനിയത്തെ

ആജ്ഞയും നിന്നിൽ നിന്നു തന്നെ വരട്ടെ . . . .”

“മുഖ്യമായും നിങ്ങൾക്കല്ലേ സംസാരിക്കുവാനുള്ളത് ?”

“അതെ — എനിക്കു വീട്ടിൽ വച്ചും സംസാരിക്കാമായിരുന്നു.”

“വീട്ടിൽ! നിങ്ങളെപ്പോലെ പാവം, സാധുമനുഷ്യനെ ഞാൻ കണ്ടിട്ടേ ഇല്ല . . . . നടക്ക് റെയിൽവേ പാളത്തിലൂടെ — ബോംബെയ്ക്കു പോകാം.” തന്റെ വിനോദമോർത്ത് സ്വയം ചിരിച്ച് പ്രശംസയ്ക്കു വേണ്ടി അവൾ എന്നെ നോക്കി.

ഞാനും അൽപം ഉത്സാഹത്തോടെ ചിരിച്ചു; അവളെ പ്രീതിപ്പെടുത്താൻ.

സ്റ്റേഷന്റെ വലതുവശത്തെ വഴിയിലൂടെ നടന്നു റെയിൽവേ പാളത്തിലെത്തി. അവിടെനിന്ന് “ബോംബേയ്ക്ക്” ഞങ്ങൾ പോയി. അന്ന് ആ റെയിൽവേ പാളങ്ങളിൽ ഒരു തരം സമാന്തരതയുടെ പ്രതീകം അടങ്ങിയിരുന്നു എന്ന് ഇന്നെനിക്കു വ്യക്തമായിരിക്കുന്നു. അന്നു മാത്രം രണ്ടു റെയിൽവേ പാളങ്ങളും അവസാനം വരെയും ഒരുമിച്ചു തന്നെ പോകുന്നതുപോലെ ഞങ്ങൾ പോകുന്നു എന്നു തോന്നി . . . .

“കാമിനീ, ഇന്നലെ രാത്രി ഒടുവിൽ ഞാൻ ‘കാമിനീ’ എന്നു വിളിച്ചപ്പോൾ നീ തെറ്റിദ്ധരിച്ചു.”

“ഏ?”

“അതിനു നീ ‘നോ’ എന്നു പറഞ്ഞു . . . . നീ പോയതിനു ശേഷം എനിക്ക് ഉറക്കമേ വന്നില്ല . . . . നീ തെറ്റിദ്ധരിച്ചതിനെപ്പറ്റി എനിക്കു വലിയ ദുഃഖം തോന്നി . . . .”

“ഉം . . . .”

“രാത്രിയിലത്തെ എന്റെ പെരുമാറ്റത്തെക്കുറിച്ച് നിനക്ക് . . . . എന്നു വച്ചാൽ നീ ഒന്നും മനസ്സിൽ വിചാരിച്ചിട്ടില്ല?”

“ഉം? ഉം ഉം . . . .”

അവളുടെ ‘ഉംഉം’ കൊണ്ട് ഞാൻ ഉത്തേജിതനായി. അവളെ വലിച്ചടുപ്പിച്ച് വീണ്ടും ആലിംഗനം ചെയ്യണമെന്നു തോന്നി. കുറഞ്ഞ പക്ഷം അവളുടെ കൈ പിടിച്ച് മൃദുവായി അമർത്തണമെന്നു തോന്നി . . . . പക്ഷേ അപ്പോഴും സ്റ്റേഷൻ പൂർണമായും മറഞ്ഞിരുന്നില്ല.

കാമിനി റെയിൽവേ പാളത്തിലൂടെ നടക്കുവാൻ തുടങ്ങി . . . .

“കാമിനീ, വീഴും, സൂക്ഷിച്ചോ!”

ഞാൻ റെയിൽവേ പാളങ്ങളുടെ മധ്യത്തിലൂടെ നടന്നു.... അപ്പോഴേക്ക് അവൾ എന്റെ വശത്തേക്കു ചാഞ്ഞു. അവളുടെ ആ നാട്യം ഉദ്ദേശ്യപൂർണമായിരുന്നെന്നു മനസ്സിലാക്കുവാൻ വിഷമമുണ്ടായില്ല. പെട്ടെന്ന്, അവൾ നിലത്തു വീഴുമോ എന്ന മട്ടിൽ— അവളെ രണ്ടു കൈകൾ കൊണ്ടും ചേർത്തു പിടിച്ചു. അവൾക്കു മനസ്സിലാകത്തക്ക വിധം അവളുടെ ഭുജങ്ങളിൽ മൃദുവായി അമർത്തി . . . .

"വീണു തലപൊട്ടുമായിരുന്നു, കേട്ടോ."

"തല പൊട്ടിയിരുന്നെങ്കിൽ നന്നായിരുന്നു."

"എന്തുകൊണ്ട്?"

"എന്തെന്നാൽ എന്റെ തല ഒരു വിചിത്ര സാധനമാണ് . . . . അണ്ണൻ പറയുന്നതുപോലെ അതിനു ബാലൻസേ ഇല്ല."

"ഛേ, അത്തരം വാക്കുകൾ സീരിയസായി എടുക്കുവാൻ പാടില്ല."

"ഞാനെവിടാ സിരിയസായെടുക്കുന്നത്? . . . . അതു തന്നെയാണ് അണ്ണൻ പറയുന്നത്. ഞാനൊന്നും സീരിയസ് ആയി എടുക്കുകയില്ലെന്ന് . . . ."

"അതും നല്ല ഗുണമാണ്!" ഞാൻ പറഞ്ഞു.

കാമുകൻ കാമുകിയെ പ്രീതിപ്പെടുത്തുവാൻ കുറവുകളും ഗുണങ്ങളാണെന്നു പ്രശംസിക്കുന്നത് ആശ്ചര്യകരമാണ്! അതിനുമപ്പുറം ആ കുറവുകൾ തന്നെയാണ് ഗുണങ്ങളെന്നു കാര്യകാരണസഹിതം പ്രതിപാദിച്ചെന്നും വരാം! ഞാൻ പിന്നീടു പറഞ്ഞു.

"എന്തെന്നാൽ ജീവിതത്തെക്കുറിച്ചു വളരെയേറെ സീരിയസായി ചിന്തിച്ചുകൊണ്ടിരുന്നാൽ, ജീവിത സുഖങ്ങൾ ആസ്വദിക്കുന്നതെങ്ങനെയാണ്? ചിലർ ചിന്തിക്കുന്നു — ചിലർ ജീവിതം അനുഭവിക്കുന്നു . . . ."

"എന്നു വച്ചാൽ ഞാൻ ചിന്തിക്കുന്നില്ല, തല കാലിയാണെന്നാണോ അർത്ഥമാക്കുന്നത്?"

"ചെ — അങ്ങനല്ല — എന്തെങ്കിലുമൊരുദാഹരണമെടുത്തു നോക്കാം. നിനക്ക് ഈ വർഷം ഇൻററിനു തർക്കശാസ്ത്രമില്ലേ? ആരോ പറഞ്ഞിട്ടുണ്ട് `Women and logic do not go together'(സ്ത്രീയും തർക്കശാസ്ത്രവും ഒന്നിച്ചു പോവുകയില്ല) എന്ന്. അതു തെളിയിച്ചു കാണിക്കണ്ടാ!"

ഞാൻ ചിരിച്ചു. അവളും ചിരിച്ചു.

വീണ്ടും കാമിനിയുടെ ബാലൻസ് തെറ്റി . . . . പിന്നെയും പാളത്തിലൂടെ നടന്നു . . . . ഇപ്രാവശ്യം അവൾ തന്നെ എന്റെ ഭുജത്തിൽ പിടിച്ചു. എനിക്കു രോമാഞ്ചമുണ്ടായി . . . .

"ഗൗരീശാ, നിങ്ങളുടെ കത്തിൽ എന്നെപ്പറ്റി എന്തൊക്കെയോ എഴുതിയിരിക്കുന്നു . . . . അതേപ്പറ്റി നിങ്ങൾക്കു പൂർണ വിശ്വാസമുണ്ടോ?"

"എനിക്കു തോന്നിയതൊക്കെ ഞാനെഴുതി."

"ഞാൻ സത്യത്തിൽ നിങ്ങൾ പറഞ്ഞത്ര സുന്ദരിയും ആകർഷകത്വമുള്ളവളുമാണോ?"

"കാമിനീ, എനിക്ക് — എന്തിന് മറ്റാളുകൾ പോലും നിന്നോടു സൗന്ദര്യത്തെക്കുറിച്ചു പറഞ്ഞിരിക്കണം . . . ."

"ങാ — അതൊക്കെ മുഖസ്തുതി . . . . ഇപ്പോൾ ചെറുപ്പക്കാരു

ടെ തന്ത്രം മുഴുവനെനിക്കറിയാം.''

ചെറുപ്പക്കാരെപ്പറ്റിയുള്ള അവളുടെ അനുഭവത്തെക്കുറിച്ചു ചോദിക്കണമെന്നു തോന്നി. നാക്കിൻതുമ്പോളമെത്തി, ചോദ്യം . . . . പക്ഷേ സന്ദർഭം മോശമായേക്കുമെന്ന വിചാരത്താൽ ഞാൻ എന്നെ സ്വയം നിയന്ത്രിച്ചു. അതു പോലെ തന്നെ അവളുടെ മനസ്സു വേദനിപ്പിക്കുവാൻ ആ സുന്ദര നിമിഷങ്ങളിൽ എനിക്കൽപ്പവും കഴിയുമായിരുന്നില്ല . . . .

''എൻെറ Zest for life (ജീവിതോത്സാഹം) നെക്കുറിച്ച് ഒരു ലേഖനം തന്നെ അതിലെഴുതിയിരിക്കുന്നല്ലോ . . . .''

''അതെ. അതാണു നിൻെറ strong point — മുഖ്യ ഗുണം. . . . നിന്നിലെ ഈ ഉത്സാഹം എത്രമാത്രം ഉത്തേജനദായകമാണെന്നു നിനക്കറിയാമോ?''

''ഉത്തേജനം? ഹായ് . . . . ഉത്തേജനം എന്തു ചെയ്യാൻ? കവിതയെഴുതാൻ? കവിതയെങ്കിലുമെഴുത്. നോക്കാം. . . .''

''ഞാൻ ആർട്സ് എടുത്ത് ശ്രീകാന്തനെപ്പോലെ സാഹിത്യം പഠിച്ചിരുന്നെങ്കിൽ നിന്നെക്കുറിച്ചു ദിവസവും ഓരോ കവിത എഴുതുമായിരുന്നു.''

കാമിനി ചിരിച്ചു. അവളുടെ ചിരിയുടെ പ്രചോദനത്താൽ എൻെറ ചുണ്ടുകൾ അവളുടെ ചുണ്ടുകളിൽ പ്രാസപൂർണ കാവ്യമൊന്നു രചിക്കുമായിരുന്നു . . . . പക്ഷേ ആ വെയിലിൻെറ കാഠിന്യം കൊണ്ടോ എന്തോ എനിക്കതിനുള്ള ധൈര്യം ലഭിച്ചില്ല . . . .

''ഗൗരീശാ, എന്നോടാദ്യം ഇതു പറയൂ — എന്നോടു നിനക്കെന്താണിത്ര പ്രേമം?''

''പ്രേമം — എന്തു കൊണ്ട്? ഒരുത്തരവും തൃപ്തികരമായിരിക്കുകയില്ല . . . .''

''എന്നാലും പറയൂ, കേൾക്കട്ടെ . . . . ഞാൻ നിങ്ങളുടെ ആത്മസുഹൃത്തിൻെറ അനുജത്തിയായതു കൊണ്ടാണോ?''

''ഒരു കണക്കിൽ അതും ഒരു കാരണം തന്നെയാണ്.''

''അതു തന്നെയാണു മുഖ്യകാരണം?'' കടക്കണ്ണുകൊണ്ട് അവൾ എൻെറ നേർക്കു നോക്കി.

''. . . . .'' ഞാൻ വിചാരമഗ്നനായി.

''ഞാൻ ശ്രീകാന്തൻെറ പെങ്ങളല്ലാതെ മറ്റു വല്ലവരുടെയും പെങ്ങളായിരുന്നെങ്കിൽ . . . .''

''എങ്കിൽ — എങ്കിൽ — എങ്കിൽ — ഇത്തരം എങ്കിലുകൾക്ക് അവസാനമേ ഇല്ല . . . . ഞാൻ ജനിക്കാതെ ഇരുന്നിരുന്നെങ്കിൽ. . . .''

റെയിൽവേ പാളത്തിനു വലതു വശത്ത് ചെടികളുടെ ചെറിയൊരു കൂട്ടം അവരുടെ ശ്രദ്ധയിൽ പെട്ടു.

'' ആ ചെടികളുടെ തണലിൽ പോയിരിക്കാം. നടക്ക് . വെയിലാറാൻ

ഇനിയും എത്രയോ സമയമുണ്ട്. ഇതുവരെ നാല് അടിച്ചില്ല . . . .” കാമിനി സൂചിപ്പിച്ചു.

എനിക്കും വേണ്ടിയിരുന്നത് അതാണ്.

അവിടെ ഒരു ചെടിയുടെ നിഴലിൽ കുറുകെ വീണു കിടന്ന ഒരു മരത്തടി ഉണ്ടായിരുന്നു. കാമിനി ആ തടി തൻെറ ഇരിപ്പിടമാക്കി, ഞാനും അവളുടെ അടുത്ത് അതേ തടിയിൽ തന്നെ ഇരുന്നു. . . .

“ഇവിടെ എന്തു തണുപ്പാണ്. അല്ലേ?”

“അതെ.” ഞാൻ പറഞ്ഞു.

“ഉച്ചയ്ക്ക് ഇങ്ങനെ അലയാൻ നല്ല രസമുണ്ട് അല്ലേ?”

“അതെ, ഉച്ചയ്ക്കെ കറക്കത്തിൻെറ സുഖം ഒന്നു വേറെ തന്നെയാണ് . . . .”

“നിങ്ങൾക്കും ഇഷ്ടമാണോ?”

“ഹായ് . . . . കാമിനിയുള്ളിടത്ത് വെയിലുപോലും ചന്ദ്രികയായി മാറും.”

“ഹായ്, കവിയേ! പ്രേമം എന്ന സാധനം എത്ര പേരെ കവികളാക്കിത്തീർത്തിരിക്കുന്നു! ഞങ്ങളുടെ ആ സംസ്കൃത പ്രൊഫസർ പറഞ്ഞതുപോലെ പ്രേമകാര്യങ്ങൾ എടുത്തു മാറ്റിയാൽ സാഹിത്യം ശൂന്യമാണ് . . . .”

“ജീവിതവും ശൂന്യം! . . . .” ഞാൻ പറഞ്ഞു.

“ഞങ്ങളുടെ സംസ്കൃത പ്രൊഫസർ ശർമ്മയെ അറിയാമോ? വളരെ നന്നായി പഠിപ്പിക്കും — വളരെ റൊമാൻറിക് ആണ്!”

“അതെന്താ?” എൻെറ ചോദ്യത്തിൽ അനാസക്തി നിറഞ്ഞിരുന്നു.

“ഉം! I like him very much (എനിക്ക് അദ്ദേഹത്തെ വളരെ ഇഷ്ടമാണ്). അദ്ദേഹത്തിൻെറ പേഴ്സനാലിറ്റിയും നന്ന് . . . .”

“അദ്ദേഹത്തിൻെറ കല്യാണം കഴിഞ്ഞോ?”

“കഴിഞ്ഞത്രെ . . . . പക്ഷേ അവരും അദ്ദേഹവും തമ്മിൽ അത്ര ചേർച്ചയില്ല.”

“അതെയോ?” ഞാൻ ശുഷ്കമായ താൽപര്യത്തോടെ ചോദിച്ചു “നിങ്ങൾക്ക് ഇൻററിന് ഈ വർഷം അദ്ദേഹം ഉണ്ടായിരുന്നോ?”

“ഉണ്ടായിരുന്നു. അദ്ദേഹം തന്നെ മിനിഞ്ഞാന്നു പറഞ്ഞു കാളിദാസൻെറ ശാകുന്തളം അദ്ദേഹമാണ് പഠിപ്പിക്കാൻ പോകുന്നതെന്ന്.”

“മിനിഞ്ഞാന്ന്! എവിടെ വച്ചു കണ്ടു? അവധികഴിഞ്ഞ് ഇത്രവേഗം തിരിച്ചു വന്നോ?”

“അതെ — എന്തോ ജോലിയുണ്ടെന്നു പറഞ്ഞു വേഗം വന്നു. ഭാര്യയെ വീട്ടിൽ വിട്ടിട്ടാണു വന്നത്. അദ്ദേഹം ഒരു വിനോദ പ്രിയനാണ്! വീടിനെക്കുറിച്ചും തന്നെക്കുറിച്ചും എല്ലാം തുറന്നു പറയുന്നു. എന്നെ കണ്ടാൽ അരമണിക്കൂറായാലും വിടുകയില്ല. വർത്തമാനങ്ങൾ, തമാശ്, അഭിനയം, വിനോദകഥകൾ — അദ്ദേഹം ഒരു

എൻസൈക്ലോപീഡിയ പോലെയാണ്!”

എൻെറ മനസ്സിൽ അസൂയയുടെ സർപ്പം ഫണം വിടർത്തിയുയർന്നു. അതിനെ വിഷമിച്ച് വട്ടിയിലൊതുക്കി മിണ്ടാതിരുന്നു. . . .

പെട്ടെന്ന്, മനസ്സിൽ ഏതോ ഒരു ഭയങ്കര ശക്തി ഉണർന്നു നിന്നു . . . . ഞങ്ങളുടെ ബന്ധത്തെക്കുറിച്ചൊരു അവസാന തീരുമാനം അതിവേഗമുണ്ടാകണമെന്ന ആഗ്രഹമുണ്ടായി . . . .

“കാമിനീ . . . .”

“ഉം?”

“ഞാൻ താഴെ പുല്ലിലിരിക്കട്ടെ, നിൻെറ കാലിൻെറയടുത്ത്?”

അവൾക്കു ചിരിവന്നു. “ഇരിക്കാമല്ലോ, വേണമെങ്കിൽ”. അവൾ അനുമതി തന്നു.

ഞാനവളുടെ കാലിൻെറ സമീപം, അവളുടെ തുടകളുടെ ഇടതുവശത്ത് കാൽ നീട്ടിയിരുന്നു.

“കാമിനീ, നിൻെറ പാദങ്ങൾ എത്ര വെളുത്തതാണ്!”

“സത്യം?”

“ഉം. അതുപോലെ തന്നെ സുന്ദരവുമാണ്” എന്നു പറഞ്ഞ് ഞാൻ അവളുടെ പാദങ്ങളിൽ തലോടി. മുഖമുയർത്തി അവളെ നോക്കിയപ്പോൾ അവളുടെ കണ്ണുകളിൽ ഒരു തരം ഹർഷം തെളിഞ്ഞിരുന്നു. ആ തിളക്കത്താൽ ഞാൻ ഉത്തേജിതനായി.

“. . . . ആ പാദങ്ങളെ ഞാനുമ്മവയ്ക്കട്ടെ?”

“. . . . ഭ്രാന്തൻ! . . . .”

അവളുടെ ശബ്ദത്തിൽ ആഹ്വാനത്തിൻെറ ശബ്ദമുണ്ടായിരുന്നു. ഞാൻ കുനിഞ്ഞ് അവളുടെ പാദങ്ങളുടെ സന്ധിയിലും പിന്നീട് പാദങ്ങളിലും ചുണ്ടമർത്തി . . . .

കാമിനി ചിരിച്ചിരുന്നു. അവളുടെ ചിരിയിൽ കുസൃതിയായിരുന്നോ ഉന്മാദമായിരുന്നോ എന്നെനിക്കു മനസ്സിലായില്ല.

എത്രയോ സമയം അവളുടെ പാദങ്ങളിൽ തലവച്ച് അങ്ങനെ തന്നെ ഞാൻ കിടന്നു. അവളുടെ സാരിയുടെ അരികുകൾ എൻെറ തലയ്ക്കുമുകളിൽ മന്ദമായി എന്തോ കുശുകുശുത്തിരുന്നു . . . .

“ഗൗരീശാ!” കാമിനിയുടെ ശബ്ദത്തിൽ എങ്ങുമില്ലാത്ത മാർദവം . . . . തല മുകളിലേക്കുയർത്തി, അവളുടെ സമീപത്തേക്കു കുറെക്കൂടി നീങ്ങിയിരുന്നു, അവളുടെ തുടകളിൽ എൻെറ തല വച്ചു . . . . കുറച്ചു സമയം അവളുടെ വിരലുകൾ എൻെറ തലയിൽ ഓടി നടന്നു . . . .

ആ നിമിഷം ഞാൻ മരിച്ചാലും സുഖമായിരുന്നു . . . . അപ്പോൾ തന്നെ ഞാൻ പെട്ടെന്ന് ശൂന്യതയിൽ അലിഞ്ഞു ചേരണം . . . .

സാവധാനം മുഖമുയർത്തി ഞാനവളോടു ചോദിച്ചു.

“കാമിനീ, നീ എന്നെ പ്രേമിക്കുന്നുണ്ടോ?”

"ഉം?"

"പറയൂ, നിൻെറ വ്യക്തമായ മറുപടി പറയൂ . . . . എൻെറ ഭാവി തന്നെ നിൻെറ മറുപടിയെ ആശ്രയിച്ചിരിക്കുന്നു . . . ."

"പെട്ടെന്നിത്ര ഗൗരവമായതെന്താ? ഉം, നിങ്ങളുടെ എഴുത്തു തന്നെ എന്നെ വല്ലാതെ അസ്വസ്ഥയാക്കി . . . . രാത്രി ഉറക്കം തന്നെ വന്നില്ല. ഇപ്പോഴും കണ്ണു കടയുന്നു . . . . !" എന്നു പറഞ്ഞു കാമിനി കണ്ണുകൾ ഇറുക്കിയടച്ചു . . . .

"കാമിനീ, ...എന്തു തന്നെയായാലും നീ മറുപടി തരണം. . . ."

"എന്തു മറുപടി തരണമെന്നെനിക്കറിഞ്ഞു കൂടാ . . . . I like you (എനിക്കു നിങ്ങളെ ഇഷ്ടമാണ്) — സത്യം . . . ."

"വെറും ഇഷ്ടം മാത്രമാണോ?" എൻെറ കൺഠം നിറഞ്ഞു. പ്രയാസപ്പെട്ടു ഞാൻ തടസ്സമൊഴിവാക്കി. . . . "കാമിനീ, I can't understand you (എനിക്കു നിന്നെ മനസ്സിലാക്കാൻ കഴിയുന്നില്ല). . . . ജോഗയെ സാക്ഷിയാക്കി എൻെറ ഹൃദയം തന്നെ നിനക്കു തന്നിരിക്കുകയാണ് . . . . എൻെറ ജീവിതം തന്നെ നിനക്കു വേണ്ടി നൽകിയിരിക്കുന്നു . . . . അന്നു മുതൽ ഇന്നുവരെ അടക്കിയടക്കി ഞാൻ മരിച്ചു. ഇതിലധികം സഹിക്കാനാവില്ല. കാമിനീ, പറയൂ എന്നെ പ്രേമിക്കാനാവില്ലേ?"

"ഗൗരീശാ വാ — ഇവിടെ മോളിലിരിക്ക്."

ഞാൻ എന്തു ചെയ്യണമെന്നറിയാതെ എഴുന്നേറ്റ് അവളുടെ സമീപത്തിരുന്നു.

"ഉം, എനിക്കൊരുമ്മ താ, നോക്കട്ടെ" എന്നു പറഞ്ഞു ചിരിച്ചുകൊണ്ട് കാമിനി വെറുതെയിരുന്നു . . . . മോനാലീസയുടെ ചിരി!

ഞാൻ ഭ്രാന്തനെപ്പോലെ അവൾക്കൊരു നാടകീയ ചുംബനം കൊടുത്തു . . . . അതു ചുംബനമായിരുന്നില്ല, ചുംബനത്തിൻെറ നിഴൽ മാത്രമായിരുന്നു . . . .

"ഗൗരീശാ, എൻെറ ശരീരത്തിൽ രോമാഞ്ചമുണ്ടായില്ലല്ലോ . . . . എന്നിൽ എന്തോ തകരാറുണ്ടായിരിക്കണം . . . . നിങ്ങൾ ചുംബിച്ചപ്പോൾ എൻെറ ശരീരത്തിൽ പ്രേമത്തിൻെറ 'കറൻറ്' പ്രവഹിച്ചില്ല, നോക്ക് . . . . ഗൗരീശാ, നിങ്ങൾ നല്ല സാധു പയ്യൻ . . . . ഞാൻ ചീത്ത . . . . ചീത്ത പെൺകുട്ടി!" അവളുടെ ഈ ഒരു വർഷത്തെ വിവേകത്തിൻെറ മുമ്പിൽ ഞാൻ ദുർബലനായി.

അവളുടെ 'പയ്യൻ' എൻെറ വ്യക്തിത്വത്തെ തൃണീകരിച്ചു . . . .

"ചീത്തപ്പെൺകുട്ടിയെന്നു പറയാൻ തക്കവിധം എന്താണു നീ പ്രവർത്തിച്ചത്?"

അവളുടെ നോട്ടം ചക്രവാളത്തിലൂന്നി. കുറച്ചു സമയത്തിനു ശേഷം "ഒന്നുമില്ല" എന്നു പറഞ്ഞ് നിശ്ശബ്ദയായി. അവളുടെ വക്ഷസ്ഥലത്തിൻെറ ഉയർച്ചതാഴ്ചയിൽ നിന്ന് സാവധാനത്തിലൊരു

ദീർഘശ്വാസം അവൾ പോലുമറിയാതെ പുറത്തു വന്നിരിക്കണ മെന്നു ഞാൻ അനുമാനിച്ചു . . . . വീണ്ടും ചോദ്യം ചോദിച്ച് പ്രശ്നം വലിച്ചിഴയ്ക്കുവാനുള്ള ധൈര്യം എനിക്കുണ്ടായില്ല.

"എന്തുണ്ടായാലും എന്റെ സ്നേഹം അചലമാണ് . . . . കാമിനീ . . . ." അവളുടെ മൗനത്തിൽ നിന്ന് ഞാൻ ഉത്തേജിതനായി. . . . "കാമിനീ, പറയൂ, എന്നെ വിവാഹം ചെയ്യാൻ സമ്മതമാണോ?"

"പെട്ടെന്നു വിവാഹത്തിലേക്കു ചാടിയല്ലോ!"

"അതെ. അതില്ലാതെ എനിക്കു മുക്തിയില്ല . . . . നീ എന്നെ കല്യാണം കഴിച്ചാൽ എത്ര നന്നായിരിക്കുമെന്നറിയാമോ? ശ്രീകാന്തൻ — നീ — ഞാൻ . . . . വണ്ടർഫുൾ! ശ്രീകാന്തൻ വേഗം സുഖപ്പെടും. പിന്നീട് നമുക്കവനെ നന്നായി ശ്രദ്ധിക്കണം." ഞാൻ പുലമ്പി.

"ഓ, ശ്രീകാന്തന്റെ പേരിലാണോ നിങ്ങൾ എന്നെ വിവാഹം കഴിക്കുന്നത്?" അവളുടെ ശബ്ദത്തിലെ അസൂയയുടെ കാഠിന്യം കല്ലുപോലെ എന്റെ മനസ്സിൽ തറച്ചു.

എന്തു പറയണമെന്നെനിക്കു മനസ്സിലായില്ല.

"അതെ—ശ്രീകാന്തനു വേണ്ടി — എനിക്കു വേണ്ടി — നിനക്കു വേണ്ടി."

"എനിക്കുവേണ്ടി? കല്യാണം കഴിക്കണമെന്നു ഞാനൊന്നും കരഞ്ഞു പറഞ്ഞില്ല . . . ."

"കാമിനീ, നീ ആരാണ്, നിനക്ക് എന്താണ് വേണ്ടത് എന്നൊന്നും എനിക്കറിയില്ല . . . ."

"ഹായ് . . . . പിന്നെ?"

"നിനക്ക് എന്നെപ്പോലെ — അല്ല ഞാൻ തന്നെ — എന്റെ സ്നേഹം തന്നെ — എന്റെ അർപ്പണം തന്നെ നിനക്കുവേണം, ... അപ്പോൾ തന്നെ . . . ." (നീ വഴിക്കുവരും, നിനക്ക് യഥാർഥ സുഖം കിട്ടും, നിന്റെ ജീവിതം മംഗളമാകും . . . . എന്ന് മനസ്സിൽ മുഴുമിപ്പിച്ചു . . . .)

"നിങ്ങളുടെ ത്യാഗം എനിക്കു വേണ്ട . . . ."

"അങ്ങനാണെങ്കിൽ എന്തു വേണം?"

"എന്തോ? . . . . എനിക്കറിയില്ല."

"കാമിനീ, നിനക്കു ഞാൻ യോഗ്യനല്ലേ?"

"യോഗ്യൻ — അയോഗ്യൻ! ആ പ്രശ്നം തന്നെ ഇപ്പോൾ വരുന്നില്ല. ഗൗരീശാ, നിങ്ങൾ കുറച്ചു കൂടി ധൈര്യവാനായിരുന്നെങ്കിൽ — നിങ്ങൾക്കു കുറേകൂടി സാമർഥ്യമുണ്ടായിരുന്നെങ്കിൽ . . . ." പെട്ടെന്നു താൻ പറയരുതാത്തതെന്തോ പറഞ്ഞു എന്ന വിചാരം കാമിനിക്കുണ്ടായി. അവൾ മരത്തടിയുടെ തോൽ ഉത്സാഹത്തോടെ ഇളക്കിയെടുത്തു. കാമിനിയുടെ ഈ അതിഭയങ്കരമായ വാക്കുകൾ എന്റെ മനസ്സിനെ മഥിച്ചു. ഞാൻ ദുർബലൻ ! ഈ സത്യം എല്ലാം കളഞ്ഞ്

കാമിനിയുടെ വായിൽ നിന്നു തന്നെ കേൾക്കാൻ ഇടവന്നോ?. . . . എങ്കിലും കാമിനിയുടെ അറിവ് ഞാൻ ഇഷ്ടപ്പെട്ടു. അവളുടെ ശര ണാഗതനാകണമെന്ന പ്രബലമായ ആഗ്രഹമുണ്ടായി. . . .

"നീ സ്നേഹിച്ചാൽ, നിൻെറ സ്നേഹത്തിൻെറ തണലിൽ എൻെറ ശക്തി വർധിക്കാതിരിക്കില്ല . . . .പറയൂ, വ്യക്തമായി പറയൂ. . . . സ്നേഹിക്കാൻ കഴിയില്ലേ ? . . . ."

അവളുടെ മൗനം എന്നിൽ പൂർണമായ നഷ്ടബോധമുണ്ടാക്കി. അപ്പോഴേക്കും മറ്റൊരു പ്രശ്നം എൻെറ സഹായത്തിനെത്തി. ഞാൻ അവളുടെ തുടയിൽ കൈവച്ച് ധൃതിയിൽ ചോദിച്ചു :

"അഥവാ, സ്നേഹിക്കാൻ ശ്രമിക്കാനാവില്ലേ?" കുറെയേറെ സമയം കഴിഞ്ഞ്, അവളുടെ തുടമേൽ നിശ്ചേഷ്ടമായി കിടന്നിരുന്ന എൻെറ കൈയിൽ അമർത്തി കാമിനി അൽപം ജീവൻ നിറച്ചു. . . .

"ഉം, ശ്രമിക്കാം . . . ."

ഒരു നിമിഷം, സ്വർഗം സമീപമെത്തി . . . .

"കാമിനീ, എനിക്കും അറിയാം എൻെറ ദൗർബല്യം ! . . . . മറ്റു ള്ളവരെ ആശ്രയിക്കുന്ന സ്വഭാവം എന്നിൽ എങ്ങനെയോ ആദ്യം മുതൽതന്നെ വളർന്നു വന്നിരുന്നു . . . . ശ്രീകാന്തൻെറ മുമ്പിലും ഞാൻ ദുർബലനാകുന്നു, ചെറിയവനാകുന്നു. . . . നിനക്കുവേണ്ടി ഞാൻ വളരാൻ ശ്രമിക്കാം. . . . .ധൈര്യവാനാകാൻ ശ്രമിക്കാം. . ."

"നിങ്ങൾ ഭാവിയിൽ ആരാകണമെന്നാണു കരുതുന്നത് ?"

"ആദ്യം എം.എസ്സിയെടുക്കണം . . . . പിന്നത്തേതു പി ന്നെ . . . . നിനക്കെന്തു തോന്നുന്നു — ഞാനെന്താകണമെന്നാണു നിൻെറ ആഗ്രഹം ?"

"ഒരു വലിയ ഓഫീസർ —ഐ. ഏ. എസ്സിനെന്താണെഴുതാ ത്തത്?"

"നിൻെറ ആഗ്രഹം അങ്ങനാണെങ്കിൽ — നീ ഉത്തേജനം തരുമെ ങ്കിൽ . . . . കാമിനീ, നീ ആരാകണമെന്നാണാഗ്രഹിക്കുന്നത്, ഭാവിയിൽ?"

"ഞാൻ ? ഇതു നല്ല ന്യായം ! ഉം. ബി. ഏ യെങ്കിലും കഴിയട്ടെ. പിന്നുള്ള കാര്യം പിന്നെ."

* * *

അന്നു വെകിട്ടു ഞാൻ വീട്ടിലേക്കു പെട്ടെന്നു പോയില്ല. കോളേ ജിൻെറ മുകളിൽ വച്ച് സപ്നാപുരത്തേക്കുള്ള വഴിയിലൂടെ ഒറ്റ യ്ക്കു നടക്കാൻ പോയി . . . . ശരീരത്തിലും മനസ്സിലും അപൂർവമായ ഒരു സങ്കൽപം നിറഞ്ഞു നിന്നിരുന്നു. ശക്തിമത്തായ അസമാധാന ത്തിൻെറ വൻമേഘങ്ങൾ തലയിൽ നിറഞ്ഞു നിന്നിരുന്നെങ്കിലും, ഒരു തരം ശുദ്ധ അനുഭവത്തിൽനിന്നുണ്ടായ സമാധാനം സാന്ധ്യ പ്രകാശം പോലെ പരന്നിരുന്നു.

. . . . കാമിനിയുടെ കൂടെ നടക്കാൻ പോയി. ജീവിതം — പ്രേമം— വിവാഹം തുടങ്ങിയവയെപ്പറ്റി അവളുമായി സംസാരിച്ചു എന്ന ഒരു സംഭവം തന്നെ മതിയായിരുന്നു എൻെറ സമാധാനത്തിന് !

. . . . പക്ഷേ ആ ഒരു സംഭാഷണത്തിൽ എത്രമാത്രം പ്രധാനവും മനസ്സു മഥിക്കുന്നതുമായ പ്രശ്നങ്ങളുണ്ടായിരുന്നുവെന്നത് അപ്പോൾ മനസ്സിലായിരുന്നില്ല. ഉദാഹരണത്തിന് (1) 'ഇപ്പോൾ ചെറുപ്പക്കാരുടെ തന്ത്രം മുഴുവനെനിക്കറിയാം'—ഈ വാക്കുകൾക്കു പിന്നിലുള്ള സ്വാനുഭവത്തിൻെറ രൂപമെന്താണ് ? (2) 'നിങ്ങളുടെ ആത്മസുഹൃത്തിൻെറ അനുജത്തിയായതുകൊണ്ടാണോ?'— 'അതുതന്നെയാണു മുഖ്യ കാരണം !' —ഈ വാക്കുകളിലെ അസൂയ സ്പഷ്ടമല്ലേ ? (3) പ്രൊ. ശർമ്മയോട് അവൾക്ക് ഒരുതരം സംശയാസ്പദമായ അടുപ്പമുണ്ടെന്നു കാണുന്നു . . . . ശർമ്മയുടെ കീർത്തി കേട്ടിട്ടുള്ളവർക്ക് ഈ അടുപ്പം അൽപം അധികമായിരിക്കും . . . . (4) 'നിങ്ങൾ ചുംബിച്ചപ്പോൾ എൻെറ ശരീരത്തിൽ പ്രേമത്തിൻെറ കറൻറു പ്രവഹിച്ചില്ല, നോക്ക്'. അവളുടെ പ്രേമസങ്കൽപം വെറും ശാരീരിക സംവേദനം മാത്രമാണോ ? അതോ വാസ്തവത്തിൽ അവൾക്ക് എന്നോട് സ്നേഹം തോന്നുന്നില്ല എന്നുണ്ടോ ? — അഥവാ ചുംബനത്തിൻെറ അനുഭവം അവൾക്കു വേണ്ടത്രയുണ്ടായിരിക്കണം — അതുകൊണ്ട് എൻെറ ചുംബനത്തിൽ നിന്ന് അവൾക്കു പ്രത്യേകിച്ചൊന്നും കിട്ടിക്കാണുകയില്ല ! (5) 'നീ നല്ല സാധു പയ്യൻ ! '. . . . എന്നെ ഇവൾ 'പയ്യൻ' എന്നു പറയണമെങ്കിൽ ഇവളിൽ, താനാണ് അനുഭവസമ്പന്ന, വലിയവൾ എന്ന വിചാരം ഉണ്ടായിരിക്കണം . അതുപോലെതന്നെ എന്നെ നോക്കുന്ന ദൃഷ്ടിയിൽ ഒരുതരം ഉപേക്ഷ ഉണ്ടായിരിക്കണം . . . . 'നിങ്ങൾ കുറച്ചു കൂടി ധൈര്യവാനായിരുന്നെങ്കിൽ — ' എന്ന് അവൾ പെട്ടെന്നു പറഞ്ഞപ്പോൾ, എൻെറ ദൗർബല്യത്തെക്കുറിച്ച് അവൾക്കുള്ള വിചാരങ്ങൾ സ്വയം പുറത്തുവന്നതല്ലേ ? (6) 'ശ്രമിക്കാം — ' അവളുടെ ഇത്തരം വിശ്വാസം വെറും പൊള്ളവാക്കായിരിക്കില്ലെന്നെങ്ങനെയറിയാം ? (7) ഞാൻ 'ഒരു വലിയ ഓഫീസർ' ആകണമെന്ന ആഗ്രഹത്തിൽ അവളുടെ സാമാന്യമായ ഭൗതികമൂല്യങ്ങൾ വ്യക്തമാകുന്നില്ലേ ?

. . . . . ഈ ഏഴു പ്രശ്നങ്ങൾ , അടുത്ത ദിവസം ഏഴു മതിലുള്ള കോട്ടയായി പരിണമിച്ചു . . . . ഇതിനു മുഖ്യകാരണം ശ്രീകാന്തൻ ആണ് ! ശ്രീകാന്തൻ അന്നു രാത്രി എൻെറ മനസ്സിൽ പുതിയ കൊടുങ്കാറ്റഴിച്ചുവിട്ടു.

*   *   *

അന്നു രാത്രി സമയം പതിനൊന്നര. എനിക്ക് അടക്കുവാൻ കഴിഞ്ഞില്ല. ശ്രീകാന്തനോട് ഇന്നുതന്നെ പറയണം, എല്ലാം പറയണം

എന്നു കരുതി അവൻെറ മുറിയിൽ പോയി. അയാൾ കട്ടിലിൽ പുതച്ചു കിടന്നു കൊണ്ട് ഷെല്ലിയുടെ കവിതകൾ വായിക്കുകയായിരുന്നു.

"വാ ഗൗരീ, എന്താ ഇതുവരെയും ഉറക്കം വന്നില്ലെന്നു തോന്നുന്നല്ലോ."

"ഇല്ല."

"ഇതു നോക്ക്, ഷെല്ലിയുടെ ഈ കവിത ഞാനെന്നെങ്കിലും വായിച്ചു കേൾപ്പിച്ചിട്ടുണ്ടോ?"

"ഏത്?"

``When the lamp is shattered.``

"ഓർക്കുന്നില്ല."

അയാൾ വായിക്കുവാൻ തുടങ്ങി.

``When the lamp is shattered. . . .``

ആ കവിതയിലെ :

``When the lips have spoken
The loved accents are soon forgot``

അതുപോലെ തന്നെ

``When the hearts have mingled
Love first leaves its' well-built nest !``

ഈ വരികളിലെ സൂക്ഷ്മമായ അർത്ഥം പരോക്ഷമായി എൻെറ ഹൃദയത്തിലെത്തി. . . . പ്രേമത്തിൻെറ യഥാർത്ഥ രൂപം ഇത്ര ക്ഷണഭംഗുരമാണോ ? പ്രേമത്തിൻെറ ദുഃഖഭാരം ദുർബല ഹൃദയങ്ങൾക്ക് ഉള്ളതാണ്.

``The weak are in singled
To endure what it once possessed``

ഞാൻ ദുർബലനാണ്. എൻെറ പങ്കായി ഇത്തരം ദുഃഖം കെട്ടിവച്ചിരിക്കുന്നു എന്ന അറിവ് എന്നെ വീണ്ടും ദുർബലനാക്കി.

"ഉം, എങ്ങനുണ്ടു കവിത ?"

"കൊള്ളാം. മുമ്പൊരിക്കൽ നീ തന്നെ വായിച്ച് അർത്ഥം വിവരിച്ചു തന്നതാണ് . . . ."

"അതെയോ ?"

"ഉം . . . . "

"പക്ഷേ നല്ല കവിത എത്ര പ്രാവശ്യം വായിച്ചാലും മുഷിച്ചിൽ വരില്ല. വാസ്തവത്തിൽ നാമെത്ര പ്രാവശ്യം വായിക്കുന്നോ അത്രയ്ക്ക് അർത്ഥം കൂടുതൽ വ്യക്തമാകും, സമ്പന്നമായിത്തീരും. ഷേക്സ്പിയറുടെ നാടകങ്ങൾ ജീവിതം മുഴുവൻ വായിക്കാൻ കഴിയും . . . . ഓ എനിക്കൊരു പതിവുണ്ട്. ഷേക്സ്പിയർ നാടകങ്ങൾ നമ്മുടെ ജീവിതത്തിൻെറ വിവിധ നിലകളനുസരിച്ച് വായിച്ചു

നോക്കണം . . . . അപ്പോൾ അവയുടെ അർത്ഥം അധികമധികം ആഴത്തിലേക്കു പോകാതിരിക്കില്ല . . . . നമ്മുടെ വ്യക്തിത്വത്തിൻെറ വളർച്ച അളക്കുവാൻ ഷേക്സ്പിയറുടെ നാടകങ്ങൾ ഉപയോഗിക്കാം. അതുകൊണ്ടുതന്നെയാണ് ഞാൻ പറയുന്നത്, ഷേക്സ്പിയർ മനുഷ്യവ്യക്തിത്വത്തിൻെറ അളവുകോലാണെന്ന് . . . . ”

. . . ഷേക്സ്പിയറിൽ നിന്നു കാമിനിയിലേക്ക് — എൻെറ ക്ലിയോപാട്രാ, ജൂലിയറ്റ്, ലേഡി മാക്ബത്ത് , ഗൊനറിൽ ആയ കാമിനിയിലേക്ക് —സംഭാഷണം എങ്ങനെ വലിച്ചുകൊണ്ടു പോകണമെന്ന് എനിക്ക് മനസ്സിലായില്ല. ‘ഇതെൻെറ ദൗർബല്യമാണ് — സധൈര്യം എൻെറ വ്യക്തിത്വത്തെ ഞാൻ assert ചെയ്യണം — പ്രതിപാദിക്കണം . . . . ഇങ്ങനെ മറ്റുള്ളവരുടെ വ്യക്തിത്വത്തിൻെറയും സാമർത്ഥ്യത്തിൻെറയും പുഴയിലൊഴുകി നീങ്ങാൻ പാടില്ല . . . . !’ എന്നോ മറ്റോ ഞാൻ ആലോചിച്ചു. ഇത്തരം സമയങ്ങളിൽ കുടിക്കാൻ മദ്യമുണ്ടെങ്കിൽ കൃത്രിമ ശക്തിയെങ്കിലും കിട്ടുമായിരുന്നു . . . .

. . . . ശ്രീകാന്തൻെറ ലക്ചർ തുടർന്നുകൊണ്ടിരുന്നു. ഷേക്സ്പിയറിൽ നിന്ന് എപ്പോഴോ ഇബ്സനിലേക്കും ഷായിലേക്കും അവൻ കടന്നു . . . . അവൻെറ വാക്കുകൾ ഞാൻ ശ്രദ്ധിക്കുന്നില്ലെന്ന് അവനു മനസ്സിലായിരിക്കണം.

“ഗൗരീ, നീ അൽപംപോലും ശ്രദ്ധിക്കാതിരുന്നിട്ടും ശ്രദ്ധിക്കുന്നു എന്നു നടിക്കുന്നതെന്തിനാണ് ?”

ഞാൻ ഞെട്ടിയുണർന്നു ! . . . .ഇതുതന്നെയാണ് സമയമെന്നു കരുതി ഞാൻ സാവകാശം ധൈര്യത്തോടെ പറഞ്ഞു.

“ഇല്ല. എൻെറ മനസ്സ് ആകെ അസ്വസ്ഥമായിരിക്കുന്നു, അതുകൊണ്ട് . . . . ”

“എന്തോ അസ്വസ്ഥതയുണ്ടെന്നു നിൻെറ മുഖം തന്നെ പറയുന്നുണ്ട് . . . .”

“അതെ — അതെപ്പറ്റി നിന്നോടു പറയാനാണു ഞാനിപ്പോൾ വന്നത് . . . . ”

“ചു. . . . ചു . . . . ചു . . . . കഷ്ടം ! . . . . പറയാൻ വന്നവൻ കേൾക്കാനിരുന്നു !’ (അവൻെറ വാക്കുകളിൽ വക്രത ഒളിഞ്ഞുനോക്കിയിരുന്നു എന്നു മനസ്സിലായി)‘എലെലെ സാരഥി, ഹൊലിസു നാരതി നീനു ബംദംഥ കാര്യവാവുദവ്വാ, പേളുവംഥവനാഗു, നാനു കേളുവംഥവനാഗുത്തേനെ . . . . ’

* * *

അവൻെറ യക്ഷഗാന ഹാസ്യം എന്തു കൊണ്ടോ എനിക്കു രുചിച്ചില്ല . . . . എൻെറ ശക്തി തുള്ളി തുള്ളിയായി ചോർന്നുപോകാൻ തുടങ്ങിയെന്നു തോന്നി . . . . എങ്കിലും തുടങ്ങാതെ ഗത്യന്തരമുണ്ടാ

യിരുന്നില്ല . . . .

"ശ്രീകാന്താ, കുറെ നാളായി നിന്നോടു പറയണം, പറയണം എന്നു ഞാൻ വിചാരിച്ചു കൊണ്ടിരിക്കുകയാണ്. പക്ഷേ വേണ്ടത്ര ധൈര്യമില്ലായിരുന്നു. ഇന്നു പറഞ്ഞുതന്നെ തീർക്കണമെന്ന് വിചാരിച്ചിരിക്കുകയാണ്."

"അതെന്തു കാര്യമാണപ്പാ എന്നോടിത്ര കാലമൊളിച്ചത്? ഒരിക്കലും ഇതുപോലെ ഒളിച്ചുവയ്ക്കുന്ന മനുഷ്യനല്ലല്ലോ നീ !"

"ദയവുചെയ്ത് തെറ്റിദ്ധരിക്കരുത്. വഴക്കു പറയരുത് . . . ."

"വഴക്ക് ? ഹായ് ! ഞാനെന്തിനു വഴക്കു പറയണം ? നീ പറയാതിരുന്നാൽ തന്നെ വേണ്ടിവന്നാൽ വഴക്കു പറയും."

"അത്, — കാമിനിയെപ്പറ്റിയാണ് . . . . "

"കാമിനിയെപ്പറ്റിയാണോ ? അവളു വഴിപിഴച്ചെന്നാണോ ?. . . . അമ്മയോട് ആരോ പറഞ്ഞിട്ടുണ്ടത്രേ കാമിനിയുടെ കാര്യത്തിൽ കുറച്ചു ശ്രദ്ധ വേണമെന്ന്. നാലു പയ്യന്മാരുമായി കളിതമാശു പറഞ്ഞുകാണും. ആളുകൾ അതിനു പിഴച്ച വഴി എന്നു പറയുന്നു. കാമിനിയും അൽപം തലതിരിഞ്ഞ പെണ്ണാണ്, അറിവില്ലാത്തവൾ. ഒരുത്തരുടെയും നിയന്ത്രണമോ മാർഗദർശനമോ ഇല്ല, അവളും എന്തു ചെയ്യും ? വേണ്ടത്ര ജീവിതോത്സാഹമുണ്ട്, ഒപ്പം ശാരീരികാകർഷകത്വവും . . . . പിന്നെന്താ അവടെ കൂട്ടുകാരന്മാരുടെ കാര്യമാണോ പറയാനുള്ളത് ?"

ഞാൻ എന്തെങ്കിലും പറയുന്നതിനു മുമ്പ് ശ്രീകാന്തന്റെ വിവേചനം ആരംഭിച്ചു. അവന്റെ ഓടുന്ന ബുദ്ധിക്കു പെട്ടെന്നു കടിഞ്ഞാണിട്ടു നിർത്തുക എന്ന ഉദ്ദേശ്യത്തോടെയോ അതോ ഭയം കൊണ്ടോ ഞാൻ പെട്ടെന്നു പറഞ്ഞു.

"അല്ല, എന്നെക്കുറിച്ചാണു പറയാനുള്ളത്. കാമിനിയെ ഞാൻ വിവാഹം ചെയ്യാനാഗ്രഹിക്കുന്നു." എന്റെ ശബ്ദം വിറപൂണ്ടിരുന്നു, തൊണ്ട വരണ്ടിരുന്നു ! തീർച്ചയായും ശ്രീകാന്തൻ അത്ഭുതപ്പെട്ടിരിക്കണം, അവന് ആഘാതമേറ്റിരിക്കണം ! "ഉം . . . . ഹും . . . . ! ഇടപാട് ഇപ്പോൾ തന്നെ ഇത്രത്തോളമെത്തിയോ?" പെട്ടെന്ന് അവൻ ജോറായി ചിരിച്ചു. . . . ഉടൻ തന്നെ ഗൗരവത്തിൽ പറഞ്ഞു: " അതെയോ ? എനിക്കും കുറച്ചു നാളായി സംശയമുണ്ട്. പക്ഷേ ഗൗരീശൻ തനിക്കു തോന്നിയത് പെട്ടെന്നു തന്നെ എന്നോടു പറയും, അവൻ എന്നോടു പറഞ്ഞില്ല എന്നതുകൊണ്ട് എന്റെ സംശയം ശരിയല്ല എന്നു ഞാൻ കരുതി !

. . . . നല്ലത് ! ഇന്നുച്ചയ്ക്ക് അവൾ പുറത്തേക്കു പോയപ്പോൾ നീ അസ്വസ്ഥനായി . എന്താ, അവളുടെ കൂടെ എവിടെയെങ്കിലും കറങ്ങാൻ പോയോ ? ഉം, അങ്ങനെ നിനക്കു പ്രൊ. ജോഷിയുടെയടുത്തു പോകാൻ കഴിഞ്ഞില്ല. ആ കള്ളമെന്തിനാ വെറുതെ പറ

ഞാൻ പ്രൊ. ജോഷിയുടെയടുത്തു രണ്ടു പ്രാവശ്യം പോയി, അദ്ദേഹമവിടെയുണ്ടായിരുന്നില്ല എന്ന് ?"

"നീ നേരെ പ്രൊ. ജോഷിയുടെ പുസ്തകത്തെക്കുറിച്ചു ചോദിച്ചു .... പെട്ടെന്ന് എൻെറ തെറ്റെനിക്കു മനസ്സിലായി. എന്തു പറയണമെന്നു മനസ്സിലായില്ല — ആ മറുപടി എൻെറ വായിൽ നിന്നുവന്നു ...."

"എല്ലാം വിട്ടു കള്ളം .... ഇരിക്കട്ടെ — നല്ലത്. സത്യേന്ദ്രൻ മിനിഞ്ഞാന്നയച്ച കത്തിൽ— എൻെറ ടി. ബി. യോടുള്ള സഹാനുഭൂതി നിറഞ്ഞ കത്ത് ആയിരുന്നു അത്— അതിൽ ഗൗരീശൻ ബോംബേയ്ക്കു പോകാനിരുന്നതാണ്. നിനക്കു വേണ്ടിയാണു ധാറവാഡയിൽ തങ്ങിയതെന്നു തോന്നുന്നു എന്നെഴുതിയിരുന്നു. സത്യം പറയൂ .... നീ എനിക്കുവേണ്ടിയാണോ ഇവിടെ കഴിയുന്നത് അതോ കാമിനിക്കുവേണ്ടിയോ ?"

എൻെറ ഹൃദയത്തിലെന്തോ തീക്ഷ്ണമായി തറഞ്ഞുകയറിയതുപോലെ തോന്നി. ഞാൻ വിളിച്ചു കൂകി.

"ശ്രീകാന്താ, എന്തൊരു വാക്കുകളാണിവ?" എൻെറ കൺഠം നിറഞ്ഞു വന്നു.

ശ്രീകാന്തന് തൻെറ വാക്കിലെ വക്രതയെപ്പറ്റി — ഒരു തരം ശക്തിയായ മത്സരത്തെപ്പറ്റി — മനസ്സിലായിരിക്കണം. പെട്ടെന്നു തന്നെ ശക്തി വീണ്ടെടുത്തു പറഞ്ഞു :

"സോറി .... വെരി സോറി .... അങ്ങനെ കളിക്കു പറഞ്ഞതാണ്. ക്ഷമിക്കൂ ...."

"ഞാനിവിടെ കഴിയുന്നതിനും കാമിനിക്കും തമ്മിൽ യാതൊരു ബന്ധവുമില്ല. ഉണ്ടെങ്കിലും അതു പ്രധാനമല്ല .... നിൻെറ ധാരണ തെറ്റി. നിന്നോടെനിക്കു സ്നേഹമുള്ളതുകൊണ്ടാണു കാമിനിയുടെ കാര്യത്തിൽ ...."

"ഓഹോ .... അങ്ങനെയോ ? ഞാൻ കുറച്ചു ദിവസങ്ങൾക്കകം മരിക്കും. അതുകൊണ്ട് എന്നോടുള്ള സ്നേഹം ഫലമില്ലാതെ പോകരുത്, അതിനു മറ്റൊരു സ്ഥാനം കിട്ടണം — എന്നു സ്ഥാനാന്തരം ചെയ്തോ നിൻെറ സ്നേഹം ?" ഇപ്രാവശ്യം ശ്രീകാന്തൻ വാക്കുകളിൽ വ്യംഗ്യത്തിൻെറ ഛായ കാണിച്ചിരുന്നില്ല !

അവൻെറ അഗ്നിപോലുള്ള വാക്കുകൾ — ശക്തിയായി എരിയുന്നവയാണ്. എൻെറ കൺഠത്തിൽ ഒരു കല്ലുയർന്നു വന്നു. കണ്ണിൽ നീർ നിറഞ്ഞുവന്നു .... അവിടെ ഇരിക്കുന്നതു തന്നെ അസഹ്യമായി .... ഞാൻ വെറുതെ എഴുന്നേറ്റ് ഒന്നും മിണ്ടാതെ വാതിൽക്കലേക്കു നടന്നു. ശ്രീകാന്തൻ പെട്ടെന്ന് ഓടിവന്ന് എൻെറ തോളിൽ പിടിച്ച് വലിച്ച് കസേരയിൽ കൊണ്ടുപോയിരുത്തി.

"ഗൗരീ .... സോറി — ഞാൻ അങ്ങനെ പെട്ടെന്നു പറഞ്ഞതെ

ന്തു കൊണ്ടാണെന്നെനിക്കറിയില്ല . . . . ഒരുതരം കയ്പേറിയ ജീവിതത്തെക്കുറിച്ചുള്ള നിരാശ എന്നെക്കൊണ്ട് ആ വാക്കു പറയിപ്പിച്ചിരിക്കണം . . . . അല്ലെങ്കിൽ ഒരുതരം അസൂയ എന്നെ ഭ്രാന്തനാക്കിത്തീർത്തിരിക്കണം . . . . ക്ഷമിക്കൂ . . . . എനിക്കു തെറ്റുപറ്റി . . . . ഗൗരീശാ, ഇല്ല, നീ തെറ്റൊന്നും ചെയ്തില്ല. നീ വളരുന്ന യുവാവാണ്. വളർന്ന പെണ്ണാണു കാമിനി. നീ അവളിൽ ആകൃഷ്ടനായതിൽ അസ്വാഭാവികമായൊന്നുമില്ല . . . . പിന്നെ, നിനക്കു പറയാനുള്ളതൊക്കെ പറയൂ . . . . ഞാൻ കേൾക്കാം . . . . നീ പറയുക തന്നെ വേണം, ഗൗരീശാ . . . . ''

എന്റെ കണ്ണീരുണങ്ങാൻ എത്രയോ നേരമെടുത്തു. എന്റെ മൗനം, ഘനീഭവിച്ച മൗനം, ശ്രീകാന്തന്റെ മനസ്സലയിച്ചിരിക്കണം.

"ഗൗരീശാ !'' അയാളുടെ ശബ്ദം ഗൗരവം നിറഞ്ഞതായിരുന്നു. "ഗൗരീശാ, യഥാർത്ഥത്തിൽ കാമിനിയോടു നിനക്കത്ര സ്നേഹമുണ്ടോ ?" ഞാനൊന്നും പറഞ്ഞില്ല.

"ഗൗരീ, എന്തോ ഈ ഭയം എനിക്ക് ആദ്യം മുതൽ തന്നെ ഉണ്ടായിരുന്നു . . . . നീ ഇപ്പോഴും ഭാവനാപ്രധാനനും ശുദ്ധനുമായ പയ്യനാണ്. സത്യം പറയുന്നതുകൊണ്ട് തെറ്റായി വിചാരിക്കരുത്. സത്യം കഠിനമാണെങ്കിൽ കൂടി അതിനെ നേരിടണം, അല്ലേ ? . . . . കാമിനിയെ നീ പൂർണമായി മനസ്സിലാക്കിയിട്ടില്ല . . . . അവളെ കുഞ്ഞുന്നാൾ മുതലേ എനിക്കറിയാം. കുഞ്ഞായിരുന്നപ്പോഴും അവൾ വാശിക്കാരിയായിരുന്നു. ഒരു സാധനം വേണമെന്നു വിചാരിച്ചാൽ മതി, തീർന്നു — അതു കൈയിൽ കിട്ടുന്നതുവരെ കരഞ്ഞു വിളിക്കും ! . . . . എല്ലാരും തന്നെ പ്രശംസിക്കണം, എല്ലാരും തന്റെ വാക്കു കേൾക്കണം, താൻ മാത്രം റാണിയെപ്പോലെ കഴിയണം — എന്ന വിചാരമാണവളുടേത് . . . . തന്റെ സ്വാർത്ഥത്തിന്റെ ബഹളത്തിൽ മറ്റുള്ളവരുടെ വിചാരത്തെക്കുറിച്ച് എള്ളോളം ചിന്തയില്ല, അവൾക്ക് . . . . അവളെ വിവാഹം കഴിക്കുന്നവൻ അങ്ങനിങ്ങനുള്ളവനൊന്നുമായാൽ പറ്റില്ല . . . . ''

എന്റെ ദുഃഖം അടങ്ങിയിരുന്നതുകൊണ്ട് ശ്രീകാന്തനു മറുപടി കൊടുക്കാൻ വിഷമമില്ലെന്നു തോന്നി.

"അതെല്ലാമെനിക്കറിയാം . . . . പക്ഷേ അവളെ നേർവഴിക്കു കൊണ്ടുവരാൻ, അവളെ normal, നല്ലവളാക്കിത്തീർക്കാൻ അവളെ സ്നേഹിക്കുന്ന മനുഷ്യൻ തന്നെ വേണം . . . .''

"അതെ, അതൊക്കെ സത്യം . . . . പക്ഷേ . . . . ''

ഞാൻ ഇടയ്ക്കു കയറി പറഞ്ഞു. "അതുപോലെ തന്നെ, അവളെ എനിക്കറിയാം . . . . അവളോടെനിക്കു വേണ്ടത്ര സഹാനുഭൂതിയുണ്ട് . . . . നിന്റെ അനുജത്തിയായതുകൊണ്ട് അവളുടെ സുഖ—ദുഃഖങ്ങളുടെ ഭാരം എന്റെ മേലും അൽപമുണ്ടെന്ന വിചാരമാ

ണെനിക്ക് . . . .”

“നിന്റെ ത്യാഗബുദ്ധി പ്രശംസനീയമാണ്, ഗൗരീശാ ! പക്ഷേ അതിനു വഴങ്ങുന്ന പെണ്ണല്ല കാമിനി. നിന്റെ ത്യാഗംകൊണ്ടു ഫലമൊന്നുമുണ്ടാകില്ല. സോമർസെറ്റ് മോമിന്റെ 'Of Human Bondage' എന്ന നോവൽ വായിച്ചിട്ടുണ്ടല്ലോ ? ആ നോവലിലെ നായിക മിൽഡ്രെഡിനെ ഓർമ്മയുണ്ടോ ? കാമിനി എന്റെ അനുജത്തിയാണെങ്കിലും അവളുടെ കാര്യത്തിൽ എനിക്കത്ര സ്നേഹമോ താൽപര്യമോ ഇല്ല . . . . അങ്ങനെ നോക്കിയാൽ ഞങ്ങളുടെ വീട്ടിൽ ഇത്തരം സ്വഭാവമുള്ള പെൺകുട്ടി എങ്ങനെ പിറന്നുവളർന്നു എന്ന് എനിക്ക് ആശ്ചര്യമാണ് . . . . നോക്ക്, ധൃതിപ്പെടേണ്ടാ. look before you leap (എടുത്തു ചാടുന്നതിനു മുമ്പ്, ആലോചിക്കുക).”

“അതൊക്കെ ഞാനാലോചിച്ചു കഴിഞ്ഞു.”

“ആലോചിച്ചുകഴിഞ്ഞെങ്കിൽ മതി . . . . പിന്നെ എന്റെ വാക്കുകളെന്തിനാണ്, ഉപദേശമെന്തിനാണ് ? . . . . ഇനിയുമെന്തു വേണം?” ശ്രീകാന്തൻ രൂക്ഷമായി പറഞ്ഞു.

“നിന്റെ സമ്മതം . . . . ”

“എന്റെ സമ്മതം ? അതിന്റെ ആവശ്യമെന്താണ് ? നീയായി, അവളായി. മറ്റുള്ളവരുടെ സമ്മതത്തിന്റെയും സൂചനയുടെയും ആവശ്യമെന്താണ് ? വിവാഹം രണ്ടുപേരുടെ മാത്രമായ കാര്യമാണെന്നാണ് എന്റെ അഭിപ്രായം. നിങ്ങൾക്കു വിവാഹം കഴിക്കണമെന്നു തോന്നിയാൽ മറ്റുള്ളവർ സമ്മതം തരട്ടെ, തരാതിരിക്കട്ടെ . . . . അതിന്റെ ആവശ്യമില്ല . . . . ”

“എങ്കിലും — നിന്റെ അനുവാദം — സഹാനുഭൂതി എനിക്കു കിട്ടിയേ തീരൂ. നിങ്ങളുടെ അമ്മ സമ്മതിക്കുമോ ?”

“ഞങ്ങളുടെ അമ്മയെക്കുറിച്ച് നീയെന്തിനാണു ചിന്തിക്കുന്നത് ? കാമിനിക്ക് അമ്മയെക്കുറിച്ചു പ്രത്യേക ബഹുമാനമൊന്നുമില്ല. അമ്മയുടെ വാക്കു കേട്ടുതന്നെ നടക്കണമെന്ന വിചാരം കാമിനിക്കില്ല. അവൾ വേണ്ടത്ര വളർന്നു കഴിഞ്ഞു. തന്റെ വഴി സ്വയം നോക്കാൻ സമർത്ഥയാണ്, സ്വതന്ത്രയാണ് . . . . പക്ഷേ നിന്റെ വീട്ടുകാരുടെ കാര്യമെന്താണ് ?”

“അവരൊരിക്കലും സമ്മതിക്കില്ല . . . . പക്ഷേ ശ്രീകാന്താ, ഇക്കാര്യത്തിൽ ഇത്ര താൽപര്യമില്ലാതെ നീ സംസാരിക്കുന്നതെന്താണ് ? നീ വേണ്ടെന്നു പറഞ്ഞാൽ ഞാൻ— വേണമെങ്കിൽ —” എന്റെ ശബ്ദം ഗദ്ഗദം പൂണ്ടോ ! വീണ്ടും കണ്ണു നിറയാൻ തുടങ്ങി.

“ചു—ചു—ചു—വെറും എന്റെ വാക്കിന്റെ പുറത്ത് സ്നേഹം കളയണ്ടാ. നിന്റെ സ്നേഹം ദൃഢമല്ലേ ?”

“അതെ.”

“എങ്കിൽ എന്തിനു ഭയപ്പെടുന്നു ? അവളെ നീ പൂർണമായും മന

സ്സിലാക്കണമെന്നു കരുതി ഞാനിത്രയൊക്കെ പറഞ്ഞു. അവളെപ്പറ്റി പൂർണമായി മനസ്സിലാക്കിയതിനു ശേഷവും നിന്റെ സ്നേഹം ദൃഢമായി നിൽക്കുകയാണെങ്കിൽ അത് യഥാർത്ഥ സ്നേഹമാണ്."

. . . . Love is not love
which alters when it alteration finds
Or bends with the remover to remove :
O no; it is an ever fixed mark,
That looks on tempests and is never shaken . . . .

എന്ന് ഷേക്സ്പിയർ പറഞ്ഞിട്ടുണ്ട് . . . . അവൾക്കു വേണ്ടി എന്തു ചെയ്യാനും നീ തയ്യാറായിരിക്കുകയല്ലേ ?'

"അതെ." ഞാൻ യാന്ത്രികമായി പറഞ്ഞു.

"അങ്ങനെയാണെങ്കിൽ — Let me not to the marriage of true minds. Admit impediments — നിന്റെ പ്രേമം പരീക്ഷിച്ചു നോക്കി — അത്ര മാത്രം . . . . നിന്റെ പ്രേമം കാമിനിയെ അറിയിച്ചിട്ടുണ്ടോ അതോ—"

"അവൾക്കെല്ലാം അറിയാം . . . . അവൾക്ക് ഞാനൊരെഴുത്തും എഴുതിക്കൊടുത്തിട്ടുണ്ട്. ഇന്നുച്ചയ്ക്കു ഞങ്ങൾ നേരിട്ടു സംസാരിക്കുകയും ചെയ്തു."

"പിന്നെ, അവളെന്തു പറയുന്നു ? അവൾ നിന്നെ പ്രേമിക്കുന്നുണ്ടോ . . . . "

"അതിപ്പോഴും എനിക്കു വ്യക്തമല്ല . . . . വാ തുറന്ന് അവള ങ്ങനെ പറഞ്ഞില്ല . . . . പക്ഷേ അവൾക്ക് എന്നോട്, എന്റെ പ്രേമത്തോട്, സഹാനുഭൂതിയുണ്ടെന്നു മാത്രം പറയാൻ കഴിയും. എങ്കിലും അവളുടെ മനസ്സ് പൂർണമായി മനസ്സിലാക്കാൻ കഴിഞ്ഞു എന്നു ധൈര്യമായെനിക്കു പറയുവാനാവില്ല."

"ആർക്കറിയാം— അവൾ മറ്റൊരുത്തനെ പ്രേമിക്കുന്നുണ്ടെങ്കിൽ?"

ശ്രീകാന്തന്റെ ശാന്തമായ വിശ്ലേഷണത്തിൽ ഞാൻ ഭയന്നു. . .

"എനിക്കെന്തായാലും അങ്ങനൊന്നും തോന്നുന്നില്ല. അങ്ങനാണെങ്കിൽ ഇതിനു മുമ്പുതന്നെ അവൾ എന്നോടു പറയുമായിരുന്നു . . . ."

"പെൺമനം അറിയാൻ പറ്റില്ല. Frailty thy name is women — ഹാംലെറ്റിന്റെ വാക്കുകൾ ഓർമ്മയില്ലേ ? ഗൗരീ, സൂക്ഷിച്ചോളൂ."

"അതൊക്കെയിരിക്കട്ടെ, എനിക്കവളെ വിവാഹം കഴിക്കാൻ പറ്റുമോ ?"

"Where there is a will there is a way (ആശയുള്ളിടത്തു മാർഗമുണ്ട്). നിങ്ങൾ തമ്മിലുള്ള പ്രേമം ബലമായിരുന്നാൽ വഴി സ്വയം അന്വേഷിച്ചുവരും . . . . . ജാതിയുടെ പ്രശ്നം വന്നാൽ ഞാനുണ്ട്. . . . പക്ഷേ ആദ്യം നിങ്ങൾ തമ്മിലുള്ള പ്രേമം ദൃഢമാകട്ടെ — പക്ഷേ

അതു ദൃഢീകരിക്കാൻ മാത്രം എന്നിൽ നിന്നൊരു സഹായവും ആവശ്യപ്പെടരുത് . . . . . നിങ്ങളുടെ കാര്യം നിങ്ങൾ തന്നെ നോക്കണം . . . . എല്ലാം നിശ്ചയിച്ചതിനു ശേഷം എന്റെ അടുത്തു വാ — അതിനുശേഷം ഭാവികാര്യങ്ങളാലോചിക്കാം . . . . "

എനിക്കു വളരെയേറെ സന്തോഷമുണ്ടായി. ശ്രീകാന്തന്റെ ശോഷിച്ചുകൊണ്ടിരുന്ന കൈകൾ ഞാൻ മൃദുവായി അമർത്തി :

"ശ്രീകാന്താ, നീ എത്ര ദുർബലനായിരിക്കുന്നു . . . . നമ്മളെത്രയും വേഗം വാനലെസ്വാഡിക്കു പേകുന്നതാണു നല്ലത്. ആദ്യം തീരുമാനിച്ചതുപോലെ ഈ ഞായറാഴ്ച പോകുന്നതു തീർച്ചയല്ലേ ?"

"ഉം . . . . ഇതെന്ത് ? സ്നേഹിതന്റെ അന്വേഷണമാണോ അതോ അളിയന്റെ അന്വേഷണമാണോ ?"

"രണ്ടിലും പരസ്പര വൈരുധ്യമില്ലല്ലോ ? ശ്രീകാന്താ, കാമിനിയെ വിവാഹം കഴിച്ച് നിന്റെ ആരോഗ്യത്തിന്റെ ശ്രദ്ധ ഏറ്റെടുക്കുന്നതിനേക്കാൾ വലിയ കാര്യം എനിക്ക് ഈ ഭൂമിയിൽ മറ്റൊന്നില്ല . . . . നിന്റെ സുഖം എന്നു പറഞ്ഞാൽ അതെന്റെ സുഖം തന്നെയാണ്. ഞങ്ങളുടെ ഈ വിവാഹംകൊണ്ട് നാമൊക്കെ എത്രമാത്രം സുഖമായിരിക്കുമെന്നറിയാമോ ?"

"ഭ്രാന്തൻ — ഗൗരീ, നീ സ്വപ്നജീവിയാണ്. യഥാർഥ ലോകത്തെക്കുറിച്ചുള്ള അറിവ് നിനക്ക് ഇപ്പോഴുമില്ല . . . . വെറും പൂക്കളെപ്പോലെയുള്ള കിനാവുകൾ നെയ്തെടുത്ത് നീ സമയം മുഴുവൻ കളയുന്നു . . . . ജീവിതത്തിന് ജ്യോമട്രിയെപ്പോലെ ഋജുരേഖകളുടെ ആകൃതിയാണുള്ളതെന്നു വിചാരിച്ചോ ? നീ ഭ്രാന്തനാണ് . . . . നീ ഇനിയും വളരേണ്ടിയിരിക്കുന്നു, ലോകത്തെക്കുറിച്ചും ആളുകളെക്കുറിച്ചുമുള്ള നിന്റെ അറിവു വർധിക്കേണ്ടിയിരിക്കുന്നു . . . . നീ ഇപ്പോഴും പയ്യനാണ് . . . . "

"അതിനാണ് നിന്റെ സഹവാസവും ബന്ധുത്വവും എനിക്ക് ആവശ്യമായിട്ടുള്ളത്."

"ഗൗരീ, എനിക്കു നിന്നോടെത്രമാത്രം സ്നേഹമുണ്ടെന്നറിയാമോ ? . . . . നിനക്കു നന്മ വരണമെന്നാണ് എന്റെ ആഗ്രഹം. നീ ഇനി നിന്റെ സർവാംഗവ്യക്തിത്വം വളർത്തണം, അതിനുശേഷം സുഖമായി ജീവിതം നയിക്കണം എന്നാണെന്റെ ആഗ്രഹം . . . . പക്ഷേ കാമിനി നിനക്കു ചേർന്ന ഭാര്യയല്ല. നിന്നിലുള്ള എല്ലാ കർതൃത്വ ശക്തിയും അവൾ പിഴിഞ്ഞെടുത്തേക്കും. . . . അവൾക്ക് എപ്പോഴും തന്നെ പ്രശംസിക്കുന്ന ഭർത്താവിനെ വേണം. . . . . നീ ആലോചിച്ചുനോക്ക് . . . . . അവയെയൊക്കെയും അതിലംഘിച്ച് നിനക്ക് അവൾ തന്നെ വേണം, അവളില്ലെങ്കിൽ ജീവിതം മുഴുവൻ നശിച്ചു എന്നൊക്കെ തോന്നിയാൽ നിന്റെ വഴി മംഗളകരമാകട്ടെ

എന്ന് ഞാനാശിക്കുന്നു, പ്രാർഥിക്കുന്നു . . . . ഗൗരീ, ഇപ്പോൾ നിന ക്കു സമാധാനമായോ ?. . . . അതു നോക്ക് ഒന്ന് അടിക്കാറായി — പുതിയ ദിവസം തുടങ്ങി — അന്ധകാരത്തിൽ !"

ശ്രീകാന്തൻ ഒരു ദീർഘശ്വാസം വിട്ടു. ജനലിനു പുറത്തുള്ള ഇരു ട്ടിൽ അവൻ ദൃഷ്ടിയൂന്നി. "നല്ലത് രാത്രി വളരെയായി . . . . പോയി കിടന്നോ . . . . "

എന്റെ കൺഠം ഞാനറിയാതെ തന്നെ നിറഞ്ഞതുപോലെ തോന്നി.

ശ്രീകാന്തൻ ! അന്ധകാരം ! പുതിയ ദിവസം !

* * *

പ്രശസ്തമായ ഒരു തറവാട് . ആ തറവാട്ടിൽ മനോഹരമായ ഒരു മുറി . ആ മുറിയുടെ മധ്യത്തിൽ സുന്ദരമായ ഒരു മഞ്ചം. ചുറ്റും അത്യുത്തമമായ സാഹിത്യകൃതികൾ. ആ മുറിയുടെ മൂലയിൽ നിന്ന് സംഗീതം ലഹരിലഹരിയായി ഉയർന്നുവരുന്നു. പുറത്ത് ഇരുട്ടാണെ ങ്കിലും നോട്ടം അവ്യക്തമായി കാണാം. തണുത്ത കാറ്റ് . . . . കാമിനിയുടെ തടിച്ചുരുണ്ട കൈകൾ എന്റെ കഴുത്തിൽ സ്പർശിച്ചു. ഞാൻ അവളുടെ കവിളിലും ചുരുണ്ട മുടിയിലും സ്പർശിച്ചു. അവ ളുടെ പുഷ്ടമായ മുലകളുടെ ചൂടുള്ള കോമളത്വം എന്റെ അവയവ ങ്ങളിൽ വിദ്യുത്പ്രവാഹമുണ്ടാക്കി . . . . കാമിനീ . . . . കാമിനീ . . . . എന്റെ കാമിനീ, എന്റെ പ്രിയേ . . . . my love, my darling എന്റെ ദേവതേ . . . . എന്റെ രാക്ഷസീ . . . . അതേ അപ്പോഴേക്കും കാമിനി രാക്ഷസിയെപ്പോലെ പുരികങ്ങൾ വളച്ച് നീളമേറിയ നഖങ്ങൾ ക്രൂരമായി എന്റെ കഴുത്തിൽ ആഴ്ത്തുന്നു . . . . എങ്കിലും എനിക്ക് സമാധാനമല്ലാതെ കോപം വരുന്നില്ല . പെട്ടെന്ന് ഉത്തേജിതനായി അവളെ ഗാഢമായി ആശ്ലേഷിച്ച് അവളുടെ മുഖത്തിന്റെ എല്ലാ ഭാഗത്തും മുത്തമഴ ചൊരിയുന്നു . . . . 'കാമിനീ നീ എന്തു ചെയ്താ ലും നിന്നെ ഞാൻ വിടില്ല . . . . ചത്താലും വിടില്ല . . . . ' എന്ന് സ്വയം പിറുപിറുത്തപ്പോഴേക്കും ഞാൻ ഉണർന്നു . . . . ഇരുട്ടിൽ, ഏകാ കി !

എന്റെ ആത്മാവിന്റെ ഏകാകിത്വം മിക്കവാറും അപ്പോൾതന്നെ തുടങ്ങിയിരിക്കണം. സാവകാശമായി ശ്രീകാന്തന്റെ ആശ്രയത്വം ശിഥിലമാകുവാൻ തുടങ്ങി. അവൻ അവന്റേതായ അതിപ്രജ്ഞ യുടെ പ്രപഞ്ചത്തിൽ മുഴുകുവാൻ തുടങ്ങി. കാമിനിയുടെ പ്രേമം അപ്പോഴും അമൂർത്തമായി തന്നെ ഇരുന്നിരുന്നതിനാൽ അതിന്റെ അനിശ്ചിതത്വം എന്റെ ഹൃദയത്തെ കൃമി എന്ന മാതിരി തിന്നുവാൻ തുടങ്ങി. ഞാൻ എങ്ങോട്ടു പോകുന്നു, എവിടെ ചെന്നെത്തും എ ന്ന് ചിന്തിക്കുവാൻ പോലും എനിക്കപ്പോൾ കഴിയുമായിരുന്നില്ല.

ഇപ്പോൾ ശ്രീകാന്തന്റെ ശരീരസ്ഥിതിയെക്കുറിച്ചന്വേഷിക്കുന്ന

താണ് എൻെറ കർത്തവ്യം എന്ന് നിശ്ചയിച്ചുറച്ചു.

* * *

ഞങ്ങൾ വാനലസ്വാഡിക്ക് പോകുന്നതിനു മുമ്പത്തെ ദിവസം രോഹിണി അവധി കഴിഞ്ഞ് തിരിച്ചെത്തി. അവൾ അവധിക്കാലത്ത് അചഛനമ്മമാരോടൊത്ത് പൂനയിലും ബോംബെയിലും പോയി തിരിച്ചുവന്നു . . . . .

"ശ്രീകാന്താ ഞാനും വരട്ടേ വാനലസ്വാഡിക്ക്?" രോഹിണി ചോദിച്ചു.

"നോ, താങ്ക്സ്" എന്നു മാത്രം ശ്രീകാന്തൻ പറഞ്ഞു.

"ഞാനച്ഛനോടും അമ്മയോടും പറഞ്ഞു . . . . "

"എന്ത്?"

"എൻെറ പ്രേമത്തെക്കുറിച്ച് . . . . "

"ആരോടുള്ള പ്രേമം ?"

"ഹായ്—നിങ്ങളോട് !"

ശ്രീകാന്തൻ ചിരിച്ചു "നിൻെറ തലയ്ക്ക് സുഖമില്ലേ?"

"ഉണ്ടെങ്കിൽ അതു നശിക്കുന്ന പ്രശ്നം . . . . " ഞാൻ പറഞ്ഞു.

"എന്താ ഗൗരീശാ, എനിക്കു തലയേ ഇല്ലേ? തലയില്ലെങ്കിലും ഹൃദയമുണ്ട് . . . . അതുകൊണ്ട് ശ്രീകാന്തന് എന്തായാലും എൻെറ പ്രേമം . . . . "

"മതി നിൻെറ . . . . അതെന്തെങ്കിലും ആകട്ടെ. നിൻെറ ട്രിപ്പ് എങ്ങനെയുണ്ടായിരുന്നു? പൂനയിലും ബോംബെയിലും നിനക്ക് ആരെയും കിട്ടിയില്ലേ നിൻെറ പ്രേമം പരിശോധിച്ചു നോക്കാൻ?" ശ്രീകാന്തൻ ചിരിച്ചുകൊണ്ടു ചോദിച്ചു.

"നോക്ക് പൂനയിൽ ഞങ്ങളുടെ മാംശിയുടെ വീടിൻെറ അടുത്ത വീട്ടിൽ സുന്ദരനായ ഒരു യുവാവുണ്ടായിരുന്നു. രാമൂകാപ്സെ എന്നായിരുന്നു അവൻെറ പേർ. അവൻ മൂന്നാലു പ്രാവശ്യം എന്നോടു സംസാരിക്കാൻ ശ്രമിച്ചു . . . . അതിനുശേഷം ബോംബെയിൽ . . . . ഹൊ ! എങ്ങനെയുള്ള മനുഷ്യരാണ് ഈ ബോംബെക്കാർ! ഞാൻ ഒരു കൂട്ടുകാരിയുടെ കൂടെ സിനിമയ്ക്കു പോയി. അടുത്ത് ഇരുന്ന ഏതോ ഒരുത്തൻ — നല്ല ഡ്രസ്സ് ധരിച്ചിരുന്നു — അവന് എൻെറ കാലിൽ അവൻെറ കാൽ മുട്ടിക്കണം — അതിനുശേഷം പതുക്കെ — എൻെറ തുടയിൽ കൈ വയ്ക്കണം . . . . "

"രോഹിണീ, അമ്മയുടെ അടുത്തുപോയി ചായ ഉണ്ടാക്കിക്കൊണ്ടുവാ, നോക്കട്ടെ." ശ്രീകാന്തൻെറ ആജ്ഞ.

അവൾ ആജ്ഞയനുസരിക്കുന്ന ഭാര്യയെപ്പോലെ ചിരിച്ചുകൊണ്ട് പെട്ടെന്ന് അകത്തേക്കുപോയി. അവൾ പോയ ഉടൻ ഞങ്ങൾ പരസ്പരം നോക്കി ചിരിച്ചു.

* * *

വാനലസ്വാഡിയിൽ ഡോക്ടർ വിത്സൻെറ ചികിൽസ തുടങ്ങി. കുറഞ്ഞപക്ഷം രണ്ടുമാസം അവിടെ കഴിയണമെന്ന് അദ്ദേഹം പറഞ്ഞു.

"ഗൗരീ നിൻെറ കോളേജ് തുടങ്ങിയില്ലേ ? നീ തിരിച്ച് ധാറവാഡയ്ക്കു പോകൂ, ണേ?" ശ്രീകാന്തൻ പറഞ്ഞു.

"ലെക്ച്ചേഴ്സ് തുടങ്ങുവാൻ ഇനിയും ഒരു മാസമെങ്കിലും കഴിയണം. പ്രാക്ടിക്കൽസിന് രണ്ടുമാസം . . . . ഒരു മാസമെങ്കിലും ഞാനിവിടെ കഴിയും."

സരളാഭായിക്ക് ആശ്വാസം തോന്നി . . . . "ഗൗരീശാ നിൻെറ ഉപകാരത്തിന് പ്രത്യുപകാരം ചെയ്യേണ്ടതെങ്ങനെയാണെന്ന് ഞങ്ങൾക്കറിയില്ല."

"മാംശീ, പിന്നെയും പ്രത്യുപകാരത്തിൻെറ കാര്യം എടുത്തിട്ടല്ലോ . . . ."

* * *

ഒരു മാസം വരെ ഞാൻ ശ്രീകാന്തൻെറ നെഴ്സ് ആയി . . . . ആ സ്നേഹത്തിലും അടുപ്പത്തിലും ഒരു തരം ഉദാത്തതയുണ്ടായിരുന്നു. ത്രസിപ്പിക്കുന്ന മാധുര്യം ഉണ്ടായിരുന്നു ; ഒരു തരം സാർഥകത ഉണ്ടായിരുന്നു. എൻെറ നിസ്വാർഥതമൂലമോ എന്തോ ഒരുതരം ശക്തിയും അഭിമാനവും എന്നിൽ വളരാൻ തുടങ്ങി. ശ്രീകാന്തൻ തീർച്ചയായും സുഖപ്പെടും എന്ന വിശ്വാസം ഉണ്ടായിരുന്നതുകൊണ്ട് ആദ്യത്തെ ഭയം ഇല്ലാതായി. എല്ലാം മംഗളകരമാകും. ഇപ്പോൾ ക്ഷമയോടുകൂടി ശാന്തമായിരുന്ന് തൻെറ കർത്തവ്യം ചെയ്താൽ മതി . . . .

ശ്രീകാന്തനോട് പൂർണമായി വിശ്രമിക്കണം എന്ന് ഡോക്ടർ പറഞ്ഞതുകൊണ്ട് അവൻെറ വായന കുറഞ്ഞു — സംസാരമധികമായി — അവൻെറ സംസാരത്തിൽ കൂടെക്കൂടെ മരണം എന്ന വിഷയം എത്തിനോക്കിയിരുന്നെങ്കിലും അതേപ്പറ്റി അവനിൽ വസ്തുനിഷ്ഠത വന്നതുപോലെ തോന്നി. ഉദാഹരണമായി അവൻെറ മൂന്നു നാല് സംഭാഷണങ്ങൾ ഇങ്ങനെ സംക്ഷേപിക്കാം.

* * *

"ഹലോ, ഗൗരീശാ, ചാൾസ്ലാംബിൻെറ 'Convalescence' എന്ന ലേഖനം വായിച്ചിട്ടുണ്ടോ ? അതിൽ ലാംബ് പറഞ്ഞിട്ടുള്ളതെന്താണെന്നുവച്ചാൽ അസുഖം ബാധിച്ച മനുഷ്യൻ അതിശയകരമായി സ്വാർഥിയായിത്തീരുന്നു ; അവൻെറ ശരീരം തന്നെ അവൻെറ എല്ലാ പ്രപഞ്ചവുമാകുന്നു ; മറ്റെല്ലാ വ്യവഹാരങ്ങളുടെയും നേരെ അവൻെറ ബുദ്ധി അന്ധമായിത്തീരുന്നു . . . . അതൊക്കെ അസത്യമാണെന്നാണ് എനിക്കു തോന്നുന്നത്. വാസ്തവത്തിൽ ഭൂമിയിലെ

ജീവിതത്തിൻെറ പ്രധാന പ്രശ്നങ്ങളെക്കുറിച്ച് മനുഷ്യനിൽ തീക്ഷ്ണമായ പ്രജ്ഞയുണ്ടാക്കുന്നത് അവൻ അസുഖമായി കിടക്കുമ്പോഴാണെന്നാണ് എനിക്കു തോന്നുന്നത്. അസുഖം മൂലം ശയ്യാവലംബിയാകുമ്പോൾ തന്നെ അവന് മനുഷ്യൻെറ അൽപത്തത്തെക്കുറിച്ചും നിസ്സഹായതയെക്കുറിച്ചുമുള്ള അറിവ് നന്നായി ഉണ്ടാകുന്നു . . . . അതുപോലെ ജീവിതത്തിൻെറയും മരണത്തിൻെറയും — പ്രധാനമായി മരണത്തിൻെറ — കാര്യം അവനു ബോധ്യപ്പെടുന്നത്രയും മറ്റാർക്കും മനസ്സിലാവുകയില്ല . . . . ഗൗരീ, ഈ മരണത്തെക്കുറിച്ച് ചിന്തിച്ചു ചിന്തിച്ച് എൻെറ തല തകരാറിലാകുന്ന മട്ടായിരിക്കുന്നു. ഒരു പക്ഷേ ഞാൻ സുഖമായിരുന്നെങ്കിൽ ഞാനൊരു 'Discourse' അല്ലെങ്കിൽ 'platonic dialogue' എഴുതാതിരിക്കുമായിരുന്നില്ല. മരണത്തെക്കുറിച്ച് ചിന്തിച്ചു ചിന്തിച്ച് ഇപ്പോൾ അക്കാര്യത്തെക്കുറിച്ചുള്ള ഭയം തന്നെ ഇല്ലാതായിരിക്കുന്നു . . . . അതേപ്പറ്റി എനിക്കുള്ള വിചാരങ്ങളിവയാണ് : മരണമെന്നാൽ എന്താണ് ? 'ഞാൻ' 'എൻേറത്' എന്നതിനെക്കുറിച്ചുള്ള അറിവില്ലാതായിത്തീരുന്നു . . . . ഞാൻ മരിച്ചാലുടൻ 'എൻേറത്' 'ഞാൻ' ഇവ ഇല്ലാതായിത്തീരുന്നു. അതുകൊണ്ട് 'ഞാൻ മരിച്ചു' 'എൻെറ ജീവൻ പോയി' എന്ന് എനിക്ക് തോന്നുകയില്ല . . . . എനിക്ക് അതേപ്പറ്റിപ്പോലും അറിയാൻ കഴിയില്ല. അതുകൊണ്ട് ഏത് അനുഭവത്തെക്കുറിച്ചുള്ള അറിവ് എനിക്കുണ്ടാകുന്നില്ലയോ ആ അനുഭവം എനിക്ക് ഇല്ലേ ഇല്ല . . . . അതുകൊണ്ട് എൻെറ മരണത്തെക്കുറിച്ച് ഞാൻ ഭയപ്പെടേണ്ട കാര്യമില്ല. എൻെറ ബന്ധുക്കൾക്ക് അൽപം ദു:ഖം ഉണ്ടാകും. പക്ഷേ ആ ദു:ഖത്തെക്കുറിച്ചുള്ള അറിവുപോലും ഞാൻ മരിച്ചുകഴിഞ്ഞാൽ എനിക്കുണ്ടാകുന്നില്ല. കാരണം 'ഞാൻ' എന്ന പ്രജ്ഞയേ നിലനിൽക്കുന്നില്ലല്ലോ ഈ പ്രപഞ്ചത്തിൽ . . . . അതുകൊണ്ട് എൻെറ മരണം 'എൻേറത്' അല്ല ! എൻേറതല്ലാത്ത—ഒരു കാര്യത്തെപ്പറ്റി ഞാനെന്തിനു ചിന്തിക്കണം ? . . . . എൻെറ വാദം മനസ്സിലായോ ? . . . ."

"അല്ല ശ്രീകാന്താ, നീ എന്നും മരണത്തെക്കുറിച്ച് എന്തിനാണിത്രയേറെ ചിന്തിക്കുന്നത് ? നീ മരിക്കാനൊന്നും പോകുന്നില്ല. . . . . നീ തീർച്ചയായും സുഖപ്പെടും എന്നു ഞാൻ വിശ്വസിക്കുന്നു. ഡോക്ടർ നൂറുശതമാനം ഉറപ്പ് തന്നിട്ടുണ്ട്."

"ഇപ്പോൾ സുഖപ്പെട്ടാൽ തന്നെ എന്താണ് ? ഒടുവിലൊരിക്കൽ എന്നായാലും മരിക്കുകതന്നെ വേണമല്ലോ. മനുഷ്യൻ ഈ മരണം എന്ന പ്രശ്നം നേരിടുകതന്നെ വേണം . . . . ഈ ജീവിതം അനിത്യമാണ്. മരണാനന്തരം എല്ലാം ശൂന്യതയിലലിഞ്ഞുചേരുമെന്ന അറിവ് ഓരോ വ്യക്തിക്കും തീർച്ചയായും ഉണ്ടായിരിക്കണം. എൻെറ തോന്നലിൽ ഈ മൃത്യു—ശൂന്യതയെക്കുറിച്ചുള്ള അറിവ് തീവ്രമാണെങ്കിൽ ഈ ഭൂമിയിൽ ഇത്രമാത്രം അസഹ്യതയും ആസക്തിയും

സ്വാർഥതയും ദുഃഖവും ക്രൗര്യവും ഉണ്ടാകുമായിരുന്നില്ല. സകലരും തകർന്ന ഒരു കപ്പലിൽ ഒഴുകി നീങ്ങുകയാണെന്ന വിചാരം എല്ലാവരിലുമുണ്ടെങ്കിൽ , എല്ലാരിലും ഒരുതരം ഭ്രാതൃഭാവന ഉണ്ടാവുകതന്നെ ചെയ്യും. ബർട്രാൻഡ് റസലിന്റെ 'Free man's worship' എന്ന പ്രബന്ധം വായിക്ക്, വളരെ നന്നായിട്ടുണ്ട്, കാവ്യമയമായിട്ടുണ്ട്. അതിൽ ആ മഹാതത്വജ്ഞാനി ഇതേ കാര്യം തന്നെ പറഞ്ഞിരിക്കുന്നു. ഒരിക്കൽ ഞാൻ നിന്നെ വായിച്ചുകേൾപ്പിക്കാം—ഓർത്തോളൂ — റസലിന്റെ ബിംബം മറ്റൊന്നാണ്. മനുഷ്യജീവിതം അദൃശ്യവൈരികൾ നിറഞ്ഞ കാളരാത്രിയിലൂടെ നീങ്ങുന്നു — ഏതു ലക്ഷ്യത്തിലേക്കോ എന്തോ .... മൃത്യു—ശൂന്യതയുടെ ബോധമുണ്ടെങ്കിൽ കാളരാത്രിയിൽ അദൃശ്യനാകുന്നതിനു മുമ്പ് (അഥവാ അപാര സാഗരത്തിലെത്തുന്നതിനു മുമ്പ്) പരസ്പരം സഹായിച്ച് കുറേക്കാലം സന്തോഷത്തോടും സ്നേഹത്തോടും ശ്രദ്ധയോടും സഹാനുഭൂതിയോടും കൂടി ജീവിക്കുവാനുള്ള ബുദ്ധി വരും . . . . അതുകൊണ്ടുതന്നെയാണ് ഞാൻ പറയുന്നത് ഓരോ വ്യക്തിക്കും തന്റെ മരണത്തെക്കുറിച്ച് വ്യക്തമായ അറിവുണ്ടായിരിക്കണം എന്ന്. മാത്രമല്ല ഈ പ്രചണ്ഡ വിശ്വത്തിന്റെ പശ്ചാത്തലത്തിൽ മനുഷ്യൻ തന്നെ സ്വയം വിലയിരുത്തണം. താൻ എത്രമാത്രം നിസ്സാരനും നിസ്സഹായനും ആണ് എന്നതിനെക്കുറിച്ചുള്ള വിചാരവും വേണം. അതിന്റെ അർഥം തന്റെ ആത്മശ്രദ്ധ നഷ്ടപ്പെടുത്തിക്കൊണ്ട് ഭയമുള്ളവനും നിരാശാവാദിയുമായി ജീവിക്കണമെന്നല്ല . . . . ഞാൻ പറയുന്നത് നിരാശാവാദമല്ല യഥാർഥ വാദമാണ് `realism`. വിശ്വത്തിന്റെ പ്രചണ്ഡത, പ്രകൃതിയുടെ അന്ധത, മൃത്യു—ശൂന്യത— ഈ മൂന്നു കാര്യങ്ങളെക്കുറിച്ചുള്ള വ്യക്തമായ അറിവ് അവനുണ്ടെങ്കിൽ അവൻ തീർച്ചയായും ഉത്തമ ജീവിതം നയിക്കും. അവനിൽ സ്വാർഥതയും ആസക്തിയും കുറയും ; സ്നേഹവും സഹാനുഭൂതിയും ജ്ഞാനവും വളരും . . . . ജീവിതത്തെക്കുറിച്ച് ഒരു തരം നിർലിപ്തത വരും. ഈ നിർലിപ്തത മനുഷ്യനു തീർത്തും ആവശ്യമാണ്. ഭൂമിയിൽ എല്ലാ മഹാത്മാക്കളിലും കണ്ടുവരുന്ന ഗുണമാണത് : നിർലിപ്തത! വലിയ ലേഖകന്മാരിലും കവികളിലും കണ്ടുവരുന്ന വീക്ഷണമാണിത് . . . . ആധ്യാത്മിക വാദം ജീവിത വീക്ഷണത്തിന് എന്തെങ്കിലും സംഭാവന ചെയ്തിട്ടുണ്ടെങ്കിൽ അത് ഈ നിർലിപ്തതയാണ് !"

"നീ പറഞ്ഞതൊക്കെ ശരിയാണ്. പക്ഷേ ആ വീക്ഷണകോണം ജീവിതത്തിലെ ദൈനംദിന പ്രശ്നങ്ങൾക്ക് പ്രയോജനപ്രദമാകുകയില്ല."

"എന്നു വച്ചാൽ ?" ശ്രീകാന്തന്റെ താൽപര്യം ഉണർന്നു.

"എന്നുവച്ചാൽ വ്യക്തിയുടെയും സമൂഹത്തിന്റെയും പ്രശ്ന

ങ്ങൾ വ്യക്തിയുടെ ദൈനംദിന ജീവിതത്തിലുണ്ടാകുന്ന ചെറിയ ചെറിയ പ്രശ്നങ്ങളാണ് — ഉദാ : മനുഷ്യബന്ധങ്ങൾ : അച്ഛൻ, അമ്മ, ബന്ധു, ഭാഗിനേയൻ, ഭാര്യ, ഭർത്താവ്, മകൻ, മേലധികാരി, കീഴ്ജീവനക്കാർ, സ്നേഹിതൻ, സ്നേഹിത തുടങ്ങിയ മനുഷ്യ ബന്ധങ്ങളുടെ കാര്യത്തിൽ, സാമൂഹ്യരചനയുടെ കാര്യത്തിൽ — നീ പറഞ്ഞ വീക്ഷണകോണം ഉപയോഗപ്രദമാവുകയില്ല . . . . അതു പോലെ തന്നെ മൃത്യുവിനെക്കുറിച്ചു കഴിയുന്നത്ര അശ്രദ്ധ കാണി ച്ചാൽ നമുക്ക് സുഖമായി ശുഭപ്രതീക്ഷയോടെ ജീവിക്കാം . . . .''

"എൻെറ വീക്ഷണകോണം നിനക്കു മനസ്സിലായില്ലെന്നു തോന്നു ന്നു, ഗൗരീശാ ! ഞാനും അതുതന്നെയാണു പറയുന്നത് . . . . നിൻെറ മനുഷ്യബന്ധങ്ങളാകട്ടെ, സമൂഹരചനയാകട്ടെ ജീവിത ത്തിലെ ചില മൂലഭൂതമൂല്യങ്ങളുടെ മേൽ നിൽക്കണം ? ജീവിതത്തെ സമഗ്രമായി നോക്കിയാൽ ആ മൂല്യങ്ങൾ നമുക്ക് വ്യക്തമായി എടുത്തു കാണുവാൻ കഴിയും. ജീവിതത്തിൻെറ എല്ലാ കുറവുകളും കണ്ണുതുറന്നു നോക്കുമ്പോൾ നമുക്ക് ഈ മൂല്യങ്ങളുടെ ആവശ്യകത മനസ്സിലാകും . . . . അതുകൊണ്ടാണു ഞാൻ പറഞ്ഞത്, ജീവിത ത്തിൻെറ ഏറ്റവും വലിയ ബഹുമതിയായ മരണത്തെ ഓരോരു ത്തരും കൺതുറന്നു കണ്ട്, അതുമായി ഉടമ്പടിയിലെത്തണം . . . .''

ഇന്നു സന്ധ്യയ്ക്ക് ഞാൻ നടക്കുവാൻ പോകണമെന്നു കരുതി യപ്പോഴേക്ക് സത്യേന്ദ്രൻ വന്നു. അവനെ കണ്ടപ്പോൾ സമാധാന ത്തിൻെറ തിരമാലയേറി വന്നു.

"ഹായ്, ഗൗരീശാ, എന്താ ഞങ്ങളുടെ വീടുവരെ ഒരിക്കലെങ്കിലും വരരുതോ ? നമ്മളു കണ്ടിട്ടു നാലഞ്ചു ദിവസമായല്ലോ. നീയൊരു അസാധാരണ മനുഷ്യനാണപ്പാ . . . . നിൻെറ ഈ ആത്മകഥയുടെ ചെളിക്കുണ്ടിൽ തന്നെ സമയം മുഴുവൻ ചെലവഴിക്കാൻ തീരു മാനിച്ചോ ? എൻെറ ഒരു വെറും നിർദേശം നീ ഇത്ര സീരിയസ്സാ യെടുക്കുമെന്നു ഞാൻ വിചാരിച്ചില്ല.''

"I am sorry— സത്യത്തിൽ ഇന്നോ നാളെയോ നിൻെറയടുത്തേക്കു വരണമെന്നു വിചാരിച്ചിരുന്നു. സുശീലച്ചേച്ചിയെ മുഖം കാണിച്ചിട്ട് ഒരു യുഗമായി . . . . രണ്ടുമൂന്നു ദിവസം വൈകിട്ടു ഡോലിവന്നു . . . . മറ്റു ദിവസം വൈകുന്നേരമൊക്കെ ഞാനെഴുതാൻ ചെല വഴിച്ചു . എഴുത്തെന്നു പറഞ്ഞാൽ ശരീരത്തിൽ ഭൂതം ബാധിച്ചതു പോലെയാണ് !''

"അതിരിക്കട്ടെ. ഞാൻ വന്നതു രണ്ടു കാര്യം പ്രമാണിച്ചാണ്. ഒന്ന് : നീ സിർസിക്കു പോകുന്നതിനെപ്പറ്റി എന്തു തീരുമാനിച്ചു?''

"ഈ ഞായറാഴ്ച ഞാൻ പോകാനിരിക്കുകയാണ്.''

"ഗുഡ്. അങ്ങനെ നീ അച്ഛനു കത്തയച്ചോ ?''

"ഇല്ല. പോകുന്നതിനു മുമ്പൊരു കമ്പിയടിക്കണമെന്നാണു

ദ്ദേശ്യം.''

"നോട്ട് സോ ഗുഡ്.... ഞാനിതിനകം തന്നെ മറുപടി അയച്ചിട്ടുണ്ട് — നീ പോകാനിരിക്കുകയാണ്, ഭഗീരഥപ്രയത്നം ചെയ്തു ഞാനയയ്ക്കാം എന്ന്.''

"പിന്നെ നിന്റെ രണ്ടാമത്തെ കാര്യമെന്താണ് ?''

"അതൽപം 'ഡെലിക്കേറ്റ്' — സൂക്ഷ്മവിഷയമാണ് . . . . ഗൗരീശാ, മിനിഞ്ഞാന്നു ശശികലയെ കണ്ടു. അവൾ എന്റെ കൈയിൽ നിന്നു നിന്റെ മേൽവിലാസം വാങ്ങി . . . . അതുപോലെതന്നെ നിന്നെപ്പറ്റി എല്ലാം അന്വേഷിച്ചു .... നിന്റെ വിവാഹത്തെക്കുറിച്ചും ചോദിച്ചു.''

"നീയെന്തു പറഞ്ഞു ?''

"ആഫ്രിക്കയിൽ വധുവിനെ അന്വേഷിക്കാനിരിക്കുകയാണെന്നു പറഞ്ഞു.''

"താങ്ക്സ് !''

"അതിനുശേഷം ഞാനവളുടെ വിവാഹത്തെക്കുറിച്ചു ചോദിച്ചു.''

"അതെയോ ?''

"ഉം — ഇതുവരെയും അവളുടെ വിവാഹമായില്ലെന്നു പറഞ്ഞു.''

"Poor thing ! കഷ്ടം ! പിന്നെ ?''

"ഇന്നു ഞങ്ങളുടെ ആഫീസിൽ അവളുടെ ചിറ്റപ്പനോ മറ്റോ വന്നു. അദ്ദേഹം എന്നോടു വ്യക്തമായി പറഞ്ഞു 'നിങ്ങൾ ഗൗരീശ ഉപാസനിയുടെ സുഹൃത്താണല്ലോ. ഞങ്ങളുടെ ശശികലയ്ക്ക് ഗൗരീശനോടൽപം താൽപര്യം. ഒരേ ക്ലാസ്സിൽ അവർ എം. എസ്സിക്ക് ഒന്നിച്ചുണ്ടായിരുന്നു — അങ്ങനെ അൽപം അടുപ്പം വളർന്നു വന്നെന്നു തോന്നുന്നു. . . . ഇപ്പോൾ അദ്ദേഹം ആഫ്രിക്കയ്ക്കു പോകാനിരിക്കുകയാണത്രെ, നല്ല ജോലിക്ക് വേണ്ടി. ശശികലയ്ക്കും ആഫ്രി ക്കയിൽ പോകാൻ താൽപര്യമാണ് .... നിങ്ങളൽപം ശ്രമിച്ചാൽ അവർ ഒന്നിക്കുമോ എന്നു നോക്ക് 'എന്നെന്തൊക്കെയോ പറഞ്ഞു . . . . അതിനു നിന്റെ മറുപടി എന്താണ് ?''

"സോറി. അവളെ വിവാഹം കഴിക്കാനാവില്ല . . . . എനിക്കു വിവാഹം ആവശ്യമില്ല . . . .''

"എന്തുകൊണ്ട്, ഡോലിയെപ്പോലെയുള്ള പെൺകുട്ടിയെ കിട്ടിയാൽ ജീവിതം മംഗളമാകുമെന്നാണോ നിന്റെ വിശ്വാസം ?''

"ജീവിതം മംഗളകരമാക്കണമെന്ന വിചാരമെനിക്കില്ല.''

"ഹായ് ! എനിക്കു തോന്നി, നിന്റെ സ്ഥിതപ്രജ്ഞയുടെ മൂഡിൽ ശശികലയോടു സമ്മതം മൂളാമെന്ന് . . . . ഇങ്ങോട്ടു നോക്ക് . നീ വെറുതെ ഭ്രാന്തനെപ്പോലെ ബുദ്ധിക്കു വിരുദ്ധമായി പെരുമാറുന്നതു ശരിയല്ല. ശശികലയും എം. എസ്സിയാണ്. അവളും നിന്നോടൊപ്പം എന്തെങ്കിലും ജോലിചെയ്യും. അവൾ കാഴ്ചയിൽ

അത്ര സുന്ദരിയൊന്നുമല്ലെങ്കിലും — നിന്റെ കാമിനിയെപ്പോലെ — അവൾ അത്ര മോശമൊന്നുമല്ല. അവളുടെ വകതിരിവിനെക്കുറിച്ചും ജ്ഞാനത്തെക്കുറിച്ചും — പ്രധാനമായി വ്യവഹാരജ്ഞാനം — ഒരു പ്രശ്നവുമില്ല. നിന്നെ അമ്മയെപ്പോലെ നോക്കാൻ കഴിവുള്ളവളാണ്, നിന്നെപ്പോലെ — ഞാൻ സ്പഷ്ടമായി സംസാരിക്കുന്നെന്നു കരുതി മുഷിയരുത് — ദുർബലവും ചഞ്ചലവും അവ്യവസ്ഥയുടെ അമ്മവീടുമായ വ്യക്തിത്വത്തിന് പ്രബലമായ സഹാനുഭൂതിയുടെ ആവ ശ്യം എപ്പോഴായാലുമുണ്ട് . . . . ഞാൻ പറയുന്നതു കേൾക്ക്. അവളുടെ കൂടെ തീർച്ചയായും നിനക്ക് സുഖമായി ജീവിക്കാൻ കഴിയും . . . . നിന്റെ ജീവിതം മംഗളകരമാകും . . . . നിന്റെ പ്രതിഭയ്ക്കും ശക്തിക്കും സൃജനശീലപന്ഥാവു കിട്ടിയേക്കും . . . . ''

"നീ പറയുന്നതൊക്കെ ശരിയാണു സത്യേന്ദ്രൻ. പക്ഷേ മനുഷ്യൻ വെറും വിവേകം എന്ന സ്പ്രിങ്ങിന്റെ മേൽ നടക്കുന്ന യന്ത്രമല്ല. എത്രമാത്രം ആർഗുമെൻറ്സ് പറഞ്ഞാലും, ശശികലയുമൊന്നിച്ചു ജീവിക്കുവാനാവില്ല . . . . എനിക്ക് ആരും വേണ്ട ; എന്റെ ഏകാകിത്വം എനിക്കു വേണം. എന്റെ മുക്തി, എനിക്കു വേണം. മതി — ഈ ജഗത്തുമായുള്ള ബന്ധം തീർന്നു— ഒരുത്തരുമായുള്ള ബന്ധവും വേണ്ട . . . . ആരുമായുള്ള ഒരു വർഷത്തെ നിത്യ സഹവാസത്താൽ എന്റെ ഹൃദയം ഒരിക്കൽ പോലും സന്തോഷത്തോടെ സ്പന്ദിച്ചില്ലയോ, അത്തരക്കാരിയുടെ സഹവാസം ആദ്യം തന്നെ വേണ്ടാ . . . . ഒരുവേള ജീവിതം അസഹ്യമായിത്തീർന്നാൽ ഡോലിയെ കാലുപിടിച്ച് വിളിച്ചുകൊണ്ട് വരുന്നതല്ലാതെ ശശികലയെ — അവളുടെ ജ്ഞാനഭണ്ഡാരത്തെ , ദേഹഭണ്ഡാരത്തെ, ദ്രവ്യഭണ്ഡാരത്തെ, എല്ലാം എന്റെ മുന്നിൽ ചൊരിഞ്ഞാലും — അവളെ വിളിച്ചുകൊണ്ടുവരാൻ എനിക്കാവില്ല . . . . ''

"മതിയാക്ക്, നിന്റെ കവിത ! നീ ആകാശത്തിൽ വിഹരിക്കുന്ന മേഘങ്ങളിലല്ല ജീവിക്കുന്നത്. ഈ സത്യസൃഷ്ടിയായ വ്യവഹാരലോകത്തിൽ ജീവിക്കുകയാണ് . . . . നിന്റെ മുക്തിക്കുവേണ്ടി ഹിമാലയത്തിൽ പോയി തപസ്സു ചെയ്യ് . . . . ഓ, അങ്ങനെ നോക്കിയാൽ ആഫ്രിക്കയിലെ കിളിമംജാരോയിലും തപസ്സുചെയ്യാം . . . . റൈറ്റ് ! പ്രധാനം — എന്റെ രണ്ടാമത്തെ ചോദ്യത്തിനു നിന്റെ ഉത്തരം : നോ . . . . ഇല്ല . . . . . എന്നു തന്നെയല്ലേ ? മതി . . . . . എന്തിനാണീ ശുഷ്കസംഭാഷണം ?"

"നീ തന്നെയാണു സംഭാഷണം തുടങ്ങിയത്!"

"തെറ്റുപറ്റി. എന്റെ സ്വന്തം താൽപര്യത്തിനു വേണ്ടി ചർച്ചയാരംഭിച്ചെന്നാണോ?"

"താൽപര്യം ! താൽപര്യം ! എന്താണീ താൽപര്യം? അഥവാ ഓരോരുത്തരുടെയും താൽപര്യം വ്യത്യസ്തമായിരിക്കുമല്ലോ."

"അതെ. തെറ്റ് എൻേറതുതന്നെയാണ് . . . . നീ അതിമാനവൻ ! മനുഷ്യർക്ക് ഹിതമായിട്ടുള്ളത് നിനക്ക് അനിഷ്ടമാണ്! നിൻെറ താൽപര്യം സ്വർഗത്തിൽ നിന്നിറങ്ങി വന്ന മനോഹര സങ്കൽപമാണ്! . . . . അതെന്തെങ്കിലുമാകട്ടെ. ചർച്ച ഇവിടെ അവസാനിപ്പിക്കാം . . . . ഇനിയെന്താ . . . . ഇന്നു വീട്ടിലോട്ടു വരുന്നുണ്ടോ? . . . . ശുഷ്കവാദത്തേക്കാൾ, നല്ല രുചിയുള്ള ഭക്ഷണം കഴിക്കുന്നതാണു നല്ലത് . . . ."

"ക്ഷമിക്കൂ സത്യേൻ. ഇന്നു രാത്രി ഡോലി വരും. ചർനീ റോഡു വരെ വന്ന് ഊണു കഴിച്ച് തിരിച്ച് ഇവിടെ വരുന്നതിനിടയിൽ ഡോലി വന്നുപോയേക്കാം . . . . അത് അന്യായം . . . . നാളെ വരാം പോരേ?"

*　　*　　*

ഡോലി പോയി അരമണിക്കൂറായി, കണ്ണു കടഞ്ഞു. പക്ഷേ ഉറക്കം വന്നില്ല. അംഗാംഗങ്ങളിൽ ആലസ്യം നിറഞ്ഞു നിന്നു. വളരെയേറെ ക്ഷീണം തോന്നി. 'മനസ്സു തയ്യാറാണ്, ശരീരം തയ്യാറല്ല' എന്ന സ്ഥിതിയിലായി . . . . മനുഷ്യന് സ്വപ്രജ്ഞയെന്ന ശാപം എന്തിനു തന്നു ? മറ്റു പ്രാണികളെപ്പോലെ നൈസർഗികമായ അഭിലാഷങ്ങളുടെ നിലവാരത്തിൽ ആഹാര—നിദ്രാ—മൈഥുനങ്ങളുടെ സരളജീവിതം നമുക്ക് എന്തുകൊണ്ടു തന്നില്ല?

"ഗൌരീ, I think I love you . . . . നിന്നെ ഞാൻ പ്രേമിക്കാൻ തുടങ്ങിയിരിക്കുന്നു എന്നു തോന്നുന്നു . . . . ?"

"ഗൌരീ എന്നെ വിട്ടു പോകണ്ടാ . . . . "

അവളുടെ ആ വാക്കുകൾ — തൃപ്തിയുടെ നിശയിൽ പറഞ്ഞ വാക്കുകൾ — എൻെറ രക്തത്തിൽ ഇപ്പോഴും കുശുകുശുക്കുന്നു, ഹൃദയത്തിൽ, അല്ല, തലച്ചോറിൽ പ്രതിധ്വനിക്കുന്നു . . . .

*　　*　　*

കാമിനീ, നിൻെറ ശ്രമം — എന്നെ സ്നേഹിക്കുവാനായി നീ ചെയ്ത ശ്രമം — എവിടം വരെയായി ? . . . .

നിന്നെക്കുറിച്ചുള്ള ഓർമ്മകൾ എൻെറ മനസ്സിൽ തീക്ഷ്ണമായി ജ്വലിക്കുന്നു . . . .

ദയവുചെയ്ത് എന്നെ കൊല്ലരുത് — ദൂരെയെറിയരുത് . . . .

നിന്നെക്കുറിച്ച് എൻെറ തലയിൽ എത്രയോ സംശയക്കൂനകളുണ്ടെങ്കിലും ഞാനവയ്ക്ക് എള്ളോളം സ്ഥാനം കൊടുക്കുകയില്ല. പ്രേമത്തിനു രണ്ടു കണ്ണാണുള്ളത്. ഒന്ന് സഹാനുഭൂതി, മറ്റൊന്ന് ക്ഷമാബുദ്ധി . . . .

നിനക്കുവേണ്ടി, നിൻെറ പ്രേമത്തിനു വേണ്ടി ഞാൻ എന്തു ചെയ്യാനും തയ്യാറാണ്. പ്രേമത്തിൻെറ ഹൃദയം ത്യാഗമാണ് . . . .

ഈ ആശയമുള്ള ഒരു നീണ്ട കത്ത് വാനലെസ്വാഡിയിൽ നിന്നു

ഞാൻ കാമിനിക്കെഴുതി. അവളുടെ മറുപടി വന്നില്ല.

ശ്രീകാന്തന് അവളുടെ ഒരു കത്തു കിട്ടി, അതിൻെറ ചുരുക്കം ഇങ്ങനെയായിരുന്നു.

"ഞാനിപ്പോൾ പഠിത്തം തുടങ്ങിയിരിക്കുന്നു. സംസ്കൃതത്തിൽ പ്രൊ. ശർമ്മ സഹായിക്കുന്നുണ്ട് . . . .

അണ്ണൻെറ ശരീരസ്ഥിതിയെക്കുറിച്ച് എല്ലാരും അന്വേഷിക്കുന്നുണ്ട് . . . .

എട്ടു ദിവസങ്ങളായി സ്നേഹിതയുടെ പ്രേരണകൊണ്ട് 'കമ്മ്യൂണിസ്റ്റ് സ്റ്റഡി സർക്കിളി'ന് ഞാൻ പൊയ്ക്കൊണ്ടിരിക്കുകയാണ്. കോമ്റേഡ് ആചാര്യൻെറ സംഭാഷണ കൗശലവും വ്യക്തിത്വവും ബുദ്ധിശക്തിയും അഗാധമാണ് . . . . അദ്ദേഹത്തിൻെറ സംഭാഷണം കേട്ടാൽ അണ്ണൻ പോലും കമ്മ്യൂണിസ്റ്റ് ആയിത്തീരാം. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തത്വങ്ങളും പരിപാടികളും വളരെയേറെ ആകർഷണീയങ്ങളാണ്. ജഗദ്വിപ്ലവം, പുതിയ സമൂഹത്തിൻെറ നിർമ്മാണം, സമത്വം, സർവതോമുഖമായ ഉന്നതി — ഇത്തരം ആദർശങ്ങൾ ആരുടെ ഹൃദയത്തെയാണ് ഉത്തേജിപ്പിക്കാത്തത്. അണ്ണൻ സോഷ്യലിസത്തെക്കുറിച്ച് സംസാരിച്ചിരുന്നപ്പോൾ ഞാൻ കൊച്ചുകുട്ടിയായിരുന്നു. അണ്ണൻെറ ആശയങ്ങളുടെ മഹത്വം എനിക്കപ്പോൾ അറിയാമായിരുന്നില്ല. . . . ഇപ്പോൾ രാഷ്ട്രീയ മണ്ഡലത്തിൽ അൽപം താൽപര്യത്തോടെ എന്തെങ്കിലും പ്രവർത്തിക്കണമെന്ന് എനിക്കും ആഗ്രഹമുണ്ടായിരിക്കുന്നു. ഇതേപ്പറ്റി അണ്ണൻെറ അഭിപ്രായമെന്താണ് ? . . . . "

ആ കത്തു വായിച്ച് ഞങ്ങൾക്ക് രണ്ടുപേർക്കും അത്യാശ്ചര്യം ഉണ്ടായി. ഉടൻതന്നെ ശ്രീകാന്തൻെറ അപഗ്രഥനം പുറത്തുവന്നു.

"ഇതെല്ലാം ഹംബഗ് . . . . ഭ്രാന്ത് . . . . അണ്ണനോടുള്ള ആന്തരിക—unconscious — മത്സരത്തിൽ നിന്ന് അവനേക്കാൾ ഒരു ചുവടു മുന്നോട്ടുപോയി എന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹമാണ് അവളുടേത്. മനസ്സിലായോ ? അവളുടെ യൗവനത്തിൻെറ അസ്വാസ്ഥ്യത്തിന്, എന്തെങ്കിലും ചെയ്യണമെന്ന ഭ്രാന്തൻ അഭിലാഷത്തിന് കമ്മ്യൂണിസത്തിൽ ആശ്രയം അഥവാ അഭയസ്ഥാനം കിട്ടി എന്നു തോന്നുന്നു. മുഖ്യമായി അവളുടെ Superego യുടെ വളർച്ചയായില്ല . അവളിൽ ഇപ്പോഴും ബാല്യത്തിൻെറ പ്രത്യേകതകൾ അങ്ങനെ തന്നെയുണ്ട് . . . . അതിനും ഈ കമ്മ്യൂണിസത്തിൽ നല്ല അവസരം ഉണ്ട് . . . . "

"ഈ കോമ്റേഡ് ആചാര്യൻ, ഹുബ്ബള്ളിയിലെ കാമഗാര യൂണിയൻ സ്ഥാപിച്ച ആളല്ലേ ?"

"അതെ, അവൻ തന്നയാണാ കശ്മലൻ. ഞാനൊരു പ്രാവശ്യം അയാളുമായി ചർച്ച നടത്തിയിട്ടുണ്ട്. എല്ലാ പ്രശ്നങ്ങൾക്കും അവ

ന് റെഡിമേഡ് — ഖണ്ഡിത — ഉത്തരങ്ങൾ ഉണ്ട് . . . . അവന്റെ ധൈര്യവും അഹങ്കാരവും മൗഢ്യവും ഉത്സാഹവും വാസ്തവത്തിൽ ഈർഷ്യയുണ്ടാക്കത്തക്കതാണ് . . . .”

“അവന്റെ കല്ല്യാണം കഴിഞ്ഞോ ?”

“ഈ ഒറ്റയാൻ കമ്മ്യൂണിസ്റ്റ് കല്യാണം കഴിക്കുമോ ? അവരുടേതു glass-of-water theory — വെള്ളത്തിനടിയിലായാൽ വെള്ളം കുടിക്കണം എന്ന തത്വമാണ്.”

* * *

എന്റെ തലയിൽ സംശയങ്ങളുടെ ഭൂതം വീണ്ടും നൃത്തം തുടങ്ങി. പ്രൊ. ശർമ്മ ഇവളെ സംസ്കൃതം പഠിപ്പിക്കുന്നുണ്ടത്രേ, സംസ്കൃതം ! ‘അദ്ദേഹം വളരെ റൊമാൻറിക് ആണ്,’ ‘I like him very much’, ‘അദ്ദേഹത്തിന്റെ പേഴ്സണാലിറ്റിയും നല്ലതാണ്’, ‘എന്നെ കണ്ടാൽ അര മണിക്കൂറായാലും വിടില്ല’ . . . . എന്റെ തലയിൽ കൃമികൾ ഇഴയാൻ തുടങ്ങി. ഇപ്പോൾ തന്നെ ധാറവാഡയ്ക്കു പോയി . . . . അയ്യോ, എന്താണു ചെയ്യേണ്ടത്, എന്താണു ചെയ്യേണ്ടാത്ത് . . . . ഹതബുദ്ധിയായി, നിർവീര്യനായി, കൈ കുത്തിയിരുന്നു . . . .

“കോമ്രേഡ് ആചാര്യന്റെ സംഭാഷണകൗശലവും വ്യക്തിത്വവും! പ്രൊ. ശർമ്മയിൽ നിന്ന് കോമ്രേഡ് ആചാര്യനിലേക്കു ചാടി, മനസ്സെന്ന മർക്കടം ! മധ്യേ, ഞാൻ തളർന്നിരുന്നു കൈചായ്ച്ച് , ഹതബുദ്ധിയായി, നിർവീര്യനായി !

പെട്ടെന്നു തന്നെ ധാറവാഡയ്ക്കു പോകണം. കണ്ണുകൊണ്ടു നേരിട്ടു കാണണം. ഒരൊറ്റ വെടിയുണ്ടകൊണ്ട് ശർമ്മയെയും ആചാര്യനെയും കൊന്ന് ആ രക്തം കൊണ്ട് . . . .

രക്തം തിളച്ചു തിളച്ചു ഭ്രാന്തായി !

“ഗൗരീശന് എന്റെ സ്നേഹം നിറഞ്ഞ നമസ്കാരം . . . .” സ്നേഹം നിറഞ്ഞ ? . . . . ഈ പതിവു വാക്കിന്റെ പ്രേതത്തിൽ വാസ്തവത്തിൽ ജീവശ്ശക്തി നിറയുമോ . . . . എന്നെങ്കിലും, എന്ന് ഞാൻ അസ്വസ്ഥനായി . . . . !

* * *

ലോംഡാ സ്റ്റേഷനെ പിന്നിലാക്കിക്കൊണ്ട് വണ്ടി ധാറവാഡയ്ക്കു കുതിച്ചു. രാത്രി ഉറക്കമൊഴിഞ്ഞിരുന്നതുകൊണ്ട് ശരീരത്തിൽ എങ്ങുമില്ലാത്ത ആലസ്യം നിറഞ്ഞുനിന്നിരുന്നു. ഞാൻ എന്റെ ശരീരത്തിൽ തൊട്ടുനോക്കിയപ്പോൾ അൽപം ചൂടുള്ളതായി തോന്നി. പനി വന്നാൽ അൽപം ചൂടുകാണും . . . . ധാറവാഡയിൽ ചെന്നാൽ എങ്ങോട്ടാണു പോകേണ്ടത് ? ശ്രീകാന്തനും അവന്റെ അമ്മയും പറഞ്ഞതുപോലെ അവരുടെ വീട്ടിൽ തന്നെ താമസിക്കണോ? അതോ ഗുരുനാഥിന്റെ മുറിയിലേക്കു പോകണോ ? ശ്രീകാന്ത

നില്ലാത്തപ്പോൾ അവരുടെ വീട്ടിൽ പോയി താമസിക്കുന്നതു ശരിയാണോ ? . . . . ആളുകളെന്തു പറയും ? . . . . കാമിനിയുടെ നികട സഹവാസം സ്വയം ലഭ്യമായി വരുമ്പോൾ എൻെറ വിവേകബുദ്ധി എന്തുതന്നെ പറഞ്ഞാലും പ്രാണൻ കേൾക്കുമോ , രക്തം കേൾക്കുമോ ? . . . . ശ്രീകാന്തൻ തിരിച്ചു വരുന്നതുവരെ ഒരു മാസക്കാലം അവരുടെ വീട്ടിൽ താമസിക്കുന്നതിൽ അപാകതയൊന്നും കണ്ടില്ല . . . .

ഞാൻ അവരുടെ വീട്ടിലെത്തി കതകിൽ തട്ടി, അവരുടെ ബന്ധുവായ സുലൂമാംശിയാണു വാതിൽ തുറന്നത്. 'കാമിനി എവിടെ' എന്ന ചോദ്യം നാക്കിൻ തുമ്പോളമെത്തിയെങ്കിലും അതു ഞാൻ വിഴുങ്ങി . . . .

ശരീരം ചൂടായിരുന്നതിനാൽ ഊണു കഴിക്കാതെ ഒരു കപ്പു കാപ്പി മാത്രം കുടിച്ച് ശ്രീകാന്തൻെറ മുറിയിൽ പോയി കട്ടിലിൽ കിടന്നു. നാഴികയ്ക്കൊരു ദീർഘനിശ്വാസം വീതം വിട്ടുകൊണ്ട്, മേൽത്തട്ടിൽ ശൂന്യദൃഷ്ടിയുറപ്പിച്ചുകൊണ്ട് ഞാൻ വിചാരശൂന്യനായി. ഞാനറിയാതെ തന്നെ ചെവികൾ വാതിലിനു സമീപം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു.

മൂന്നായി, നാലായി, അഞ്ചായി, കൂടെക്കൂടെ വന്ന മയക്കത്തിൽ നശിച്ച കിനാവുകൾ — കാമിനി വന്ന് എൻെറ നെറ്റിയിൽ മൃദുവായ ചുംബനം തന്നെന്ന് ; കാമിനി തൻെറ പുതിയ സുഹൃത്ത് കോ. ആചാര്യനോടൊത്ത് വന്നെന്ന് ; കാമിനി . . . .

. . . . കാമിനി എത്രമാത്രം പ്രഭാവം ചൊരിഞ്ഞിരിക്കുന്നു എൻെറ ഹൃദയത്തിൽ ! എൻെറ ജീവിതത്തിൻെറ മേൽ അവൾക്കുള്ള സ്വാധീനമെത്ര ! അവൾക്ക് ഈ ഭയങ്കരശക്തി എവിടെനിന്നാണു കിട്ടിയത് ? എൻെറ മനസ്സിനെ കശക്കുന്ന ശക്തി ? . . . . വേണ്ട, ഒന്നും വേണ്ടാ, എനിക്ക് . . . . ഇപ്പോൾ കിടക്കുന്നിടത്ത് ഇങ്ങനെ തന്നെ കിടന്ന് പെട്ടെന്നു മരിക്കണം . . . . ജീവിതം പക്ഷിസഹജമായി പാറിപ്പോകണം ! കാമിനി വന്നു കതകു തുറന്നു നോക്കുമ്പോൾ അവൾ കാണുന്നത് എൻെറ പ്രേതമായിരിക്കണം . . . . അവളുടെ ഹൃദയം ദുഃഖം കൊണ്ട് തുളുമ്പി വന്ന് അവൾ കരയണം. 'ഗൗരീശാ, എൻെറ ഗൗരീശാ . . . . ' അവളുടെ ആ ജീവിത പ്രലപനത്തിനിടയിൽ എൻെറ പ്രേതത്തിൽ പെട്ടെന്നു ജീവൻ തിരിച്ചു കിട്ടണം. കണ്ണു തുറന്ന് 'കാമിനീ, എൻെറ കാമിനീ' എന്നു സാവകാശം പതുക്കെപ്പറയണം. കാമിനി കണ്ണീരൊഴുകുന്ന മുഖം എൻെറ നെഞ്ചിലമർത്തി വിങ്ങിവിങ്ങിക്കരയണം . . . . 'ഗൗരീശാ, എന്നെ വിട്ട് എവിടെ പോയി ? നിങ്ങളെ ഒരു നിമിഷം പോലും ഞാൻ വിടുകയില്ല' എന്ന് മുത്തുമഴ ചൊരിയുമ്പോൾ സൂര്യപ്രകാശം പരക്കണം . . . . അപ്പോൾ—അപ്പോൾ—ഞാൻ വീണ്ടും മരിക്കണം . . . .

അത്യാനന്ദത്തോടെ ! . . . .

അഞ്ചരമണിക്ക് വാതിൽക്കൽ ശബ്ദം കേട്ടു.

"ഗൗരീശാ !"

ഞാൻ എഴുന്നേറ്റിരുന്നു.

"അണ്ണൻെറ കത്തിൽ നിങ്ങൾ നാളെ വരുമെന്ന് എഴുതിയിരുന്നു."

ശ്രീകാന്തൻ അവൾക്കയച്ച കത്തു ഞാൻ വായിച്ചിരുന്നു. അവൾ പറയുന്നതു കള്ളമാണെങ്കിലും അവളുടെ മൃദുസ്വരത്തിലെ ക്ഷമായാചനയുടെ ഛായ എനിക്കിഷ്ടമായിത്തോന്നി . . . .

"അതെ, പക്ഷേ . . . . ഇന്നു തന്നെ വന്നു."

"ഊണു കഴിച്ചില്ല !"

"ഇല്ല. അൽപം പനിയുണ്ടെന്നു തോന്നുന്നു."

"നോക്കട്ടെ" എന്നു പറഞ്ഞ് അവൾ അടുത്തുവന്ന് സ്പർശിച്ചു നോക്കി.

"ഉം, ഇപ്പോഴും ശരീരത്തിനു ചൂടുണ്ട്."

അവൾ അപ്പോഴും എൻെറ കയ്യിൽ പിടിച്ചിരുന്നു. അവളുടെ ആ കൈ ഞാൻ ഇടതുകൈ കൊണ്ടുപിടിച്ച് ചുണ്ടുവരെ കൊണ്ടുപോയി ഉമ്മവച്ചു.

"ഇതെന്താ, മരുന്നാണോ ?"

"ഉം . . . ." ഞാൻ പറഞ്ഞു.

"ചായ ഉണ്ടാക്കിത്തരട്ടേ ? ചായയുടെ കൂടെ ആസ്പിരിൻ ഗുളിക കൊണ്ടു വന്നു തരാം."

"നല്ലത്."

"കാമിനീ, എൻെറ എഴുത്തിനു നീയെന്താ മറുപടി തരാഞ്ഞത് ?" ചായ കുടിച്ചു കൊണ്ടു ഞാൻ ചോദിച്ചു.

"അണ്ണനറിഞ്ഞേക്കുമെന്നുകരുതി . . . . "

"ഞാനവനോടു എല്ലാം പറഞ്ഞിട്ടുണ്ട് . . . . "

"ങേ ? അതാണങ്ങനെ പറഞ്ഞത് . . . . അണ്ണൻ എഴുത്തിൽ എന്തോ സൂചിപ്പിച്ചിട്ടുണ്ട്—നിൻെറ കാര്യങ്ങൾ നന്നായി നോക്കണമെന്നു പറയുമ്പോൾ, ഗൗരീശൻെറ കാര്യങ്ങളെക്കുറിച്ചു നിന്നോടു പ്രത്യേ കിച്ചു പറയേണ്ടല്ലോ . . . . "

"അതെയോ? മിക്കവാറും പ്രത്യേക കുറിപ്പായി ശ്രീകാന്തൻ എഴുതിയിരിക്കണം എന്നു കരുതി."

"വാസ്തവത്തിൽ ഞാൻ മറ്റെവിടെയെങ്കിലും പോയി താമസിക്കണമെന്നു കരുതി."

"അതെന്താ ?" അർത്ഥഗർഭമായി അവൾ എന്നെ നോക്കി.

"ഉം . . . . പക്ഷേ . . . . നീ . . . ."

"വളരെയേറെ സന്തോഷത്തിനുള്ള വഴിയായി അല്ലേ ? നീ . . . ഞാൻ . . . . വേണ്ടത്ര ഏകാന്തത !"

എൻെറ മനോവിചാരങ്ങൾ ഇത്ര ധൈര്യമായി അവൾ വ്യക്തമാക്കിയതു കണ്ട് എനിക്ക് ആശ്ചര്യമുണ്ടായി. അവളുടെ ധൈര്യവും പുതിയ കമ്മ്യൂണിസഭ്രാന്തും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്നു സംശയിച്ചു. അവളുടെ വാക്കുകളിലെ വ്യംഗ്യം എൻെറ ഹൃദയത്തെ മഥിക്കാതിരുന്നില്ല.

``excuse me . . . . എനിക്ക് പിക്ചറിനു പോകണം . . . . ”

“ആരുടെ കൂടെ ?”

“കോമ്റേഡ് ആചാര്യൻെറ കൂടെ. ഒന്നാന്തരം പിക്ചറാണത്രേ. Battle of Stalingard. നിങ്ങൾക്കും വരാം. പക്ഷേ . . . . നിങ്ങൾക്കു പനി . . . .”

“ഉം ഇരിക്കട്ടെ. പോയി വാ . . . .”

അവൾ പോയതിനു ശേഷം എൻെറ അവയവങ്ങളിലെ ശക്തി ചോർന്നുപോയതു പോലെ തോന്നി. കാമിനി പോയി . . . . ഇങ്ങനെ തന്നെ എപ്പോഴും പൊയ്ക്കൊണ്ടിരിക്കുന്നവളാണ് അവൾ. നദിയെപ്പോലെ — ഏതോ നാശത്തിലേക്ക്. ഇവളുടെ പ്രവഹിക്കുന്ന സ്ത്രീശക്തി എനിക്ക് തടുക്കാൻ കഴിയുമോ ? എന്നിൽ അത്ര സാമർത്ഥ്യമുണ്ടോ, ധൈര്യമുണ്ടോ ? . . . . എന്നൊക്കെ ഞാൻ ആലോചിച്ചു കൊണ്ടിരുന്നു.

* * *

“എന്താ ഗൗരീശാ, ഇപ്പോഴെങ്ങനെയുണ്ട് ?” സുശീലാമാംശിയുടെ ചോദ്യം.

“ഇപ്പോൾ കുറവുണ്ട്.”

“കാമിനി സിനിമയ്ക്കുപോയി വരാമെന്നു പറഞ്ഞോ?”

“അതെ.”

“എന്തോ, ഇവളുടെ രീതി ഒന്നു വേറെ തന്നെയാണ് . . . . എനിക്കെന്തോ ഇപ്പോഴത്തെ പെൺകുട്ടികളുടെ കാര്യമൊന്നുമറിയില്ല. എന്തൊരു സ്വാതന്ത്ര്യം ! ഞങ്ങളുടെ കാലത്ത് ഇങ്ങനെയൊന്നുമായിരുന്നില്ല. എല്ലാ കോളേജുകുമാരിമാരും ഇങ്ങനെ തന്നെയാണെന്നു തോന്നുന്നു . . . .”

“എന്തുകൊണ്ട് ? കാമിനി എന്തു ചെയ്യും ?”

“ഒന്നുമില്ല ! വളരെ നല്ല പെൺകുട്ടി . . . . വർത്തമാനം പറയാൻ വളരെ നല്ലവൾ. എനിക്ക് വിഷമമുണ്ടാകാതെ നോക്കിക്കൊള്ളും . . . . എത്രയോ പ്രാവശ്യം എന്നെയും സിനിമയ്ക്കു വിളിച്ചു കൊണ്ടുപോയിട്ടുണ്ട് ?”

“ഉം! ആ ആചാര്യൻ എന്നു പറയുന്ന ആൾ ഇവിടെ വരാറുണ്ടോ?”

“ങാ . . . . അയാളേതോ കമ്മ്യൂണിസ്റ്റ് ലീഡറാണത്രേ . . . . നല്ല മനുഷ്യൻ. എത്രയോ പ്രാവശ്യം ഇവിടെ വന്നിരിക്കുന്നു. രണ്ടു പേരും സംസാരിക്കാൻ തുടങ്ങിയാൽ അതിനവസാനമേയില്ല. ഒരു

പ്രാവശ്യം വർത്തമാനത്തിൻെറ ബഹളത്തിൽ അയാൾക്ക് ട്രെയിൻ കിട്ടാതെ പോയി. അന്നു രാത്രി അയാൾക്ക് ഇവിടെത്തന്നെ കഴിഞ്ഞുകൂടേണ്ടിവന്നു . . . . നല്ല ചുറുചുറുക്കുള്ള മനുഷ്യൻ !"

അവരുടെ സംസാരത്തിൽ ഒരിടത്തും വ്യംഗ്യം കണ്ടില്ല . . . .

* * *

ആ ദിവസങ്ങളിൽ ഓരോ നിമിഷവും എനിക്കു ചിത്രീകരിക്കുവാനാകും. ജീവിതം ഇത്ര ഉത്കടമായി അനുഭവപ്പെട്ടത് അക്കാലത്താണ്. പ്രേമത്തെക്കാൾ അതുമൂലമുണ്ടാകുന്ന അസൂയ ജീവിതത്തിന് ഉത്കടത നൽകുന്നു എന്ന കാര്യം (പ്രൂസ്റ്റിൻെറ തത്വം) ഞാനപ്പോൾ പഠിച്ചു! . . . .

ഉത്കടത ജീവിതത്തിൻെറ മൂല്യമാകുമോ ?

. . . . ഇപ്പോൾ . . . . ഉത്കടത വേണ്ട ; ജോഗജലപാതം വേണ്ട; ജീവിതം ശാന്തമായും സരളമായും ഒഴുകിയാൽ മതി, അഥവാ ഒഴുകിയില്ലെങ്കിലും മുന്നോട്ടുപോകും. സരോവരത്തിൻെറ സ്തബ്ധതയും നിശ്ചലതയും വേണം . . . . ആകാശത്തിൽ സതതമായി ചരിക്കുന്ന നക്ഷത്ര—ചന്ദ്ര—സൂര്യ—മേഘ—മിന്നലുകളുടെ നാടകം കണ്ടുകൊണ്ട് നിശ്ചലമായിക്കിടക്കുന്ന നീരിനെപ്പോലെ ജീവിച്ചാൽ മതി, എന്ന തീരുമാനത്തിലെത്തിച്ചേർന്നിരിക്കുന്നു. ഇത്തരം നിശ്ചലതയും സ്തബ്ധതയും മുക്തിയും ആഫ്രിക്കയിൽ — എനിക്ക് യാതൊരു ബന്ധവുമില്ലാത്തിടത്ത് — ജനങ്ങളാൽ പ്രകൃതിയാൽ, ലഭിക്കണമെന്ന് അഭിലഷിക്കുന്നു, പ്രതീക്ഷിക്കുന്നു. അവിടെ എനിക്കു പഠിക്കേണ്ട വിഷയങ്ങൾ കണക്കും ഫിസിക്സും കെമിസ്ട്രിയുമാണ് — മാനവ ഹൃദയത്തിലെ വികാരവിചാരങ്ങളിൽ നിന്നകന്നു നിൽക്കുന്ന വിഷയങ്ങൾ . . . .

ബോംബെയിലെ ഈ നട്ടുച്ചയുടെ ചൂടിൽ തലയിലുണ്ടായിരുന്നതെല്ലാം ആവിയായി പൊയ്ക്കൊണ്ടിരിക്കുന്നതുപോലെ തോന്നുന്നു. വിയർപ്പിനോടൊപ്പം ഞാൻ തന്നെ എന്തുകൊണ്ട് അലിഞ്ഞ് നീരായിക്കൂടാ ?

ഇപ്പോൾ, ഇതെല്ലാം — ഈ ആത്മനിവേദനമൊക്കെ — വെറും ശബ്ദജാലങ്ങൾ മാത്രമാണ്, വ്യർഥമായ ഹൃദയമഥനമാണ് എന്നു തോന്നി . . . . വെറുതെ ഇനി എട്ടു ദിവസം ശല്യമൊന്നുമില്ലാതെ അലയണം, ഡോലിയുമൊന്നിച്ച് ശയിക്കണം . . . . അതിനു ശേഷം കപ്പലേറി പതുക്കെ പൊയ്ക്കളയണം . . . . സിർസിക്കോ ധാറവാഡയ്ക്കോ പോകേണ്ടതില്ല. പോയിട്ട് എന്തുചെയ്യാനാണ് ? ജലപാനബന്ധമില്ലാതിരുന്നാൽ, വിസ്കിയും കുടിച്ചുകൊണ്ട് എട്ടു ദിവസം ഒരുതരം അഖണ്ഡ അബോധാവസ്ഥയിൽ കഴിച്ചുകൂട്ടാം . . . . ടെനിസൻെറ 'ലോട്ടസ് ഈറ്റ'റിൻെറ മനസ്ഥിതി ഇന്ന് എൻേറതായിത്തീർന്നിരിക്കുന്നു. ഇതിനൊരു മാർഗമേയുള്ളു. അൽപം കിടക്കണം!

ഉറക്കം! അപ്പോൾ ഉറക്കം തന്നെ നന്നായി വന്നിരുന്നില്ല !

രാത്രി ശ്രീകാന്തൻെറ ആ ശൂന്യമായ മുറിയിൽ ഒറ്റയ്ക്കു കിടന്ന പ്പോൾ മനസ്സ് ഭ്രാന്തൻെറ ചിത്രശാലയെപ്പോലെയായിരുന്നു. ഒരൊറ്റ ആഗ്രഹം, എപ്പോഴും താരത്തെപ്പോലെ പ്രകാശിച്ചിരുന്നു. മുമ്പ് ഒരു രാത്രി കാമിനി എൻെറയടുത്ത് വന്നതുപോലെ ഇന്നു വന്നാൽ (എന്തുകൊണ്ടു വന്നുകൂടാ)— അവൾ വരുമ്പോൾ ഞാൻ കൂർക്കം വലിച്ച് ഉറങ്ങുകയായിരുന്നെങ്കിൽ . . . . ഛേ, ഉറങ്ങാൻ പാടില്ല, ഇന്നല്ലെങ്കിൽ നാളെ കാമിനി എൻെറയടുത്തു വരികതന്നെ ചെയ്യും . . . .

കാമിനി സ്വയം എൻെറ സമീപം വരുന്നതും കാത്തു ഞാനിരുന്ന താണ് അത്ഭുതം. പക്ഷെ ഞാൻ സ്വയം അവളുടെയടുത്തേക്കു പോകുവാനോ, അല്ലെങ്കിൽ അവൾ എൻെറ അടുത്തേക്ക് വരാൻ അധികാരസ്വരത്തിൽ പറയുവാനോ ഉള്ള സാമർത്ഥ്യം എനിക്കുണ്ടാ യിരുന്നെങ്കിൽ . . . .

അങ്ങനെ നോക്കിയാൽ എൻെറ ഹൃദയത്തിൻെറ ഏകാന്തതയിൽ ഞാനൊറ്റയ്ക്കാകുമ്പോൾ കൂടെക്കൂടെ കാമിനിയോടു മനസാ കോ പിച്ചിരുന്നു . . . . ഈ ഭ്രാന്തിപ്പെണ്ണ് എന്തു ശല്യമാണു ചെയ്യുന്നത്! എൻെറ ഹൃദയം ഇവളുടെ മുമ്പിൽ ഞാൻ തുറന്നു കാണിച്ചപ്പോൾ എള്ളോളം ശ്രദ്ധിക്കാതെ സ്വാഭാവികമായി ഇവൾ അകന്നു പോകു ന്നല്ലോ. അവൾക്ക് എൻെറ പ്രേമത്തോട്, എൻെറ അഖണ്ഡ പ്രേമ ത്തോട് യാതൊരു പ്രതികരണവുമില്ലല്ലോ . . . . അതിൻെറ മഹത്വം അവൾക്കു മനസ്സിലാകാതിരുന്നാൽ, അവൾക്ക് എന്നോടു സ്നേഹ മില്ലാതിരുന്നാൽ, അവളെ വിവാഹം കഴിച്ചിട്ടെന്തു ചെയ്യാനാണ് ? . . . . വേണ്ട, ഈ വിചാരംതന്നെ ഉപേക്ഷിക്കണം. അവളുമായി ഇത്രകാലം പ്രണയകേളിയാടിയതുതന്നെ തെറ്റായിപ്പോയി . . . . ഇല്ല, കാമിനിയെ അങ്ങനെ വിടാൻ പാടില്ല. അവളെ വഴിക്കു കൊ ണ്ടുവരണം. അവൾക്ക് അവളുടെ ഹിത—സുഖങ്ങളുടെ അറിവു നൽകണം. അങ്ങനെ തന്നെ വിട്ടാൽ അവൾ തൻെറ മുഴുവൻ ജീവിതവുമല്ലാതെ മറ്റു ചിലരുടെ ജീവിതവും നശിപ്പിക്കാതിരിക്കു കയില്ല. അവളുടെ കുത്തിയൊഴുകുന്ന ജീവിതശക്തി നല്ല വഴിക്കു തിരിച്ചു വിട്ടില്ലെങ്കിൽ അത് തൻെറ വഴിയിലെ അസംഖ്യം ജീവി തങ്ങളെ നിർദാക്ഷിണ്യം നശിപ്പിച്ചേക്കാം ! അവളെ വഴിക്കു കൊണ്ടു വരുന്ന കാര്യം എന്നെക്കൊണ്ടു ചെയ്യാനാവുമോ ? എന്നിൽ അത്ര ശക്തിയില്ല. ഞാൻ ഭയശാലിയാണ്, വകയ്ക്കു കൊള്ളാത്തവനാണ്. . . . . എന്നോട് അവൾക്കു സ്നേഹമുണ്ടായിരുന്നെങ്കിൽ എന്തെ ങ്കിലും ചെയ്യാമായിരുന്നു . . . . പക്ഷേ . . . . അവൾ തീർച്ചയായും എന്നെ തിരസ്കരിക്കുകയില്ല. കൂടാതെ എൻെറ പ്രേമത്തിൻെറ വളർച്ചയ്ക്ക് വേണ്ടത്ര ഉത്തേജനവും നൽകിയിരിക്കുന്നു . . . . ഞാ,

അവളുടെ മനസ്സ് റൊമാൻസിന്റെ ചൂടിൽ ദുർബലമാകുമ്പോൾ, മൃദുവാകുമ്പോൾ, അവളെ ബലാൽക്കാരം ചെയ്യണം . . . . പിന്നെ അവൾ സ്വയം വഴിക്കു വരും . . . . ആ ബലാൽക്കാരത്തോടെ നേരെയായെന്നു വരാം. അവൾക്ക് മറ്റ് വഴിയില്ല. ഞാനുമായി വിവാഹം . . . . എന്റെ അച്ഛനമ്മമാരുടെ അനുവാദവും തനിയേ വരും. അധികം ആത്മീയവാദിയാകുന്നതിനേക്കാൾ, പ്രേമത്തിന്റെ വളർച്ചയുടെ വഴി കാത്തു കുത്തിയിരിക്കുന്നതിനേക്കാൾ പെട്ടെന്ന് കാമിനിയുടെ മേൽ അധികാരം സ്ഥാപിക്കുന്നതാണ് നല്ലത് . . . . ഒരിക്കൽ അവളുടെ ശരീരം എനിക്കധീനമായാൽ പിന്നെ മനസ്സ് സ്വയം അധീനപ്പെടാതിരിക്കുകയില്ല. ഇത്തരം 'ശക്തി മത്തായ' വിചാരങ്ങൾ എത്രയോ പ്രാവശ്യം മനസ്സിലുണ്ടായെങ്കിലും കാമിനി എന്റെ മുന്നിൽ വരുമ്പോൾ എന്റെ ശക്തി ക്ഷയിച്ചു പോയിരുന്നു. കാമിനിയുടെ മനസ്സിൽ തട്ടുന്ന മാതിരി സംസാരിക്കുവാൻ പോലും ഭയം, അവളുടെ പെരുമാറ്റത്തെക്കുറിച്ച് സ്പഷ്ടമായി ചോദിച്ചാൽ അവൾക്ക് എപ്പോഴാണ് കോപം വരുന്നതെന്നു ഭീതി.

"കാമിനീ, ഇന്നു വൈകിട്ട് എവിടെ പോയിരുന്നു?"

"കോമ്രേഡ് ആചാര്യന്റെ കൂടെ പാർട്ടി ഓഫീസിൽ പോയിരുന്നു."

"അതെയോ? നീ ഇപ്പോൾ റെഗുലർ മെംബറായിത്തീർന്നോ?"

"അതെ, ഒരു കണക്കിൽ . . . ."

"കാമിനീ, ആചാര്യനെക്കുറിച്ച് ആളുകൾക്ക് അത്ര നല്ല അഭിപ്രായമില്ല."

"ആളുകളുടെ അഭിപ്രായം നോക്കി ഞങ്ങളെന്തു ചെയ്യാനാണ്? കമ്മ്യൂണിസത്തെക്കുറിച്ചും ആളുകൾക്കു നല്ല അഭിപ്രായമല്ല. ആളുകളെ അതിന്റെ തത്വം പറഞ്ഞു മനസ്സിലാക്കി അവരുടെ മനസ്സിൽ പരിവർത്തനം, വിപ്ലവം വരുത്തുകയാണു ഞങ്ങളുടെ ലക്ഷ്യം. . . ഗൗരീശാ, നിങ്ങൾക്കെന്തുകൊണ്ടു കമ്മ്യൂണിസ്റ്റു പാർട്ടിയിൽ ചേർന്നുകൂടാ ?"

"എനിക്ക് അവരുടെ തത്വം ഇഷ്ടമല്ല."

"അതോ ശ്രീകാന്തനു കമ്മ്യൂണിസം ഇഷ്ടമല്ലേ ? . . . . നിങ്ങൾക്കു ചർച്ച ചെയ്യണമെങ്കിൽ ഞാൻ ആചാര്യനെ വിളിച്ചുകൊണ്ടു വരാം. നിങ്ങളുടെ സംശയങ്ങളെല്ലാം നിരസിക്കപ്പെടാതിരിക്കില്ല . . . ."

"എന്നുവച്ചാൽ നിന്റെ സംശയങ്ങൾക്കെല്ലാം ഉത്തരം കിട്ടിയിട്ടുണ്ടെന്നാണ്. അല്ലേ ?"

അവൾക്ക് എന്റെ വ്യംഗ്യം സഹിക്കാമായിരുന്നില്ല.

"എനിക്ക് അങ്ങനൊന്നും സംശയങ്ങളുണ്ടായിരുന്നില്ല . . . . അധികം ചിന്തിച്ചാൽ മനസ്സിൽ വെറുതെ അസ്വാസ്ഥ്യങ്ങളുണ്ടാകും. അതിനെക്കാൾ മനസ്സിനു സമ്മതമായാലുടൻ കാര്യതത്പരനാകുന്ന

താവും നല്ലത് . . . .''

''ഹായ് കാമിനീ, കോമ്രേഡ് ആചാര്യരുടെ കൃപകൊണ്ട് നിന്നിൽ എത്രയോ വിപ്ലവമുണ്ടായിരിക്കുന്നു ! അൽപസ്വൽപം തത്വജ്ഞാനം സംസാരിക്കാനും പഠിച്ചിരിക്കുന്നു . . . . ''

അവൾക്ക് അതു തന്നെയായിരുന്നു സമാധാനം! ''അതിലെന്താ മഹാകാര്യം! കമ്മ്യൂണിസത്തിൻെറ പ്രചോദനം കുറച്ചൊന്നുമല്ല. . .''

''വെറും കമ്മ്യൂണിസത്തിൻെറ പ്രചോദനം മാത്രമേയുള്ളോ ?''

എൻെറ വ്യംഗ്യം അവൾക്കു മനസ്സിലായോ എന്തോ. പെട്ടെന്ന് അവളുടെ മുഖം കഠോരമായി. അതെനിക്കു സഹിക്കാൻ കഴിഞ്ഞില്ല. മാത്രമല്ല, ആ കാഠിന്യം പെട്ടെന്ന് എന്നെ ഭയചകിതനാക്കി.

''തെറ്റുപറ്റി കാമിനീ, സംസാരത്തിൻെറ ബഹളത്തിൽ എന്തോ പറഞ്ഞു'' എന്നു പറഞ്ഞ് ഞാൻ ചെറുതായി.

* * *

''ശ്രീകാന്താ, നീ സുഖപ്പെടുന്നു എന്നു വായിച്ച് എനിക്ക് എത്രയോ സമാധാനമുണ്ടായെന്നോ . . . .

നിന്നെ വിട്ടുവന്ന നാൾ മുതൽ എൻെറ മനസ്സിനുമാത്രം സമാധാനമില്ല . . . .

നീ ഉടൻതന്നെ വരുമെന്നറിയുന്നത് അത്യന്തം സന്തോഷകരമായ സംഗതിയാണ് . . . . നീ വരുന്നതിനകം ഒരു പ്രാവശ്യം സിർസിയിൽ പോയി വരണമെന്നു വിചാരിച്ചിരിക്കുകയാണ് . . . .

കാമിനിയിപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പൂർണ അംഗമായിരിക്കുന്നു. ആ വിഷയത്തെപ്പറ്റി നീ അവൾക്ക് ഉപദേശപരമായ ഒരു കത്തയയ്ക്കുന്നതു നന്നായിരിക്കും.

കോമ്രേഡ് ആചാര്യൻ അവളുടെ കൂടെ മിനിഞ്ഞാന്നു വന്നിരുന്നു. അൽപം ചർച്ച നടന്നു. നീ പറഞ്ഞതുപോലെ അയാളുടെ എല്ലാ ഉത്തരങ്ങളും ഖണ്ഡിതമാണ്. കമ്മ്യൂണിസത്തിൽ എന്തെങ്കിലും ദോഷം കണ്ടെങ്കിലും അതു ടെംപററിയാണ്, ഇപ്പോൾ ആവശ്യവുമാണ് എന്നാണയാൾ പറയുന്നത്. സംക്രമണ പരിസ്ഥിതിയിൽ ഇത്തരം ഡിക്‌റ്റേറ്റർഷിപ്പ് ഉള്ളതു തന്നെയാണ് നല്ലത് എന്നാണയാളുടെ അഭിപ്രായം. ക്യാപ്പിറ്റലിസത്തിനുശേഷം കമ്മ്യൂണിസം തീർത്തും ലോജിക്കൽ പടവാണ് — നിങ്ങൾ എത്രമാത്രം നിഗ്രഹിക്കാൻ ശ്രമിച്ചാലും ഇന്നല്ലെങ്കിൽ നാളെ കമ്മ്യൂണിസം നിശ്ചിതമാണ്. അതുകൊണ്ട് ഇപ്പോൾ തന്നെ ആ ഭാവി സമൂഹത്തിലെ അംഗങ്ങളാകണം നമ്മൾ . . . . ജനതയുടെ മനസ്സിലുള്ള അസംതൃപ്തിയെ സംഘടിപ്പിച്ച് ആ ശക്തി പഴയ അഴുക്കെല്ലാം തുടച്ചുമാറ്റുവാനുപയോഗിക്കണം. അതിനു ലക്ഷ്യവാദി യുവാക്കൾ ആവശ്യമാണ്. ഞങ്ങളുടെ ആദർശങ്ങൾ നല്ലതുതന്നെയാണ്. ഞങ്ങളുടെ പ്രചോദനകേന്ദ്രവും നല്ലതു തന്നെയാണെന്നു പറയാൻ ഒരു മടിയുമില്ല, ലജ്ജയുമില്ല. .

ആചാര്യന്റെ വാക്കുകളിൽ ഒരുതരം ചമൽക്കാരമുണ്ട്, മന സ്സിനെ ഇളക്കുന്ന ശക്തിയുണ്ട് . . . . കാമിനി അൽപം ബഹിരംഗ മായി അവന്റെ പ്രഭാവത്തിലകപ്പെട്ടത് ദുഃഖകരമായ കാര്യമാണ് . . . .

ശ്രീകാന്താ, നിന്റെ സഹായമില്ലാതെ കാമിനിയുടെ സമ്പൂർണ മായ പ്രേമം സമ്പാദിക്കുക അസാധ്യമായ കാര്യമാണെന്ന ബോധം ഇപ്പോൾ എനിക്കു ശക്തിയായുണ്ട് . . . .

ബാക്കി എല്ലാം ക്ഷേമം — കോളേജിൽ പൊയ്ക്കൊണ്ടിരിക്കു ന്നു . . . .

നിന്റെ മുറിയിൽ ഒറ്റയ്ക്ക് — ഒരു ആധാരവുമില്ലാതെ — കഴിയു ന്നതിന്റെ വേദന എനിക്കു മനസ്സിലായി!"

ഈ ആശയമുള്ള ഒരു കത്ത് ശ്രീകാന്തനു ഞാനയച്ചുവെന്നത് സത്യമാണ്. പക്ഷേ എഴുതാതിരുന്ന ചില കാര്യങ്ങൾ എന്റെ ഹൃദ യത്തെ സാവകാശം മഥിച്ചുകൊണ്ടിരുന്നു . . . .

* * *

ആചാര്യന്റെയും കാമിനിയുടെയും ബന്ധം അതിരുകടന്നു പോ യി എന്ന തോന്നൽ പിന്നീട് നാലഞ്ചു ദിവസങ്ങൾക്കുള്ളിൽ എനി ക്കുണ്ടായി . . . .

അതിനുമുമ്പ് ഗോപാലനും ഗുരുനാഥും സ്പഷ്ടമായി എന്നോടു പറഞ്ഞിരുന്നു. "It is a fact . . . . ആചാര്യന് എന്തു ഭയപ്പെടണം? അവന്റെ പാർട്ടി ആയി, അവനായി. ആ പാർട്ടിയുടെ നൈതിക കൽപനകൾക്കെതിരായി അയാൾ ഒന്നും ചെയ്യുന്നില്ല. പൂർണമായ വ്യക്തിസ്വാതന്ത്ര്യം . . . . ലൈംഗികകാര്യങ്ങളിൽ പാശ്ചാത്യരുടെ സ്വൈരമനോവൃത്തി . . . . ആ കമ്മ്യൂണിസ്റ്റുകാർക്ക് ലൈംഗിക സ്വാതന്ത്ര്യത്തെപ്പറ്റി ഒരുതരം അഭിമാനമാണ്. അത് പഴയ സമൂ ഹത്തെ ധിക്കരിക്കുന്ന രീതികളിലൊന്നാണ് . . . ." അപ്പോൾ ഗോപാ ലൻ വലിച്ചിഴച്ചു. "ഈ സ്വാതന്ത്ര്യത്തിന്റെ പേരിലെങ്കിലും എനിക്ക് കമ്മ്യൂണിസ്റ്റുപാർട്ടിയിൽ ചേരണമെന്ന് തോന്നുന്നു . . . . കാമിനി യോടു ചോദിക്കുമോ?" ഞാൻ കോപിച്ചു. "ഗുര്യാ, അങ്ങനൊക്കെ പറച്ചിൽ ഉണ്ടെന്നു കരുതി തോന്നുന്നമാതിരി സംസാരിക്കണ്ടാ, കേട്ടോ. നേരിട്ടുള്ള തെളിവില്ലാതെ നിങ്ങളുടെ തലയിലെ അനിയ ന്ത്രിതമായ വികൃതഭാവനകളിൽനിന്നുണ്ടായ സംശയമാണത്. . . . എനിക്കറിയില്ലേ കാമിനി എങ്ങനുള്ളവളാണെന്ന് . . . . ഞാനവിടെ ത്തന്നെയാണല്ലോ താമസിക്കുന്നത് . . . . " ഗുരുനാഥ് ചിരിച്ച് വ്യംഗ്യ മായി പറഞ്ഞു! "നീ ഭാഗ്യശാലി!"

ഞാൻ ഗുരുനാഥിന്റെ വായ മൂടിക്കെട്ടിയെങ്കിലും എന്റെ മനസ്സ് മൂടിക്കെട്ടാൻ എനിക്കു കഴിയുമായിരുന്നില്ല . . . . പ്രൊ. ശർമ്മയും കാമിനിയുമായുള്ള ബന്ധത്തെക്കുറിച്ച് എനിക്കു തെളിവുകളൊന്നും

കിട്ടിയിട്ടില്ലെങ്കിലും, ആചാര്യനും കാമിനിയുമായുള്ള ബന്ധത്തെക്കുറിച്ചുണ്ടായ സംശയങ്ങൾ സംശയങ്ങളായി അവശേഷിച്ചില്ല. കോമ്രേഡ് ആചാര്യന് ആ ബന്ധം രഹസ്യമായി സൂക്ഷിക്കണമെന്നൊന്നും തോന്നിയിരുന്നില്ലെന്നു കാണുന്നു — അതുപോലെ തന്നെ ആ ബന്ധത്തെ ബാഹ്യമായി പ്രദർശിപ്പിക്കുന്നതിൽ എന്തോ മഹത്വം — പരാക്രമം ഉണ്ടെന്ന് അയാൾക്കു തോന്നിയിട്ടുണ്ടാകണം.

പുറത്തെ കട്ടിലിൽ ഇരുന്ന് രണ്ടു തലയണകൾ ഭിത്തിയിൽ ചാരിവച്ച് അവയിൽ ചാരിക്കിടന്ന് കാലുകൾ ഒരു കസേരയിൽ വച്ച്, വായിൽ ഒരു സിഗററ്റുതിരുകി ഫുസുഫുസു പുക വിട്ടു കൊണ്ട് ചർച്ച നടത്തിയിരുന്ന കോമ്രേഡ് ആചാര്യൻ — ഇടയിൽ വലിയ ആളുകൾ ചെറിയവരോടു പറയുന്ന രീതിയിൽ കാമിനിയോടു പറഞ്ഞു :

"കാമിനീ, നല്ല സ്ട്രോങ്ങ് കാപ്പി ഉണ്ടാക്കിക്കൊണ്ടു വാ നോക്കട്ടെ."

"ഒന്നാന്തരം കട്ടൻകാപ്പി ആയാലെന്താ ?" എന്നു പറഞ്ഞ് ഞാൻ ചിരിച്ചു.

"കട്ടൻകാപ്പിയെപ്പോലെ നല്ല കാപ്പിയില്ല. പക്ഷേ അതുണ്ടാക്കുന്ന വിദ്യ അധികമാളുകൾക്കറിയില്ല . . . . ഇരിക്കട്ടെ, ഞാനെന്താ പറഞ്ഞുകൊണ്ടിരുന്നത് ? . . . . ങാ ബൂർഷ്വാ സംസ്കാരത്തിലെ വിധ്വംസകവും നിരുപയോഗവുമായ വൃത്തികളെക്കുറിച്ച് . . . ."

അവന്റെ 'ചർവിതചർവണ' വിഷയത്തിൽ എനിക്ക് താൽപര്യമുണ്ടായിരുന്നില്ല. കാമിനി കാപ്പികൊണ്ടുവന്ന് അയാൾക്കും എനിക്കും ഓരോ ഗ്ലാസ്സ് തന്നു. അവൾ അടുത്തുള്ള കസേരയിൽ ഇരിക്കാൻ തുടങ്ങിയപ്പോഴേക്ക്, ആചാര്യൻ മുന്നോട്ടു കുനിഞ്ഞ് അവളുടെ കൈപിടിച്ചുവലിച്ച് കട്ടിലിൽ അയാളുടെ സമീപത്തിരുത്തി . . . .

എന്റെ കൈമുഷ്ടിയിലുണ്ടായിരുന്ന പുരാതനശക്തി ബലമായി അടക്കി ഞാൻ മുഷ്ടി ശക്തിയായി അമർത്തിപ്പിടിച്ചു . . . .

"കാമിനീ, ഈ ആർഗുമെൻറ്സ് എല്ലാം നീ നന്നായി ശ്രദ്ധിക്കണം, പഠിക്കണം . . . . " ആചാര്യൻ പറഞ്ഞു.

"ഉം . . . ." എന്നു പറഞ്ഞ് കാമിനി ചിരിച്ചു. അവളുടെ ചിരിയിൽ നിസ്സഹായഭാവമുണ്ടായിരുന്നു. ഈ നിസ്സഹായത കാമിനിയിൽ പുത്തനാണെന്നുതോന്നി !

"നിന്റെ അണ്ണനുണ്ടായിരുന്നുവെങ്കിൽ ഇതിനകം ഞാനവനെ കമ്മ്യൂണിസ്റ്റാക്കിത്തീർക്കുമായിരുന്നു .... ഗൗരീശൻ നല്ലവനാണ് — അവൻ നിന്നെ വിവാഹം കഴിക്കണമെന്നു വിചാരിക്കുന്നതായി പറഞ്ഞിരിക്കുകയല്ലേ —Well go ahead . . . . ഗൗരീശാ, കാമിനി നല്ലവളാണ് . . . . ഇപ്പോഴും കൊച്ചുകുഞ്ഞാണ്. പക്ഷേ അവളി

ലുള്ള വിപ്ലവശക്തി വലുതാണ്.'' എന്നു പറഞ്ഞ് അവകാശ ഭാവത്തിൽ കാമിനിയെ കണ്ണു ചെറുതാക്കി നോക്കി മന്ദഹസിച്ചു.

അവൻെറ ആ 35—40 വർഷം പ്രായമുള്ള മുഖത്ത് ഉടൻ തുപ്പണമെന്നു തോന്നി . . . .

"കാമിനീ, ഇന്നു വൈകിട്ട് പ്രസ് മീറ്റിങ്ങുണ്ട്. അതു കഴിഞ്ഞ് അൽപം വൈകി ഞാൻ ഊണിനെത്തും. പക്ഷേ അധികം നേരം കാത്തിരിക്കണ്ടാ. എനിക്ക് തണുത്ത ഊണ് വിരോധമില്ല.'' അതിനു ശേഷം എന്നെ നോക്കി, എന്തോ വിശദീകരിക്കേണ്ട ആവശ്യമുണ്ടെന്ന മട്ടിൽ പറഞ്ഞു : "ഗൗരീശാ, ഈ മീറ്റിങ്ങെന്നു പറഞ്ഞാൽ തീർന്നു — എത്ര മണിക്കു തീരുമെന്നു പറയാൻ പറ്റില്ല. ഇന്നു തന്നെ ഞാൻ ഹുബ്ബള്ളിക്കു പോകണമെന്നു വിചാരിച്ചിരിക്കുകയായിരുന്നു. പക്ഷേ നാളെ അംഗങ്ങളുടെ ഒരു മീറ്റിങ്ങുണ്ട്. ഒരു പത്രിക പ്രസിദ്ധീകരിക്കാനാലോചനയുണ്ട് . . . .''

ഈ വിശദീകരണത്തിനു പുറകിൽ അയാളുടെ ഉദ്ദേശ്യം വ്യക്തമായിരുന്നു. രാത്രി ആ വീട്ടിൽ തന്നെ തങ്ങുക എന്നത്.

* * *

ആ സായാഹ്നത്തിലെ, ആ രാത്രിയിലെ അനുഭവം. അതൊരു നരകാനുഭവം തന്നെയായിരുന്നു.

അത് വാക്കുകളിലൊതുക്കുവാൻ എനിക്കു കഴിയുമോ?

അൽപ സമയത്തിനുമുമ്പ് ജനലിനു സമീപം നിന്ന്, ജനൽപടിയിൽ കൈമുട്ടൂന്നി പുറത്തെ ചെറിയ തോട്ടത്തിലെ ചെടികളുടെ പച്ചപ്പിൽ ദൃഷ്ടിയൂന്നി, ആ സന്ധ്യയിലെ, ആ രാത്രിയിലെ ഗൗരീശൻെറ മനസ്സ്, സ്മൃതിയുടെ അന്ധകാരത്തിൽ നിന്നു പുറത്തെടുക്കുവാൻ യത്നിച്ചു. പക്ഷേ അവൻെറ അന്നത്തെ മനസ്സ് വ്യക്തമായി രൂപം കൊള്ളുവാൻ എന്തുകൊണ്ടോ സന്നദ്ധമായില്ല . . . . അത്യന്തം വേദനകരങ്ങളായ അനുഭവങ്ങൾ മനസ്സ്, തൻെറ ഉൾത്തട്ടിൽ അമർത്തി വയ്ക്കുന്നു എന്ന് ഫ്രോയ്ഡ് പറഞ്ഞിട്ടുണ്ട് . . . .

അന്നു വൈകിട്ട് കോമ്രേഡ് ആചാര്യൻ പുറത്തുപോയി പത്തു നിമിഷങ്ങൾക്കുള്ളിൽ 'ഞാനൊന്നു പുറത്തുപോയിട്ടുവരാം' എന്നു പറഞ്ഞു കാമിനി അപ്രത്യക്ഷയായി. പിന്നീട് ഞാനെന്താണു ചെയ്തത് ? ഓ, ഞാൻ സ്തംഭിച്ചിരുന്നുപോയി . . . . കൈയിൽ പേരിനുവേണ്ടി ഒരു ദിനപ്പത്രം പിടിച്ചു . . . . അരമണിക്കൂർ അങ്ങനെ തന്നെ ഇരുന്നു. മിക്കവാറും കാമിനി പെട്ടെന്നു വരുമോ എന്നു ചിന്തിച്ച് . പിന്നീട് ? പിന്നീട്, അവളെക്കുറിച്ചുള്ള ആശയുപേക്ഷിച്ച് ഞാൻ നടക്കാൻപോയി, സ്റ്റേഷൻെറ സമീപം . . . . അവിടെ റെയിൽവേ പാളങ്ങൾക്കടുത്ത് ഒരു സീറ്റിൽ വെറുതെ ഇരുന്നു. ചിന്തിച്ചുകൊണ്ട്, ചിന്തിച്ചുകൊണ്ട് . . . . ഹുബ്ബള്ളിയിൽ നിന്നൊരു വണ്ടി വന്നു. സ്റ്റേഷനിൽ അൽപം ചലനമുണ്ടായി, നാലു നിമിഷം.

പിന്നീട് പൂനയ്ക്ക് ഒരു വണ്ടി പോയി . . . . എനിക്ക് പെട്ടെന്നു വണ്ടിയിൽ കയറിപ്പോകണമെന്ന ശക്തിയായ ആഗ്രഹമുണ്ടായി. ആ ആഗ്രഹം നടപ്പിൽ വരുത്തുവാനോ എന്നു തോന്നുമാറ് എഴുന്നേറ്റു നിൽക്കുകകൂടി ചെയ്തു. പക്ഷേ വണ്ടി വേഗത്തിൽ മുന്നോട്ടു നീങ്ങുവാൻ തുടങ്ങി. എൻജിൻ പിസ്റ്റൻെറ ഭയങ്കര ചലനവലനവും, ആ ചലനവലനത്തോടൊത്തുരുളുന്ന ചക്രങ്ങളും, എൻെറ മനസ്സു ബന്ധിച്ചു നിർത്തി . . . . ഓടിപ്പോയി ആ പിസ്റ്റനിൽ തൂങ്ങി വീഴണം വണ്ടി മുഴുവൻ നിർത്തണം എന്ന ഭയങ്കര വിചാരം എൻെറ തലയിൽ ചക്രത്തെപ്പോലെ കറങ്ങുവാൻ തുടങ്ങി . . . .

പിന്നീട് ഞാനെന്തു ചെയ്തു ?

ങാ . . . . എനിക്ക് അവിടെത്തന്നെ രാത്രി മുഴുവൻ ഒറ്റയ്ക്ക് ഇരിക്കണമെന്നു തോന്നി . . . . എന്തുകൊണ്ട് ? രാത്രി പന്ത്രണ്ടരയുടെ എക്സ്പ്രസ്സിൻെറ മുമ്പിൽ നിശ്ചിന്തനായി കിടന്നാൽ എന്ത് എന്ന വിചാരത്തോടെ !

ഏതാണ്ട് എട്ടരമണിക്ക് ഞാനെഴുന്നേറ്റു. ഇല്ല, ഈ ദുഃഖം ധൈര്യത്തോടെ നേരിടുകതന്നെ വേണം . . . . ഒരിക്കൽ എൻെറ ആഗ്രഹവും സംശയവും ലക്ഷ്യവും വിചാരവും കിനാവുകളുമെല്ലാം നിരാകരിക്കപ്പെടും . . . . ഒരു കണക്കിൽ അതും നല്ലതാണ്! . . . . ഇതിനു മുമ്പത്തെ കാമിനിയുടെ 'കഥ'കൾ എൻെറ കൽപനയുടെ തലത്തിൽ ഉദയം ചെയ്തു. അവ സത്യമായിരിക്കാമെങ്കിലും അവയുടെ സത്യാവസ്ഥ പരീക്ഷിക്കുവാൻ കഴിയുമായിരുന്നില്ല. ആരോടു ചോദിക്കും ? കാമിനിയോടോ ? കാമിനിയോടു ചോദിച്ചാൽ അവൾ കടന്നുകളഞ്ഞേക്കും ; ഞാനുമായുള്ള ബന്ധം തന്നെ വിച്ഛേദിച്ചു കളഞ്ഞേക്കും. ആ കഥകളുടെ നായകന്മാരോടോ? ഛേ, അതൊന്നും നടക്കുന്ന കാര്യമല്ല . . . . അങ്ങനെ നോക്കിയാൽ ഗൗരീശനെയും കാമിനിയെയും പറ്റിപ്പോലും ഒരു 'കഥ' ആളുകൾ പറയുന്നുണ്ടെന്ന കാര്യം ഗുരുനാഥ്—ഗോപാലന്മാരിൽ നിന്നു മനസ്സിലായി! . . . .

ഇപ്പോൾ ഇന്ന് 'അതു' നടന്നാൽ ? എൻെറ 'കൺമുമ്പിൽ' എൻെറ 'സമക്ഷ'ത്തിൽ നടക്കാൻ പോവുകയാണ് ! . . . . ഇല്ല 'അതു' സംഭവിക്കാതിരിക്കാൻ ഞാൻ ശ്രമിക്കണം . . . . അവൻ എൻെറ മുറിയിൽ കിടന്നുറങ്ങാനുള്ള ഏർപ്പാടു ചെയ്യണം. അത് എളുപ്പമുള്ള കാര്യമാണ്. പക്ഷേ ആ ശ്രമത്തിൻെറ ഉപയോഗമെന്താണ്? ഇതിനകം തന്നെ എത്രയോ പ്രാവശ്യം 'അത്' നടന്നിരിക്കണം . . . . ഇന്ന് ഞാൻ എൻെറ ശ്രദ്ധകൊണ്ട് അതിനവസരം കൊടുക്കാതിരുന്നാലും . . . . ഇന്നല്ലെങ്കിൽ നാളെ 'അതു' സംഭവിക്കുകതന്നെ ചെയ്യും ! . . . . പ്രധാനമായും എല്ലാം കാമിനിയുടെ മനോഭാവത്തെ ആശ്രയിച്ചാണിരിക്കുന്നത്. അവൾക്ക് ആ മനോഭാവമുണ്ടായിരുന്നില്ലെങ്കിൽ,

അയാൾ ഞങ്ങളുടെ വീട്ടിൽതന്നെ കിടന്നാലും ഒന്നും സംഭവിക്കുമായിരുന്നില്ല . . . . എനിക്ക് അവളുടെ മനോഭാവം അവസാനമായി പരീക്ഷിച്ചു നോക്കുകതന്നെ വേണം . . . . ആ പരീക്ഷണം എന്തുകൊണ്ട് ഇന്നുതന്നെയായിക്കൂടാ ? ഒരിക്കൽ അവളുടെ പൂർണമായ അധപ്പതനത്തിൻെറ വ്യക്തമായ ധാരണയുണ്ടായിക്കഴിഞ്ഞാൽ, എൻെറ വഴി വ്യക്തമായേക്കാം. പിന്നീടു ചില വ്യക്തമായ തീരുമാനങ്ങളെടുക്കാം . . . . കാമിനിയുമായുള്ള ബന്ധം വിച്ഛേദിച്ചു . . . . പിന്നെന്ത് ? ഈ വഴി ഇവിടെ അവസാനിച്ചു. ഇനി ഏതുവഴി എന്നതിനെപ്പറ്റി വ്യക്തമായ രൂപം കിട്ടിയേക്കാം . . . .

ബുദ്ധിപരമായ ഈ വിചാരങ്ങളുടെ ഫലമായി ഒരുതരം ശക്തമായ സ്ഥിരത എനിക്കു കൈവന്നു. എന്തോ കഠിനവും പ്രധാനപ്പെട്ടതുമായ കാര്യം ചെയ്യാൻ പുറപ്പെട്ട മാതിരി ധീരഗംഭീരനായി വീട്ടിലേക്കു നടന്നു . . . .

*　　　*　　　*

ഞങ്ങൾ മൂന്നുപേരുടെയും ഊണും ആചാര്യൻെറ നിർത്തില്ലാത്ത സംഭാഷണവും. കാമിനിയുടെ ലക്ഷ്യവും ചോദ്യവും ചിരിയും — എല്ലാം ആചാര്യൻെറ നേർക്കായിരുന്നു. ഭക്ഷണാനന്തരം പുറത്തെ ഹാളിൽ വച്ചു വീണ്ടും ചർച്ച . ആചാര്യനു കാപ്പി. ഒന്നിനെത്തുടർന്ന് ഒന്ന് എന്ന മട്ടിൽ ആചാര്യൻ സിഗററ്റുവലിച്ചിരുന്നു. ചുറ്റുപാടു മുഴുവൻ പുകയും അസഹ്യമായ ഗന്ധവും . . . .

"കമ്മ്യൂണിസത്തിൽ നീതിക്ക് എന്തു സ്ഥാനമാണുള്ളത്!" എൻെറ ചോദ്യം.

"നീതി? ഉം! മാർക്സ് പറയുന്നതുപോലെ ഏതു സമൂഹത്തിൻെറയും നീതി വിചാരങ്ങൾ ആ സമൂഹത്തിൻെറ സമ്പദ്‌വ്യവസ്ഥയെ അവലംബിച്ചിരിക്കുന്നു. നാം ചരിത്രം പരിശോധിക്കുകയാണെങ്കിൽ ന്യായാന്യായം, നന്മതിന്മ, നീതി—അനീതി ഇവയെക്കുറിച്ചുള്ള സങ്കൽപങ്ങൾക്കു കാലാകാലങ്ങളിൽ മാറ്റം വന്നിട്ടുള്ളതായി കാണാം. . . ഉദാഹരണത്തിനുവേണ്ടി സരംജാമി പദ്ധതിയുടെ സമൂഹനിർമ്മാണം പരിശോധിക്കുക . . . ." സരം ജാമീ പദ്ധതിക്കുശേഷം, 'പുംജീവാദി' സമൂഹത്തിൻെറ അപഗ്രഥനത്തിനുംശേഷം കമ്മ്യൂണിസത്തിലേക്കു കടന്നു . . . . "കമ്മ്യൂണിസ്റ്റിക് സമൂഹരചനയിൽ എല്ലാ വ്യക്തികൾക്കും സമാന അവകാശവും കർത്തവ്യവും തുല്യ സ്വാതന്ത്ര്യവുമാണുള്ളത് . . . . പിന്നീട് സ്ത്രീയും പുരുഷനും തമ്മിൽ സമൂഹത്തിൻെറ ദൃഷ്ടിയിൽ ഭേദമില്ല. രണ്ടുകൂട്ടർക്കും തുല്യ സ്വാതന്ത്ര്യം . . . . പുരുഷനെപ്പോലെ സ്ത്രീയും സമൂഹസമ്പദ് വൃദ്ധിക്കുവേണ്ടി പ്രവർത്തിക്കും. സാമ്പത്തിക ദൃഷ്ടിയിൽ സ്ത്രീ സ്വതന്ത്രയായിക്കഴിഞ്ഞാൽ ആൺ—പെൺ ബന്ധത്തിൻെറ രൂപം തന്നെ മാറും . . . . സ്ത്രീ, പുരുഷൻെറ അടിമയായിരിക്കുകയില്ല . . . . എന്നു

വച്ചാൽ വിവാഹമില്ലെന്നല്ല . . . . പക്ഷേ വിവാഹത്തിൻെറ രൂപത്തിനു പരിവർത്തനം വരും. വിവാഹം ഒരു തരം സാമൂഹിക കരാറാണെന്ന സങ്കൽപം ബലവത്താകും . . . . പരസ്പരശ്രദ്ധ (വേണമെങ്കിൽ 'സ്നേഹ'മെന്നു പറഞ്ഞോളൂ) കുറഞ്ഞാൽ തകർച്ച — അതിനെന്താ? പുരുഷനെപ്പോലെ സ്ത്രീക്കും ലൈംഗിക സ്വാതന്ത്ര്യമുണ്ട് . . . . രണ്ടു കൂട്ടരും തങ്ങളുടെ ജീവിതത്തിൻെറ ഉത്തരവാദികളാണ് . . . ."

ഇക്കാര്യങ്ങൾ അയാൾ പറഞ്ഞ രീതി ഉദ്ബോധകമായിരുന്നു. അയാൾ പറഞ്ഞ കാര്യങ്ങളെല്ലാം ബുദ്ധിയുടെ ചാണക്കല്ലിലുരച്ചു നോക്കിയാൽ സത്യമാണെന്നു തോന്നിയിരുന്നു. അയാളുടെ താർക്കിക സുസംഗതി, ഉദാഹരണം തരുന്ന രീതി, അയാളുടെ സംസാരത്തിലെ നിസ്സന്ദേഹത്വം — എല്ലാം ഒരു തരത്തിൽ ആകർഷകമായിരുന്നെന്നു തന്നെവേണം പറയാൻ . . . .

"ഓരോ ക്ഷണിക മോഹങ്ങൾക്കും അടിപ്പെട്ടാൽ സമൂഹസ്ഥിരതയുടെ കഥയെന്താകും?"

"സമൂഹസ്ഥിരത സമൂഹത്തിൻെറ സമ്പദ്ഘടനയെ അവലംബിച്ചിരിക്കുന്നു. നീ പറയുന്ന 'നീതി'ക്കും സമൂഹസ്ഥിരതയ്ക്കും തമ്മിൽ ഒരു ബന്ധവുമില്ല. രണ്ടാമതായി ക്ഷണിക മോഹത്തിനടിപ്പെടുന്ന കാര്യം ആ പ്രത്യേക വ്യക്തിയെ അവലംബിച്ചിരിക്കുന്നു. ആ പ്രത്യേക വ്യക്തിയുടെ മനോഭാവത്തേയും അടിപ്പെടുമ്പോഴുള്ള മനോവൃത്തിയെയും മനസ്ഥിതിയെയും അവലംബിച്ചിരിക്കുന്നു . . . . എല്ലാറ്റിനുമുപരി 'ക്ഷണികമോഹം' 'അടിപ്പെടൽ' എന്നീ വാക്കുകൾ തന്നെ അർഥഹീനങ്ങളാണ് . . . . കാമിനീ, ഒരു ഗ്ലാസ് വെള്ളമെടുത്തു കൊണ്ടുവാ, ദാഹിക്കുന്നു . . . . "

അധികം ചർച്ച ചെയ്തിട്ടു ഫലമില്ല. ആചാര്യനെ വാദത്തിൽ പിടിച്ചുനിർത്താനാവില്ല. എന്നിൽ താത്വികവിചാരങ്ങളേറെയില്ല. എൻെറ ധാരണയിലും വിചാരങ്ങളിലും ഭാവനകളിലും വളരെയേറെ അവ്യക്തതയുണ്ട്. ഈ അവ്യക്തത എന്നെ ദുർബലനാക്കി നരകത്തിലെറിയുന്നു — ആത്മനിന്ദയുടെയും ആത്മസന്താപത്തിൻെറയും ചൂട് സന്തതമായി ദഹിപ്പിക്കുന്ന നരകത്തിൽ. ഈ തീരുമാനത്തിൽ ഞാനെത്തി . . . .

കാമിനി ആചാര്യനെ ഹാളിൽ വിട്ട് "നല്ലത്, ഒന്നുരണ്ടു കത്തെഴുതാനുണ്ട് . . . . ഉറക്കവും വരുന്നു. ആചാര്യരേ, നിങ്ങൾ ഇവിടെത്തന്നെ ഹാളിൽ കിടക്കുമോ ?" എന്നു ചോദിച്ചുകൊണ്ട് നടന്നു. ഞാൻ, എൻെറ, എന്നു വച്ചാൽ ശ്രീകാന്തൻെറ മുറിയിൽ പോയി, വാതിലടച്ച് ഭാവി ഭാരത്താൽ ജഡമായ ഹൃദയത്തെ പെട്ടെന്ന് കട്ടിലിൽ ഇട്ടു . . . .

ഹൃദയം ഗ്ലാസ്സുകൊണ്ടു നിർമിച്ചതായിരുന്നെങ്കിൽ അതു തകർന്ന

ശബ്ദം കാമിനിക്കു വ്യക്തമായി കേൾക്കാൻ കഴിയുമായിരുന്നു !....

രാത്രി ഏതാണ്ട് ഒന്നര — രണ്ടു മണിയായപ്പോൾ വിറയ്ക്കുന്ന കൈകൊണ്ട് വാതിൽ തുറന്ന് ഞാൻ ടോർച്ചടിച്ചു നോക്കി. കണ്ണീർ കൊണ്ടു തപ്തമായ, നീറുന്ന കണ്ണുകൾ കൊണ്ട് ചുറ്റും സൂക്ഷിച്ചു നോക്കി . . . .

. . . . ആചാര്യൻ ഞാനൂഹിച്ചതുപോലെ അവിടെയുണ്ടായിരുന്നില്ല. കാമിനിയുടെ മുറിയുടെ വാതിൽ എൻെറ നരകത്തിൻെറ കൊടും വാതിൽപോലെ, ബലമായടച്ചിരുന്നു . . . .

. . . . കൺഠം പൊട്ടുന്നതുവരെ വിളിച്ചു കൂകണമെന്നു തോന്നി. ഓടിപ്പോയി വാതിൽ അടിച്ചുതുറന്ന് അവർ രണ്ടു പേരുടെയും കഴുത്ത് മുറിച്ചെറിയണമെന്നു തോന്നി . . . .

"ഈ ജഗദ്ബന്ധം അവസാനിച്ചു. ഇനി മുൻപിന്നില്ല!"

പിൻവാതിൽ തുറന്നു പുറത്തു കടന്നു. അതിവേഗം സ്റ്റേഷനിലേക്കു നടന്നു . . . .

സ്റ്റേഷനിൽ ശ്മശാന മൂകത പരന്നിരുന്നു . . . .

അവിടവിടെ ചിലർ ഒരു ചിട്ടയുമില്ലാതെ വീണ് കൂർക്കം വലിച്ചിരുന്നു . . . .

അവരെയുമൊക്കെ കടന്ന് വൈകിട്ടു ഞാനിരുന്ന സീറ്റിൽ പോയിരുന്നു . . . .

ചെടികൾ മർമ്മരം മുഴക്കിയിരുന്നു . . . .

റെയിൽ പാളങ്ങൾ കറുത്ത് അന്ധകാരത്തിൻെറ അവയവങ്ങളെന്നോണം, ഇരുളിൻെറ ഗർഭത്തിൽ ചേർന്നിരുന്നു . . . .

നാലരയുടെ എക്സ്പ്രസ്സ് വന്ന് എന്നെ അടിച്ചെഴുന്നേൽപിച്ചു . . . .

എന്തോ, ഞാനെഴുന്നേറ്റു നിന്നു.

എൻജിൻെറ നേർക്കു നടന്നു . . . .

അപ്പോഴേക്കും എൻജിൻ പിസ്റ്റൺ മുൻപിൽ ചലിക്കാൻ തുടങ്ങി. ചക്രങ്ങളുരുളാൻ തുടങ്ങി . . . .

ഞാൻ വെറുതെ നിർവീര്യനായി, നിന്നിടത്തു തന്നെ നിന്നു. . . .

* * *

. . . . ശ്രീകാന്താ, ഈ ഭയങ്കര ചെളിക്കുണ്ടിനു പുറത്തു കടക്കാൻ സഹായിക്കൂ. നിൻെറ ബുദ്ധിയുടെയും സഹാനുഭൂതിയുടെയും കൈ നീട്ടൂ . . . .

നിൻെറ അനുജത്തിയുടെ പ്രത്യക്ഷത്തിലുള്ള ഈ അധപ്പതനത്തെക്കുറിച്ച് നിൻെറ പ്രതികരണമെന്താണ് ? . . . .

ഞാൻ ഭയചകിതനെപ്പോലെ വർത്തിച്ചോ ?

. . . . പോയി കതകുതുറന്ന് എഴുന്നേൽപ്പിക്കണമായിരുന്നോ? ഇല്ല. ഇത്തരം അനാഗരിക പ്രവർത്തനത്തിൽ യാതൊരർഥവും

ഉണ്ടായിരുന്നില്ല . . . .

ആത്മഹത്യയെക്കുറിച്ചുള്ള വിചാരം ഹൃദയത്തിൻെറ ആഴത്തിൽ ജനിച്ച് അവിടെത്തന്നെ മരിച്ചുപോയി . . . . ആ ഭ്രാന്തൻ വിചാരത്തിലും അർഥമില്ല . . . .

ഞാനിനി എന്താണു ചെയ്യേണ്ടത് ? ഇവിടെ എന്തായാലും കഴിയാൻ പറ്റില്ല.

ഞാൻ പൂജിക്കാൻ തുടങ്ങിയ ദേവൻ ചെകുത്താനായിരുന്നോ ? . . . .

ഞാൻ തിരികെ വാനലെസ്വാഡിക്കു വരട്ടേ ?

ശ്രീകാന്തന് എല്ലാ കാര്യങ്ങളും വിവരിച്ച് എഴുതിയ കത്തിൽ മുകളിൽ പറഞ്ഞ ചില പ്രശ്നങ്ങളുണ്ടായിരുന്നു. ആ കത്ത് എൻെറ ഹൃദയരക്തം കൊണ്ടെഴുതിയതായിരുന്നു. ഞാൻ വീട്ടിലേക്കു തിരിച്ചുപോയി — ആചാര്യൻ അപ്പോഴും കാമിനിയുടെ മുറിയിൽ തന്നെയായിരുന്നു — ആ കത്തിൽ എൻെറ ഹൃദയം തന്നെ അടർത്തി വച്ചു ! ആ ഒരൊറ്റ മാർഗമേ ഉണ്ടായിരുന്നുള്ളു . . . . ഇല്ലായിരുന്നെങ്കിൽ ഭ്രാന്തു പിടിക്കുമായിരുന്നോ എന്തോ . . . .

* * *

അടുത്ത ദിവസം വെളുപ്പിന് ഞാൻ പെട്ടെന്ന് എഴുന്നേറ്റില്ല, തപിക്കുന്ന തല ശ്രീകാന്തൻെറ തലയണയിൽ വച്ച് നിരവധി വിചാരങ്ങളുടെയും സ്വപ്നങ്ങളുടെയും ബഹളത്തിൽ കണ്ണീർ വറ്റിയ കണ്ണുകളടച്ച് രണ്ടു കൈകളും ക്രിസ്തുവിനെപ്പോലെ നീട്ടി, ഉള്ളംകൈയിലും തലയിലും പാദങ്ങളിലും ആരോ ആണികളടിക്കുന്നു എന്നു സങ്കൽപിച്ചു കൊണ്ടു കിടന്നു. അവിടെനിന്ന് എഴുന്നേൽക്കരുത്. . . . . ജീവനുള്ളിടത്തോളം എഴുന്നേൽക്കരുത് . . . . എന്നോ മറ്റോ ആലോചിച്ചു.

ഏതാണ്ട് എട്ടരയായപ്പോൾ കാമിനി മുറിയിൽ വന്നു. അവൾ വന്ന ശബ്ദം കേട്ടെങ്കിലും കണ്ണു തുറന്ന് നോക്കിയില്ല . . . .

"ഗൗരീശാ, എന്താ ഇതുവരെ എഴുന്നേൽക്കാഞ്ഞത് ? ചായ റെഡി. ആചാര്യൻ കാത്തിരിക്കുകയാണ്."

ഞാനൊന്നും മിണ്ടിയില്ല. കണ്ണ് അൽപം തുറന്നു. എൻെറ കണ്ണുകളിലെ അഗ്നിജ്വാല അവളെ ചുട്ടു ചാമ്പലാക്കിയേക്കുമെന്ന് ഭയപ്പെട്ടു . . . .

"ഗൗരീശാ . . . . " അവളുടെ ശബ്ദത്തിൽ ആലോചനാഭാവമുണ്ടായിരുന്നു.

"ഉം ?"

"എന്താ ? സുഖമില്ലേ ?"

ഞാൻ കണ്ണു മുഴുവൻ തുറന്ന് കാമിനിയുടെ മുഖത്തേക്കു നോക്കി. മനുഷ്യൻെറ മുഖത്തെപ്പോലെ ഒരു മുഖംമൂടി വേറെ ഇല്ല.

അവളുടെ മുഖം പാപങ്ങൾ തുടച്ചുമാറ്റിയ ആത്മാവിനെപ്പോലെ നിർമ്മലമായിരുന്നു. അസ്പഷ്ടമായി അഭിലഷിച്ച പരിണാമം എങ്ങും കണ്ടില്ല . . . . ഞാൻ ദിങ്മൂഢനായി.

"നോക്കട്ടെ പനിയോ വല്ലതും ഉണ്ടോ എന്ന്" അവൾ കൈ എന്റെ നെറ്റിയിൽ വച്ചു. വൃത്തികെട്ട പുഴുവിനെ തൂത്തെറിയണമെന്ന് എനിക്കു തോന്നി . . . . പക്ഷെ ഞാനങ്ങനെ തന്നെ കിടന്നു.

"അതെ, ശരീരം ചൂടായിരിക്കുന്നു. കുറഞ്ഞത് 100, 101 ഡിഗ്രി എങ്കിലും കാണും. ഞാൻ കാപ്പി ഇങ്ങോട്ടു കൊണ്ടുവരാം, ങേ ?" എന്നു പറഞ്ഞ് നഴ്സ് മന്ദഹസിച്ചുകൊണ്ട് അപ്രത്യക്ഷയായി.

ഈ 'നഴ്സ്' വരുന്നതിനുമുമ്പ് ഞാൻ മരിച്ചുപോകണമെന്നാഗ്രഹിച്ചു . . . .

ആചാര്യൻ മീറ്റിംഗിന് പോയ ഉടൻ കാമിനി (അവൾ വേഷഭൂഷകളണിഞ്ഞ് സുന്ദരിയായി കാണപ്പെട്ടിരുന്നു !) എന്റെ കാര്യത്തിൽ താത്പര്യം കാണിക്കുവാൻ തുടങ്ങി.

"എനിക്കും മീറ്റിംഗിന് പോകണമെന്നുണ്ടായിരുന്നു. പക്ഷേ നിങ്ങൾക്ക് ഇത്ര പനിയായതുകൊണ്ട് ഞാൻ പോകേണ്ടെന്നു വച്ചു . . . ."

"താങ്ക്സ്!" അവളോടുള്ള എന്റെ രണ്ടാമത്തെ വാക്ക്. (ആദ്യത്തെ 'താങ്ക്സ്' അവൾ ചായയും വെള്ളവും മറ്റും കൊണ്ടുവന്നു പോയപ്പോൾ ഞാൻ വിഷമിച്ചു പറഞ്ഞതാണ് . . . .)

"ഡോക്ടറെ വിളിച്ചുകൊണ്ടുവരാൻ അടുത്ത വീട്ടിലെ അഹമ്മദിനോടു പറഞ്ഞിട്ടുണ്ട് . . . ."

"ഡോക്ടറുടെ ആവശ്യമില്ല. അതുപോലെതന്നെ നിന്റെ ആവശ്യവുമില്ല." എന്റെ ശബ്ദത്തിലെ കാഠിന്യം ഞാൻ സ്വയം ഇഷ്ടപ്പെട്ടു. "നീ വലിയ വിപ്ലവപ്പാർട്ടിയിലെ അംഗം ! വിപ്ലവം നടത്താൻ പോകാതെ എന്തിനാണ് എന്റെ സമീപത്തിരിക്കുന്നത് ?"

"എന്തിനാണ് എന്നുവച്ചാൽ നിങ്ങൾക്കു പനിയായതുകൊണ്ട് . . . ."

"പനിയായാലെന്താ ഞാൻ ചത്തുപോകുമോ ? . . . . ചത്താലെന്താ വിപ്ലവം നിന്നുപോകുമോ?"

"ഗൗരീശാ, പനി കൂടുതൽ ആയോ ? അധികം സംസാരിക്കേണ്ട." അവൾ വീണ്ടും എന്റെ നെറ്റിയിൽ കൈവച്ചു.

അവളുടെ കൈ എന്റെ നെറ്റിയിൽ വച്ചപ്പോൾ എങ്ങനെയോ എന്തുകൊണ്ടോ എന്റെ ഹൃദയം അലിഞ്ഞു ജലമാകാൻ തുടങ്ങി. കണ്ണിൽ നിന്നു പെട്ടെന്നു നീർ പ്രവഹിക്കുവാൻ തുടങ്ങി.

"ഗൗരീശാ, ഇതെന്താ ! കണ്ണീരോ ?"

കുറച്ചു പ്രയാസപ്പെട്ടു ഞാൻ കണ്ണീർ വിഴുങ്ങി . . . .

"ഗൗരീശാ" അവളുടെ ഇടതുകൈ എന്റെ തലമുടിയിലും

വലതുകൈ നെഞ്ചത്തും എത്തി . . . .

വീണ്ടും ആ മാതൃത്വാഭിനയത്തിനു മുമ്പിൽ ഞാൻ തോറ്റുപോയി. ഈറനണിഞ്ഞ കണ്ണുകളിൽ നിന്നു വീണ്ടും നീർ പ്രവഹിക്കുവാൻ തുടങ്ങി. . . . . .

"എന്തു പറ്റി ഗൗരീശാ ?" അവളുടെ ശബ്ദം ചിന്താകുലമായിരുന്നു.

"ഒന്നുമില്ല—" എന്നു ഞാൻ പറഞ്ഞപ്പോഴേക്കും എനിക്കു കോപം വന്നു. എൻെറ ദൗർബല്യമോർത്ത് ഞാൻ കോപിച്ചു . . . . ഉടൻ തന്നെ . . . .

"കാമിനീ, ... ഇന്നലെ രാത്രി . . . . നീ . . . . എന്തു . . . . ചെയ്തു?"

"ഞാൻ—എന്താ അങ്ങനെ പറഞ്ഞാൽ?" കാമിനിയുടെ ശബ്ദത്തിൽ അത്ഭുതമുണ്ടായിരുന്നു !

ഞാൻ ദിങ്മൂഢനായി . . . . അവളുടെ നാട്യം എന്നെ കോപാകുലനാക്കി. . . .

"എന്തിനാണ് വെറുതെ അഭിനയിക്കുന്നത് ? ഞാനെൻെറ കണ്ണുകൊണ്ടു കണ്ടു." ഞാൻ വിളിച്ചു പറഞ്ഞു.

"എന്ത് ?" അവളുടെ ശാന്തമായ ചോദ്യം.

"എന്ത് ! ആ— ആചാര്യൻ അവൻെറ കിടക്കയിലുണ്ടായിരുന്നില്ല . . . ."

പെട്ടെന്നു കാമിനി ജോറായി ചിരിച്ചു !

"അതെയോ ? അതെ — രാത്രി അദ്ദേഹം വന്നിരുന്നെന്നതു സത്യം — എൻെറ മുറിയിൽ . . . . പക്ഷേ ഞാൻ അദ്ദേഹത്തിൻെറ ക്ഷണം നിരസിച്ചു . . . ." എന്നു പറഞ്ഞ് കാമിനി ജനലിൻെറ നേർക്കു നോക്കി.

"ഞാൻ തിരിച്ചുവന്നപ്പോൾ — തല പെരുത്തു ഞാൻ സ്റ്റേഷൻ വരെ പോയിരുന്നു — അതിരിക്കട്ടെ. ഞാൻ തിരിച്ചു വന്നപ്പോഴും അയാൾ അവിടെ ഉണ്ടായിരുന്നില്ല!"

"അപ്പോൾ അദ്ദേഹം എഴുന്നേറ്റു പുറത്തുപോയിക്കാണും . . . . അല്ലെങ്കിൽ നിങ്ങളെപ്പോലെ നടക്കാൻ പോയിക്കാണും . . . . എനിക്കെങ്ങനെ അറിയാം?"

അവൾ എന്തു പറഞ്ഞാലും വിശ്വസിക്കത്തക്കവിധം ഞാൻ വിഡ്ഢിയായിരുന്നില്ല. പക്ഷേ അവളുടെ പറച്ചിലിനെ കുറ്റപ്പെടുത്തുവാൻ കഴിയുമായിരുന്നോ ?

"അതെയോ ? ശരിയായിരിക്കാം . . . . എൻെറ നശിച്ച തർക്കം തെറ്റിപ്പോയിരിക്കാം . . . . അതിരിക്കട്ടെ, അവൻ നിൻെറ മുറിയിൽ വന്ന് അങ്ങനെ ചോദിച്ചപ്പോൾ നീയെന്താ വിളിച്ചു കൂകാഞ്ഞത്?"

"വിളിച്ചുകൂകാൻ അദ്ദേഹം എന്താ ബലാൽക്കാരം ചെയ്യുകയായിരുന്നോ ? എന്തോ തോന്നിക്കാണും, എന്നോട് അദ്ദേഹത്തിനു പ്രേ

മമുണ്ടായിരുന്നിരിക്കാം, വിശപ്പ് ഉണ്ടായിരുന്നിരിക്കാം, വന്നു ചോദിച്ചിരിക്കാം, അതിലെന്താണു തെറ്റ് ?"

"നീ അദ്ദേഹത്തിൻെറ വിശപ്പ് എന്താണു തീർക്കാഞ്ഞത് ? അതിലെന്താണു തെറ്റുണ്ടായിരുന്നത്?"

എൻെറ വ്യംഗ്യോക്തി അവൾക്കു മനസ്സിലായിരിക്കണം . . . .

"ഹായ്, അതിലെന്താണു തെറ്റെന്ന് ? എന്താ — എന്നെ പരീക്ഷിക്കുകയാണോ ? . . . . ആർക്കും സംശയമുണ്ടാകത്തക്കവണ്ണം ആചാര്യൻ എൻെറ മുറിയിൽ വന്നതു സത്യമാണ്. ഒരു മണിക്കൂറോളം ചർച്ചമൂലം എൻെറ നിശ്ചയത്തിനു മാറ്റമുണ്ടാക്കി എന്നെ അദ്ദേഹം കാമാസക്തയാക്കാൻ ശ്രമിച്ചതും സത്യമാണ്. പക്ഷേ ഞാൻ ദൃഢമനസ്സോടെ — ഇതു നല്ലതല്ല — ഞാൻ പെണ്ണാണ്— ഒരിക്കൽ വീണാൽ തീർന്നു — എന്ന് അദ്ദേഹത്തോടു ബുദ്ധിപറഞ്ഞ് അദ്ദേഹത്തിൻെറ ആവശ്യം തിരസ്കരിച്ചു . . . ."

"സത്യം ? . . . . പക്ഷേ എത്രയോ പ്രാവശ്യം അദ്ദേഹം അകന്നിരുന്നുകൊണ്ടുതന്നെ നിൻെറ മനസ്സിൽ വിപ്ലവം ഉണർത്തി വിട്ടിരിക്കുന്നു ?"

"അതെ—അദ്ദേഹം അതുപോലെ നല്ല മനുഷ്യനുമാണ് . . . . ഭ്രാന്തനെപ്പോലെ എന്തെങ്കിലും ചെയ്യണമെന്നു വിചാരിക്കുന്ന മൂഢനായ ചെറുപ്പക്കാരനല്ല അദ്ദേഹം . . . . അതുപോലെ തന്നെ — ങാ — അൽപം കയ്യേലൊക്കെ ഒന്നു പിടിച്ചെന്നു കരുതി അതിലെന്താണു കാര്യം ?"

"ഒന്നുമില്ല !"

"ഗൗരീശാ . . . . ഡോക്ടർ വന്നെന്നു തോന്നുന്നു."

* * *

കാമിനിയുടെ വാക്കുകളിൽ എനിക്ക് എള്ളോളം വിശ്വാസമുണ്ടായിരുന്നില്ല. ഇപ്പോഴുമില്ല. പക്ഷേ അവളുടെ വാക്കുകളിലെ ചമൽക്കാരം എന്നെ, ദ്വാരം വീണ ബലൂണിനെപ്പോലെ നിർവീര്യനാക്കിത്തീർത്തു.

ഒരു തീരുമാനം മാത്രം പർവതത്തെപ്പോലെ പ്രബലമാകാൻ തുടങ്ങി. എല്ലാം അവസാനിച്ചു ഇന്ന് ! കാമിനീകേന്ദ്രം എൻെറ ഹൃദയത്തിൽ നിന്നു വേരോടെ പിഴുതെറിഞ്ഞു നാമാവശേഷമാക്കണം. ഇന്നു കാമിനി എൻെറ ഹൃദയറാണിയല്ല . . . . സുഹൃത്തിൻെറ അനുജത്തിമാത്രം . . . .

ശ്രീകാന്തൻെറ കത്തു വന്നു. (അവനു ഞാനെൻെറ ഭ്രാന്തൻ എഴുത്ത് അയച്ചിരുന്നില്ല) അതിൽ :

"ഡോക്ടർ എൻെറ ഒരു ശ്വാസകോശം തന്നെ എടുത്തുകളയണമെന്നു പറയുന്നു. താമസിയാതെ Pneumonectomy ഓപ്പറേഷൻ ചെയ്യാനിരിക്കുകയാണ് . . . . അതുകൊണ്ട് ഞാൻ ഇനിയുമൊരു

മാസംകൂടി ഇവിടെത്തന്നെ കഴിഞ്ഞു കൂടേണ്ടിവരും . . . . വിചാരപ്പെടരുത്. ജീവിക്കുവാൻ ഒരു ശ്വാസകോശമായാലും മതി! . . . . നീ വരണമെന്നില്ല. ഇവിടത്തെ ഡോക്ടർമാരും നഴ്സുകളും എന്നെ വളരെയേറെ ശ്രദ്ധയോടെ കൂട്ടുകാരെപ്പോലെ നോക്കുന്നുണ്ട്. . . .

എത്രയും വേഗം, ഞാൻ കഴിഞ്ഞ കത്തിൽ പറഞ്ഞിരുന്ന പുസ്തകങ്ങളെല്ലാം അയച്ചുതരണം . . . . കാമിനി നിന്റെ വഴിക്കു വരുന്നുണ്ടോ ? ബെസ്റ്റ് ലക്ക്! . . . .

രോഹിണിയുടെ കത്തു വന്നു. കഷ്ടം ! അവളുടെ തുറന്ന മനസ്സിന്റെ സാരള്യം — മല്ലികപ്പൂവിന്റെ മൃദുത്വം ! ഭ്രാന്തി — കുറച്ചു ദിവസത്തേക്കെങ്കിലും അവൾ വാനലെസ്‌വാഡിക്കു വരട്ടേ എന്നു ചോദിച്ചിരിക്കുന്നു . . . . ”

എന്തുകൊണ്ടോ ശ്രീകാന്തന്റെ കത്തുകൾ തീരെ സംക്ഷിപ്തമാകാൻ തുടങ്ങി. . . . .

പെട്ടെന്നു പോയി, അവനെ കണ്ട്, എല്ലാം പറഞ്ഞ്, കരഞ്ഞു വിളിച്ച്, ശുചിയായി, അവന്റെ വ്യക്തിത്വത്തിന്റെ പ്രകാശത്തിൽ കുളിച്ച്, വീണ്ടും എന്നിൽ ചൈതന്യം നിറച്ചുകൊണ്ടു വരണമെന്നു തോന്നി . . . .

പക്ഷേ — ഒന്നിനും — എന്നിൽ ശക്തിയുണ്ടായിരുന്നില്ല — എന്റെ ഹൃദയത്തിന്റെ ഒരു ‘ശ്വാസകോശം’ തകർന്നിരുന്നു — ദ്വാരം വീണ ബലൂണിനെപ്പോലെ !

* * *

“കാമിനീ, ശ്രീകാന്തൻ വരാൻ ഇനീം ഒരു മാസം, വേണം. ഞാൻ താമസിയാതെ വേറൊരു മുറിയെടുക്കണമെന്നു വിചാരിക്കുന്നു.”

“എന്താ, നിങ്ങൾക്കിവിടെ ശല്യമാണോ ?”

“ശല്യം ? ഛേ, അങ്ങനൊന്നുമില്ല . . . . കഴിഞ്ഞുകൂടിയ ദിവസം മതിയല്ലോ . . . . ശ്രീകാന്തൻ ഒരു മാസത്തിനുള്ളിൽ വരാനിരുന്നതായതുകൊണ്ട് ഞാൻ ഇവിടെ താമസിക്കാൻ സമ്മതിച്ചു. ഇപ്പോഴവൻ . . . .”

“അണ്ണൻ നിങ്ങളോട് ഇവിടെ താമസിക്കേണ്ടെന്നൊന്നും പറഞ്ഞില്ലല്ലോ?”

“അവൻ എന്നെങ്കിലും അങ്ങനെ പറയുമോ?”

“അങ്ങനാണെങ്കിൽ?”

ഞാൻ മറുപടി പറയാതെ മേശപ്പുറത്തു ദൃഷ്ടിയോടിച്ച് അവിടെ കിടന്ന ടേബിൾ വെയിറ്റുമായി കളിക്കുവാൻ തുടങ്ങി.

“എന്തിനാണ് പോകുന്നതെന്നു പറയില്ലേ?”

“കാമിനീ . . . .” ഒരു നെടുവീർപ്പു പുറത്തുവന്നു . . . .

“ഉം?’

"ഞാൻ നിനക്കൊരു ശല്യമാകരുതെന്ന് . . . ."

"എനിക്ക്? എനിക്കെന്തു ശല്യം?"

"എൻെറ പ്രേമത്തിൻെറ ശല്യം . . . ."

"പ്രേമത്തിൻെറ ശല്യം ? . . . . പക്ഷേ നിങ്ങളത്തരം ശല്യമൊന്നും ചെയ്തില്ലല്ലോ. പുരുഷന്മാരുടെ കാമത്തിൻെറ ശല്യം സ്ത്രീകൾക്കുണ്ടാകും . . . . പക്ഷേ 'പ്രേമത്തിൻെറ ശല്യം' — ഇത്തരം വാക്കു കേൾക്കുന്നതുതന്നെ ഇതാദ്യമാണ് . . . ."

"അതെ. എൻെറ ഭ്രാന്തൻപ്രേമം നിനക്ക് ഇഷ്ടപ്പെട്ടിട്ടില്ല . . . . ഞാൻ വാനലെസ്വാഡിയിൽ നിന്നയച്ച കത്തിനു നീ മറുപടി അയച്ചില്ല. വെറും സ്നേഹം നിറഞ്ഞ നമസ്കാരം മാത്രം ! . . . . ഇവിടെ വന്നതിനുശേഷം ഒരൊറ്റ ദിവസവും നിൻെറ കണ്ണിൽ പ്രേമത്തിൻെറ പ്രകാശം കണ്ടില്ല . . . . നിൻെറ ശ്രമം വേരുമുതൽ തന്നെ ഉണങ്ങിപ്പോയെന്നു തോന്നുന്നു . . . ."

"ഗൗരീശാ, ഇത്രയായപ്പോഴേക്ക് എന്നെ ദയവുചെയ്ത് പ്രേമത്തിൻെറയും വിവാഹത്തിൻെറയും മറ്റും ബന്ധനത്തിൽ പെടുത്തേണ്ടാ . . . . ഞാനിപ്പോഴും കൊച്ചുകുട്ടിയാണ്. നിങ്ങളും ചെറുപ്പമാണ്. കുറച്ചുനാളത്തേക്ക് — എന്നു വച്ചാൽ കുറച്ചു വർഷത്തേക്ക്, ഫ്രെണ്ട്സ് ആയിരിക്കാൻ കഴിയുമോ? പാശ്ചാത്യനാടുകളിൽ — ബോംബെയിൽ പോലും — ഇത്തരം ഫ്രെണ്ട്ഷിപ്പ് പതിവല്ലേ?. . . . അതുപോലെ ശ്രീകാന്തൻ നിങ്ങളുടെ കൂട്ടുകാരനായതുപോലെ ഞാൻ നിങ്ങളുടെ കൂട്ടുകാരിയാണ് . . . ."

"കൂട്ടുകാരി ?" ഞാൻ ശുഷ്ക്കമായ ഒരു ചിരി ചിരിച്ചു. അവളുടെ ഈ പുതിയ വിചാരസരണി എന്നെ അത്ഭുതപ്പെടുത്തി. കോമ്രേഡ് ആചാര്യൻെറ പ്രഭാവമാണോ എന്നു സംശയിച്ചു. എൻെറ ജീവൻെറ, ആത്മാവിൻെറ അഭിലാഷങ്ങൾ ഈ നിലവാരത്തിലേക്കിറങ്ങിയോ എന്നു ഞാൻ അസ്വസ്ഥനായി.

"ഉം — അതിലെന്താണു തെറ്റ്?"

"ഇല്ല, തെറ്റൊന്നുമില്ല അതിൽ." ഞാൻ സാവധാനം പറഞ്ഞു. "പക്ഷേ അതുകൊണ്ടുള്ള പ്രയോജനമെന്താണ് ?"

"പ്രയോജനം ? അങ്ങനാണെങ്കിൽ നിങ്ങളുടെ പ്രേമത്തിൻെറയും വിവാഹത്തിൻെറയും പ്രയോജനമെന്ത് ?"

"ഒന്നുമില്ല. എല്ലാറ്റിൻെറയും ആകെത്തുക ശൂന്യം !"

"ഗൗരീശാ, ഇത്രയ്ക്കെന്താ നിങ്ങൾ ഉദാസീനനായത് ? പനിയുടെ ഫലമായിട്ടായിരിക്കാം . . . . ഇതുവരെ സുഖമായില്ലേ ? എണീക്ക് നടക്കാൻ പോകാം —രഹസ്യമായല്ല, പരസ്യമായി . . . ."

"കൂട്ടുകാരെപ്പോലെ ?"

"ഉം—നടക്ക്."

ഞാനപ്പോഴും അങ്ങനെതന്നെ കട്ടിലിൽ കുനിഞ്ഞിരിക്കുന്നതു

കണ്ട്, അവൾ അടുത്തുവന്ന് കൈപിടിച്ച് എഴുന്നേൽപ്പിക്കാൻ തുടങ്ങി.

"കാമിനീ, സാധ്യമല്ല." ഞാൻ ക്ഷീണസ്വരത്തിൽ പറഞ്ഞു.

"ഞാൻ സാധ്യമാക്കാം. നടക്ക്. നിങ്ങളുടെ ഉദാസീനതപോക്കാൻ, നിങ്ങളിൽ പ്രചോദനം നിറയ്ക്കാൻ —ഇതാ . . . ." എന്നു പറഞ്ഞ് മൂന്നു ദിവസങ്ങൾക്കുശേഷം രോമം വളർന്നു നിന്നിരുന്ന കവിളിൽ അവൾ ചുംബിച്ചു. എന്റെ തണുപ്പൻ മട്ടുകണ്ട്, എന്തോ മന്ത്രം ചെയ്യുന്നവളെപ്പോലെ, മല്ലികപ്പുഞ്ചിരി തൂകിക്കൊണ്ട് എന്റെ മുഖം പിടിച്ചുയർത്തി എന്റെ ചുണ്ടിൽ അവളുടെ റോസാച്ചുണ്ടുകൾ സന്തോഷത്തോടെ അമർത്തി ചുംബനത്തിന്റെ ശബ്ദത്തോടെ പിൻവാങ്ങി. എന്റെ ശരീരത്തിൽ രോമാഞ്ചമുണ്ടാകുന്നതിനു പകരം എനിക്ക് ഒരുതരം ചെറുകോപം വന്നു . . . .

"നിന്റെ 'ഫ്രണ്ട്ഷിപ്പി'ൽ ഇതെല്ലാം ഉണ്ടോ—ചുംബനം, ആലിംഗനം — പിന്നെന്തൊക്കെയുണ്ട്?"

"ഹായ്, നിങ്ങൾ ഒന്നും ഉണ്ടാകുന്നതിനുമുമ്പ് തന്നെ ജോഗയിൽ വച്ച് കെട്ടിപ്പിടിച്ച് ഉമ്മതന്നില്ലേ ? അങ്ങനെ നോക്കിയാൽ ഇതെല്ലാം നിങ്ങൾ തന്നാണു തുടങ്ങിവച്ചത് . . . . "

"അതെന്റെ തെറ്റാണ്. ക്ഷമിക്കൂ കാമിനീ . . . . ഏതോ അജ്ഞാതമായ അത്തരമൊരു ശക്തി എന്നെക്കൊണ്ട് ഇത്രകാലം തെറ്റു ചെയ്യിച്ചു . . . ."

"തെറ്റ് ?"

"ഉം . . . ."

"തെറ്റു ചെയ്തെന്ന് ഇപ്പോൾ എങ്ങനെ മനസ്സിലായി ? ബുദ്ധി എവിടെ നിന്നു കിട്ടി ?"

"ആ ബുദ്ധിയുണ്ടാകാൻ കാരണം നീയാണ് !"

"ഞാൻ ?"

"അതെ."

"ഞാനെന്താ ശ്രീകാന്തനെപ്പോലെ ജ്ഞാനിയാണോ ?"

"പക്ഷേ ശ്രീകാന്തനിലുള്ള യോഗ്യത നിന്നിലുണ്ട് — അനുഭവം!"

"അനുഭവം — അതെങ്ങനെ ?"

"ഡ്രോയിങ് മാസ്റ്റർ, ശിവരാമ കുൽകർണി എന്നിവരിൽ നിന്നു തുടങ്ങി, പ്രൊഫസർ ശർമ്മ — കോമ്രേഡ് ആചാര്യൻ വരെ . . . ." എന്റെ വാക്കുകൾ കത്തിമുനകളായി.

കാമിനി പെട്ടെന്ന് എഴുന്നേറ്റുനിന്നു—"നിങ്ങളെപ്പോലൊരു ഭ്രാന്തനുമായി സംസാരിക്കുന്നതു തന്നെ വിഷമമാണ്. നിങ്ങളിത്ര മൂഢനും സംശയപ്പിശാചുമാണെന്നു ഞാൻ വിചാരിച്ചിരുന്നില്ല. നിങ്ങളെപ്പോലൊരു ഭർത്താവിനെ കിട്ടിയാൽ മതി എല്ലാം തീരാൻ. എട്ടു ദിവസങ്ങൾക്കകം തൂങ്ങിച്ചാകേണ്ടിവരും . . . ." അവളുടെ വാക്കുകളിൽ

കോപം നിറഞ്ഞിരുന്നു. അവളുടെ മുഖം രക്തവർണമായി.

സംഭാഷണം കൊണ്ടു ക്ഷീണിച്ച ഞാൻ എന്തുകൊണ്ടോ സന്തോഷിച്ചു . . . .

കാമിനി പെട്ടെന്ന് അവളുടെ മുറിയുടെ സമീപത്തേക്കു പോയി. "നല്ലത്. ഇവിടെ താമസിക്കുന്നതും വിട്ടുപോകുന്നതും നിങ്ങളുടെ ഇഷ്ടംപോലെ . . . . നിങ്ങൾക്കു തോന്നുന്നത് ചെയ്യ് . . . . " എന്നു പറഞ്ഞ് വാതിൽ അടയ്ക്കാൻ തുടങ്ങി.

ഞാൻ അടക്കാനാവാതെ "എന്ത്, ഇതിനകം നമ്മുടെ ഫ്രെണ്ട്ഷിപ്പ് മുറിഞ്ഞോ? ചു—ചു—ചു— എന്റെ പ്രിയ കൂട്ടുകാരിയുടെ മനസ്സു നോവിച്ചിട്ടു ഞാൻ എന്തായാലും പോകാമോ ?" എന്നു പറഞ്ഞു. ഒരു നിമിഷം വിജയോന്മാദസുഖം എന്റെ രക്തത്തിൽ സഞ്ചരിച്ചു.

* * *

അടുത്ത ദിവസം വെളുപ്പിന് ഞാൻ എന്റെ ബാഗിൽ സാധനങ്ങൾ നിറച്ചുകൊണ്ടിരുന്നു. അപ്പോഴേക്കും കാമിനി വന്നു.

"ഗൗരീശാ, നിങ്ങളിങ്ങനെ പോകുന്നതു ശരിയല്ല, അണ്ണൻ എന്തു പറയും ? അമ്മ എന്തു പറയും ? . . . . പ്ലീസ് . . . ."

"പേടിക്കേണ്ട, ആരോടും ഞാനൊന്നും പറയില്ല. ഞാനെന്റെ ഇഷ്ടപ്രകാരം പോയി എന്നു പറയാം."

"പേടിക്കാൻ ഞാനെന്തുചെയ്തു ? നിങ്ങളുടെ ഒണക്ക സംശയങ്ങൾ അണ്ണനോടും അമ്മയോടും പറയും. പിന്നെ."

"എന്തിനാ, പേടിക്കുന്നേ ? പാപം ചെയ്യാത്ത ശുദ്ധരായ ആളുകൾക്ക് എന്തു ഭയമോ ?"

"ഗൗരീശാ, വെറുതെ നിരാശാചിന്തകളുടെ ഭക്ഷണമായിത്തീർന്നിരിക്കുന്നു നിങ്ങൾ, നിന്റെ പ്രേമത്തിനോട് എന്റെ പ്രേമത്തെ ജോഡി ചേർത്തില്ലെന്ന്. വാസ്തവത്തിൽ നിങ്ങളിൽ എനിക്ക് താൽപര്യമുണ്ട്, ശ്രദ്ധയുണ്ട്, മമതയുണ്ട് . . . . പ്രേമം വേണമെങ്കിൽ ഇതാ എടുത്തോളൂ പ്രേമം.'"

. . . . എന്റെ സമീപത്തുവന്ന് സമർപ്പണത്തിന്റെ ഭാവത്തിൽ അവൾ മുഖമുയർത്തി . . . .

എനിക്ക് അടക്കുവാൻ കഴിഞ്ഞില്ല. എന്റെ വിധി എന്നെ നരകത്തിലടച്ചാലും വിരോധമില്ല, ഈ മൗലികകക്ഷണം എനിക്കു ദൂരീകരിക്കാനാവില്ല . . . . പാമ്പുകടിച്ചാലും വേണ്ടില്ല, അതിന്റെ തലയിലിരിക്കുന്ന അമൂല്യരത്നം കൈവിട്ടുപോകാനനുവദിക്കില്ല . . . . എന്ന ഉൽക്കട, നിരംകുശഭാവം എന്റെ രക്തത്തെ തിളപ്പിച്ചു. അങ്ങനെ കാമിനി എന്റെ കൈകളാൽ ബന്ധിതയായി. എന്നോടൊപ്പം കട്ടിലിൽ കിടന്നുരുളാൻ തുടങ്ങി. ഭയങ്കര ശക്തിയോടെ ഞങ്ങളുടെ ശരീരങ്ങൾ തവിടുപൊടിയാകത്തക്കവിധം അമർത്തി . . . . അവളുടെ ചുണ്ടുകളിൽ എന്റെ ചുണ്ടുകളമർത്തി കടിച്ചു . . . .

"ഗൗരീശാ, ..." എന്നു വിളിച്ച് അവൾ എന്നെ ശക്തിപൂർവം അകറ്റുവാൻ തുടങ്ങി. ഒടുവിൽ അവളുടെ ശക്തി സാവധാനം ക്ഷയിച്ചു . . . . പതുക്കെ കണ്ണടച്ച് എൻെറ നെഞ്ചോട് അവളുടെ നെഞ്ചുചേർത്ത് അങ്ങനെതന്നെ ചേതന നശിച്ചവളെപ്പോലെ കിടന്നു.

"കാമിനീ . . . . "

"ഉം ?"

"ഇതാണോ നിൻെറ പ്രേമം?"

"ഉം ?"

"കാമിനീ, നീ എന്തൊക്കെ ചെയ്താലും നീ തന്നെ വേണം — നീ തന്നെ വേണം . . . ."

"ഉം ?"

"ഉം."

എൻെറ കൈകൾ സ്വയം അവളുടെ ശരീരത്തിലും വസ്ത്രത്തിലും ഓടിനടക്കുവാൻ തുടങ്ങി (ആ നിമിഷത്തെക്കുറിച്ചുള്ള ഓർമ്മ വാസ്തവത്തിൽ എനിക്കു വ്യക്തമായില്ല). കാമിനിയുടെ നിശ്ചലതയും മൗനവും അധികമായിരുന്നു. അവളിൽ നിന്നു യാതൊരു തരത്തിലുള്ള പ്രതികരണവുമുണ്ടായില്ല . . . . അവളുടെ മുഖത്തെ വിചാരമഗ്നതകണ്ട് ഞാൻ ഭയപ്പെട്ടു . . . .

. . . . എൻെറ എല്ലാ ശക്തിയും — ഭ്രാന്തും മദവും എല്ലാം — പെട്ടെന്ന് ദ്വാരംവീണ ബലൂണിലെ കാറ്റുപോലെ ഇല്ലാതായി . . . . ഞാൻ തകർന്ന് നിർവീര്യനായി.

"കാമിനീ . . . ."

"ഉം ?"

"എഴുന്നേൽക്ക്, ക്ഷമിക്ക് — എന്തോ ഭയങ്കര തെറ്റു സംഭവിക്കേണ്ടതായിരുന്നു . . . . ഇത്തരം തെറ്റ് സ്വപ്നത്തിൽ പോലും ഞാൻ ചിന്തിച്ചിരുന്നില്ല . . . . ഞാനെന്ത്, ബലാൽക്കാരം ചെയ്യാൻ പുറപ്പെട്ടോ . . . . ഛേ . . . . തെറ്റുപറ്റി . . . . ക്ഷമിക്ക് . . . . കാമിനീ, കാമിനീ . . . . നിൻെറ ഫ്രണ്ട്ഷിപ്പുകൊണ്ട് ഉപയോഗമില്ല . . . . മനസ്സിലായോ . . . . വേണ്ടതു വിവാഹമാണ്. ആ ജന്മബന്ധം . . ."

കാമിനി എഴുന്നേറ്റിരുന്നു. അവളുടെ മുഖം മ്ലാനമായിരുന്നു. അത് തെറ്റിനെക്കുറിച്ചുള്ള വിചാരമോ നിരാശാചിന്തയോ എന്തോ..... മനസ്സിലായില്ല . . . .

"ഗൗരീശാ, നിങ്ങൾ എന്തുചെയ്യാൻ തുടങ്ങുകയായിരുന്നു ?"

അവളുടെ ചോദ്യത്തിനുമുമ്പിൽ ഞാൻ ലജ്ജിതനായി. മുഖം കുനിച്ച് അവളുടെ കൈപിടിച്ചു. "കാമിനീ, ക്ഷമിക്ക് . . . ."

കാമിനിയുടെ മുഖത്ത് സവിശേഷമായ ഒരു മന്ദഹാസം കണ്ടെന്നു തോന്നി . . . .

* * *

ഇപ്പോൾ ആ സംഭവത്തെക്കുറിച്ച് അപഗ്രഥനാത്മകമായി ആലോചിക്കുമ്പോൾ എനിക്കു തോന്നുന്നത് എന്തെന്നു വച്ചാൽ : കാമിനി എന്നെ മീൻപിടുത്തക്കാരൻ മീൻ പിടിക്കുന്നതുപോലെ പിടികൂടണമെന്നു വിചാരിച്ചോ എന്നാണ് ! അവളിൽ കാമാതുരയുണ്ടായിരുന്നില്ല — മീൻപിടുത്തക്കാരൻെറ ക്ഷമയുണ്ടായിരുന്നു, ശാന്തപ്രയത്നമുണ്ടായിരുന്നു. അവളുടെ ഉദ്ദേശ്യം അസഫലമായിരിക്കണം — അതിനായിരിക്കണം അവളുടെ സവിശേഷഹാസം, അതുപോലെ തന്നെ എൻെറ മേൽ കുറ്റമാരോപിക്കുന്ന ചോദ്യം "ഗൗരീശാ, നിങ്ങൾ എന്തുചെയ്യാൻ തുടങ്ങുകയായിരുന്നു ? . . . . "

എന്നെ ശാരീരകബന്ധത്തിലാക്കുന്നതിൽ അവൾക്ക് എന്തെങ്കിലും ഉദ്ദേശ്യമുണ്ടായിരുന്നോ ? ഉണ്ടായിരുന്നിരിക്കാം — തൻെറ അനുഭവങ്ങളുടെ ഫലങ്ങൾ എൻെറ പിടലിക്കു കെട്ടിവെക്കുവാനുള്ള വിചാരമുണ്ടായിരുന്നോ? എപ്പോഴെങ്കിലും അവൾ ഗർഭിണിയായാൽ ഉത്തരവാദിത്വം എൻെറ ചുമലിൽ കെട്ടിവയ്ക്കണമെന്നു കരുതിയിരുന്നോ ? . . . .

പിന്നീട് ശ്രീകാന്തൻ വന്നതിനുശേഷം എന്നെ ഒരിക്കൽക്കൂടി ഉത്തേജിതനാക്കാൻ അവൾ ശ്രമിച്ചു. അപ്പോൾ കോമ്രേഡ് ആചാര്യൻെറ ആശ്രയം വിട്ടിരുന്നു. അയാൾ പാർട്ടിക്കാര്യങ്ങൾക്കായി ബാംഗ്ലൂരിലേക്കുപോയി. അവിടെത്തന്നെ താമസമാക്കി. അപ്പോൾ എന്തോ ഭയം കൊണ്ടെന്നപോലെ ഒരുദിവസം ഉച്ചയ്ക്ക് അവൾ എൻെറ സമീപം വന്ന് "ഗൗരീശാ, നിങ്ങളെ വിവാഹം കഴിക്കാൻ ഞാൻ സമ്മതിച്ചിരിക്കുന്നു . . . ." എന്നു പറഞ്ഞ് എന്തോ പ്രതീക്ഷയോടെ, തന്നെ ഏതാണ്ടു സമർപ്പിക്കുവാനായി അവൾ ശ്രമിച്ചു. വീണ്ടും എൻെറ പ്രേമം—ധ്യേയമായി. എൻെറ ആന്തരിക നൈർമല്യ—ഭാവവും അതുപോലെതന്നെ എനിക്ക് അവളോടുണ്ടായിരുന്ന ഒരുതരം ആദരവും എന്നെ, കാത്തിരുത്തിയിരുന്നു. മാത്രമല്ല എന്നിലപ്പോൾ ശാരീരികാഭിലാഷങ്ങളെക്കുറിച്ച് ഒരുതരം വെറുപ്പ്—ഭീതിയുക്തമായ വെറുപ്പ്—ഉണ്ടായിരുന്നു. അതിൻെറ ഫലമായി എൻെറ ശരീരം ദുർബലമായി വിറച്ചു, നിസ്സഹായമായി മരവിച്ചു . . . . അതിനുശേഷം മാത്രം കാമിനി എന്നെ വകയ്ക്കുകൊള്ളാത്ത തകർന്ന കളിപ്പാട്ടത്തെപ്പോലെ ദൂരെയെറിഞ്ഞു . . . .

* * *

ഇന്നലെ രാത്രി ഢോലി വന്നുപോയെങ്കിലും അവളെക്കുറിച്ച് ഇടയിൽ എഴുതാനുള്ള മോഹം ഉണ്ടായിരിക്കുന്നു . . . . 'ഢോലി'— അവളുടെ പേരു സൂചിപ്പിക്കുന്നതുപോലെ അവൾ എൻെറ കളിപ്പാട്ടമാണ് . . . . ഒരു തരത്തിൽ. പക്ഷേ, പിന്മാലിയൻെറ മൂർത്തി

യെപ്പോലെ, ആ കളിപ്പാട്ടം ജീവനിരതയാകാൻ അഭിലഷിക്കുന്നു. അതിൽ നിന്ന് ഒരുതരം അത്ഭുതഭീതി ! . . . . എൻെറ ആഫ്രിക്കൻ യാത്ര സമീപിച്ചതോടെ അവളിൽ ഒരുതരം ആകസ്മിക പരിണാമ മുണ്ടാകുന്നു. അവളുടെ വർത്തമാനത്തിൽ നിരാശയുടെ ഛായ വന്നിരിക്കുന്നു. അവൾ തരുന്ന ശാരീരികാനന്ദത്തിൽ തീക്ഷ്ണമായ കണ്ണുനീരിൽ വിറയ്ക്കുന്ന ദുഃഖത്തിൻെറ തിരയുണ്ട്. ഇന്നലെ അവ ളിൽ, ഒരിടത്തുമില്ലാത്ത കണ്ണുനീർ പ്രവാഹം എത്രയോനേരം ഉണ്ടാ യിരുന്നു. 'എന്താ ? എന്തു പറ്റി ?' എന്നു ചോദിച്ചാൽ അതിനു മറു പടിയേ ഇല്ല. അഥവാ മറുപടി കണ്ണുനീരിൽ തന്നെ രൂപാന്തര പ്പെട്ടിരിക്കണം . . . . അവസാനം കരച്ചിൽ നിർത്തി അവൾ മന്ദ ഹസിച്ചു . . . .

"ഗൗരീശാ, I'm sorry . . . . വെറുതെ കരഞ്ഞതാണ്. നമ്മുടെ പ്രേമവിനോദത്തിനു ഭംഗമുണ്ടാക്കി. ഇല്ല . . . . കരയില്ല . . . . ഇതാ നിൻെറ പ്രിയപ്പെട്ട ദംശചുംബനം . . . ."

. . . . അവളുടെ പ്രേമചേഷ്ടയിൽ ഒരുതരം ഉഗ്രതയുണ്ടായി രുന്നു. ആ ഉഗ്രതയ്ക്കു പിന്നിൽ ഏതോ വേദനയും നിരാശയും ഉണ്ടെന്നു വ്യക്തമായിരുന്നു.

"ഡോലീ, എന്നെ നീ അനുകമ്പയുടെ സീമയിലേക്കു വലിക്കുക യാണ് . . . . നിൻെറ വേദനയെപ്പറ്റിയുള്ള അവ്യക്തമായ സങ്കൽ പം എനിക്കുണ്ട് . . . . അതിന് ആരാണ് കാരണക്കാർ ? ഞാനാ ണോ? നീയാണോ ? നമ്മൾ രണ്ടുപേരുമാണോ ? ബോംബെയാ ണോ ? ആഫ്രിക്കയാണോ ?"

"ആരുമല്ല . . . . ജീവിതം ! . . . . പക്ഷേ എനിക്കെവിടെയാണ് വേദന ?" എന്നു പറഞ്ഞ് അവൾ ചിരിച്ചു "എവിടെയുണ്ട് ? കാണി ക്കൂ. നെഞ്ചിലാണോ ? തലയിലാണോ ? ശരീരത്തിലാണോ ? വയ റ്റിലാണോ ? എവിടെയാണ് ? എങ്ങുമില്ല . . . ."

അവളുടെ വയറ്റിലാണോ ? എന്ന ചോദ്യം എൻെറ മനസ്സിൽ ഞാൻ സമ്മതിക്കാതെ അമർത്തിവച്ചിരുന്ന വിചാരത്തെ അടിച്ചു ണർത്തി . . . .

"ഡോലീ !"

"ഉം ?"

ഞാൻ അവളുടെ നഗ്നമായ വയറ്റിൽ, വയറിൻെറ കീഴ്ഭാഗത്ത് കൈയോടിച്ചുകൊണ്ട് ചോദിച്ചു : "ഡോലീ, ഇവിടെ എന്തെങ്കി ലും . . . . ?"

"ഇല്ല . . . ."

"സത്യം പറ . . . ."

"ഉണ്ടെങ്കിലെന്താ ?"

"ഉണ്ടെങ്കിലെന്താ ! . . . . ഉണ്ടെങ്കിൽ . . . . ഞാൻ മരിച്ചു. . . നശിച്ചു!"

"ഗോരീ, എന്ത് അബദ്ധവാക്കുകളാണ് !"

"എനിക്കിതു വേണ്ടാ . . . . നിന്നോട് ആദ്യംതന്നെ പറഞ്ഞിട്ടുണ്ട് . . . . നമ്മുടെയിടയിൽ ഒരു ബന്ധനവും വേണ്ട . . . . വേണ്ടാ എന്ന് . . . . എന്നോടു സത്യം പറ—" ഞാൻ പറഞ്ഞു. എന്റെ തല തരിച്ചു . . . .

"സത്യം ആദ്യം തന്നെ പറഞ്ഞിട്ടുണ്ട് . . . . ഇല്ല, ഇല്ല, ഇല്ല എന്ന് . . . . ഇപ്പോൾ സമാധാനമായോ ? . . . . അല്ല ! പുറത്ത് എന്തൊരിരുട്ടാണെന്നു നോക്ക്. വഴിയിലെ ലൈറ്റുപോയോ എന്തോ. . . . എനിക്കു വേഗം വീട്ടിൽ പോകണം . . . ."

"ഇന്ന് ഇവിടെത്തന്നെ കിടന്നോ . . . . "

"അമ്മ എന്തു വിചാരിക്കും ?"

"തോന്നുന്നതു വിചാരിക്കട്ടെ . . . ."

"നല്ല വാക്കു പറയുന്നല്ലോ ഗോരീ ! ജീവിച്ചിരിക്കുന്ന അമ്മയൊരുത്തിയുടെ ആശ്രയവും സഹാനുഭൂതിയും കളഞ്ഞുകുളിക്കണമെന്നാണോ ? ക്രിസ്തുവിലും പാപപുണ്യവിചാരങ്ങളിലും അവർക്കുള്ള ശ്രദ്ധ കുറച്ചൊന്നുമല്ല ! ഞാനെന്നു പറഞ്ഞാൽ അവർക്ക് . . . . അതിരിക്കട്ടെ . . . . എനിക്കു വേഗം പോവുകതന്നെ വേണം, ഗോരീ . . . ."

"ആ ക്രോസ്റോഡുവരെ ഞാനും വരാം . . . ."

ബോംബെയിലെ വികൃതരൂപിയായ ഇരുട്ടിൽ ഞങ്ങൾ പൊയ്ക്കൊണ്ടിരുന്നപ്പോൾ ഞങ്ങളുടെ സാമീപ്യത്തിൽ ഒരുതരം പുതിയ ആത്മീയതയുണ്ടായിരുന്നു, നവീനമായ അനുകമ്പയുണ്ടായിരുന്നു. . . . . എന്റെ വലതുകൈകൊണ്ട് അവളുടെ അരയ്ക്കു ഞാൻ ചുറ്റിപ്പിടിച്ചിരുന്നു ; അവളുടെ ശരീരം എന്റെ ശരീരത്തിലേക്ക് ചേർത്തു നടന്നു. എന്റെ മനസ്സിൽ ഒരു വികൃതഭാവന നിറഞ്ഞു. ആ ഭാവനയിൽ സുഖമുണ്ടായിരുന്നു ദുഃഖമുണ്ടായിരുന്നു, ആനന്ദമുണ്ടായിരുന്നു, വേദനയുണ്ടായിരുന്നു . . . .

"ഗോരീ, നമ്മുടെ ഒമ്പതു മാസത്തെ അടുപ്പം വാസ്തവത്തിൽ സുഖകരമായിരുന്നല്ലേ ? . . . . നീ ആഫ്രിക്കയ്ക്കു പൊയ്ക്കഴിഞ്ഞാൽ എനിക്ക് . . . . അതിരിക്കട്ടെ, നിനക്കെന്തു തോന്നുന്നു ? നമ്മുടെ നഷ്ടപ്പെട്ട കൊച്ചു ഏദന്റെ ഓർമ്മയ്ക്കുവേണ്ടി ഒരു തുള്ളി കണ്ണീരെങ്കിലും അർപ്പിക്കുന്നുണ്ടോ ? അഥവാ . . . . . ഗോരീ, നീ എനിക്കു തന്ന മധുര('പ്രീതി'യെന്നു പറയട്ടെ ? 'മമത'യെന്നു പറയട്ടെ ?) സഹവാസത്തിന്, സൗഹൃദത്തിന് . . . . എന്റെ ഹാർദമായ അഭിനന്ദനങ്ങൾ . . . . താങ്ക്സ് . . . . അല്ലാതെ എനിക്കെന്തു പറയാനാവും, മറ്റെന്തുതരാൻ കഴിയും . . . . ?"

മുഖമുയർത്തി കണ്ണു വിടർത്തി അവൾ എന്റെ കണ്ണിൽ എന്തോ അന്വേഷിച്ചു.

എന്റെ വായിൽ നിന്നു വാക്കുകൾ പുറത്തുവന്നില്ല . . . . മനസ്സു കനം വച്ചിരുന്നു.

ക്രോസ്റോഡിലെത്തിയപ്പോൾ ഡോലി എന്നിൽ നിന്നകന്നു മാറി . . . .

"ഇതാണെനിക്കുപോകേണ്ട വഴി. . . . മതി ഗോരീ, ഇനി വരണ്ടാ. വരേണ്ട ആവശ്യമില്ല. ഗുഡ്ബൈ, ഗുഡ്നൈറ്റ്, സ്ലീപ്പ് വെൽ. . . . അവളുടെ ശബ്ദം വിറപൂണ്ടിരുന്നു . . . ."

അവൾ പിന്തിരിഞ്ഞു നോക്കാതെ ധൃതിയിൽ അവളുടെ വഴിയിലൂടെ മുന്നോട്ടു പോയി . . . .

ഇരുട്ടിൽ ഏകാകിയായി എന്നിൽ നിന്നകന്നകന്നു പൊയ്ക്കൊണ്ടിരുന്ന ആ രൂപത്തെ സൂക്ഷിച്ചു നോക്കിയപ്പോൾ എന്റെ ഉള്ളിൽ നിന്ന് വലിയൊരു ദീർഘശ്വാസം പുറത്തുവന്നു. കണ്ണ് ഈറനണിഞ്ഞു. പെട്ടെന്ന് വീശിയ കാറ്റിൽ സ്വയം കണ്ണ് ഈറനണിഞ്ഞു എന്ന് സമാധാനിക്കുവാൻ ശ്രമിച്ചുകൊണ്ട് എന്റെ വഴിയിലൂടെ ഞാൻ മടങ്ങി. ഇരുട്ടിൽ ഏകാകിയായി . . . .

* * *

സെപ്തംബർ മാസത്തിൽ നാലു ദിവസത്തേക്ക് ഞാൻ സിർസിയിൽ പോയി വന്നു. സിർസിയിൽ വച്ച് അച്ഛൻ എന്നെ വിചാരണ ചെയ്തു.

"എല്ലാം കളഞ്ഞു നീ നിന്റെ കൂട്ടുകാരനെ ശുശ്രൂഷിച്ചു ദിവസം നശിപ്പിച്ചെന്നു കേട്ടല്ലോ ?"

"ഒരു ദിവസം പോയി. അത്രേയുള്ളൂ."

"നല്ല ജോലി ! സൂക്ഷിച്ചോ നിനക്കും ടി. ബി. പിടിച്ചേക്കും. നിനക്കു നിന്റെ സ്വന്തം കർത്തവ്യത്തെക്കുറിച്ചെന്തെങ്കിലും അറിവുണ്ടോ ? വെറും വേലക്കാരുടെ ജോലി . . . . നീ ധാറവാഡയിൽ ത്തന്നെ കഴിയാൻ സമ്മതിച്ചതുതന്നെ തെറ്റായി. ബോംബെയിലേക്ക് പറഞ്ഞയച്ചിരുന്നെങ്കിൽ കൊള്ളാമായിരുന്നു . . . . പഠിത്തം എങ്ങനെയിരിക്കുന്നു ?"

"നന്നായി നടക്കുന്നു."

വാസ്തവത്തിൽ പഠിത്തത്തിന്റെ കാര്യം ദൂരെത്തന്നെയായിരുന്നു. കോളേജിൽ ക്രമമായി പോയിട്ടു വേണ്ടേ ? എന്റെ കെമിസ്ട്രി പ്രാക്ടിക്കൽസ് ഏറിയാൽ രണ്ടോ മൂന്നോ ചെയ്തു. എന്റെ ടേം കൂടി ഗ്രാൻറുചെയ്യുമെന്ന പ്രതീക്ഷ ഉണ്ടായിരുന്നില്ല. പക്ഷേ അച്ഛനോട് സത്യം എന്നെങ്കിലും ആരെങ്കിലും പറയുമോ ?"

"നിന്റെ കൂട്ടുകാരന്റെ അനുജത്തിയുമായുള്ള ബന്ധം വിട്ടോ ഇല്ലയോ?"

"ഉം ?" പ്രശ്നം അറിയാത്തമാതിരി ഞാനഭിനയിച്ചു.

"അതെ . . . . ഇപ്പോഴും എന്തിനാ അവരുടെ വീട്ടിൽ തന്നെ താമ

സിക്കുന്നത് ?"

"ശ്രീകാന്തൻ വന്നാലുടൻ വേറെ മുറിയെടുക്കും."

"ആ വീട്ടിൽ വേറെ ആരൊക്കെയുണ്ട് ?"

"അവരുടെ ബന്ധത്തിൽപെട്ട ഒരു സ്ത്രീയുണ്ട്."

"എന്തെങ്കിലും പ്രേമക്കളി പിന്നെയുമുണ്ടോ ? — കലികാലവും ചെറുപ്പക്കാരുടെ ചുടുരക്തവും . . . ." എന്നു പറഞ്ഞ് അദ്ദേഹം എന്നെ തീക്ഷ്ണമായി നോക്കി.

വാതിൽക്കൽ നിന്ന് ഞങ്ങളുടെ സംഭാഷണം കേട്ടിരുന്ന അമ്മ എന്റെ സഹായത്തിനെത്തി. "നിങ്ങളുടേതും ഒരു . . . . എന്തായാലും സംശയം ! നമ്മുടെ ഗൗരി എന്തായാലും അത്തരം ഭ്രാന്തു കാണിക്കുമോ ?"

"അതൊന്നും എന്നെ പഠിപ്പിക്കണ്ടാ. പുറമെ സാധുവിനെപ്പോലെ ഇരിക്കുന്നവർ ഉള്ളിൽ ബ്രേക്കില്ലാത്ത വണ്ടിയെപ്പോലെയാണ്. ചെറുപ്പക്കാരുടെ സ്വഭാവത്തെക്കുറിച്ചു നിനക്കെന്തറിയാം? . . . . നിനക്കു യൗവനം വന്നപ്പോഴേക്കും രണ്ടു മക്കളുടെ അമ്മയായി . . . ."

"നിങ്ങളുടേതും ഒരു — എന്തായാലും ഒരു കളി . . . . അല്ല, ഗൗരീശാ, നിന്നോടൊരു കാര്യം ചോദിക്കണമെന്നു വിചാരമുണ്ട് . . . ."

"ഇങ്ങോട്ടു നോക്കമ്മേ, അമ്മയുടെ കാര്യം എനിക്കു മനസ്സിലായി — വിവാഹം — ആണോ അല്ലയോ ? ഞാൻ വിവാഹം കഴിക്കില്ല . . . . " ഞാൻ കോപിച്ചു പറഞ്ഞു.

"വിവാഹം കഴിക്കില്ല ? എന്താ, അമ്പലക്കാളയെപ്പോലെ അലഞ്ഞു നടക്കണമെന്നാണോ ?" അച്ഛന്റെ കഠിനവാക്കുകൾ.

ഞാൻ നിശ്ശബ്ദനായി. ഞാനെന്തു പറഞ്ഞാലും ശിലാദൈവത്തിന്റെ മുന്നിൽ പുരാണം പറഞ്ഞപോലെയാണ് . . . .

"അങ്ങനെ ചെയ്യരുത് കുഞ്ഞേ, ഗൗരീ. പുരോഹിതരുടെ വീട്ടുകാർ വീണ്ടും വീണ്ടും ചോദിക്കുന്നു . . . . ഇപ്രാവശ്യം നീ പോയി ആ പെണ്ണിനെയെങ്കിലും ഒന്നു കാണണം . . . ."

"അമ്മേ ഇത്തരം പെണ്ണുകാണൽപണി ഞാൻ ചെയ്യില്ല. വെറുതെയിരിക്ക്." എന്റെ കഠിനവാക്കുകൾ.

"വെറുതെയിരിക്ക്. അവൻ തനിയേ വഴിക്കു വരും . . . . ഒരു വർഷംകൂടി കഴിയട്ടെ." അച്ഛന്റെ അനുഭവത്തിൽ നിന്നുള്ള വാക്കുകൾ.

"അല്ല കുഞ്ഞേ. ഇപ്രാവശ്യം പെൺകുട്ടിയെ കാണ്. ഉടൻ തന്നെ നീ സമ്മതിക്കണമെന്നില്ല. പെൺകുട്ടി കാണാൻ സുന്ദരിയാണ്, ലക്ഷണവതി. എഴുത്തും വായനയും അൽപം കുറവാണ് . . . . പക്ഷേ വീട്ടുജോലികളിലൊക്കെ അതിസമർഥ . . . . " അമ്മയുടെ

വിജ്ഞാപനം.

"അവൾ നിങ്ങൾക്കു നല്ലൊരു മരുമോൾ ആയിരിക്കാം. പക്ഷേ എനിക്കു 'നിങ്ങളുടെ മരുമോളെ' വേണ്ട."

"വെറുതെയിരിക്കരുതോ ? നമ്മുടെ മരുമോൾ വേണ്ടെന്ന് ഈ കാമണ്ണന് . . . . എന്താ, നിന്റെ ഭാര്യയെ നീ തന്നെ അന്വേഷിക്കാൻ പോവാണോ ? അതാണെങ്കിലും വ്യക്തമായിട്ടു പറയൂ. അങ്ങനാണെങ്കിൽ ബാലൻസു തെറ്റിയെന്നു കരുതി ഞങ്ങൾ അടങ്ങിയിരുന്നോളാം !"

"ഞാൻ കല്യാണം തന്നെ കഴിക്കുന്നില്ലെന്നു പറയുമ്പോൾ ഭാര്യയെ അന്വേഷിക്കുന്ന പ്രശ്നം എങ്ങനെ വന്നു ?" എന്റെ മറുചോദ്യം.

"എന്താടാ ഇത്ര വൈരാഗ്യം ?" അച്ഛന്റെ വിവേകപൂർണമായ വാക്കുകൾ തുടങ്ങി. ഇപ്പോഴത്തെ പയ്യന്മാർ പ്രേമമെന്നു പറഞ്ഞാൽ ഏതോ സ്വർഗത്തിലെ അമൃതാണെന്ന മട്ടിൽ അതിന്റെ പിന്നാലെ ഓടുന്നു ! . . . . എല്ലാ പെൺകുട്ടികളിലും ഒരു തരത്തിലുള്ള പ്രേമമുണ്ട് !" തന്റെ തമാശ ഓർത്ത് അച്ഛൻ സ്വയം ചിരിച്ചു.

"നിങ്ങൾക്കും കൂടെക്കൂടെ നാക്കിനു നിയന്ത്രണമില്ലെങ്കിൽ . . . ." അമ്മയുടെ വിമർശനം.

"ഗൗരീശാ, ഇങ്ങോട്ടു നോക്ക്. നിന്റെ എമ്മെസ്സി, ഗിമ്മെസ്സി ഒക്കെ മതി. സിർസിയിലേക്ക് തിരിച്ചുപോര്. മാർക്കറ്റിൽ പണമിടപാട് എന്തെങ്കിലും നടത്ത്, വിവാഹം കഴിക്ക് . . . ."

"മക്കളെ ഉണ്ടാക്ക് ! ഇതു തന്നെയല്ലേ നിങ്ങടെ ഉപദേശം !"

"ഹ! , അതൊക്കെ ജീവിതകർമ്മങ്ങളാണെന്നറിയില്ലേ ? ജീവിതത്തിൽ അതൊക്കെയുണ്ടാകും !"

അവരുടെ ലോകവും ഞങ്ങളുടെ ലോകവും വിഭിന്നമാണ്. അവരുടെ മൂല്യങ്ങളും ഞങ്ങളുടെ മൂല്യങ്ങളും വ്യത്യസ്തമാണ്. അവരുടെ വാക്കുകളുടെ അർഥത്തിന്റെ നിലവാരം വേറെ, ഞങ്ങളുടെ വാക്കുകളുടെ അർഥത്തിന്റെ നിലവാരം വേറെ . . . . കൂടെക്കൂടെ അവരും ഞങ്ങളും ഒരേ വാക്കുകൾ ഉപയോഗിച്ചാലും അർഥം വിഭിന്നമായിരിക്കും. ഇങ്ങനെ എത്രയോ പ്രാവശ്യം ഞങ്ങൾക്കും അവർക്കുമിടയിൽ എല്ലാറ്റിനെയും — കണ്ടതിനെയും കേട്ടതിനെയും — വികൃതപ്പെടുത്തുന്ന തടിച്ച ഗ്ലാസ്ഭിത്തി ഉള്ളതുപോലെ തോന്നും. അവരുടെ 'വിവാഹം', 'പ്രേമം', 'ജീവിതം', ... ഇവയെപ്പറ്റിയുള്ള സങ്കൽപത്തിനും ഞങ്ങളുടെ സങ്കൽപത്തിനും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ഞങ്ങൾക്ക് ഒരു പുസ്തകം തന്നെ എഴുതാം. ഞങ്ങളുടെ ഉത്ക്കടമായ അനുഭവങ്ങളെ അവർ 'തമാശ്', 'ഭ്രാന്ത്', 'കുട്ടിത്തരം' തുടങ്ങിയ വാക്കുകൾകൊണ്ട് നിസ്സാരമാക്കിത്തള്ളുന്നു. അർഥഹീനമാക്കി വലിച്ചെറിയുന്നു ! 'സംഗീതത്തിന്റെ ദുർഗുണം',

'നൃത്യത്തിന്റെ ദുർഗുണം' , 'പാട്ടെഴുതുന്ന ഭ്രാന്ത്' , 'അവനും അവളും തമ്മിലുള്ള ഇടപാട്' തുടങ്ങിയ പ്രാക്ക് പ്രയോഗത്താൽ കലയുടെയും പ്രേമത്തിന്റെയും മഹത്വം കുറച്ച്, അവയെ നിസ്സാരമാക്കി ഇങ്ങനെ അളക്കുന്നു . . . . ഇങ്ങനെ അവരുടെ മാനസിക പ്രപഞ്ചം ഞങ്ങളുടെ പ്രപഞ്ചത്തിൽ നിന്ന് അകന്നു നിൽക്കുമ്പോൾ, സംഭാഷണം പോലും കഠിനമായിത്തീരും. ധാരണയ്ക്കു പകരം തെറ്റിദ്ധാരണയ്ക്കായിരിക്കും അധികം അടിസ്ഥാനം!!

* * *

രണ്ടു മൂന്നു ദിവസങ്ങൾ കഴിഞ്ഞാൽ ഞാൻ സിർസിക്ക് പോകാനിരിക്കുകയാണ്. പോയിട്ട് എന്തു ചെയ്യാനാണ്. ഗ്ലാസ് ഭിത്തിക്കപ്പുറത്തും ഇപ്പുറത്തും നിന്നു സംസാരിച്ച്, നമസ്ക്കാരം പറഞ്ഞു വരുക തന്നെയല്ലേ ! അതിനെക്കാൾ — ആ നിർദിഷ്ട അനുഭവത്തിന്റെ നോവിനെക്കാൾ — പോകാതിരിക്കുന്നതു തന്നെയാണു നല്ലത്. പക്ഷേ പോകാതെ, അവസാനത്തെ സാഷ്ടാംഗ നമസ്കാരം ചെയ്യാതെ, പ്രത്യക്ഷമായി എന്റെ പൂർവ ജീവനിൽ നിന്ന് ഞാൻ മുക്തനാകാതെ, ഞാൻ 'മുന്നോട്ട്' എങ്ങനെ പോകും ? ഇല്ല, അവസാനമൊരു പ്രാവശ്യം പോയി വരിക തന്നെ വേണം . . . . അവശേഷിക്കുന്ന വേരുകൾ പിഴുത് എന്റെ ഹൃദയത്തെ സ്വച്ഛമാക്കണം . . . . എന്റെ ബാല്യത്തിലെയും യൗവനത്തിലെയും എല്ലാ അനുഭവങ്ങളെയും ഭാവരഹിതമായി ദൂരെയെറിഞ്ഞിരിക്കുന്നു എന്നു സ്പഷ്ടമാക്കുവാൻ എന്റെ ഈ പ്രതീകാത്മക പ്രയാണം നടത്തുക തന്നെ വേണം . . . .

ശ്രീകാന്തനെ വിളിച്ചു കൊണ്ടു വരാൻ ഞാൻ വാനലസ്വാഡിക്കു പോയി. ശ്രീകാന്തനിപ്പോൾ സുഖപ്പെട്ടു വരികയായിരുന്നതിനാൽ അയാളുടെ സഹവാസത്തിൽ ഉത്സവത്തിന്റെ, ആഘോഷത്തിന്റെ ആനന്ദം പ്രതീക്ഷിച്ചു. അയാളെ വിളിച്ചു കൊണ്ടു വരിക എന്നു പറഞ്ഞാൽ വിജയശ്രീലാളിതനായ ഒരു യോദ്ധാവിനെ സംഭ്രമത്തോടെയും ചിരിതമാശോടെയും വാദ്യമേളങ്ങളോടെയും സ്വാഗതം ചെയ്യുന്ന മാതിരിയാണെന്ന് കരുതി . . . . പക്ഷേ . . . .

"ശ്രീകാന്താ, മനസ്സിലുണ്ടായിരുന്ന ഒരു ഭാരം ഇല്ലാതായി. അല്ലേ? ഒരു ശ്വാസകോശം പോയാലും സാരമില്ല, നീ ഇനിമേൽ പൂർണ ആരോഗ്യവാനായിത്തീരുമെന്നു കണ്ട് എനിക്ക് അടക്കാനാവാത്ത സന്തോഷമുണ്ട് . . . ." ഞാൻ എന്റെ ആനന്ദം സ്പഷ്ടമായിത്തന്നെ പ്രസ്താവിച്ചു.

ശ്രീകാന്തന്റെ മുഖത്ത് ഉദാസീനതയുടെ മേഘങ്ങൾ അപ്പോഴുമുണ്ടായിരുന്നു. "എന്തുകൊണ്ടോ എനിക്ക് ഇപ്പോഴും പൂർണ വിശ്വാസം വരുന്നില്ല. മരണത്തെക്കുറിച്ച് ചിന്തിച്ച് ചിന്തിച്ച് അതിനെ എന്റേതാക്കിത്തീർത്തിരിക്കുന്നു. ഇപ്പോൾ ജീവിതത്തെക്കുറിച്ചും

ഭാവിയെക്കുറിച്ചും ആലോചിക്കുവാൻ അൽപം തടസ്സം വന്നിരിക്കുന്നു. അതുപോലെ തന്നെ എന്തുകൊണ്ടോ എനിക്കും മരണത്തിനും തമ്മിൽ അടുത്ത ബന്ധമുണ്ടെന്ന വിചാരം എന്റെ രക്തത്തിൽ നിന്നു പോകാതായിരിക്കുന്നു . . . . ജീവിതത്തെക്കുറിച്ചും ഭാവിയെക്കുറിച്ചും കിനാവുകൾ നെയ്യണം എന്നു വിചാരിക്കുമ്പോൾ കൺമുമ്പിൽ ശൂന്യതയാണ് കാണുന്നത്. അഖണ്ഡമായി. ഇതെന്താ 'clairvoyance' ആണോ ? ഭാവിഫലത്തെക്കുറിച്ചുള്ള സൂക്ഷ്മമായ അറിവാണോ?"

"ശ്രീകാന്താ, നിന്റെ ആത്മവിശ്വാസവും ജീവിതോത്സാഹവും കുറഞ്ഞതുപോലെ തോന്നുന്നല്ലോ . . . . "

"ഛെ, അങ്ങനെയൊന്നുമല്ല. മരണം വരെയും ഉത്കടമായി ജീവിക്കണമെന്ന അഭിലാഷം അൽപവും കുറയുകയില്ല. പക്ഷേ, എന്നിലെവിടെയാണ് ശക്തി ? ഇനിമേൽ ഉത്കടതയെല്ലാം മാനസിക ജീവിതത്തിലെ കാര്യമാണ്! പക്ഷേ ഈയിടെയായി അധികം വായിച്ചാൽ, അധികം ചിന്തിച്ചാൽ തലച്ചോറു ക്ഷീണിക്കുന്നു. ഇനിമേലെങ്കിലും ഒരൊറ്റ ശ്വാസകോശം മാത്രമുള്ള ഈ ശരീരത്തിന് വിശ്രമമാണ് അധികമാവശ്യം . . . . ഉത്കട ജീവിതത്തിന്റെ കാര്യം വളരെ ദൂരെയാണെന്നു തോന്നുന്നു . . . . അതു കൊണ്ടു തന്നെയായിരിക്കണം ഈ ഉദാസീനത . . . . "

"ഇതു നിന്റെ ഒരു മൂഡുമാത്രമാണ്. ശക്തിയില്ലായ്മ കൊണ്ടു വന്ന മൂഡ്. നിന്റെ ശക്തി തിരിച്ചു കിട്ടുമ്പോൾ ആദ്യത്തെ ജ്വാലാസമ ചൈതന്യം നിന്റേതായിത്തീരും."

' ജ്വാലാസമ ചൈതന്യം! ഇനിയുമത് സ്വപ്നം മാത്രമാണ്! . . . . ഗൗരീ എന്റെ സ്വന്തം ചൈതന്യത്തിന്മേൽ ജീവിക്കുന്ന ദിവസങ്ങൾ കഴിഞ്ഞു. ഇനിമേൽ കേവലം വലിയ മഹാന്മാരുടെയും പ്രതിഭാശാലികളുടെയും പുസ്തകങ്ങൾ വായിച്ചു കൊണ്ട്, അവരുടെ ചൈതന്യത്തിന്മേൽ ജീവിക്കുന്നതൊന്നു മാത്രമാണ് മാർഗം . . . . എന്റെ ശരീരത്തിന്റെ ജീവിതവും . . . ."

"ശരീരത്തിന്റെ ജീവിതവും . . . ."

"ഉം. ശരീരത്തിന്റെ ജീവിതം! ശരീരത്തിന്റെ ജീവിതമെന്നു പറഞ്ഞപ്പോൾ നിനക്കെന്താ അത്ഭുതമുണ്ടായത് ? . . . . ഇപ്പോൾ എനിക്കു തോന്നുന്നത് മാനസിക ഉത്കടത ശരീര ഉത്കടതയെ അവലംബിച്ചിരിക്കുന്നു എന്നാണ് . . . . ഒരു കണക്കിൽ, ശരീരം, മനസ്സ് എന്നിങ്ങനെ വേർതിരിക്കുന്നതു തന്നെ തെറ്റാണ്. രണ്ടും ഒരേ വ്യക്തിത്വത്തിന്റെ വിഭിന്ന നിലകളാണ് . . . . ങാ, എന്റെ ശരീര ജീവിതം ഇനിമേൽ ശൂന്യമാണ്! വെറും വിശ്രമം — ശ്രദ്ധയോടെയുള്ള വിശ്രമം — അർധമരണം! . . . . ശാരീരിക ജീവിതത്തിന്റെ ഉത്ക്കടത പ്രേമത്തിലും ലൈംഗികാനുഭവത്തിലും — സാഹസ

കൃത്യങ്ങളിലും — പ്രധാനമായി രക്തപ്രവാഹത്തിൽ — ഉണ്ടെന്ന സത്യം എനിക്കിപ്പോൾ മനസ്സിലാകാൻ തുടങ്ങിയിരിക്കുന്നു.

എൻെറ ജിജ്ഞാസ വർധിച്ചു. "അങ്ങനെ എന്തെങ്കിലും സംഭവിച്ചോ ? നിൻെറ സ്വന്തം അനുഭവത്തിൽ നിന്നു മനസ്സിലാക്കിയ സത്യമാണോ ഇത് ?"

"ഉം, ഗൗരീ, കഴിഞ്ഞ ഒരു ദിവസത്തെ സംഭവമാണത് . . . . ഏഴെട്ടു ദിവസം മുമ്പത്തെ കാര്യം. വൈകിട്ട് ഇതേ കട്ടിലിൽ ഇങ്ങനെ തന്നെ ചാരി കണ്ണടച്ചു കിടക്കുകയായിരുന്നു. ഒരു തരം നീരവത മനസ്സിനെ ആക്രമിച്ചിരുന്നു . . . . ശാന്തമായി, ശൂന്യ മനസ്കനായി മനസ്സിൽ ഒരു തരത്തിലുമുള്ള ചർവിതചർവണമില്ലാതെ കിടക്കുകയായിരുന്നു. അപ്പോൾ ആ മേരി സിസ്റ്റർ — നീ അവളെ കണ്ടിട്ടുണ്ടല്ലോ? എന്തോ മരുന്നെടുത്തു കൊണ്ടു വന്നു. ആദ്യം മുതൽ തന്നെ അവൾക്കെന്നോടുള്ള അടുപ്പവും ആത്മീയതയും അൽപം കൂടുതലാണ് . . . . അവളുടെ സംസാരത്തിൽ — എന്നോടു സംസാരിക്കുമ്പോൾ പ്രത്യേകിച്ചും — ഒരു തരം ആകർഷകമായ മോഹകത്വം ഉണ്ടായിരുന്നു. കാഴ്ചയ്ക്ക് ഇവിടുത്തെ എല്ലാ നേഴ്സുമാരെക്കാളും മുൻപിലാണ് . . . . അവൾ സാവധാനം ഇന്ന് ഇതേ — നീ ഇരുന്ന ഇതേ കസേരയിലിരുന്ന് എൻെറ നെഞ്ചത്ത് വലം കൈ വച്ചു പതുക്കെ വിളിച്ചു: 'ശ്രീകാന്താ!' ഞാൻ കണ്ണ് തുറന്നു നോക്കിയപ്പോൾ അവളുടെ മോഹക മന്ദഹാസവും അവളുടെ ഇരിപ്പിൻെറ രീതിയും എൻെറ ശൂന്യമനസ്സ് പൂർണമായും നിറച്ചു. . . . . പെട്ടെന്ന് ഞാനറിയാതെ തന്നെ എൻെറ രക്തപ്രവാഹം ശക്തമായി! . . . . മഹാശ്വേതയെ പുണ്ഡരീകൻ കണ്ടപ്പോൾ തോന്നിയ വിചാരങ്ങളുടെ ഒരംശം എനിക്കപ്പോൾ ഉണ്ടായിരിക്കണം! അവളുടെ ചിരിക്കുന്ന മുഖത്തും പുഷ്ടമായ, ചൈതന്യം നിറഞ്ഞ മുലകളിലും മനോഹരമായ വലിയ കണ്ണുകളിലും ഞാൻ ഭ്രാന്തനെപ്പോലെ മത്തനായി നോക്കുവാൻ തുടങ്ങി. ശുദ്ധമായ ലൈംഗികാഭിനിവേശം എന്നെ ഇത്ര പെട്ടെന്ന് ആക്രമിച്ചത് ഇത് ആദ്യമായാണ് . . . . ശുദ്ധമായ ശാരീരിക ഉത്കടതയുടെ വിചാരം എനിക്കന്നുണ്ടായി !"

"എന്നു പറഞ്ഞാൽ — അന്ന് നീ അവളുമായി . . . ." ഞാൻ ഇടയ്ക്കുവച്ചു നിർത്തി. "ഇത്രയും പറഞ്ഞപ്പോഴേക്കും നിൻെറ ഭാവന ഓടാൻ തുടങ്ങിയോ, സ്വച്ഛന്ദമായി ? അങ്ങനൊന്നും അബദ്ധം പറ്റിയില്ല. പറ്റാനും സാധ്യമല്ല . . . . പക്ഷേ എന്തൊക്കെ സംഭവിച്ചു എന്നെനിക്കു വ്യക്തമായി പറയാനാവില്ല . . . . മുഖ്യ സംഗതി ഇതാണ് : ലൈംഗിക ശക്തിയെപ്പറ്റിയുള്ള തീക്ഷ്ണമായ അറിവ്! അതിൻെറ അത്തരം ഉന്മത്തതയെപ്പറ്റിയുള്ള അറിവ് . . . . ! ഗ്രീക്ക് പുരാണത്തിൽ കാമത്തിന് ധനുർധാരിയായ കുസൃതി ബാലൻെറ

രൂപം കൊടുത്തിട്ടുള്ളതിന്റെ അർത്ഥം അന്നെനിക്കു മനസ്സിലായെന്നു പറഞ്ഞാൽ തെറ്റില്ല . . . . ഇരിക്കട്ടെ, അത്തരം ലൈംഗികാതിരേകത്തിന് പുറത്താണിപ്പോൾ ഞാൻ . . . . ഇനിമേൽ വെറും പുസ്തകത്തിലെ 'vicarious' അനുഭവം മാത്രമാണ് എന്റെ പങ്ക് !"

എനിക്കെന്തുകൊണ്ടോ ശ്രീകാന്തന്റെ തകർച്ച സംഭവിച്ചതുപോലെ, അവന്റെ ആത്മാവ് അധഃപതിച്ചപോലെ തോന്നി. ലൈംഗികകാര്യങ്ങളെക്കുറിച്ച് ഒരിക്കലും സംസാരിക്കാത്ത ശ്രീ കാന്തൻ പെട്ടെന്നിങ്ങനെ ആത്മനിവേദനം നടത്തിയത് എന്നെ അത്ഭുതപ്പെടുത്തി . . . .

നാം ആദർശശാലികളെന്നു കരുതുന്നവരുടെ നൈതികാധഃപതനത്തെക്കുറിച്ച് നാം കാണിക്കുന്ന അസന്തുഷ്ടി അഗാധമാണ്. നമ്മുടെ ജീവിതം മോശപ്പെട്ട ജീവിതമാണെങ്കിലും നമ്മുടെ ആദർശവ്യക്തികൾ മാത്രം നക്ഷത്രങ്ങളെപ്പോലെ ശുഭ്രപ്രകാശം ചൊരിയണം എന്നോ മറ്റോ ഉള്ള വിചാരമാണു നമ്മുടേത് ! സാധാരണമനുഷ്യരെപ്പറ്റി നാം കാണിക്കുന്ന സഹിഷ്ണുത ആദർശ വ്യക്തികളുടെ കാര്യത്തിൽ കാണിക്കുന്നില്ല ! എന്തുകൊണ്ട് ? മിക്കവാറും ആദർശ വ്യക്തികളെന്നു പറഞ്ഞാൽ നമ്മുടെ ആന്തരിക ജീവിതമൂല്യങ്ങളുടെ ബാഹ്യപ്രതീകത്തെപ്പോലെയാണ്; അതുപോലെ തന്നെ ആ വ്യക്തികളുടെ നൈതികാധഃപതനത്തിൽ നിന്ന് നമ്മുടെ പ്രതീകത്തിനു ഭംഗം വരികയാണോ, നമ്മുടെ മൂല്യങ്ങളെക്കുറിച്ചുള്ള വിശ്വാസത്തിന് ആഘാതമേൽക്കുകയാണോ ! . . . .

ശ്രീകാന്തൻ എന്നെക്കുറിച്ചു പ്രത്യേക താൽപര്യം ഒന്നും കാണിച്ചില്ല. ഞാനും കാമിനിയുമായുള്ള ബന്ധത്തെക്കുറിച്ചുള്ള വിവരവും ചോദിച്ചില്ല ! അവന്റെ വിചിത്രമായ ഉദാസീനഭാവം കണ്ട് എന്റെ മനസ്സു നൊന്തു. ഞാൻ സ്വയം ദുഃഖം തുറന്നു കാണിക്കുവാൻ മടിച്ചു. ശ്രീകാന്തന്റെ പ്രേമസഹാനുഭൂതികളിൽ എന്തോ കുറവു വന്നു എന്നു മനസ്സിലാക്കുവാൻ അധികം സമയം വേണ്ടിവന്നില്ല . . . .

"കാമിനി കമ്മ്യൂണിസ്റ്റു പാർട്ടിയിൽ ചേർന്നതിനെക്കുറിച്ചു ഞാൻ കത്തയച്ചിരുന്നല്ലോ, അതു കിട്ടിയോ ?" ട്രെയിനിൽ ഇരുന്നപ്പോൾ സമയമുണ്ടാക്കി ഞാൻ ചോദിച്ചു.

"ഉം. കിട്ടാതിരിക്കുമോ ?"

"ആ കത്തിനു നിന്റെ മറുപടി കിട്ടിയില്ല !"

"മറുപടി ! എന്തു മറുപടി ? വേണ്ടതു ചെയ്യാൻ കാമിനി സ്വതന്ത്രയാണ് . . . ."

ശ്രീകാന്തന്റെ മറുപടി കേട്ട് ഞാൻ സ്തംഭിതനായി . . . . വണ്ടിച്ചക്രങ്ങളുടെ ശബ്ദം എന്റെ ചെവി നിറച്ചതുപോലെ തോന്നി !

ശ്രീകാന്തൻ തുടർന്നു : "ഗൗരീശാ, കാമിനി സ്വതന്ത്രയാണ്.

നിങ്ങളുടെ അനുഭവത്തെക്കുറിച്ചും വിചാരത്തെക്കുറിച്ചും ഉപദേശിക്കാൻ ഞാൻ ആരാണ് ? ഉപദേശം വേണമെങ്കിൽ തന്നെ എന്തിന് ? ഓരോ മനുഷ്യനും അനുഭവം നേടാനുള്ള അവകാശമുണ്ട് — ആ അനുഭവത്തിൽ നിന്നുണ്ടാകുന്ന സുഖത്തിനും ദുഃഖത്തിനും അയാൾ തന്നെയായിരിക്കും ഉത്തരവാദി . . . .''

"ഇത്രയ്ക്കു നിർലിപ്തനായോ ശ്രീകാന്താ?'' എന്നു ഞാൻ തടയാനാവാതെ ചോദിച്ചു.

"നിർലിപ്തനാകാതെ ഗത്യന്തരമുണ്ടായിരുന്നില്ല !'' ശ്രീകാന്തൻ ശുഷ്കമായ ഒരു ചിരി ചിരിച്ചു.

"എൻെറ കഷ്ടപ്പാടിൻെറയും വേദനയുടെയും ചിന്തയുടെയും ഭാരം എനിയ്ക്കു മതിയായി ! മറ്റുള്ളവർക്കു വഴികാണിക്കുന്ന സ്ഥിതിയിലല്ല ഞാൻ . . . . മറ്റൊരു കാര്യം: എന്തു കൊണ്ടോ മറ്റുള്ളവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനുള്ള ശക്തിപോലും കുറഞ്ഞു വരുന്നു . . . . മരണത്തിൻെറ സാമീപ്യം എല്ലാ പ്രശ്നങ്ങളെയും തൃണീകരിക്കുമോ എന്തോ ? ! . . . . നീ നിൻെറ കത്തിൽ കാമിനിയെക്കുറിച്ചും അവളുടെ flirtations നെക്കറിച്ചും നിൻെറ വേദനകളെപ്പറ്റിയും എന്തൊക്കെയോ എഴുതിയിരുന്നല്ലോ . . . . സത്യം പറയണമെങ്കിൽ കാമിനിയെക്കുറിച്ച് ഒരുതരം അസൂയ എനിക്കുണ്ടാകുന്നു, നിന്നെക്കുറിച്ചു കൂടി ! നിങ്ങളുടെ സുഖവും ദുഃഖവും പ്രശ്നങ്ങളും നിങ്ങളുടെ സജീവമായ ജീവിതോത്സാഹത്തിൻെറ പ്രതീകങ്ങളാണ് . . . . നിനക്കു വേണ്ടതു നീ ചെയ്യൂ കുഞ്ഞേ, ഗൗരീശാ . . . . എല്ലാറ്റിനും എൻെറ ആശീർവാദം ! . . . . സത്യത്തിൽ I envy you - നിന്നെക്കുറിച്ചെനിക്കസൂയയാണ് . . . .''

അവൻെറ ആ ചിന്താസരണിയിൽ എനിക്ക് ഒരു തരത്തിലുമുള്ള ആധാരം കിട്ടിയില്ല. എനിക്ക് ഉത്തേജനത്തിൻെറ ആവശ്യവും ഉണ്ടായിരുന്നില്ല. സഹാനുഭൂതിയും മാർഗദർശനവും ആവശ്യമാ യിരുന്നു. "നിൻെറ നിരാശയും ദുഃഖവുമെല്ലാം നല്ലതാണ്. നീ അസ്വസ്ഥപ്പെടുന്നതും, കരയുന്നതും, വിളിക്കുന്നതും എല്ലാം ഉത്കൃഷ്ട സംഗതികളാണ് . . . . നിൻെറ ഭാഗ്യം വലുതാണ്. നീ ധന്യനാണ് ! . . . . എല്ലാറ്റിനും എൻെറ ആശീർവാദം ! I envy you". ഇങ്ങനെ അവൻ പറഞ്ഞെന്നു തോന്നുന്നു. എൻെറ ദുഃഖം ദശഗുണീഭവിച്ചു. എല്ലാം വിട്ട് എൻെറയും ശ്രീകാന്തൻെറയുമിടയിൽ ഒരു കണ്ണാടിഭിത്തി രൂപംകൊള്ളാൻ തുടങ്ങിയെന്നു തോന്നിത്തുടങ്ങി. എല്ലാം സഹിക്കാം, ഇതു സഹ്യമല്ല എന്നു തോന്നി.

ദീപാവലി അവധിയിൽ സത്യേന്ദ്രൻ ബി. ഈ. പരീക്ഷ തീർത്ത്, സിർസിക്കു പോകുന്നതിനു മുമ്പ് ധാറവാഡയ്ക്കു വന്നു. അയാൾ എന്നെ ബലാൽക്കാരമായി സിർസിക്കു വിളിച്ചു കൊണ്ടു പോയി, അവൻെറ സഹവാസം എൻെറ തപ്ത ഹൃദയത്തിന് നല്ലൊരു ആ

ശ്രയമായി. ശാന്തജീവിതത്തിൽ ഒരു തരം നിർലിപ്ത സമാധാന മുണ്ട് എന്ന അനുഭവം എനിക്കപ്പോഴുണ്ടായി. സത്യേന്ദ്രനോട് കാമിനിയെക്കുറിച്ചുള്ള ഒരു കാര്യമൊഴിച്ച് മറ്റെല്ലാം പറഞ്ഞു. അവ ളുടെ ഒടുവിലത്തെ 'പാപ'ത്തെക്കുറിച്ചു പറയുവാൻ എന്റെ മനസ്സു മടിച്ചു. അവന്റെ മുമ്പിൽ എന്റെ ഹൃദയം തുറന്നു കാണിക്കു മ്പോൾ, എന്റെ ഭാവനാ വിചാരങ്ങൾ ചിത്രീകരിക്കുമ്പോൾ, എന്റെ മനസ്സിൽ തറച്ച രക്തവർണശൂലം അവനെ കാണിക്കുമ്പോൾ എനി ക്ക് ഹീറോയുടെ അഭിമാനമുണ്ടായിരുന്നു. 'എന്റെ അനുഭവം അ പൂർവമായിരിക്കുന്നല്ലോ !' എന്ന ആത്മ സന്തോഷമുണ്ടായിരുന്നു . . . . സത്യത്തിൽ, ഇപ്പോൾ എന്റെ കഥയെഴുതുമ്പോഴും ഇത്തരം അഭിമാനവും ആത്മസന്തോഷവും എന്നിൽ നിറഞ്ഞു നിൽക്കുന്നു എന്ന ബോധം എനിക്കുണ്ടായി. . . . ഇത്തരം ഭാവനകൾ നിർലിപ്ത തയുടെ ലക്ഷണമോ, അഹങ്കാരത്തിന്റെ ലക്ഷണമോ ? . . . .

സത്യേന്ദ്രൻ എനിക്കൊരു വഴി പറഞ്ഞു തന്നു. "ഉടൻതന്നെ എനിക്കു ബോംബെയിൽ നല്ലൊരു ജോലി കിട്ടും. ജോലി കിട്ടിയാ ലുടൻ ഞാൻ വീടു വയ്ക്കും. നീ ജൂണിൽ എന്റെ കൂടെ താമസിക്കാൻ വരിക. നീ എം.എസ്സി. നന്നായി പൂർത്തിയാക്ക്. അല്ലെങ്കിൽ ബി. ടെക്കിനെങ്കിലും പോകൂ . . . . കാമിനിയുടെ കാര്യം ജീവിതത്തിൽ നിന്ന് വേരോടെ പിഴുതെറിയ് . . . . ജീവിതം വലുതാണ്. സുഖ സമൃദ്ധിയിലേക്കു വേണ്ടത്ര വഴികളുണ്ട്. ഒരു വഴി നശിച്ച വനത്തി ലേക്കു പോകുന്നെന്നു കരുതി ആ വനത്തിൽ തന്നെ കരഞ്ഞു കൊണ്ടിരിക്കണോ ?"

അവന്റെ തത്വജ്ഞാനം എനിക്ക് അത്രയ്ക്കൊന്നും ഇഷ്ടപ്പെ ട്ടില്ലെങ്കിലും ബോംബെയ്ക്കു പോകുന്ന കാര്യം മാത്രം സമ്മതി ച്ചു . . . . ഇനിമേൽ ധാറവാഡയിൽ കഴിഞ്ഞുകൂടുകയെന്നു പറ ഞ്ഞാൽ ചുട്ട തവിയിൽ തല വച്ചു കിടക്കുന്നതു പോലെയാണ് ! ബോംബെയിൽ പോയി വ്യത്യസ്തമായ ജീവിതം അൽപം അനുഭവി ച്ചുനോക്കാം. വേണമെങ്കിൽ പാർട്ടിക്കാര്യത്തിലും താൽപര്യമെടു ക്കാം (ശ്രീകാന്തന്റെ നേതൃത്വത്തിൽനിന്നും മുക്തനായി) എന്നു തോന്നി. ആത്മബലവും വ്യക്തിത്വവും വളർത്തി 'ധൈര്യവാനായി' — വീണ്ടും കാമിനിയെ പ്രേമിക്കാൻ ശ്രമിക്കണം. ഒരു പക്ഷേ കാമിനി സ്വയം ഇഷ്ടപ്പെട്ട് എന്റെ കഴുത്തിൽ തൂങ്ങിയെന്നും വ രാം ! . . . . പക്ഷേ അപ്പോഴേക്കും കാമിനിയുടെ തകർച്ച ഏതു നില യിലേക്ക് അധഃപതിക്കുമോ എന്തോ ? . . . . ഇങ്ങനെയൊക്കെ ഞാൻ ചിന്തിച്ചു . . . .

* * *

ഏതിനു 'പാപം' എന്നു പറയണം, ഏതിനു പറയരുത് എന്ന് എനിക്കിപ്പോഴും അറിയില്ല. കൊല്ലുന്നതു പാപമാണ്. ബലാത്ക്കാരം

പാപമാണ്. അതെ. സമ്മതിച്ചു. മറ്റുള്ളവരുടെ സ്വാതന്ത്ര്യം ഹനിക്കുന്ന കാര്യങ്ങളെല്ലാം പാപമാണെന്നറിയാം . . . . പക്ഷേ ആത്മഹത്യ പാപം, കൗമാരം കളയുന്നതു പാപം, കുടിക്കുന്നതും അനിർബന്ധമായി ഭോഗിക്കുന്നതും പാപം . . . . എന്തുകൊണ്ട് ? തൻെറ സ്വന്തം ജീവിതം മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിനു തടസ്സമാകാതെ അനുഭവിക്കുന്നതിൽ എവിടെയാണു പാപമുള്ളത്. ഇതു നല്ലത്, ഇതു ചീത്ത എന്ന് എങ്ങനെ നിർണയിക്കാം. എല്ലാം വ്യക്തിയുടെ മനസ്സിനെ അവലംബിച്ചിരിക്കുന്നു എന്നു ശ്രീകാന്തൻ പറഞ്ഞത് ഓർമ്മയുണ്ട്. 'നരകത്തെ സ്വർഗമായും സ്വർഗത്തെ നരകമായും മാറ്റുവാനുള്ള ശക്തി മനസ്സിനുണ്ട്. അതുപോലെ തന്നെ ഇതു നല്ലത്, ഇതു ചീത്ത എന്നു നിർണയിക്കുവാനുള്ള ശക്തിയും മനസ്സിൽ തന്നെ അടങ്ങിയിരിക്കുന്നു . . . .' പക്ഷേ കാമിനിയുടെ 'പാപം' പാപമല്ലെന്നു ഞാൻ തീരുമാനിച്ചാൽ അതിൻെറ അസ്തിത്വമെവിടെയാണ് ?. . . . കാമിനിക്കു ബുദ്ധി വന്നതിനുശേഷം, അവൾക്കു പശ്ചാത്താപമുണ്ടായതിനുശേഷം, ക്രിസ്തുവിനെപ്പോലെ അവളോടു ക്ഷമിച്ച്, അവളുടെ കൈപിടിച്ചു വെളിച്ചത്തിൻെറ ലോകത്തിലേക്കു കൊണ്ടുപോകേണ്ടത് എൻെറ കർത്തവ്യമല്ലേ ? . . . . ഇത്തരം വിചാരങ്ങൾ അന്നു കൂടെക്കൂടെ മനസ്സിലുദിക്കുമായിരുന്നു . . . .

ഇത്തരം വിചാരങ്ങൾക്കൊക്കെ പ്രധാന കാരണം കാമിനിയോടുള്ള ഉത്കടമായ പ്രേമമാണ്. ഭ്രാന്തുപിടിച്ച പ്രേമം ! അപ്പോൾ എൻെറ മനസ്സിലെ എല്ലാ വിചാരങ്ങളുടെയും വിഷയം 'കാമിനി' ആയിരുന്നു ! അതുകൊണ്ട് ചിലപ്പോൾ ഔദാര്യത്തിൻെറ 'മൂഡി'ൽ, കാമിനിയോടു പൂർണമായി ക്ഷമിക്കണമെന്നും അവളെ എൻെറ യഥാർഥ മനസ്സു കാണിച്ചു കൊടുക്കണമെന്നും അവൾക്കു വേണ്ടി എന്തു വേണമെങ്കിലും ചെയ്യാൻ ഞാൻ തയ്യാറാണെന്ന് ഉദാഹരണസഹിതം കാണിച്ചുകൊടുക്കണമെന്നുമുള്ള മഹത്തായ വിചാരങ്ങൾ എന്നിൽ ഉണ്ടായതിൽ അസ്വാഭാവികതയൊന്നുമില്ല.

* * *

എന്തായാലും ഇനി ഒരു ടേം കൂടി ധാറവാഡയിൽ കഴിഞ്ഞുകൂടുക തന്നെ വേണം. വരുന്നതുവരട്ടെ — എല്ലാം അനുഭവിക്കണം, സഹിക്കണം, ക്ഷമിക്കണം. ഈ നിശ്ചയത്തോടെ ഞാൻ ധാറവാഡയ്ക്കു പോയി. ഞാൻ ശ്രീകാന്തൻെറ വീട്ടിൽ തന്നെ താമസിക്കണമെന്ന് അയാൾ ആഗ്രഹം പ്രകടിപ്പിച്ചെങ്കിലും, അവിടെ താമസിക്കാൻ ഞാൻ സമ്മതിച്ചില്ല. ഉളവിബസപ്പൻ കോവിലിനു മോളിലെ കാളെ വക്കീലിൻെറ കെട്ടിടത്തിൽ ഞാൻ വേറൊരു മുറിയെടുത്തു. ഒരു ദിവസവും മുടങ്ങാതെ ശ്രീകാന്തൻെറയടുത്തു പോകുമായിരുന്നു. ഞങ്ങളുടെ ഈവനിങ് വാക്കിൽ സംഭാഷണത്തെക്കാൾ

മൗനമാണ് ഈയിടെ അധികം. എന്തെങ്കിലും പ്രശ്നം ഞാൻ വലിച്ചിഴച്ചാൽ ശ്രീകാന്തൻ, ഉറക്കത്തിൽ നിന്നുണർന്ന മാതിരി 'ങാ' എന്നു പറയുമായിരുന്നു. ഈ പ്രശ്നം ഇപ്പോൾ ചോദിക്കണമോ വേണ്ടയോ, ഈകാര്യം ഇപ്പോൾ പറയണമോ വേണ്ടയോ എന്ന് എന്നോടു തന്നെ തർക്കിച്ചു കൊണ്ടും ശ്രീകാന്തൻെറ മനസ്ഥിതിയെക്കുറിച്ച് ഊഹാപോഹം നടത്തിക്കൊണ്ടും ഒരുതരം ദുസ്സഹവും ഭാരവത്തുമായ സ്വയംപ്രജ്ഞയാൽ ഞാൻ പീഡിതനാകുമായിരുന്നു . . . .

"എന്താ ശ്രീകാന്താ, ഇന്നെന്തു വായിച്ചു ?"

"ങെ ?"

"ഇന്നെന്തു വായിച്ചെന്നു ചോദിക്കുകയായിരുന്നു."

"ഇന്ന്? ങാ. ദസ്തയേവ്സ്കിയുടെ 'The Idiot' വായിക്കാൻ തുടങ്ങി.

പിന്നീട് ദസ്തയേവ്സ്കിയെക്കുറിച്ചോ അദ്ദേഹത്തിൻെറ നോവലുകളെക്കുറിച്ചോ ശ്രീകാന്തൻ എന്തെങ്കിലും പറയുന്നതുകേൾക്കുവാൻ ഞാൻ അസ്വസ്ഥനായി കാത്തുനിന്നു. പക്ഷേ ശ്രീകാന്തൻ തൻെറ മനസ്സിൻെറ കൂട്ടിൽ നിന്നു പുറത്തു വന്നില്ല. അത് അനാസ്ഥയാണോ വിചാരമഗ്നതയാണോ എന്ന് എനിക്കു മനസ്സിലായില്ല. ഞാനാഗ്രഹിക്കാത്ത ഈ മൗനധാരണം എന്നെ വളരെയേറെ വേദനിപ്പിച്ചു. ഒരു പ്രാവശ്യം, ധൈര്യമവലംബിച്ചു ഞാൻ ചോദിക്കുക തന്നെ ചെയ്തു :

"ശ്രീകാന്താ, നിനക്കെന്നോടു സംസാരിക്കാനിഷ്ടമില്ലേ ?"

"ഛേ, അങ്ങനൊന്നുമില്ലല്ലോ."

"അങ്ങനെയാണെങ്കിൽ നീ ആദ്യത്തെപ്പോലെ എന്നോടു സംസാരിക്കുന്നില്ലല്ലോ."

"ഞാനെന്താ സംസാരത്തിൻെറ കുത്തക എടുത്തിരിക്കുകയാണോ ? ഇത്രനാൾ ഞാൻ സംസാരിച്ചു, നീ കേട്ടു. ഇനി ഒരു മാറ്റമാകട്ടെ. നിനക്കു സംസാരിക്കാമല്ലോ. ഞാൻ കേൾക്കാം."

ഞാൻ നിശ്ശബ്ദനായി. എനിക്ക് എന്തു സംസാരിക്കാനാവും? എൻെറ തല ! വിദ്യാർഥി പെട്ടെന്ന് അധ്യാപകനാവുമോ, അധ്യാപകൻ വിദ്യാർത്ഥിയാകാമോ ?

"ഇതു നിൻെറ ഒരു തമാശ . . . ." (നിനക്ക് എൻെറ സഹവാസം ഭാരമാണെങ്കിൽ പറയൂ ഞാൻ — എന്നു പറയുവാൻ വളരെയേറെ ശ്രമിച്ചു. പക്ഷേ നാക്കു പൊങ്ങിയേയില്ല.)

ഒരു ദിവസം, ഞാൻ ബോംബെയ്ക്കു പോകുന്ന കാര്യത്തെക്കുറിച്ചു സംസാരിച്ചു.

"വളരെ നല്ല ആലോചന" ശ്രീകാന്തൻ പറഞ്ഞു. "ഇതിനേക്കാൾ നല്ലോരാലോചന വേറെയില്ല. എനിക്കു വേണ്ടി കഷ്ടപ്പെട്ടതു

മതി. എന്തായാലും ഞാനിപ്പോൾ സുഖപ്പെട്ടു വരികയാണ്. ഒന്നു രണ്ടു വർഷം വെറും വിശ്രമം. നീയെന്തിനാണിവിടെ എന്റെ കൂടെ താമസിക്കുന്നതെന്ന് ആർക്കറിയാം ?"

"ഇതെന്തൊരു സംസാരമാണു ശ്രീകാന്താ ?"

"എനിക്കറിയാം. നീ കഴിഞ്ഞ ജൂണിൽ ബോംബെയ്ക്കു പോകാനിരുന്നതാണ്. സത്യേന്ദ്രൻ എന്നോടു പറഞ്ഞു. എനിക്കു വേണ്ടി നീ സ്വയം ഇവിടെ താമസിക്കേണ്ട ആവശ്യമില്ല. അതുപോലെതന്നെ നീ അന്നേ പോയിരുന്നെങ്കിൽ കാമിനിയെക്കുറിച്ചാലോചിച്ച് നിന്റെ തല ഇത്ര പുണ്ണാക്കുമായിരുന്നില്ല. എല്ലാ രീതിയിലും നിനക്ക് നല്ലതു വരുമായിരുന്നു. സത്യേന്ദ്രനെപ്പോലുള്ള മാർഗദർശികൾ നിനക്ക് ആവശ്യമാണ്. എന്നെപ്പോലെ തല തിരിഞ്ഞവരെക്കൊണ്ട് നിനക്കെന്തു പ്രയോജനം കിട്ടാനാണ്. നിന്റെയും കാമിനിയുടെയും ബന്ധത്തെ സഹായിക്കുവാൻ എനിക്കു കഴിവില്ലെന്ന വിഷമമുണ്ട്. ഇപ്പോൾ ഇവിടത്തെ അന്തരീക്ഷം നിന്റെ വളർച്ചയ്ക്കു സഹായകമല്ല. ഒരു കണക്കിൽ മാരകം കൂടിയാണ്. ധാറവാഡ വന്നുവന്നു മഹാബോറായിരിക്കുന്നു. ഇവിടെ യുവമനസ്സിന്റെ വളർച്ചയ്ക്ക് ആവശ്യമായ അനുകൂലസാഹചര്യങ്ങളില്ല. വിവിധ അനുഭവങ്ങൾക്കു സൗകര്യമില്ല. ഇവിടത്തെ ജീവിതത്തിന്റെ പരിസീമ തന്നെ ചെറുതാണ്. ബോംബെയിലെ വിസ്തൃതവും വൈവിധ്യമയവുമായ ജീവിതത്തിൽ സൂക്ഷ്മ മനസ്സിന് ക്രിസ്റ്റലിനെപ്പോലെ ബഹുമുഖമായി, സമ്പന്നമായി വളരുവാൻ വേണ്ട സൗകര്യങ്ങളും പ്രചോദനവുമുണ്ട് . . . . മാത്രമല്ല, എന്റെ ജീവിതം ഇപ്പോൾ നിർജീവമായിരിക്കണം. പലപ്പോഴും എന്തു പറയണം, എന്തു പ്രവർത്തിക്കണം എന്നുപോലും എനിക്ക് അറിയാതാകുന്നു. ആരോഗ്യം പൂർണമായി വീണ്ടെടുക്കുന്നതുവരെ സ്വസ്ഥമായി കഴിഞ്ഞു കൂടണമെന്നാണു വിചാരം . . . . മാത്രമല്ല, കാമിനിയിൽ നിന്ന് നിന്റെ മനസ്സിന് ഒരു സ്വസ്ഥതയും കിട്ടുകയുമില്ല . . . . അവളുടെ മൂഢസ്വഭാവം കൊണ്ട് പൊന്നുപോലെയുള്ള ഒരു മനുഷ്യൻ നഷ്ടപ്പെടുകയാണെന്ന് അവൾക്കെങ്ങനെയറിയാം ? നിന്നോടു ഞാനാദ്യം തന്നെ പറഞ്ഞില്ലേ, അവൾ നിനക്കു ചേർന്നവളല്ലെന്ന് ? . . . . ബോംബെയിലെ ചൈതന്യമയമായ ജീവിതത്തിൽ നിനക്കവളെ മറക്കാനെളുപ്പമായിരിക്കും. അതുപോലെ തന്നെ — എന്നു പറഞ്ഞാൽ ഞാൻ നിന്റെ പ്രേമത്തെ തള്ളിപ്പറയുകയല്ല — ഞാനാഗ്രഹിക്കുന്നത് നിന്റെ ഭാവി ജീവിതസുഖമാണ്. സുഖത്തെക്കാൾ വളർച്ച . . . . അതെ, നീ ബോംബെയ്ക്കു പോവുകതന്നെ വേണം — പോകുന്നത് എല്ലാത്തരത്തിലും നല്ലതാണ് . . . ."

ഇതിനേക്കാൾ എത്രയോ നീണ്ടതായിരുന്നു, അവന്റെ ഉപന്യാസം . . . .

"പക്ഷേ അവിടത്തെ ഭയങ്കരമായ ഏകാകിത്വം സഹിക്കാനാവില്ല." ഞാൻ പറഞ്ഞു:

"ഏകാകിത്വം — ഒരു കണക്കിൽ അതുതന്നെയാണു നിനക്കുവേണ്ടത്. വാനലെസ്‌വാഡിയിൽ വച്ച് ഏകകിത്വം എന്താണെന്നു ഞാനനുഭവിച്ചു. എനിക്കു തോന്നുന്നത്, മനുഷ്യൻ പ്രധാനമായും ഏകാന്തതയിലാണു വളരുന്നതെന്നാണ്. ജീവിതത്തിലെ എല്ലാ സൃജനകാര്യങ്ങളും ഏകാന്തതയുടെ ഗർഭത്തിലാണു രൂപം കൊള്ളുന്നത്. ശിശു രൂപം പ്രാപിക്കുന്നത് ഗർഭത്തിലെ ഏകാന്തതയിലാണ്. കലാസൃഷ്ടി ആദ്യം രൂപംകൊള്ളുന്നത് മനസ്സിന്റെ ഏകാന്തതയിലാണ്. പ്രേമം ഉടലെടുക്കുന്നത് രണ്ട് മനസ്സുകളുടെ ഏകീകരണത്തിന്റെ എകാന്തതയിലാണ് . . . . എകാന്തതയിൽ മനുഷ്യമനസ്സ് തന്റെ നാടകം സ്വയം കാണുന്നു. തന്റെ ഉയർച്ചതാഴ്ചകൾ സ്വയം അളക്കുന്നു . . . . ഇങ്ങനെ അറിവും സൂക്ഷ്മതയും പ്രജ്ഞയും വളരുന്നു . . . . ഗൗരീശാ, നീ പോകൂ . . . . ഒരു വർഷത്തിനുള്ളിൽ നിന്നിൽ മാറ്റമുണ്ടാകുന്നില്ലെങ്കിൽ പറയൂ."

"മാറ്റം — നല്ല വഴിക്കോ ചീത്ത വഴിക്കോ ?" ഞാൻ ചിരിച്ചു.

"ഏതു വഴിക്കായാലും നല്ലതുതന്നെ. അനുഭവമാണു മുഖ്യം. അങ്ങനെ നോക്കിയാൽ ചീത്ത മാർഗത്തിലാണ് അനുഭവങ്ങളധികം !" എന്നു പറഞ്ഞ് ശ്രീകാന്തനും ചിരിച്ചു.

* * *

ജനുവരി മാസത്തിലെ ഒരു ഞായറാഴ്ച. ഉച്ചയ്ക്ക് ഞാൻ കട്ടിലിൽ കിടക്കുയായിരുന്നു. കുരിശിൽ തറച്ച ക്രിസ്തുവിനെപ്പോലെ കൈ നിവർത്തി കിടക്കുവാൻ ശ്രമിച്ചിരുന്നു. ഉറക്കം മരണത്തിന്റെ അനുജത്തിയാണ്, മരണം സ്വപ്നരഹിതമായ ദീർഘനിദ്രയാണ് എന്ന കവിഭാവന ഞാനോർത്തു. ഞാനൊന്നു മയങ്ങിയെന്നു തോന്നുന്നു. അപ്പോൾ പതുക്കെ വാതിലിൽ ആരോ മുട്ടുന്ന ശബ്ദം കേട്ടു.

"ആരാണ് ?"

"ഞാൻ."

ഞാൻ പെട്ടെന്നെഴുന്നേറ്റു. കാമിനി — ഈ സമയത്ത് — എന്റെ അടുത്ത് —? എന്റെ ആദ്യത്തെ വിചാരം —ശ്രീകാന്തന് എന്തെങ്കിലും സംഭവിച്ചോ ?

"ഇതാ വരുന്നു നിൽക്ക്" എന്നു പറഞ്ഞ് വസ്ത്രം ധരിച്ചുകൊണ്ട് ഞാൻ കതകുതുറന്നു. കാമിനിയുടെ മന്ദഹാസം എന്നിൽ ദിഗ്ഭ്രമമുണ്ടാക്കി.

"എന്താ, എന്നെ കണ്ടിട്ട് അദ്ഭുതമുണ്ടായോ ?"

"ഏ ?"

"ഞാൻ അകത്തു വരട്ടേ ?"

"ശ്രീകാന്തൻ സുഖമായിരിക്കുന്നോ ?"

"ഓ — നല്ല ഉറക്കത്തിലാണ്."

"എന്തിനാണു കട്ടിലിലിരിക്കുന്നത്, കസേരയിലിരിക്കാമല്ലോ." ഞാൻ പറഞ്ഞു. വാതിൽ തുറന്നിടണോ, അടയ്ക്കണോ ?

എന്റെ മുറിയിൽ ഒരു പെണ്ണിനെ കണ്ടാൽ നാളെ വക്കീലിന്റെ വീട്ടുകാർ എന്തു പറയുമെന്നു ഞാൻ ചിന്തിച്ചെങ്കിലും, അതിനെ യൊക്കെ അവഗണിച്ചുകൊണ്ട്, എന്റെ കൈകൾ വാതിൽ അട യ്ക്കുക മാത്രമല്ല, കൊളുത്തിടുകകൂടി ചെയ്തു.

കാമിനി വീണ്ടും മന്ദഹസിച്ചു. കട്ടിലിൽ നിന്ന് എഴുന്നേൽക്കുക മാത്രം ചെയ്തില്ല. ഞാനൽപം അധീരനായി കസേരയിലിരുന്നു.

"എന്താണു വിശേഷം ?" ഞാൻ ചോദിച്ചു.

"വിശേഷവും കിശേഷവും ഒന്നുമില്ല."

അവളുടെ നോട്ടം എനിക്കു സഹിക്കുവാൻ കഴിഞ്ഞില്ല.

"ചായ തയ്യാറാക്കട്ടേ ?" ഞാൻ ഉപചാര വാക്കുകൾ പറഞ്ഞു.

"ഇപ്പോഴൊന്നും വേണ്ടാ. നിങ്ങൾക്കു വേണമെങ്കിൽ ഞാൻ തന്നെ ചായ ഉണ്ടാക്കിത്തരുമല്ലോ . . . . തയ്യാറാക്കട്ടേ ?"

"ഛെ. നീ എന്റെ മുറിയിൽ വരുമ്പോൾ എന്റെ അതിഥിയാണ്. അതിഥിയുടെ അധികാരം ആതിഥ്യം സ്വീകരിക്കുക മാത്രമാണ്."

"ആചാരവാക്കുകളെന്തിനാണു പറയുന്നത് ? ഞാനെന്താ, അന്യയാണോ ?"

"അന്യയല്ലാതെ പിന്നാരാണ് ?"

"ഇതെന്തൊരു വാക്കാണു ഗൗരീശാ ?"

"ദൃഷ്ടാന്തം ! . . . . അതിരിക്കട്ടെ. ആദ്യം ചായയുണ്ടാക്കാം."

"നിങ്ങൾ സ്റ്റൗ കത്തിക്ക്. ബാക്കിയെല്ലാം ഞാൻ ചെയ്യാം."

മൂലയിൽ കിടന്ന പഴഞ്ചൻ മേശപ്പുറത്ത് ചായ തയ്യാറാക്കുന്ന ജോലി തുടങ്ങി . . . . എന്റെ മുറിയിൽ വച്ചുള്ള അവളുടെ നടപ്പും നോട്ടവും, കൊച്ചുകൊച്ചു ചോദ്യങ്ങളും ('രണ്ടു കപ്പു വെള്ളം മതിയോ ?', 'ഈ പാത്രം കഴുകിയിട്ട് എത്ര വർഷമായി ?' 'ഈ കപ്പിനു പിടിയില്ലല്ലോ !' 'സ്ട്രോങ്ങോ ലൈറ്റോ ?') എന്റെ അന്ത രംഗത്തിലെ ഏതോ കിനാവിനു മേളം ചേർത്തതുപോലെ തോന്നി. എനിക്ക് സന്തോഷമനുഭവപ്പെട്ടു. പക്ഷേ അവളുടെ അംഗവിന്യാസ ങ്ങളുടെ നേർക്ക് ഒരു തരം നിർവികാരഭാവത്തോടെ നോക്കിയി രുന്നു. അവളുടെ മോഹകതയിൽ നിന്ന് ഉത്തേജിതനായി ഞാന വളെ ആലിംഗനം ചെയ്യാൻ ശ്രമിക്കേണ്ടതായിരുന്നു. പക്ഷേ അത്ത രം അഭിലാഷത്തിന്റെ കണിക പോലും എന്നിലില്ലല്ലോ എന്നോർത്ത് അൽപം മോശം തോന്നി. ചായ ഉണ്ടാക്കിയപ്പോൾ ഞങ്ങളുടെ കൈ കൾ പരസ്പരം സ്പർശിച്ചെങ്കിലും രോമാഞ്ചമുണ്ടായില്ല, ഹൃദയം തുടിച്ചില്ല.

ഞങ്ങൾ രണ്ടുപേരും കട്ടിലിലിരുന്നു ചായ കുടിക്കുവാൻ തുടങ്ങി.

"ഗൗരീശാ, ആദ്യത്തെപ്പോലെ നിങ്ങളെന്താണ് എന്നോടു സംസാ രിക്കാത്തത് ? ഞങ്ങളുടെ വീട്ടിൽ വരുമ്പോൾ മുഖം വീർത്തിരിക്കും. *You are really stupid.*"

"സ്റ്റുപിഡ് മാത്രമാക്കുന്നതെന്തിന് ? മാഡ് കുട്ടി !"

"അതെ — നിങ്ങൾക്കെന്തുപറ്റി. ഈ ടേമിൽ കോളേജിലും അധികമൊന്നും പോയിട്ടില്ലെന്നു കേട്ടു. നിങ്ങളുടെ ടേം ഗ്രാൻറാകാതിരുന്നാൽ . . . . ? പഠിത്തമെന്തെങ്കിലും നടക്കുന്നുണ്ടോ ? ഒരൊറ്റ പുസ്തകം പോലും നിങ്ങളുടെ മേശപ്പുറത്തു കാണുന്നില്ലല്ലോ. പിന്നെന്താണു ചെയ്യുന്നത് ?"

"ജീവൻ നിലനിർത്തുവാനുള്ള ശ്രമം."

"ഹായ്, ജീവിതത്തിൽ വിഷമമുണ്ടാകാൻ തക്കതെന്തുണ്ടായി ?"

"അതു നിനക്കു മനസ്സിലാകില്ല".

"അതൊക്കെ എനിക്കറിയാം. മിനിഞ്ഞാന്ന് അണ്ണൻ അമ്മയോടു പറഞ്ഞല്ലോ. അമ്മ എന്നോടെല്ലാം പറഞ്ഞു."

"എന്തു പറഞ്ഞു?"

"അമ്മ അണ്ണനോടു ചോദിച്ചുപോലും — ഈയിടെയായി നമ്മുടെ ഗൗരീശൻ എന്താണിങ്ങനെ പെരുമാറുന്നതെന്ന്. ഊണിനു നിൽക്കാൻ പറഞ്ഞാൽ പണ്ടത്തെപ്പോലെ നിൽക്കുന്നില്ല. ചായകുടിക്കാൻ പറഞ്ഞാൽ പെട്ടെന്നു തന്നെ വേണ്ടെന്നു പറയും. ആദ്യത്തെപ്പോലെ വർത്തമാനം പറയാൻ അകത്തുവരുന്നില്ല. എന്തെങ്കിലും ചോദിച്ചാൽ ഉണങ്ങിയ ഒരു ചിരി ചിരിക്കും . . . . അപ്പോൾ അണ്ണൻ പറഞ്ഞത്രെ. ഗൗരീശന്റെ ഈ പെരുമാറ്റത്തിനു നിങ്ങളുടെ മകളാണു കാരണക്കാരി. അവന്റെ സ്നേഹത്തിനു കാമിനി എള്ളോളം വില കൽപിക്കുന്നില്ല. ഇതു മാത്രമല്ല, എന്നെക്കുറിച്ചു മറ്റെന്തൊക്കെയോ പറഞ്ഞത്രെ. അതൊക്കെ അണ്ണനോടാരാണു പറഞ്ഞതെന്നു മനസ്സിലായില്ല."

"എന്തുകൊണ്ട്? ഞാൻ തന്നെ എല്ലാം അവനോടു പറഞ്ഞിട്ടുണ്ട്."

"എല്ലാം എന്നു പറഞ്ഞാൽ?"

"എന്റെ പ്രേമം അവനിൽ നിന്നും മറച്ചു വയ്ക്കണമെന്ന് എനിക്കൊരിക്കലും തോന്നിയിട്ടില്ല. അതുകൊണ്ട് . . . ."

എന്റെ പ്രേമകഥയിൽ അവളുടെ എല്ലാ കഥകളുടെയും സമാവേശമുണ്ടെന്ന് അവൾക്കു മനസ്സിലായില്ല. കാരണം, എന്റെ മറുപടികൊണ്ട് അവൾ സമാധാനപ്പെട്ടെന്നു തോന്നി.

"നിങ്ങളൊരു ഭ്രാന്തനാണ്. അണ്ണനെന്നു പറഞ്ഞാൽ നിങ്ങൾക്കു ദൈവമാണ്. അണ്ണന്റെ ആശീർവാദവും ഉപദേശവുമില്ലാതെ നിങ്ങളുടെ വണ്ടി മുന്നോട്ടു നീങ്ങുകയേ ഇല്ല!"

"അങ്ങനെയൊന്നും ധരിക്കണ്ടാ. ഞാൻ ധാറവാഡ വിട്ടു ബോംബെയ്ക്കു പോകാനിരിക്കുകയാണെന്നു നീ അറിഞ്ഞുകാണുമല്ലോ— എന്റെ സ്വന്തം കാലിൽ നിൽക്കാൻ പഠിക്കാൻ . . . ."

"ഹായ് ബക്കപ്! എനിക്കു ബോംബെയിൽ താമസിക്കണമെന്നു വളരെയേറെ ആഗ്രഹമുണ്ട്."

ഞാൻ മനസ്സിൽ പറഞ്ഞു. അതെ, ബോംബെയിൽ നിന്റെ ശക്തി—യുക്തികൾക്കു വിസ്തൃതമണ്ഡലം ലഭിച്ചേക്കാം!

അൽപം കളിമട്ടിൽ ഞാൻ ചോദിച്ചു "എങ്കിൽ എന്റെ കൂടെ വരുന്നോ?"

"ഓഹോ അതിനെന്താ? നിങ്ങൾക്കു വിളിച്ചുകൊണ്ടു പോകാൻ തക്ക സാമർത്ഥ്യമുണ്ടായതിനുശേഷം എന്തുകൊണ്ടു വന്നു കൂടാ?"

"അത്തരം ക്ഷണം കൊണ്ടെന്താണു പ്രയോജനം, എല്ലാം അവസാനിച്ച ശേഷം?"

"എല്ലാം? എന്തവസാനിച്ചു?"

"നമ്മൾ തമ്മിലുള്ള ബന്ധം . . . ." ഞാനറിയാതെ തന്നെ എന്റെ ശബ്ദം വിറപൂണ്ടിരുന്നു . . . .

"നിങ്ങളുടെ ഈ വിചിത്രമായ നിരാശയുടെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല . . . . നിങ്ങളോടെനിക്കു താൽപര്യമില്ലെന്ന തോന്നൽ നിങ്ങൾക്കെങ്ങനെയുണ്ടായി? നിങ്ങൾ ഒരു വിചിത്ര ഭ്രാന്തനാണ്! ഇത്രയ്ക്കൊക്കെ സംഭവിച്ചതിനു ശേഷം ഇനിയും എന്തു തെളിവു വേണം . . . . ഈ ആണുങ്ങളെല്ലാം ഇങ്ങനെയാണ്!. . . . ഗൗരീശാ, സത്യമായിട്ടും എന്നെ വിവാഹം കഴിക്കണമെന്നുണ്ടോ, പറയൂ . . . ."

കാമിനി ചായക്കപ്പുകൾ മേശപ്പുറത്തു വച്ചിട്ടുവന്നു. എന്നോടേറ്റവുമടുത്തു നിന്നുകൊണ്ട് അവൾ പറഞ്ഞു. "പറയൂ . . . ."

ഞാൻ ദിങ്മൂഢനായി. ഈ മോഹക ശൂർപ്പണഖയുടെ മുന്നിൽ ഞാൻ ദുർബലനായി. 'പറയൂ . . . .' — എന്തു പറയാൻ? തല! അവളുടെ ചൂടുള്ളതും മൃദുവുമായ കൈയിൽ നിർജീവമായി എന്റെ കൈ ഒതുങ്ങിയതു ഞാനറിഞ്ഞു . . . . എന്റെ കൈ ഞാൻ പിൻവലിച്ചു! . . . .

"ഗൗരീശാ, എന്താണിങ്ങനെ സ്ഫിംക്സനെപ്പോലെ കല്ലായിട്ടു കുത്തിയിരിക്കുന്നത്? എന്തിനാണു ഭയം?" എന്റെ മുഖം അവളുടെ നേർക്കു തിരിച്ച് എന്റെ കണ്ണുകളിലേക്കു നോക്കുവാൻ അവൾ ശ്രമിച്ചു. അവളുടെ കണ്ണുകളിൽ ക്ഷണം ഉണ്ടായിരുന്നു.

"വരൂ — കണ്ണിൽ നോക്ക് — ചുണ്ടിൽ ചുണ്ടു മുട്ടിക്ക് . . . ."

ഞാൻ കോപിച്ചെഴുന്നേറ്റു. "കാമിനീ, എന്നെ മോഹിപ്പിക്കേണ്ടാ — don't tempt me . . . . അതുകൊണ്ടെന്താണു ഫലം? . . . ."

"ഗൗരീശാ, സമ്മതിച്ചു — നിങ്ങളെ വിവാഹം കഴിക്കുവാൻ ഞാൻ സമ്മതിച്ചു . . . . എന്റെ സമ്മതത്തിന്റെ പേരിലിതാ—" എന്നു പറഞ്ഞ് എന്റെ ചുണ്ടിൽ അവൾ അവളുടെ ചുണ്ടമർത്തി.

എന്റെ ശരീരം വിറച്ചു, കൊടുങ്കാറ്റിൽപെട്ട വനത്തെപ്പോലെ!

എന്റെ ദൗർബല്യം മറയ്ക്കുവാൻ വേണ്ടി നാടകീയമായ വേഗത്തിൽ അവളെ ഗാഢം പുണർന്ന്, അവളുടെ ചുണ്ടുകളിൽ കടിച്ച്,

അവളുടെ ശരീരം എന്നിൽ നിന്നു തള്ളി മാറ്റി.

"ഗൗരീശാ . . . . "

"കാമിനീ . . . . നീ . . . . നീ . . . . നിൻെറ വഴിവേറെ . . . . എൻെറ വഴി വേറെ . . . . അല്ലെങ്കിൽ എനിക്കു വഴിയേ ഇല്ല."

"ഞാൻ നിങ്ങൾക്കു വഴികാണിക്കട്ടേ? . . . . വരൂ ഗൗരീശാ. . . . എനിക്കു നിങ്ങളെ വേണം . . . ."

അവൾ എൻെറ കൈ പിടിച്ചു വലിച്ചപ്പോൾ ബാലൻസ് തെറ്റി ഞാനവളുടെ ശരീരത്തിൽ ചെന്നു വീണു — അവളുടെ കൈകൾ എന്നെ ബന്ധിച്ചു . . . .

"കാമിനീ, ഇതൊക്കെ കള്ളമാണ്. എൻെറ മനസ്സ് എന്നോടു പറയുന്നു ഇതൊക്കെ കള്ളമാണെന്ന് . . . . എന്നെ വിട് . . . . എൻെറ പ്രേമം ഇത്തരമല്ല. ഇങ്ങനെ ഉണ്ടായിട്ടുമില്ല."

ആ ഭൂതകാല പ്രയോഗത്തിൽ (ഇങ്ങനെ ഉണ്ടായിട്ടുമില്ല എന്ന വാക്കുകളിൽ) ഒരു ഭയങ്കര ബോംബു തന്നെ അടങ്ങിയിരുന്നു.

കാമിനി അപമാനിതയായെന്നു തോന്നുന്നു. മുഖം കുനിച്ച് അവൾ എത്രയോ നേരം വെറുതെയിരുന്നു!

ഞാനും വെറുതെ ഇരുന്നു! എൻെറ മൗനത്തിൽ ഒരു ഭയങ്കര കുറ്റാരോപണം ഉണ്ടായിരുന്നു . . . . (മനസ്സിലെ ഉത്ക്കട വിചാരങ്ങൾ വ്യക്തമാക്കുവാനുള്ള ശക്തി വാക്കുകൾക്കില്ല, മൗനത്തിനുണ്ട്!)

അൽപ സമയത്തിനുശേഷം കാമിനി ചോദിച്ചു. "അങ്ങനെയാണെങ്കിൽ നിങ്ങളുടെ ഇത്രയും നാളത്തെ പറച്ചിലും പെരുമാറ്റവും വെറും അഭിനയമായിരുന്നോ?"

"വേണമെങ്കിൽ അങ്ങനെ വിചാരിച്ചോളൂ . . . . അഥവാ അങ്ങനെ വിചാരിക്കുന്നതു തന്നെയാണു ബുദ്ധി . . . . കാമിനീ, നമ്മൾ വെറും ഫ്രണ്ട്സ് അല്ലേ?"

കാമിനി ദ്വാരം വീണ ബലൂൺ പോലെയായിത്തീർന്നിരിക്കണം (അവളുടെ സൂചി കൊണ്ടു തന്നെ അവളുടെ ബലൂൺ ഞാൻ പൊട്ടിച്ചു . . . .) കാമിനി പെട്ടെന്നു കോപിച്ചെഴുന്നേറ്റു. നേരേ മേശപ്പുറത്തിരിക്കുന്ന കണ്ണാടിയുടെ സമീപം പോയി അതിൽ നോക്കി മുടിയും വസ്ത്രങ്ങളും ശരിയാക്കി. അതിനുശേഷം എൻെറ നേർക്കു തിരിഞ്ഞ് കപടകോപത്തോടെ "നിങ്ങൾ വഞ്ചകനാണ്. നിങ്ങളോടു ഞാനൊരിക്കലും ക്ഷമിക്കുകയില്ല. ഞാൻ വന്നതു തന്നെ തെറ്റായിപ്പോയി. എന്നോടു ക്ഷമിക്ക്" എന്നു പറഞ്ഞ് ചെരിപ്പ് കൊണ്ടു ശബ്ദമുണ്ടാക്കി കടന്നുപോയി . . . .

ഫട് . . . . ഫട് . . . . ഫട് . . . . .

അവൾ പോയതിനുശേഷം ഞാൻ വാതിലടച്ച് അവളുടെ ശരീരത്തിൻെറ ചൂടുള്ള തലയിണയിൽ വീണ് വിങ്ങിവിങ്ങിക്കരഞ്ഞു. കണ്ണുനീർ ധാരധാരയായൊഴുകി . . . . ഇവിടെവച്ച് അവസാനി

ച്ചു . . . . ദൈവമേ . . . . ദൈവമേ . . . . എൻെറ കാമിനി ഉള്ളം കൈയിലെടുത്ത വെള്ളത്തെപ്പോലെ ചോർന്നുപോയി . . . . ഇനി എങ്ങോട്ട് ഒഴുകിപ്പോകുമോ എന്തോ? . . . . അവളെ പിടിച്ചു നിർത്തുവാൻ വേണ്ട ശക്തി എന്നിലുണ്ടോ? എന്നിൽ ശക്തി പ്രതീക്ഷിച്ച് അവൾ വന്നു. പക്ഷേ ഞാൻ ദുർബലനാണ് . . . . അവളുടെ പ്രവാഹത്തിന് അണക്കെട്ടായി നിൽക്കാൻ കഴിവില്ലാത്ത ദുർബലൻ . . . . എൻെറ ദൗർബല്യം മറയ്ക്കുവാൻ ഞാനവളെ ദൂരെയോടിച്ചു . . . .

* * *

സത്യേന്ദ്രൻ പിന്നീടു പറഞ്ഞു "നിൻെറ നടപടി ശരിയാണ്. അവൾക്കു തക്ക ശിക്ഷ കിട്ടി . . . . നീ പകരം ചെയ്തു . . . ."

പകരം! എനിക്കു പകരത്തെക്കുറിച്ചുള്ള വിചാരമേ ഇല്ലായിരുന്നു. തൻെറ അഭിമാനത്തിന് ആഘാതമേൽക്കുന്ന സ്വാഭിമാനിയായ മനുഷ്യൻ പ്രതികാരം ചെയ്യുവാനാഗ്രഹിക്കുന്നു . . . . എന്നിലുണ്ടായിരുന്നത് എൻെറ ദൗർബല്യത്തെക്കുറിച്ചുള്ള ഉത്കടമായ അറിവായിരുന്നു; എന്നിൽ വേണ്ടത്ര ശക്തിയുണ്ടായിരുന്നെങ്കിൽ എൻെറ വ്യക്തിത്വം വേണ്ടത്ര പ്രഭാവമുള്ളതായിരുന്നെങ്കിൽ ആദ്യം മുതലേ കാമിനി എൻെറ പിടിയിൽ തന്നെ നിൽക്കുമായിരുന്നു. അവൾ മറ്റുള്ളവരുടെയടുത്തേക്ക് നിരങ്കുശമായി പോകുമായിരുന്നില്ല. 'നിങ്ങളെ വിവാഹം കഴിക്കാൻ ഞാൻ സമ്മതിച്ചു '— ഏതോ ബാഹ്യകാരണം അവളെക്കൊണ്ട് അങ്ങനെ പറയിച്ചതാണെന്നു വ്യക്തമാണ്. അവളുടെ അന്തരംഗത്തിൽ നിന്നു വന്ന വാക്കുകളല്ല, അവ . . . . ഒരു വേള ഞങ്ങളുടെ വിവാഹം നടന്നാലും ഞങ്ങളുടെ ആദ്യബന്ധത്തിൻെറ രൂപം മാറുകയില്ല . . . . കാരണം മനുഷ്യബന്ധത്തിൻെറ വളർച്ച ഒരു സജീവ ബീജത്തിൻെറ വളർച്ചയാണ്. ബീജം വളർന്ന് ഒരിക്കൽ അതിൻെറ രൂപം വ്യക്തമായിക്കഴിഞ്ഞാൽ അതിനു മാറ്റം വരുത്താൻ ബ്രഹ്മാവിനുപോലും കഴിയുകയില്ല . . . . ഞങ്ങളുടെ ബന്ധം അപ്പോൾ തന്നെ വ്യക്തമായ രൂപം കൈക്കൊണ്ടിരുന്നു. വിവാഹം കഴിഞ്ഞാലുടൻ ആ രൂപത്തിനു മാറ്റം വരിക സാധ്യമല്ല.

ഓ, ഒരു മാർഗം മാത്രമുണ്ടായിരുന്നു. 'എൻെറ'യോ 'അവളുടെ'യോ സ്വഭാവം ആദ്യം തന്നെ പ്രയത്നപൂർവകമായി മാറ്റിയിരുന്നെങ്കിൽ ഞങ്ങൾ തമ്മിലുള്ള ബന്ധത്തിൽ പരിവർത്തനം വരുത്താൻ കഴിയുമായിരുന്നു . . . . അത്തരം മാറ്റം — വ്യക്തിത്വത്തിലെ മാറ്റം— ഇണങ്ങിവരാൻ ഒരൊറ്റ സാഹചര്യമേ ഉള്ളു— കാലം!

* * *

കാലം പ്രവഹിച്ചുകൊണ്ടിരുന്നു . . . . ഇപ്പോഴത്തെ ഗൗരീശൻ ആദ്യത്തെ ഗൗരീശനല്ല. അതു പോലെ തന്നെ ഇപ്പോഴത്തെ കാമിനി ആദ്യത്തെ കാമിനിയിൽ നിന്നു ഭിന്നയായിരിക്കണം . . . . ഗൗരീ

ശൻെറയും കാമിനിയുടെയും ബന്ധം — ഗൗരീശൻ1 — കാമിനി1മാരുടെ ബന്ധം1 ബന്ധമുണ്ടാകാനിടവന്നാൽ വ്യത്യസ്തമായിരിക്കാം! . . . . നോക്കണം — രണ്ടു മൂന്നു ദിവസം കഴിഞ്ഞാൽ ധാറവാഡയിൽ വച്ചു കാമിനിയെ കാണുന്നുണ്ട്. പക്ഷേ, ഭാഗ്യത്തിന്, 'ഗുഡ്ബൈ' പറയുകയാണ് എൻെറ ജോലി . . . . ബന്ധമുണ്ടായാൽ തന്നെ ഒരു നാഴിക നേരത്തേക്കു മാത്രം. അതുകൊണ്ട് എനിക്ക് ഒരു തരത്തിലുമുള്ള ഭയമോ അനുമാനമോ ഇല്ല . . . .

* * *

ഇന്നു വെളുപ്പിന് എഴുന്നേറ്റ് ഇക്കഴിഞ്ഞ ഏഴെട്ടു പേജുകളെഴുതി. പിന്നീട് കുളിക്കുവാൻ പോയി. മനസ്സാകെ അസ്വസ്ഥമായിരുന്നു. ഈ വിഷയം രാത്രിയുടെ വിശിഷ്ടമായ ഏകാന്തതയിൽ എൻെറ സ്മൃതിയുടെ ഗർഭത്തിൽ നിന്നു പുറത്തു വന്നിരുന്നെങ്കിൽ അതിനു മറ്റൊരു രൂപം തന്നെ വരുമായിരുന്നു! രാത്രി സമയങ്ങളിൽ ഭാവനകളുടെ ഉത്കടത വ്യക്തമാകുന്നതുപോലെ പകൽവെളിച്ചത്തിൽ വ്യക്തമാവുകയില്ല. കാമിനി അന്നുച്ചയ്ക്കല്ലാതെ രാത്രിയിൽ വന്നിരുന്നെങ്കിൽ ഞങ്ങളുടെ ബന്ധം മറ്റൊരു വഴിക്കു തിരിയുമായിരുന്നോ!

ഞാൻ കുളിച്ചുകൊണ്ടിരുന്നപ്പോൾ എൻെറ മുറിയുടെ വാതിലിൽ ആരോ മുട്ടുന്ന ശബ്ദം കേട്ടു. പെട്ടെന്നു കുളിച്ചു വസ്ത്രം ധരിച്ച് ഞാൻ എൻെറ മുറിയിലേക്കു പോയി. അപ്പൊഴേക്കും വാതിൽ തുറന്ന് ശശികല ഉള്ളിൽ കടന്നിരുന്നിരുന്നു.

"ഗുഡ് മോണിങ്, ശശി എന്താ അപ്രതീക്ഷിതമായി വന്നത്?"

"എന്താ, ഞങ്ങളോടു ചോദിക്കാതെയും പറയാതെയും ഓടിപ്പോകാൻ തീരുമാനിച്ചിരിക്കുകയാണോ?"

"ചോദിക്കാതെയും പറയാതെയും ഓടിപ്പോകുവാൻ ഞാനൊരു കുറ്റവും ചെയ്തില്ലല്ലോ."

"തീർച്ചയായിട്ടും?" അവളുടെ ശബ്ദത്തിൽ അർഥപൂർണമായ വ്യംഗ്യമുണ്ടായിരുന്നു.

അവളുടെ മറാഠിശബ്ദം, പെൻസിൽ കൊണ്ടു സ്ലേറ്റിൽ വരയ്ക്കുന്നതു പോലെ എൻെറ മനസ്സിൽ അടയാളമുണ്ടാക്കി . . . . അവൾ എന്തോ കാര്യം പറയാനൊരുങ്ങിയിരിക്കുകയാണെന്നെനിക്കു മനസ്സിലായി. നീ ഞാനുമായി സൗഹൃദം സ്ഥാപിച്ചു, എന്നെ ആശിപ്പിച്ചു — അതു തന്നെയാണു നിൻെറ കുറ്റം. ഈ കുറ്റത്തിന് ഒരൊറ്റ ശിക്ഷ മാത്രമാണുള്ളത് — നാം തമ്മിൽ വിവാഹം! . . . . അവളുടെ വാദസരണിക്ക് അവസരം കൊടുക്കരുതെന്നു കരുതി ഞാൻ ചായയുടെ പ്രശ്നമെടുത്തിട്ടു.

"ശശീ, എന്താ ചായയുണ്ടാക്കട്ടേ?"

"ചായയുടെ ആവശ്യമൊന്നുമില്ല. ഉപചാരമൊന്നും വേണ്ടാ."

"ചായ വേണ്ടെന്നു പറഞ്ഞാലെങ്ങനെയാ? ഒരു മിനിട്ടിനുള്ളിൽ

തയ്യാറാകുന്ന സാധനമാണത്.''

"നല്ലത് . . . . ഞാൻ തയ്യാറാക്കട്ടേ?''

"ഇതു പെണ്ണുങ്ങളുടെ ഉപചാരമാണ്! . . . . താങ്ക്സ് . . . .''

ചായയ്ക്കുശേഷം ഞാൻ തന്നെ പ്രധാന കാര്യത്തിലേക്കു കടന്നു.

"നീ എന്തിനാണു വന്നതെന്ന് എനിക്കറിയാം. മിനിഞ്ഞാന്നു സത്യേന്ദ്രൻ പറഞ്ഞു. ശശീ, എന്നെക്കുറിച്ചു നിനക്കെന്തോ തെറ്റിദ്ധാരണയുണ്ടായിരിക്കുന്നു. നമ്മുടെ സ്നേഹത്തിൽ എന്തെങ്കിലും 'സീരിയസ്' ആയി ഉണ്ടെന്ന് എനിക്കു തോന്നുന്നില്ല. എന്റെ പെരുമാറ്റത്തിൽ സംശയമുണ്ടാകത്തക്ക വിധം ആത്മീയത നീ കണ്ടെങ്കിൽ ദയവു ചെയ്ത് എന്നോടു ക്ഷമിക്കണം.''

ശശികല ജനലിലൂടെ പുറത്തേക്കു നോക്കി. പൗഡറണിഞ്ഞ അവളുടെ ഇളംകറുപ്പു മുഖത്ത് സൗന്ദര്യമില്ലെങ്കിലും, മോഹിപ്പിക്കുന്ന ആകർഷകതയില്ലെങ്കിലും ബുദ്ധിയുടെ പ്രകാശമുണ്ട്, സഹാനുഭൂതിയുടെ ഭാവമുണ്ട്.

"ഛേ. തെറ്റിദ്ധരിക്കാൻ ഞാനെന്താ, 15—16 വയസ്സുള്ള കുഞ്ഞാണോ? . . . . ഞാൻ തന്നെയാണ് ആദ്യം ഒരു ചുവടു മുന്നോട്ടു വന്ന് നിന്നിൽ താൽപര്യം കാണിച്ചത്. നീ പുതുതായി വന്നപ്പോൾ നിന്റെ മുഖത്തെ വിചാരപൂർണ ദുഃഖഭാവം എന്റെ മനസ്സു കീഴടക്കി. . . നിനക്ക് ഓർമ്മയുണ്ടോ —

ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഒരു ദിവസം ജോലികഴിഞ്ഞ് നമ്മൾ രണ്ടു പേരും കൂടി പുറത്തുവന്നു. അപ്പോൾ ഞാൻ ചോദിച്ചു. എങ്ങനെയാണു പോകുന്നത്? ബസ്സിലോ ട്രെയിനിലോ? കാൽനടയായാണെന്നു നിങ്ങൾ മറുപടിപറഞ്ഞു. അങ്ങനെയാണെങ്കിൽ ഞാനും നിങ്ങളുടെ കൂടെ നടന്നു വരാം — നിങ്ങൾക്കു വിരോധമില്ലെങ്കിൽ എന്നു ഞാൻ പറഞ്ഞു. മറൈൻ ഡ്രൈവ് — ചൗപാട്ടിയിലൂടെയുള്ള ആ സവാരിക്കിടയിൽ അന്നു നമ്മൾ വളരെയധികം സംസാരിച്ചു. നിങ്ങളുടെ ശാന്തമായ ഉദാസീനഭാവം എനിക്കുതികച്ചും പുതുതായിരുന്നു; നിങ്ങളുടെ നിഷ്കപടമായ സരളത എന്റെ ഹൃദയത്തിൽ ചലനമുണ്ടാക്കി . . . . അന്നുമുതൽ എനിക്കു നിങ്ങളോടു പ്രേമം തോന്നി . . . . ഒരു വർഷത്തെ നമ്മുടെ അടുത്തബന്ധം — ലക്ചറുകൾക്കു നാമൊന്നിച്ചു പോയി, പ്രാക്റ്റിക്കലുകളൊന്നിച്ചു ചെയ്തു, അവസാനം പഠിത്തം വരെ നമ്മളൊന്നിച്ചു നടത്തി. ഈ സൗഹൃദം വിവാഹത്തിൽ കലാശിക്കുമെന്ന് എല്ലാവരും പ്രതീക്ഷിച്ചു. എന്റെ വിവാഹത്തെക്കുറിച്ചുള്ള ചിന്തയിൽ നിന്ന് എന്റെ ചിറ്റപ്പൻ പോലും പൂർണമായും വിമുക്തനായിരുന്നു. നിങ്ങളെ ഞാനൊരിക്കൽ എന്റെ വീട്ടിൽ വിളിച്ചുകൊണ്ടു വന്നപ്പോൾ എന്റെ വീട്ടുകാർക്ക് എന്നെക്കുറിച്ച് എത്രമാത്രം അഭിമാനം തോന്നിയെന്നോ! നിങ്ങളോട് അവർ എത്രമാത്രം ആദരവും സ്നേഹവും കാണിച്ചു — ഓർമയു

ണ്ടോ?"

"പക്ഷേ ശശീ, എന്നിൽ പ്രേമത്തെക്കുറിച്ചുള്ള വിചാരം അറിയാതെ പോലും ഉണ്ടായിട്ടില്ല . . . . ക്ഷമിക്കണം . . . . ഇത്രയ്ക്കു പ്രതീക്ഷയും ആശയും നിന്നിലും നിൻെറ വീട്ടുകാരിലും ജനിപ്പിക്കുവാൻ! . . . . ഇത്ര വ്യക്തമായി സംസാരിക്കുന്നെന്നു കരുതി നീ തെറ്റിദ്ധരിക്കരുത്!"

"അതെ. തെറ്റുമുഴുവൻ എൻേറതുതന്നെയാണ്. ഗൗരീശാ, നിങ്ങൾക്കു പ്രേമം എന്താണെന്നു മനസ്സിലായിട്ടുണ്ടോ?"

കരയണോ ചിരിക്കണോ എന്നറിയാതെ ഞാൻ പരുങ്ങി!

"ഗൗരീശാ, നിങ്ങൾ ഡോലിയെ വിവാഹം ചെയ്യുമോ?"

"ഡോലിയെക്കുറിച്ച് നിന്നോടാരു പറഞ്ഞു?"

"പൂച്ച കണ്ണടച്ചോണ്ടു പാലു കുടിക്കുമെന്നു കരുതി — അതിരിക്കട്ടെ. എൻെറ ചോദ്യത്തിനുത്തരം പറയൂ."

"നിൻെറ ചോദ്യത്തിനു മറുപടി. 'ഇല്ല!' പക്ഷേ അതും നീയും തമ്മിൽ എന്താണു ബന്ധം?"

"അവളോടു നിനക്കു പ്രേമമുണ്ടോ?"

"നീ നല്ല ക്രോസ് എക്സാമിനേഷൻ തുടങ്ങിയിരിക്കയാണല്ലോ! . . . . നിൻെറ ചോദ്യത്തിനുത്തരമില്ല."

"അങ്ങനെയാണെങ്കിൽ നീ എന്നെ ആഫ്രിക്കയ്ക്കു കൊണ്ടുപോകുമല്ലോ."

"ഏ?"

"നിങ്ങൾക്കു വേണ്ടി എന്തു ചെയ്യാനും ഞാൻ തയ്യാറാണ്. നിങ്ങളുടെ പ്രേമമില്ലെങ്കിലും, സ്നേഹം മതി എനിക്ക്. നിങ്ങളുടെ സ്നേഹത്തിൽ നിന്ന് എനിക്കു കിട്ടിയിട്ടുള്ളത്ര സമാധാനം മുമ്പെങ്ങു നിന്നും എനിക്കു കിട്ടിയിട്ടില്ല. നിങ്ങളുടെ സഹാനുഭൂതി ഒന്നു മാത്രം മതി, എൻെറ ജീവിതം സഫലമാകാൻ. എൻെറ സ്നേഹം ഒരു വർഷം സഹിച്ച നിങ്ങൾക്ക് എൻെറ ആജന്മ—അഖണ്ഡസ്നേഹം സഹിക്കുവാൻ പ്രയാസമുണ്ടാവുകയില്ല ഗൗരീശാ! . . . ."

"ശശീ, സൗഹൃദത്തിൻെറ കാര്യം വേറെ, പ്രേമത്തിൻെറ കാര്യം വേറെ . . . . രണ്ടും എനിക്കു വേണ്ടാ, ജീവിക്കുവാൻ — ജീവിതം സഫലമാകുന്ന പ്രശ്നമേ ഇല്ല . . . ."

"ജീവിതത്തിൻെറ നേർക്ക് ഇത്രമാത്രം അസ്വസ്ഥതയും ഉദാസീനതയും എന്താണ്?"

"അസ്വസ്ഥത ഉണ്ടായാൽ ആത്മഹത്യ ചെയ്യുമായിരുന്നു. അല്ലെങ്കിൽ ഉപഭോഗത്തിൽ മുഴുകുമായിരുന്നു . . . ."

"അങ്ങനെയാണെങ്കിൽ . . . ."

"ഞാൻ ആഫ്രിക്കയ്ക്കു പോകുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടായിരിക്കാമെന്നു തോന്നുന്നില്ലേ?"

"അർത്ഥം!" അവളുടെ ശബ്ദത്തിൽ അത്ഭുതം നിറഞ്ഞിരുന്നു.

"ഉം."

"എന്തർത്ഥം?"

"അത് അപഗ്രഥിച്ചു പറയുവാൻ കുറച്ചു സമയം കൊണ്ടു പറ്റില്ല . . . ."

"അതേപ്പറ്റി സൂചനയെങ്കിലും?"

"മുക്തി?"

"അങ്ങനെയാണെങ്കിൽ . . . . തപസ്സാണോ?"

"നിനക്കു സൂചനമാത്രം മതിയായിരുന്നു. അല്ലേ? സൂചന തന്നു കഴിഞ്ഞു. വിശദീകരണം തരാൻ എനിക്കു പറ്റില്ല . . . ."

"നിൻെറ തപശ്ചര്യയിലും മുക്തിയിലും ഞാൻ തടസ്സമാകുമോ?"

"ഇതെന്തൊരു പിള്ളാരുചോദ്യമാണു ശശീ? ക്ഷമിക്കണം. നിൻെറ ഒരു വർഷത്തെ മുക്തമനസ്സോടുകൂടിയ അടുപ്പം എൻെറ ജീവിതത്തിന് അപ്പോൾ ഒരു തരത്തിൽ ആവശ്യമായിരുന്നോ എന്തോ! അതിനുവേണ്ടി ഞാൻ അത്യന്തം കൃതജ്ഞനാണ് . . . . ആ സൗഹൃദം മധുരിക്കുന്ന ഒരോർമ്മയായി നമ്മുടെ ജീവിതത്തിൽ നിലനിൽക്കുമെന്നതിൽ സംശയമില്ല . . . . ശശീ, നിനക്ക് എന്നേക്കാൾ നല്ല ഭർത്താവിനെ ലഭിക്കും. തീർച്ച. നിൻെറ ജീവിതം സുഖമയമായിരിക്കട്ടെ." എൻെറ കൺഠം നിറഞ്ഞുവന്നു.

"ശശികലയുടെ കൺഠനാഡികളെഴുന്നു നിന്നു. മുഖം മറുവശത്തേക്കു തിരിച്ച് അവൾ കീഴ്ചുണ്ടു കടിച്ചു പിടിച്ചു.

"ഗൗരീശാ, എന്താണു പറയേണ്ടതെന്ന് എനിക്കറിഞ്ഞു കൂടാ . . . ." അവളുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ധാരധാരയായി പ്രവഹിക്കുവാൻ തുടങ്ങി . . . . "ഗൗരീശാ, ഞാൻ ജനിക്കേണ്ടായിരുന്നു . . . ."

ഞാൻ മുഢനെപ്പോലെ അവളുടെ മുഖത്തേക്കു നോക്കിക്കൊണ്ടിരുന്നു — നിർവികാരനായി, കിംകർത്തവ്യതാമൂഢനായി . . . .

* * *

മുക്തി എളുപ്പമുള്ള കാര്യമല്ല . . . . നിസ്വാർത്ഥമായ സംഗതിയല്ല! ഗൗതമബുദ്ധൻ ഭാര്യയെയും മകനെയുമുപേക്ഷിച്ചു പോയപ്പോൾ അദ്ദേഹം യഥാർത്ഥത്തിൽ നിസ്വാർത്ഥൻ ആയിരുന്നുവോ? എൻെറ മുക്തിപഥമന്വേഷിക്കുവാൻ ഞാൻ പുറപ്പെട്ടതിൽ ഒരു തരം സ്വാർത്ഥത ഇല്ലേ?

ശശികലയ്ക്ക് ഞാൻ സ്വാർത്ഥനാണെന്നു തോന്നിയിരിക്കാം. അവളുടെ വിഷാദത്തെക്കുറിച്ചും വിചാരത്തെക്കുറിച്ചും എള്ളോളം സഹാനുഭൂതിയോ അനുകമ്പയോ എനിക്കില്ലെന്നു തന്നെ അവൾക്കു തോന്നിയിരിക്കണം. അവളുടെ ദൃഷ്ടിയിൽ ഞാൻ സ്വയം കേന്ദ്രിത അഹംവാദിയായി കണ്ടിരിക്കണം . . . . ഉപായമില്ല.

ശശികലയെക്കുറിച്ച് എനിക്ക് ഒരു തരത്തിലുമുള്ള പ്രേമ വിചാരങ്ങൾ ഉണ്ടായിരുന്നില്ല. അതുകൊണ്ട് അവളുമായി ഞാൻ വളരെയേറെ സ്വാതന്ത്ര്യത്തോടെ പെരുമാറിയിരുന്നു. അവളുടെ കൂടെ ഹോട്ടലിൽപോയി, വിനോദയാത്ര നടത്തി, സിനിമ കണ്ടു — ഒരു സാധാരണ സുഹൃത്തെന്ന മാതിരി . . . . എന്നോട് അവൾക്കു താൽപര്യമുണ്ടെന്ന് ഞാനറിയാതിരുന്നില്ല . . . . മിക്കവാറും അവളുടെ മമത എന്റെ ആന്തരിക അഹംഭാവത്തെ തൃപ്തിപ്പെടുത്തിയിരിക്കണം . . . .

പക്ഷേ . . . . മഹാനഗരത്തിൽ ഇത്തരം ബന്ധങ്ങൾ ഒരു വ്യക്തിയുടെ ജീവിതത്തിൽ എത്രയാണോ എന്തോ! ശശികലയുടെ കണ്ണീരും, പിരിഞ്ഞപ്പോഴുള്ള മ്ലാനവദനവും എന്റെ ഹൃദയത്തെ വേദനിപ്പിച്ചുവെന്നതു സത്യം. ബസ്സിലിരുന്നതിനുശേഷം അവൾ എന്റെ നേർക്കയച്ച അവസാനത്തെ വിചിത്രവും ഹൃദയഭേദകവുമായ നോട്ടം ഞാനൊരിക്കലും മറക്കുകയില്ല, തീർച്ച . . . . എല്ലാം അനിവാര്യമാണ്! ഉപായമില്ല . . . .

* * *

അനിവാര്യം! ജീവിതത്തിൽ പരിഹരിക്കാനാവാത്തതു പലതുമുണ്ട് . . . . വ്യക്തിയെയും സന്ദർഭത്തെയും മനസ്സിലാക്കിയതിനു ശേഷം സംഭവിക്കുന്നതെല്ലാം ഒരു ദൃഷ്ടിയിൽ അപരിഹാര്യമാണ്! . . . .

ഞാൻ ധാറവാഡവിട്ട് ബോംബെയ്ക്കു വന്നത് അനിവാര്യമായിരുന്നില്ലേ? സംഭവിച്ചതിനുശേഷം — ശ്രീകാന്തനിൽ നിന്ന്, അതിലുമുപരി കാമിനിയിൽ നിന്ന്, ദൂരെ....... ദൂരെയെവിടെയെങ്കിലും പോയി ജീവിക്കുന്നത് ഒരു തരത്തിൽ അത്യാവശ്യമായിരുന്നു.

* * *

"നല്ലതു കാമിനീ, ഞാൻ പോകട്ടെ . . . ." എന്റെ കൺഠം നിറഞ്ഞു വന്നു. "എന്റെ എല്ലാ ഭ്രാന്തും മറന്നേക്ക് . . . . എന്റെ തെറ്റുകളൊക്കെ പൊറുക്കണം, കഴിയുമെങ്കിൽ . . . ."

അവൾ എന്തോ പറയാൻ തുടങ്ങുമ്പൊഴേക്ക് ശ്രീകാന്തൻ മുറിയിൽ നിന്നു കടന്നുവന്നു. അപ്പൊഴേക്കും സരളാഭായിയും പുറത്തു വന്നു.

"ഗൗരീശാ, നിന്റെ ഉപകാരം ഞാനൊരിക്കലും മറക്കുകയില്ല. പെട്ടെന്ന് എം.എസ്സി ജയിച്ച്, ജോലി സമ്പാദിച്ച് വിവാഹം കഴിക്ക്. നിന്റെ വിവാഹത്തിനു ഞാൻ തീർച്ചയായും വരും. നോക്കിക്കോ." സരളാമാംശിയുടെ ചിരിയിൽ സഹാനുഭൂതിയുടെ ഭാവമുണ്ടായിരുന്നു.

ഞാൻ സരളാഭായിയെ നമസ്കരിച്ചു. "മാംശീ, വിവാഹക്കാര്യം എന്നോ എന്തോ . . . . നിങ്ങളുടെ അനുഗ്രഹം കൊണ്ട് എം.എസ്സി

ഒന്നു കഴിയട്ടെ . . . . പിന്നത്തെ കാര്യം പിന്നെ. നല്ലത്, ഞാൻ വര ട്ടെ . . . .”

ശ്രീകാന്തനും ഞാനും ടോംഗയിൽ പോയിരുന്നു. അവരുടെ വീ ട്ടുവാതിൽക്കൽ സരളാമാംശിയും കാമിനിയും നിന്നിരുന്നു. കാമിനി യുടെ കണ്ണിൽ ഒരു തുള്ളി നീരെങ്കിലും കണ്ട് ധന്യനാകണമെന്ന ആഗ്രഹമുണ്ടായി. പക്ഷേ കാമിനിയുടെ ചുണ്ടിൽ മന്ദഹാസമുണ്ടാ യിരുന്നു . . . .

“ഗൗരീശാ, ഞങ്ങളുടെ റിസൾട്ട് ബോംബെയിൽ ഔട്ടായാലുടൻ ടെലഗ്രാം ചെയ്യുമോ? പാസ്സാകുമെന്നു വലിയ പ്രതീക്ഷയൊന്നുമി ല്ല . . . . പക്ഷേ ആർക്കറിയാം?കഷ്ടിച്ചു പാസ്സായെങ്കിലോ . . . .” കാമിനിയുടെ ആവശ്യം.

“തീർച്ചയായും . . . .” ഞാൻ ഔപചാരികമായി ‘പോയി വരാം’ എന്നു പറഞ്ഞു കൈവീശി. കാമിനിയും കൈവീശി “ബൈ ബൈ” എന്നു പറഞ്ഞു. സരളാമാംശി “നല്ലത്. പോയി വരൂ” എന്നു പറഞ്ഞു.

വഴിയിൽവച്ച് ശ്രീകാന്തൻ എന്നോടൊന്നും സംസാരിച്ചില്ല. “സാധ നങ്ങളൊക്കെ ശരിയാണോ?” “ഇന്നു വണ്ടി കൃത്യസമയത്തിനു വന്നല്ലോ!” “ഇരിക്കാൻ വേണ്ടത്ര സ്ഥലമുണ്ടോ എന്തോ” “വായി ക്കാൻ കയ്യിലെന്തെങ്കിലുമുണ്ടോ?” “കൂടെക്കൂടെ കത്തയയ്ക്ക്”. . . തുടങ്ങിയ നിസ്സാര കാര്യങ്ങളെക്കുറിച്ചാണു സംസാരിച്ചത്.

പറയാനുള്ളതെല്ലാം തലേ രാത്രിതന്നെ അവൻ പറഞ്ഞിരുന്നു. “നമ്മുടെ വഴികൾ വ്യത്യസ്തമാകുന്നു എന്ന് എനിക്കു തീക്ഷ്ണമായി തോന്നാൻ തുടങ്ങിയിരിക്കുന്നു . . . . അങ്ങനെ നോക്കിയാൽ ഓരോ വ്യക്തിയുടെ വഴിയും വ്യത്യസ്തമാണ്. ചിലപ്പോഴൊക്കെ രണ്ടു വ്യക്തികളുടെ വഴികൾ ഒന്നിനൊന്നു ചേർന്ന് കുറച്ചുനാൾ മുന്നോട്ടു പോയേക്കാം — കാലം, സ്ഥാനം, ധർമ്മം ഇവ മൂലവും ആ വ്യക്തി കൾ തമ്മിലുള്ള ഹാർദമായ ബന്ധനം മൂലവും . . . . ഇപ്പോൾ എനി ക്കൊരാഗ്രഹമാണുള്ളത്. നമ്മുടെ വഴികൾ അനിവാര്യമായി വിഭിന്ന ദിശകളിലേക്കു പോകാമെങ്കിലും നാം തമ്മിലുള്ള ബന്ധം അങ്ങനെ തന്നെ നില നിൽക്കട്ടെ . . . . നില നിൽക്കുമെന്നതിൽ സംശയമില്ല. ഒരിടത്തു തന്നെ ഒന്നിച്ചു കഴിഞ്ഞു കൂടുമ്പോൾ ബന്ധം സ്വയം ദൃ ഢമായിരിക്കുക തന്നെ ചെയ്യും. പക്ഷേ വ്യത്യസ്ത നാടുകളിലായി രിക്കുമ്പോൾ, ഭൗതികമായ അന്തരമുണ്ടാകുമ്പോൾ ബന്ധം ദൃഢ മാക്കി നിർത്തുവാൻ അൽപം പരിശ്രമിക്കേണ്ടിവന്നേക്കാം . . . . നീ ദൂരെപ്പോകുന്നു എന്നു കരുതി എനിക്കു തെറ്റൊന്നും തോന്നുന്നി ല്ല. നിന്റെ വളർച്ചയ്ക്കു വേണ്ടി നീ പോകുന്നു. നിന്റെ വളർച്ച യിൽ എന്റെ വളർച്ചയുണ്ട്, നമ്മുടെ സ്നേഹത്തിന്റെ വളർച്ചയു മുണ്ട്! . . . . ങാ, ഇതു തന്നെയാണ് സ്നേഹത്തിന്റെ രഹസ്യം!

എൻെറ അനുഭവങ്ങൾ മുഴുവൻ എൻേറതല്ല. എൻെറ ഏററവും അടുത്ത സുഹൃത്തുക്കളുടെ അനുഭവങ്ങളും (സഹാനുഭൂതി = സഹ + അനുഭൂതി എന്നതുകൊണ്ട്) ഒരു തരത്തിൽ എൻേറതു തന്നെയാണ്. അങ്ങനെ, അനുഭൂതി മണ്ഡലത്തിൻെറ വ്യാപ്തി തന്നെയാണു സ്നേഹം അല്ലെങ്കിൽ ഏതു തരത്തിലുമുള്ള അടുത്ത മനുഷ്യ ബന്ധത്തിൻെറ അടിസ്ഥാനം. ഇതു കണ്ണു കൊണ്ടു കാണാൻ പററില്ല. എളുപ്പം മനസ്സിലാവുകയുമില്ല . . . . സാഹിത്യത്തിൻെറ പരിണാമവും, അതുപോലെ, പെട്ടെന്നു കണ്ണു കൊണ്ടു കാണാൻ പററില്ല. എളുപ്പം മനസ്സിലാവുകയുമില്ല . . . . നീ പോകൂ, ഗൗരീശാ. സന്തോഷത്തോടെ ചിരിച്ചുകൊണ്ടു പോകൂ. കണ്ണിൽ വെള്ളം നിറയ്ക്കേണ്ടാ . . . . മുഖം കുനിക്കേണ്ടാ . . . . എന്നെക്കുറിച്ചു വിചാരപ്പെടേണ്ടാ . . . . ഞാൻ വിശ്രമിച്ച് എൻെറ ആരോഗ്യം വീണ്ടെടുക്കും . . . . പിന്നീട് ഞാനും ബോംബെയ്ക്കു വരും. . . . ഏതെങ്കിലും ഒരു കോളെജിൽ പഠിക്കാൻ! . . . . പിന്നീട്, പിന്നത്തെ കാര്യം പിന്നെ . . . ." ഈ രീതിയിൽ ശ്രീകാന്തൻ എന്നെ സമാശ്വസിപ്പിക്കുകയും തത്വജ്ഞാനം പറയുകയും ചെയ്തു.

അകന്നുപോയി. തൻെറതായ ത്രിശങ്കുലോകത്തിൽ ഏകനായി ചെന്നെത്തി . . . .

അവൻെറ ഡയറി ആ ത്രിശങ്കുലോകത്തിൻെറ ചരിത്രമാണ്. ശ്രീകാന്തൻെറ മനസ്സിൻെറ ചക്രവ്യൂഹത്തിൻെറ കഥ . . . . അവൻ ഇംഗ്ലീഷിലാണ് എഴുതിയത്. എന്നെങ്കിലും ഒരിക്കൽ അതു കന്നഡയിലേക്ക് പരിഭാഷപ്പെടുത്തണം. പക്ഷേ കന്നഡയിലുള്ള എൻെറ പ്രാവീണ്യം പരിമിതമാണ് . . . .

ഡയറിയുടെ ആദ്യഭാഗത്തിൽ അത്രയ്ക്ക് പുതുതായൊന്നുമില്ല. അവൻെറ എന്നത്തെയും വിചാരങ്ങളും അഭിപ്രായങ്ങളും. പക്ഷേ എല്ലായിടത്തും അവൻെറ തീക്ഷ്ണ മനസ്സിൻെറ സൂക്ഷ്മ വിശകലനം ഉണ്ട്! അവൻേറതായ സത്യാന്വേഷണ ദൃഷ്ടിയുണ്ട്. എല്ലാ അനുഭവങ്ങളും വിചാരങ്ങളും സ്വന്തം മനസ്സിൻെറ ഉരകല്ലിൽ പരീക്ഷിച്ചു നോക്കാതെ സ്വീകരിക്കരുതെന്ന വാശി ഓരോ പേജിലും വ്യക്തമായിരുന്നു. കീററ്സിൻെറ കത്തുകളിൽ കാണാവുന്ന ബുദ്ധിശക്തിയുടെയും കൽപനാശക്തിയുടെയും സംയോഗം എത്രയോ സ്ഥലത്ത് സുലഭമായിരുന്നു . . . .

ആദ്യത്തെ അഞ്ചാറുമാസം ഡയറി കൃത്യമായിരുന്നില്ല. മാസത്തിൽ രണ്ടുമൂന്നു പ്രാവശ്യം എപ്പോഴെങ്കിലും പ്രചോദനം ലഭിക്കുമ്പോഴോ നല്ല പുസ്തകം വായിക്കുമ്പോഴോ എന്തെങ്കിലും പുതിയൊരു വിചാരം മനസ്സിലുദിക്കുമ്പോഴോ— ആരുമായെങ്കിലും ചർച്ച നടത്തുമ്പോൾ അവന് പ്രചോദനം ലഭിച്ചിരുന്നു എന്നു കാണുന്നു— അവൻ ഡയറിയിൽ അവൻെറ വിചാരങ്ങൾ കുറിച്ചിട്ടിരുന്നു എന്നു

തോന്നുന്നു.

ജനുവരി മാസത്തിൽ പെട്ടെന്ന് ഭയങ്കരമായ ഒരു മാറ്റത്തിൻെറ തുടക്കം കാണുന്നു.

"9—1—1952"

"ഈ ജഗത്തുമായുള്ള ബന്ധം ഇന്നു തീർന്നു, ഇനിയും മുമ്പു പിമ്പില്ല."

"ഓ മൃത്യു — വരാനിരിക്കുന്ന എൻെറ നവവധുവേ. ഞാൻ എങ്ങനെയാണ് നിന്നെ സ്വാഗതം ചെയ്യേണ്ടത്?

നീ സ്വയം വന്നോ —

എൻെറ പ്രാണൻ കൊതിച്ച്, പ്രീതി പ്രതീക്ഷിച്ച്? വന്നുവോ, വരൂ, കന്യേ, മഞ്ചത്തിലിരിക്കൂ.

അൽപമെന്തെങ്കിലും സംസാരിക്കൂ, നാട്ടുവാർത്തകൾ പറയൂ,

കളിചിരിയാടൂ കുറേ നിമിഷം . . . . സമയമാകുമ്പോൾ എഴുന്നേൽക്കൂ, കൈപിടിച്ചു വിളിച്ചു കൊണ്ടു പോകൂ ആ വാതിലിനു സമീപം

എൻെറ പ്രാണൻ ഞാനറിയാതെ പിന്തിരിഞ്ഞു നോക്കുന്നതിനു മുമ്പേ

നിൻെറ ചുംബനാമൃതം നൽകൂ,

ആലിംഗനമദ്യം കുടിപ്പിക്കൂ . . . . മത്തനായി കണ്ണടയ്ക്കുന്നതു വരെ . . . .

വാതിലടച്ച് എന്നെ ഇരുത്തൂ ആ — ആ പുഷ്പക വിമാനത്തിൽ — നിൻെറ

സംഗീത ലഹരിയിന്മേലുയരട്ടെ അത്, പറക്കട്ടെ ആകാശ ഗംഗയോളം, ചേരട്ടെ

താരമണ്ഡലത്തിൻെറ മധ്യകേന്ദ്രത്തിൽ, വിരാജിക്കട്ടെ

പ്രാണൻ — നിൻെറ സാമ്രാജ്യത്തിലെ

ശൂന്യസിംഹാസനത്തിൽ . . . .

ഓ മൃത്യു! മൃത്യു! മൃത്യു!"

* * *

ശ്രീകാന്തൻെറ ഈ ഭാവലഹരിക്കു കാരണം, ഉടൻ തന്നെ വാനലെസ്വാഡിക്കു പോകാൻ ഡോക്ടർ അന്ന് അവനെ അറിയിച്ചിരുന്നതാണ്. അവൻെറ അവശേഷിച്ച ഒരു ശ്വാസകോശത്തിനും രോഗം ബാധിച്ചതുപോലെ തോന്നുന്നു; അതു മൂർച്ഛിക്കുന്നതിനു മുമ്പു തന്നെ എല്ലാവിധ ഉപായങ്ങളും നോക്കണം എന്നു സൂചിപ്പിച്ചിരുന്നു. ഇക്കാര്യം ശ്രീകാന്തൻ ആരോടും പറഞ്ഞില്ല. എന്നെപ്പോലും അറിയിച്ചില്ല! ചെക്കപ്പിനായി പോയി വരാം എന്നു വീട്ടിൽ പറഞ്ഞ് വാനലെസ്വാഡിക്കു പോയി. വാനലെസ്വാഡിയിൽ നിന്ന് എനിക്കൊരു കത്തയച്ചിരുന്നു. കത്തിൽ അപൂർവമായ ഉല്ലാസഭാവ

മുള്ളതു പോലെ തോന്നി.

"ഗൗരീശാ നീ സുഖമായിരിക്കുന്നോ? നിൻെറ പരീക്ഷ അടുത്തിരിക്കണം. നന്നായി പഠിക്ക്. ഫസ്റ്റ്ക്ലാസ് വാങ്ങുവാൻ നോക്ക് . . . .

ഞാൻ സുഖമായിരിക്കുന്നു. ഇവിടെ 'റെഗുലർ' ചെക്കപ്പിനായി വന്നവൻ ഇതുവരെ തിരിച്ചു പോയില്ല — പോകാൻ മനസ്സേ വന്നില്ല. കാരണം? ഇവിടത്തെ ഉത്കൃഷ്ടമായ കാലാവസ്ഥയാണോ? ആയിരിക്കാം. ഇവിടത്തെ സ്വച്ഛന്ദമായ ഏകാന്തതയാണോ? ആയിരിക്കാം. എന്നാൽ പ്രധാനകാരണം? നിനക്കൂഹിക്കാൻ കഴിയുമോ? മുമ്പൊരിക്കൽ നീ ഇവിടെ വന്നപ്പോൾ, ഞാൻ പറഞ്ഞതോർമ്മയുണ്ടോ? ങാ, ഹാ, എൻെറ മഹാശ്വേതയുടെ കാര്യം? ങാ, എൻെറ കാര്യത്തിൽ അവൾ കാണിക്കുന്ന താൽപര്യം അപൂർവമാണ്. എനിക്കും അവളുടെ കാര്യത്തിൽ വിചിത്രമായ ആത്മീയത തോന്നുന്നു എന്നതിൽ സംശയമില്ല. ഇതിനു പ്രേമം എന്നു പറയണമോ എന്തോ? അവൾ ദിവസവും . . . . അവൾക്കൊഴിവു കിട്ടുമ്പോൾ എൻെറ മുറിയിൽ വരും. എത്രയോ സമയം സാഹിത്യം, ധർമ്മം, ജീവിതം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു കൊണ്ടിരിക്കും . . . . അവൾക്ക് ഇംഗ്ലീഷ് നോവലുകൾ വായിക്കുന്ന ഭ്രാന്ത് അൽപം കൂടുതലാണ് . . . . നോവലിൻെറ മണ്ഡലത്തിൽ എന്നെക്കാൾ അവൾക്കാണു കൂടുതൽ അറിവ് . . . . അവൾ മതം മാറിയ ക്രിസ്ത്യാനിയാണെങ്കിലും ആ മതത്തിൽ അത്ര ശ്രദ്ധയില്ല . . . . അവളിൽ, ജീവിതോത്സാഹം നിറഞ്ഞു നിൽക്കുന്നു. അവളുടെ ചിരി, അവളുടെ സംസാരം, അവളുടെ അംഗവിന്യാസം . . . . അവളുടെ സകല വ്യക്തിത്വത്തിലും ചൈതന്യം തരുന്ന ശക്തിയുണ്ട് . . . . അവളെക്കുറിച്ചുള്ള താൽപര്യമാണ് എന്നെ ഇവിടെ പിടിച്ചു നിർത്തിയത്. ഞാൻ ഏഴെട്ടുദിവസം കഴിഞ്ഞാൽ ധാറവാഡയിലേക്കു തിരിച്ചു പോകും."

ഏതാണ്ട് അതേ ദിവസം എഴുതിയ ഡയറിക്കുറിപ്പിൽ ഇങ്ങനെ പറയുന്നു.

" . . . . ഇന്ന് ഗൗരീശന് കത്തെഴുതി. വേദന. കള്ളത്തിൻെറ ഭണ്ഡാ രം. വാസ്തവത്തിൽ ഞാൻ വിവരിച്ചതു പോലെയായിരുന്നെങ്കിൽ . . . . ഗൗരീശനും സത്യേന്ദ്രനും ആശ്ചര്യത്തിൽ നിന്ന് ആഘാതം ഉണ്ടാകുമെന്ന് തീർച്ചയാണ് . . . . കള്ളം പറയരുത് വഞ്ചിക്കരുത്, ശരി തന്നെ! പക്ഷേ എൻെറ ദുഃഖത്തിൻെറ ചൂട് അവരെന്തിനനുഭവിക്കണം . . . . ഗൗരീശൻെറ പരീക്ഷ വേറെ. ഇനിമേൽ ആരെക്കൊണ്ടും എനിക്കു പ്രയോജനമില്ല. എന്നെക്കൊണ്ട് ഉപയോഗവും മറ്റുള്ളവർക്കില്ല . . . . ഹാ . . . . ഹാ . . . . മേരിയെക്കൊണ്ടുള്ള ഉപയോഗം?. . . ."

* * *

ഞാനും സത്യേന്ദ്രനും ചിരിച്ചു. ഈ ഭാരിച്ച മത്സ്യവും വലയിൽ വീണല്ലോ! സത്യേന്ദ്രൻ വിവാഹക്ഷണത്തോടൊപ്പം "ബക്ക്പ്, കൺഗ്രാജുലേഷൻസ്" എന്ന് ശ്രീകാന്തന് എഴുതി. ഞാനും അവൻെറ പ്രേമത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടു തന്നെ കത്തയച്ചു . . . .

ശ്രീകാന്തൻ ഞങ്ങളുടെ ഇത്തരം പ്രതികരണം വായിച്ച് ചിരിച്ചിരിക്കാം — അല്ലെങ്കിൽ കരഞ്ഞിരിക്കാം.

അന്നത്തെ ഞങ്ങളുടെ ചിരി, എൻെറ ഓർമ്മയുടെ പെട്ടിയിൽ പുഴു പിടിച്ച പഴയ മിഠായിപോലെ കിടക്കുന്നു. അതെപ്പറ്റി ഓർത്താൽ ഇപ്പോഴും പ്രാണൻ നൊമ്പരപ്പെടുന്നു . . . .

*   *   *

സത്യേന്ദ്രൻെറ വിവാഹത്തിന് ശ്രീകാന്തൻ വന്നില്ല. അവൻെറ കത്തും ഒപ്പം വലിയൊരു പെട്ടിയും വന്നു. പെട്ടിയിൽ ശ്രീകാന്തൻെറ ഇരുപതു പുസ്തകങ്ങളുണ്ടായിരുന്നു. കത്തിൽ "ക്ഷമിക്കണം, എനിക്ക് ശരീരത്തിന് നല്ല സുഖമില്ലാത്തതുകൊണ്ട് നിൻെറ വിവാഹത്തിനു വരാൻ കഴിയില്ല. നിങ്ങൾ രണ്ടുപേരുടെയും ജീവിതം സുഖകരമാകട്ടെ . . . . എൻെറ ഓർമ്മയ്ക്കു വേണ്ടി എൻെറ ഇരുപതു പുസ്തകങ്ങൾ സമ്മാനമായി നിനക്കയച്ചിരിക്കുന്നു. സ്വീകരിക്കണം. നിൻെറ എൻജിനീയറിംഗിൻെറ പ്രഭാവത്തിൽ സാഹിത്യം തത്വജ്ഞാനം സംസ്കാരം തുടങ്ങിയ ജീവിതത്തിലെ ബൗദ്ധികവും ആധ്യാത്മികവും ആയ മുഖം മറക്കുരുത്."

അവൻെറ കത്തിലെ 'എൻെറ ഓർമ്മയ്ക്കു വേണ്ടി' എന്ന വാക്കുകൾ അപ്പോൾത്തന്നെ എൻെറ മനസ്സിൽ തറഞ്ഞു കയറി . . . .

ശ്രീകാന്തൻ വരാതിരുന്നതുകൊണ്ട് എനിക്കു നിരാശമാത്രമല്ല വിഷമവുമുണ്ടായി. പക്ഷേ അവൻെറ അസുഖം കൂടുതലായിരിക്കാം എന്ന വിചാരം സ്വപ്നത്തിൽ പോലും എനിക്കുണ്ടായില്ല. . .

അവിടെ ശ്രീകാന്തൻ മാത്രം ജീവിതത്തിനു പുറത്തു നിന്നു കൊണ്ടു ജീവിക്കുവാൻ തുടങ്ങിയിരുന്നു.

"എൻെറ സാമർഥ്യമെല്ലാം ചോർന്നു പോകുന്നു . . . . വിശ്രമം, വിശ്രമം, വിശ്രമം . . . . പക്ഷേ മനസ്സിന് എവിടെയാണു വിശ്രമം . . . . ഈ ഭയങ്കര ശൂന്യതയിൽ എന്താധാരമാണുള്ളത്? ഇരുട്ടിൻെറ അന്ത്യമില്ലാത്ത ഈ കൂപത്തിൽ ഞാനൊറ്റയ്ക്ക് ഇറങ്ങിക്കൊണ്ടിരിക്കുന്നു . . . . ദൈവമേ, എവിടെയാണ് മഹാത്മാവേ നിൻെറ ഹസ്തം?"

" . . . . എൻെറ മനസ്സ് ഞാനറിയാതെ തന്നെ ശിഥിലമായിക്കൊണ്ടിരിക്കുന്നു. കൂടെക്കൂടെ പെട്ടെന്ന് അന്തർമനസ്സിലെ സുപ്താഭിലാഷങ്ങൾ ഭൂതത്തെപ്പോലെ പുറത്തുവന്നു നൃത്തം ചെയ്യുന്നു. അവയെ നിയന്ത്രിച്ച് നിയന്ത്രിച്ച് നശിക്കുന്നു . . . . ഇങ്ങനെ ഇത്ര

കഷ്ടപ്പെട്ട് നിയന്ത്രിക്കുന്നതിനേക്കാൾ കുറച്ചു ദിവസം ഈ ഭൂതങ്ങളുടെ കൂടെ ചിരിച്ചു രസിച്ച് എന്തുകൊണ്ട് നൃത്തം ചെയ്തുകൂടാ— ഞാനും 'ഭൂത'മാകുന്നതിനു മുമ്പ്? . . . . ജീവിതത്തിന്റെ ഈ അധോമുഖം എന്തുകൊണ്ട് നോക്കിക്കൂടാ — മരണത്തിനു മുമ്പ്?. . . അനുഭവമാണ് മുഖ്യം . . . . അനുഭവം! ജ്ഞാനമാണു മുഖ്യം. . . . ജ്ഞാനം! ശരീരത്തെ അജ്ഞാനത്തിൽ ആഴ്ത്തിയിട്ട് എന്ത് പ്രയോജനം? . . . . എന്റെ വിചാരം എനിക്കു തന്നെ മനസ്സിലാകുന്നില്ല . . . . ഇത് വിചാരത്തിന്റെ കാര്യമല്ല, വികാരത്തിന്റെ കാര്യമാണ് . . . . ഞാനെന്തിനിങ്ങനെ എന്നിൽ നിന്ന് ഓടിപ്പൊയ്ക്കൊണ്ടിരിക്കുന്നു. ആ വികാരത്തെ സമ്മുഖമായി നേരിടണം . . . . ഓ! ഈ അഭിലാഷം ഏതാണ്? ഭൂതം ഏതാണ്? വികാരം ഏതാണ്? വ്യക്തമായി ചിന്തിക്കൂ. ഓ മനമേ !

. . . . ഇന്നു മേരി എന്നെ സന്തോഷിപ്പിച്ചു കൊണ്ട് എന്നിൽ ഉത്സാഹം നിറച്ചുകൊണ്ട് ചിരിച്ചു സംസാരിച്ചു കൊണ്ടിരുന്നപ്പോൾ അവളെക്കുറിച്ച് എത്രമാത്രം ഉൽക്കടമായ അഭിലാഷമുണ്ടായില്ല. അവളുടെ കൈ മുറുകെപ്പിടിച്ച് കണ്ണടച്ച് ആ ആഗ്രഹത്തെ ഉള്ളിൽത്തന്നെ അമർത്തിവച്ചു . . . . കണ്ണു തുറന്നപ്പോൾ കണ്ണു നിറഞ്ഞ് നീർ പുറത്തേക്കൊഴുകി. മേരിക്കു മനസ്സിലായില്ല. 'ശ്രീകാന്താ, നിങ്ങൾ വെറുതെ മനസ്സു വിഷമിപ്പിക്കുകയാണ് . . . . നിങ്ങൾ തീർച്ച യായും സുഖപ്പെടും . . . . ധൈര്യം കൈവിടരുത്. നിങ്ങളെപ്പോലുള്ള ചിന്താശീലർ കൊച്ചു കുട്ടികളെപ്പോലെ പെരുമാറിയാൽ പിന്നെ എന്താണു ഗതി? . . . .' ഭാഗ്യത്തിന് എന്റെ മനസ്ഥിതിയെക്കുറിച്ചുള്ള സൂചന അവൾക്ക് അൽപം പോലും ലഭിച്ചില്ല. പക്ഷേ ഞാൻ എന്റെ ഭ്രാന്തുകൊണ്ട് കരഞ്ഞപ്പോൾ എന്റെ തല അവളുടെ നെഞ്ചിൽ അമർത്തി എന്നു മനസ്സിലായി . . . ."

* * *

ശ്രീകാന്തൻ ഇപ്പോഴും എന്തുകൊണ്ടാണ് വാനലെസ്വാഡിയിൽ താമസിക്കുന്നത് എന്ന് ഞങ്ങൾക്ക് മനസ്സിലായില്ല. എന്റെ പരീക്ഷ അടുത്തിരുന്നതുകൊണ്ട് ഞാൻ ഉത്സാഹത്തോടെ പഠിത്തം തുടങ്ങിയിരുന്നു. സത്യേന്ദ്രന്റെ വിവാഹത്തിനു ശേഷം ഞാൻ കോളേജു ഹോസ്റ്റലിൽ പോയി താമസിച്ചു. ഫസ്റ്റ് ഈയർ പരീക്ഷ കഴിഞ്ഞ് കുട്ടികൾ തിരിച്ചുപോയിരുന്നതു കൊണ്ട് കോളേജു ഹോസ്റ്റലിൽ എളുപ്പത്തിൽ മുറികിട്ടി. ശശികല ദിവസവും വൈകിട്ട് മൂന്ന് നാലു മണിക്കൂർ എന്റെ അടുത്ത് പഠിത്തത്തിനായി വരുമായിരുന്നു.. അവളുടെ സൗഹൃദം എന്റെ മനസ്സിൽ തണുത്ത ലേപനം പൂശിയിരുന്നു. കാമിനി എന്ന പെണ്ണ് മനസ്സിൽ നിന്നു മാഞ്ഞു വന്നിരുന്നു. ധാറവാഡയിൽ നിന്നു വന്ന ഗുരുനാഥന്റെ കത്തിൽ കാമിനിയെക്കുറിച്ച് ഒന്നു രണ്ടു കാര്യങ്ങളുണ്ടായിരുന്നു. "കാമിനി വീണ്ടും

പരീക്ഷയ്ക്ക് ഇരിക്കുന്നെന്നു തോന്നുന്നു. പഠിത്തനാടകം നന്നായി നടക്കുന്നു. പോയ വർഷം ബി.ഏ. ഫിലോസഫിയിൽ ഫസ്റ്റ് ക്ലാസ്സ് കിട്ടിയ ആ രാമഗോളെ ഇപ്പോൾ കമ്മ്യൂണിസ്റ്റ് ആയിത്തീർന്നു. കാമിനിയുടെ പ്രഭാവമാണെന്നു സംസാരമുണ്ട്! അയാൾ അവളെ പഠിപ്പിക്കുവാൻ ദിവസവും അവളുടെ വീട്ടിൽ പോകുന്നുണ്ട് . . . ശ്രീകാന്തൻ വാനലെസ്‌വാഡിയിൽ പോയത് അവളുടെ നാശത്തി ായിത്തീർന്നിരിക്കുന്നു . . . .'' ആ കത്ത് വായിച്ചതിനു ശേഷം ചുരുട്ടിക്കൂട്ടി മൂലയിലിരുന്ന ചവറ്റുകുട്ടയിലിട്ടു.

* * *

''ഏപ്രിൽ 21 . . . .

കാമം ശരീരങ്ങൾ തമ്മിലുള്ള ബന്ധം മാത്രമല്ല വ്യക്തികൾ തമ്മിലുള്ള ബന്ധവുമാണ്. പോരാട്ടം ആണെന്നു പറഞ്ഞാലും തെറ്റില്ല . . . . എന്റെ അറിവുകേട് ! അത്തരം ക്ഷണത്തിന് അവൾ പെട്ടെന്ന് തയ്യാറായേക്കും എന്നു ഞാൻ കരുതിയില്ല. എന്റെ ക്ഷണം ആദ്യം തന്നെ പ്രതീക്ഷിച്ചിരുന്നമാതിരി അവൾ സമ്മതം മൂളി. അവൾ സമ്മതം മൂളിയപ്പോൾ തന്നെ അവളെക്കുറ ച്ച് വിചിത്രമായൊരു അവജ്ഞ എന്റെ മനസ്സിൽ തല പൊക്കി. ആ അവജ്ഞയോടൊപ്പം ലജ്ജയും ഉണ്ടായി. അവളുടെ ചുമലിൽ എന്റെ വിറയ്ക്കുന്ന കൈവച്ച് 'വാ' എന്ന് ഞാൻ എങ്ങനെ പറഞ്ഞു! . . . . കതകടച്ച് രണ്ടുപേരും കട്ടിലിൽ ഇരുന്നതിനു ശേഷം, എന്റെ തപ്തശരീരം ഞാനറിയാതെ തന്നെ ശക്തിഹീനമാകുവാൻ തുടങ്ങി. ''നിങ്ങളുടെ ശരീരം പൊള്ളുന്നു'' എന്ന് ദയാപുരസ്സരം അവൾ പറഞ്ഞപ്പോൾ അവളുടെ ദയ എനിക്ക് അസഹ്യമായി തോന്നി. അവളുടെ കണ്ണുകളിൽ വിജയോന്മാദമുണ്ടെന്നു തോന്നി. അവളുടെ ശാന്തമായ ക്ഷമ എന്നെ തുച്ഛീകരിച്ചു . . . . അപമാനം എനിക്കു സഹിക്കാൻ കഴിഞ്ഞില്ല. അത് എന്റെ വ്യക്തിത്വത്തിന്റെ മൂലശക്തിക്ക് പ്രഹരമെന്ന പോലെയായിരുന്നു . . . . എന്റെ പൗരുഷം സടകുടഞ്ഞെണീറ്റു. അവളെ വിവസ്ത്രയാക്കുമ്പോൾ എന്റെ കൈകളിൽ, വിരലുകളിൽ മാത്സര്യബുദ്ധി, കോപിച്ചുയർന്ന പാമ്പിനെപ്പോലെ ഇഴഞ്ഞിരുന്നു. എന്റെ വായിൽ അവളുടെ വായ് ചേർത്തില്ല. 'വേണ്ട, നിങ്ങളുടെ സുഖക്കേട് . . . . ' എന്റെ മാത്സര്യബുദ്ധി പത്തിപോയ പാമ്പിനെപ്പോലെ, ചുരുണ്ടുകൂടി, ദുർബലമായി . . . . 'അങ്ങനാണെങ്കിൽ . . . .?' ഞാൻ പറഞ്ഞു, വഴി കാണാത്ത കുട്ടിയെപ്പോലെ എന്റെ ദൗർബല്യം അവളുടെ അഹങ്കാരത്തെ വഞ്ചിച്ചു. അവളുടെ ചുണ്ടിൽ മോനാലിസയുടെ ചിരിയുണ്ടായിരുന്നു . . . . അവളുടെ വിജയം വീണ്ടും എന്നെ ചെറുതാക്കി . . . . കൈ നീട്ടി — 'വേണ്ട വേണ്ട, ക്ഷമിക്ക്' എന്നു പറഞ്ഞു . . . . അവളുടെ മുഖത്ത് ഒരു തരം കഠിനഭാവം വന്നു. 'വാ ഇവിടെ ഉമ്മ വയ്ക്ക്' എന്നു പറഞ്ഞ്

വന്നു.

"ഗൗരീശാ, നിൻെറ പരീക്ഷ കഴിഞ്ഞാലുടൻ വാനലെസ് വാഡിക്കു വരിക. നമുക്കെല്ലാവർക്കും കൂടി ധാറവാഡയ്ക്കു പോകാം . . . . കാമിനി വന്നിട്ടുണ്ട്, അമ്മയുടെ കൂടെ . . . . എനിക്കു സുഖമായി വരുന്നു. നിൻെറ കത്തിൽ നിന്ന് നീ എന്നെക്കുറിച്ചു വളരെയേറെ ഭയപ്പെട്ടിരിക്കുകയാണെന്നു മനസ്സിലായി. വിശേഷമൊന്നുമില്ല. ഇട ത്തെ ശ്വാസകോശത്തിനൽപം—ശരിയോ തെറ്റോ — അസുഖം ബാ ധിച്ചു. ഇപ്പോഴെല്ലാം പൂർണമായി ക്ലിയർ ആയി . . . . മേരിയെ പരി ചയപ്പെടുത്തിത്തരാം. You will like her . . . . നിനക്കവളെ ഇഷ്ടപ്പെ ടുമെന്നതിൽ സംശയമില്ല . . . ."

* * *

"ശ്രീകാന്താ, എല്ലാം ശരിയായോ?"

"എനിക്കെന്തുപറ്റി ശരിയാകാൻ? നല്ലത്, പരീക്ഷ എങ്ങനെഴുതി? ഫസ്റ്റ്ക്ലാസ്?"

"ജയിച്ചാൽ മതി."

ശ്രീകാന്തൻ കാഴ്ചയിൽ അൽപം തടിച്ചിരുന്നു (ഡോക്ടറുടെ ടോണിക് ഇൻജക്ഷൻ ഇവ കൊണ്ട് അവനിൽ കൃത്രിമശക്തി നിറ യപ്പെട്ടു എന്ന് പിന്നീട് മനസ്സിലായി). എനിക്ക് ആശ്വാസമായി. മന സ്സിലുണ്ടായിരുന്ന ദുഃസ്വപ്നങ്ങൾ പറന്നുപോയി. എനിക്കു സന്തോ ഷമായി.

"വീടുകിട്ടാൻ വിഷമമുണ്ടായോ?"

"ഛേ, ഇല്ല . . . . ഇപ്രാവശ്യത്തെ ബ്ലോക്കു നല്ലതായിരുന്നു. . . ഉം, കാമിനിയെവിടെ?" എൻെറ ബോംബെയിലെ തുറന്ന മനസ്സിൻെറ നിസ്സങ്കോചവൃത്തി പ്രദർശിപ്പിക്കുവാൻ ഞാൻ കാമിനിയെക്കുറിച്ചു നേരെ ചോദിച്ചു. ഞാൻ വളർന്നിരിക്കുന്നു, ആദ്യത്തെ — ലജ്ജ യൊന്നും ഇപ്പോൾ എന്നിലില്ലെന്നു കാണിക്കുവാൻ ശ്രമിച്ചിരിക്കണം!!

"അവൾ അകത്തെ മുറിയിൽ കാണും. പോകാമല്ലോ വേണ മെങ്കിൽ."

എനിക്ക് മുഖത്ത് അടിയേറ്റ പോലെ തോന്നി.

"അങ്ങനല്ല, വെറുതെ ചോദിച്ചതാണ് . . . . ങാ! ധാറവാഡയ്ക്കു നമുക്കെന്നു പോകാം . . . .?"

"മൂന്നു നാലുദിവസം കഴിഞ്ഞ് . . . . എന്താ?"

"വിരോധമില്ല."

ഞങ്ങൾ രണ്ടുപേർക്കും മധ്യേ അവ്യക്തമായ ഒരു വേലി വളർന്നു വന്നിരിക്കുന്നു എന്ന അറിവ് മുള്ളുപോലെ മനസ്സിൽ തറഞ്ഞു കയറി.

അന്നുച്ചയ്ക്ക് കാമിനി ഒറ്റയ്ക്ക് പുറത്തേക്കു പോയി. ശ്രീകാന്തൻ കിടക്കുകയായിരുന്നതുകൊണ്ട് ഞാൻ കാമിനിയെ പിന്തുടർന്നു.

"കാമിനീ, എങ്ങനിരിക്കുന്നു?"

"നന്നായിരിക്കുന്നു. നിങ്ങൾ?"

'നന്നായിരിക്കുന്നു . . . . പരീക്ഷ?"

"ഇപ്രാവശ്യം വീണ്ടും തോൽക്കും . . . . നിങ്ങൾ?"

"ജയിച്ചേക്കാം . . . . മറ്റ് എന്തൊക്കെ?"

"മറ്റൊക്കെ ക്ഷേമം . . . . ങാ, അണ്ണന്റെ അസുഖത്തിന്റെ സത്യാവസ്ഥയെപ്പറ്റി അറിയാമോ?"

"ങാ, എന്താ?" ഞാൻ അസ്വസ്ഥനായി

"അവശേഷിച്ച ഒരു ശ്വാസകോശത്തിനും അസുഖം . . . ."

"പക്ഷേ അതൊക്കെ ക്ലിയർ ആയെന്ന് അവൻ എഴുതിയിരുന്നല്ലോ."

"അതൊക്കെ കള്ളം. ഞങ്ങളോടും അങ്ങനെ തന്നെയാണു പറഞ്ഞിട്ടുള്ളത് പക്ഷേ ഞാൻ ഡോക്ടറിൽ നിന്നു സത്യം മനസ്സിലാക്കി."

"എന്നു വച്ചാൽ ഇപ്പോൾ സീരിയസ് . . . .?"

"ഉം. പക്ഷേ ഡോക്ടറുടെ അഭിപ്രായ പ്രകാരം ശ്രദ്ധയോടുകൂടി കഴിഞ്ഞാൽ തന്നെ സുഖപ്പെടുന്ന സംഭവം — എന്നുവച്ചാൽ അതും പൂർണസുഖം പ്രാപിക്കുമെന്ന ആശ ഇല്ലത്രെ . . . ."

എന്റെ നെഞ്ചു കത്തി.

"അങ്ങനെയാണെങ്കിൽ ഇപ്പോൾ ധാറവാഡയ്ക്കു പോകുന്നതോ?"

"എവിടെക്കഴിഞ്ഞാലും അത്ര തന്നെ . . . . ട്രീറ്റ്മെൻറ് ക്രമം തെറ്റാതെ നടന്നാൽ മതി. അതുപോലെ തന്നെ വിശ്രമം . . . ."

"അമ്മയ്ക്ക് ഇതൊക്കെ അറിയാമോ?"

"സ്വൽപം സ്വൽപം . . . . അണ്ണൻ സുഖപ്പെടുന്നു എന്നാണ് അമ്മയുടെ വിശ്വാസം . . . ."

കാമിനിയുടെ അംഗസൗഷ്ഠവം മുമ്പത്തെക്കാൾ വർധിച്ചിരുന്നു. ശരീരവും കൈയും മുഖവും അൽപം കൂടുതൽ ഉരുണ്ടു കൊഴുത്തിരുന്നു. അവളുടെ കണ്ണുകളിൽ ആദ്യത്തെ ചഞ്ചലത കുറഞ്ഞ് സ്ഥിരത വന്നിരുന്നു.

"നീ ഇപ്പോഴും കമ്മ്യൂണിസ്ററ് പാർട്ടി വിട്ടിട്ടില്ല . . . ."

"ങേ? ഇപ്പോഴും വിട്ടില്ല — എന്താണിതിന്റെ അർഥം? ഞാനെന്താ തമാശിനു പാർട്ടിയിൽ ചേർന്നെന്നാണോ നിങ്ങളുടെ വിചാരം?"

"എന്നു വച്ചാൽ നീയും നല്ല ആദർശവാദിയായിത്തീർന്നല്ലോ!"

"ആദർശത്തിന്റെ കുത്തക അണ്ണനുമാത്രം വിട്ടുകൊടുത്തിട്ടില്ലല്ലോ . . . ."

"അതിരിക്കട്ടെ. നിന്റെ പ്രഭാവം കൊണ്ട് എത്ര പേരെ കമ്മ്യൂണിസ്റ്റാക്കിയിട്ടുണ്ട്?"

"അതെന്താണു നിങ്ങൾക്ക് . . . . എന്റെ പ്രഭാവം കൊണ്ട്

വന്നു.

"ഗൗരീശാ, നിന്റെ പരീക്ഷ കഴിഞ്ഞാലുടൻ വാനലെസ് വാഡിക്കു വരിക. നമുക്കെല്ലാവർക്കും കൂടി ധാറവാഡയ്ക്കു പോകാം . . . . കാമിനി വന്നിട്ടുണ്ട്, അമ്മയുടെ കൂടെ . . . . എനിക്കു സുഖമായി വരുന്നു. നിന്റെ കത്തിൽ നിന്ന് നീ എന്നെക്കുറിച്ചു വളരെയേറെ ഭയപ്പെട്ടിരിക്കുകയാണെന്നു മനസ്സിലായി. വിശേഷമൊന്നുമില്ല. ഇടത്തെ ശ്വാസകോശത്തിനൽപം—ശരിയോ തെറ്റോ — അസുഖം ബാധിച്ചു. ഇപ്പോഴെല്ലാം പൂർണമായി ക്ലിയർ ആയി . . . . മേരിയെ പരിചയപ്പെടുത്തിത്തരാം. You will like her . . . . നിനക്കവളെ ഇഷ്ടപ്പെടുമെന്നതിൽ സംശയമില്ല . . . ."

*   *   *

"ശ്രീകാന്താ, എല്ലാം ശരിയായോ?"

"എനിക്കെന്തുപറ്റി ശരിയാകാൻ? നല്ലത്, പരീക്ഷ എങ്ങനെഴുതി? ഫസ്റ്റ്ക്ലാസ്?"

"ജയിച്ചാൽ മതി."

ശ്രീകാന്തൻ കാഴ്ചയിൽ അൽപം തടിച്ചിരുന്നു (ഡോക്ടറുടെ ടോണിക് ഇൻജക്ഷൻ ഇവ കൊണ്ട് അവനിൽ കൃത്രിമശക്തി നിറയപ്പെട്ടു എന്ന് പിന്നീട് മനസ്സിലായി). എനിക്ക് ആശ്വാസമായി. മനസ്സിലുണ്ടായിരുന്ന ദുഃസ്വപ്നങ്ങൾ പറന്നുപോയി. എനിക്കു സന്തോഷമായി.

"വീടുകിട്ടാൻ വിഷമമുണ്ടായോ?"

"ഛേ, ഇല്ല . . . . ഇപ്രാവശ്യത്തെ ബ്ലോക്കു നല്ലതായിരുന്നു. . . ഉം, കാമിനിയെവിടെ?" എന്റെ ബോംബെയിലെ തുറന്ന മനസ്സിന്റെ നിസ്സങ്കോചവൃത്തി പ്രദർശിപ്പിക്കുവാൻ ഞാൻ കാമിനിയെക്കുറിച്ചു നേരെ ചോദിച്ചു. ഞാൻ വളർന്നിരിക്കുന്നു, ആദ്യത്തെ — ലജ്ജയൊന്നും ഇപ്പോൾ എന്നിലില്ലെന്നു കാണിക്കുവാൻ ശ്രമിച്ചിരിക്കണം!!

"അവൾ അകത്തെ മുറിയിൽ കാണും. പോകാമല്ലോ വേണമെങ്കിൽ."

എനിക്ക് മുഖത്ത് അടിയേറ്റ പോലെ തോന്നി.

"അങ്ങനല്ല, വെറുതെ ചോദിച്ചതാണ് . . . . ങാ! ധാറവാഡയ്ക്കു നമുക്കെന്നു പോകാം . . . .?"

"മൂന്നു നാലുദിവസം കഴിഞ്ഞ് . . . . എന്താ?"

"വിരോധമില്ല."

ഞങ്ങൾ രണ്ടുപേർക്കും മധ്യേ അവ്യക്തമായ ഒരു വേലി വളർന്നു വന്നിരിക്കുന്നു എന്ന അറിവ് മുള്ളുപോലെ മനസ്സിൽ തറഞ്ഞു കയറി.

അന്നുച്ചയ്ക്ക് കാമിനി ഒറ്റയ്ക്ക് പുറത്തേക്കു പോയി. ശ്രീകാന്തൻ കിടക്കുകയായിരുന്നതുകൊണ്ട് ഞാൻ കാമിനിയെ പിന്തുടർന്നു.

"കാമിനീ, എങ്ങനിരിക്കുന്നു?"

"നന്നായിരിക്കുന്നു. നിങ്ങൾ?"

'നന്നായിരിക്കുന്നു . . . . പരീക്ഷ?"

"ഇപ്രാവശ്യം വീണ്ടും തോൽക്കും . . . . നിങ്ങൾ?"

"ജയിച്ചേക്കാം . . . . മറ്റ് എന്തൊക്കെ?"

"മറ്റൊക്കെ ക്ഷേമം . . . . ഓ, അണ്ണന്റെ അസുഖത്തിന്റെ സത്യാവസ്ഥയെപ്പറ്റി അറിയാമോ?"

"ഓ, എന്താ?" ഞാൻ അസ്വസ്ഥനായി

"അവശേഷിച്ച ഒരു ശ്വാസകോശത്തിനും അസുഖം . . . ."

"പക്ഷേ അതൊക്കെ ക്ലിയർ ആയെന്ന് അവൻ എഴുതിയിരുന്നല്ലോ."

"അതൊക്കെ കള്ളം. ഞങ്ങളോടും അങ്ങനെ തന്നെയാണു പറഞ്ഞിട്ടുള്ളത്. പക്ഷേ ഞാൻ ഡോക്ടറിൽ നിന്നു സത്യം മനസ്സിലാക്കി."

"എന്നു വച്ചാൽ ഇപ്പോൾ സീരിയസ് . . . .?"

"ഉം. പക്ഷേ ഡോക്ടറുടെ അഭിപ്രായ പ്രകാരം ശ്രദ്ധയോടുകൂടി കഴിഞ്ഞാൽ തന്നെ സുഖപ്പെടുന്ന സംഭവം – എന്നുവച്ചാൽ അതും പൂർണസുഖം പ്രാപിക്കുമെന്ന ആശ ഇല്ലത്രെ . . . ."

എന്റെ നെഞ്ചു കത്തി.

"അങ്ങനെയാണെങ്കിൽ ഇപ്പോൾ ധാറവാഡയ്ക്കു പോകുന്നതോ?"

"എവിടെക്കഴിഞ്ഞാലും അത്ര തന്നെ . . . . ട്രീറ്റ്മെൻറ് ക്രമം തെറ്റാതെ നടന്നാൽ മതി. അതുപോലെ തന്നെ വിശ്രമം . . . ."

"അമ്മയ്ക്ക് ഇതൊക്കെ അറിയാമോ?"

"സ്വൽപം സ്വൽപം . . . . അണ്ണൻ സുഖപ്പെടുന്നു എന്നാണ് അമ്മയുടെ വിശ്വാസം . . . ."

കാമിനിയുടെ അംഗസൗഷ്ഠവം മുമ്പത്തെക്കാൾ വർധിച്ചിരുന്നു. ശരീരവും കൈയും മുഖവും അൽപം കൂടുതൽ ഉരുണ്ടു കൊഴുത്തിരുന്നു. അവളുടെ കണ്ണുകളിൽ ആദ്യത്തെ ചഞ്ചലത കുറഞ്ഞ് സ്ഥിരത വന്നിരുന്നു.

"നീ ഇപ്പോഴും കമ്മ്യൂണിസ്ററ് പാർട്ടി വിട്ടിട്ടില്ല . . . ."

"ങേ? ഇപ്പോഴും വിട്ടില്ല – എന്താണിതിന്റെ അർഥം? ഞാനെന്താ തമാശിനു പാർട്ടിയിൽ ചേർന്നെന്നാണോ നിങ്ങളുടെ വിചാരം?"

"എന്നു വച്ചാൽ നീയും നല്ല ആദർശവാദിയായിത്തീർന്നല്ലോ!"

"ആദർശത്തിന്റെ കുത്തക അണ്ണനുമാത്രം വിട്ടുകൊടുത്തിട്ടില്ലല്ലോ . . . ."

"അതിരിക്കട്ടെ. നിന്റെ പ്രഭാവം കൊണ്ട് എത്ര പേരെ കമ്മ്യൂണിസ്റ്റാക്കിയിട്ടുണ്ട്?"

"അതെന്താണു നിങ്ങൾക്ക് . . . . എന്റെ പ്രഭാവം കൊണ്ട്

നിങ്ങൾ കമ്മ്യൂണിസ്റ്റാകുമെങ്കിൽ പറയൂ . . . .” അവൾ സന്തോഷത്തോടെ ചിരിച്ചു.

“നോ . . . . താങ്ക്സ്!”

* * *

ഞാനും ശ്രീകാന്തനുമായുള്ള ബന്ധത്തിൽ എന്തോ മാറ്റം സംഭവിച്ചു. അതുപോലെതന്നെ ഞാനും കാമിനിയുമായുള്ള ബന്ധത്തിലും വിചിത്രമായ ഒരു പരിവർത്തനമുണ്ടായി. ബോംബെയിലെ ഒരു വർഷത്തെ ജീവിതത്തിൽ നിന്ന് ഒരു തരം വസ്തുനിഷ്ഠത കൈവന്നിരുന്നു . . . . എന്റെ ശക്തിയും അറിവും അൽപം വർധിച്ചിട്ടുണ്ടെന്നു തോന്നി . . . . ശശികലയുമായുള്ള ബന്ധം മൂലമോ എന്തോ, കാമിനിയുടെ സാന്നിധ്യം ആദ്യത്തെപ്പോലെ അസ്വസ്ഥതയുണ്ടാക്കിയില്ല . . . . കാമിനിയോടുണ്ടായിരുന്ന സ്നേഹം ഇപ്പോൾ ഒരു തരം 'ദ്വേഷ'മായി രൂപാന്തരപ്പെട്ടതു കൊണ്ടോ എന്തോ, അവളുമായി സംസാരിക്കുമ്പോൾ ഒരു തരം പക തോന്നിയിരുന്നു. . . . അവളുടെ സമ്പൂർണ 'അധപ്പതനം' കാണുന്നതിൽ തന്നെ എന്റെ വ്യക്തിത്വത്തിന്റെ സമർഥനമുണ്ടെന്ന് അസ്പഷ്ടമായി തോന്നിയിരുന്നു . . . . എന്നെ ദൂരെ വലിച്ചെറിഞ്ഞ ഇവൾ 'പാതാള'ത്തിനു പോയപ്പോൾ തന്നെ എന്റെ ആത്മാവിനു സമാധാനം തോന്നി എന്ന ശക്തിയായ 'പക'യുടെ വിചാരം എന്നിൽ അപ്പോൾ ഉണ്ടായിരുന്നിരിക്കണം . . . .

* * *

“മേയ് 9 . . . .

The expense of spirit in a waste of shame
Is lust in action . . . .
Past reason hunted, and no sooner had,
Past reason hated . . . .
All this the world well knows, yet none knows well
To shun the heaven that leads men to this hell !

ഷേക്സ്പിയർ പറഞ്ഞ വാക്കുകൾ എത്രമാത്രം സത്യമായിരിക്കുന്നു! അദ്ദേഹത്തിന്റെ ആദ്യത്തെ വരിയിൽ അനുഭവത്തിന്റെ ചൂട് തന്നിൽ നിന്ന് സ്വയം പുറത്തു വന്നതു പോലെയുണ്ട്! . . . .

കാമസുഖത്തിന്റെ ശരീരത്തിൽ നരകാഗ്നിയുണ്ട് . . . . ഈ അസഹ്യതയും ദുഃഖവും ജീവിതത്തിലെ ഒരു തീവ്രപ്രേരണയെ പിന്തുടർന്ന് എന്തുകൊണ്ടാണുവരുന്നത്? എന്റെ തോന്നലനുസരിച്ച് ഈ വേദന കാമത്തിലില്ല, 'വെറും കാമ'ത്തിലുണ്ട്. വ്യക്തിത്വത്തെ സമീപത്തു മാറ്റിവച്ച് വെറും കാമാസക്തനാകുവാൻ മനുഷ്യനു കഴിയുകയില്ല — പ്രാണികൾക്കു കഴിയും. കാരണം അവയുടെ കാര്യത്തിൽ വ്യക്തിത്വത്തിന്റെ പ്രശ്നമേ വരുന്നില്ല. ഈ അസഹ്യ

മായ കാമത്തെ സഹ്യമാക്കിത്തീർക്കുവാൻ പ്രേമമെന്ന മധുര ലേപനത്തിന്റെ ആവശ്യമുണ്ടോ എന്തോ!''

''. . . . പ്രേമം! എന്റെ ജീവിതം തന്നെ തകർന്നിരിക്കെ എവിടെയാണ് പ്രേമം? ജീവിതം തന്നെ മരീചികയായിരിക്കുമ്പോൾ പിപാസാബോധം തന്നെ ദൂരെയെറിയുന്നതു നല്ലതല്ലേ?. . . . അതിന് ഒരൊറ്റ വഴിയേ ഉള്ളൂ . . . . അതേതാണ്? ആ വഴിക്കു നീ പേരു കൊടുക്കേണ്ട! പേരില്ലാത്ത വഴി . . . . ഇല്ല, ഇല്ല . . . . ആ പേരില്ലാത്ത വഴിയിൽ നിന്ന് എനിക്ക് പോകാനാവില്ല. ഇങ്ങനെയോ . . . . ഇങ്ങനെ തന്നെ ഇരിക്കാനാവില്ലേ എനിക്ക്? ശയ്യ — വിശ്രമം — മരുന്ന് — ഇൻജക്ഷൻ — ഓക്സിജൻ — അമ്മ — അനുജത്തി—പുസ്തകം — മേരി— ശയ്യ . . . . ഈ ചക്രവ്യൂഹത്തിന്റെ അവസാനമെവിടെയാണ്? അവസാനം . . . . അത് പറയാൻ പോലും എനിക്കു വിഷമമാണ്! ഭയം . . . . ഭയം എന്നെ ഭ്രാന്തനാക്കിത്തീർക്കുന്നോ? ഭ്രാന്തനാകുന്നതിനുമുമ്പ് . . . . മൃത്യു മൃത്യു — മൃത്യു — മൃത്യു . . . . മൃത്യുവിനെ ജപിച്ചുകൊണ്ട് . . . . മൃത്യുംജയനാകണം . . . .''

* * *

ഞാൻ മേരിയെ കണ്ടു, അവളുമായി സംസാരിച്ചു . . . . അവളൊരു മറുലോക ഫെയറി (Fairy) യാണെന്നു തോന്നി (അവളുടെ നഴ്സ് വേഷം മൂലമായിരിക്കണം!) അവളുടെ അംഗവിന്യാസത്തിൽ 'നർത്തകിയുടെ മനോഹാരിതയുണ്ടായിരുന്നു. അവളുടെ ശരീരസൗഷ്ഠവത്തിൽ തല തരിപ്പിക്കുന്ന ശക്തിയുണ്ടായിരുന്നു. അവളുടെ ചിരിയിൽ മദ്യമുണ്ടായിരുന്നു. അവളുടെ ആകർഷകതയിൽ ഒരു തരം ഉഗ്രതയുണ്ടായിരുന്നു . . . . അവൾ കേരളക്കാരിയായിരുന്നു. കന്നഡ അറിയാമെങ്കിലും അധികമായി **ഇംഗ്ലീഷായിരുന്നു** അവൾ സംസാരിച്ചിരുന്നത് . . . . എനിക്കാണെങ്കിൽ അവളുടെ കാര്യത്തിൽ അധികമായി സങ്കോചഭാവമാണ്. ഞാനായി അവളുമായി സംസാരിക്കാൻ കഴിഞ്ഞതേ ഇല്ല. അവൾ ചോദിച്ച ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞിരുന്നെന്നുമാത്രം. ശ്രീകാന്തന്റെ 'പ്രേയസി' എന്ന ദൃഷ്ടിയോടെ അവളെ നോക്കുമ്പോൾ എന്റെ മനസ്സിൽ വിചിത്രമായ അസ്വസ്ഥതയുണ്ടാകുമായിരുന്നു. മിക്കവാറും ഒരു തരം അസൂയ ഉണ്ടായിരുന്നിരിക്കാമോ?

രണ്ടുമാസം **ധാറവാഡയിൽ** താമസിച്ചതിനുശേഷം വീണ്ടും തിരിച്ചു വാനലെസ്വാഡിക്കു വരാമെന്ന കരാറിന്മേൽ ഡോക്ടർ ശ്രീകാന്തനെ പോകാനനുവദിച്ചു . . . .

ശ്രീകാന്തൻ പ്രധാനമായും മേരിയിൽ നിന്ന് ഓടിപ്പോവുകയായിരുന്നു, അല്ലെങ്കിൽ മേരിമൂലം വെളിച്ചം കണ്ട തന്റെ പുതിയ വ്യക്തിത്വത്തിൽ നിന്ന് ഓടിപ്പോവുകയായിരുന്നു എന്ന കാര്യം പിന്നീട് അവന്റെ ഡയറി വായിച്ചപ്പോൾ മനസ്സിലായി.

സ്വപ്നം പൂർണമായും മറഞ്ഞു, ഉറക്കം മുറിഞ്ഞു . . . .

ഇന്നു നേരം വെളുത്തതു മുതൽ ഡോലിയെ പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. ഇന്നു ഞായറാഴ്ച — എന്തു കൊണ്ടവൾക്കു വന്നുകൂടാ, എഴുന്നേറ്റാലുടൻ പള്ളിയിലേക്കു പോയിരിക്കണം. “ഓ, ദൈവമേ, ഓ ക്രിസ്തുവേ, എന്റെ പാപങ്ങളെല്ലാം പൊറുക്കേണമേ . . . .” എന്നു പ്രാർഥിക്കുകയായിരിക്കണം . . . .

ഛെ, ഞാനിങ്ങനെ പ്രതീക്ഷിക്കുന്നതു തന്നെ തെറ്റാണ്. എന്തോ കാരണത്താൽ വരാൻ കഴിഞ്ഞില്ല. ങാ പുറത്ത് ഇരിക്കുന്നുണ്ടാകണം . . . . “ഓ ദൈവമെ, ഡോലി പുറത്ത് ഇരിക്കത്തക്കമെട്ടിൽ പ്രവർത്തിക്കൂ . . . . എന്നെ വെറുതെ സങ്കടത്തിൽ പെടുത്തരുതേ . . . . എനിക്കു മുക്തി തരൂ . . . .”

ഇന്നു സന്ധ്യവരെ കാക്കണം. പിന്നീട് . . . . ഇല്ല, ഇന്ന് അവൾ വരിക തന്നെ വേണം, സന്ധ്യയ്ക്ക്. ഇതെന്താ, അവൾ വരണമെന്നത് എന്റെ ശാരീരികമായ ആഗ്രഹമാണോ? അതോ അവളോടുള്ള സഹാനുഭൂതിയോ, മമതയോ, പ്രേമമോ?

* * *

“ഗൗരീശാ, നിന്നെക്കുറിച്ച് എനിക്കൊന്നും മനസ്സിലാകാതായി . . . .”

“എന്നെ മനസ്സിലാക്കുവാനുള്ള ആഗ്രഹം എന്തിനാണ്?”

“ആദ്യം മുതൽ തന്നെ സ്നേഹം വളർന്നു വന്നതുകൊണ്ട്. . . .”

“സ്നേഹത്തിന്റെയും പ്രേമത്തിന്റെയും കാര്യമെല്ലാം അവസാനിച്ചല്ലോ, കാമിനീ . . . .”

“അങ്ങനാണെങ്കിൽ . . . . അതൊക്കെ നിങ്ങളുടെ നാടകമായിരുന്നോ?”

അവളുടെ ചോദ്യം കേട്ടപ്പോൾ നെഞ്ചിൽ ഭയങ്കരമായ അസ്വസ്ഥതയുണ്ടായി. ഇവളുടെ ദൃഷ്ടിയിൽ ഞാൻ തന്നെയാണോ കള്ളൻ, കപടവേഷക്കാരൻ? . . . . ബോംബെയിൽ നിന്നു പുതുതായി കൊണ്ടുവന്ന ധൈര്യത്തോടുകൂടി ഞാൻ മറുപടി പറഞ്ഞു.

“നാടകം? ആരാണു നാടകം കളിച്ചതെന്നു നീ തന്നെ ആലോചിക്ക് . . . .”

“മിനിഞ്ഞാന്നു പറഞ്ഞ, നിങ്ങളുടെയും ശശികലയുടെയും കഥയിൽ നിന്നു തന്നെ നിങ്ങൾ എങ്ങനുള്ളവനാണെന്നു വ്യക്തമാകുന്നില്ലേ?”

അവളുടെ വിചാരസരണി തന്നെ എനിക്കു മനസ്സിലായില്ല. “ശശികല എന്റെ കൂടെ പഠിക്കുവാൻ വന്നിരുന്നു” എന്നു മാത്രം പറഞ്ഞു . . . .

“പിന്നത്തേതെല്ലാം വ്യക്തമായ വാക്കുകളിൽ പറയണമെന്നില്ല . . . . ഇത്രയ്ക്കറിയാത്ത കുഞ്ഞല്ല ഞാൻ.”

"എന്നു വച്ചാൽ അവളുമായി സരസമാടി എന്നു തന്നെ നിന്നോടു സൂചിപ്പിക്കണമല്ലേ? ഒരു പക്ഷേ പ്രേമിച്ചു എന്നു തന്നെ വിചാരിച്ചോ. അതിലെന്താണു തെറ്റ്?"

"തെറ്റൊന്നുമില്ല . . . . നിങ്ങൾ എന്തരക്കാരനാണെന്നു മനസ്സിലായി."

"അതെയോ? എന്താണു മനസ്സിലായതെന്നു പറയൂ. കേൾക്കട്ടെ."

"നിങ്ങൾക്കെന്നോടുണ്ടായിരുന്ന സ്നേഹം അഭിനയമായിരുന്നെന്ന്. നിങ്ങളുടെ ഉദ്ദേശ്യം വെറും ഉപഭോഗംമാത്രമായിരുന്നെന്ന്. . ."

"ഹാ —ഹാ—ഹാ — ഹാ — ഞാൻ കശ്മലനെന്ന് നിനക്കു വ്യക്തമായി. അല്ലേ? . . . . ഹാ — ഹാ — ഹാ — നിന്റെ കുശാഗ്രബുദ്ധി അഗാധമായിരിക്കുന്നു . . . . പിന്നെ?"

"ഞാൻ നിങ്ങളുടെ വലയിൽ വീണില്ലെന്നു നിങ്ങൾക്കു നിരാശയുണ്ടായി . . . . പിന്നീട് നിങ്ങളുടെ പ്രേമത്തിന്റെയും വിവാഹത്തിന്റെയും കാര്യം ഞാൻ സീരിയസ്സായി എടുത്തപ്പോൾ നിങ്ങൾ ഭയപ്പെട്ടു . . . ."

"അതെ, ഞാൻ ഭയപ്പെട്ടു. നിന്റെ വലയിൽ നിന്ന് രക്ഷപ്പെട്ട് ഓടിപ്പോയി."

"എന്റെ വല? . . . ."കാമിനിയുടെ മുഖത്ത് കോപം സ്പഷ്ടമായി പ്രത്യക്ഷപ്പെട്ടു . . . . "ഇത് അപമാനമാണ് . . . . ഇൻസൾട്ട് . . . . മനപ്പൂർവം നിങ്ങൾ ഇൻസൾട്ട് ചെയ്യുകയാണ് . . . ."

ഞാൻ ചിരിക്കരുതെന്നു കരുതിയെങ്കിലും ചിരിച്ചു പോയി. പിന്നീട് പെട്ടെന്നു ഗൗരവത്തിൽ "കാമിനീ, നീ . . . . നീ എന്നെയും എന്റെ ആത്മാവിനെയും വ്യക്തിത്വത്തെയും ഇൻസൾട്ടു ചെയ്തു . . . . നിന്നോടൊരിക്കലും ഞാൻ ക്ഷമിക്കുകയില്ല, എനിക്കു ജീവനുള്ളിടത്തോളം കാലം. ഞാൻ തീയിൽ കൈവച്ച് ശരീരംമുഴുവൻ പൊള്ളിച്ചിരിക്കുന്നു. നമ്മൾ സംസ്കാരഹീനസമൂഹത്തിലായിരുന്നുവെങ്കിൽ . . . . ആഫ്രിക്കയിലെ ഒരു വന്യകുലത്തിലായിരുന്നെങ്കിൽ ഞാൻ നിന്നെ കൊന്നിട്ട് ആത്മഹത്യ ചെയ്യുമായിരുന്നു . . . ." എന്റെ വാക്കുകൾ എന്റെ നിയന്ത്രണം വിട്ട് സ്വയം പുറത്തുവന്നു. ഇപ്രാവശ്യം കാമിനി ചിരിച്ചു. ഞാൻ പറഞ്ഞത് കളിവാക്കുകളായി അവൾക്കു തോന്നിയിട്ടുണ്ടോ? "വാ. എന്നെ കൊല്ലാൻ വാ . . . . നിങ്ങൾ ഇങ്ങനെ സംസാരിക്കുന്നത് എത്ര നന്നായിരിക്കുന്നു . . . . ഗൗരീശാ!" ചിലന്തിവല സൂര്യ പ്രകാശത്തിൽ മിന്നുന്നതുപോലെ അവളുടെ കണ്ണുകൾ പ്രകാശിച്ചിരുന്നു.

"നിന്റെ സ്തുതിക്കു താങ്ക്സ്!"

"നിങ്ങൾ വളരെ ഇൻററസ്റ്റിങ് ആകാൻ തുടങ്ങിയിരിക്കുന്നു. ബോംബെയുടെ പ്രഭാവം!"

"ഉം, ബോംബെയ്ക്കു താങ്ക്സ്."

സ്വപ്നം പൂർണമായും മറഞ്ഞു, ഉറക്കം മുറിഞ്ഞു . . . .

ഇന്നു നേരം വെളുത്തതു മുതൽ ഡോലിയെ പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. ഇന്നു ഞായറാഴ്ച — എന്തു കൊണ്ടവൾക്കു വന്നുകൂടാ, എഴുന്നേറ്റാലുടൻ പള്ളിയിലേക്കു പോയിരിക്കണം. “ഓ, ദൈവമേ, ഓ ക്രിസ്തുവേ, എന്റെ പാപങ്ങളെല്ലാം പൊറുക്കേണമേ . . . .” എന്നു പ്രാർഥിക്കുകയായിരിക്കണം . . . .

ഛെ, ഞാനിങ്ങനെ പ്രതീക്ഷിക്കുന്നതു തന്നെ തെറ്റാണ്. എന്തോ കാരണത്താൽ വരാൻ കഴിഞ്ഞില്ല. ഞാ പുറത്ത് ഇരിക്കുന്നുണ്ടാകണം . . . . “ഓ ദൈവമെ, ഡോലി പുറത്ത് ഇരിക്കത്തക്കമെട്ടിൽ പ്രവർത്തിക്കൂ . . . . എന്നെ വെറുതെ സങ്കടത്തിൽ പെടുത്തരുതേ . . . . എനിക്കു മുക്തി തരൂ . . . .”

ഇന്നു സന്ധ്യവരെ കാക്കണം. പിന്നീട് . . . . ഇല്ല, ഇന്ന് അവൾ വരിക തന്നെ വേണം, സന്ധ്യയ്ക്ക്. ഇതെന്താ, അവൾ വരണമെന്നത് എന്റെ ശാരീരികമായ ആഗ്രഹമാണോ? അതോ അവളോടുള്ള സഹാനുഭൂതിയോ, മമതയോ, പ്രേമമോ?

* * *

“ഗൗരീശാ, നിന്നെക്കുറിച്ച് എനിക്കൊന്നും മനസ്സിലാകാതായി . . . .”

“എന്നെ മനസ്സിലാക്കുവാനുള്ള ആഗ്രഹം എന്തിനാണ്?”

“ആദ്യം മുതൽ തന്നെ സ്നേഹം വളർന്നു വന്നതുകൊണ്ട്. . . .”

“സ്നേഹത്തിന്റെയും പ്രേമത്തിന്റെയും കാര്യമെല്ലാം അവസാനിച്ചല്ലോ, കാമിനീ . . . .”

“അങ്ങനാണെങ്കിൽ . . . . അതൊക്കെ നിങ്ങളുടെ നാടകമായിരുന്നോ?”

അവളുടെ ചോദ്യം കേട്ടപ്പോൾ നെഞ്ചിൽ ഭയങ്കരമായ അസ്വസ്ഥതയുണ്ടായി. ഇവളുടെ ദൃഷ്ടിയിൽ ഞാൻ തന്നെയാണോ കള്ളൻ, കപടവേഷക്കാരൻ? . . . . ബോംബെയിൽ നിന്നു പുതുതായി കൊണ്ടുവന്ന ധൈര്യത്തോടുകൂടി ഞാൻ മറുപടി പറഞ്ഞു.

“നാടകം? ആരാണു നാടകം കളിച്ചതെന്നു നീ തന്നെ ആലോചിക്ക് . . . .”

“മിനിഞ്ഞാന്നു പറഞ്ഞ, നിങ്ങളുടെയും ശശികലയുടെയും കഥയിൽ നിന്നു തന്നെ നിങ്ങൾ എങ്ങനുള്ളവനാണെന്നു വ്യക്തമാകുന്നില്ലേ?”

അവളുടെ വിചാരസരണി തന്നെ എനിക്കു മനസ്സിലായില്ല. “ശശികല എന്റെ കൂടെ പഠിക്കുവാൻ വന്നിരുന്നു” എന്നു മാത്രം പറഞ്ഞു . . . .

“പിന്നത്തേതെല്ലാം വ്യക്തമായ വാക്കുകളിൽ പറയണമെന്നില്ല . . . . ഇത്രയ്ക്കറിയാത്ത കുഞ്ഞല്ല ഞാൻ.”

"എന്നു വച്ചാൽ അവളുമായി സരസമാടി എന്നു തന്നെ നിന്നോടു സൂചിപ്പിക്കണമല്ലേ? ഒരു പക്ഷേ പ്രേമിച്ചു എന്നു തന്നെ വിചാരിച്ചോ. അതിലെന്താണു തെറ്റ്?"

"തെറ്റൊന്നുമില്ല . . . . നിങ്ങൾ എന്തരക്കാരനാണെന്നു മനസ്സിലായി."

"അതെയോ? എന്താണു മനസ്സിലായതെന്നു പറയൂ. കേൾക്കട്ടെ."

"നിങ്ങൾക്കെന്നോടുണ്ടായിരുന്ന സ്നേഹം അഭിനയമായിരുന്നെന്ന്. നിങ്ങളുടെ ഉദ്ദേശ്യം വെറും ഉപഭോഗംമാത്രമായിരുന്നെന്ന്. . ."

"ഹാ —ഹാ—ഹാ — ഹാ — ഞാൻ കശ്മലനെന്ന് നിനക്കു വ്യക്തമായി. അല്ലേ? . . . . ഹാ — ഹാ — ഹാ — നിന്റെ കുശാഗ്രബുദ്ധി അഗാധമായിരിക്കുന്നു . . . . പിന്നെ?"

"ഞാൻ നിങ്ങളുടെ വലയിൽ വീണില്ലെന്നു നിങ്ങൾക്കു നിരാശയുണ്ടായി . . . . പിന്നീട് നിങ്ങളുടെ പ്രേമത്തിന്റെയും വിവാഹത്തിന്റെയും കാര്യം ഞാൻ സീരിയസ്സായി എടുത്തപ്പോൾ നിങ്ങൾ ഭയപ്പെട്ടു . . . ."

"അതെ, ഞാൻ ഭയപ്പെട്ടു. നിന്റെ വലയിൽ നിന്ന് രക്ഷപ്പെട്ട് ഓടിപ്പോയി."

"എന്റെ വല? . . . ."കാമിനിയുടെ മുഖത്ത് കോപം സ്പഷ്ടമായി പ്രത്യക്ഷപ്പെട്ടു . . . . "ഇത് അപമാനമാണ് . . . . ഇൻസൾട്ട് . . . . മനപ്പൂർവം നിങ്ങൾ ഇൻസൾട്ട് ചെയ്യുകയാണ് . . . ."

ഞാൻ ചിരിക്കരുതെന്നു കരുതിയെങ്കിലും ചിരിച്ചു പോയി. പിന്നീട് പെട്ടെന്നു ഗൗരവത്തിൽ "കാമിനീ, നീ . . . . നീ എന്നെയും എന്റെ ആത്മാവിനെയും വ്യക്തിത്വത്തെയും ഇൻസൾട്ടു ചെയ്തു . . . . നിന്നോടൊരിക്കലും ഞാൻ ക്ഷമിക്കുകയില്ല, എനിക്കു ജീവനുള്ളിടത്തോളം കാലം. ഞാൻ തീയിൽ കൈവച്ച് ശരീരംമുഴുവൻ പൊള്ളിച്ചിരിക്കുന്നു. നമ്മൾ സംസ്കാരഹീനസമൂഹത്തിലായിരുന്നുവെങ്കിൽ . . . . ആഫ്രിക്കയിലെ ഒരു വന്യകുലത്തിലായിരുന്നെങ്കിൽ ഞാൻ നിന്നെ കൊന്നിട്ട് ആത്മഹത്യ ചെയ്യുമായിരുന്നു . . . ." എന്റെ വാക്കുകൾ എന്റെ നിയന്ത്രണം വിട്ട് സ്വയം പുറത്തുവന്നു. ഇപ്രാവശ്യം കാമിനി ചിരിച്ചു. ഞാൻ പറഞ്ഞത് കളിവാക്കുകളായി അവൾക്കു തോന്നിയിട്ടുണ്ടോ? "വാ. എന്നെ കൊല്ലാൻ വാ . . . . നിങ്ങൾ ഇങ്ങനെ സംസാരിക്കുന്നത് എത്ര നന്നായിരിക്കുന്നു . . . . ഗൗരീശാ!" ചിലന്തിവല സൂര്യ പ്രകാശത്തിൽ മിന്നുന്നതുപോലെ അവളുടെ കണ്ണുകൾ പ്രകാശിച്ചിരുന്നു.

"നിന്റെ സ്തുതിക്കു താങ്ക്സ്!"

"നിങ്ങൾ വളരെ ഇൻററസ്റ്റിങ് ആകാൻ തുടങ്ങിയിരിക്കുന്നു. ബോംബെയുടെ പ്രഭാവം!"

"ഉം, ബോംബെയ്ക്കു താങ്ക്സ്."

പ്രേമവും സമർപ്പണവും എന്റെ ശരീരത്തിനും ആത്മാവിനും കൂടി 'മുക്തി' പ്രദാനം ചെയ്യാമായിരുന്നു . . . . പക്ഷേ അത്തരം ജീവിതം തുടങ്ങുന്നതിനു മുമ്പു തന്നെ, എന്റെ മനസ്സ് അനുഭവങ്ങളുടെ പരീക്ഷണശാല ആയിരിക്കുമ്പോൾ തന്നെ, എന്റെ ജീവിതത്തിന്റെ മുക്തിയുടെ തുടക്കമാകരുതോ?

ഒരു ദിവ്യശക്തിയിൽ — ദൈവത്തിൽ — എനിക്കു വിശ്വാസമുണ്ടായിരുന്നുവെങ്കിൽ ആ വിശ്വാസമെങ്കിലും എന്റെ ആശ്രയക്കല്ലാകാമായിരുന്നു. 'തമസോ മാ ജ്യോതിർഗമയാ' എന്ന് പറയാമായിരുന്നു. അതും സാധ്യമല്ല. ഡോക്ടർ ഫൗസ്റ്റ് അവസാനം ദൈവത്തിന്റെ ആശ്രയക്കയ്യില്ലാതെ, ക്രിസ്തുവിന്റെ ഒരു തുള്ളി രക്തം പോലുമില്ലാതെ നിസ്സഹായനായി നരകത്തിൽ പോയതു പോലെ ഞാൻ ആഴവും അന്തവും ഇല്ലാത്ത അന്ധകാരത്തിന്റെ ശൂന്യതയിൽ നിസ്സഹായനായി താഴുക മാത്രമാണ് അനിവാര്യകർമ്മം. . . .

മുഖ്യമായി വേണ്ടത് ധൈര്യമാണ്!

ധൈര്യം!"

* * *

അവന്റെ 'ധൈര്യ'ത്തിന്റെ അർത്ഥം എനിക്കു പിന്നീടു മനസ്സിലായി.

ശ്രീകാന്തന്റെ വേദനയെക്കുറിച്ചുള്ള ചിന്ത അപ്പോൾ ഞങ്ങൾക്കാർക്കും ഉണ്ടായിരുന്നില്ല. അയാൾ സുഖപ്പെട്ടു വരുന്നു, അൽപം കൂടുതൽ ശ്രദ്ധയും മരുന്നും വിശ്രമവും കൊണ്ട് വേഗം സുഖപ്പെടും എന്നു തന്നെയായിരുന്നു ഞങ്ങൾ എല്ലാരുടെയും വിചാരം. പുറമെ അയാൾ ശക്തനായി തോന്നിയിരുന്നു . . . . മാത്രമല്ല മേരിയും അവളുടെ പ്രേമവും അയാളിൽ ഉത്സാഹവും ചൈതന്യവും നിറച്ച് അയാൾ വേഗം സുഖപ്പെടുമെന്നു തന്നെ ഞാൻ കരുതി യിരുന്നു.

ജൂൺ ആദ്യവാരത്തിൽ ഞാൻ സിർസിയിലേക്കുപോയി, അച്ഛനമ്മമാരുടെ സമാധാനത്തിനു വേണ്ടി.

"എം. എസ്സി. പാസ്സായിക്കഴിഞ്ഞാൽ എന്തു ചെയ്യാനാ ഭാവം?"

"അറിയില്ല, എല്ലാം റിസൾട്ടിനെ ആശ്രയിച്ചിരിക്കുന്നു."

"പഠിച്ചതു മതി . . . ." അമ്മ ശബ്ദമുണ്ടാക്കി.

"ക്ലാസു കിട്ടിയില്ലെങ്കിൽ, ജോലി നോക്കണമെന്നു തീരുമാനിച്ചിരിക്കുകയാണ്."

"ജോലി കിട്ടിയോ?" അമ്മയുടെ ആകാംക്ഷ നിറഞ്ഞ ചോദ്യം.

"ഇല്ല — സത്യേന്ദ്രൻ ഒന്നു രണ്ടിടത്തു പറഞ്ഞിട്ടുണ്ട്. നോക്കണം." ഞാൻ പറഞ്ഞു.

"നല്ലത്. പെട്ടെന്ന് വഴി കണ്ടതു പോലായി . . . ."

"നല്ല ശമ്പളം കിട്ടുമെങ്കിൽ ജോലി ചെയ്യ്. ഇല്ലെങ്കിൽ സിർസിക്കു പോര്." അച്ഛന്റെ കഠോരമായ ഉപദേശം.

"പിന്നത്തേതു പിന്നെ . . . ."

ഞാൻ സിർസിയിലായിരുന്നപ്പോൾ തന്നെ സത്യേന്ദ്രന്റെ ടെലഗ്രാം വന്നു. "കൺഗ്രാജുലേഷൻസ്, തേഡ്ക്ലാസ്, പെട്ടെന്ന പുറപ്പെടുക . . . . പ്രൈവറ്റ് കമ്പനിയിൽ ജോലി കിട്ടുവാൻ ചാൻസ് ഉണ്ട്."

തേഡ് ക്ലാസ്സായതു കൊണ്ട് നിരാശയുണ്ടായി. പക്ഷേ പെട്ടെന്നു തന്നെ പഠിത്തമെന്ന പീഡയും പരീക്ഷയെന്ന ശല്യവും തീർന്നല്ലോ എന്ന സമാധാനം തോന്നി.

ഞാൻ ധാറവാഡയിൽ ചെന്നപ്പോൾ ശ്രീകാന്തൻ അവിടെ ഉണ്ടായിരുന്നില്ല. അയാൾ വാനലെസ്വാഡിക്കു പോയിരുന്നു.

ഞാൻ ഉത്കണ്ഠയോടെ ചോദിച്ചു. "എന്തെങ്കിലും കുഴപ്പം. . .?"

"ഇല്ല, വെറുതെ പോയിവരാമെന്നു പറഞ്ഞു പോയി. " കാമിനി പറഞ്ഞു.

"എന്നു വരും?"

"രണ്ടു മൂന്നു ദിവസത്തിനകം വരുമെന്നു പറഞ്ഞു."

"നിന്റെ റിസൾട്ട് എന്തായി? നിന്റെ നംബർ എനിക്കറിയില്ലായിരുന്നു."

"വീണ്ടും തോറ്റു."

"സോറി . . . . ഇനി?"

"ഇനിയെന്താ? വീണ്ടും പ്രയത്നം!"

"ഗുഡ് . . . . പാർട്ടി വിടാതെ?"

"വിട്ടിട്ടെന്തു ചെയ്യാനാണ്?. . . ."

"പഠിത്തം — സീരിയസ്സായി."

"എനിക്ക് എല്ലാം കുഴപ്പമായിരിക്കുന്നു . . . . ഞാൻ ആണായിരുന്നെങ്കിൽ എവിടെയെങ്കിലും ദൂരെ ഓടിപ്പോകുമായിരുന്നു . . . ."

"എന്റെ കൂടെ ഓടിവരുമോ?" ഞാൻ കളിയാക്കി.

"ഓടിച്ചുകൊണ്ടുപോകാൻ വേണ്ടത്ര ശക്തി നിങ്ങൾക്കു വന്നോ?" അവളും ചിരിച്ചു.

"എനിക്കു ബോംബെയിൽ ജോലികിട്ടും. ഇന്നു തന്നെ ഞാൻ ബോംബെയ്ക്കു പോകാനിരിക്കുകയാണ്."

"അതേയോ? നല്ലത് . . . ." എന്നു പറഞ്ഞ് അവൾ സൂക്ഷ്മമായി എന്റെ നേർക്കു നോക്കി.

"ബെസ്റ്റ് ലക്ക് . . . . നിങ്ങൾക്കു കിട്ടാതെ മറ്റ് ആർക്കാണു കിട്ടുക?" അവളുടെ കണ്ണുകളിൽ കൗതുകം നിറഞ്ഞു നിന്നിരുന്നു. "ജോലി കിട്ടിയതിനുശേഷം . . . . വിവാഹമാണോ? അതായതു ശശികലയുമായി?"

"ഛെ, വിവാഹം — അതെല്ലാം കള്ളം . . . . കാമിനീ, ആദ്യം ജീവിക്കുവാനുള്ള ശ്രമം, അതിനുശേഷം മറ്റുകാര്യം."

പ്രേമവും സമർപ്പണവും എൻെറ ശരീരത്തിനും ആത്മാവിനും കൂടി 'മുക്തി' പ്രദാനം ചെയ്യാമായിരുന്നു . . . . പക്ഷേ അത്തരം ജീവിതം തുടങ്ങുന്നതിനു മുമ്പു തന്നെ, എൻെറ മനസ്സ് അനുഭവങ്ങളുടെ പരീക്ഷണശാല ആയിരിക്കുമ്പോൾ തന്നെ, എൻെറ ജീവിതത്തിൻെറ മുക്തിയുടെ തുടക്കമാകരുതോ?

ഒരു ദിവ്യശക്തിയിൽ — ദൈവത്തിൽ — എനിക്കു വിശ്വാസമുണ്ടായിരുന്നുവെങ്കിൽ ആ വിശ്വാസമെങ്കിലും എൻെറ ആശ്രയക്കല്ലാകാമായിരുന്നു. 'തമസോ മാ ജ്യോതിർഗമയാ' എന്ന് പറയാമായിരുന്നു. അതും സാധ്യമല്ല. ഡോക്ടർ ഫൗസ്റ്റ് അവസാനം ദൈവത്തിൻെറ ആശ്രയക്കയ്യില്ലാതെ, ക്രിസ്തുവിൻെറ ഒരു തുള്ളി രക്തം പോലുമില്ലാതെ നിസ്സഹായനായി നരകത്തിൽ പോയതു പോലെ ഞാൻ ആഴവും അന്തവും ഇല്ലാത്ത അന്ധകാരത്തിൻെറ ശൂന്യതയിൽ നിസ്സഹായനായി താഴുക മാത്രമാണ് അനിവാര്യകർമ്മം. . . .

മുഖ്യമായി വേണ്ടത് ധൈര്യമാണ്!

ധൈര്യം!"

* * *

അവൻെറ 'ധൈര്യ'ത്തിൻെറ അർത്ഥം എനിക്കു പിന്നീടു മനസ്സിലായി.

ശ്രീകാന്തൻെറ വേദനയെക്കുറിച്ചുള്ള ചിന്ത അപ്പോൾ ഞങ്ങൾക്കാർക്കും ഉണ്ടായിരുന്നില്ല. അയാൾ സുഖപ്പെട്ടു വരുന്നു, അൽപം കൂടുതൽ ശ്രദ്ധയും മരുന്നും വിശ്രമവും കൊണ്ട് വേഗം സുഖപ്പെടും എന്നു തന്നെയായിരുന്നു ഞങ്ങൾ എല്ലാരുടെയും വിചാരം. പുറമെ അയാൾ ശക്തനായി തോന്നിയിരുന്നു . . . . മാത്രമല്ല മേരിയും അവളുടെ പ്രേമവും അയാളിൽ ഉത്സാഹവും ചൈതന്യവും നിറച്ച് അയാൾ വേഗം സുഖപ്പെടുമെന്നു തന്നെ ഞാൻ **കരുതിയിരുന്നു.**

ജൂൺ ആദ്യവാരത്തിൽ ഞാൻ സിർസിയിലേക്കുപോയി, അച്ഛനമ്മമാരുടെ സമാധാനത്തിനു വേണ്ടി.

"എം. എസ്സി. പാസ്സായിക്കഴിഞ്ഞാൽ എന്തു ചെയ്യാനാ ഭാവം?"

"അറിയില്ല, എല്ലാം റിസൾട്ടിനെ ആശ്രയിച്ചിരിക്കുന്നു."

"പഠിച്ചതു മതി . . . ." അമ്മ ശബ്ദമുണ്ടാക്കി.

"ക്ലാസു കിട്ടിയില്ലെങ്കിൽ, ജോലി നോക്കണമെന്നു തീരുമാനിച്ചിരിക്കുകയാണ്."

"ജോലി കിട്ടിയോ?" അമ്മയുടെ ആകാംക്ഷ നിറഞ്ഞ ചോദ്യം.

"ഇല്ല — സത്യേന്ദ്രൻ ഒന്നു രണ്ടിടത്തു പറഞ്ഞിട്ടുണ്ട്. നോക്കണം." ഞാൻ പറഞ്ഞു.

"നല്ലത്. പെട്ടെന്ന് വഴി കണ്ടതു പോലായി . . . ."

"നല്ല ശമ്പളം കിട്ടുമെങ്കിൽ ജോലി ചെയ്യ്. ഇല്ലെങ്കിൽ സിർസിക്കു പോര്." അച്ഛൻെറ കഠോരമായ ഉപദേശം.

"പിന്നത്തേതു പിന്നെ . . . ."

ഞാൻ സിർസിയിലായിരുന്നപ്പോൾ തന്നെ സത്യേന്ദ്രൻെറ ടെലഗ്രാം വന്നു. "കൺഗ്രാജുലേഷൻസ്, തേഡ്ക്ലാസ്, പെട്ടെന്ന പുറപ്പെടുക . . . . പ്രൈവറ്റ് കമ്പനിയിൽ ജോലി കിട്ടുവാൻ ചാൻസ് ഉണ്ട്."

തേഡ് ക്ലാസ്സായതു കൊണ്ട് നിരാശയുണ്ടായി. പക്ഷേ പെട്ടെന്നു തന്നെ പഠിത്തമെന്ന പീഡയും പരീക്ഷയെന്ന ശല്യവും തീർന്നല്ലോ എന്ന സമാധാനം തോന്നി.

ഞാൻ ധാറവാഡയിൽ ചെന്നപ്പോൾ ശ്രീകാന്തൻ അവിടെ ഉണ്ടായിരുന്നില്ല. അയാൾ വാനലെസ്‌വാഡിക്കു പോയിരുന്നു.

ഞാൻ ഉത്കൺഠയോടെ ചോദിച്ചു. "എന്തെങ്കിലും കുഴപ്പം. . .?"

"ഇല്ല, വെറുതെ പോയിവരാമെന്നു പറഞ്ഞു പോയി. " കാമിനി പറഞ്ഞു.

"എന്നു വരും?"

"രണ്ടു മൂന്നു ദിവസത്തിനകം വരുമെന്നു പറഞ്ഞു."

"നിൻെറ റിസൾട്ട് എന്തായി? നിൻെറ നംബർ എനിക്കറിയില്ലായിരുന്നു."

"വീണ്ടും തോറ്റു."

"സോറി . . . . ഇനി?"

"ഇനിയെന്താ? വീണ്ടും പ്രയത്നം!"

"ഗുഡ് . . . . പാർട്ടി വിടാതെ?"

"വിട്ടിട്ടെന്തു ചെയ്യാനാണ്?. . . ."

"പഠിത്തം — സീരിയസ്സായി."

"എനിക്ക് എല്ലാം കുഴപ്പമായിരിക്കുന്നു . . . . ഞാൻ ആണായിരുന്നെങ്കിൽ എവിടെയെങ്കിലും ദൂരെ ഓടിപ്പോകുമായിരുന്നു . . . ."

"എൻെറ കൂടെ ഓടിവരുമോ?" ഞാൻ കളിയാക്കി.

"ഓടിച്ചുകൊണ്ടുപോകാൻ വേണ്ടത്ര ശക്തി നിങ്ങൾക്കു വന്നോ?" അവളും ചിരിച്ചു.

"എനിക്കു ബോംബെയിൽ ജോലികിട്ടും. ഇന്നു തന്നെ ഞാൻ ബോംബെയ്ക്കു പോകാനിരിക്കുകയാണ്."

"അതേയോ? നല്ലത് . . . ." എന്നു പറഞ്ഞ് അവൾ സൂക്ഷ്മമായി എൻെറ നേർക്കു നോക്കി.

"ബെസ്റ്റ് ലക്ക് . . . . നിങ്ങൾക്കു കിട്ടാതെ മറ്റ് ആർക്കാണു കിട്ടുക?" അവളുടെ കണ്ണുകളിൽ കൗതുകം നിറഞ്ഞു നിന്നിരുന്നു. "ജോലി കിട്ടിയതിനുശേഷം . . . . വിവാഹമാണോ? അതായതു ശശികലയുമായി?"

"ഛെ, വിവാഹം — അതെല്ലാം കള്ളം . . . . കാമിനീ, ആദ്യം ജീവിക്കുവാനുള്ള ശ്രമം, അതിനുശേഷം മറ്റുകാര്യം."

"അതൊക്കെ കള്ളം . . . . ശശികല നിങ്ങളെ വെറുതെ വിടുമോ? നിങ്ങൾ ഒരു വർഷം മുഴുവൻ അവളുമായി ശൃംഗരിച്ചു നടന്നതിനുശേഷം?"

"കാമിനീ, നിനക്കു ബുദ്ധിയും അറിവുമൊക്കെ എന്നാണു വരുന്നത്?"

"എന്താണിത്ര കോപം? — എന്റെ ഊഹം ശരിതന്നെയല്ലേ?"

"ഉം — പിന്നെ?"

"പിന്നെന്താ? ശുഭസ്യശീഘ്രം!" അവളുടെ ചിരി ശുഷ്കമായിരുന്നു. എനിക്ക് സന്തോഷം തോന്നി!

"താങ്ക്സ്, എന്റെ വിവാഹത്തിനു വരുമല്ലോ?" ഞാൻ ചിരിച്ചുകൊണ്ടു ചോദിച്ചു.

"ഞാനില്ലാതെ നിങ്ങളുടെ വിവാഹം എങ്ങനെ നടക്കും?"

* * *

ശ്രീകാന്തനെ കാണാൻ കഴിയാത്തതുകൊണ്ട് വളരെയേറെ നിരാശതോന്നി. വഴിമധ്യേ, വാനലെസ്വാഡി വഴി പോയാലെന്തെന്ന് ആലോചിച്ചു. മേരിയെ കാണാൻ വേണ്ടിയാണ് അവൻ പോയിരിക്കുന്നത്. അവരുടെ മധ്യത്തിലേക്ക് ഞാനെന്തിനു പോകണം എന്ന് ബുദ്ധി എന്റെ അന്തക്കരണത്തോടു പറഞ്ഞു . . . .

'വിനാശകാലേ വിപരീത ബുദ്ധി . . . .!'

ബോംബെയിൽ, എനിക്കു ജോലിക്കു വേണ്ട എല്ലാ ഏർപ്പാടുകളും സത്യേന്ദ്രൻ ചെയ്തിരുന്നു. 'മഹേന്ദ്രാ ആൻഡ് കമ്പനി'യിൽ സെയിൽസ് ഓർഗനൈസറുടെ ജോലി എളുപ്പത്തിൽ കിട്ടി . . . .

ബാംദ്രായിൽ — ഈ മുറിയും കിട്ടി . . . .

ഡോലി എന്റെ 'ജീവിത'ത്തിലേക്കു കടന്നു വന്നു.

* * *

ഉച്ചയായിട്ടും ഡോലി വന്നില്ല. പള്ളിയിൽ പോയിരുന്നെങ്കിൽ, പ്രാർഥന കഴിഞ്ഞെങ്കിലും വരണമായിരുന്നു . . . . പക്ഷേ അവൾ പള്ളിയിൽ പോയില്ലെന്നതു വ്യക്തമാണ് . . . . അവൾ എവിടെ പോയിക്കാണും? ങാ, അവൾ മറ്റാരെയെങ്കിലും, പിടികൂടിയിരിക്കുമോ? അവന്റെ കൂടെ ഇന്ന് 'പിക്നിക്കി'ന് (മഡ് ഐലൻഡ് — ആ ഏകാന്തസുന്ദരമായ സമുദ്രതീരത്ത് — ഞാനും അവളും പോയ ആ കരിങ്കല്ലിന്റെ സമീപം?) പോയിരിക്കാമോ? . . . . ഈ വിചാരം എന്നെ എന്തുകൊണ്ടു വേദനിപ്പിച്ചു? . . . . അസൂയയോ? അവളിൽ എനിക്ക് അവകാശമുണ്ട് എന്ന സ്വാർഥ ചിന്തയോ?

അസൂയയുടെ നരകം ഇപ്പോഴും എന്റെ മനസ്സിലുണ്ടോ?. . . . മതിയായില്ലേ അസൂയയുടെ ആസുരാനുഭവം? . . . . ഇല്ല, ഡോലി പൂർണ സ്വതന്ത്രയാണ് . . . . അവൾ ഇഷ്ടമുള്ളവരുടെ കൂടെ പോകട്ടെ — എനിക്കെന്താണ്, ഞാനെന്തിനസ്വസ്ഥപ്പെടണം? ഞാൻ

തന്നെ അവളെ — എല്ലാറ്റിനെയും — വിട്ട് ആഫ്രിക്കയ്ക്ക് പോവുകയല്ലേ? ഉം, ഡോലിക്ക്, എന്റെ പുറത്തു തൂങ്ങിയാൽ തന്നെ എന്താണു കിട്ടുന്നത്? വീണ്ടും കുറെ പ്രാവശ്യം കൂടി ശരീരസുഖം — അത്രയല്ലേ? അവൾ ബുദ്ധിയുള്ളവളാണെങ്കിൽ മറ്റൊരുത്തനെ പെട്ടെന്നു പിടികൂടി തന്റെ ഭാവിസുഖത്തിന്റെ ഏർപ്പാടുകൾ വേഗം ചെയ്യണം . . . . അതാണ് എല്ലാത്തരത്തിലും നല്ലത് . . . . അവളുടെ വീക്ഷണത്തിലും എന്റെ വീക്ഷണത്തിലും . . . .!

ഓ ക്രിസ്തുവേ, അവൾക്ക് നല്ലൊരു ആൺകുട്ടിയെ കൊടുക്കാൻ കനിയണമേ. അവളുടെ ജീവിതം സുഖകരമാക്കിത്തീർക്കൂ . . . . നിന്റെ ആശീർവാദം അവളുടെ മേൽ എപ്പോഴുമുണ്ടായിരിക്കേണമേ . . . .

എടാ ഞാനെന്താണിങ്ങനെ അവളുടെ ദേവനോട് അവൾക്കു വേണ്ടി പ്രാർഥിക്കുന്നത്?

ഞാൻ വാനലെസ്വാഡിക്കയച്ച കത്തിൽ ശ്രീകാന്തന്റെ ഹ്രസ്വമായ മറുപടി കിട്ടി.

"കൺഗ്രാജുലേഷൻസ്! നിന്റെ ജീവിതം സുഖകരമാകട്ടെ . . . നീ എപ്പോഴും നീ ആയി ഇരിക്കൂ . . . . എന്റെ അസുഖം ഭേദപ്പെട്ടു വരുന്നു . . . . മേരിയുടെ കൃപ . . . . കൂടെക്കൂടെ കത്തയയ്ക്കുമല്ലോ . . . ."

പിന്നീട് ഒരു മാസക്കാലത്തോളം അവന്റെ കത്തേ കിട്ടിയില്ല. എന്റെ നാല് എഴുത്തിനും, സത്യേന്ദ്രന്റെ രണ്ടുകത്തിനും മറുപടിയില്ല . . . .

അതിനുശേഷം ധാറവാഡയിൽ നിന്ന് ഒരു കത്തു വന്നു. "എനിക്കു സുഖമാണ്. വിചാരപ്പെടേണ്ട. പൂർണ വിശ്രമമെടുക്കുന്നു. ഞാൻ പുറത്തുപോലും പോകുന്നില്ല. പെട്ടെന്നു തന്നെ ബോംബെയ്ക്ക് ഒരു ട്രിപ്പുവരുന്നതിനെക്കുറിച്ച് ആലോചിച്ചു കൊണ്ടിരിക്കുന്നു."

കത്ത് ഹ്രസ്വമായിരുന്നെങ്കിലും സന്ദിഗ്ധമായിരുന്നു. ബോംബെയ്ക്ക് വരാനിരിക്കുകയാണെന്ന സന്തോഷമുണ്ടായെങ്കിലും മനസ്സ് ('ഞാൻ പുറത്തു പോലും പോകുന്നില്ല') അസ്വസ്ഥമായി . . . .

അന്നു ഞാൻ സത്യേന്ദ്രന്റെ വീട്ടിൽ പോയി. അവന്റെ കൂടെ ഊണു കഴിച്ചു. അയാൾ എന്നെ സാന്ത്വനപ്പെടുത്തി. "വിചാരപ്പെടേണ്ട. അവനു തീർച്ചയായും സുഖമായിരിക്കും . . . ."

"ഇത്ര ചെറിയ എഴുത്ത് എന്താണോ എഴുതുന്നത്?"

"അവന്റെ മനസ്സു മുഴുവൻ മേരിയിൽ കേന്ദ്രീകൃതമായിരിക്കണം . . . ."

"ഇപ്രാവശ്യത്തെ കത്തിൽ അവളുടെ പേരുപോലും ഇല്ല . . . ." ഞാൻ പറഞ്ഞു.

"അത്ര വേവലാതിയാണെങ്കിൽ കാമിനിക്കു കത്തെഴുതി നോക്ക് — അല്ലെങ്കിൽ ഒന്നുരണ്ടു ദിവസത്തെ അവധിയെടുത്തു കൊണ്ട് നീ വേണമെങ്കിൽ അവിടം വരെ പോയിവാ . . . ."

"ഓ . . . . അങ്ങനെ ചെയ്യുന്നതാണു നല്ലത്."

"പറ്റുമെങ്കിൽ അവനെ ബോംബെയ്ക്കു വിളിച്ചു കൊണ്ടു വാ . . . ."

"ഓ, നല്ല ആലോചന . . . . അങ്ങനാണെങ്കിൽ ശനിയാഴ്ച പോകാം . . . . തിങ്കളാഴ്ച എന്തോ അവധിയാണ് . . . . ചൊവ്വാഴ്ച അവധിയെടുക്കാം . . . ."

"ഡോലി എന്തു പറയുന്നു?" സത്യേന്ദ്രൻ ചിരിച്ചുകൊണ്ടു ചോദിച്ചു.

"സുഖമായിരിക്കുന്നു. അവളെക്കുറിച്ചിതുവരെ ശ്രീകാന്തന് എഴുതിയില്ല. ഓ ഓർമ്മവന്നു. ഈ ഞായറാഴ്ച ഞങ്ങൾ 'മഡ് ഐലൻഡ്സി'ലേക്കു പോകാനിരിക്കുകയായിരുന്നു. അതിപ്പോൾ ക്യാൻസൽ ചെയ്യണം . . . ."

"ക്യാൻസൽ ചെയ്യണം, അതിനെന്താ? ഒരു കാര്യം. ഡോലിയുമായി അൽപം സൂക്ഷിച്ചിടപെട്ടോ . . . അവളുമായി എന്തെങ്കിലും ഗുലുമാലുണ്ടായോ, സൂക്ഷിച്ചോ."

ഞാൻ വെറുതെയിരുന്നു (അപരാധിയുടെ മൗനം!) ഉണ്ടായ 'ഗുലുമാൽ' ഇതുവരെ അവനോടു പറഞ്ഞിട്ടില്ല . . . ."

അന്നു മുറിയിൽ വന്നപ്പോൾ രാത്രി പന്ത്രണ്ടായി. ഉറക്കം വന്നില്ല . . . . എന്റെ മനസ്സിൽ വിചിത്രമായ അസ്വസ്ഥത നിറഞ്ഞു നിന്നിരുന്നു . . . .

അടുത്ത ദിവസം രാവിലെ ആരോ കതകിൽ മുട്ടുന്ന ശബ്ദം കേട്ടു. ഞാൻ പെട്ടെന്നെഴുന്നേറ്റു കതകു തുറന്നു. ലാൻഡ് ലേഡിയുടെ കയ്യിൽ ഒരു ടെലഗ്രാം . . . . അതു കണ്ടപ്പോൾ തന്നെ കണ്ണിൽ ഇരുട്ടു നിറഞ്ഞപോലെ തോന്നി. പെട്ടെന്നു ടെലഗ്രാം കയ്യിൽ വാങ്ങി ലാൻഡ് ലേഡിക്ക് 'താങ്ക്സ്' പോലും പറയാതെ, കതകടച്ച്, ടെലഗ്രാം പൊട്ടിച്ചു . . . .

ഹൃദയം തകർന്നു . . . .

അതിഭയങ്കരമായ ഒരിടി . . . .

"Shrikant committed suicide, come if you like" - Gopal. (ശ്രീകാന്തൻ ആത്മഹത്യ ചെയ്തു. വേണമെങ്കിൽ വരിക—ഗോപാൽ).

ഇത് ഇപ്പോൾ എഴുതുമ്പോഴും കൈവിറയ്ക്കുന്നു . . . . കണ്ണീർ പ്രവഹിക്കുന്നു . . . .

അയ്യോ ദൈവമേ . . . . എന്റെ ശ്രീകാന്തൻ . . . . എന്റെ പ്രാണൻ . . . .

എത്രയോ നേരം അങ്ങനെതന്നെ ഞാനിരുന്നു . . . . ദുഃഖം അയ

വിറക്കിക്കൊണ്ട് . . . . നാലഞ്ചു സിഗററ്റ് തുടർച്ചയായി വലിച്ച് വിറച്ചുകൊണ്ടിരുന്ന സിരകളെ ശ്രമപൂർവം ശാന്തമാക്കി പേന കയ്യിലെടുത്തിരിക്കയാണ് . . . .

അന്ന് എത്രയോ നേരം അങ്ങനെ തന്നെ ഭ്രാന്തനെപ്പോലെ കരഞ്ഞുകൊണ്ട് ഒന്നിലും ശ്രദ്ധയില്ലാതെ വീണു കിടന്നെന്നോർമ്മയില്ല. ലാൻഡ് ലേഡിക്ക് സംശയം തോന്നി കതകിൽ മുട്ടിയപ്പോഴാണ് ഓർമ്മവന്നത്.

"ഹലോ, ഉപാസനീ, എന്തു പറ്റി . . . . എന്തെങ്കിലും . . . . ആരെങ്കിലും . . . ."

"ഒന്നുമില്ല —" കണ്ണുനീരിന്റെ നനവാർന്ന ശബ്ദത്തിൽ ഞാൻ പറഞ്ഞു.

"എന്തെങ്കിലും സഹായം വേണോ ? . . . ."

സത്യേന്ദ്രനെ അറിയിക്കണം എന്നു പെട്ടെന്നു തോന്നി. ധൃതിപ്പെട്ട് എഴുന്നേറ്റു. മുഖം തുടച്ചു. കതകു തുറന്നു.

"നിങ്ങൾക്കു വിഷമമുണ്ടാവുകയില്ലെങ്കിൽ അടുത്ത വീട്ടിൽ പോയി ടെലഫോൺ ചെയ്ത് എന്റെ സുഹൃത്തിനോട് പെട്ടെന്നു വരാൻ പറയണം . . . ." എന്നു പറഞ്ഞ് ഒരു കടലാസിൽ സത്യേന്ദ്രന്റെ പേരും അവന്റെ അടുത്ത വീട്ടിലെ ഫോൺ നംബറും എഴുതി അവരുടെ കയ്യിൽ കൊടുത്തു . . . .

"നല്ലത് — എന്നാലും എന്താണു സംഭവിച്ചത് ?" അവരുടെ ആകാംക്ഷ ശക്തിമത്തായിരുന്നു.

* * *

ദുഃഖം, കരകാണാത്ത ദുഃഖം, പ്രപഞ്ചത്തെ മരുഭൂമിയാക്കുന്ന ദുഃഖം . . . . വേദന. മനസ്സു തകർക്കുന്ന വേദന. മരണം വിളിക്കുന്ന വേദന . . . .

ചുറ്റും ഇരുട്ടു തന്നെ ഇരുട്ട് . . . .

അലറിയേറി വരുന്ന ഇരുട്ടിന്റെ തിരകൾ . . . .

. . . . 'അയ്യോ അയ്യോ അയ്യോ' ഇതൊന്നു മാത്രമാണ് ആ തിരകൾ ഉതിർക്കുന്ന മന്ത്രം . . . .

* * *

അടുത്ത ദിവസം ഞാനും സത്യേന്ദ്രനും ധാറവാഡ വിട്ടപ്പോൾ മധ്യാഹ്നമായിരുന്നു. കഴിഞ്ഞ രാത്രിയിൽ പെയ്ത മഴമൂലം എല്ലായിടത്തും ചെളിയും വെള്ളവും കെട്ടി നിന്നിരുന്നു. ആകാശത്തിൽ നിറഞ്ഞ മേഘങ്ങൾ സൂര്യപ്രകാശത്തെ നിർജീവമാക്കി താഴെ പരത്തിയിരുന്നു . . . .

ഗോപാലനു ടെലഗ്രാം ചെയ്ത് ഞങ്ങൾ വരുന്ന വിവരം അറിയിച്ചിരുന്നതുകൊണ്ട് അയാൾ സ്റ്റേഷനിൽ വന്നിരുന്നു. എല്ലാ കാര്യങ്ങളും അയാൾ ഞങ്ങളെ അറിയിച്ചു. "ശ്രീകാന്തൻ സ്ലീപ്പിങ്

പിൽസ് ഓവർഡോസ് കഴിച്ച് ആത്മഹത്യ ചെയ്തു . . . . വെളുപ്പിന് അവൻെറ അമ്മ അവനു ചായയും കൊണ്ടു ചെന്നപ്പോൾ അവർക്കു മനസ്സിലായി . . . . പിന്നീട് പോസ്റ്റ്മോർട്ടത്തിനു വേണ്ടി ശവം ഹോസ്പിറ്റലിലേക്കു കൊണ്ടുപോയി . . . . ഇന്നു വെളുപ്പിന് തിരിച്ചു കിട്ടി . . . . ഇപ്പോൾ ശ്മശാനത്തിലേക്കു കൊണ്ടുപൊയ്ക്കൊണ്ടിരിക്കുന്നു . . . . നമുക്കു നേരെ അങ്ങോട്ടു പോകാം.''

ഞങ്ങൾ ബാഗും മറ്റും സ്റ്റേഷനിൽ തന്നെ സൂക്ഷിച്ച് ഒരു ടോംഗാ പിടിച്ചു.

"കാരണം അറിയാമോ ?'' സത്യേന്ദ്രൻ ചോദിച്ചു.

"മേശപ്പുറത്തു നിന്ന് അയാൾ എഴുതിയ ചെറിയൊരു കുറിപ്പു കിട്ടി. 'എൻെറ ആത്മഹത്യയ്ക്കു ഞാൻ തന്നെയാണു കാരണക്കാരൻ. അതിൻെറ എല്ലാ ഉത്തരവാദിത്തവും പൂർണമായും എനിക്കു തന്നെയാണ്' ഇത്ര മാത്രം അതിലുണ്ടായിരുന്നു . . . . പോലീസ് അവൻെറ ഡയറി കൊണ്ടുപോകുന്നുണ്ട്.''

"ശ്രീകാന്തൻെറ ബന്ധുക്കളാരെങ്കിലും വന്നിട്ടുണ്ടോ ?''

"അവൻെറ ചിറ്റപ്പൻ, അപ്പച്ചി—ആരൊക്കെയോ വന്നിട്ടുണ്ട് . . . .''

എനിക്ക് ഒരു ചോദ്യവും ചോദിക്കാനുള്ള മനസ്ഥിതിയില്ലായിരുന്നു. മരണം എന്ന സത്യത്തിനു മുമ്പിൽ ചോദ്യങ്ങൾക്ക് അവസരമുണ്ടോ ?

* * *

ജനം —ചുറ്റുപാടും ജനം — ജീവനുള്ള, അലഞ്ഞു നടക്കുന്ന ജനം . . . .

ചിതയിൽ ശ്രീകാന്തൻെറ സ്തബ്ധമുഖം . . . .

ആകാശത്തിൽ സ്തബ്ധത, ശൂന്യത . . . .

അഗ്നിയും സജീവമായിരിക്കുന്നു . . . .

* * *

ആരോ എൻെറ കൈ പിടിച്ചു വലിച്ചു. സത്യേന്ദ്രൻ "കഴിഞ്ഞു . . . . വരൂ, പോകാം . . . . ശ്രീകാന്തൻെറ വീട്ടിലേക്ക്'' എന്നു പറഞ്ഞു.

'ശ്രീകാന്തൻെറ വീട്ടിലേക്ക്'. . . . ജ്വാല ആളിക്കത്തി. . . .

രണ്ടു കൈകൊണ്ടും മുഖം മറച്ചു വിലപിച്ചു . . . .

"അയ്യോ, ശ്രീകാന്താ, ... ഞാനും മരിച്ചു . . . .''

* * *

ശ്രീകാന്തൻെറ അമ്മ ഭിത്തിയുടെ നേർക്കു മുഖം തിരിച്ചു കിടക്കുകയായിരുന്നു. അവരുടെ സമീപത്ത് മൂന്നുനാലു സ്ത്രീകൾ ഇരിക്കുന്നുണ്ടായിരുന്നു. അവരുടെ ശരീരം കൂടെക്കൂടെ, ഭൂകമ്പമെന്ന മാതിരി, വിറച്ചിരുന്നു. ഞാൻ പോയി പാദത്തിൽ തൊട്ട് **'മാംശീ . . . .!'** എന്നു വിളിച്ചു. അവർ സ്തബ്ധയായി. മുഖം തിരി

ക്കുക മാത്രം ചെയ്തില്ല . . . .

പെട്ടെന്ന് എവിടെ നിന്നോ ശക്തമായ കരച്ചിൽ കേട്ടു. ആ മുറിയുടെ ഒരു മൂലയിൽ കിടന്ന സ്റ്റൂളിൽ ഇരുന്ന് കാമിനി കരയുന്നുണ്ടായിരുന്നു :

"അണ്ണാ . . . . എൻെറ അണ്ണാ . . . . ഞങ്ങളെയൊക്കെ ഇട്ടേച്ചു പോയോ . . . . അണ്ണാ . . . . അണ്ണാ . . . ."

ഞാൻ യാന്ത്രികമായി അവളുടെയടുത്തു ചെന്നു. അവളുടെ കൈ പിടിച്ചു മൃദുവായി അമർത്തി. അവൾ മുഖമുയർത്തി . . . . പെട്ടെന്ന് കണ്ണുനീർ കൊണ്ട് വികൃതമായ മുഖം എൻെറ വയറ്റത്ത് അമർത്തി, എന്നെ കെട്ടിപ്പിടിച്ചുകൊണ്ട്, വീണ്ടും ഉച്ചത്തിൽ വിങ്ങി വിങ്ങി കരയാൻ തുടങ്ങി : "ഗൗരീശാ, നിങ്ങളുടെ ശ്രീകാന്തൻ എവിടെ പോയി ?. . . . പറയൂ, പറയൂ . . . ."

ഞാൻ അവളുടെ തലയിൽ കൈവച്ച് അങ്ങനെ തന്നെ നിന്നു . . . . കണ്ണടച്ചു . . . .

സത്യേന്ദ്രൻ എൻെറ ചുമലിൽ പിടിച്ച് വലിച്ചപ്പോൾ പരിസ്ഥിതിയെക്കുറിച്ചു ബോധമുണ്ടായി. അവൻ ഒന്നും മിണ്ടാതെ എന്നെ പുറത്തെ മുറിയിലേക്കു വിളിച്ചു കൊണ്ടുപോയി . . . . ആ വശത്ത് ശ്രീകാന്തൻെറ മുറിയുടെ വാതിൽ അടച്ചിരുന്നു . . . . അവിടൊക്കെ കണ്ണോടിച്ചപ്പോൾ കസേരയിലും കട്ടിലിലുമൊക്കെയായി വളരെയേറെ ആളുകളുണ്ടായിരുന്നു. ചില പരിചയക്കാരുണ്ടായിരുന്നെങ്കിലും എല്ലാരും അപരിചിതരെപ്പോലെ തോന്നിച്ചിരുന്നു . . . .

അവരിൽ ഒരാൾ മാത്രം യാതൊരു സങ്കോചവുമില്ലാതെ കഴിഞ്ഞ സംഭവത്തെക്കുറിച്ചു സംസാരിച്ചിരുന്നു. അദ്ദേഹം നാട്ടു പ്രമാണിയും സാമൂഹ്യസേവകനുമായ ഗാംഗലരാണെന്നു മനസ്സിലാക്കുവാൻ വിഷമമുണ്ടായില്ല.

* * * *

ശ്രീകാന്തൻെറ ഡയറിയും ചില കത്തുകളും അടുത്ത ദിവസം പോലീസ് തിരിച്ചു തന്നു. അവയിൽ എനിക്കു വേണ്ടി എഴുതിയ ഒരു കത്തുണ്ടായിരുന്നു.

"ഗൗരീശാ, ക്ഷമിക്കണം. എന്നെ മനസ്സിലാക്കുവാൻ നിനക്കു മാത്രമേ കഴിയൂ. അതുകൊണ്ട് എൻെറ ഡയറി നിനക്കായി സമർപ്പിക്കുന്നു. സ്വീകരിക്കൂ . . . . അതു കത്തിച്ചു കളയുന്നതിനെക്കുറിച്ച് ആലോചിച്ചു . . . . പക്ഷേ എങ്ങനെയായാലും എൻെറ ഓർമ്മകൾ നശിപ്പിച്ചു കളയുവാൻ എനിക്കു കഴിയുകയില്ല . . . . നിന്നിൽ അവശേഷിച്ചേക്കാവുന്ന ആ ഓർമ്മകൾ യഥാർഥ വ്യക്തിയുടെ സത്യസ്വരൂപത്തിൻെറ സമീപം വരട്ടെ എന്നോ മറ്റോ തോന്നുന്നു. ഈ തോന്നലിൽ സ്വാർഥതയില്ല . . . . നിന്നോടുള്ള മമതയുണ്ട് . . എന്നെക്കുറിച്ചു ചിന്തിച്ച് വെറുതെ നീ കുഴപ്പത്തിലാകരുത് . . . . അസ്പഷ്ട

വിചാരത്താലും തെറ്റിദ്ധാരണയാലും ഉണ്ടാമയക്കാവുന്ന മനോ ദുഃഖം നിനക്കുണ്ടാകരുത് എന്ന **വിചാരത്താൽ**, ഞാൻ ഈ ഡയറി നിനക്കു സമർപ്പിക്കുന്നു . . . .

ജീവിതത്തിൽ ഗൗരീശാ, നിനക്ക് ആത്മസിദ്ധി ലഭിക്കട്ടെ, പൂർണത നിൻേറതാകട്ടെ . . . `Ripeness is all' . . . വീഴുന്നതിനുമുമ്പ് നിൻെറ ആത്മഫലം പൂർണ പാകമാകട്ടെ . . . . ഞാൻ മുക്തനായി . . . .''

* * * *

മരണം കൊണ്ടു മുക്തി ലഭിക്കുമെങ്കിൽ അതു ലഭ്യമാക്കുന്നത് എത്ര എളുപ്പമാണ് ! . . . .

മരണം എത്ര എളുപ്പം . . . .

മരിക്കുവാൻ എത്രയേറെ മാർഗങ്ങളുണ്ട് . . . . സ്ലീപ്പിങ് പിൽസ് തുടങ്ങി തീക്കുണ്ഡത്തിൽ ചാടുന്നതു വരെ . . . .!

മരിച്ചതിനുശേഷം മുക്തികൊണ്ട് എന്താണു ഫലം ? മരിച്ചതിനുശേഷം 'ഞാൻ' എവിടെ ?

* * * *

സന്ധ്യയായിട്ടും ഡോലിയുടെ വിവരം ഇല്ല.

അവളുടെ വീട്ടിലേക്കു പോയാലോ ?

ഉം ഉം . . . . ഇന്നത്തെ വിചിത്ര മനസ്ഥിതിയിൽ, മരണത്തിൻെറ വിഷണ്ണത എൻെറ മനസ്സിൽ നിറഞ്ഞിരിക്കുമ്പോൾ, വേണ്ട . . . . എങ്ങും പോകണ്ട . . . . വേണമെങ്കിൽ നാളെ വെളുപ്പിന് . . . .

നാളെ വെളുപ്പിന് ഒരു ടെലഗ്രാം അടിക്കണം — സിർസിക്ക് . . . 'തിങ്കളാഴ്ച പുറപ്പെടും'. . . .

ഇരിക്കട്ടെ, നാളത്തേതു നാളെ . . . .

". . . . നാളെ എൻെറ ജീവിതത്തിൻെറ അവസാന ദിവസമാണ്.

പെട്ടെന്ന് ധൈര്യസമേതം എല്ലാം നിശ്ചയിച്ചതിനുശേഷം മനസ്സ് എത്ര ശാന്തമായിരിക്കുന്നു, ശുഭ്രമായിരിക്കുന്നു, ശുചിയായിരിക്കുന്നു . . . . മാനസസരോവരത്തിലെ വെള്ളത്തെപ്പോലെ . . . .

ഇത്ര നാളത്തെ ഭ്രാന്ത്, രക്തത്തിൽ ഇഴഞ്ഞു നടന്നിരുന്ന സർപ്പം പുറത്തേക്ക് ഇഴഞ്ഞുപോയി. അതോടൊപ്പം അസ്വസ്ഥതയും ക്ഷോഭവും ചൈതന്യവുമെല്ലാം എന്നെ വിട്ടു പോയിരിക്കുന്നു. എൻെറ പ്രാണൻ ഇപ്പോൾ തന്നെ എന്നിൽനിന്നു പോയപോലെയുണ്ട് . . . ഇല്ല എനിക്കു പ്രജ്ഞയുണ്ട്, ഇന്ദ്രിയങ്ങളുണ്ട്, ബുദ്ധയുണ്ട് (എന്തെന്നാൽ ഞാൻ എഴുതിക്കൊണ്ടിരിക്കുന്നു) . . . . അതെ, പക്ഷേ എൻെറ ജീവിതത്തിൻെറ മെയിൻ സ്വിച്ചു തന്നെ ഓഫായിരിക്കുന്നു . . . .

ഇനിയും രണ്ടുമൂന്നു വർഷം കൂടി ജീവിക്കാമായിരുന്നു . . . .

. . . . ഇത്രമാത്രം, ഞാൻ **ഞാനായിട്ടല്ല**, വേറൊരുത്തനായി. ഞാൻ ആദ്യം മുതൽ തന്നെ ആ 'മറ്റൊരു'ത്തനായിരുന്നെങ്കിൽ

തടസ്സമില്ലായിരുന്നു. മേരിയായാലെന്ത്, രോഹിണിയായാലെന്ത്, വീണ്ടും എത്രയോ സ്ത്രീകളുമായി ആ **'മറ്റൊരുത്തൻ''** രാജാവിനെപ്പോലെ സുഖമനുഭവിച്ച് സാവകാശമായി മരിക്കാമായിരുന്നു. പക്ഷേ ഞാൻ ഞാനായ കാരണം എന്നെ 'മറ്റൊരുത്ത'നാക്കി മാറ്റുന്ന പ്രയോഗം (അതോ ആ പ്രയോഗം സ്വയം എന്നിൽ പ്രവർത്തിക്കപ്പെട്ടിരുന്നോ) എൻെറ കഴുത്തിൽ വന്നു, തൂക്കുകയറായി . . . . മാർഗമില്ല . . . .

എന്നിൽ ആ 'വേറൊരുത്തൻ' ആദ്യം മുതൽ തന്നെ ഉണ്ടായിരുന്നില്ലെന്ന് എങ്ങനെ പറയാനാവും ? ശരീരവും മനസ്സും ശിഥിലമായപ്പോൾ അവസരമുണ്ടാക്കി ആ 'മറ്റൊരുത്തൻ' എൻെറ മേൽ ശക്തിപ്രയോഗിച്ച് എന്നെ അവൻെറ സേവകനാക്കിത്തീർത്തിരിക്കാം . . . . ഇതും സാധ്യമാണ് ! പക്ഷേ ഇങ്ങനെ സേവകനായിരിക്കുന്നത് എൻെറ ആത്മാവിന് സഹിച്ചില്ല . . . .

ആ 'മറ്റൊരുത്തൻ' (മേരിയുടെ കാര്യം വേറെ) രോഹിണിയെയും ബലിയാക്കിയെന്ന് എൻെറ പ്രാണൻ അസ്വസ്ഥനായോ ? ഇല്ല . . . . അത് രോഹിണിയുടെ ചുമതലയായിരുന്നു. അവൾ അവളുടെ വ്യക്തിത്വം (അവളിൽ മറ്റൊന്നുണ്ടായിരുന്നെങ്കിൽ) രക്ഷിച്ചുകൊള്ളണമായിരുന്നു . . . . എൻെറ ദുഃഖം അതല്ല — ആ 'മറ്റൊരുത്ത'ൻെറ പ്രഭാവം എന്നെ പൂർണമായി വിഴുങ്ങി എന്ന തോന്നൽ രോഹിണി മൂലം എനിക്കുണ്ടായി — അതുതന്നെയാണ് എൻെറ ദുഃഖം . . . . ഇതിനു വേണമെങ്കിൽ 'അവനതി' എന്നു ചിലർ പറഞ്ഞേക്കാം. എൻെറ വീക്ഷണത്തിൽ ഇത് 'അവനതി' — ഉന്നതിയുടെ പ്രശ്നമല്ല — രണ്ടു ശക്തികളുടെ പോരാട്ടം . . . . ഇതിനു മറ്റു ചിലർ പാപ—പുണ്യങ്ങളുടെ പോരാട്ടം, ദേവാസുര യുദ്ധം, യോഗ്യ—അയോഗ്യ പോരാട്ടം, വേണം— വേണ്ടാ പോരാട്ടം നന്മ—തിന്മയുടെ പോരാട്ടം എന്നിങ്ങനെ വ്യത്യസ്തമായ പേരുകൾ കൊടുത്തെന്നു വരാം . . . . പക്ഷേ ഇത്തരം മൂല്യങ്ങളെ നിർണയിക്കുന്ന ശക്തിയും ബുദ്ധിയും എന്നിൽ ഇതുവരെ വന്നില്ല . . . . എൻെറ ആരോഗ്യവും ശക്തിയും എനിക്കു സഹായം ആയിരുന്നെങ്കിൽ ആ രണ്ടു ശക്തികളുടെ പോരാട്ടം ഉണ്ടാകുമായിരുന്നില്ല, എങ്കിലും പരിണാമം മറ്റൊന്നാകാമായിരുന്നു . . . . എന്നെപ്പറ്റി പറഞ്ഞാൽ എൻെറ രോഗം വാസ്തവത്തിൽ എൻെറ നാടകത്തിലെ വില്ലനാണ്. രോഗം — മരണത്തെക്കുറിച്ചുള്ള അഖണ്ഡമായ അറിവ് — ദുർബലമായ ശരീരം — ഉത്കടമായ അഭിലാഷം . . . . 'മറ്റൊരുത്ത'ൻെറ സമരം — അതുകൊണ്ട് ഞാൻ ഞാനായിരിക്കുമ്പോൾ തന്നെ ജീവിതത്തിൻെറ രംഗഭൂമിയിൽ നിന്നു നിഷ്ക്രമണം ചെയ്യുന്നു . . .

ഇങ്ങനെ നിഷ്ക്രമണം ചെയ്യുന്നത് നൈതിക ദൃഷ്ടിയിൽ തെറ്റല്ലേ ? നിയമദൃഷ്ടിയിൽ കുറ്റമാണ്. തീർച്ച. എൻെറ ജീവൻെറ മേൽ

(അതു ഞാൻ ജനിപ്പിച്ചതല്ല) എനിക്ക് അധികാരമില്ലേ ? ഹാ, ഹാ, എനിക്ക് അധികാരമില്ല ! അങ്ങനെയാണെങ്കിൽ ആർക്കാണധികാരം? ദൈവത്തിനാണോ ? സമൂഹത്തിനാണോ ? അച്ഛനമ്മമാർക്കാണോ ? ടി. ബി. യുടെ ബാസിലസ്സുകൾക്കാണോ ?. . . . അധികാരം ആർക്കായാലെന്താ, എനിക്കും അൽപമെങ്കിലും അധികാരമുണ്ടല്ലോ ? . . . . നീതി — നീതി സമൂഹം — സാപേക്ഷമായ വാക്കുകൾ: ജപ്പാനിൽ ആത്മഹത്യ നൈതികദൃഷ്ടിയിൽ അഭിമാനാസ്പദമായ സംഗതിയായിരിക്കുന്നു . . . . ദേശത്തിനു വേണ്ടി, ആദർശത്തിനു വേണ്ടി, തത്വങ്ങൾക്കു വേണ്ടി ആത്മബലി നടത്തുന്നത് അത്യന്തം മഹത്തായ കാര്യമാണെന്നു പറയപ്പെടുന്നില്ലേ ?. . . . റോമിയോ—ജൂലിയറ്റുമാരുടെ ആത്മഹത്യയും ക്ലിയോപാട്രയുടെ ആത്മഹത്യയും ഒഥല്ലോയുടെ ആത്മഹത്യയും നമ്മുടെ കൗതുകമുണർത്തുന്നില്ലേ . . . .

ഥൂ, ഇതൊക്കെ എന്തുകൊണ്ട് ആത്മസമർഥനമായിക്കൂടാ? ഞാൻ പെട്ടെന്നു തീരുമാനമെടുത്താൽ ഈ ആത്മസമർഥനം ഭയത്തിൻെറ ലക്ഷണമായേക്കും! പക്ഷേ ഇത് ആത്മസമർഥനമല്ല, എൻെറ മനസ്സിൻെറ യാന്ത്രിക സ്വഭാവമാണ് !

എനിക്ക് ജീവസ്മരണ അസഹ്യമായിരിക്കുന്നു ! ആ 'മറ്റൊരുത്ത'ൻെറ പ്രഭാവം അസഹ്യമായിരിക്കുന്നു. . . . ജീവിതത്തിൻെറ ശൂന്യതയെക്കാൾ മരണത്തിൻെറ ശൂന്യതയാണു നന്ന്. ആദ്യത്തേതിൽ വേദനയുണ്ട്, രണ്ടാമത്തേതിൽ മുക്തിയുണ്ട്. വേദന മതിയായി. . . . വേദനയെ അമൃതാക്കുവാനുള്ള ചൈതന്യം ഇല്ലാതായിരിക്കുന്നു . . . .

നാളെ രാത്രി ഞാൻ ശാന്തനായി ഉറങ്ങും . . . . സ്വപ്നരഹിതമായ അനന്തമായ നിദ്രയിൽ അലിഞ്ഞു ചേരും . . . ."

"എല്ലാം തയ്യാറായിരിക്കുന്നു . . . .

അമ്മ, അനുജത്തി, സുഹൃത്തുക്കൾ . . . . അവരനുഭവിക്കേണ്ട ദുഃഖം അൽപം വേഗത്തിലാകും. മാർഗമില്ല . . . .

എനിക്കും ദുഃഖം തോന്നുന്നു. ഹൃദയം നിറഞ്ഞിരിക്കുന്നു . . . .

ഞാൻ ഇന്നു തന്നെ 'അയ്യോ' എന്നു പറയും. അവർ നാളെ 'അയ്യോ' എന്നു പറയും.

എടാ ജീവിതമേ, നിനക്ക് അനന്തനമസ്കാരങ്ങൾ. മൃത്യു നിൻെറ അഭിന്നമായ മറ്റൊരു മുഖമാണ്. ഞാൻ നിങ്ങളുടെ കുഞ്ഞു മാത്രം. . . . കളിയും ചിരിയും സന്തോഷവും കരച്ചിലും എല്ലാം മതിയായി, ഉറക്കം വന്നിരിക്കുന്നു. നിൻെറ അനന്തമായ നെഞ്ചിൻെറ ആശ്രയത്തിൽ എൻെറ കണ്ണടയട്ടെ, അവസാനിക്കട്ടെ.

ആഹാ ! പ്രധാനം, ഞാൻ ഞാനായിരിക്കുന്നു — ഇന്ന് . . . . നാളത്തേത് ആർക്കറിയാം ?

ദൈവത്തിന് ?''

* * * *

ശ്രീകാന്താ, ഇപ്പോൾ നീയില്ല, സത്യം.

പക്ഷേ എനിക്കു നിന്നോടു സംസാരിക്കാനാവും, നിന്നോടൊപ്പം ഇരിക്കാൻ കഴിയും . . . . ഞാൻ ഇരിക്കുന്നിടത്തോളംകാലം . . . .

ഏതോ ജീവശക്തി ഈ സൃഷ്ടിയെ വ്യാപിച്ചിരിക്കുന്നപോലെ നിന്റെ ശക്തി എന്റെ ആത്മാവിൽ വ്യാപിച്ചിരിക്കുന്നു . . . .

അൽപമാത്രമെങ്കിലും നീ 'ഞാ'നായിരിക്കും.

വൈജ്ഞാനികമായി, ഭൗതികരൂപത്തിൽ ഇത് എനിക്കു കാണിക്കാനാവില്ല, തീർച്ച. പക്ഷേ കാണിക്കേണ്ട ആവശ്യമെന്താണ് ?

ശ്രീകാന്താ, നീ ഇല്ല . . . . നീ ഉണ്ട്.

നിന്റെ മുക്തിയുടെ ചക്രവാളത്തിന്റെ ദിശയിൽ തന്നെയാണ് എന്റെ മുക്തിയുടെ വഴി . . . .

നീ തന്നെയാണ് എന്റെ കവാടം. . . .

* * * *

ആരോ കതകിൽ മുട്ടുന്നു . . . . പതിനൊന്നടിച്ചു . . . . ആര് ? ഡോലി !

* * * *

ബോംബെയിലെ മങ്ങിയ വെളിച്ചത്തിൽ പെട്ടെന്ന് എത്രമാത്രം പ്രസന്നത നിറഞ്ഞിരിക്കുന്നു . . . .

അതോ ആ പ്രസന്നതയുടെ ജനനി ഡോലിയാണോ ?

ഡോലി ! എത്രമാത്രം മുഗ്ധതയുണ്ട് നിന്റെ ഈ ഉറങ്ങുന്ന മുഖത്ത് ! ആഹ, എത്ര സൗന്ദര്യം ! അതെ, ഞാൻ ഇതിനു തന്നെ സൗന്ദര്യമെന്നു പറയും: മൂക്കിന്റെ അഗ്രം അൽപം ഉയർന്നതായാലെന്താണ്, കവിളെല്ലുകൾ അൽപം പൊങ്ങിയതായാലെന്താണ്, കവിൾ അൽപം കുഴിഞ്ഞതായാലെന്താണ് — അവളുടെ മുഖത്തെ ഈ മുഗ്ധത, കോമളത, ശാന്തത, അവളുടെ ചുണ്ടിൽ വിടർന്ന മന്ദഹാസം, അവളുടെ നെറ്റിയിൽ പ്രേമത്തിന്റെ പ്രതീകമെന്നോണം കിടക്കുന്ന കുറുനിരകൾ — ഇതൊക്കെ കാണുമ്പോൾ മനസ്സു നിറയുന്നു, ആ മുഖം നെഞ്ചോടു ചേർത്തു പിടിക്കുവാനുള്ള അഭിലാഷമുണ്ടാകുന്നു . . . .

"ഗോരീ, ഞാൻ അകത്തു വരട്ടോ ?'' അവളുടെ ക്ഷീണിച്ച മുഖത്ത് മ്ലാനഹാസമുണ്ടായിരുന്നു. "ഞാൻ നിനക്കു ശല്യമായോ ?''

"ഞാൻ ഇന്നലെ മുതൽ നോക്കിയിരിക്കുകയായിരുന്നു. ഇന്നു വൈകിട്ട് നിങ്ങളുടെ വീട്ടിൽ വരുന്നതിനെക്കുറിച്ച് ആലോചിച്ചു. ഡോലീ, നീ ഇത്ര നാൾ എന്താണു വരാതിരുന്നത് ?'' അവളുടെ കൈ എന്റെ കൈയിലായിരുന്നു.

"ഞാൻ വരരുതെന്നു തന്നെ വിചാരിച്ചു.'' അവൾ പതുക്കെ

പറഞ്ഞു.

"അങ്ങനാണെങ്കിൽ എന്തിനാണു വന്നത് ? – അതും ഇത്ര രാത്രിയിൽ ?"

"വീട്ടിൽ നിന്ന് ഓടി വന്നതാണ്." ഡോലി ചിരിച്ചു.

"ഓടി ?"

"ഉം, ഓടി. . . . ഇതെന്താ ഭയപ്പെട്ട മാതിരി മുഖമിരിക്കുന്നത് ?" അവളുടെ ചിരി അധികമായി.

"ചുമ്മാതെ കളിയാക്കുകയാണോ ? സത്യം പറയൂ."

"നീ ഊഹിക്ക് – നിൻെറ ഭാവനാശക്തി എത്രയുണ്ടെന്നു കാണട്ടെ."

"ഉം – നീ ഏതോ കശ്മലൻെറ കൂടെ ട്രിപ്പിനു പോയി ഇപ്പോൾ തിരിച്ചു വരുന്നു. ഒരരമണിക്കൂർ എന്നെ കുരങ്ങു കളിപ്പിച്ചിട്ടു പോകാൻ വന്നു. ശരിയോ തെറ്റോ?"

"ഹായ്, ഗോരീ – എന്ത് അത്ഭുതകരമാണപ്പാ നിൻെറ ഭാവനാശക്തി !"

"പക്ഷേ – പറയൂ – നീ മറ്റ് ആരെയെങ്കിലും പിടികൂടിയിട്ടുണ്ടോ ഇല്ലയോ?" എൻെറ കണക്കുകൾ തെറ്റിച്ചു കൊണ്ട് ചോദ്യം പുറത്തു വന്നു.

"അസൂയ ! എന്തിനാണസൂയ . . . . ഞാൻ മറ്റ് ആരുടെ കൂടെയെങ്കിലും പോയാൽ നിൻേറതെന്താണ് മുറിഞ്ഞുപോകുന്നത് ? ഞാനെന്താ, നിൻെറ ഭാര്യയാണോ ?" അവളുടെ കണ്ണുകൾ എൻെറ മുഖത്ത് എന്തോ അന്വേഷിച്ചു.

"ഡോലീ, പ്ലീസ്, കോപിക്കരുത് . . . . എൻെറ ഊഹം തെറ്റി."

"നിനക്കെങ്ങനെ മനസ്സിലായി ? ഞാനെപ്പോൾ പറഞ്ഞു, നിൻെറ ഊഹം തെറ്റിയെന്ന് ?"

"എനിക്ക് ഇവിടെ തോന്നുന്നത്." അവളുടെ കൈ എൻെറ ഹൃദയത്തോടു ചേർത്തു പിടിച്ചു.

"സത്യം ? . . . ."

"ഉം . . . ."

"അങ്ങനാണെങ്കിൽ നിനക്കു ഹൃദയമുണ്ടെന്നു പറയേണ്ടിവരും." ഡോലി ചിരിച്ചു.

ഞാൻ നിശ്ശബ്ദനായിരുന്നു.

പെട്ടെന്ന് ഡോലിയുടെ മുഖഭാവം മാറി. ഗൗരവം നിറഞ്ഞു. "ഗോരീ, നിൻെറ ശരീരം ചൂടായിരിക്കുന്നല്ലോ. നിൻെറ മുഖം എത്ര ക്ഷീണിച്ചിരിക്കുന്നു !"

"ഇല്ല" ഞാൻ പറഞ്ഞു.

"ഞാനെന്താ കളിക്കുകയാണോ ? എന്തുപറ്റി ഗോരീ ?"

"ഒന്നുമില്ല. മിക്കവാറും ദിവസം മുഴുവൻ എഴുതിയെഴുതി

ക്ഷീണിച്ചതായിരിക്കണം.''

''ഇന്ന് എന്തെഴുതി ?''

''ശ്രീകാന്തന്റെ മരണത്തെപ്പറ്റി. . . .''

''ഓ — അതുതന്നെ നിന്റെ ശരീരത്തിൽ മാറ്റം വരുത്തിയിരിക്കണം. ഗോരീ, നീ മറയ്ക്കാൻ എത്ര ശ്രമിച്ചാലും, നീ ഭാവനാ പ്രധാനിയായ മനുഷ്യനാണ് . . . . നിന്റെ ഭാവനകൾ അതിമൃദുവും കോമളവുമാണ്. . . .''

''നിനക്കെങ്ങനെയറിയാം ?'' ഞാൻ ആശ്ചര്യത്തോടെ ചോദിച്ചു.

''എനിക്ക് ?'' അവൾ ഉച്ചത്തിൽ ചിരിച്ചു. ''ഗോരീ നീ വാസ്തവത്തിൽ പാവം കുട്ടിയാണ് . . . . നിന്നെപ്പോലൊരു കുട്ടിയെയാണ് എനിക്കു വേണ്ടത് . . . . ഗോരീ, ഞാൻ പറയുന്നത് അൽപം അനുസരിക്ക്, കാണട്ടെ . . . . നീയിവിടെ കട്ടിലിൽ രണ്ടുനിമിഷം കിടക്ക് — ഓ — ഇങ്ങനെ . . . . ഞാൻ രണ്ടു മിനിട്ടിനുള്ളിൽ നല്ല സ്ട്രോങ് കാപ്പിയുണ്ടാക്കാം . . . അതിനുശേഷം നീ എന്തൊക്കെയാണ് എഴുതിയിരിക്കുന്നതെന്ന് ഇംഗ്ലീഷിലേക്കു തർജുമചെയ്തു പറയൂ . . . .''

''പക്ഷേ നീ പെട്ടെന്നു പോകാനിരിക്കുകയല്ലേ ?'' ആശങ്കയോടുകൂടി ഞാൻ ചോദിച്ചു.

''ഇല്ല. ഇന്നു ഞാൻ പോകുന്നില്ല.''

''വണ്ടർഫുൾ . . . . ഇതെങ്ങനെ ആസൂത്രണം ചെയ്തു ?''

''എന്റെ കൂട്ടുകാരി ഒരു ലിസിസീക്കുണ്ട്. അവളെ നോക്കാൻ ആരുമില്ല — രാത്രി അവളുടെ കൂടെ താമസിച്ചു രാവിലെ വരാമെന്നു പറഞ്ഞിട്ടാണു വന്നിരിക്കുന്നത്.''

''നിന്റെ അമ്മ ഇതു വിശ്വസിച്ചോ ?''

''വിശ്വസിക്കട്ടെ, വിശ്വസിക്കാതിരിക്കട്ടെ, അതു കണക്കിലെടുത്തുകൊണ്ട് നിനക്കെന്തു ചെയ്യാനാണ് ?''

''നീ ഗ്രേറ്റ് ആകുന്നു !''

''ഒരുമ്മ താ നോക്കട്ടെ — നിന്റെ പ്രിയം കാണിക്കാൻ . . . . ഹായ്, ഉമ്മപോലും നിന്നോടു ചോദിച്ചു വാങ്ങണം. സില്ലി ഗൂസ് !''

കാപ്പി കഴിഞ്ഞപ്പോൾ ഡോലി കട്ടിലിൽ എന്റെ സമീപത്തു ചാരിയിരുന്നുകൊണ്ട് ആജ്ഞാപിച്ചു.

''ഉം, ഗോരീ, ഇപ്പോൾ വായിച്ചു കേൾപ്പിക്ക് !''

''എവിടെ നിന്നു തുടങ്ങണം ?''

''നിനക്ക് ഇഷ്ടമുള്ളിടത്തുനിന്ന്.''

''ആദ്യം മുതൽ തന്നെ തുടങ്ങണമെങ്കിൽ മൂന്നു നാലു മണിക്കൂർ വേണ്ടിവരും.''

''വേണമെങ്കിൽ അൽപം ചുരുക്കി പറഞ്ഞോ. . . .''

ഞാൻ ശ്രീകാന്തന്റെ മരണം വരെ വായിച്ചു തീർത്തപ്പോൾ രാത്രി ഒരു മണിയായി. ഡോലിയുടെ മുഖത്തു ഗൗരവം നിറഞ്ഞു.

അവളുടെ കണ്ണുകൾ സഹാനുഭൂതിയാൽ ഈറനായതുപോലെ തോന്നി. . . . എന്റെ ഹൃദയഭാരം കുറഞ്ഞു. ഒരുതരം അസാധാരണ മായ ആനന്ദവും എന്റെ മനസ്സിലുണ്ടായി. അത് കലാത്മക ആനന്ദ (catharsis) മാണോ അതോ ഢോലിയുടെ സഹാനുഭൂതി എന്നിലു ണർത്തിയ ആത്മസമാധാനമാണോ അതോ രണ്ടിന്റെയും കാര്യ മാണോ ? ഇത്രമാത്രം സത്യമാണ്. ഢോലിയുടെ സാമീപ്യം എനി ക്ക് ഒരു തരം മുക്തിഭാവം പ്രദാനം ചെയ്തു, എന്റെ ഗതകാല ജീവിതം വളരെ അകലെയായതുപോലെ തോന്നി . . . . അവളോടു സംസാരിക്കുമ്പോൾ, ഞാനറിയാതെ അവളുടെ ദൃഷ്ടിയിലൂടെ നോക്കിയതുകൊണ്ടോ എന്തോ, എന്റെ കഴിഞ്ഞകാല ചരിത്ര ത്തെക്കുറിച്ച് വസ്തുനിഷ്ഠത എന്നിൽ ഉണ്ടായിരിക്കണം. അതു കൊണ്ടു തന്നെ ഒരുതരം വിമോചനാനുഭവം, മുക്തിയുടെ അനു ഭവം എന്നിൽ ഉണ്ടായിരിക്കണം.

അതിനുശേഷം ഈ നോട്ടുബുക്ക് സമീപത്തു വച്ച്, ഢോലിയെ സമീപത്തേക്കു വലിച്ചടുപ്പിച്ചുകൊണ്ടു ചോദിച്ചു : "ഢോലീ, എന്റെ കഥയെക്കുറിച്ചു നിനക്കെന്താണു തോന്നുന്നതെന്നു പറയൂ."

ഢോലിയിൽ അസാധാരണ മൃദുലഭാവം വന്നു — എന്റെ നെഞ്ചിൽ തലതിരുകിക്കൊണ്ട് അവൾ പിറുപിറുത്തു.

"ഗോരീ, ... സത്യമായിട്ടും ഞാൻ നിന്നെ പ്രേമിക്കുന്നു ഗോരീ . . . ."

"അതല്ല ഞാൻ ചോദിച്ചത്. ശ്രീകാന്തനെക്കുറിച്ചും കാമിനിയെ ക്കുറിച്ചും എന്തുതോന്നുന്നു ?"

"അവരെക്കുറിച്ച് എനിക്കെന്തു പറയാൻ കഴിയും ? ശ്രീകാന്തൻ വലിയ മനുഷ്യനായിരിക്കാം. പക്ഷേ അവനെപ്പോലുള്ളവനെ പ്രേമി ക്കാൻ എനിക്കെന്തായാലും കഴിയില്ല . . . . എനിക്ക് എന്റെ ഗോരി യെത്തന്നെവേണം . . . . കാമിനിയെക്കുറിച്ച് എനിക്കു വ്യക്തമായ സങ്കൽപമുണ്ടായില്ല . . . . പക്ഷേ നീ അവളെ പ്രേമിക്കുന്നു എന്നതു തീർച്ചയാണ് . . . . ഗോരീ, അവളെ എന്തുകൊണ്ടു വിവാഹം കഴിച്ചുകൂടാ ?"

"ഢോലീ, നിനക്കു ബുദ്ധിയേ ഇല്ല . . . . നമ്മുടെ ഭാഷയിൽ ഒരു പറച്ചിലുണ്ടല്ലോ; വെളുക്കുന്നതുവരെ രാമായണം വായിച്ചു കേട്ട തിനുശേഷം സീത രാമന്റെ ആരാണെന്ന് ആരോ ചോദിച്ചത്രെ ! — ഞാനും കാമിനിയും തമ്മിൽ ആദ്യമുണ്ടായിരുന്ന ബന്ധവും ഇപ്പോഴത്തെ ബന്ധവും നിനക്കു വ്യക്തമായില്ലെന്നു തോന്നു ന്നു . . . ."

"എന്തായാലും രണ്ടിന്റെയും പല്ലവി ഒന്നു തന്നെ. അവളോട് നി നക്കുള്ള പ്രേമം . . . . നീ എത്രമാത്രം അതു മറക്കാൻ ശ്രമിച്ചാലും, എത്രമാത്രം അതിൽ നിന്ന് ഓടിപ്പോകണമെന്നു കരുതിയാലും,

അതു നിന്നെ വിടുകയില്ല. ഞാൻ പറയുന്നത് സത്യമാണോ കള്ള മാണോ എന്നു പറയൂ, നോക്കട്ടെ.”

“നീ പറയുന്നതു സത്യമാണെന്നു സമ്മതിച്ചാൽക്കൂടി അവളെ ഞാൻ വിവാഹം കഴിക്കുന്നത് നടക്കാത്ത കാര്യമാണ് . . . . അവ ളുടെ കൂടെ ജീവിക്കുക എന്നു വച്ചാൽ ‘ഹെൽ’ — ഒരു തരം നര കം . . . .”

“അവളിൽ നിന്നു നിനക്കു സുഖം കിട്ടുകയില്ല. പക്ഷേ അവളെ ക്കൂടാതെ നിനക്കു സുഖം കിട്ടുകയില്ല.”

“സുഖത്തിൻെറ പ്രശ്നമല്ല എൻേറത് — മുക്തിയുടെ പ്രശ്ന മാണ് . . . .”

“മുക്തിപോലും നിനക്കു ലഭിക്കുകയില്ല.” അവളുടെ വാക്കുകൾ വേദവാക്യത്തെപ്പോലെ തോന്നി !

“വിഡ്ഢിയെപ്പോലെ തോന്നുന്നതു പറയണ്ടാ . . . . എൻെറ മുക്തി സ്ത്രീയിലാണെങ്കിൽ അതു നിന്നെപ്പോലുള്ളവളിലാണ്, അല്ല, നിന്നിൽ തന്നെയാണ് . . . .” ഞാനും അത്രതന്നെ ദൃഢമായി പറഞ്ഞു.

“അങ്ങനെയാണെങ്കിൽ നീ ആദ്യം മുതൽ തന്നെ എന്നെ പ്രേമി ക്കണമായിരുന്നു . . . . എന്നെ ആഫ്രിക്കയ്ക്കു വിളിച്ചുകൊണ്ടു പോകാൻ വേണ്ടി നിർബന്ധം പിടിക്കണമായിരുന്നു . . . .”

എനിക്കു മറുപടി തോന്നിയില്ല.

“ഗോരീ, മുക്തിയെന്ന ഭ്രാന്തു കളയൂ. തിരികെ കാമിനിയുടെ അടുത്തേക്കു പോകൂ. അവളെ വിവാഹം കഴിക്ക്. അവളുടെ കൂ ടെ ജീവിക്ക് . . . . വിവാഹം കഴിഞ്ഞാൽ എല്ലാം ശരിയാകും . . . .”

“അതു സാധ്യമല്ല . . . .” ഞാൻ എതിർത്തു.

“. . . . ശ്രീകാന്തനു വേണ്ടിയെങ്കിലും അയാളുടെ അനുജത്തിയെ നീ രക്ഷിക്കണം . . . .”

“ഡോലീ, നീ വളരെ നല്ലവളാണ്. നിന്നിൽ ഈ നന്മ ആരു നിറ ച്ചോ എന്തോ ? . . . . ക്രിസ്തുതന്നെ ആയിരിക്കണം. ക്രിസ്തുവിൻെറ ക്ഷമാബുദ്ധിയുടെയും ത്യാഗബുദ്ധിയുടെയും പാഠം ഇപ്പോൾ നീ എന്നോടു പറയുന്നു . . . .”

“അതെ — നീയെന്തോ മുക്തി, മുക്തി എന്നു പറയുന്ന ല്ലോ. . . . എല്ലാം ഉപേക്ഷിച്ച് ഓടിപ്പോകുന്നതിൽ മുക്തിയില്ല. . . . സ്നേഹത്തിലും ദയാധർമ്മത്തിലും ത്യാഗത്തിലും ക്ഷമാബുദ്ധിയിലും യഥാർഥമായ ഉദ്ധാരമുണ്ട് . . . . മനസ്സിലാക്കിക്കോ . . . .”

“ഡോലീ, അതു വലിയ ആളുകളുടെ വഴി. ഞാൻ ദുർബലനാ ണ് . . . . ചെറിയവനാണ് . . . . എൻെറ വഴി ഞാൻ തന്നെ കണ്ടു പിടിക്കണം . . . . ഡോലീ, ഡോലീ . . . . പ്ലീസ്, എന്നെ ഉപദേശിക്കാൻ തുടങ്ങണ്ടാ . . . . മറ്റുള്ളവരുടെ ഉപദേശം മതിയായി. മുഷിഞ്ഞു.

അവരുടെ കൂട്ടത്തിൽ നീയും കൂടണ്ടാ, പ്ലീസ്." ഞാൻ ഉദ്വേഗത്തോടെ പറഞ്ഞു.

"ഇങ്ങനെ എന്നോടു കോപിക്കേണ്ടാ ഗോരീ . . . . പ്ലീസ്. എനിക്കു തോന്നുന്നതു പറയാൻ പറഞ്ഞു, ഞാൻ പറഞ്ഞു . . . . വേണ്ട — വാദപ്രതിവാദം വേണ്ടാ . . . . നിനക്കു തോന്നുന്നതു നീ ചെയ്യ്, ഗോരീ, നീ സ്വതന്ത്രനാണ് . . . ."

എനിക്കെന്തുകൊണ്ടോ മോശം തോന്നി.

"ഡോലീ, ആ കോപം നിന്നോടില്ല. എന്നോടു ഞാൻ തന്നെ കോപിച്ചു. . . ."

"അതെങ്ങനെ ?"

"നിന്റെ സംസാരത്തിന് ശരിയായി ഉടൻ മറുപടി വരുന്നില്ല എന്ന കോപം എനിക്ക് എന്നോടുണ്ടായി — മിക്കവാറും നീ പറഞ്ഞതിൽ കുറച്ചു സത്യമുണ്ടായിരിക്കണം . . . ."

"ഗോരീ, നീ വളരെയേറെ ക്ഷീണിച്ചിരിക്കുന്നു. ദിവസം മുഴുവൻ ചിന്തിച്ചും എഴുതിയും വശം കെട്ടു. പിന്നീട് ഞാൻ വന്ന് നിന്നോടു വായിച്ചു കേൾപ്പിക്കാൻ പറഞ്ഞു . . . . അതൊക്കെ കഴിഞ്ഞതിനു ശേഷം വീണ്ടും എന്റെ തല ചൂടായി . . . . എനിക്കു തെറ്റുപറ്റി ഗോരീ . . . . വരൂ, കിടക്ക് . . . . ഇങ്ങനെ, ... എന്റെ . . . . നെഞ്ചിന്റെ ആശ്രയത്തിൽ . . . ."

"ഡോലീ, you are wonderful. നീ സത്യമായിട്ടും എത്ര നല്ലവളാണെന്നറിയാമോ ?

"അതെയോ ?"

"ഉം . . . ." എന്നു പറഞ്ഞ് അവളെ കെട്ടിപ്പിടിച്ച് ഉമ്മവച്ചു.

"ഗോരീ . . . . എന്റെ പൊന്നുഗോരീ . . . . ചുമ്മാതെ കിടക്ക് കാണട്ടെ . . . . എന്റെ കൊച്ചു ഗോരി ക്ഷീണിച്ചുപോയി. ആദ്യം ഉറങ്ങു ഡാളിങ് . . . ."

എനിക്ക് എപ്പോഴാണ് ഉറക്കം വന്നതെന്നറിഞ്ഞില്ല . . . .

ഇടയ്ക്ക് എപ്പോഴോ ഓർമ്മ വന്നപ്പോൾ ലൈറ്റ് ഉണ്ടായിരുന്നില്ല. ഡോലിയുടെ ഒരു കൈ എന്റെ കഴുത്തിനു താഴെയായിരുന്നു, മറ്റേ കൈ നെഞ്ചത്ത് . . . . അവളുടെ ശ്വാസോച്ഛ്വാസത്തിൽ നിന്ന് അവൾ അപ്പോഴും ഉണർന്നിരിക്കുകയായിരുന്നു എന്നു മനസ്സിലായി. പെട്ടെന്ന് . . . .

"ഡോലീ, ഇതുവരെ നിനക്ക് ഉറക്കം വന്നില്ലേ ?" ഞാൻ പെട്ടെന്നു ചോദിച്ചു.

അവൾ മറുപടി പറഞ്ഞില്ല.

"ഡോലീ, ഡോലീ . . . ."

അവളുടെ വിങ്ങുന്ന ശബ്ദം നിയന്ത്രണം വിട്ടു പുറത്തുവന്നു.

"ഡോലീ, എന്തുപറ്റി ?" ഞാൻ അവളുടെ മുഖത്തു കൈയോടിച്ചു.

മുഖം മുഴുവൻ കണ്ണുനീർ കൊണ്ടു നനഞ്ഞിരുന്നു . . . .”

“ഒന്നുമില്ല ഗോരീ, ഒന്നുമില്ല.”

“എങ്ങനാണൊന്നുമില്ലാത്തത് ? . . . . കണ്ണുനീർ ?”

“കണ്ണുനീർ ?. . . . വിശേഷിച്ചൊന്നുമില്ല. നീ ആഫ്രിക്കയ്ക്കു പെട്ടെന്നു പോകാനിരിക്കുകയാണെന്നോർത്ത് അൽപം വിഷമമുണ്ടായി . . . . ഒന്നും വിചാരിക്കണ്ടാ ഗോരീ.”

“ഡോലീ, ഡോലീ, ഒരുവേള ആഫ്രിക്കയ്ക്കു വരാൻ ഞാൻ നിന്നോടാവശ്യപ്പെട്ടാൽ, അപേക്ഷിച്ചാൽ . . . .”

ഡോലി മറുപടി പറഞ്ഞില്ല. അവളിൽ നിന്ന് ഒരു നെടുവീർപ്പു പുറത്തു വന്നു.

“എന്താണു ഡോലീ നിശ്ശബ്ദയായത് ?”

“ഉം ?”

“എന്റെ ചോദ്യത്തിനു മറുപടി പറയില്ലേ ?” ഞാൻ നിർബന്ധിച്ചു പറഞ്ഞു.

“ഞാൻ സ്വപ്നസാമ്രാജ്യത്തിൽ വിഹരിക്കുന്നവളല്ല !”

“എന്നു വച്ചാൽ ?”

“സാങ്കൽപിക ചോദ്യങ്ങൾക്ക് എനിക്കു മറുപടിയില്ല . . . .”

എന്നെ അവൾ ക്ഷണിക്കുന്നു എന്നു തോന്നി.

“വാ, ആ ചോദ്യം സത്യമെന്നു മനസ്സിലാക്ക് . . . . ഇനി നിന്റെ മറുപടി പറയൂ.”

ഡോലി വീണ്ടും നിശ്ശബ്ദയായി.

അൽപസമയത്തിനുശേഷം ഡോലി വീണ്ടും പറഞ്ഞു. “ഗോരീ, ഇത്തരം ശാരീരികമായ അടുപ്പത്തിന്റെ അന്തരീക്ഷത്തിൽ മഹത്തരമായ ചോദ്യങ്ങൾ ചോദിക്കരുത് — അതിനു മറുപടി പറയരുത് . . . . ശാരീരികമായ ചൂടിൽ, ആലിംഗനത്തിൽ ബുദ്ധിയും സാരാസാര വിചാരവും അൽപം കുറയും . . . . വാ. ഗോരീ, സംസാരിച്ചതു മതി, വെറുതെ കിടക്കാം . . . . ഇപ്രാവശ്യം ഞാൻ നിന്റെ നെഞ്ചിൽ തലചായ്ച്ചു കിടക്കാം — ങേ ?”

“ഉം . . . .”

അവൾ ചെറിയ പെൺകുട്ടിയെപ്പോലെ ചുരുണ്ടുകൂടി എന്റെ ശരീരത്തോടു ചേർന്ന് അവളുടെ മുഖം എന്റെ നെഞ്ചിൽ ചായ്ചപ്പോൾ, എന്റെ ഹൃദയം എന്തുകൊണ്ടോ നിറഞ്ഞുവന്നു . . . . കണ്ണുകൾ ഈറനാവുകയും ചെയ്തു . . . .

“ഡോലീ . . . .”

“ഉം ?”

"You are wonderful . . . ."

“ഉം ?”

"I think I love you ! എനിക്കു തോന്നുന്നു, ഞാൻ നിന്നെ പ്രേമിക്കാൻ തുടങ്ങിയിരിക്കുന്നു എന്ന്.”

"ഉം ?"

"ഞാൻ നിന്നെ പ്രേമിക്കാൻ തുടങ്ങിയിരിക്കുന്നു എന്ന് നിനക്കു തോന്നുന്നുണ്ടോ ?"

"ഉം — സ്വൽപസ്വൽപം —" വളരെ നേരത്തിനുശേഷം . . . . "പക്ഷേ കാമിനിയെ പ്രേമിക്കുന്നതുപോലെയല്ല . . . ." എന്ന് സാവധാനമായി അവൾ പറഞ്ഞു. ഞാൻ വിചാരമഗ്നനായി ആ മഗ്നതയിൽ നിന്ന് നിദ്രയിലേക്ക് എപ്പോൾ വഴുതിവീണു എന്നറിഞ്ഞില്ല . . . .

ഞാനുണർന്നപ്പോൾ ആറരമണിയായിരുന്നു. ഡോലി ഗാഢനിദ്രയിലായിരുന്നു . . . . ഇപ്പോൾ എട്ടടിച്ചു. അവളപ്പോഴും മധുര നിദ്രയിലായിരുന്നു. അവളെ ഇപ്പോൾ ഉണർത്തണോ ? വേണ്ടാ. ആദ്യം ചായ തയാറാക്കാം. അതിനുശേഷം ഉണർത്താം . . . .

. . . . ഡോലീ, you are wonderful !

* * * *

ഞാൻ ഇന്നലെ രാത്രി ബോംബെയിൽ തിരിച്ചെത്തി . . . . പോകരുതായിരുന്നോ — സിർസിയിലേക്കും ധാറവാഡയിലേക്കും . . . .

സത്യേന്ദ്രന്റെ ആഗ്രഹം — ശക്തിയായ അഭിലാഷം . . . .

കാമിനീ . . . . കാമിനീ . . . . കാമിനീ . . . .

* * * *

അന്നു വെളുപ്പിന് ഡോലി എഴുന്നേറ്റതേയുള്ളു. ഞാനും അവളും കട്ടിലിൽ ഇരുന്നുകൊണ്ടു തന്നെ ചായ കുടിച്ചു. ഞങ്ങളുടെ സംഭാഷണം അപ്പോൾ കൊച്ചുകൊച്ചു കാര്യങ്ങളിൽ നിന്നു വീണ്ടും രാത്രിയിലെ വിഷയങ്ങളിലേക്കു കടക്കാൻ തുടങ്ങി . . . .

"ഹായ്, ഗോരീ, ഇത്ര വേഗം എഴുന്നേറ്റ് നീ എന്തൊക്കെയെഴുതി ?"

"ഒന്നുമില്ല, ഇന്നലെ രാത്രി നമ്മൾ സംസാരിച്ച കാര്യം . . . ."

"അതെയോ ? നീ ഒരു തരം വിചിത്ര ജീവിയാണ് ! . . . . എന്തൊക്കെയാണ് എഴുതിയിരിക്കുന്നതെന്ന് എന്നെ വായിച്ചു കേൾപ്പിക്ക് . . . ."

"നമ്മൾ സംസാരിച്ചതല്ലാതെ ഒന്നും എഴുതിയില്ല, അതും എനിക്ക് ഓർമ്മയുള്ളത്ര മാത്രം . . . ."

"അതെന്തെങ്കിലുമാകട്ടെ . . . . നീ വായിച്ചു കേൾപ്പിക്ക് . . . . എനിക്കു വളരെയേറെ താൽപര്യമുണ്ട് . . . ."

"ഇന്നുരാത്രി !"

"ഹായ്, ഇങ്ങനെ പ്രലോഭിപ്പിച്ച് എന്നെ വീണ്ടും വലയിൽ വീഴ്ത്താനിരിക്കുകയാണോ — ഇന്നു രാത്രി ?"

"ഉം . . . ." അവളുടെ നേരെ കള്ളച്ചിരിയോടെ ഞാൻ നോക്കി.

"കള്ളാ ! അതൊന്നും വേണ്ട. ഇപ്പോൾ തന്നെ വായിച്ച് കേൾ

പ്പിക്ക് . . . .'' അവൾ കൈ എൻെറ തുടയിൽ അമർത്തി . . . .

അപ്പൊഴേക്കും ആരോ കതകിൽ മുട്ടുന്ന ശബ്ദം കേട്ടു. . . . ഇത്ര വെളുപ്പിന് സത്യേന്ദ്രനെ കണ്ട് ഞാനൽപം ഭയന്നു. ശുഷ്കമായി ചിരിച്ചുകൊണ്ട് ഞാൻ പറഞ്ഞു : "എന്താ ഇത്ര വെളുപ്പിന് ? വരാമല്ലോ . . . . ഓ, ഇവിടെത്തന്നെ പുറത്ത് അഞ്ചുനിമിഷം നിൽക്ക് . . . . അകത്തു ഡോലിയുണ്ട് . . . .''

ഡോലിയോട് എല്ലാം ശരിപ്പെടുത്തുവാൻ വേണ്ട സൂചനകൾ കൊടുത്ത് ഞാൻ പുറത്തേക്കു പോയി. സത്യേന്ദ്രൻ വിചാരമഗ്നനായി നിന്നിരുന്നു.

"സോറി, ഞാൻ അസമയത്തു വന്നു. ഇന്നലെ വൈകിട്ടുതന്നെ വരാനിരിക്കുകയായിരുന്നു. പക്ഷേ സുശീലയുടെ വീട്ടിൽ പോകേണ്ടി വന്നു — ദാദറിൽ . . . . ഗൗരീശാ, ഡോലി ഇന്നലെ രാത്രി ഇവിടെത്തന്നെയായിരുന്നോ ?''

"ഉം.''

"അതെയോ, — ഉം . . . .'' എന്നു പറഞ്ഞ് സത്യേന്ദ്രൻ അൽപനേരം ആലോചിച്ചു കൊണ്ടു നിന്നു. പിന്നീട് "ഞാൻ പ്രധാനമായി വന്നത്, നിന്നെ സിർസിയിലേക്ക് അയയ്ക്കാനാണ് . . . . നിൻെറ അച്ഛൻെറ ഒരു കമ്പി എനിക്കു കിട്ടി'' എന്നു പറഞ്ഞു.

"എനിക്കും ഒരു കത്തോ കമ്പിയോ വന്നിരുന്നെങ്കിൽ . . . .''

"ആരോടും പറയാതെ നീ ആഫ്രിക്കയ്ക്കു പോകാൻ തീരുമാനിച്ചതിനുശേഷം, അവർക്ക് നീ അൽപം ഭ്രാന്തനാണെന്നു തോന്നിയിരിക്കണം . . . . എന്നു തോന്നുന്നില്ലേ . . . . അതുകൊണ്ട് നിനക്കു നേരിട്ടെഴുതാൻ അവർ ഭയന്നിരിക്കണം . . . . ഉം, അതിരിക്കട്ടെ — നീ ഇന്നു തന്നെ പുറപ്പെടണം.''

"ആലോചിക്കാം.''

"ആലോചിക്കാനൊന്നുമില്ല. നീ കപ്പലുകേറാൻ വെറും അഞ്ചാറു ദിവസങ്ങൾ മാത്രമേയുള്ളു . . . . നിൻെറ അമ്മ ദിവസവും നിന്നെ ഓർത്തു കരയുകയും പറയുകയും ചെയ്യുന്നു . . . . നിൻെറ അമ്മയ്ക്കുവേണ്ടിയെങ്കിലും . . . .''

ഡോലി കതകു തുറന്ന് ഞങ്ങളെ അകത്തേക്കു വിളിച്ചു. "ഗുഡ് മോണിങ്, മിസ്റ്റർ കുൽക്കർണി — നിങ്ങളെ കണ്ടിട്ട് ഒരു യുഗമായി. . . .''

ചായയ്ക്കുശേഷം ഡോലി വീട്ടിലേക്കു പോയി. "നല്ലതു ഗോരീ, വന്നതിനുശേഷം കാണാം . . . . വിഷ് യു ബെസ്റ്റ് ലക്ക് . . . . ബൈ ബൈ . . . . ബൈ ബൈ, മിസ്റ്റർ കുൽക്കർണി . . . .''

ഡോലിക്ക് സത്യേന്ദ്രൻെറ വരവുകൊണ്ടാകട്ടെ, അവൻെറ സാന്നിധ്യത്തിലാകട്ടെ, എള്ളോളം സങ്കോചമുണ്ടായിരുന്നില്ല. താൻ എന്തെങ്കിലും തെറ്റോ നീതിരഹിതമായ കാര്യമോ ചെയ്യുമ്പോൾ പിടിക്ക

പ്പെട്ടു എന്ന അപരാധിയുടെ ഭാവം അവളിലുണ്ടായിരുന്നില്ല. അവളുടെ വാക്കിലും പെരുമാറ്റത്തിലുമുണ്ടായിരുന്ന സ്വാഭാവികതയും സഹജതയും കണ്ട് ഞാൻ മനസ്സാ അവളെ ഇഷ്ടപ്പെട്ടു, കൗതുകം കൊണ്ടു. മാത്രമല്ല, അവൾ സഹജമായി മുക്തമനസ്സോടെ ആ ബന്ധം കൈകാര്യം ചെയ്തതു കണ്ട് എന്നിൽ ഒരുതരം അപൂർവമായ ആത്മവിശ്വാസവും ശക്തിയും വന്നതുപോലെ തോന്നി . . . അതേ ശക്തിയുടെ ആധാരത്തിൽ ഞാൻ അന്നു തന്നെ സിർസിയിലേക്കു പോകാൻ തുറന്ന മനസ്സോടെ സമ്മതിച്ചു. അവളും പ്രോത്സാഹിപ്പിച്ചു: "അതെ, ഗോരീ, നീ ഇന്നു തന്നെ പോകണം — നിന്റെ അമ്മയ്ക്കു വേണ്ടി — പിന്നീട് നിനക്കു വേണ്ടി . . . ." എന്നു പറഞ്ഞ് എന്റെ നേർക്കു സൂക്ഷിച്ചു നോക്കി. അവളുടെ നോട്ടത്തിൽ 'കാമിനിയെ കാണൂ' എന്ന ആജ്ഞ ഉണ്ടായിരുന്നു . . . .

അവൾ പോയതിനുശേഷം സത്യേന്ദ്രൻ ഡോലിയെപ്പറ്റി സംസാരിച്ചു: "ഡോലി എന്തു പറയുന്നു ?. . . . നിങ്ങളുടെ ബന്ധം ഞാൻ വിചാരിച്ചത്ര സാദാ അല്ല . . . ."

ഞാൻ അവന്റെ നേർക്കു നോക്കി അർഥപൂർണമായി മന്ദഹസിച്ചു.

"ഇനിയെന്താ പരിപാടി? . . . . വിവാഹം?" സത്യേന്ദ്രൻ ചോദിച്ചു.

"നിന്റെ തലയിൽ വിവാഹത്തെക്കുറിച്ചല്ലാതെ മറ്റു വിചാരം എങ്ങനെ വരും ?"

"അങ്ങനെ നോക്കിയാൽ — ഡോലി മോശമല്ല എന്നു പറയൂ . . . . ആഫ്രിക്കയിൽ നിന്റെ ഭാര്യ ക്രിസ്ത്യാനിയായാലെന്താ, നീഗ്രോ ആയാലെന്താ ?" എന്നു പറഞ്ഞു ചിരിച്ചു.

അവന്റെ ചിരി അവന്റെ കോപത്തെ തടഞ്ഞു നിർത്തി. ഞാനും ചിരിച്ചു. അവന്റെ 'മോശമല്ല' വാക്കിലെ ഗുപ്തമായ ഇഷ്ടപ്പെടൽ എന്റെ മനസ്സിൽ തറച്ചെങ്കിലും 'ഇവനെന്തറിയാം' എന്ന അഹംഭാവം എന്നിലുണ്ടായിരുന്നു.

"ഞങ്ങളുടെ അടുപ്പം അത്തരത്തിലുള്ളതല്ല . . . . . വിവാഹത്തെക്കുറിച്ചുള്ള ചിന്ത ഞങ്ങളുടെ ബന്ധത്തിൽ ഇല്ലേ ഇല്ല. ഞങ്ങളുടെ ബന്ധം എത്രമാത്രം അടുത്തതാണെങ്കിലും, അതിനെ വിവാഹവുമായി ബന്ധിപ്പിക്കുന്ന വിചാരം ഞങ്ങൾക്കുണ്ടായിട്ടില്ല . . . ."

"വിവാഹം ബന്ധനമാണെന്നാരു പറഞ്ഞു?"

"നീ!" എന്നു പറഞ്ഞ് ഞാൻ ഉച്ചത്തിൽ ചിരിച്ചു. "നീ പറഞ്ഞില്ല — പക്ഷേ കാണിച്ചു — ഹ ഹ ഹാ . . . ."

* * * *

സിർസിയിലെത്തിയപ്പോൾ രാത്രിയായി, ബസ്സ്റ്റാൻഡിനു സമീപം എന്റെ പത്തു വയസ്സുള്ള അനുജനും വീട്ടിലെ വേലക്കാരനും എന്നെ കാത്തു നിന്നിരുന്നു . . . . വീട്ടിലേക്കു പോയപ്പോൾ

അനുജൻ ചോദിച്ചു.

"അണ്ണാ, ആഫ്രിക്ക എത്ര ദൂരെയാണ്?"

"എന്താ, ഭൂമിശാസ്ത്രം വല്ലതും പഠിക്കുന്നുണ്ടോ ബാലൂ?"

"ഞങ്ങളുടെ ഭൂമിശാസ്ത്രം മാസ്റ്റർ നല്ലതല്ല അണ്ണാ . . . . അണ്ണാ ഞാനും അണ്ണന്റെ കൂടെ വരട്ടേ ? അണ്ണൻ ആഫ്രിക്കയിൽ മാസ്റ്ററാകാനിരിക്കുകയാണല്ലോ . . . . അണ്ണൻ പോകുന്നെന്നും പറഞ്ഞ് അമ്മ എന്തിനാണോ ഇത്ര കരയുന്നത് ? വെറുതെ അമ്മയെയും വിളിച്ചുകൊണ്ടു പോകൂ — വിഷമം വേണ്ടാ . . . ." ബാലുവിന്റെ ഉപദേശം. . . .

* * * *

വീട്ടിൽ പുറത്തെ വരാന്തയിൽ അച്ഛനും ഒരു സുഹൃത്തും കൂടി ഇരിക്കുന്നുണ്ടായിരുന്നു.

"വന്നോ ? അവസാനം . . . ."

അച്ഛന്റെ സുഹൃത്തിന്റെ ഒന്നുരണ്ടു ചോദ്യങ്ങൾക്ക് ഔപചാരികമായ മറുപടി കൊടുത്ത് അദ്ദേഹത്തിന്റെ ആകാംക്ഷ ശമിപ്പിക്കുവാൻ ശ്രമിച്ചു. "എനിക്കു നല്ല ജോലി കിട്ടി . . . . ആഫ്രിക്ക അത്ര ദൂരെയൊന്നുമല്ല . . . . എട്ടു പത്തു ദിവസത്തെ യാത്ര . . . അവിടെ കാലാവസ്ഥയും അന്തരീക്ഷവും പിടിക്കാതെ വന്നാൽ തിരിച്ചു വരുമല്ലോ . . . . ഒന്നു രണ്ടു വർഷം ഉല്ലസിച്ചു ജീവിച്ചു തിരിച്ചു വരികയാണ് എന്റെ ഉദ്ദേശ്യം . . . . കല്യാണം കഴിച്ചതിനു ശേഷമായാൽ പിന്നെന്തിനാണു പോകുന്നത് ?. . . ." എന്റെ മറുപടി കേട്ട് അദ്ദേഹം സമാധാനപ്പെട്ടതുപോലെ തോന്നി .

* * * *

അന്നു രാത്രി ഉറങ്ങാൻ ഞാൻ എന്റെ മുറിയിലേക്കു പോയി. യാത്രാക്ഷീണം നിമിത്തം പെട്ടെന്ന് ഉറക്കം വന്നു. പെട്ടെന്ന് കട്ടിലിൽ ആരോ ഇരുന്നെന്നു മനസ്സിലായി. കണ്ണുതുറന്നു ഞാൻ നോക്കി.

എന്റെ അമ്മ നിറഞ്ഞ കണ്ണുകൾ കൊണ്ട് എന്നെ തുറിച്ചു നോക്കിയിരിക്കുന്നു . . . . എനിക്ക് അത്ഭുതത്തോടൊപ്പം ജാള്യതയും തോന്നി. . . .

"അമ്മേ എന്തിനാണു കരയുന്നത് ?" ഞാൻ എന്റെ കൈ അവരുടെ തുടയിൽ വച്ച് അവരുടെ കൃശമായ കൈ അമർത്തി.

"എന്തിനല്ല . . . . ഇത്തരം ദുർബുദ്ധി നിനക്കെങ്ങനാണു കുഞ്ഞേ വന്നത് ?. . . . എല്ലാവരേയും ഉപേക്ഷിച്ച് ആ പരദേശത്തു പോയി കഴിയുക എന്നു വച്ചാൽ . . . .?"

"അതിലെന്താണു തെറ്റ് ?"

"എനിക്കും കൂടെക്കൂടെ തോന്നുന്നത്, എല്ലാം കളഞ്ഞു ഞാനെന്തു കൊണ്ടു പരലോകത്തേക്കു പൊയ്ക്കൂടാ എന്നാണ് . . . ."

"അമ്മേ എന്തബദ്ധവാക്ക് . . . ."

"അതെ — എനിക്കും ജീവിതം മടുത്തു . . . . നീയും പരദേശത്തേക്കു പോകുന്നു . . . . അദ്ദേഹവും എന്നെ ഉപേക്ഷിച്ചു . . . ."

"എന്നു വച്ചാൽ ?"

"അതാരാണോ ആ മഹാകാളി — ചന്ദ്രി — അമ്പലത്തിൻെറ മുമ്പിലെ ശൃംഗാരി . . . . അവിടെയാണ് ദിവസവും അദ്ദേഹത്തിൻെറ താമസം. നീ വന്നതുകൊണ്ടാണ് ഇന്നു വീട്ടിലിരിക്കുന്നത് . . . ."

ഞാൻ വെറുതെ ദീപത്തിൻെറ നേർക്ക് ദൃഷ്ടിപായിച്ചു . . . . എന്തു കൊണ്ടോ എൻെറ അമ്മ, പെട്ടെന്ന്, വളരെ വർഷങ്ങൾക്കു ശേഷം 'സജീവ'യായതുപോലെ തോന്നി ! ഇവർക്കും ഉണ്ട് സ്വന്തമായ വ്യക്തിത്വം . . . . ഇവർക്കുമുണ്ട് ജീവിത പ്രശ്നങ്ങൾ !. . . . പെട്ടെന്ന് അവർ എൻെറ ഏറ്റവും അടുത്തു വന്നതുപോലെ തോന്നി . . . .

ഞാൻ അവരുടെ കൈയിൽ പിടിച്ചുകൊണ്ടു പറഞ്ഞു : "അമ്മേ, വിഷമിക്കേണ്ടാ. എല്ലാം ശരിയാകും . . . . പെട്ടെന്നുണ്ടായ ഭ്രാന്ത് സ്വയം അതിൻെറ രീതിയിൽ പേകുന്നതല്ലാതെ, അങ്ങനെ തന്നെ പെട്ടെന്ന് മാഞ്ഞുപോവുകയില്ല. അദ്ദേഹത്തെ അദ്ദേഹത്തിൻെറ വഴിക്കു വിട്. ചുമ്മാതെ വിഷമിച്ചു നശിക്കണ്ട, വ്യർഥം !" അമ്മയെ ഞാനുപദേശിക്കുന്നത് വിചിത്രമാണെന്നു തോന്നാൻ തുടങ്ങി . . .

"ഗൗരീ, നീ ഇവിടെത്തന്നെ എവിടെയെങ്കിലും അടുത്തുള്ള നാട്ടിൽ കഴിഞ്ഞിരുന്നെങ്കിൽ നിൻെറ അടുത്തെങ്കിലും വന്നു താമസിക്കാമായിരുന്നു . . . ."

"ശരിയാണമ്മേ. പക്ഷേ മാർഗമില്ല . . . . വിചാരപ്പെടേണ്ടാ; എല്ലാം ശരിയാകും . . . . ക്ഷമയാണു പ്രധാനം . . . ."

"ഗൗരീ — നീ ഒറ്റയ്ക്ക് — ദൂരെ . . . ." അവരുടെ കൺഠം നിറഞ്ഞു വന്നു. വസ്ത്രാഞ്ചലം കൊണ്ടു കണ്ണു തുടയ്ക്കാൻ തുടങ്ങി........

"എന്നെക്കുറിച്ചു വിചാരപ്പെടണ്ടാ, അമ്മേ. ഞാൻ സത്യമായും സുഖമായി ജീവിക്കും. ഇത്രമാത്രം — ബോംബെയെക്കാൾ അൽപം കൂടെ ദൂരെ . . . ."

"വിചാരം — വിചാരം — വിചാരം — ഈ ജീവിതത്തിൽ അതല്ലാതെ മറ്റെന്തുണ്ട് ? അമ്മയുടെ മനസ്സെന്നു പറഞ്ഞാൽ വിചാരത്തിൻെറ വീടാണ് — ഗർഭം മുതൽ ജീവനുള്ള കാലം വരെ . . . . പൊയ്ക്കോളൂ കുഞ്ഞേ — നിനക്കു വേണ്ടിടത്തു പൊയ്ക്കോ. എവിടെ പോയാലും സുഖമായിട്ടിരിക്ക്. വിവാഹം കഴിച്ചിട്ടു പോയിരുന്നെങ്കിൽ നന്നായിരുന്നു. . . . പക്ഷേ ദൈവേച്ഛ വേണമല്ലോ. . . ."

"ഉം•. . . . അങ്ങനെ പറയൂ . . . ."

* * * *

എന്നിൽ എന്തോ വിശേഷപരിവർത്തനമുണ്ടായി . . . . മറ്റുള്ളവ

രുടെ സുഖദു:ഖങ്ങൾ മനസ്സിലാകുവാൻ തുടങ്ങി . . . .

ഓരോ വ്യക്തിയുടെയും പ്രത്യേകതകളെക്കുറിച്ചുള്ള തീവ്രമായ അറിവ് ഈയിടെയായി എനിക്കുണ്ടാകുന്നു . . . .

ട്രെയിനിൽ യാത്ര ചെയ്യുമ്പോഴും സ്റ്റേഷനിൽ വച്ചും സ്റ്റേഷനിൽ നിന്നു വരുമ്പോഴും — ഓരോ മുഖവും തൻേറതായ ഏതോ കഥ പറയുന്നതു പോലെ തോന്നിയിരുന്നു. ബാംദ്രാ സ്റ്റേഷനു സമീപം കൽപടവുകളിലിരുന്ന് കുഞ്ഞിനു മുല കൊടുത്തിരുന്ന ആ ഭിക്ഷുകിപോലും ഒരു അവ്യക്തനാടകത്തിലെ പ്രധാന കഥാപാത്രത്തെപ്പോലെ തോന്നി . . . . എന്തുകൊണ്ടോ പെട്ടെന്ന് കാമിനിയെക്കുറിച്ചോർത്തു; തീക്ഷ്ണമായ വേദനയുടെ ഒരു കത്തിമുന ഹൃദയത്തിൽ പോറലുണ്ടാക്കിപ്പോയി . . . .

"ഗൗരീശാ, എന്നെ രക്ഷിക്കൂ . . . ."

* * * *

കാമിനി എന്നെത്തന്നെ കാത്തിരിക്കുകയായിരുന്നു. . . . !

. . . . ഞാൻ സിർസിയിൽ നിന്ന് അവൾക്കു കത്തയച്ചിരുന്നു — ഞങ്ങൾ മിക്കവാറും എൻെറ അവസാന സന്ദർശനത്തിനു വരുന്നു, ഒരു ദിവസം മാത്രമേ ധാറവാഡയിൽ തങ്ങാൻ കഴിയൂ എന്ന്. അന്ന് അവൾ മറ്റ് എവിടെയായാലും (ആരുടെ കൂടെയായാലും) പുറത്തു പോകരുത് എന്നതായിരുന്നു, കത്തിൻെറ പ്രധാന ഉദ്ദേശ്യം . . . .

രാത്രി എട്ടരമണി സമയം . . . . എൻെറ ടോംഗാ ശ്രീകാന്തൻെറ — അല്ല, കാമിനിയുടെ വീടിനു സമീപത്തെത്തിയപ്പോൾ എൻെറ മനസ്സിൽ വിചിത്രമായ അസ്വസ്ഥതയും ശൂന്യതയും ജഡത്വവും നിറഞ്ഞു . . . .

അവരുടെ വീട്ടിൽ എൻെറ ടോംഗാ എത്തിയ ഉടൻ സരളാമാംശി കതകു തുറന്ന് എന്നെ സ്വാഗതം ചെയ്തു.

"വരൂ ഗൗരീശാ ഇതെന്താ ആരോടും ചോദിക്കാതെയും പറയാതെയും ആഫ്രിക്കയ്ക്കു പോവുകയാണെന്നു കേട്ടു . . . ."

"അതെ മാംശീ, നല്ല ജോലി കിട്ടി" ഞാൻ പറഞ്ഞു.

"കമിനി ഒരു മണിക്കൂറായി നിന്നെ കാത്തിരിക്കുകയാണ്. അതാ ആ മുറിയിൽ കിടക്കുന്നു . . . ."

അവർ കൈ ചൂണ്ടിക്കാണിച്ച മുറി ശ്രീകാന്തൻെറ മുറിയായിരുന്നു. എന്തുകൊണ്ടോ എൻെറ ഹൃദയം ശക്തിയായി തുടിച്ചു . . . .

"കാമിനീ, എന്താ കിടക്കുന്നത് ? എന്തെങ്കിലും അസുഖമാണോ?" എൻെറ വാ വരണ്ടു.

"കുറച്ചു ദിവസം മുമ്പ് അസുഖമായിരുന്നു . . . . ഇപ്പോൾ സുഖപ്പെട്ടു . . . . കുറച്ചു ക്ഷീണം മാത്രം . . . ."

ശ്രീകാന്തൻെറ അസുഖം ഇവൾക്കും പിടിപെട്ടോ എന്നു ചിന്തിച്ച് ഞാൻ അസ്വസ്ഥനായി. പക്ഷേ പെട്ടെന്നു ചോദിക്കാൻ ധൈര്യം

വന്നില്ല . . . .

"ഞാൻ നിനക്ക് ഊണു തയ്യാറാക്കിയിട്ടു വിളിക്കാം. അതുവരെ കാമിനിയുമായി സംസാരിക്ക് . . . ." എന്നു പറഞ്ഞ് സരളാഭായി അടുക്കളയിലേക്കു പോയി. അവരുടെ മുഖത്ത് വിഷാദഭാവം നിറഞ്ഞിരുന്നെങ്കിലും സംസാരത്തിൽ അതു മറയ്ക്കുവാനുള്ള ശ്രമം അവർ കാണിച്ചിരുന്നു . . . .

ശ്രീകാന്തനെപ്പറ്റി ഒന്നും സംസാരിക്കരുതെന്നു ഞാൻ ദൃഢനിശ്ചയം ചെയ്തു . . . .

ഞാൻ ശ്രീകാന്തൻെറ മുറിയുടെ സമീപം പോയി അകത്തേക്ക് എത്തിനോക്കി. കാമിനി ശ്രീകാന്തൻെറ കട്ടിലിൽ തന്നെ കിടക്കുന്നുണ്ടായിരുന്നു. എൻെറ മനസ്സ് ഏതോ ഭയം കൊണ്ടു നടുങ്ങി . . . .

"കാമിനീ" — ഞാൻ വിളിച്ചു. എൻെറ ശബ്ദം വിറച്ചിരുന്നു. . . .

"ഗൗരീശാ, വരൂ. ഞാൻ നിങ്ങളെത്തന്നെ കാത്തിരിക്കുകയാണ്."

ഞാൻ അകത്തു ചെന്ന് അവളുടെ സമീപത്തുനിന്നു ചോദിച്ചു. "കാമിനീ നിനക്കെന്തു പറ്റി ? . . . . എന്താണസുഖം ?"

"ഇപ്പോൾ സുഖമായിരിക്കുന്നല്ലോ ! വരൂ. ഇവിടെ അടുത്തിരിക്ക്" എന്നു പറഞ്ഞ് കട്ടിലിൽ തന്നെയിരിക്കുവാൻ അവൾ അടയാളം കാണിച്ചു . . . . അവൾ തലയിണകൾ കട്ടിലിൻെറ പിൻഭാഗത്തേക്കു ചാരിവച്ച് അവിടെയിരുന്നു.

"വേണ്ട. ഞാൻ ഇവിടെത്തന്നെയിരിക്കാം" എന്നു പറഞ്ഞ് ഞാൻ അടുത്തുകിടന്ന സ്റ്റൂൾ വലിച്ചു നീക്കിയിട്ട് അതിൽ ഇരുന്നു . . . . ചുറ്റുപാടും എങ്ങനെയോ ശ്രമപ്പെട്ട് കണ്ണോടിച്ചപ്പോൾ എൻെറ മനസ്സു വിതുമ്പി വന്നു. കുറെനേരം വെറുതെയിരുന്നു, സംയമനം പാലിച്ചുകൊണ്ട് . . . .

"കാമിനീ . . . ."

"ഉം ?"

"നീയിവിടെ — ഈ മുറിയിൽ കിടക്കരുതായിരുന്നു . . . ."

"അതിലെന്താണു തെറ്റ് ? . . . . നിങ്ങൾ, ശ്രീകാന്തനണ്ണൻ പോയതിനു ശേഷം ആദ്യമായിട്ടിപ്പോഴാണിവിടെ വരുന്നത് — അതുകൊണ്ട് നിങ്ങൾക്ക് . . . ."

"അതിരിക്കട്ടെ, നിനക്കെന്താണെന്നു പറയില്ലേ . . . . ?

"എനിക്ക് ? . . . . അപ്പൻഡിസൈറ്റിസ് !"

"എങ്കിൽ ഓപ്പറേഷൻ കഴിഞ്ഞോ ?"

"അതെ — അമ്മ എന്തു പറഞ്ഞു ?"

"ഒന്നും പറഞ്ഞില്ല, വെറും അസുഖമാണെന്നു മാത്രം."

"ഗുഡ്, നിങ്ങളെന്നാണ് ആഫ്രിക്കയ്ക്കു പോകുന്നത് ?"

"നാലു ദിവസം കഴിഞ്ഞ് . . . ."

"നാലുദിവസം ? അങ്ങനാണെങ്കിൽ ഇവിടെനിന്ന് എന്നു പോ

കും ?”

“പറ്റുമെങ്കിൽ ഇന്നു രാത്രിതന്നെ . . . .”

“ഉം. എല്ലാം ഉപേക്ഷിച്ച് — ഇവിടെ വരാൻ ഇത്ര താമസിച്ചതെന്താ ?”

“സത്യത്തിൽ ഞാൻ വരണമെന്നു തന്നെ വിചാരിച്ചിരുന്നില്ല . . .”

“അതായിരുന്നു നല്ലത് . . . . അങ്ങനാണെങ്കിൽ എന്തിനാണു വന്നത് ?” കാമിനിയുടെ ശബ്ദത്തിൽ പെട്ടെന്ന് ഉദ്വേഗമുണ്ടായി.

“സിർസിയിലേക്കു പോയി . . . . വഴിയിൽ . . . . നീ . . . . തടയാൻ കഴിഞ്ഞില്ല . . . . അവസാന സന്ദർശനം . . . . എല്ലാം, എല്ലാം . . . . ഉപേക്ഷിച്ചു പോകുന്നതിനുമുമ്പ് . . . .”

“ആഫ്രിക്കയ്ക്കു നിങ്ങൾ ഒറ്റയ്ക്കാണോ പോകുന്നത് അതോ മറ്റാരെങ്കിലും കൂട്ടിന് . . . . ?” അവളുടെ കണ്ണുകൾ തീക്ഷ്ണമായി.

“ഞാനൊറ്റയ്ക്ക് !”

“എങ്കിൽ എന്തിനാണു പോകുന്നത് — എല്ലാം, എല്ലാം ഉപേക്ഷിച്ച് ?” എൻെറ വാക്കുകൾ അവൾ അനുകരിച്ചു.

“എല്ലാരും ഇതേ ചോദ്യം തന്നെയാണു ചോദിക്കുന്നത്. ഓരോരുത്തർക്കും ഓരോ മറുപടിയാണ് . . . .”

“എനിക്ക് എന്തു മറുപടിയാണ് ?”

“നിനക്ക് . . . . നിനക്കു മറുപടി തന്നെ തരുന്നില്ല !”

“ഞാനെന്തപരാധമാണു ചെയ്തത് ?”

“നീ—നീ ഒരപരാധവും ചെയ്തില്ല കാമിനീ . . . . ഇത്രമാത്രം, ഒരു തരത്തിലുള്ള ഉത്തരം തരാനും എനിക്കു മനസ്സില്ല . . . . അതേപ്പറ്റി ഇപ്പോൾ സംസാരിക്കേണ്ടാ . . . . സ്വല്പം അതും ഇതും സംസാരിച്ച് പരസ്പരം ഗുഡ്ബൈ പറയാം . . . .”

പെട്ടെന്നു കാമിനിയുടെ മുഖം വാടി . . . . മൗനമായി അവൾ കൈനീട്ടി. ഞാനറിയാതെതന്നെ അവളുടെ നീട്ടിയ കൈയിൽ പിടിച്ചു . . . .

“ഗൗരീശാ . . . .” അവളുടെ ശബ്ദം വിദൂരതയിൽ നിന്നു വരുന്നതുപോലെ തോന്നി.

“ഉം.”

അവളിൽ നിന്ന് ഒരു ദീർഘശ്വാസം പുറത്തുവന്നു. പിന്നീട് പെട്ടെന്നു ‘ഗുഡ്ബൈ’ പറഞ്ഞു ! ഞാൻ ഒന്നും പറഞ്ഞില്ല. കാമിനി പെട്ടന്ന് കൈ പിൻവലിച്ച് രണ്ടു കൈ കൊണ്ടും മുഖം മറച്ച് വിങ്ങി വിങ്ങിക്കരയുവാൻ തുടങ്ങി.

എന്തു ചെയ്യണമെന്ന് എനിക്കു മനസ്സിലായില്ല.

“കാമിനീ . . . .” ഞാൻ വിളിച്ചു.

അപ്പൊഴേക്കും സരളാഭായി വന്ന് വിളിച്ചു. “ഗൗരീശാ, വാ കുഞ്ഞേ . . . . നീ ക്ഷീണിച്ചു കാണും, നിനക്കു വിശപ്പു തുടങ്ങിക്കാണും,

വരൂ.'' എന്നിട്ട് കാമിനിയുടെ നേർക്കു നോക്കി ''കാമിനീ, ഇതെന്താ, കാണിച്ചത്, ങേ ?'' എന്നു ചോദിച്ചു. ''വാ ഗൗരീശാ, ആ ഭ്രാന്തിപ്പെണ്ണുമായുള്ള ഇടപാടു വേണ്ടാ . . . .''

* * * *

ഭക്ഷണ സമയത്ത് സരളാഭായി എന്റെ അടുത്തു തന്നെയിരുന്നു വിളമ്പി.

''ഗൗരീശാ, വളരെ ദൂരത്തിൽ പോവുകയാണു നീ !''

''ഉം.''

''ഇനി എന്നാ നിന്നെ കാണുന്നത് ? . . . .''

ഞാൻ കാമിനിയെപ്പറ്റി ചിന്തിച്ചുകൊണ്ട്, അവൾ പറഞ്ഞ വാക്കുകളെപ്പറ്റി ആലോചിച്ചുകൊണ്ട് ഇരിക്കുകയായിരുന്നു . . . . സരളാഭായിയുടെ ''വാ, ആ ഭ്രാന്തിപ്പെണ്ണുമായുള്ള ഇടപാടു വേണ്ടാ . . . .'' എന്ന വാക്കുകൾ തികച്ചും അർഥപൂർണമായിരുന്നു, സംശയാസ്പദമായിരുന്നു . . . .

ഞാൻ തന്നെ പറഞ്ഞു: ''മാംശീ, കാമിനിയുടെ വിവാഹം പെട്ടെന്നു നടത്ത് . . . .''

''ഉം, ആലോചിക്കുന്നുണ്ട്. പക്ഷേ അവളുടെ വിവാഹം കഴിഞ്ഞാൽ ഞാനൊറ്റയ്ക്ക് ഏകാകി . . . .''

അവരുടെ മുഖത്തേക്കു നോക്കുവാനെനിക്കു ധൈര്യമുണ്ടായില്ല. അവരുടെ 'ഏകാകി' എന്ന വാക്ക് സൂചിയെന്ന മാതിരി എന്റെ മനസ്സിൽ തറച്ചു. എന്നെ ആശ്വസിപ്പിക്കാനെന്നോണം അവർ പറഞ്ഞു.

''പക്ഷേ ഒറ്റയ്ക്കു കഴിയുന്നതിനെപ്പറ്റി എനിക്കു പ്രത്യേകിച്ചൊന്നും തോന്നുന്നില്ല . . . . ഇന്നല്ലെങ്കിൽ നാളെ അതു നടന്നേ തീരൂ . . . . വിധി പിഴച്ചല്ലോ !''

''ആരെയെങ്കിലും കണ്ടുവച്ചിട്ടുണ്ടോ?'' ഞാൻ മുഖമുയർത്തി ചോദിച്ചു.

അർഥപൂർണമായി അവരുടെ നോട്ടം എന്റെ മേൽ തറച്ചു. ഞാൻ ഭയപ്പെട്ടു . . . . മുഖം കുനിച്ച് ഉണ്ണാൻ തുടങ്ങി . . . .

''ഇതു വരെയില്ല. അവളുടെ തലേലെഴുത്തിൽ ആരാണോ ഉള്ളത് ?''

''അവൾക്കു നല്ല ഭർത്താവിനെ കിട്ടുമെന്നതിൽ സംശയമില്ല. . .''

''പക്ഷേ അവളുടെ പ്രവൃത്തി നല്ല ഭർത്താവിനെ സമ്പാദിച്ചുകൊടുക്കാൻ പറ്റിയതല്ലല്ലോ . . . .''

''എന്നു വച്ചാൽ . . . . ?''

''ഗൗരീശാ, നിന്നോടല്ലാതെ ഞാൻ മറ്റാരോടാണു പറയേണ്ടത് ?''

ഞാനവരെ സഹാനുഭൂതിയോടെ നോക്കി.

''എന്തസുഖമാണെന്നാണ് അവൾ നിന്നോടു പറഞ്ഞത് ?''

"അപ്പൻഡിസൈറ്റിസ് ! എന്താ, അവൾക്കെന്തെങ്കിലും വലിയ കുഴപ്പമുണ്ടായോ ? ഇതിനുമുമ്പ്, അവൾക്കീ അസുഖമുണ്ടെന്ന് അറിഞ്ഞിരുന്നേ ഇല്ല . . . . പെട്ടെന്ന് ഓപ്പറേഷൻ എന്നു കേട്ടപ്പോൾ ഞാനത്ഭുതപ്പെട്ടു" ഞാൻ സ്വാഭാവികമായിപ്പറഞ്ഞു.

"ആരോടും പറയേണ്ട ഗൗരീശാ . . . . സത്യസ്ഥിതി വേറെയാണ്."

എൻെറ താൽപര്യം ഉണർന്നെഴുന്നേറ്റു. അവർ എന്തോ ഭയങ്കരമായ സംഗതി പറയാൻ പോവുകയാണെന്ന വിചാരം ശക്തമായി.

"നീ തന്നെയാണു ഞങ്ങളുടെ ഏറ്റവുമടുത്ത ബന്ധുവെന്നു ഞാൻ പറയുമായിരുന്നു. പക്ഷേ ആരോടും പറയാത്ത ആ സത്യം നിന്നോടു ഞാനെന്തിനാണു പറയുന്നതെന്നെനിക്കറിയില്ല . . . . ശ്രീകാന്താ . . . . ഗൗരീശാ, നിന്നെ കണ്ടാൽ, നീ എനിക്കു മകനെപ്പോലെയാണ് . . . . അതുകൊണ്ട് . . . ." മുഖം തിരിച്ച് അവർ സ്വയം അടക്കി.

ഞാൻ കൈ തുടച്ച് ഇരിപ്പിടത്തിൽ കൈയൂന്നി മൂഢനായി ഇരുന്നു.

"ശ്രീകാന്തൻ പോയതിനു ശേഷം . . . ." ഒരു ശക്തിയായ നെടുവീർപ്പിനുശേഷം അവർ തുടർന്നു. "പിന്നീട് — ഏഴെട്ടു ദിവസങ്ങൾക്കുശേഷം അവൻെറ ചിറ്റപ്പനും മറ്റു ബന്ധുക്കളും അവരവരുടെ നാട്ടിലേക്കു തിരിച്ചുപോയി . . . . അതിനുശേഷം ഗാംഗലൻ — അയാളെ നിനക്കറിയാമല്ലോ — വലിയ ആളാണ് . . . . ഞങ്ങളെ നോക്കുന്ന ചുമതല ഏറ്റെടുത്തു. ദിവസവും ഒരു പ്രാവശ്യം വീതം വന്നുപോകുമായിരുന്നു. ഇപ്പോഴും വരാറുണ്ട് . . . ."

"മനസ്സിലായി മാംശീ, പിന്നത്തെ കാര്യമൊന്നും പറയണ്ടാ . . . ." എൻെറ ആകസ്മികമായ വാക്കുകൾ കേട്ട് അവർക്ക് ആശ്ചര്യമുണ്ടായിരിക്കണം ! കുറെനേരം രണ്ടുപേരും മൗനമായിരുന്നു . . . . എൻെറ മനസ്സിലൂടെ കാമിനിയും ഗാംഗലരുമായുള്ള ബന്ധത്തെക്കുറിച്ചുള്ള സാങ്കൽപിക ചിത്രങ്ങൾ അതിവേഗം കടന്നുപോയി. കണ്ണീർ തുടയ്ക്കുവാൻ വന്ന ഗാംഗലർ കണ്ണിൽ മണ്ണിട്ടു . . . . കാമിനിയുമായി രാഷ്ട്രീയം സംസാരിച്ച് ക്രമേണ 'പ്രേമ'ത്തെക്കുറിച്ചു സംസാരിക്കുവാൻ തുടങ്ങി . . . . ഈ രാഷ്ട്രീയക്കാരി ! . . . . കാമിനിയുടെ പുറത്ത് തലോടിക്കൊണ്ട് പതുക്കെ . . . . പിന്നീട് . . . . ഉം. . . . . എല്ലാം മനസ്സിലായി . . . . പിന്നീട് ഗർഭമുണ്ടായപ്പോൾ . . . . ഓപ്പറേഷൻ . . . . ഹാ—ഹാ—ഹാ—അപ്പൻഡിസൈറ്റിസ് ! . . . . എല്ലാം വ്യക്തമായി മനസ്സിലായി . . . .

ഞാൻ സരളാഭായിയെ നോക്കിയപ്പോൾ അവർ വിചാരമഗ്നയായിരുന്നു.

"കാമിനി ഇത്തരം ഭ്രാന്തു കാണിക്കുമെന്നു ഞാൻ സ്വപ്നത്തിൽ പോലും വിചാരിച്ചില്ല." സരളാഭായിയുടെ ദീനവാണി.

ഞാൻ മനസ്സിൽ ചിരിച്ചു — ഞാൻ വിചാരിച്ചിരുന്നു എന്ന ഭാവത്തിൽ !

"ഇനി എന്തു ചെയ്യാനാണു വിചാരം ?"

"ഇനിയെന്താ ഗൗരീശാ ?— അവളുടെ വിവാഹം എങ്ങനെയെങ്കിലുമൊന്നു നടന്നാൽ മതി . . . ."

"പക്ഷേ വിവാഹം അവളുടെ പ്രശ്നങ്ങൾക്കു പരിഹാരമാകുമോ ?" എന്റെ ചോദ്യം അവർക്കു മനസ്സിലായില്ല . . . .

"അവളുടെ പ്രശ്നങ്ങൾ ? അവളുടെ പ്രശ്നങ്ങളെന്താണുള്ളത് ? . . . . ഇപ്പോളതു പരിഹരിച്ചു കഴിഞ്ഞു . . . . എവിടെനിന്നോ മരുന്നുകൊണ്ടുവന്നു കഴിച്ച് പാപം പുറത്തുകളഞ്ഞു. അതിനു ശേഷം അവൾക്കു വലിയ ഭയമുണ്ടായി . . . . ഞാനാണെങ്കിൽ ഭയന്നു പോയി . . . . പക്ഷേ ഗാംഗലരുടെ കൃപകൊണ്ട്, എന്നു വച്ചാൽ അദ്ദേഹം പെട്ടെന്നു വിളിച്ചുകൊണ്ടുവന്ന ഡോക്ടറുടെ സഹായം കൊണ്ട് . . . . എങ്ങനെയോ അവളുടെ ജീവൻ രക്ഷപ്പെട്ടു . . . . ഇപ്പോൾ അവൾക്കു പശ്ചാത്താപമുണ്ടായെന്നു തോന്നുന്നു . . . . ബുദ്ധിയുണ്ടായാൽ മതിയായിരുന്നു . . . . നല്ല പയ്യന്മാരാരെങ്കിലും വിവാഹം കഴിക്കാൻ തയ്യാറായാൽ അവൾ വേണ്ടെന്നു പറയുകയില്ല . . . ."

സരളാഭായിയുടെ സരളമായ ചിന്താസരണി കണ്ട് എന്റെ മനസ്സിൽ കരുണ നിറഞ്ഞുവന്നു. പ്രധാനമായും ഒരമ്മയുടെ വിചാരസരണിയായിരുന്നു അവരുടേത്. മക്കളുടെ 'പാപ'ങ്ങളെല്ലാം പെട്ടെന്നു ക്ഷമിച്ച് അവരുടെ ഹിതത്തെക്കുറിച്ചു ചിന്തിക്കുന്നത് അമ്മയുടെ അടിസ്ഥാന സ്വഭാവമാണ് . . . .

*　　*　　*　　*

സരളാഭായി വീട്ടുജോലികളിൽ മുഴുകി . . . .

കാമിനി എന്നെ കാത്തിരിക്കുകയായിരുന്നു . . . . അവളുടെ മന്ദഹാസം എന്നെ സ്വാഗതം ചെയ്തു. ഞാനവളുടെ സമീപം പോയി സ്റ്റൂളിലിരുന്നു . . . .

ഒന്നുരണ്ടു നിമിഷം ഞാനവളെ സൂക്ഷിച്ചു നോക്കി. ചിന്നിച്ചിതറിക്കിടക്കുന്ന മുടി അവളുടെ അഴകു വർധിപ്പിച്ചു. അവളുടെ വലിയ കണ്ണുകളിൽ പുതുതായ ഒരു ഗാംഭീര്യഭാവം നിറഞ്ഞു നിന്നിരുന്നു (മിക്കവാറും അവളനുഭവിച്ച ദുഃഖം അവളുടെ കണ്ണുകളിൽ ഈ ഗാംഭീര്യത പകർന്നിരിക്കണം). അവളുടെ മ്ലാനമായ റോസാച്ചുണ്ടുകളിൽ എന്നത്തെയും ഗൂഢഹാസമുണ്ടായിരുന്നു . . . . ഇവിടെ വിരാജിക്കുന്ന ഈ ഗന്ധർവകന്യകയെക്കണ്ടാൽ ഏതു മുനിയുടെ തപസ്സാണ് ഇളകാത്തത് എന്ന് ഒരുനിമിഷം ഞാൻ ചിന്തിച്ചുപോയി. പക്ഷേ ഞാൻ ലൈംഗികാഭിലാഷമെല്ലാം അമർത്തി വച്ചുകൊണ്ട്, കാൽപനികമുക്തിക്കുവേണ്ടി തപസ്സുചെയ്യുന്ന ഋഷിയല്ലാത്തതു

കൊണ്ട് — ഇളകാതെ ഇരുന്നു. സ്റ്റൂളിൽ —അവളെ നോക്കിക്കൊണ്ട് . . . .

"ഗൗരീശാ, എന്താണങ്ങനെ സൂക്ഷിച്ചു നോക്കുന്നത് ?"

കാമിനിയുടെ മന്ദഹാസവും അൽപമുയർന്ന പുരികക്കൊടിയും മൂക്കും വിടർന്ന കണ്ണുകളും എൻെറ മസ്സിൽ പഴയ ഗൗരീശനെ അടിച്ചെഴുന്നേൽപിച്ചു . . . .

"ഒന്നുമില്ല — നിൻെറ — നിൻെറ — ഭാവസൗന്ദര്യം — ഞാൻ — ഞാൻ — നഷ്ടപ്പെടുത്തിയ എൻെറ കിനാവുകൾ . . . ."

"എന്താണു വെറുതെയായത് ? . . . . കവിത വരുന്നല്ലോ — വരട്ടെ" കാമിനി കള്ളച്ചിരി ചിരിച്ചു. "നിങ്ങൾ നഷ്ടപ്പെടുത്തിയ കിനാവുകൾ ? എന്നു വച്ചാലെന്താണു ഗൗരീശാ ?"

ഞാൻ മറുപടി പറഞ്ഞില്ല.

"എൻെറ ചോദ്യങ്ങൾക്കു മറുപടി പറയരുതെന്നു തീരുമാനിച്ചിരിക്കുകയാണോ ഗൗരീശാ ?"

"ചോദ്യോത്തരങ്ങളുടെ ആവശ്യമൊന്നുമില്ല — സംഭവിച്ചതെല്ലാം സംഭവിച്ചു കഴിഞ്ഞതിനുശേഷം."

"എന്നു വച്ചാൽ ?"

"വീണ്ടും ചോദ്യമോ ?"

"ഇനി ചോദ്യം ചോദിക്കുകയില്ല — മതിയല്ലോ ? പക്ഷേ ചോദ്യോത്തരങ്ങളില്ലാതെ എങ്ങനെയാണു സംസാരിക്കുന്നത് ? അതോ സംസാരത്തിൻെറ ആവശ്യവുമില്ലേ, നിങ്ങളുടെ ദൃഷ്ടിയിൽ ?"

"ഉം."

"നിങ്ങളെന്തുകൊണ്ടോ കോപിച്ചിരിക്കുന്നു . . . . അമ്മ നിങ്ങളോടെന്തൊക്കെപ്പറഞ്ഞു ?"

"പറയേണ്ടത്."

"എന്നുവച്ചാൽ ?"

അവളെ സൂക്ഷിച്ചുനോക്കി ഞാൻ "സത്യം" എന്നു പറഞ്ഞു.

കാമിനിയുടെ നോട്ടം എന്നിൽ നിന്നു തെന്നിമാറി ഭിത്തിയിൽ തറച്ചു. അവൾ വിചാരമഗ്നയായി . . . . അവളുടെ ആ ഭാവം എന്നത്തെയും പോലെ എൻെറ മനസ്സു നിറച്ചു . . . .

"ഞാൻ മരിച്ചു, മരിച്ചു, ജീവിച്ചു . . . . മരിച്ചാൽ മതിയായിരുന്നു!" കാമിനി ഭിത്തിയോടെന്ന മാതിരി സാവകാശം പറഞ്ഞു.

"ഛേ, അങ്ങനെ പറയരുതു കാമിനീ !"

"ഞാൻ ചീത്തയാണെന്ന കാര്യം എനിക്കു പൂർണബോധ്യമായി . . . . ഞാനെങ്ങോട്ടു പോവുകയാണെന്നും എവിടെ ചെന്നെത്തുമെന്നും എനിക്കറിഞ്ഞുകൂടാ . . . ."

"മാംശി നിൻെറ വിവാഹത്തെക്കുറിച്ചാലോചിക്കുന്നുണ്ട് . . . ."

"ഉം. പക്ഷേ ആരെയും വഞ്ചിക്കാനുള്ള ഉദ്ദേശ്യമെനിക്കില്ല. . . ."

"അങ്ങനാണെങ്കിൽ എന്തുചെയ്യാനാണു ഭാവം ?"

"അണ്ണൻ ചെയ്തതുപോലെ ആത്മഹത്യ . . . ." അവളുടെ ശബ്ദത്തിൽ നാടകീയതയുടെ ഛായയുണ്ടെന്നു തോന്നി . . . .

കുറെ നേരം ഞാൻ നിശ്ശബ്ദനായിരുന്നു. എന്തെങ്കിലും സംസാരിക്കണമല്ലോ എന്ന ഉദ്ദേശ്യത്തോടെ ഞാൻ പറഞ്ഞു :

"അതാണു ഞാൻ പറഞ്ഞത് ശ്രീകാന്തന്റെ മുറിയിൽ, അവന്റെ കട്ടിലിൽ നീ കിടക്കരുതായിരുന്നു എന്ന് . . . . നീ ഇവിടെ കിടക്കുന്നതു കൊണ്ടാണ് വേണ്ടാത്ത വിചാരങ്ങളൊക്കെ വരുന്നത് . . . ."

കാമിനി പെട്ടെന്നു കൈനീട്ടി എന്റെ കൈയിൽ പിടിച്ചുകൊണ്ടു പറഞ്ഞു. "ഇല്ല ഗൗരീശാ, ഞാൻ സീരിയസ്സായി പറയുകയാണ്."

"അങ്ങനെയാണെങ്കിൽ നിനക്കു യഥാർത്ഥത്തിൽ പശ്ചാത്താപം തോന്നുന്നുണ്ടോ ?"

"പശ്ചാത്താപം — അതെങ്ങനെയിരിക്കുമെന്നെനിക്കറിയില്ല ഗൗരീശാ . . . ."

"ഇതു ചെയ്യരുതായിരുന്നു, ചെയ്തു, തെറ്റുപറ്റി എന്ന വിചാരം."

"സത്യം പറഞ്ഞാൽ അത്തരം വിചാരമെനിക്കു കാര്യമായുണ്ടായിട്ടൊന്നുമില്ല . . . . അതിനാണു ഞാൻ ചീത്തയാണെന്ന വിചാരമുണ്ടായത് ! . . . . എല്ലാറ്റിനും ഞാൻ തന്നെയാണോ കാരണക്കാരി ? . . . . ആളുകൾ എന്നെ വഞ്ചിച്ചു എന്ന് എനിക്കെന്തുകൊണ്ടു പറഞ്ഞുകൂടാ ?"

"ഒരു കൈ മാത്രം വീശിയാൽ ശബ്ദമുണ്ടാകുമോ ?" എന്റെ കൈ പിൻവലിച്ചുകൊണ്ടു ഞാൻ ചോദിച്ചു.

"എന്റെ സൗന്ദര്യവും തുറന്ന മനസ്സോടെയുള്ള പെരുമാറ്റവും ആളുകളുടെ തലതിരിപ്പിച്ചതിൽ എന്റെ തെറ്റെന്താണ് ?"

"കാമിനീ, നീ കൊച്ചു കുട്ടിയാണ് ! നിന്നെ രക്ഷിക്കുവാൻ പിതൃഭാവമുള്ള, ധീരനായ ഒരുത്തൻ വേണം ! ഗാംഗലർക്കു ഭാര്യയുണ്ടോ ?"

"ഇല്ല — പക്ഷേ ആ മനുഷ്യന്റെ പേരു പറയേണ്ട ഗൗരീശാ."

"എന്തുകൊണ്ട് ?"

"എന്തുകൊണ്ട് ! എന്തൊരു സ്വാർത്ഥതയും ആത്മവിശ്വാസവും ലജ്ജയില്ലായ്മയുമാണ് ആ മനുഷ്യനിൽ ! . . . . ഗൗരീശാ, ലോകത്തെക്കുറിച്ച് എനിക്കു മനസ്സിലായിത്തുടങ്ങിയിരിക്കുന്നു . . . ."

"നിന്നെക്കുറിച്ച് ?"

കാമിനി നിശ്ശബ്ദയായി. അൽപനേരത്തെ ആലോചനയ്ക്കു ശേഷം "എന്നെക്കുറിച്ചു നിങ്ങൾക്കറിയാമല്ലോ !"എന്നു പറഞ്ഞ് എന്റെ മുഖത്തു സൂക്ഷിച്ചു നോക്കി.

"പിന്നെ ?" ഞാൻ നിസ്സഹായനായി പറഞ്ഞു.

"ഗൗരീശാ, എന്നോടു നിങ്ങൾക്കുണ്ടായിരുന്ന പ്രേമമെല്ലാം ഇതി

നകം ഇല്ലാതായോ ?"

എൻെറ ഹൃദയം നിറഞ്ഞു. ഞാൻ യാന്ത്രികമായി "പിന്നെ?" എന്നു പറഞ്ഞു.

"പിന്നെ ! ഗൗരീശാ, നിങ്ങളുടെ പ്രേമത്തോടു കൂടിയാണ് എല്ലാം തുടങ്ങിയത് . . . . ഇടയിൽ നടുക്കടലിൽ നിങ്ങൾ എന്നെ വിട്ടു. . . ഞാൻ നിങ്ങളെ വിവാഹം കഴിക്കാൻ തയ്യാറായപ്പോൾ പോലും നിങ്ങൾ ആശകാണിച്ചു ഭയന്നു മാറി, കാൽ പിൻവലിച്ചു . . . . ഞാൻ മാത്രം നടുക്കടലിൽ . . . . എൻെറ നേർക്കു നീട്ടിയ കൈകളെല്ലാം അശുദ്ധമായ കൈകളായിരുന്നു . . . . സ്വാർഥികളും പിശാചുക്കളും ഘാതകന്മാരും . . . . എന്താണോ ഞാൻ മരിക്കാത്തത് ? ഗൗരീശാ, എന്നെ രക്ഷിക്കൂ ഗൗരീശാ . . . ."

കാമിനിയുടെ ഭാവാവേശത്തിൻെറ അവസാനം അവളുടെ കണ്ണുനീരായിരുന്നു. ഭിത്തിയുടെ നേർക്കു തിരിഞ്ഞ് അവൾ വിങ്ങി വിങ്ങി കരയാൻ തുടങ്ങി. എൻെറ കൈകൾ സ്വയം അവളുടെ നേർക്കു നീണ്ടു. പതുക്കെ അവളുടെ ശരീരം എൻെറ സമീപത്തേക്ക് അടുപ്പിച്ചു . . . .

"കാമിനീ, കരയരുത് പ്ലീസ്, കരയരുത് . . . ."

അവളുടെ കരച്ചിൽ പെട്ടെന്നു കുറഞ്ഞു. എന്തു വിചാരിച്ചാണോ എന്തോ, അവൾ എൻെറ കൈകൾ അവളുടെ നെഞ്ചിലമർത്തിപ്പിടിച്ചു. പെട്ടെന്ന് ആ കൈകളിൽ അവളുടെ ചൂടാർന്ന ചുണ്ടുകളമർത്തി ചുംബനം വർഷിച്ചു. അതിനുശേഷം കണ്ണുനീർ കൊണ്ടീറനണിഞ്ഞ കണ്ണുകളിൽ എൻെറ നിസ്സഹായമായ കൈകളമർത്തി എത്രയോ നേരം അവൾ വെറുതെ കിടന്നു.

അവളുടെ ചുരുണ്ടുകൂടിയ ദേഹം ചോദ്യചിഹ്നമെന്ന മാതിരി എൻെറ മുന്നിൽ കിടന്നു.

എൻെറ ജഡമായ ശിരസ്സ്, കുനിഞ്ഞ് അവളുടെ തലയിൽ വിശ്രമിച്ചു. എൻെറ ദേഹവും ചോദ്യചിഹ്നമായോ എന്തോ ?

"ഞാനാലോചിക്കാം കാമിനീ, ആലോചിക്കാൻ സമയം തരൂ. . . ഇങ്ങനെ പെട്ടെന്ന് . . . . ധൃതിപ്പെടേണ്ടാ . . . . ധൃതിപിടിക്കേണ്ടാ . . . . ശ്രീകാന്തനുണ്ടായിരുന്നെങ്കിൽ ആലോചനയുടെ ഉത്തരവാദിത്തം മുഴുവൻ അവൻെറ മേൽ കെട്ടിവച്ച് നിശ്ചിന്തനായിരിക്കാമായിരുന്നു . . . . ഞാനാഫ്രിക്കയ്ക്കു പോകുന്നു എന്നതു തീർച്ചയാണ് . . . . ഈ കപ്പലിലോ, പിന്നത്തെ കപ്പലിലോ . . . . കാമിനീ, കാമിനീ . . . . ഇപ്പോഴും നിന്നെ കാണുമ്പോൾ എൻെറ ഹൃദയം വിജൃംഭിക്കുന്നു. നിന്നെ നെഞ്ചോടു ചേർത്തമർത്തിപ്പിടിക്കണമെന്ന ആഗ്രഹമുണ്ടാകുന്നു . . . . പക്ഷേ ഇത്രമാത്രം, ഞാൻ മുമ്പത്തെ ഗൗരീശനല്ല . . . . പക്ഷേ ശ്രമിയ്ക്കാം, ആലോചിക്കാം . . . ."

"ഗൗരീശാ, ഇപ്പോൾ നിങ്ങൾ സമർഥനായിരിക്കുന്നു . . . . നിങ്ങൾ

പോകുന്നിടത്തു ഞാൻ വരാം, നിങ്ങൾ പറയുന്നതു ചെയ്യാം . . . . നിങ്ങളുടെ ദാസിയായി എന്നെ രക്ഷിക്കൂ . . . . ശ്രീകാന്തനെ ഓർത്തെങ്കിലും . . . .''

''കാമിനീ, ഇങ്ങനെ വികാരാധീനയാകരുത് . . . . എന്നെ, എൻെറ ഹൃദയത്തിൽ കൈതൊട്ടു വലിക്കരുത് . . . . എനിക്കു പോയി ആലോചിക്കേണ്ടതുണ്ട് . . . . കൂലങ്കഷമായി ചിന്തിക്കേണ്ടതുണ്ട്. . . . ഒരുപക്ഷേ നീ എൻെറ കൂടെ വരികതന്നെ ചെയ്യുമെങ്കിൽ . . . . ഉം, എല്ലാറ്റിനും ഞാനുടൻ തന്നെ കത്തയയ്ക്കാം. ഗുഡ് ബൈ . . . .''

''ഗൗരീശാ, എനിക്കൊരുമ്മതന്നു പോ . . . .''

ഞാൻ കുനിഞ്ഞ് അവളുടെ ചുണ്ടിൽ ചുംബിച്ചു.

ഹൃദയത്തിൽ എന്തോ തറഞ്ഞുകയറി, മുള്ളുമാതിരി . . . .

* * * *

ഇന്നു വെളുപ്പിന് ഞാൻ ഞങ്ങളുടെ ഷിപ്പിങ് കമ്പനിയിൽ പോയി, ഒരു ബർത്ത്കൂടി ബുക്കു ചെയ്യാൻ. രണ്ടു ബർത്തുകളുടെ കേബിൻ ഇന്നലെ ക്യാൻസൽ ആയിരുന്നതിനാൽ, ഞങ്ങൾ രണ്ടുപേർക്കുമായി ആ കേബിൻ കിട്ടി. ഞങ്ങളുടെ ഭാഗ്യം. മഹാസാഗരത്തിലെ ഭവ്യ ഊയലിൽ ഞങ്ങളുടെ മധുചന്ദ്രൻ . . . . എൻെറ മുക്തിയുടെ നാന്ദി . . . .

അധികം സമയമില്ല : ഇന്നലത്തെ കഥകൾ പെട്ടെന്നെഴുതിത്തീർക്കണം . . . .

നാളെ ഈ പുസ്തകം സത്യേന്ദ്രനു സമർപ്പിക്കാനിരിക്കുകയാണ്. അവൻെറ പ്രേരണകൊണ്ട് എഴുതാൻ തുടങ്ങിയ ഈ ആത്മകഥനം അവനു സമർപ്പിക്കേണ്ടതാണ്. കൂടാതെ . . . .

* * * *

ഇന്നലെ വൈകിട്ട് അഞ്ചുമണിക്ക് ഡോലിയുടെ വീട്ടിൽ പോയി ഒരു കത്തു കൊടുത്തിട്ടു വന്നു — 'ഞാൻ വന്നിരുന്നു. ഇന്നു രാത്രി പത്തു മണിക്ക് ദയവായി വരണം.'

ഡോലിയുടെ അമ്മ ''നിങ്ങൾ മിസ്റ്റർ ഉപാസനിയല്ലേ ?'' എന്നു ചോദിച്ചു.

''അതെ. മുമ്പൊരിക്കൽ നിങ്ങളുടെ വീട്ടിൽ വന്നപ്പോൾ പരിചയപ്പെട്ടിട്ടുണ്ട്.'' ഞാൻ പറഞ്ഞു.

''ഡോലി നിങ്ങളെ പുകഴ്ത്തി ധാരാളം പറയാറുണ്ട് . . . . നിങ്ങൾ ആഫ്രിക്കയ്ക്കു പോകാനിരിക്കുകയല്ലേ ?''

''അതെ — ഉടൻ തന്നെ . . . . നല്ലത്, ദയവുചെയ്ത് ഈ കത്തു ഡോലിക്കു കൊടുക്കുമോ ? . . . . ബൈ ബൈ''

''ബോൻ വൊയേഗ് !''

''താങ്ക് യൂ !''

സത്യേന്ദ്രൻെറ വീട്ടിൽ ചെന്നപ്പോൾ അയാൾ അപ്പോഴും വന്നിട്ടി

ല്ലായിരുന്നു. സുശീല സസ്നേഹം എന്നെ സ്വാഗതം ചെയ്തു.

"ഇങ്ങോട്ടു വന്നിട്ട് എത്ര കാലമായി — ഞങ്ങളോടു നിങ്ങൾക്കുള്ള അനുഗ്രഹം കുറഞ്ഞതുപോലെ തോന്നുന്നു. സിർസിയിൽ നിന്ന് എപ്പോൾ വന്നു ?"

"ഇന്നലെ രാത്രി . . . ."

"യാത്രയൊക്കെ മംഗളമായിരുന്നോ, സ്വീകരണവും മറ്റും ?"

"എല്ലാം മംഗളമായിരുന്നു."

"പിന്നെ, നിങ്ങളുടെ കൂടെ ആരെങ്കിലും വരുന്നുണ്ടോ ? ഈ ഢോലിയുടെ കാര്യം എനിക്കറിയാൻ പാടില്ലായിരുന്നു . . . ."

ഞാൻ നിശ്ശബ്ദനായി.

"ധാറവാഡയ്ക്കു പോയിരുന്നോ ?"

"ഉം."'

"കാമിനി എന്തു പറയുന്നു ?"

"അവൾക്കെൻെറ കൂടെ വരണം."

"ഹായ് ! ഉത്കൃഷ്ടമായിരിക്കുന്നല്ലോ . . . . പക്ഷേ . . . . എന്നു വച്ചാൽ നിങ്ങളുടെ കൂടെ ആർ — അഥവാ ആരൊക്കെ വരും ?"

"ആരുമില്ല."

"ഇതെന്തു സംസാരമാണ് ? ആരെയെങ്കിലും വിളിച്ചുകൊണ്ടു പോകുന്നതാണു നല്ലത് . . . ."

"നിങ്ങൾക്കെന്താണു തോന്നുന്നത് ? ആരെ വിളിച്ചുകൊണ്ടു പോകണം ? എന്നു വച്ചാൽ ആരെ വിവാഹം കഴിക്കണം ?"

"നിങ്ങളുടെ ചോദ്യത്തിനു ഞാനെങ്ങനെയാണു മറുപടി പറയേണ്ടത് ? നിങ്ങൾ വിവാഹം കഴിക്കേണ്ട വ്യക്തിയെ നിങ്ങൾ തന്നെ തീരുമാനിക്കണം . . . ."

"സത്യേന്ദ്രനോടു ചോദിക്കാം . . . ."

"അദ്ദേഹം ഉപദേശം തരാൻ എപ്പോഴും തയ്യാറാണ്. . . . നിങ്ങൾക്കു തോന്നുന്നതുപോലെ പ്രവർത്തിക്കുന്നതാണ് നല്ലത് . . . . പക്ഷേ ഇതു നല്ല ചിന്താക്കുഴപ്പത്തിനു കാരണമായിരിക്കുന്നു നിങ്ങൾക്ക് . . . ."

"ഉം."

"അദ്ദേഹം വരേണ്ട സമയമായി . . . . ഞാൻ പെട്ടെന്നു ചായ തയ്യാറാക്കാം. ഇന്ന് ഇവിടെനിന്നു തന്നെ ഊണു കഴിക്കാം."

സുശീല അകത്തേക്കു പോയി പത്തു മിനിട്ടുകൾക്കുള്ളിൽ സത്യേന്ദ്രൻ വന്നു.

"ഹലോ, ഗൗരീ — എപ്പോൾ വന്നു ? കമ്പിയടിക്കരുതായിരുന്നോ. . . . ഞാൻ സ്റ്റേഷനിൽ വരുമായിരുന്നല്ലോ."

"ഇന്നലെ രാത്രി."

"എല്ലാം ശരിയായോ ?"

"ഉം."

"നോക്ക് — നീ വെറുതെ കുഴപ്പത്തിൽ ചാടി . . . . പിന്നെ — കാമിനിയെ കണ്ടോ ?"

അപ്പോൾ ചായയും കൊണ്ടുവന്ന സുശീല പറഞ്ഞു.

"കാമിനി — ഞാനും കൂടി നിങ്ങളുടെ കൂടെ വരുന്നു — എന്നു പറയുന്നത്രേ . . . ."

സത്യേന്ദ്രൻ ആവേശഭരിതനായി പറഞ്ഞു: "ഇതു വളരെ ഇൻററസ്റ്റിങ്ങ് ആയിരിക്കുന്നല്ലോ ഗോരീ ! പിന്നെ, നീയെന്തു തീരുമാനിച്ചു ?" സത്യേന്ദ്രൻെറ കുതൂഹലമുണർന്നു.

"അദ്ദേഹം, പാവം, ഒന്നും തീരുമാനിച്ചില്ല . . . . അതു ചോദിക്കാൻ വന്നതാണ്" സുശീല പറഞ്ഞു.

"ഗൗരീ, എന്തു പറ്റി ? എല്ലാം പറയൂ . . . . ഒന്നും വിടാതെ. . . . സുശീലേ, നീ വേണമെങ്കിൽ അടുക്കളയിലേക്കു പൊയ്ക്കോ. . . . ഗൗരീശൻ ഇവിടെ നിന്ന് ഊണു കഴിക്കും. മറ്റെന്തെങ്കിലും പരിപാടിയുണ്ടോ ഗൗരീ ?"

"ഉണ്ട് — പക്ഷേ ഉണ്ണുന്നതിനു തടസ്സമൊന്നുമില്ല . . . . സുശീലച്ചേച്ചീ, നിങ്ങളും ഇരുന്നോളൂ — ഞാൻ പെട്ടെന്നു തന്നെ പറഞ്ഞു തീർക്കാം."

ഞാൻ ധാറവാഡയ്ക്കു പോയ ദിവസം മുതൽ ധാറവാഡ വിടുന്നതു വരെ എന്തൊക്കെ സംഭവിച്ചു എന്നു വിശദമായി വിവരിച്ചു — ഒന്നും 'സെൻസർ' ചെയ്യാതെ . . . .

സുശീലച്ചേച്ചിയുടെ മുഖഭാവം അവരുടെ മനസ്സിലെ വിക്ഷുബ്ധത സൂചിപ്പിക്കുന്നതായിരുന്നു.

"അതിവിചിത്രമായ പരിതസ്ഥിതി. ഇതൊക്കെ കേട്ട് എനിക്ക് എന്തൊക്കെയോ തോന്നുന്നു . . . . കാമിനി ഇത്തരക്കാരിയാണെന്നു ഞാൻ വിചാരിച്ചിരുന്നില്ല.

. . . . ഗൗരീ,ഞാനിവിടെത്തന്നെയിരുന്നാൽ നിങ്ങളുടെ ഊണു നടക്കും ! ഞാന ുക്കളയിലേക്കു പോകട്ടെ — നിങ്ങളുടെ 'രഹസ്യചർച്ച' നടക്കട്ടെ — നിങ്ങളുടെ അവസാന തീരുമാനം എന്നോടു പറഞ്ഞാൽ മതി. തീർച്ചയായും ഇതു വിചിത്രമായ ഒരു പ്രശ്നമാണ് — കഥയിലും നോവലിലും മറ്റുമുള്ള മാതിരി !"

"ഗൗരീ, എന്തു പറയാനും ഞാൻ അസമർത്ഥനാണ്. നിൻെറ ഭാവി നീ തന്നെ തീരുമാനിക്കണം . . . . കാമിനി ഈ നിലയിൽ പോകുമെന്നു വിചാരിച്ചിരുന്നില്ല. കാമിനി ആ അനൈതിക കൃത്യം ചെയ്തില്ലായിരുന്നെങ്കിൽ മിക്കവാറും അവളെ രക്ഷിക്കേണ്ടത് നിൻെറ കർത്തവ്യമാകുമായിരുന്നു. ശ്രീകാന്തൻെറ പേരിലും അവളോടു നിനക്കുണ്ടായിരുന്ന പഴയ പ്രേമത്തിൻെറ പേരിലും . . . . പക്ഷേ. . . ." സത്യേന്ദ്രൻ തല ചൊറിഞ്ഞു — മിക്കവാറും ആദ്യത്തെ പ്രാവശ്യം—

എന്റെ അറിവു ശരിയാണെങ്കിൽ !

"നീതിയുടെ പ്രശ്നമൊന്നും എനിക്കു പ്രധാനമല്ല. അവളുടെ എല്ലാ പാപങ്ങളും ക്ഷമിക്കുവാനുള്ള ശക്തി എനിക്കുണ്ടെന്നാണ് എന്റെ വിചാരം . . . ."

"ഡോലി നിന്നെ ക്രിസ്തുമതധർമ്മം പഠിപ്പിച്ചോ ? . . . . കാമിനിയോട് ക്ഷമിക്കുവാനെളുപ്പം കഴിയുമെങ്കിൽ പിന്നെയെവിടെയാണ് അവളെ വിവാഹം കഴിക്കുവാൻ തടസ്സം ? അവളുടെ പാപത്തെ അരച്ചുകലക്കി കുടിക്കുന്ന നീലകണ്ഠന്റെ ശക്തി നിനക്കുണ്ടെങ്കിൽ പിന്നെയെന്തിനാണു ഭയം ? . . . . അതുപോലെ തന്നെ ആഫ്രിക്കയിൽ ജീവിക്കുവാനൊരുങ്ങിയിരിക്കുന്ന നിനക്ക് സമൂഹത്തിന്റെ വക്രദൃഷ്ടിയെക്കുറിച്ചും ചിന്തിക്കേണ്ടതില്ല . . . . നീയായി, നിന്റെ സ്വപ്നറാണി കാമിനിയായി . . . . അവൾക്കു ബുദ്ധി വന്നാൽ, അതുപോലെ തന്നെ നിനക്കു സുഖം തരാൻ കഴിവുള്ളവളാണവൾ . . . . അവളുടെ സൗന്ദര്യവും ചൈതന്യവും നിന്റെ പ്രചോദനത്തിനുറവിടമായിത്തീരാം . . . . ഹാ, ഹാ, ഹാ — സ്വാർത്ഥവും പരമാർത്ഥവുമായി . . . . അതുപോലെ — രോഗി ഇച്ഛിച്ചതും പാല്, വൈദ്യൻ കൽപിച്ചതും പാല് ! ഹാ — ഹാ — ഹാ . . . ."

"അങ്ങനെയാണെങ്കിൽ എന്റെ ഗതിയെന്താണ് ? എന്റെ മുക്തിയുടെ ഗതിയെന്താണ് ?"

"നീ സത്പുരുഷനാണപ്പാ, മഹാത്മാവാണപ്പാ ! . . . . വിവാഹവും കഴിഞ്ഞ് ഒന്നുരണ്ടു കുഞ്ഞുങ്ങളുമായാൽ മുക്തി സ്വയം വഴിക്കു വരും . . . ."

"ഡോലി ?"

"ഹായ്, ട്രാജിക് ഹീറോ ! ഹായ്, ആന്തരികപോരാട്ടം ! മിനിഞ്ഞാന്നു നീ തന്നെ പറഞ്ഞു ഡോലിയും വിവാഹവും തമ്മിൽ ഒരു ബന്ധവുമില്ലെന്ന് . . . . നിങ്ങളുടേത് ഏതോ പ്ലേറ്റോണിക് — അല്ല, ദേഹ—ടോണിക് ബന്ധമാണെന്ന് . . . . അവളുടെ പ്രശ്നം തന്നെ ഇവിടെ വരുന്നില്ല . . . . ആഫ്രിക്കയ്ക്ക് ഒറ്റയ്ക്കു പോകണോ, അതോ കാമിനിയെയും വിളിച്ചുകൊണ്ടു പോകണോ — ഇതാണു പ്രധാന പ്രശ്നം . . . . ഹാ — ഹാ — അങ്ങനെ ഡോലിയും വേണമെങ്കിൽ അവളെയും വിളിച്ചുകൊണ്ടു പോകൂ. അക്കാര്യം വേറെ !" സത്യേന്ദ്രൻ ഉച്ചത്തിൽ ചിരിച്ചു.

ഞാനും ചിരിച്ചു — ശുഷ്കമായ ചിരി, ശ്രമപൂർവം . . . . പക്ഷേ എന്റെ മനസ്സു കനപ്പെട്ടിരുന്നു: സത്യേന്ദ്രനുമായി ചർച്ച ചെയ്തിട്ടു ഫലമില്ല, എന്റെ ആത്മാവ് ഇവനു പരിചയമില്ല എന്ന വിചാരം പെട്ടെന്നു ശക്തിമത്തായി. പക്ഷേ അവന്റെ മനസ്സു വേദനിപ്പിക്കുവാൻ ഞാൻ മടിച്ചു. ഞാൻ ഇത്രമാത്രം പറഞ്ഞു:

"സത്യേന്ദ്രൻ, നീ പറയുന്നതിൽ, ഒരു തരത്തിൽ, അർത്ഥമുണ്ട്. . .

പക്ഷേ ഞാൻ എന്റെ അഭീഷ്ടമനുസരിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു . . . . നാളെ ഫോൺചെയ്ത് എന്റെ അന്തിമ തീരുമാനമറിയിക്കാം . . . . പിന്നീട് നാളെ — മറ്റന്നാൾ ഞാൻ പോകുന്നതിനു മുമ്പ് (ഒറ്റയ്ക്കോ രണ്ടു പേരുമൊന്നിച്ചോ) എന്റെ ആത്മകഥനം നിനക്കു സമർപ്പിക്കാനിരിക്കുകയാണ്. നിന്റെ പ്രേരണകൊണ്ടാണു ഞാനതു തുടങ്ങിയത്. സ്വയം മനസ്സിലാക്കുവാൻ അതെന്നെ വളരെയേറെ സഹായിച്ചു . . . . അതുപോലെ . . . . മാത്രമല്ല, ഒരു തരത്തിൽ എന്റെ മുക്തിയുടെ — ചിരിക്കണ്ട — എന്റെ മുക്തിയുടെ മാർഗത്തിലെ ആദ്യത്തെ സോപാനമാണ് ഈ രചനാനുഭവം . . . . വായിച്ചു കഴിഞ്ഞാൽ നിനക്കെല്ലാം മനസ്സിലായേക്കും . . . . ങാ, ഒരു കാര്യം: നിന്നെക്കുറിച്ച് അതിലെന്തെങ്കിലും കഠിനവാക്കുകളുണ്ടെങ്കിൽ ക്ഷമിക്കണം . . . .”

* * * *

“ഡോലീ, നീ വരുമോ ഇല്ലയോ എന്നു ഞാൻ സംശയിച്ചു. അപ്പോഴേക്കും നീ വന്നു . . . .”

“ഞാൻ വരാതിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു ?”

“ആത്മഹത്യ” എന്നു പറഞ്ഞ് ഞാൻ ഉച്ചത്തിൽ ചിരിച്ചു. പെട്ടെന്ന് ശ്രീകാന്തനെക്കുറിച്ചോർത്ത് ഞാൻ ചിരിനിർത്തി “സോറി” എന്നു പറഞ്ഞു . . . .

“അതെളുപ്പമുള്ള കാര്യമാണല്ലോ ! അല്ലേ ?”

“അതിരിക്കട്ടെ . . . . എന്താണു താമസിച്ചത് ?”

“നീ തന്നെയാണു കാരണം. മമ്മിയുടെ കയ്യിൽ നീ കത്തു കൊടുത്തിട്ടു പോന്നു. അവരോടു ഞാനെന്തു പറഞ്ഞാണു വരേണ്ടത് ?”

“അയാം സോറി. എനിക്കു മറ്റൊരു മാർഗവും തോന്നിയില്ല. ഫോൺ ചെയ്യാമായിരുന്നു. അല്ലെങ്കിൽ എനിക്കു നിന്റെ ഓഫീസിൽ വരാമായിരുന്നു. പക്ഷേ നിന്നോടു നേരിട്ടു സംസാരിക്കാനുള്ള ആഗ്രഹം എനിക്കില്ലായിരുന്നു . . . . ഈ രാത്രിക്കുമുമ്പ് . . . . അമ്മയോടെന്തു പറഞ്ഞാണു വന്നത് ?”

“ഒരു മണിക്കൂർ ആലോചിച്ചിട്ടും ഒന്നും തോന്നിയില്ല. ഒടുവിൽ ഞാൻ പറഞ്ഞു: ഗൗരീശന്റെ അടുത്തുവരെ പോയി വരാമെന്ന്. കള്ളം പറയാൻ പറ്റില്ലായിരുന്നു . . . . പറഞ്ഞാലും വിശ്വസിക്കുമായിരുന്നില്ല . . . .”

“പക്ഷേ എങ്ങനെ അനുവാദം കിട്ടി നീ ഇത്ര വ്യക്തമായി പറഞ്ഞിട്ടും ?”

“അനുവാദം ചോദിച്ചെങ്കിലല്ലേ ? ഞാൻ പെട്ടെന്നു ഡ്രസ്സു ചെയ്ത് അമ്മയോടു നേരെ പറഞ്ഞു. ‘ഇത്ര രാത്രിയായിട്ടോ ?’ അവർ ചോദിച്ചു. ഞാൻ ‘ഉം’ എന്നു പറഞ്ഞു. ‘നിന്റെ തല അതിരിക്കേണ്ട സ്ഥാനത്തുതന്നെയുണ്ടോ ?’ എന്ന് അവർ ചോദിച്ചു. ഞാൻ

'ഉം' എന്നു പറഞ്ഞു. തിരികെ എപ്പോഴാണു വരുന്നതെന്ന് അവർ ചോദിച്ചു. എനിക്കറിയില്ല എന്നു ഞാൻ മറുപടി പറഞ്ഞു. എന്റെ ഉറച്ച തീരുമാനം കണ്ട് അവർ സ്തംഭിച്ചു പോയി. 'ദൈവം നിന്നെ രക്ഷിക്കട്ടെ' എന്നു മാത്രം പറഞ്ഞ് അകത്തേക്കു പോയി."

"അസാധാരണ ധൈര്യമാണ് നിന്റേത് !"

"എന്റെ ധൈര്യത്തിന്റെ കാര്യമിരിക്കട്ടെ . . . . നിന്റെ വിശേഷങ്ങൾ പറയൂ . . . ."

"എനിക്കെന്തു വിശേഷം ? രണ്ടുദിവസം കഴിഞ്ഞാൽ കപ്പൽ കയറും."

"അക്കാര്യമുറപ്പിച്ചിട്ട് ഒരു മാസമായി . . . . കാമിനിയുടെ വിശേഷമെന്തൊക്കെയാണ് ?"

"അവൾ, എന്റെ കൂടെ വരണമെന്നു പറയുന്നു !"

ഡോലി പെട്ടെന്നു കണ്ണടച്ചു. ഏതോ തീവ്രവിചാരം ഉള്ളിലൊതുക്കി. "പിന്നെ ?" എന്നു ചോദിച്ചു.

"പിന്നെ — ഒന്നുമില്ല . . . . അവൾ പറഞ്ഞതു പറഞ്ഞു : അത്ര മാത്രം."

"അല്ല. എല്ലാം എല്ലാം പറയൂ. അവൾ പറഞ്ഞതും നീ പറഞ്ഞതും . . . ." ഡോലിയുടെ ശബ്ദത്തിൽ ഉത്കണ്ഠ നിറഞ്ഞിരുന്നു.

"നമുക്ക് സന്തോഷമായി കട്ടിലിലിരിക്കാം. പിന്നീടെല്ലാം പറയാം . . . ."

"ഉം ഉം. കസേരയാണു സുഖം . . . . പറയൂ ഗോരീ, എല്ലാം പറയൂ."

സാവകാശം ഞാനെല്ലാം പറഞ്ഞു. എന്റെ കഥ കേട്ടു കൊണ്ടിരുന്നപ്പോൾ തന്നെ അവളുടെ ഉത്കണ്ഠ ശമിച്ചു. ഒരുതരം ശുദ്ധ കുതൂഹലം അവളുടെ മുഖത്തു പരന്നു. മിക്കവാറും എന്റെ കഥന രീതിയിൽ നിന്ന് അവൾക്കു വേണ്ട ഉത്തരം ലഭിച്ചിരിക്കണം !"

എന്റെ കഥനം തീർന്നതിനുശേഷം —

"കഷ്ടം ! പാവം കുട്ടി . . . ." എന്നു പറഞ്ഞു. അവളുടെ വാക്കുകളിൽ യഥാർത്ഥ കരുണയുണ്ടായിരുന്നു.

"നിന്റെ കാര്യം കഷ്ടമാണ് . . . . എന്റെ കൊച്ചു ഗോരി ആകെ വിഷമിച്ചിരിക്കണം . . . ."

"ഉം."

"കാമിനിക്കു കത്തയച്ചോ? എന്തു തീരുമാനത്തിലെത്തി?" ഡോലിയുടെ ശാന്തഭാവം കണ്ട് എനിക്കത്ഭുതമുണ്ടായി.

"ഇതുവരെ അയച്ചില : നാളെ അയയ്ക്കാം."

"എന്താണെഴുതുന്നത് ? 'എന്റെ കൂടെ വരൂ' എന്നല്ലേ ?" അവളുടെ കണ്ണുകൾ എന്റെ കണ്ണിൽ തറച്ചു നിന്നു . . . .

"ഡോലീ, എന്നെ ഇങ്ങനെ കളിയാക്കണ്ടാ . . . . പ്ലീസ് . . . . അവ

ളോടങ്ങനെ പറയാനായിരുന്നെങ്കിൽ അന്ന് അവിടെ വച്ചുതന്നെ പറഞ്ഞിട്ടു വരുമായിരുന്നു . . . . ഹൃദയവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾക്ക് ഹൃദയം തന്നെ മറുപടി കൊടുക്കണം, ബുദ്ധിയല്ല. ഹൃദയത്തിൻെറ ഉത്തരം തൽക്ഷണം തന്നെ തയ്യാറായിരിക്കും. . . ഞാൻ ആലോചിക്കാം എന്നു കാമിനിക്കു മറുപടി കൊടുത്തപ്പോൾ തന്നെ ഹൃദയം മറുപടി പറഞ്ഞു . . . . പക്ഷേ ആ സന്ദർഭത്തിൽ എൻെറ ഹൃദയത്തിൻെറ അർത്ഥം വ്യക്തമാക്കുവാൻ കഴിഞ്ഞില്ല . . . .''

''നിൻെറ മനസ്സിൻെറ അർത്ഥം എപ്പോൾ വ്യക്തമായി ?''

''ഇന്നുച്ചയ്ക്ക് ആ ആത്മകഥയെഴുതുമ്പോൾ, അതിനുശേഷം വീണ്ടുമതു വായിക്കുമ്പോൾ — അതിനുശേഷമാണ് നിങ്ങളുടെ വീട്ടിൽ പോയതും എഴുത്തു കൊടുത്തതും . . . .''

''നിൻെറ ഹൃദയത്തിൻെറ അർത്ഥത്തിനും ഞങ്ങളുടെ വീട്ടിൽ പോയതിനും തമ്മിൽ എന്താണു ബന്ധം, ഗോരീ ?''

''ഡോലീ, നീ മൂലമാണ് എൻെറ ഹൃദയത്തിന് അർത്ഥമുണ്ടാകുന്നത്. നീ നൽകിയ കണ്ണുമൂലം എനിക്ക് എൻെറ മനസ്സു പരിചയപ്പെടുവാൻ കഴിഞ്ഞു. അതുകൊണ്ടുതന്നെ കാമിനി എനിക്കു വേണ്ടി അല്ല, ഞാൻ അവൾക്കു വേണ്ടി അല്ല . . . . അവളുടെ വഴി വേറെ എൻെറ വഴി വേറെ എന്ന അറിവെനിക്കുണ്ടായത് നീ മൂലമാണ്, നീ തന്ന മനോധൈര്യം മൂലമാണ്. അവളെക്കുറിച്ച് എനിക്കു കഷ്ടം തോന്നുന്നുണ്ട്, കരുണ തോന്നുന്നുണ്ട് . . . . പക്ഷേ അവളെ ഉദ്ധരിക്കേണ്ട ജോലി എൻേറതല്ല. അവളുടെ ഉദ്ധാരകൻ ഏതാനും ദിവസങ്ങൾക്കകം വന്നേക്കും — ആർക്കറിയാം ? അല്ലെങ്കിൽ അവളിലെ വിശിഷ്ടമായ ചൈതന്യം അവനെ അന്വേഷിച്ചു കൊണ്ടു വന്നേക്കും . . . .''

ഡോലി കണ്ണുവിടർത്തി എൻെറ നേർക്ക് സൂക്ഷ്മമായി നോക്കിക്കൊണ്ടിരുന്നു — ഞാൻ പറഞ്ഞതെല്ലാം ശരീരമെല്ലാം ചെവിയെന്ന മാതിരി കേട്ടുകൊണ്ടിരുന്നു.

''ഗോരീ . . . .''

''ഉം ?''

"I love you"

"I love you . . . . ഡോലീ, നിന്നോട് എനിക്കെല്ലാം പറയാനാവും. നിൻെറ മുന്നിൽ എൻെറ ഹൃദയം തന്നെ തുറന്നു വയ്ക്കുവാൻ കഴിയും — സഹജമായി — യാതൊരു തരത്തിലുമുള്ള ഉത്കണ്ഠയോ സംശയമോ സന്ദിഗ്ധതയോ ഇല്ലാതെ . . . . ഇങ്ങനെ നിൻെറ മുന്നിൽ ശുഭ്രമായി, അവിരാമമായി പ്രവഹിക്കുന്നതിൽ എൻെറ മുക്തിയുണ്ട് എന്ന് എനിക്കു തോന്നുന്നു . . . . ഡോലീ, മിനിഞ്ഞാന്ന് ഞാൻ നിന്നോട് ആഫ്രിക്കയ്ക്കു വരുന്നതിനെക്കുറിച്ച് ചോദിച്ച

ചോദ്യം സാങ്കൽപികമാണെന്നു നിനക്കു തോന്നി — ശരീരത്തിന്റെ ചൂടിൽ ദുർബലമായ മനസ്സിന്റെ ചോദ്യമാണെന്നു തോന്നി . . . . പക്ഷെ ഇന്ന് — നീ ആ കസേരയിൽ, ഞാൻ ഈ കസേരയിൽ — വീണ്ടും ചോദിക്കുന്നു, വ്യക്തമായ വാക്കുകളിൽ: ഡോലീ, എന്റെ കൂടെ വരൂ, എന്റെ ഭാര്യയാകൂ — എന്റെ സഹയാത്രികയാകൂ . . . . പറയൂ — വരുമോ ?"

ഡോലിയുടെ കണ്ണുകളിൽ നിന്നു നീർ ധാരധാരയായി പ്രവഹിക്കുവാൻ തുടങ്ങി. സ്വർഗത്തു നിന്ന് ഗംഗ ഇറങ്ങിവരികയായിരുന്നു. ഡോലി വെറുതെ അനങ്ങാതെ ഇരുന്നു. അവൾ കണ്ണുനീർ തുടയ്ക്കുവാൻ ശ്രമിച്ചില്ല. ഞാൻ ഉന്മത്തനെന്ന മാതിരി അവളെ നോക്കിക്കൊണ്ടിരുന്നു.

ഞാൻ കൈനീട്ടി.

അവളെഴുന്നേറ്റ് എന്റെ നേർക്കു വന്നു.

ഞാൻ മുന്നോട്ടാഞ്ഞ് മുട്ടുകാലിൽ നിന്ന് അവളെ ആശ്ലേഷിച്ചു. എന്റെ തല അവളുടെ ശരീരത്തിലമർന്നു.

അവളുടെ കൈവിരലുകൾ എന്റെ ശരീരത്തിലോടി നടക്കുവാൻ തുടങ്ങി.

എത്രയോ നേരം അങ്ങനെ തന്നെ ലയിച്ചു നിന്നു, പരവശരായി. . . .

അതിനുശേഷം എന്റെ ഹൃദയാന്തരാളത്തിൽ നിന്നു പുറത്തു വീണ മാതിരി ഡോലിയുടെ വാക്കുകൾ ഞാൻ കേട്ടു.

"ഗോരീ, അവിടെയെന്തുണ്ടെന്നറിയാമോ ?"

"എവിടെ ?" ഞാൻ ചോദിച്ചു.

"നീ തല വച്ച സ്ഥാനത്ത് ?"

"എവിടെ — ഇവിടെ ?" എന്നു ചോദിച്ചു തലയുയർത്തി അത്ഭുതത്തോടെ അവളുടെ ഉദരത്തിൽ എന്റെ കൈവച്ചു.

"ഉം !"

ഞാൻ എഴുന്നേറ്റുനിന്നു . . . .

അവളെ വലിച്ചടുപ്പിച്ച് അവളുടെ മുഖം പിടിച്ചുയർത്തി.

ആ മുഖത്ത് മുഗ്ധഹാസമുണ്ടായിരുന്നു.

വെർജിൻ മേരിയുടെ ദിവ്യഹാസമുണ്ടായിരുന്നു.

—— O ——

Printed at Beauty Print, 10/8020 Multani Dhanda, Paharganj, New Delhi-55